20 വ്യാഴം
ഫെബ്രുവരി 2003

ദേശാഭിമാനി

Established in 1942 | KOZHIKODE ▪ KOCHI ▪ THIRUVANANTHAPURAM ▪ KANNUR ▪ KOTTAYAM ▪ THRISSUR ▪ www.deshabhimani.com | പേജ് 12 ▪ വില 3.25

പൊലീസുകാരനെ വെട്ടിക്കൊന്നു

മുത്തങ്ങയിൽ വെടിവെപ്പ്; നാല് ആദിവാസികൾ മരിച്ചു



◆ പൊലീസും ഗോത്രസഭക്കാരും ഏറ്റുമുട്ടിയപ്പോൾ

പി വി രവീന്ദ്രൻ

കൽപറ്റ: മുത്തങ്ങയിലെ വന്യജീവി സംരക്ഷണ കേന്ദ്രം കയ്യേറിയ ഗോത്രമഹാസഭാ പ്രവർത്തകരെ ഒഴിപ്പിക്കാനുള്ള രണ്ടാംഘട്ട ഓപ്പറേഷനിടെ ബന്ദിയാക്കിയ പൊലീസ് കോൺസ്റ്റബിളിനെ സമരക്കാർ വെട്ടിക്കൊന്നു. തുടർന്ന് പൊലീസ് നടത്തിയ വെടിവെപ്പിൽ നാല് ആദിവാസികൾ മരിച്ചു. എന്നാൽ ഇതിലേറെപ്പേർ മരിച്ചതായി അനൗദ്യോഗിക റിപ്പോർട്ടുണ്ട്. ഒരു ആദിവാസിയും ഒരു പൊലീസുകാരനും മരിച്ചുവെന്നാണ് ഡിഐജി ശങ്കർറെഡ്ഡി ബത്തേരിയിൽ പത്രലേഖകരോട് പറഞ്ഞത്. ബന്ദിയാക്കപ്പെട്ട ഫോറസ്റ്ററെ അക്രമികൾ മാരകമായി വെട്ടിപ്പരിക്കേൽപ്പിച്ചിട്ടുമുണ്ട്. ഇദ്ദേഹത്തെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.



കൊല്ലപ്പെട്ട പൊലീസുകാരൻ വിനോദ്

കണ്ണൂർ കെ എ പി നാലാം ബറ്റാലിയനിലെ കോൺസ്റ്റബിൾ വിനോദാണ് കൊല്ലപ്പെട്ടത്. മരിച്ച ആദിവാസികളെ തിരിച്ചറിഞ്ഞിട്ടില്ല. സംഭവത്തെ തുടർന്ന് മുത്തങ്ങ വനമേഖലയും പരിസരപ്രദേശങ്ങളും പൊലീസിന്റെ നിയന്ത്രണത്തിലാണ്. തോൽപ്പെട്ടി റേഞ്ചിലെ ഫോറസ്റ്റർ സി കെ ശശിധരനെയാണ് ബന്ദിയാക്കിയശേഷം മാരകമായി വെട്ടിയത്. മരിച്ച ഒരു ആദിവാസിയുടെ ജഡം ബത്തേരി താലൂക്കാശുപത്രിയിലുണ്ട്.

ബന്ദികളെ മോചിപ്പിക്കാൻ വൈകീട്ട് അഞ്ചരയോടെ കണ്ണൂർ കെ എ പി നാലാം ബറ്റാലിയൻ കമാണ്ടന്റ് സുരേഷ്‌രാജ് പുരോഹിതിന്റെ നേതൃത്വതിൽ പൊലീസ് സംഘം ഇരച്ചുകയറിയപ്പോൾ സമരക്കാർ ബന്ദികളെ വെട്ടുകയായിരുന്നു. ബന്ദികളെ പൊലീസ് മോചിപ്പിച്ച് പുറത്തേക്ക് കൊണ്ടുവന്നെങ്കിലും വിനോദ് അപ്പോഴേക്കും മരിച്ചിരുന്നു. വെട്ടേറ്റ ഗാർഡ് ശശിധരനെ ഉടൻ ആശുപത്രിയിലേക്ക് മാറ്റി. അക്രമാസക്തരായ സമരക്കാർ പൊലീസിന് നേരെ അമ്പും വില്ലും മറ്റു ആയുധങ്ങളുമായി അക്രമം ആരംഭിച്ചതോടെ പൊലീസും തുരുതുരാ വെടിവെച്ചു. അക്രമികൾ ചിതറി

(ശേഷം രണ്ടാം പേജിൽ മൂന്നാം കോളം)

മരണസംഖ്യയിൽ അവ്യക്തത

▪

മുത്തങ്ങ പൊലീസ് വലയത്തിൽ

▪

ബന്ദികളെ തീവെക്കാൻ ശ്രമിച്ചു



◆ ആദിവാസി ഗോത്രസഭ പ്രവർത്തകരും പൊലീസും ഏറ്റുമുട്ടലിന് തയ്യാറായി നിന്നപ്പോൾ

പിന്നിൽ ചില ശക്തികൾ: മുഖ്യമന്ത്രി

തിരു: മുത്തങ്ങയിലേത് പ്രാകൃതസമരമാണെന്നും ഇതിനുപിന്നിൽ ചില ശക്തികളുണ്ടെന്നും മുഖ്യമന്ത്രി എ കെ ആൻറണി.

ഒരു പ്രദേശത്തെ സ്വതന്ത്ര രാജ്യമായി പ്രഖ്യാപിച്ച് സായുധ സമരം നടത്തുന്നതിനെ കർശനമായി നേരിടും. സമരത്തിനുപിന്നിൽ വിദേശശക്തികളുണ്ടോ എന്നത് ഇപ്പോൾ പറയുന്നില്ല. ആദിവാസിപ്രശ്നം ഒറ്റയടിക്ക് തീർക്കാനാകില്ല. ഘട്ടംഘട്ടമായി പരിഹരിക്കാൻ നടപടിയെടുത്തു വരികയാണ്.

മുത്തങ്ങയിൽ പൊലീസ് പോയത് കുടി ഒഴിപ്പിക്കാനല്ല. ബന്ദികളാക്കിയവരെ മോചിപ്പിക്കാനാണ്. തീപടരുന്നു എന്നറിയിച്ചതിനെത്തുടർന്ന് അവിടെച്ചെന്ന രണ്ട് ഫോറസ്റ്റ് ഗാർഡുകളെ ബന്ദികളാക്കി. ഇതൊന്നും അനുവദിക്കാൻ കഴിയുന്നതല്ല.

സി കെ ജാനുവിനെ ആദ്യം പ്രോൽസാഹിപ്പിക്കുകയും ഇപ്പോൾ പ്രശ്നങ്ങളുണ്ടായപ്പോൾ പരിഹരിക്കാൻ നടപടിയെടുക്കാതിരിക്കുകയും ചെയ്ത സർക്കാർ പിടിപ്പുകേടിനെ കെ കരുണാകരൻ വിമർശിച്ചിട്ടുണ്ടല്ലോ എന്ന് വാർത്താലേഖകർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഇപ്പോൾ 'ആത്മകഥ' എഴുതാനുള്ള സമയമല്ലെന്ന് ആൻറണി മറുപടി നൽകി.

www.deshabhimani.com

ദേശാഭിമാനി – വെബ്‌ലോകം
ഇന്നത്തെ ശബ്ദം
ഓൺലൈൻ അഭിപ്രായവോട്ട്
www.weblokam.com

സ്വാശ്രയ സീറ്റ് തർക്കത്തിൽ സർക്കാർ നിലപാട് സത്യസന്ധമാണോ?

അതെ	44.90 %
അല്ല	53.06 %
അഭിപ്രായമില്ല	2.04 %

ഇന്നത്തെ ചോദ്യം
മുത്തങ്ങയിൽ ജാനുവിന്റെ മാർഗം സ്വീകാര്യമാണോ?

ദേശാഭിമാനി ഓൺലൈനിലോ വെബ് ലോകം ഡോട്ട്കോമിലോ സന്ദർശിച്ച് വോട്ട് രേഖപ്പെടുത്താവുന്നതാണ്.

അഭിപ്രായങ്ങൾ ദേശാഭിമാനി, വെബ്‌ലോകം ഇൻറർനെറ്റ് വരിക്കാരുടെ മാത്രം അഭിപ്രായമാണ്. അത് പൊതുജനാഭിപ്രായമായിരിക്കണമെന്നില്ല.

THE SAFEST NAME IN ELECTRICAL WIRES
JUST GOT SAFER.
Presenting three new ways to prevent shocks, short circuits and electrical fires.



HOUSEGARD
FLAMEGARD
HOTGARD
Flame Retardant
PVC electrical wires
Finolex Cables Limited
AN IS/ISO 9002 COMPANY
Finolex gets people together
THARA ELECTRICALS
CORPORATION SHOPPING COMPLEX
PONNURUNNI, KOCHI - 682 019. PH: 2304404

ആദ്യം പ്രീണനം പിന്നെ നിസ്സംഗത ഒടുവിൽ ദുരന്തം

സ്വന്തം പ്രതിനിധി

കൽപറ്റ: മുത്തങ്ങയിൽ നാല് ആദിവാസികളും ഒരു പൊലീസുകാരനും മരിക്കാനിടയായ ദൗർഭാഗ്യകരമായ സംഭവങ്ങൾക്ക് നിമിത്തമായത് ഗവർമെണ്ടിന്റെ പ്രീണനനയവും നിസ്സംഗതയും. വയനാട്ടിലെ സി കെ ജാനുവിന്റെ നേതൃത്വത്തിലുള്ള ഗോത്രമഹാസഭയെ കഴിഞ്ഞകാലങ്ങളിൽ സംരക്ഷിച്ചതും ആവശ്യമായ സഹായങ്ങൾ നൽകിയതും യു ഡി എഫ് ആണ്. എൽ ഡി എഫ് ഗവർമെണ്ടിനെതിരെ ആദിവാസികളെ തെരുവിലിറക്കാൻ എ കെ ആൻറണിയും മറ്റ് യു ഡി എഫ് നേതാക്കളും ജാനുവിനെയും സംഘത്തെയും രംഗത്തിറക്കുകയായിരുന്നു. ഒടുവിൽ യു ഡി എഫ് അധികാരത്തിൽ വന്നപ്പോഴേക്കും ജാനുവും സംഘവും നേതാക്കളുടെ പിടിയിൽനിന്നും അകലുകയായിരുന്നു.

ആദിവാസികൾക്ക് അർഹമായ ഭൂമി നൽകുന്നതിന് എൽ ഡി എഫ് ഗവർമെണ്ട് ആവിഷ്കരിച്ച പരിപാടികൾ അട്ടിമറിക്കാനായിരുന്നു ജാനുവിനെ രംഗത്തിറക്കിയത്. എൽ ഡി എഫ് ഗവർമെണ്ടിനെതിരെ നിരന്തരം സമരങ്ങൾ നടത്താൻ യു ഡി എഫുകാരും മറ്റ് ഏജൻസികളും ജാനുവിനെ ആളും അർഥവും നൽകി സഹായിച്ചു.

യു ഡി എഫ് ലക്ഷ്യം നേടിയെങ്കിലും ജാനുവിനെ അനുനയിപ്പിക്കാനായില്ല. പിന്നീട് ജാനു തിരുവനന്തപുരത്ത് നടത്തിയ സമരത്തെയും മുഖ്യമന്ത്രിയും കൂട്ടരും ആവോളം സഹായിച്ചു. ചില മാധ്യമങ്ങളുടെയും കപട ബുദ്ധിജീവികളുടെയും പിന്തുണയോടെ സമരം തുടർന്ന ജാനുവിനുവേണ്ടി മുഖ്യമന്ത്രി ഒടുവിൽ ഒത്തുതീർപ്പ് പ്രഹസനമുണ്ടാക്കി.

ഒരാഴ്ച മുമ്പ് ജാനു വീണ്ടും വനഭൂമി കയ്യേറി. 200ഓളം വരുന്ന ആദിവാസികളോടൊപ്പമാണ് വനഭൂമി കയ്യേറിയത്. ഇവരെ നിഷ്പ്രയാസം ഒഴിപ്പിക്കാൻ കഴിയുമായിരുന്നിട്ടും പൊലീസ് നിസ്സഹായരായി നോക്കിനിന്നു.

ഇത്രയൊക്കെയായിട്ടും സമരക്കാർക്ക് നേരെ കർശന നടപടി സ്വീകരിക്കാൻ പൊലീസ് തയ്യാറായതുമില്ല. ബുധനാഴ്ച വീണ്ടും രണ്ട് പേരെ ബന്ദികളാക്കിയത് പൊലീസിന്റെയും അധികൃതരുടെയും കഴിവുകേടുകൊണ്ട് മാത്രമാണ്. 200ഓളം പേർ മാത്രമുള്ള സമരസംഘത്തെ കീഴടക്കാൻ പൊലീസിന് നിഷ്പ്രയാസം കഴിയുമായിരുന്നു. ബുധനാഴ്ച രാവിലെ ഇതിനുള്ള തുടക്കമുണ്ടാവുകയുംചെയ്തു. എന്നാൽ എന്തോ ചില കാരണങ്ങളാൽ അധികൃതരുടെ കണ്ണുതുറന്നില്ല. ഒടുവിൽ വീണ്ടും രണ്ട് പേരെ ബന്ദിയാക്കിയപ്പോൾ മാത്രമാണ് പൊലീസിന് വീര്യം കൂടിയത്. ഇതാകട്ടെ ദൗർഭാഗ്യകരമായ സംഭവങ്ങളിൽ കലാശിക്കുകയുംചെയ്തു.

സർക്കാരിന്റെ പിടിപ്പുകേടിന്റെ ഫലം: പിണറായി

തിരു: മുത്തങ്ങയിലെ കൂട്ടക്കൊല സർക്കാരിന്റെ പിടിപ്പുകേടിന്റെ ഫലമാണെന്നും സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും സിപിഐ എം സംസ്ഥാനസെക്രട്ടറി പിണറായി വിജയൻ ആവശ്യപ്പെട്ടു.

നാല് ആദിവാസികളും ഒരു പൊലീസുകാരനും മരിക്കാനിടയായത് ഒഴിവാക്കേണ്ടിയിരുന്ന ദാരുണസംഭവമാണ്. യുഡിഎഫ് ഭരണം വന്നശേഷം പൊലീസ് വെടിവെപ്പിൽ ആളുകൾ മരിക്കുന്നത് നിത്യസംഭവമാകുകയാണ്. പൊലീസ്ഭരണത്തിന്റെ ജനദ്രോഹമുഖമാണ് ഇതിൽ തെളിയുന്നത്.

ആദിവാസികളുടെ ഭൂമിപ്രശ്നമടക്കം പരിഹരിക്കുന്നതിൽ ആൻറണിസർക്കാർ വരുത്തിയ വീഴ്ചയും മുത്തങ്ങസംഭവത്തിന് വഴിതെളിച്ചിട്ടുണ്ട്. ആദിവാസികൾക്ക് ഭൂമി കിട്ടുക എന്നതടക്കമുള്ള ആവശ്യങ്ങൾ നേടുന്നതിന് ആദിവാസിക്ഷേമസമിതിയുടെ നേതൃത്വത്തിൽ ആദിവാസികളുടെ വമ്പിച്ച പങ്കാളിത്തത്തോടെ സംസ്ഥാനവ്യാപകമായി പ്രക്ഷോഭം നടക്കുകയും അവസാനം സർക്കാർ ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്തതാണ്. പക്ഷേ, ആ കരാർ നടപ്പാക്കാൻ സർക്കാർ വേണ്ടത്ര താൽപര്യം കാട്ടിയില്ല. സി കെ ജാനുവിന്റെ നേതൃത്വത്തിൽ ഒരുവിഭാഗം ആൾക്കാർ നടത്തിവന്ന വിഭാഗീയസമരത്തെ ഒളിഞ്ഞും തെളിഞ്ഞും പ്രോൽസാഹിപ്പിക്കുന്ന നയമായിരുന്നു മുഖ്യമന്ത്രി ആൻറണിയും യുഡിഎഫിലെ ഒരുവിഭാഗവും സ്വീകരിച്ചിരുന്നത്. ആദിവാസികളുടെ ജനകീയസമരത്തെ ഒറ്റപ്പെടുത്താനുള്ള ഉദ്ദേശ്യത്തോടെയായിരുന്നു ഇതു ചെയ്തത്. തലതിരിഞ്ഞ ഈ രാഷ്ട്രീയനയത്തിന്റെ ദുരന്തംകൂടിയാണ് ഇപ്പോൾ മുത്തങ്ങയിലുണ്ടായിരിക്കുന്നത്.

ജാനുവിന്റെ നേതൃത്വത്തിൽ നടക്കുന്ന വിഭാഗീയസമരത്തോട് കഠിനമായ വിയോജിപ്പുണ്ടെങ്കിലും സമരരംഗത്തേക്കുവന്ന ആദിവാസികളെ വെടിവെച്ചുകൊല്ലുന്ന സർക്കാർനടപടിയോട് കടുത്ത പ്രതിഷേധമുണ്ടെന്ന് പിണറായി പ്രസ്താവനയിൽ പറഞ്ഞു.



◆ പരിക്കേറ്റ പൊലീസ് കോൺസ്റ്റബിളിന്റെ മുറിപ്പാട് വച്ചുകെട്ടുന്നു

ഉത്തരവാദി സർക്കാർ: വി എസ് പേജ് 2

ഇന്ത്യക്ക് 83 റൺ ജയം

ഹരാരെ: ലോകകപ്പ് ക്രിക്കറ്റിന്റെ നിർണായക മൽസരത്തിൽ ഇന്ത്യ 83 റണ്ണിന് സിംബാബ്‌വെയെ തോൽപിച്ചു.

ആദ്യം ബാറ്റ്ചെയ്യാൻ നിയോഗിക്കപ്പെട്ട ഇന്ത്യ 7–255 റണ്ണെടുത്തു. സിംബാബ്‌വെയെ 172 റണ്ണിന് പുറത്താക്കി. ഇതോടെ രണ്ടു വിജയവുമായി ഇന്ത്യക്ക് എട്ടുപോയിൻറായി.

പൂൾ 'എ'യിലെതന്നെ മറ്റൊരു മൽസരത്തിൽ ഇംഗ്ലണ്ട് നമീബിയയെ 55 റണ്ണിന് തോൽപിച്ചു.

പൂൾ 'ബി'യിൽ ശ്രീലങ്ക ഒമ്പതു വിക്കറ്റിന് കാനഡയെ തോൽപിച്ചു. ഏകദിനത്തിലെ ഏറ്റവും കുറഞ്ഞ സ്കോറിന് (36) കാനഡയെ പുറത്താക്കിയാണ് ശ്രീലങ്കയുടെ വിജയം.

പാമോയിൽ: സ്പീക്കറുടെ അനുമതി വേണ്ട കരുണാകരനെതിരെ നടപടി തുടരാം

കൊച്ചി: പാമോയിൽ അഴിമതിക്കേസിൽ മുൻ മുഖ്യമന്ത്രി കെ കരുണാകരനെതിരെ പ്രോസിക്യൂഷൻ നടപടി തുടരാൻ ലോക്സഭാ സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. കരുണാകരനെതിരെ ആരോപിതമായ കുറ്റകൃത്യങ്ങൾ നടന്ന സമയത്ത് അദ്ദേഹം പാർലമെണ്ടംഗമായിരുന്നില്ല എന്നതിനാൽ തിരുവനന്തപുരത്തെ വിജിലൻസ് പ്രത്യേക കോടതിയിലെ ക്രിമിനൽകേസ് തുടരുന്നതിന് സ്പീക്കറുടെ അനുമതി തേടേണ്ടതില്ലെന്ന് ജസ്റ്റിസ് എൻ കൃഷ്ണൻനായർ ഉത്തരവിട്ടു. പ്രോസിക്യൂഷൻ അനുമതി വേണമെന്ന പ്രത്യേക കോടതി ഉത്തരവിനെതിരെ സർക്കാർ സമർപ്പിച്ച റിവിഷൻ ഹർജി അനുവദിച്ചുകൊണ്ടാണ് ഹൈക്കോടതി വിധി.

ഈ സർക്കാർ റിവിഷൻ ഹർജി പിൻവലിച്ചേക്കുമെന്ന ആശങ്കയുള്ളതിനാൽ പൊതുതാൽപര്യം മുൻനിർത്തി കേസിൽ കക്ഷിചേർക്കണമെന്ന് പ്രതിപക്ഷ നേതാവ് വി എസ് അച്യുതാനന്ദൻ ആവശ്യപ്പെട്ടിരുന്നു. പ്രതിപക്ഷ നേതാവിനു നടപടികളിൽ ഇടപെടാൻ അവകാശമുണ്ടെങ്കിലും സർക്കാർ റിവിഷൻ ഹർജി പിൻവലിക്കാത്ത സാഹചര്യത്തിൽ അദ്ദേഹത്തെ കക്ഷിച്ചേർക്കുന്നില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി.

കേസിൽ ഹൈക്കോടതി കെ കരുണാകരനെ കക്ഷിചേർത്തിരുന്നു. പാമോയിൽ കേസിലെ ഒന്നാംപ്രതിയായ കരുണാകരനുവേണ്ടി സുപ്രിംകോടതി സീനിയർ അഡ്വക്കറ്റ് കപിൽ സിബലിന്റെയും സർക്കാരിനുവേണ്ടി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ പി വി മാധവൻ നമ്പ്യാരുടെയും വാദം കേട്ട ശേഷമാണ് ഹൈക്കോടതി വിധി.

പ്രതികളായ അന്നത്തെ മുഖ്യമന്ത്രി കെ കരുണാകരൻ,

(ശേഷം രണ്ടാം പേജിൽ)

അപ്പീൽ നൽകരുത്– വി എസ്

തിരു: പാമോയിൽ ഇടപാടിൽ കെ കരുണാകരനെതിരായ കേസ് തുടരാനുള്ള ഹൈക്കോടതിവിധിക്കെതിരെ സംസ്ഥാനസർക്കാർ അപ്പീൽ പോകരുതെന്ന് പ്രതിക്ഷനേതാവ് വി എസ് അച്യുതാനന്ദൻ പറഞ്ഞു. മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആക്ഷേപം പരിശോധിച്ച് വിധി പറയാനാണ് ഹൈക്കോടതി നിർദേശിച്ചിരിക്കുന്നത്. ഇനി യഥാർഥ വസ്തുതകൾ പുറത്തുകൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കേണ്ടത്.

സംസ്ഥാനസർക്കാരോ കെ കരുണാകരനോ അപ്പീൽ പോയാൽ നിയമപരമായി നേരിടുമെന്നും വി എസ് പറഞ്ഞു.

സിൽവർ സ്റ്റോം ദേശാഭിമാനി

SILVER STORM
WATER THEME PARK
ATHIRAPILLY
web:silverstormwaterpark.com

ലോക കപ്പ് ക്രിക്കറ്റ്

ICC Cricket World Cup

പ്രവചന മൽസരം!

10 ലക്ഷം രൂപയുടെ സമ്മാനങ്ങൾ!

രണ്ടാം സമ്മാനം	: ബൈക്ക് ടിവിഎസ് വിക്ടർ (1 എണ്ണം)
മൂന്നാം സമ്മാനം	: 21" ഫ്ളാറ്റ് ടിവി (1 എണ്ണം)
നാലാം സമ്മാനം	: റഫ്റിജറേറ്റർ (1 എണ്ണം)
അഞ്ചാം സമ്മാനം	: വാഷിങ് മെഷീൻ (1 എണ്ണം)
ആറാം സമ്മാനം	: മിക്സി (1 വീതം 5 പേർക്ക്)
ഏഴാം സമ്മാനം	: സിൽവർസ്റ്റോം ഫാമിലി പാസ് (4 പേർ) 300 പേർക്ക്
എട്ടാം സമ്മാനം	: സിൽവർസ്റ്റോം ഫാമിലി പാസ് (2 പേർ) 500 പേർക്ക്

CO-SPONSORS
Kalyan Silks
Palace Road, Thrissur
NEW Kalyan Jewellers
Thrissur & Palakkad
VKC
Senor Footwear Collections
Kozhikode
Mannapuram
A GALFAR GROUP
Kuruppam Road, Thrissur



ഒന്നാം സമ്മാനം സാൻട്രോ കാർ

പൂരിപ്പിച്ച കൂപ്പണുകൾ ദേശാഭിമാനി, പി.ബി നമ്പർ 906, പൂങ്കുന്നം, തൃശൂർ 2 എന്ന വിലാസത്തിൽ തപാലിലോ ദേശാഭിമാനിയുടെ എല്ലാ യൂണിറ്റുകളിലും ജില്ലാ ബ്യൂറോകളിലും സ്ഥാപിച്ചിട്ടുള്ള ബോക്സുകളിലോ നിക്ഷേപിക്കാവുന്നതാണ്. ദേശാഭിമാനി പത്രത്തിലെ കൂപ്പണുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. പൂരിപ്പിച്ച കൂപ്പണുകൾ ലഭിക്കേണ്ട അവസാന തിയ്യതി 2003 മാർച്ച് 17ന് വൈകിട്ട് 5മണി. അതിനുശേഷം ലഭിക്കുന്ന കൂപ്പണുകൾ സ്വീകരിക്കുന്നതല്ല. തപാലിൽ അയക്കുന്ന കവറിനു മുകളിൽ 'സിൽവർസ്റ്റോം ദേശാഭിമാനി ലോകകപ്പ് ക്രിക്കറ്റ് പ്രവചന മൽസരം' എന്നെഴുതണം. ശരിയായ ഉത്തരം നൽകുന്നവരിൽ നിന്ന് നറുക്കെടുത്ത് വിജയികളെ തെരഞ്ഞെടുക്കും. സമ്മാനം ലഭിക്കുന്നവർ നിയമാനുസൃത നികുതികൾ അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. ദേശാഭിമാനി, സിൽവർസ്റ്റോം, കല്ലാൺ സിൽക്സ് ആൻഡ് ജുവല്ലറി, വി കെ സി, മണപ്പുറം ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരോ അവരുടെകൂടും ബാംഗങ്ങൾക്കോ മൽസരത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. പ്രവചന മൽസരം സംബന്ധിച്ച അന്തിമ തീരുമാനം ദേശാഭിമാനി രൂപീകരിച്ച മൽസരകമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

* നിബന്ധനകൾക്ക് വിധേയം

മൽസര കൂപ്പൺ

ചോദ്യം : 1
ലോകകപ്പ് ഫൈനലിൽ എത്തുന്ന രണ്ട് ടീമുകൾ ഏതെല്ലാം?
ഉത്തരം :

ചോദ്യം : 2
ലോകകപ്പ് നേടുന്ന ടീം ഏത്?
മികച്ച കളിക്കാരൻ ആര്?
ഉത്തരം :

പേര് :
വിലാസം :

ജില്ല :
ഫോൺ :

കലാപവാദി ആൻറണി സർക്കാർ: വി എസ്

വൈക്കം വെടിവെപ്പിൽ പൊലീസ്‌നരനായാട്ട്‌ നടത്തിയ ആൻറണി സർക്കാരിനെതിരെ ജനങ്ങൾ ഉണർന്നുപ്രവർത്തിക്കണമെന്ന്‌ പ്രതിപക്ഷനേതാവ്‌ വി എസ്‌ അച്യുതാനന്ദൻ ആഹ്വാനംചെയ്‌തു. വൈക്കത്ത്‌ പൊലീസ്‌ വെടിവെപ്പിൽ മരിച്ചവരുടെ കുടുംബാംഗങ്ങളെ സന്ദർശിച്ചശേഷം പത്രലേഖകരോട്‌ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വൈക്കം വെടിവെപ്പിൽ മരിച്ചവരുടെ കുടുംബാംഗങ്ങളും നാട്ടുകാരും പൊലീസ്‌ നരനായാട്ടിന്‌ ഇരയായവരും ഉൾപ്പെടെ നിരവധിപേരുമായി കൂടിക്കാഴ്‌ച നടത്തി. പൊലീസ്‌ നരനായാട്ടിനെതിരെ ജനങ്ങൾ ഒന്നടങ്കം പ്രതിഷേധിക്കുകയാണ്‌. ഇത്‌ ഒരു തുടക്കമാണ്‌. ഇനിയും ഇത്തരം നരനായാട്ടുകൾ ഉണ്ടാകാതിരിക്കാൻ ജനങ്ങൾ ഉണർന്നുപ്രവർത്തിക്കണം. ഇതിനുള്ള ആഹ്വാനമാണ്‌ താൻ നൽകുന്നതെന്ന്‌ വി എസ്‌ പറഞ്ഞു.

വൈക്കത്തെ പൊലീസ്‌ വെടിവെപ്പിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക്‌ സർക്കാർ നഷ്‌ടപരിഹാരം നൽകണമെന്ന്‌ വി എസ്‌ ആവശ്യപ്പെട്ടു. വെടിവെപ്പിൽ പരിക്കേറ്റവർക്ക്‌ ചികിത്സാച്ചെലവും സർക്കാർ വഹിക്കണം. വൈക്കത്തെ പൊലീസ്‌ വെടിവെപ്പിനെക്കുറിച്ച്‌ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യം പ്രതിപക്ഷം ഉന്നയിച്ചിട്ടുണ്ട്‌. ഈ ആവശ്യം സർക്കാർ അംഗീകരിക്കണം. വൈക്കത്തെ പൊലീസ്‌ വെടിവെപ്പിനെക്കുറിച്ച്‌ നിയമസഭയിൽ ചർച്ചചെയ്യണമെന്ന ആവശ്യം പ്രതിപക്ഷം ഉന്നയിച്ചിട്ടുണ്ട്‌. ഈ ആവശ്യം സർക്കാർ അംഗീകരിക്കണമെന്നും വി എസ്‌ പറഞ്ഞു.

മുത്തങ്ങയിൽ പൊലീസ് വെടിവെപ്പ്

(ഒന്നാംപേജിൽനിന്ന്)

യോടി. നാലുപേർ സംഭവസ്ഥലത്ത് വീണുമരിച്ചു. പരിക്കേറ്റ ചിലർ ഉൾക്കാട്ടിലേക്ക് രക്ഷപ്പെട്ടിട്ടുണ്ട്. 18 ആദിവാസികളെയും 12 പൊലീസുകാരെയും ഒരു ഫോറസ്റ്ററേയും ബത്തേരി ആശുപത്രിയിലും മെഡിക്കൽകോളേജിലുമായി പ്രവേശിപ്പിച്ചിട്ടുണ്ട്.

പരിക്കേറ്റ 13 പൊലീസ്–വനംസംരക്ഷണ സേനാംഗങ്ങളിലെ മൂന്ന് പേരുടെ നില ഗുരുതരമാണ്. പൊലീസ് കോൺസ്റ്റബിൾമാരായ വിനോദ്(29), അബ്ദുൾസലാം, സി കെ ശശിധരൻ എന്നിവരാണ് കോഴിക്കോട് മെഡിക്കൽ കോളേജിലുള്ളത്.

കാലത്ത് ഒമ്പതുമണിയോടെയാണ് ആദിവാസികളെ ഒഴിപ്പിക്കാനുള്ള ആദ്യഘട്ടം ശ്രമം ആരംഭിച്ചത്. പൊലീസ് ഇരച്ചുകയറി 34 ആദിവാസികളെ കസ്റ്റഡിയിലെടുത്തു. മറ്റുള്ളവർ ഉൾക്കാട്ടിലേക്ക് വലിഞ്ഞു. പൊലീസും തൽക്കാലം പിൻമാറി.

ഉച്ചക്ക് 12.20ന് ആരംഭിച്ച രണ്ടാംഘട്ട ഓപ്പറേഷനിടെയാണ് സമരക്കാർ വിനോദിനെയും ശശിധരനെയും പിടികൂടി ബന്ദിയാക്കിയത്. രണ്ടുപേരും പൊലീസ് സംഘത്തിന്റെ മുന്നിൽ സഞ്ചരിക്കുകയായിരുന്നു. ഇവരുടെ ദേഹത്ത് വൈക്കോലിടുകയും മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി വധിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. പത്ത് മിനിറ്റിനുള്ളിൽ പൊലീസ്– വനംവകുപ്പ് സേനകളെ മാറ്റിയില്ലെങ്കിൽ രണ്ടുപേരെയും ചുട്ടുകൊല്ലുമെന്നായിരുന്നു അന്ത്യശാസനം. ഇതുകൂടാതെ ആറ് ആവശ്യങ്ങളും ഇവർ ഉന്നയിച്ചു. മുത്തങ്ങ വനഭൂമിയിൽ നിന്നും പൊലീസിനെ പിൻവലിക്കുക, മുത്തങ്ങയിൽനിന്നും അറസ്റ്റ് ചെയ്ത മുഴുവൻ ആദിവാസികളെയും തിരിച്ച് മുത്തങ്ങയിൽ വിടുക, പരിക്കേറ്റ ആദിവാസികളെ ആശുപത്രിയിലാക്കുക, മുത്തങ്ങയിലെ ആദിവാസികളെ ചുട്ടെരിക്കാൻ ശ്രമിച്ച വനംവകുപ്പ് ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും നീക്കംചെയ്യുകയും തീവെപ്പിനെക്കുറിച്ച് സിബിഐ അന്വേഷണം നടത്തുകയും ചെയ്യുക, മുത്തങ്ങയിലെ ആദിവാസികളുടെ ഭക്ഷ്യവസ്തുക്കളും കുടിലുകളും നശിപ്പിച്ചതിന് നഷ്ടപരിഹാരം നൽകുക, ആദിവാസികാരാർ നടപ്പാക്കുക എന്നിവയായിരുന്നു ആവശ്യങ്ങൾ.

ഭീഷണിയെത്തുടർന്ന് പൊലീസ് –വനംസംരക്ഷണ സേനകൾ 200വാരയിലധികം ദൂരേക്ക് മാറി. വൈകീട്ട് ഇവരെ മോചിപ്പിക്കാനുള്ള ശ്രമത്തിനൊടുവിലാണ് വെടിവെപ്പുണ്ടായത്.

ഫോറസ്റ്റുകാരെയും വാച്ചർമാരെയും മുൻനിരയിൽനിർത്തിയാണ് രാവിലെ ഓപ്പറേഷൻ ആരംഭിച്ചത്. വഴികളിലെ തടസ്സങ്ങൾ ഒന്നൊന്നായി മാറ്റി സേനാംഗങ്ങൾ മുന്നോട്ടുനീങ്ങുമ്പോഴും 200 വാര അകലെ ഗോത്രമഹാസഭാംഗങ്ങളായ സ്ത്രീകളും കുട്ടികളും കുടിലിന് സമീപം കാടുവെടുക്കുകയും കിളക്കുകയുമായിരുന്നു. പൊലീസുകാർ അടുത്തെത്തിയപ്പോഴേക്കും ഇവർ ഒത്തുകൂടുകയും വിസിൽ മുഴക്കി ആളെ നാലുഭാഗത്തുനിന്നും കേന്ദ്രീകരിപ്പിക്കുകയും ചെയ്തു. പിന്നീട് പൊലീസ് ടിയർഗ്യാസ് ഷെല്ലുകൾ ഇവർക്ക് നേരെ വലിച്ചെറിഞ്ഞു. വെടുക്കത്തി, മഴു, അമ്പ്,വില്ല്, കുറുവടി എന്നിവയുമായി പൊലീസിനെ ചെറുത്തു. തിരിച്ചറിയാൻ ഗോത്രസഭാ ലീഡർമാർ തലയിൽ കെട്ടും ബാഡ്ജും ധരിച്ചിരുന്നു. ഏറ്റുമുട്ടലിനിടെ പൊലീസ് ടിയർ ഗ്യാസും ലാത്തിയടിയും തുടർന്നപ്പോൾ വിനോദ്, സുകുമാരൻ, രാജൻ എന്നീ പൊലീസ് കോൺസ്റ്റബിൾമാർക്ക് കാലിന് വെട്ടേറ്റു. രാജന്റെ കഴുത്തിന് നേരെ വെട്ടിയപ്പോൾ ചില പൊലീസുകാർ തട്ടിമാറ്റുകയായിരുന്നു. ഒരു സ്ത്രീയാണ് മറ്റൊരു കോൺസ്റ്റബിളിന്റെ കാലിന് വെട്ടിയത്. ഇതേസമയം ഗോത്രമഹാസഭാംഗങ്ങൾ ഏറ്റുമുട്ടൽ നടക്കുന്നതിന് മറ്റൊരു വശത്തുള്ള കുടിലുകൾക്ക് തീവെച്ചു. പൊലീസുകാർ ഏറ്റുമുട്ടലിൽ മുന്നേറിയപ്പോൾ ഗോത്രമഹാസഭാംഗങ്ങൾ പിൻവാങ്ങിക്കൊണ്ടിരുന്നു. 74 പ്ലാന്റേഷനിലെ കരടിമുണ്ട ഭാഗത്ത്വെച്ച് ഗോത്രസേനാംഗങ്ങൾ പൊലീസുകാരിൽ നിന്നും ദൂരെ മാറി എത്തിയപ്പോൾ പൊലീസ് സേന ഓപ്പറേഷൻ താൽക്കാലികമായി 11മണിയോടെ നിർത്തിവെച്ച് ക്ഷേണം കഴിക്കുന്നതിനായി തിരിച്ചുപോന്നു. ഈ സമയത്താണ് രണ്ട് എസ് ഐമാരെയും വനിതാ പൊലീസിനെയും ഗോത്രസഭക്കാർ വെട്ടിയത്. ഗോത്രസഭാംഗങ്ങൾ മടങ്ങുമ്പോൾ വഴിനീളെ കാടിന് തീവെച്ചത് കാണാമായിരുന്നു. ഒന്നാംഘട്ടം ഏറ്റുമുട്ടലിനിടെ പൊലീസ് ഒമ്പത് റൗണ്ട് ടിയർഗ്യാസ് പൊട്ടിച്ചു. എസ്ഐമാർ രക്ഷപ്പെടാൻ ഒമ്പത് റൗണ്ട്വെടിയും ഉതിർത്തു.

രണ്ടാം ഘട്ടം ഉച്ചക്ക് 12.20ന് കൗണ്ടർവയൽ മരത്തുപാടിയിൽ നിന്നുമാണ് ആരംഭിച്ചത്. 300 വാരയോളം കാട്ടിലൂടെ നീങ്ങിയപ്പോഴാണ് ഗോത്രമഹാസഭാംഗങ്ങൾ അവർ കെട്ടിയുയർത്തിയ ഷെഡിൽ നിന്നും ആയുധങ്ങൾ ഉയർത്തി സർക്കാറിനും പൊലീസിനും എതിരെ മുദ്രാവാക്യങ്ങൾ മുഴക്കിയും ഫോറസ്റ്ററെയും കെഎപി നാലാം ബറ്റാലിയനിലെ കോൺസ്റ്റബിളിനെയും ബന്ദിയാക്കിയും നേരിട്ടത്. ബന്ദിയാക്കുന്നതിനിടയിൽ പൊലീസ് കോൺസ്റ്റബിൾ അബ്ദുൾ സലാമിനെ വെട്ടി. തലക്കും അരക്കും കാലിനും വെട്ടേറ്റ ഇയാളെ പൊലീസ് സേനാംഗങ്ങൾ ആശുപത്രിയിലേക്ക് മാറ്റി. തകരപ്പാടിയിൽനിന്നും മൂന്ന് കിലോമീറ്റർ അകലെ കൗണ്ടർവയലിൽ ഗോത്രമഹാസഭ ഷെഡ്. ഇവിടെ വെച്ചാണ് ഗോത്രമഹാസഭാംഗങ്ങൾ പിൻവാങ്ങാൻ അന്ത്യശാസനംനൽകിയത്.

പരിക്കേറ്റ് ബത്തേരി താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ച പൊലീസുകാർ ഇവരാണ്: സന്തോഷ്, സുകുമാരൻ(34), അബ്ദുൾ ഗഫൂർ(31), അഖിലേഷ്(30), തളിപ്പുഴ എസ്ഐ: ഉണ്ണികൃഷ്ണൻ(51), അമ്പലവയൽ രാജൻ, വനിതാ പൊലീസുകാരായ ബേബി കൽപ്പറ്റ(38), പ്രേമവല്ലി(50), ശാന്ത (55), ജയ(35).

പരിക്കേറ്റ ആദിവാസികൾ: മുരിങ്ങ (66) മുത്തങ്ങ, കറുപ്പി (42) കല്ലൂർ, അപ്പു(40) നെന്മേനി, ബാലൻ(27) തിരുവണ്ണൂർ, ശങ്കരൻ (28) കാക്കലോട്, വേണുഗോപാൽ (38) പെടിപ്പുര, കവലൻ(40), ചത(25), ശാന്ത(20)കണ്ണങ്കോട്, ബോളൻ (45), രാജു(20)കല്ലൂർ, നാഗപ്പൻ(80), ബാബു(22) നമ്പ്യാർകുന്ന്, സൈമൺ(30) ചീരാൽ, ബാലൻ (28) നമ്പിക്കൊല്ലി, കുഞ്ഞൻ(35) കല്ലുമുക്ക്, വിഷ്ണു (നാല്), വിനീത(നാല്), ലത(21) കണ്ണങ്കോട്.

ബത്തേരി താലൂക്കാശുപത്രിയിൽ പരിക്കേറ്റെത്തുന്ന ആദിവാസികൾക്കും പൊലീസുകാർക്കും രക്തവും മറ്റ് സഹായവും നാട്ടുകാരും ഡിവൈഎഫ്ഐ പ്രവർത്തകരും നൽകിവരുന്നുണ്ട്. ഇതിനിടെ തകരപ്പാടിയിൽ വെച്ച് കൈരളി ടി വി ക്യാമറാമാൻ ഷാജി, മാതൃഭൂമി ഫോട്ടോഗ്രാഫർ എന്നിവരെ ചിലർ കയ്യേറ്റംചെയ്തിട്ടുണ്ട്.

വൈകീട്ട് ആറ്മണിയോടെ തകരപ്പാടിക്ക് ഒരു കിലോമീറ്റർ അകലെയുള്ള കൗണ്ടർവയലിൽ നിന്നും 40ഓളം ഗോത്രമഹാസഭാ പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ നിന്നുള്ള വൻ പൊലീസ്സംഘം എത്തിയതോടെയാണ് വെടിവെപ്പ് ആരംഭിച്ചത്. വനം ഇപ്പോഴും കത്തിയെരിയുകയാണ്.

വി എസിന്റെ ഹർജി സർക്കാരിനെ വെട്ടിലാക്കി

കൊച്ചി: സർക്കാർ കരുണാകരനെതിരെയുള്ള റിവിഷൻ ഹർജി ഫലപ്രദമായി നടത്തില്ലെന്ന ആശങ്ക ഉയർത്തിയായിരുന്നു പ്രതിപക്ഷനേതാവ് കേസിൽ കക്ഷി ചേരാൻ ഹർജി നൽകിയത്. വി എസിന്റെ ഉപഹർജി പരിഗണനയ്ക്ക് വന്നപ്പോൾ സർക്കാരിന് ഈ ഹർജി പിൻവലിക്കാൻ ഉദ്ദേശ്യമുണ്ടോ എന്ന് ജസ്റ്റിസ് എൻ കൃഷ്ണൻനായർ ആരാഞ്ഞിരുന്നു. എന്നാൽ അത്തരം ഉദ്ദേശങ്ങൾ സർക്കാരിനില്ലെന്നും റിവിഷൻ ഹർജിയുമായി മുന്നോട്ടുപോകാനാണ് തീരുമാനമെന്നും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ പി വി മാധവൻ നമ്പ്യാർ മറുപടി നൽകിയിരുന്നു.

ഈ ഹർജി നടപടികളിൽ പങ്കെടുക്കാൻ പ്രതിപക്ഷ നേതാവിന് അവകാശമില്ലെന്ന് പറയുന്നില്ലെന്നും കോടതി എടുത്തുപറഞ്ഞു. പ്രതിപക്ഷ നേതാവിനുവേണ്ടി അഡ്വ. പി അഹമ്മദാണ് ഹാജരായത്. പ്രതിപക്ഷ നേതാവ് കേസിൽ ഇടപെടുമെന്ന് ഉറപ്പായതോടെയാണ് സർക്കാരിനു കേസിൽനിന്നു പിൻവലിയാൻ സാധിക്കാതെ വന്നത്.

പാമോയിൽ കേസിലെ അഴിമതി മറനീക്കിയുള്ള സിഎജി റിപ്പോർട്ട് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ ദിവസംതന്നെ മുഖ്യമന്ത്രിയായിരുന്ന കരുണാകരനെതിരെ പ്രോസിക്യൂഷൻ നടപടികൾക്ക് അനുമതി തേടി ഗവർണർക്ക് അപേക്ഷ നൽകിയിരുന്നു. നവാബ് രാജേന്ദ്രൻ നൽകിയ ഈ അനുമതി അപേക്ഷ ഗവർണർ നിരസിച്ചു. ഇതിനിടെ, എം വിജയകുമാർ എംഎൽഎ വിജിലൻസിൽ നൽകിയ പരാതിയാണ് കേസിന് തുടക്കംകുറിച്ചത്. സുപ്രീംകോടതി വരെയുള്ള പല നിയമയുദ്ധങ്ങൾക്കുശേഷമാണ് കേസിൽ വിജിലൻസിന് കുറ്റപത്രം സമർപ്പിക്കാനായത്.

പാമോയിൽ കേസ് തുടരാം

(ഒന്നാംപേജിൽനിന്ന്)

ഭക്ഷ്യമന്ത്രി ടി എച്ച് മുസ്തഫ, ചീഫ് സെക്രട്ടറി എസ് പത്മകുമാർ, അഡീ. ചീഫ് സെക്രട്ടറി സക്കറിയ മാത്യു, ഐഎഎസ് ഉദ്യോഗസ്ഥരായ ജിജി തോംസൺ, പി ജെ തോമസ് തുടങ്ങിയ പ്രതികൾ ഒത്തുചേർന്നു കുറ്റകരമായ ഗൂഢാലോചന നടത്തി സിംഗപ്പൂരിലെ പവർ ആൻഡ് എനർജി ലിമിറ്റഡ്, മദ്രാസിലെ മാല ട്രേഡിങ് കോർപറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന നിയമവിരുദ്ധമായി പാമോയിൽ ഇറക്കുമതിചെയ്ത് സർക്കാരിന് 2.8 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയെന്നാണ് വിജിലൻസ് കേസ്.

വില കുറച്ച് മറ്റു സ്ഥാപനങ്ങളിൽ നിന്ന് പാമോയിൽ കിട്ടുമെന്നിരിക്കെയാണ് അഴിമതിക്കായി ഈ ഇടപാട് നടത്തിയതെന്ന് ആരോപണമുയർന്നിരുന്നു.

കേസിലെ കുറ്റപത്രം '99 നവംബർ ഒന്നിനാണ് വിജിലൻസ് തിരുവനന്തപുരം പ്രത്യേക കോടതിയിൽ സമർപ്പിച്ചത്. ലോക്സഭാ സ്പീക്കറുടെ അനുമതി ലഭിച്ചശേഷം കുറ്റപത്രം സ്വീകരിക്കണമെന്ന അഭ്യർഥനയോടെയായിരുന്നു വിജിലൻസ് അന്വേഷകർ കുറ്റപത്രം സമർപ്പിച്ചത്. പിന്നീട് 2000 ഏപ്രിൽ 20ന് സ്പീക്കറുടെ അനുമതി തേടുന്നതിന് വീണ്ടും വിജിലൻസ് സമയം നീട്ടിച്ചോദിച്ചെങ്കിലും വിജിലൻസ് കോടതി അതിനു തയ്യാറായില്ല. കുറ്റപത്രം വിജിലൻസിനു തിരിച്ചുനൽകി അനുമതി ലഭിച്ചശേഷം തിരികെ സമർപ്പിക്കാനായിരുന്നു കോടതി നിർദേശം. പ്രോസിക്യൂഷൻ നടപടികൾക്കു ലോക്സഭാ സ്പീക്കറുടെ അനുമതി വേണമെന്ന നിലപാടായിരുന്നു പ്രത്യേക കോടതിയുടേത്. ഈ ഉത്തരവിനെതിരെയാണ് മുൻ സർക്കാർ റിവിഷൻ ഹർജി സമർപ്പിച്ചത്.

കുറ്റപത്രം സമർപ്പിക്കുമ്പോൾ കരുണാകരൻ പാർലമെന്ററംഗമായിരുന്നതിനാൽ പ്രോസിക്യൂട്ട് ചെയ്യാൻ ലോക്സഭാ സ്പീക്കറുടെ അനുമതി വേണമെന്ന കപിൽസിബലിന്റെ വാദം ഹൈക്കോടതി അംഗീകരിച്ചില്ല. പ്രതി എംപിയെന്ന നിലയ്ക്ക് സ്ഥാനം ദുരുപയോഗം ചെയ്യുകയോ അഴിമതി നടത്തുകയോ ചെയ്തുവെന്ന് ആർക്കും പരാതിയില്ല. മുഖ്യമന്ത്രിയായിരുന്ന സമയത്ത് പദവി ദുരുപയോഗം ചെയ്ത് അഴിമതി നടത്തിയെന്നാണ് ആരോപണം. അതിനാൽ സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്നും ഹൈക്കോടതി ആവർത്തിച്ചുവ്യക്തമാക്കി.

കുറ്റപത്രം സമർപ്പിക്കുമ്പോൾ കരുണാകരൻ മുഖ്യമന്ത്രിയായിരുന്നെങ്കിൽ സ്പീക്കറുടെ അനുമതി ആവശ്യമായിരുന്നുവെന്നും കോടതി വ്യക്തമാക്കി.

എംബിബിഎസ് ബിഡിഎസ് അലോട്ട്മെൻറ്

തിരു: അഖിലേന്ത്യാ ക്വാട്ടയിൽ എംബിബിഎസ് ബിഡിഎസ് കോഴ്സുകളിൽ ഇപ്പോൾ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനപരീക്ഷാ കമീഷണറുടെ റാങ്ക് ലിസ്റ്റിൽനിന്ന് വിദ്യാർഥികളുടെ ഓപ്ഷൻ അടിസ്ഥാനത്തിലുള്ള അലോട്ട്മെൻറ് പ്രസിദ്ധീകരിക്കുന്നു. ഇത് സംബന്ധിച്ചുള്ള പ്രവേശന നടപടികൾ പിന്നാലെ അറിയിക്കും.

എംബിബിഎസ് ആലപ്പുഴ– റാങ്ക് നമ്പർ 901, 904, 911, 1005, 1025, 1026, 1105. കോഴിക്കോട്– റാങ്ക് നമ്പർ 452, 573, 796, 920, 925 ആൻഡ് 1270. കോട്ടയം– റാങ്ക് നമ്പർ 260, തൃശൂർ– റാങ്ക് നമ്പർ– 607 ആൻഡ് 769. തിരുവനന്തപുരം– റാങ്ക് നമ്പർ 343, 693, 979 ആൻഡ് 106.

ബിഡിഎസ്– കോഴിക്കോട്– റാങ്ക് നമ്പർ – 665 ആൻഡ് 1152. കോട്ടയം– റാങ്ക് നമ്പർ 719, 725 ആൻഡ് 727. തിരുവനന്തപുരം– റാങ്ക് നമ്പർ 656 ആൻഡ് 661.

എംജി

പരീക്ഷാഫലം

കോട്ടയം: എംജി 2002 ഏപ്രിലിൽ നടത്തിയ രണ്ടാംസെമസ്റ്റർ എൽഎൽബി (ത്രിവൽസരവും പഞ്ചവൽസരവും) പരീക്ഷാഫലം (ഗവ. ലോ കോളേജ്, എറണാകുളം) പ്രസിദ്ധപ്പെടുത്തി.

2002 ഏപ്രിലിൽ നടത്തിയ മൂന്നാംസെമസ്റ്റർ മോഡൽ രണ്ട് ഇംഗ്ലീഷ് പരീക്ഷാഫലം (എംജി) പ്രസിദ്ധപ്പെടുത്തി.

2002 മെയിൽ നടത്തിയ എംഎ ഹിന്ദി പരീക്ഷാഫലം (എംജി) പ്രസിദ്ധപ്പെടുത്തി. മൂവാറ്റുപുഴ നിർമലാ കോളേജിലെ കെ ആർ ബീനാമോൾ, പാലാ സെൻറ് തോമസ് കോളേജിലെ ആൻസി എം ബേബി, പത്തനംതിട്ട കാതോലിക്കറ്റ് കോളേജിലെ സാനു തോമസ് എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾ നേടി.

2002 ഏപ്രിൽ/മെയിൽ നടത്തിയ എംഎ ഹിസ്റ്ററി പരീക്ഷാഫലം (എംജി) പ്രസിദ്ധപ്പെടുത്തി. ആലുവ യുസി കോളേജിലെ എസ് അപർണ ഒന്നാംറാങ്കും ചങ്ങനാശേരി എൻഎസ്എസ് കോളേജിലെ അനിതാമേരി മാത്യു രണ്ടാംറാങ്കും ആർ രജനി മൂന്നാംറാങ്കും നേടി. 2002 ഡിസംബറിൽ നടത്തിയ അവസാനവർഷ ബിഎ ഓണേഴ്സ് റഷ്യൻ പരീക്ഷാഫലം (എംജി) പ്രസിദ്ധപ്പെടുത്തി.

പരീക്ഷകൾ

ഒന്നാംസെമസ്റ്റർ എംഎസ്സി ബയോ സയൻസസ് (ബയോകെമിസ്ട്രി, ബയോ ഫിസിക്സ്, ബയോ ടെക്നോളജി, മൈക്രോ ബയോളജി), മൂന്നാംസെമസ്റ്റർ എംഎസ്സി ബയോകെമിസ്ട്രി, ബയോ ഫിസിക്സ്, ബയോ ടെക്നോളജി, മൈക്രോ ബയോളജി പരീക്ഷകൾ (എംജി) യഥാക്രമം മാർച്ച് നാല്, 24 തീയതികളിൽ ആരംഭിക്കും.

യുജിസി–ഇൻഫോനെറ്റ്

എംജിയിൽ ഉയർന്ന ബാൻഡ് വിഡ്ത്ത് ശേഷിയുള്ള ഇൻറർനെറ്റ് സൗകര്യം (യുജിസി ഇൻഫോനെറ്റ്) യുജിസി സഹായത്തോടെ നടപ്പാക്കും. ഇതോടെ ഡിജിറ്റൽ ലൈബ്രറി, വിദൂരപഠനം, ഇലക്ട്രോണിക്സ് ജേർണൽ തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാകും. യൂണിവേഴ്സിറ്റി ലൈബ്രറിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് ഒപ്പുവെച്ചു. 2003 മാർച്ച് അവസാനത്തോടെ പദ്ധതി നിലവിൽ വരും.

കോച്ചിങ്ക്ലാസ്

കെപിഎസ്സി പിഎസ്സി നടത്തുന്ന എൽഡി ക്ലർക്ക് പരീക്ഷക്ക് എംജി എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രീടെസ്റ്റ് കോച്ചിങ്ക്ലാസ് ആരംഭിക്കും. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ചേരാനാഗ്രഹിക്കുന്നവർ കോഴ്സ് ഫീസായ 750രൂപ അടച്ച് ഉടൻ ചേരണം. പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കും വികലാംഗർക്കും 50 ശതമാനം ഫീസ് ഇളവ് അനുവദിക്കും. (ഫോൺ: 0481–2731025).

ഏഷ്യൻ സ്കോളർഷിപ്പ് ഫെലോസ് അവാർഡ്

ബാങ്കോക്കിലുള്ള ഏഷ്യൻ സ്കോളർഷിപ്പ് ഫൗണ്ടേഷൻ ആർട്സ്, കൾച്ചർ, ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസസ് വിഷയങ്ങളിൽ ഗവേഷണ പ്രോജക്ട് ചെയ്യുന്നതിനും കോഴ്സ് ചെയ്യുന്നതിനും ഫെലോസ് അവാർഡ് ഏർപ്പെടുത്തി. വിശദവിവരങ്ങൾ എംജി പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ ലഭിക്കും.

കാലിക്കറ്റ്

വൈവ പരീക്ഷ

തേഞ്ഞിപ്പലം: കലിക്കറ്റ് സർവകലാശാല 2002 നവംബറിൽ നടത്തിയ പി ജി ഡിപ്ലോമ അറബിക് വൈവ പരീക്ഷ ഫെബ്രുവരി 25 ചൊവ്വാഴ്ച സർവകലാശാല അറബിക് വിഭാഗത്തിൽ കാലത്ത് 11 മണിക്ക് ആരംഭിക്കും.

എം എ മ്യൂസിക് പരീക്ഷാഫലം

സപ്തംബറിൽ നടത്തിയ എം എ മ്യൂസിക് മൂന്നാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനഃപരിശോധന/ സൂക്ഷ്മ പരിശോധന എന്നിവക്ക് മാർച്ച് നാലുവരെ അപേക്ഷിക്കാം.

പ്രിൻസിപ്പൽമാരുടെ യോഗം 25 ലേക്ക് മാറ്റി

കലിക്കറ്റ് സർവകലാശാല അക്കാദമിക് സ്റ്റാഫ് കോളേജിൽ വെച്ച് ഫെബ്രുവരി 21ന് നടത്തുമെന്നറിയിച്ച കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം ഫെബ്രുവരി 25 ലേക്ക് മാറ്റി

പ്രൊവിഷനൽ സർട്ടിഫിക്കറ്റ്

ഫെബ്രുവരി 17ന് ഫലം പ്രസിദ്ധീകരിച്ച കലിക്കറ്റ് സർവകലാശാലയുടെ അവസാന വർഷ ബികോം (പഴയ സ്കീമും പുതിയ സ്കീമും) പരീക്ഷയിൽ വിജയിച്ച വിദ്യാർഥികളിൽനിന്നും പ്രൊവിഷനൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ മാർച്ച് 10 മുതൽ പരീക്ഷാഭവനിൽ സ്വീകരിക്കും. അപേക്ഷയോടൊപ്പം തപാൽ ചാർജായ 25 രൂപയുടെ ചലാൻ രസീതും ബികോം മാർക്ക്ലിസ്റ്റുകളുടെ ഫോട്ടോസ്റ്റാറ്റും സമർപ്പിക്കണം. പ്രൊവിഷനൽ സർട്ടിഫിക്കറ്റുകൾ തപാൽ മാർഗം അയക്കും.

കൊച്ചി

കൊച്ചി സർവകലാശാലയിൽ ദൃശ്യപ്രശ്ന വിലയിരുത്തൽ കിറ്റ്

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലാ കേരളതീരദേശത്തെ മൽസ്യബന്ധനമേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു ദൃശ്യപ്രശ്ന വിലയിരുത്തൽ (വിപിഎ) കിറ്റ് തയ്യാറാക്കുന്നു. നെതർലൻഡ്സിലെ വിവിധ സ്ഥാപനങ്ങളുടെ സംയുക്ത സഹകരണത്തോടെയാണിത്.

അന്താരാഷ്ട്ര തൊഴിലധിഷ്ഠിത കോഴ്സുകളുടെ ഉപയോഗത്തിനുവേണ്ടി പുതുതായി രൂപകൽപന ചെയ്തിട്ടുള്ള വിദ്യാഭ്യാസ പരിശീലനപരിപാടിയാണ് ഈ ദൃശ്യപ്രശ്നവിലയിരുത്തൽ കിറ്റ്. കെട്ടുപിണഞ്ഞ സാമൂഹിക ചുറ്റുപാടിൽ ജോലിചെയ്യുന്ന ഭാവിയിലെ മാനേജർമാർക്ക് പരിശീലനം നൽകുന്നതിനായി രൂപകൽപന ചെയ്തിട്ടുള്ള ദൃശ്യപ്രശ്നവിലയിരുത്തൽ പ്രശ്നങ്ങൾ കണ്ടെത്തൽ, നിരീക്ഷണം, അവയുടെ പരിഹാരം എന്നീ മേഖലയിൽ പ്രവൃത്തിപരിചയം ലഭിക്കത്തക്കരീതിയാണ് അവലംബിച്ചിരിക്കുന്നത്. ദൃശ്യപ്രശ്നഅവതരണം വിദ്യാർഥികൾക്ക് പ്രശ്നങ്ങൾ അനുഭവിച്ചറിയുന്നതിനുള്ള അവസരം ഒരുക്കും. ദൃശ്യപ്രശ്നവിലയിരുത്തൽ കിറ്റിന്റെ പ്രമേയം ഡച്ച്സർവകലാശാലകൾക്ക് സമർപ്പിക്കുന്നത് കൊച്ചി സർവകലാശാലയിലെ പ്രഫസറും പരീക്ഷാ കൺട്രോളറുമായ ഡോ. എ രാമചന്ദ്രനാണ്.

കേരള

ഹിന്ദുസ്ഥാനി സംഗീതക്ലാസ്

തിരു: കേരള സർവകലാശാലയുടെ തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിൽ ഹിന്ദുസ്ഥാനിസംഗീതത്തിൽ നടത്തുന്ന അഞ്ചുമാസത്തെ സർട്ടിഫിക്കറ്റ് കോഴ്സിനുള്ള ക്ലാസ് ഫെബ്രുവരി 20ന് തുടങ്ങും. ഈ കോഴ്സിൽ ഏതാനും സീറ്റൊഴിവുണ്ട്. സംഗീതത്തിൽ അഭിരുചിയുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധിയില്ല. കോഴ്സ് ഫീസ് 1,800രൂപ. തൽപര്യമുള്ളവർ തുടർവിദ്യാഭ്യാസകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471 2302523, 2302524.

എംഡിഎസ് ഫലം

കേരള സർവകലാശാല കഴിഞ്ഞ ജനുവരിയിൽ നടത്തിയ എംഡിഎസ് (പാർട്ട് ഒന്ന്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

ബിഎഫ്എ പരീക്ഷ

കേരള സർവകലാശാല ജനുവരി 17 മുതൽ നടത്തുന്ന ഒന്നാം വർഷത്തെയും അവ

20 വ്യാഴം
ഫെബ്രുവരി 2003

ദേശാഭിമാനി

1178 കുംഭം 8
കോഴിക്കോട്

Established in 1942 | KOZHIKODE ■ KOCHI ■ THIRUVANANTHAPURAM ■ KANNUR ■ KOTTAYAM ■ THRISSUR ■ www.deshabhimani.com | പേജ് 12 ■ വില 3.25 രൂപ

മരണസംഖ്യയിൽ അവ്യക്തത | **മുത്തങ്ങ പൊലീസ് വലയത്തിൽ** | **ബന്ദികളെ തീകൊളുത്താൻ ശ്രമിച്ചു**

മുത്തങ്ങയിൽ പൊലീസുകാരനെ വെട്ടിക്കൊന്നു വെടിവെപ്പിൽ നാല് ആദിവാസികൾ മരിച്ചു

പി വി രവീന്ദ്രൻ

കൽപ്പറ്റ: മുത്തങ്ങയിലെ വന്യജീവി സംരക്ഷണകേന്ദ്രം കയ്യേറിയ ഗോത്രമഹാസഭാ പ്രവർത്തകരെ ഒഴിപ്പിക്കാനുള്ള രണ്ടാംഘട്ട ഓപ്പറേഷനിടെ ബന്ദിയാക്കിയ പൊലീസ് കോൺസ്റ്റബിളിനെ സമരക്കാർ വെട്ടിക്കൊന്നു. തുടർന്ന് പൊലീസ് നടത്തിയ വെടിവെപ്പിൽ നാല് ആദിവാസികൾ മരിച്ചു. എന്നാൽ ഇതിലേറെപേർ മരിച്ചതായി അനൗദ്യോഗിക റിപ്പോർട്ടുണ്ട്. ഒരു ആദിവാസിയും ഒരു പൊലീസുകാരനും മരിച്ചുവെന്നാണ് ഡിഐജി ശങ്കർറെഡ്ഡി ബത്തേരിയിൽ പത്രലേഖകരോട് പറഞ്ഞത്. ബന്ദിയാക്കപ്പെട്ട ഫോറസ്റ്ററെ അക്രമികൾ മാരകമായി വെട്ടിപ്പരിക്കേൽപ്പിച്ചിട്ടുമുണ്ട്. ഇദ്ദേഹത്തെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.



വിനോദ്

കണ്ണൂർ കെ എ പി നാലാം ബറ്റാലിയനിലെ കോൺസ്റ്റബിൾ വിനോദാണ് കൊല്ലപ്പെട്ടത്. മരിച്ച ആദിവാസികളെ തിരിച്ചറിഞ്ഞിട്ടില്ല. സംഭവത്തെ തുടർന്ന് മുത്തങ്ങ വനമേഖലയും പരിസരപ്രദേശങ്ങളും പൊലീസിന്റെ നിയന്ത്രണത്തിലാണ്. തോൽപ്പെട്ടി റേഞ്ചിലെ ഫോറസ്റ്റർ സി കെ ശശിധരനെയാണ് ബന്ദിയാക്കിയശേഷം മാരകമായി വെട്ടിയത്. മരിച്ച ഒരു ആദിവാസിയുടെ ജഡം ബത്തേരി താലൂക്കാശുപത്രിയിലുണ്ട്.

ബന്ദികളെ മോചിപ്പിക്കാൻ വൈകീട്ട് അഞ്ചരയോടെ കണ്ണൂർ കെ എ പി നാലാം ബറ്റാലിയൻ കമാണ്ടന്റ് സുരേഷ്രാജ് പുരോഹിതിന്റെ നേതൃത്വത്തിൽ പൊലീസ് സംഘം ഇരച്ചുകയറിയപ്പോൾ സമരക്കാർ ബന്ദികളെ വെട്ടുകയായിരുന്നു. ബന്ദികളെ പൊലീസ് മോചിപ്പിച്ച് പുറത്തേക്ക് കൊണ്ടുവന്നെങ്കിലും വിനോദ് അപ്പോഴേക്കും മരിച്ചിരുന്നു. വെട്ടേറ്റ ഗാർഡ് ശശിധരനെ ഉടൻ ആശുപത്രിയിലേക്ക് മാറ്റി. അക്രമാസക്തരായ സമരക്കാർ പൊലീസിന് നേരെ അമ്പും വില്ലും മറ്റു ആയുധങ്ങളുമായി അക്രമം ആരംഭിച്ചതോടെ പൊലീസും തുരുതുരാ വെടിവെച്ചു. അക്രമികൾ ചിതറിയോടി. നാലുപേർ സംഭവസ്ഥലത്ത് വീണുമരിച്ചു. പരിക്കേറ്റ ചിലർ ഉൾക്കാട്ടിലേക്ക് രക്ഷപ്പെട്ടിട്ടുണ്ട്. 18 ആദിവാസികളെയും 12 പൊലീസുകാരെയും ഒരു ഫോറസ്റ്ററേയും ബത്തേരി ആശുപത്രിയിലും മെഡിക്കൽ കോളേജിലുമായി പ്രവേശിപ്പിച്ചിട്ടുണ്ട്.

പരിക്കേറ്റ 13 പൊലീസ്–വനംസംരക്ഷണ സേനാംഗങ്ങളിലെ മൂന്ന് പേരുടെ നില ഗുരുതരമാണ്. പൊലീസ് കോൺസ്റ്റബിൾമാരായ വിനോദ്(29), അബ്ദുൾസലാം, ഫോറസ്റ്റർ സി കെ ശശിധരൻ, ആദിവാസി സോമൻ (35) എന്നിവരാണ് കോഴിക്കോട് മെഡിക്കൽ കോളേജിലുള്ളത്.

കാലത്ത് ഒമ്പതുമണിയോടെയാണ് ആദിവാസികളെ ഒഴിപ്പിക്കാനുള്ള ആദ്യഘട്ടം ശ്രമം ആരംഭിച്ചത്. പൊലീസ് ഇരച്ചുകയറി 34 ആദിവാസികളെ കസ്റ്റഡിയിലെടുത്തു. മറ്റുള്ളവർ ഉൾക്കാട്ടിലേക്ക് വലിഞ്ഞു. പൊലീസും തൽക്കാലം പിൻമാറി.

ഉച്ചക്ക് 12.20ന് ആരംഭിച്ച രണ്ടാംഘട്ട ഓപ്പറേഷനിടെയാണ് സമരക്കാർ വിനോദിനെയും ശശിധരനെയും പിടികൂടി ബന്ദിയാക്കിയത്. രണ്ടുപേരും പൊലീസ് സംഘത്തിന്റെ മുന്നിൽ സഞ്ചരിക്കുകയായിരുന്നു. ഇവരുടെ ദേഹത്ത് വൈക്കോലിടുകയും മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി വധിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. പത്ത് മിനിറ്റിനുള്ളിൽ പൊലീസ്– വനംവകുപ്പ് സേനകളെ മാറ്റിയില്ലെങ്കിൽ രണ്ടുപേരെയും ചുട്ടുകൊല്ലുമെന്നായിരുന്നു അന്ത്യശാസനം. ഇതുകൂടാതെ ആറ് ആവശ്യങ്ങളും ഇവർ ഉന്നയിച്ചു. മുത്തങ്ങ വനഭൂമിയിൽ നിന്നും പൊലീസിനെ പിൻവലിക്കുക, മുത്തങ്ങയിൽനിന്നും അറസ്റ്റ് ചെയ്ത മുഴുവൻ ആദിവാസികളെയും തിരിച്ച് മുത്തങ്ങ

ശേഷം പേജ് 2 കോളം 3



പൊലീസിനെ ഗോത്രമഹാസഭാ പ്രവർത്തകർ കോടാലിയും വടിവാളുമായി നേരിടുന്നു



ആദിവാസി ഗോത്രമഹാസഭാ പ്രവർത്തകരും പൊലീസും ഏറ്റുമുട്ടലിന് തയ്യാറായി നിരന്നിന്നപ്പോൾ

പിടിപ്പുകേടിന്റെയും പ്രീണനത്തിന്റെയും ഫലം

സ്വന്തം പ്രതിനിധി

കല്പറ്റ: മുത്തങ്ങയിൽ നാല് ആദിവാസികളും ഒരു പൊലീസുകാരനും മരിക്കാനിടയായ ദൗർഭാഗ്യകരമായ സംഭവങ്ങൾക്ക് നിമിത്തമായത് ഗവർമെണ്ടിന്റെ പ്രീണനനയവും നിസ്സംഗതയും. വയനാട്ടിലെ സി കെ ജാനുവിന്റെ നേതൃത്വത്തിലുള്ള ഗോത്രമഹാസഭയെ കഴിഞ്ഞകാലങ്ങളിൽ സംരക്ഷിച്ചതും ആവശ്യമായ സഹായങ്ങൾ നൽകിയതും യു ഡി എഫ് ആണ്. എൽ ഡി എഫ് ഗവർമെണ്ടിനെതിരെ ആദിവാസികളെ തെരുവിലിറക്കാൻ എ കെ ആന്റണിയും മറ്റ് യു ഡി എഫ് നേതാക്കളും ജാനുവിനെയും സംഘത്തെയും രംഗത്തിറക്കുകയായിരുന്നു. ഒടുവിൽ യു ഡി എഫ് അധികാരത്തിൽ വന്നപ്പോഴേക്കും ജാനുവും സംഘവും നേതാക്കളുടെ പിടിയിൽനിന്നും അകലുകയായിരുന്നു.

ആദിവാസികൾക്ക് അർഹമായ ഭൂമി നൽകുന്നതിന് എൽ ഡി എഫ് ഗവർമെണ്ട് ആവിഷ്കരിച്ച പരിപാടികൾ അട്ടിമറിക്കാനായിരുന്നു ജാനുവിനെ രംഗത്തിറക്കിയത്. എൽ ഡി എഫ് ഗവർമെണ്ടിനെതിരെ നിരന്തരം സമരങ്ങൾ നടത്താൻ യു ഡി എഫുകാരും മറ്റ് എജൻസികളും ജാനുവിനെ ആളും അർഥവും നൽകി സഹായിച്ചു.

യു ഡി എഫ് ലക്ഷ്യം നേടിയെങ്കിലും ജാനുവിന്റെ അനുനയിപ്പിക്കാനായില്ല. പിന്നീട് ജാനു തിരുവനന്തപുരത്ത് നടത്തിയ സമരത്തെയും മുഖ്യമന്ത്രിയും കൂട്ടരും ആവോളം സഹായിച്ചു. ചില മാധ്യമങ്ങളുടെയും കപട ബുദ്ധിജീവികളുടെയും പിന്തുണയോടെ സമരം തുടർന്ന ജാനുവിനുവേണ്ടി മുഖ്യമന്ത്രി ഒടുവിൽ ഒത്തുതീർപ്പ് പ്രഹസനമുണ്ടാക്കി. ജാനുവും മുഖ്യമന്ത്രിയും പരസ്പരം അഭിനന്ദിക്കുന്ന ചിത്രങ്ങൾ മാധ്യമങ്ങളുടെ പ്രധാന വാർത്തയായി. എന്നാൽ ആദിവാസികൾക്ക് ഭൂമി മാത്രം നൽകിയില്ല. ഒരാഴ്ച മുമ്പ് ജാനു വീണ്ടും വനഭൂമി കയ്യേറി. 200ഓളം വരുന്ന ആദിവാസികളോടൊപ്പമാണ് വനഭൂമി കയ്യേറിയത്. ഇവരെ നിഷ്പ്രയാസം ഒഴിപ്പിക്കാൻ കഴിയുമായിരുന്നിട്ടും പൊലീസ് നിസ്സഹായരായി നോക്കിനിന്നു. എല്ലാവരെയും അടിച്ചൊതുക്കുമെന്ന് പറഞ്ഞുനടക്കുന്ന ഡി ജി പിയും വനഭൂമി കയ്യേറ്റം കണ്ടില്ലെന്ന് നടിച്ചു. കയ്യേറ്റക്കാരെ ഒഴിപ്പിക്കുമെന്ന് വനംമന്ത്രി ഇടക്കിടെ പ്രസ്താവനയിറക്കിയതല്ലാതെ നടപടിയൊന്നുമെടുത്തില്ല.

സമരസംഘത്തെ കീഴടക്കാൻ പൊലീസിന് നിഷ്പ്രയാസം കഴിയുമായിരുന്നു. ബുധനാഴ്ച രാവിലെ ഇതിനുള്ള തുടക്കമുണ്ടാവുകയുംചെയ്തു. എന്നാൽ എന്തോ ചില കാരണങ്ങളാൽ അധികൃതരുടെ കണ്ണുതുറന്നില്ല. ഒടുവിൽ വീണ്ടും രണ്ട് പേരെ ബന്ദിയാക്കിയപ്പോൾ മാത്രമാണ് പൊലീസിന് വീര്യം കൂടിയത്. ഇതാകട്ടെ ദൗർഭാഗ്യകരമായ സംഭവങ്ങളിൽ കലാശിക്കുകയുംചെയ്തു.

ജുഡീഷ്യൽ അന്വേഷണം വേണം: പിണറായി

തിരു: വയനാട്ടിലെ മുത്തങ്ങയിലെ കൂട്ടക്കൊല സർക്കാരിന്റെ പിടിപ്പുകേടിന്റെ ഫലമാണെന്നും സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും സിപിഐ എം സംസ്ഥാനസെക്രട്ടറി പിണറായി വിജയൻ ആവശ്യപ്പെട്ടു.

നാല് ആദിവാസികളും ഒരു പൊലീസുകാരനും മരിക്കാനിടയായത് ഒഴിവാക്കേണ്ടിയിരുന്ന ദാരുണസംഭവമാണ്. യുഡിഎഫ് ഭരണം വന്നശേഷം പൊലീസ്വെടിവെപ്പിൽ ആളുകൾ മരിക്കുന്നത് നിത്യസംഭവമാകുകയാണ്. പൊലീസ്ഭരണത്തിന്റെ ജനദ്രോഹമുഖമാണ് ഇതിൽ തെളിയുന്നത്. ആദിവാസികളുടെ ഭൂമിപ്രശ്നമടക്കം പരിഹരിക്കുന്നതിൽ ആൻറണിസർക്കാർ വരുത്തിയ വീഴ്ചയും മുത്തങ്ങസംഭവത്തിന് വഴിതെളിച്ചിട്ടുണ്ട്. ആദിവാസികൾക്ക് ഭൂമി കിട്ടുക എന്നതടക്കമുള്ള ആവശ്യങ്ങൾ നേടുന്നതിന് ആദിവാസിക്ഷേമമിതിയുടെ നേതൃത്വത്തിൽ ആദിവാസികളുടെ വമ്പിച്ച പങ്കാളിത്തത്തോടെ സംസ്ഥാനവ്യാപകമായി പ്രക്ഷോഭം നടക്കുകയും അവസാനം സർക്കാർ ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്തതാണ്. പക്ഷേ, ആ കരാർ നടപ്പാക്കാൻ സർക്കാർ വേണ്ടത്രതാൽപര്യം കാട്ടിയില്ല. സി കെ ജാനുവിന്റെ നേതൃത്വത്തിൽ ഒരുവിഭാഗം ആൾക്കാർ നടത്തിവന്ന വിഭാഗീയസമരത്തെ ഒളിഞ്ഞും തെളിഞ്ഞും പ്രോൽസാഹിപ്പിക്കുന്ന നയമായിരുന്നു മുഖ്യമന്ത്രി ആൻറണിയും യുഡിഎഫിലെ ഒരുവിഭാഗവും സ്വീകരിച്ചിരുന്നത്. ആദിവാസികളുടെ ജനകീയസമരത്തെ ഒറ്റപ്പെടുത്താനുള്ള ഉദ്ദേശ്യത്തോടെയായിരുന്നു ഇതു ചെയ്തത്. തലതിരിഞ്ഞ ഈ രാഷ്ട്രീയനയത്തിന്റെ ദുരന്തംകൂടിയാണ് ഇപ്പോൾ മുത്തങ്ങയിലുണ്ടായിരിക്കുന്നത്.

ജാനുവിന്റെ നേതൃത്വത്തിൽ നടക്കുന്ന വിഭാഗീയസമരത്തോട് കഠിനമായ വിയോജിപ്പുണ്ടെങ്കിലും സമരരംഗത്തേക്കുവന്ന ആദിവാസികളെ വെടിവെച്ചുകൊല്ലുന്ന സർക്കാർനടപടിയോട് കടുത്ത പ്രതിഷേധമുണ്ടെന്ന് പിണറായി പ്രസ്താവനയിൽ പറഞ്ഞു.

▼ മറ്റു പേജുകളിൽ ▶

ഫെയർഫാർമയിൽ വീണ്ടും റെയ്ഡ് 2
ഭൂരിപക്ഷം രാജ്യങ്ങളും യുദ്ധത്തിനെതിര് 7
ബൗളർമാർ ഇന്ത്യയെ തിരിച്ചുകൊണ്ടുവന്നു 11
ഉത്തരവാദി ആൻറണി സർക്കാർ: വി എസ് 12

www.deshabhimani.com
ദേശാഭിമാനി – വെബ്ലോകം
ഇന്നത്തെ ശബ്ദം
ഓൺലൈൻ അഭിപ്രായവോട്ട്
www.weblokam.com
സ്വാശ്രയ സീറ്റ് തർക്കത്തിൽ സർക്കാർ നിലപാട് സത്യസന്ധമാണോ?
അതെ 44.90 %
അല്ല 53.06 %
അഭിപ്രായമില്ല 2.04 %
ഇന്നത്തെ ചോദ്യം
മുത്തങ്ങയിൽ ജാനുവിന്റെ മാർഗം സ്വീകാര്യമാണോ?
ദേശാഭിമാനി ഓൺലൈനിലോ വെബ് ലോകം സോട്ട്കോമിലോ സന്ദർശിച്ച് വോട്ട് രേഖപ്പെടുത്താവുന്നതാണ്. അഭിപ്രായങ്ങൾ ദേശാഭിമാനി, വെബ്ലോകം ഇൻറർനെറ്റ് വരിക്കാരുടെ മാത്രം അഭിപ്രായമാണ്. അത് പൊതുജനാഭിപ്രായമായിരിക്കണമെന്നില്ല.

പാമോയിൽ: സ്പീക്കറുടെ അനുമതി വേണ്ട, കരുണാകരനെതിരെ നടപടി തുടരാം

കൊച്ചി: പാമോയിൽ അഴിമതിക്കേസിൽ മുൻ മുഖ്യമന്ത്രി കെ കരുണാകരനെതിരെ പ്രോസിക്യൂഷൻ നടപടി തുടരാൻ ലോക്സഭാ സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. കരുണാകരനെതിരെ ആരോപിതമായ കുറ്റകൃത്യങ്ങൾ നടന്ന സമയത്ത് അദ്ദേഹം പാർലമെണ്ടംഗമായിരുന്നില്ല എന്നതിനാൽ തിരുവനന്തപുരത്തെ വിജിലൻസ് പ്രത്യേക കോടതിയിലെ ക്രിമിനൽകേസ് തുടരുന്നതിന് സ്പീക്കറുടെ അനുമതി തേടേണ്ടതില്ലെന്ന് ജസ്റ്റിസ് എൻ കൃഷ്ണൻനായർ ഉത്തരവിട്ടു. പ്രോസിക്യൂഷൻ അനുമതി വേണമെന്ന പ്രത്യേക കോടതി ഉത്തരവിനെതിരെ സർക്കാർ സമർപ്പിച്ച റിവിഷൻ ഹർജി അനുവദിച്ചുകൊണ്ടാണ് ഹൈക്കോടതി വിധി.

ഈ സർക്കാർ റിവിഷൻ ഹർജി പിൻവലിച്ചേക്കുമെന്ന ആശങ്കയുള്ളതിനാൽ പൊതുതാൽപര്യം മുൻനിർത്തി കേസിൽ കക്ഷിചേർക്കണമെന്ന് പ്രതിപക്ഷ നേതാവ് വി എസ് അച്യുതാനന്ദൻ ആവശ്യപ്പെട്ടിരുന്നു. പ്രതിപക്ഷ നേതാവിനു നടപടികളിൽ ഇടപെടാൻ അവകാശമുണ്ടെങ്കിലും സർക്കാർ റിവിഷൻ ഹർജി പിൻവലിക്കാത്ത സാഹചര്യത്തിൽ അദ്ദേഹത്തെ കക്ഷിചേർക്കുന്നില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി.

കേസിൽ ഹൈക്കോടതി കെ കരുണാകരനെ കക്ഷിചേർത്തിരുന്നു. പാമോയിൽ കേസിലെ ഒന്നാംപ്രതിയായ കരുണാകരനുവേണ്ടി സുപ്രിംകോടതി സീനിയർ അഡ്വക്റ്റ് കപിൽ സിബലിന്റെയും സർക്കാരിനുവേണ്ടി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ പി വി മാധവൻ നമ്പ്യാരുടെയും വാദം കേട്ട ശേഷമാണ് ഹൈക്കോടതി വിധി.

പ്രതികളായ അന്നത്തെ മുഖ്യമന്ത്രി കെ കരുണാകരൻ, ഭക്ഷ്യമന്ത്രി ടി എച്ച് മുസ്തഫ, ചീഫ് സെക്രട്ടറി എസ് പത്മകുമാർ, അഡീ. ചീഫ് സെക്രട്ടറി സക്കറിയ മാത്യു, ഐഎഎസ് ഉദ്യോഗസ്ഥരായ ജിജി തോംസൺ, പി ജെ തോമസ് തുടങ്ങിയ പ്രതികൾ ഒത്തുചേർന്നു കുറ്റകരമായ ഗൂഢാലോചന നടത്തി സിംഗപ്പൂരിലെ പവർ ആൻഡ് എനർജി ലിമിറ്റഡ്, മദ്രാസിലെ മാല ട്രേഡിങ് കോർപറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന നിയമവിരുദ്ധമായി പാമോയിൽ ഇറക്കുമതി ചെയ്ത് സർക്കാരിന് 2.8 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയെന്നാണ് വിജിലൻസ് കേസ്. വില കുറച്ച് മറ്റു സ്ഥാപനങ്ങളിൽ നിന്ന് പാമോയിൽ കിട്ടുമെന്നിരിക്കെയാണ് അഴിമതിക്കായി ഈ ഇടപാട് നടത്തിയതെന്ന് ആരോപണമുയർന്നിരുന്നു.

കുറ്റപത്രം സമർപ്പിക്കുമ്പോൾ കരുണാകരൻ പാർലമെണ്ടംഗമായിരുന്നതിനാൽ പ്രോസിക്യൂട്ട് ചെയ്യാൻ ലോക്സഭാ സ്പീക്കറുടെ അനുമതി വേണമെന്ന കപിൽസിബലിന്റെ വാദം ഹൈക്കോടതി അംഗീകരിച്ചില്ല. പ്രതി എംപിയെന്ന നിലയ്ക്ക് സ്ഥാനം ദുരുപയോഗം ചെയ്യുകയോ അഴിമതി നടത്തുകയോ ചെയ്തുവെന്ന് ആർക്കും പരാതിയില്ല. മുഖ്യമന്ത്രിയായിരുന്ന സമയത്ത് പദവി ദുരുപയോഗം ചെയ്ത് അഴിമതി നടത്തിയെന്നാണ് ആരോപണം. അതിനാൽ സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്നും ഹൈക്കോടതി ആവർത്തിച്ചുവ്യക്തമാക്കി. കുറ്റപത്രം സമർപ്പിക്കുമ്പോൾ കരുണാകരൻ മുഖ്യമന്ത്രിയായിരുന്നെങ്കിൽ സ്പീക്കറുടെ അനുമതി ആവശ്യമായിരുന്നു എന്നും കോടതി വ്യക്തമാക്കി.

ആകാശവാണി

കോഴിക്കോട്

5.55 ചിന്താവിഷയം, 6.25 സുദിനം, 7.05 നാട്ടുവിശേഷം, 8.30, 1.30, 6.30, 10.30 ചലച്ചിത്രഗാനങ്ങൾ, 12.40 ഗ്രാമശ്രീ, 6.05 വാർത്താപത്രിക, 6.30 നിയമസഭയിൽ ഇന്ന്, 7.35 യുവവാണി, 8.00 ആരോഗ്യവാണി, 9.16 വിജയവാണി.

കണ്ണൂർ

5.55 സുഭാഷിതം, 6.10 അർച്ചന, 6.25 സുപ്രഭാതം, 7.35, 12.05, 1.00, 5.30, 6.35, 7.35, 8.30 ചലച്ചിത്രഗാനങ്ങൾ, 12.15 പൂരക്കളി, 12.40 ഗ്രാമശ്രീ, 5.00 ഭക്തിഗാനങ്ങൾ, 6.05 വാർത്താപത്രിക, 6.30 നിയമസഭയിൽ ഇന്ന്, 6.50 വയലും വീടും, 7.20 കന്പോളനിലവാരം, 9.16 വിജയവാണി, 9.30 നാടകം, 10.00 വായ്പാട്ട്.

തിരുവനന്തപുരം – ആലപ്പുഴ

5.50 വന്ദേമാതരം 6.00 അറിയിപ്പുകൾ 6.10 ഉദയഗീതം 6.25 പ്രഭാതഭേരി 7.05 വിജയവാണി 7.35 പൊതുജനശ്രദ്ധയ്ക്ക് 7.40 വാർത്താതരംഗിണി 8.30, 1.00, 6.30, 8.30 ചലച്ചിത്രഗാനങ്ങൾ 9.00, 12.05 സംഗീതപരിപാടി 12.05 ഗാനകൈരളി 12.40 പ്രകാശധാര 2.05 സ്പോൺസേർഡ് പ്രോഗ്രാം 4.45 തൊഴിലാളിമണ്ഡലം 5.00 സംസ്കൃതപരിപാടി 5.15 പഞ്ചവാദ്യം 6.30 നിയമസഭാവലോകനം 6.50 വയലുംവീടും 7.35 യുവവാണി 8.00 ഡോക്ടറോട് ചോദിക്കാം 9.16 വിജയവാണി 9.30 ഫീച്ചർ 10.00 ഹിന്ദി ചലച്ചിത്രഗാനങ്ങൾ 10.30 കഥകളിപ്പദങ്ങൾ.

ദൂരദർശൻ

ദില്ലി

5.25 വന്ദേമാതരം 5.30 യുജിസി പ്രോഗ്രാം 6.05 ഇഗ്നോ 6.30 ആരാധന 8.00 ഐസിസി ക്രിക്കറ്റ് വേൾഡ്കപ്പ് 2003 9.02 സീരീസ് 9.30 ടാക്ബാക്/നിഷാൻ 10.05 ഇൻ ദിസ് അവർ ലാൻഡ് 10.30 ഇടിവി പ്രോഗ്രാം 11.00 ലൈവ് ഫ്രം പാർലമെണ്ട് 12.02 കാമിയാബി സിന്ദഗി കി 12.30 ഘർ സൻസാർ 1.02 ഷിക്വ 1.30 തലാഖ് ക്യോം 3.02 ആർത്തി 3.30 കുട്ടികളുടെ പരമ്പര 4.02 സ്പോർട്സ് അവർ 5.02 ഈവനിങ് ലൈവ് ഷോ 6.02 ലൈറ്റ് മ്യൂസിക് 6.15 രാജധാനി സെ 6.30 കൃഷിദൈവം 7.15 ശക്തി 7.30 പാകിസ്ഥാൻ റിപ്പോർട്ടർ 8.20 പാർലമെൻറ് വാർത്ത 9.00 മഹാരഥി കരൺ 9.30 ശായദ്തും 10.00 ആംഖേം 10.30 സലാഖോം കേ പീച്ചേ 11.02 ടാക്ബാക്ക്/നിഷാൻ 11.30 എർത്ത് മാറ്റേഴ്സ് 12.00 ന്യൂസ് അറ്റ് മിഡ്നൈറ്റ്.

മെട്രോചാനൽ

6.30 ഭക്തിസാഗർ 7.00 സുർ സരോവർ 7.30 ഗുഡ്മോർണിങ് മെട്രോ 8.00 ഝങ്കാർ 8.30 ഐസാഭീ ഹോത്താ ഹെ 9.00 പ്ലാസ്റ്റ് ഇന്ത്യ 9.30 ഐസിസി ക്രിക്കറ്റ് വേൾഡ്കപ്പ് 2003 4.30 പപ്പാ ബീവേഴ്സ് സ്റ്റോറി ടൈം 5.00 ഡക്ക് ടെയിൽസ് 5.30 ഹെർക്കുലിസ് 6.00 ഫസ്റ്റ് എമങ് ദി ഈക്വൽസ് 6.30 കരിയർ ബാത്തേം 7.00 ഇധർ കമാൽ ഉധർ ധമാൽ 7.30 ഖബരേം ബോളിവുഡ് കി 7.55 ആംഖോം ദേഖി 8.00 ഹലോ ഇൻസ്പെക്ടർ 8.30 കുന്തി 9.00 ധൂമി 9.30 ഝങ്കാർ 10.00 ഭവാനി 10.30 റോസാന 11.00 വൺ ക്യൂബ്ഡ് 11.30 ടിവി ബ്രാൻഡ്സ് 12.00 ഷാന്തല.

തിരുവനന്തപുരം

10.30 സിയറ്റ് 2.31–4.15 പരമ്പരകൾ 4.30 മാരാമൺ കൺവെൻഷൻ റിപ്പോർട്ട് 5.02 സംവാദം 5.30 സീരിയൽ 6.00 ഡിഡി മെഗാഷോ 6.50 നിയമസഭാവാർത്തകൾ 7.15 സ്പോൺസേഡ് പ്രോഗ്രാം

ഡിഡി 4

6.00 ശാസ്ത്രീയസംഗീതം 6.30, 10.30 സിയറ്റ് 7.00 എന്റെ ഗ്രാമം 7.15 ഗ്രാമീണഭാരതം 7.40 ധിം തരികിടതോം 7.43 മോണിങ്ഷോ 8.30 സമസ്യാസമയം 9.00 നാടകം 10.00 ടിവി ബ്രാൻഡ്ഷോ 11.00 സിനിമ 2.31–4.15 പരമ്പരകൾ 4.30 മാരാമൺ കൺവെൻഷൻ 5.02 സംവാദം 6.00 ഡിഡി മെഗാഷോ 7.15 സ്പോൺസേഡ് പ്രോഗ്രാം 8.00 ചതുരംഗം 8.25 പരമ്പര 8.50 കാമസ്ഷോ 9.00 പൂക്കുട 9.40 സമീക്ഷ 10.00 ദേശീയ യുവോൽസവം 10.30 സിനിമ. തുടർന്ന് പരമ്പരകൾക്കുശേഷം ചിത്രഗീതം.

കേബിൾ ടിവി

കൈരളി

6.00, 4.30 എസ്എസ്എൽസി 2003 7.00 ശുഭദിനം 9.00 നൊസ്റ്റാൾജിയ 9.30 കലാഭവനും മിമിക്സും പിന്നെ ഞാനും 10.00 ഫ്രഷ് ആൻഡ് ഹിറ്റ്സ് 10.30 സിനിമ 1.30, 10.00 അശ്വമേധം 2.00, 9.30 കോമഡി തില്ലാന 2.30, 12.30 രാഗോൽസവം 3.30 യാത്ര 4.00 സ്പോർട്സ് ട്രാക്ക് 5.30 യുവജനോൽസവം 5.45 ഉത്തരം 6.10 വോട്ടർ 6.30 കലാലയവർണങ്ങൾ 6.55 അടുക്കളപ്പുറം 7.30 ഗാനാഞ്ജലി 8.00 ലേഡീസ് ജെൻറിൽ ലേഡീസ് 8.05 ഹലോ ഗുഡ്ഈവനിങ് 8.30 ഡും ഡുംഡും പീപീപീ 9.05 ചെറിയ ശ്രീനിയും വലിയ ലോകവും 11.00 പ്രവാസലോകം 11.30 സമകാലികം 1.00 സാമൂഹ്യപാഠം 1.30 കലാലയവർണങ്ങൾ 2.00 കുടുംബകം

ഏഷ്യാനെറ്റ്

5.30 നാദമാധുരി 6.00 രാഗമാലിക 6.30 യുവർ ചോയ്സ് 8.35 പൾസ് 9.00 പാട്ടുപെട്ടി 9.30 മാസ്റ്റർ ചെഫ് 10.00 സപ്തസ്വരങ്ങൾ 10.30 പുതിയ ഗീതങ്ങൾ 11.00 സപത്നി 11.30 ടെലിബ്രാൻഡ്ഷോ 12.00 സിനിമ 3.00 വാൽക്കണ്ണാടി 4.00 ഹാർട്ട്ബീറ്റ്സ് 4.30 ഹലോ കിഡ്സ് 5.05 ലിറ്റിൽ മാസ്റ്റേഴ്സ് 5.30 ദിൽസേ 6.00 ഫിലിമീ തമാശ 6.30 പരമ്പര 6.55 മുൻഷി 7.00–9.30 പരമ്പരകൾ 10.00 കോമഡി ഷോ 11.00 മുൻഷി 11.05 നോ കമൻറ്സ് പ്ലീസ് 12.00 സിനിമ

ഏഷ്യാനെറ്റ് (ഗ്ലോബൽ)

6.00 മഴവില്ല് 6.30, 7.00 ജില്ലകളിലൂടെ 7.00 മേളപ്രപഞ്ചം 8.15 ബ്രേക്ക് ഫാസ്റ്റ് ഷോ 9.05 ചർച്ച 9.30 എന്റെ കേരളം 10.05 ലൈഫ്സ്റ്റൈൽ 10.30, 1.30 ടെലിബ്രാൻഡ് ഷോ 11.30, 8.00 നിങ്ങളുടെ എംഎൽഎ 12.00 സെമിനാർ 12.30 സൂര്യ ഫെസ്റ്റ് 1996 1.00, 7.30 മുറിച്ചുമാറ്റാതെ 2.05 ഹൗസാറ്റ് 2.30 വാർത്തയിലെ വ്യക്തി 3.00 ആൽബംസ് 4.00 സിനിമ 8.30 അന്വേഷണം 10.00 ഹലോ കേരള 10.30 സിനിമ

സൂര്യ

6.00 ലൈഫ് ഇൻ ദ വേൾഡ് 6.30 അക്ഷരം 9.00 സിനിമ 11.30, 12.00 പരമ്പരകൾ 12.30 സിനിമ 3.30 പൂമുഖം 4.00 വെള്ളിത്തിര 4.30 വിചാരണ 5.00 തുള്ളികൾ 5.30 കോടീശ്വരൻ 6.00 പൊരുത്തം 7.00–9.30 പരമ്പരകൾ 10.00 കോമഡിടൈം 10.30 മ്യൂസിക് മൊമൻറ്സ് 11.30 സീരിയൽ 12.30 സിനിമ 2.30 സൂര്യമ്യൂസിക്.

ജീവൻ ടി വി

6.00 വചനദീപ്തി 7.30, 9.00 പുലർകാലം 8.30 സ്ട്രീംസ് ഓഫ് ഗ്രേയ്സ് 9.30, 1.30 വീട്ടുകാര്യം 10.30, 10.30 ആലുക്കാസ് വിത്ത് ചാക്യാർ 11.00, 8.30 കോമഡി ചോയ്സ് 11.30 പുഴ മുതൽ നക്ഷത്രം വരെ 12.03 ലോകകാഴ്ച 12.30, 9.00, മ്യൂസിക് സ്പ്ലാഷ് 2.00 മാധ്യമലോകം 2.30, 6.03, 11.00 ഹരിതകേരളം 3.00 ബിസ് ടാക് 3.30, 4.03, 4.30, 11.30 സ്റ്റഡി ടൈം 5.00 ജീവൻ എൻട്രൻസ് 5.30 ജീവൻ രേഖ 6.30 കേരളപ്പെരുമ 7.30 മഴവില്ല് 8.30 കോമഡി ചോയ്സ് 9.30 ഗസ്റ്റ്ടൈം.

എ എക്സ് എൻ

6.00, 2.00 നോ മേഴ്സി 8.30, 7.00 അഡ്വഞ്ചർ സെൻട്രൽ 9.00, 8.00 റെലിക് ഹണ്ടർ 10.00 എർത്ത്: ഫൈനൽ കോൺഫ്ളിക്ട് 11.00, 6.00 ഫാർസ്കേപ്പ് 12.00, 5.00 ഗിന്നസ് വേൾഡ് റെക്കോഡ്സ്: പ്രൈംടൈം 1.00 മാർഷ്യൽ ലോ 4.30 ഹൈ ആക്ഷൻ അഡ്രിനാലിൻ 9.00 നൗ സീ ദിസ് 10.00 ബിലീവ്.

സ്റ്റാർ വേൾഡ്

6.00, 4.00 ചിയേഴ്സ് 6.30, 10.30 ദ ഒപ്പറാ വിൻഫ്രി ഷോ 7.30 ചിക്കാഗോ ഹോപ് 8.30 ചാമ്പ് 9.30 അലി മക്ബീൽ 11.30 ടൈറ്റസ് 12.00 ടു ഗൈസ്, എ ഗേൾ ആൻഡ് എ പിസ്സാ പ്ലേസ് 12.30 സഡൻലി സൂസൻ 1.00 ദി ബോൾഡ് ആൻഡ് ദി ബ്യൂട്ടിഫുൾ 1.30 ഹോളിവുഡ് സ്കയേഴ്സ് 2.00 ദി ബ്രാഡി ബഞ്ച് 2.30 ബേവാച്ച് 3.30 ദി സിംപ്സൺസ് 4.30 സ്റ്റാർ ന്യൂസ് ഏഷ്യ 5.00, 8.30 ഫ്രേസിയർ 5.30, 9.00 റോസ്വെൽ 6.25 സ്റ്റാർ ന്യൂസ് ഏഷ്യ 6.30, 10.00 ഡാർക്ക് ഏഞ്ചൽ 7.30, 11.00 ബോഡി ബെൻഡേഴ്സ്.

സ്റ്റാർ മൂവീസ്

6.45 ഫാദർഹുഡ് 8.45 ഹൈ മണി ഐ ആം ഡെഡ് 10.45 പ്രോട്ടോടൈപ്പ് 12.45 വാട്ട്സ് ഈറ്റിങ് ഗിൽബർട്ട് ഗ്രേപ്? 3.00 പവർ എലൈറ്റ് 5.00 ട്രെമേഴ്സ് 7.00 ഹ്യൂമൻ നേച്ചർ9.00 സ്റ്റെറ്റ് മോം 11.30 ബേസിക്ഇൻസ്റ്റിങ്ക്ട്.

ബിബിസി

7.00, 8.00, 9.00, 4.00, 8.00 ഏഷ്യ ടുഡേ 10.00, 5.00, 9.00 ഹാർഡ് ടോക്ക് 1.15, 6.15 സ്പോർട്ട് ടുഡേ 2.00 ഫാസ്റ്റ് ട്രാക്ക് 2.30 ഹോളിഡേ 3.00, 11.30 അറബ് വേൾഡ് ഡയറക്ട് 7.00 സ്നാപ്ഷോട്ട് 10.00 ആഫ്രിക്ക കോളിങ് 11.00 സിംപ്സൺസ് വേൾഡ്.

ഹാൾമാർക്ക്

6.30, 2.30 സ്കൊളാസ്റ്റിക് ക്ലിഫോർഡ് 7.00, 3.00 കെയ്ലു 7.30, 4.30 സെസേം സ്ട്രീറ്റ് 8.30 മേരി ഹിഗിൻസ് ക്ലാർക്ക് സ് ലെറ്റ് മീ കാൾ യു സ്വീറ്റ്ഹാർട്ട് 10.30 നൈറ്റ് ഓഫ് ദ വുൾഫ് 12.30 ബ്രൂക്ക്ലിൻ സൗത്ത് 1.30 മക്ലോഡ്സ് ഡോട്ടേഴ്സ് 3.30 ഫ്ലിപ്പർ 5.30, 9.30 സ്റ്റാർ ട്രക്ക് വോയേജർ 6.30, 10.30 സ്റ്റീൽ മങ്കോളിയാസ് 8.30 ദ ഗാർഡിയൻ.

എച്ച്ബിഒ

6.00 സിനിമ സീക്രട്ട്സ് 6.30 ദ ബുച്ചേഴ്സ് വൈഫ് 8.45 സൂപ്പർമാൻ 11.30 വീ ആർ നോ ഏഞ്ചൽസ് 1.45 ഡെന്നിസ് ദ മെനേസ് സ്ട്രൈക്ക്സ് എഗയിൻ 3.15 ജസ്റ്റിസ് ലീഗ് ഓഫ് അമേരിക്ക 5.00 ഡെത്ത് വാറൺട് 6.45 ബൈസെൻറീനിയൽ മാൻ 9.30 അലാസ്ക 11.45 ടു ഡൈ ഫോർ.

ഡിസ്കവറി

6.00, 3.00 പോപ്പുലർ മെക്കാനിക്സ് ഫോർ കിഡ്സ് 6.30, 3.30 ഗോയിങ് വൈൽഡ് വിത്ത് ജെഫ് കോർവിൻ 7.00, 2.00, 7.00 വൈൽഡ് ഡിസ്കവറി 8.00, 5.00 ലോൺലി പ്ലാനെറ്റ് 9.00, 9.00 അൾട്ടിമേറ്റ് ഗൈഡ് 10.00 അണ്ടർസ്റ്റാൻഡിങ് 11.00, 6.00 ചാമ്പ്യൻസ് ഓഫ് ദി വൈൽഡ് 11.30, 6.30 ആൾ ബേർഡ് ടിവി 12.00 ട്രാവൽ ടൈം 1.00 വുമൻസ് അവർ 3.00 പോപ്പുലർ മെക്കാനിക്സ് ഫോർ കിഡ്സ് 4.00, 11.00 വാർ സോൺ 8.00 ഉഷി 10.00 ഡെയറിങ് കേപ്പേഴ്സ് 10.30 ഡെയറിങ് കേപ്പേഴ്സ് 2.

കാർട്ടൂൺ നെറ്റ്വർക്ക്

6.00 ദ പെരിൽസ് ഓഫ് പെനിലോപ് പിറ്റ്സ്റ്റോപ് 6.30 ജോസി ആൻഡ് ദ പുസികാറ്റ്സ് 7.00, 5.00 ഡെക്സ്സ്റ്റേഴ്സ് ലബോറട്ടറി 7.30, 2.30 സ്കൂബി ഡു ഷോ 8.00 ദ കുകൂ ഡു കൂ ഷോ 9.00, 5.30, 8.30 ജാക്കി ചാൻ അഡ്വഞ്ചേഴ്സ് 9.30 ദ കാർട്ടൂൺ കാർട്ടൂൺ ഷോ 10.30 ടോം ആൻഡ് ജെറി കിഡ്സ് 11.00 ടൈനി ടിവി 200, 7.00 ദ പവർപഫ് ഗേൾസ് 3.00, 9.30 ഫ്ളിൻസ്റ്റോൺസ് 3.30, 9.00 ദ മാസ്ക് 4.00, 11.00 തണ്ടർ കാറ്റ്സ് 4.30, 11.30 സെഞ്ചുറിയൻസ് 6.00 ഓൾ ന്യൂ പൊപെയേ 6.30 ദ ലജൻസ് ഓഫ് സ്നോവൈറ്റ് 7.30 സ്കൂബിഡു അവർ 10.00 ജോണിബ്രാവോ 10.30 ടോപ് കാറ്റ്.

സഹാറ ടിവി

7.00, 3.30, 9.30 പർഛായിയാം 7.30 യാദോൻ 8.00, 5.30, 6.00 ദും ദും ദിഗാ ദിഗാ 8.30 മൻപസന്ദ് 9.30, 6.00 ജസ്റ്റ് കിഡ്സ് 10.30, 7.00 ഹലോ 11.00 സിനിമ 2.00, 10.00 വിരാസത് 2.30, 7.30, 11.30 ശുഭ മംഗൾ സാവധാൻ 3.00, 8.00 കഹീ തോ മിലേംഗേ 4.00, 8.30, 1.00 കാഗസ് കി കഷ്തി 4.30, 10.30 വോ കോൻ 5.00, 9.00, 12.00 സിന്ദഗി തേരീ മേരീ കഹാനി 11.00 യുഗ്.

സോണി മാക്സ്

7.00 സിംബോ ഫൈൻഡ്സ് എ സൺ 8.00 കറണ്ട് ബോളിവുഡ് 8.30 ഹോട്ട്ലിസ്റ്റ് 9.00 കിരായ്ദാർ 12.00 കഹാനി പുരി ഫിലിം ഹേ 1.30 ക്രിക്കറ്റ് തൽസമയ സംപ്രേഷണം 9.15 ഡ്യൂപ്ലിക്കേറ്റ്.



കൈരളിയിൽ രാത്രി 11ന് പ്രവാസലോകം

ഏഷ്യാനെറ്റിൽ രാത്രി 9.30ന് സ്വന്തം

സൂര്യയിൽ രാത്രി 10.00ന് കോമഡി ടൈം

സിനിമ

കൈരളി — 10.30 അനുഗ്രഹം

ഡിഡി 4 — 11.00 മർമരം; 10.30 മൈനാകം

ഏഷ്യാനെറ്റ് — 12.00 ഈറൻസന്ധ്യ; രാത്രി 12.00 പരമ്പര

ഗ്ലോബൽ — 4.00 വിദ്യാരംഭം; 10.30 ആനവാൽ മോതിരം

സൂര്യ — 9.00 വീട്; 12.30 ഇവൾ ദ്രൗപദി; രാത്രി 12.30 ജനാധിപത്യം

പൊലീസ് ആക്ഷൻ പാളിയത് ദുരന്തത്തിന് വഴിവെച്ചു

മുത്തങ്ങ: പൊലീസ് ആക്ഷൻ ആരംഭത്തിൽ തന്നെ പാളിയത് വൻ ദുരന്തത്തിലേക്കെത്തിച്ചു. പൊലീസ് ആദ്യഘട്ടത്തിൽ ഓപ്പറേഷൻതുടങ്ങുമ്പോൾ ചെറുത്തുനിൽപ്പില്ലാതെ ആദിവാസികൾ നിസംഗരായി നൂറ് വാരയിലേറെ ദൂരത്ത് കൃഷിപ്പണിയും കാട്വെട്ടലും നടത്തുകയായിരുന്നു. ഇവരെ കീഴടക്കുക എളുപ്പമാണെന്ന വിലയിരുത്തലാണ് പൊലീസിന്റെ ഓപ്പറേഷൻ പരാജയപ്പെടുന്നതിനിടയാക്കിയത്. 4000 ഹെക്ടർ സ്ഥലം ഉൾക്കൊള്ളുന്ന വനം മേഖലയിൽ ചിരപരിചതരായ ഗോത്രസഭാംഗങ്ങൾ സമർഥമായി പൊലീസിനെ അവരുടെ കേന്ദ്രത്തിലെത്തിക്കുകയായിരുന്നു.

250ഓളം ഗോത്രസഭാംഗങ്ങളാണ് പൊലീസിനെ നേരിടുന്നതിനായി ഉണ്ടായിരുന്നത്. പൊലീസ് ആദ്യ ഏറ്റുമുട്ടൽ തുടങ്ങുമ്പോൾതന്നെ ഗോത്രസഭാംഗങ്ങൾ കാട്ടിൽ ഒരുഭാഗത്ത് തീവെപ്പ് തുടങ്ങിയിരുന്നു. പൊലീസുകാർക്ക് ശരിയായ രീതിയിൽ നേതൃത്വം നൽകുന്നതിനോ വേണ്ട നിർദ്ദേശം യഥാസമയം നൽകുന്നതിനോ ഉന്നത ഉദ്യോഗസ്ഥർക്കായില്ല. സാധാരണ പൊലീസ് കോൺസ്റ്റബിൾമാർ മാത്രമാണ് ഏറ്റുമുട്ടലിന് മുൻനിരയിലുണ്ടായത്. വ്യക്തമായ പ്ലാനിന്റെ അഭാവവും ശ്രദ്ധിക്കപ്പെട്ടു. മുഖാമുഖം ഏറ്റുമുട്ടി നീങ്ങിയ പൊലീസ് സംഘത്തെ ഒടുവിൽ തങ്ങൾ കേന്ദ്രീകരിച്ച ഷെഡ് വരെ എത്തിക്കാനായി. ഏറ്റുമുട്ടലിനിടെ പലപ്പോഴും പൊലീസ് തന്ത്രങ്ങൾ പാളുകയായിരുന്നു.



ഗോത്രമഹാസഭക്കാർ വെട്ടിക്കൊന്ന പൊലീസ് കോൺസ്റ്റബിൾ വിനോദിന്റെയും പൊലീസ് വെടിവെപ്പിൽ മരിച്ച ആദിവാസിയുടെയും മൃതദേഹങ്ങൾ

ഒറ്റപ്പെട്ട് സഞ്ചരിച്ചതിന്റെ ഫലമാണ് രണ്ട് എസ്ഐമാർക്കും മൂന്ന് വനിതാ പൊലീസുകാർക്കും മർദനമേൽക്കാനിടയാക്കിയത്. ഒടുവിൽ ഒമ്പത് തവണ വെടിയുതിർത്തതിനാലാണ് ഇരുടെ ജീവൻ രക്ഷിക്കാനായത്. പൊലീസ് സേനാംഗങ്ങൾക്ക് രാവിലെ ഭക്ഷണം നൽകാൻ സംവിധാനമുണ്ടാക്കിയില്ല. വിശന്നുപൊരിഞ്ഞ വയറുമായാണ് വനിതാപൊലീസടക്കമുള്ളവർ ഓപ്പറേഷനെത്തിയത്. 11മണിയോടെ ഭക്ഷണത്തിനായി ഓപ്പറേഷൻ അവസാനിപ്പിക്കുമ്പോഴേക്കും 11ഓളം പൊലീസുകാർക്ക് പരിക്കേറ്റിരുന്നു. രണ്ടാംഘട്ട ഓപ്പറേഷനിടയിലാണ് പൊലീസുകാരെ ഗ്രൂപ്പ് തിരിച്ചത്. ഈ സമയത്ത് ഗോത്രസഭക്കാർ അവസാന പോരാട്ടത്തിനും തയ്യാറെടുത്തിരുന്നു.

കൗണ്ടർവയൽ മരത്തുപാടിയിലെ ഗോത്രമഹാസഭയുടെ ഷെഡിൽ എത്തുന്നതിന് മുമ്പെ കൂട്ടംതെറ്റി സഞ്ചരിച്ച കണ്ണൂർ കെഎപിയിലെ വിനോദ്, ഫോറസ്റ്റർ ശശിധരൻ, കോൺസ്റ്റബിൾ അബ്ദുൾസലാം എന്നിവരെ ഗറില്ലാരീതിയിൽ മറഞ്ഞിരുന്ന ഗോത്രസഭക്കാർ ബന്ദികളാക്കുകയുമായിരുന്നു. വെട്ടേറ്റ് രക്തംവാർന്ന്അവശ നിലയിലായ അബ്ദുൾ സലാമിനെ മരിച്ചുപോകുമെന്ന ഘട്ടത്തിലാണ് ഗോത്രമഹാസഭക്കാർ പൊലീസിനെ ഏൽപ്പിച്ചത്. ബന്ദികളായി രണ്ട് പൊലീസുകാർ ഗോത്രസഭക്കാരുടെ കയ്യിൽപെട്ടതോടെ പൊലീസ് ഫലത്തിൽ നിർവീര്യമാകുകയായിരുന്നു. തുടർന്ന് ഗോത്രസഭാംഗങ്ങളുമായി പൊലീസ് നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ അന്ത്യശാസനം സ്വീകരിക്കുകയും ഉച്ചക്ക് ഒന്നര മുതൽ വൈകീട്ട് അഞ്ചരവരെ 200 അടി അകലെ മാറിനിൽക്കുകയും മായിരുന്നു. പൊലീസുകാർക്കും സേനാംഗങ്ങൾക്കും യഥാസമയം നിർദ്ദേശങ്ങൾ നൽകാൻ ശ്രദ്ധിക്കേണ്ടിയിരുന്ന കലക്ടറും ഉത്തരമേഖലാ ഡിഐജി, എസ് പി എന്നിവരും ഒന്നര കിലോമീറ്ററോളം അകലെ മുത്തങ്ങ വനംവകുപ്പ് റെയിഞ്ച് ആപ്പീസിൽ നിൽക്കുകയായിരുന്നു.

രണ്ട് പൊലീസ്–വന സേനാംഗങ്ങൾ പിടിയിലായതോടെ ഗോത്രസഭാപ്രവർത്തകരുടെ വീര്യവും വർധിച്ചു. ആറിന ആവശ്യങ്ങൾ ഉന്നയിച്ച ഇവർ ഒരു വിട്ടുവീഴ്ചക്കുംതയ്യാറായില്ല. പൊലീസ് വെടിവെപ്പിൽ രണ്ട് പേർമരിച്ചെന്ന് ധരിപ്പിക്കാനും ഗോത്രസഭക്കാർ ശ്രമിച്ചു. പിന്നീട് ബന്ദിയാക്കപ്പെട്ട ഒരാൾക്ക് വെടിയേറ്റതായും രക്തം വാർന്ന് മരണവക്ത്രത്തിലായതായുംഗോത്രസഭക്കാർ അറിയിക്കുകയും ഡോക്ടറെ കൊണ്ടുവരാൻ പൊലീസിനോടവശ്യപ്പെടുകയുമുണ്ടായി. ഇതിന് പൊലീസ് അധികൃതർ തയ്യാറാകാതിരുന്നപ്പോൾ കലക്ടറെ കൊണ്ടുവരണമെന്ന ആവശ്യമുന്നയിക്കുകയായിരുന്നു. പൊലീസ് ആശുപത്രിയിലെത്തിക്കുന്നില്ലെങ്കിൽ ഞങ്ങളെ ആശുപത്രിയിലെത്തിക്കാൻ അനുവദിക്കണമെന്നും ഗോത്രസഭക്കാർ ആവശ്യപ്പെട്ടു. ഇതിന് അനുമതി നൽകിയെങ്കിലും ഇവർ പിന്നീട് ഇതിൽനിന്നും മാറുകയായിരുന്നു.

ബന്ദികൾക്ക് മേലെ മണ്ണെണ്ണ ഒഴിച്ചതും വൈക്കോൽ ചുറ്റുമിട്ടതും എല്ലാവരും കാണത്തക്ക വിധത്തിലായിരുന്നു. പിന്നീട് ശൂന്യമനസായിരുന്നു പൊലീസിനുണ്ടായിരുന്നത്. ഗോത്രസഭാംഗങ്ങളുടെ വീര്യം കുടിയപ്പോഴേക്കും സഹപ്രവർത്തകർ ഗോത്രക്കാരുടെ കയ്യിലകപ്പെട്ടതിൽ ഖിന്നരായിരുന്നു പൊലീസ്–വനസംരക്ഷണ സേനാംഗങ്ങൾ. അഞ്ചരക്ക് ശേഷമാണ് പൊലീസ്സേന ഷെഡിലേക്ക് ഇരച്ച്കയറിയത്. ടിയർഗ്യാസ് ഷെല്ലും വെടിവെപ്പും പൊലീസ് നടത്തിയപ്പോൾ ഗോത്രസഭക്കാർ പൊലീസിനെ വെട്ടുകയായിരുന്നു. ഇതിനിടയിൽ വെട്ടേറ്റാണ് വിനോദ് മരിച്ചത്. ഫോറസ്റ്റർ ശശിധരനും വെട്ടേറ്റു.

ഏറ്റുമുട്ടലിൽ അവശരായ ആദിവാസികളാണ് ഏറെയും പൊലീസിന്റെ മർദനത്തിന്ഇരയായത്. രണ്ട് ദിവസങ്ങളായി ഭക്ഷണം ലഭിക്കാത്തവരായിരുന്നു മിക്കവരും. വൃദ്ധരും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് ഏറ്റുമുട്ടലിൽ പരിക്കേറ്റിട്ടുമുണ്ട്.

ബന്ദിയാക്കിയ ഘട്ടത്തിൽ ഗോത്രസഭാ ക്യാമ്പിൽ നിന്നും ഇംഗ്ലീഷിലുള്ള സംസാരങ്ങൾ കേൾക്കാനുണ്ടായിരുന്നു. പുറത്തുനിന്നുള്ള തീവ്രവാദസംഘടനയിൽപ്പെടുന്നവർ ഇതിനകത്തുണ്ടെന്ന സംശയം ഉളവാക്കുന്നതാണീ സംഭാഷണങ്ങൾ. ആദിവാസികളല്ലാത്ത തെക്കൻ കേരളത്തിലുള്ള ചിലരും ഈ ഷെഡിൽ ഉണ്ടായിരുന്നു.

ഗോത്രസഭക്കാർക്ക് ഏറ്റുമുട്ടലിനിടെ അജ്ഞാന കേന്ദ്രത്തിൽ നിന്നും വിവരങ്ങൾ അടിക്കടി ലഭിച്ചിരുന്നതായി സൂചനയുണ്ട്. പൊലീസുകാരും പത്രപ്രവർത്തകരുമായും സംഭാഷണം നടത്തുന്നതിനിടെ ഒന്നും ഉറപ്പിച്ചു പറയാനാകാതെ വിവരം അന്വേഷിച്ചു മടങ്ങിയാണ് മറുപടി പലതും നൽകപ്പെട്ടത്.

ഗോത്രസഭാ പ്രവർത്തകർക്ക് പലർക്കും പരിക്കേൽക്കുകയും ഏറ്റുമുട്ടൽ നടക്കുകയും ചെയ്തിട്ടും ഗോത്രമഹാസഭാ അധ്യക്ഷൻ സി കെ ജാനുവോ ഇവർക്ക് മാർഗ നിർദ്ദേശം നൽകിവരുന്ന ഗീതാനന്ദനോ സംഭവസ്ഥലത്ത് വരാതെ അജ്ഞാത കേന്ദ്രങ്ങളിലേക്ക് മാറുകയായിരുന്നു.

മുത്തങ്ങയിൽ പ്രാകൃതസമരം: മുഖ്യമന്ത്രി

തിരു: മുത്തങ്ങയിലേത് പ്രാകൃതസമരമാണെന്നും ഇതിനുപിന്നിൽ ചില ശക്തികളുണ്ടെന്നും മുഖ്യമന്ത്രി എ കെ ആൻറണി.

ഒരു പ്രദേശത്തെ സ്വതന്ത്ര രാജ്യമായി പ്രഖ്യാപിച്ച് സായുധസമരം നടത്തുന്നതിനെ കർശനമായി നേരിടും. സമരത്തിനുപിന്നിൽ വിദേശശക്തികളുണ്ടോ എന്നത് ഇപ്പോൾ പറയുന്നില്ല. ആദിവാസിപ്രശ്നം ഒറ്റയടിക്ക് തീർക്കാനാകില്ല. ഘട്ടംഘട്ടമായി പരിഹരിക്കാൻ നടപടിയെടുത്തുവരികയാണ്.

മുത്തങ്ങയിൽ പൊലീസ് പോയത് കുടി ഒഴിപ്പിക്കാനല്ല, ബന്ദികളാക്കിയവരെ മോചിപ്പിക്കാനാണ്. തീപടരുന്നു എന്നറിയിച്ചതിനെത്തുടർന്ന് അവിടെച്ചെന്ന രണ്ട് ഫോറസ്റ്റ് ഗാർഡുകളെ ബന്ദികളാക്കി. ഇതൊന്നും അനുവദിക്കാൻ കഴിയുന്നതല്ല.

സി കെ ജാനുവിനെ ആദ്യം പ്രോൽസാഹിപ്പിക്കുകയും ഇപ്പോൾ പ്രശ്നങ്ങളുണ്ടായപ്പോൾ പരിഹരിക്കാൻ നടപടിയെടുക്കാതിരിക്കുകയും ചെയ്ത സർക്കാർ പിടിപ്പുകേടിനെ കെ കരുണാകരൻ വിമർശിച്ചിട്ടുണ്ടല്ലോ എന്ന് വാർത്താലേഖകർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഇപ്പോൾ 'ആത്മകഥ' എഴുതാനുള്ള സമയമല്ലെന്ന് ആൻറണി മറുപടി നൽകി.

ഫെയർ ഫാർമയിൽ വീണ്ടും റെയ്ഡ്; നിരോധിച്ച മരുന്നുവിൽപന കണ്ടെത്തി

കൊച്ചി: നിരോധിക്കപ്പെട്ട മരുന്നുകളുടെ വിൽപന ഫെയർഫാർമ തുടരുന്നതായി റെയ്ഡിൽ കണ്ടെത്തി. ഗവർമെണ്ട് നിർദേശപ്രകാരം ബുധനാഴ്ച രാവിലെ എറണാകുളം ബ്രോഡ്വെയിലെ ഫെയർ ഫാർമ ഓഫീസിലും കോമ്പാറയിലെ ഫാക്ടറിയിലും അസിസ്റ്റൻറ് ഡ്രഗ്സ് കൺട്രോളർ സുഗത രാവുവിന്റെ നേതൃത്വത്തിലുള്ള സംഘം നടത്തിയ റെയ്ഡിലാണ് ഇതു സംബന്ധിച്ച രേഖ കണ്ടെത്തിയത്. അറുപതിനായിരത്തിൽപരം രൂപയുടെ നിരോധിക്കപ്പെട്ട മരുന്നും ഒമ്പതേകാൽ ലക്ഷത്തോളം രൂപയുടെ വിറ്റുവരവ് രേഖകളും ഓഫീസിൽനിന്ന് കണ്ടെടുത്തു.

ഭവനനിർമ്മാണ വായ്പകൾ:
കുറഞ്ഞ പലിശ, കൂടുതൽ കാലാവധി
തിരൂർ താലൂക്ക് ഹൗസിംഗ് കോ-ഓപ്. സൊസൈറ്റി
ലിമിറ്റഡ് നമ്പർ എം. 259
ബസ്സ്റ്റാൻറ് ബിൽഡിംഗ്, തിരൂർ-676 101. ഫോൺ: 2427644
ആകർഷകമായ പലിശനിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുന്നു.





മുത്തങ്ങ വനത്തിൽ ബന്ദികളാക്കിയവരെ വിട്ടയക്കാൻ പൊലീസ് അണിനിരന്നപ്പോൾ



ആദിവാസി ഗോത്ര സഭക്കാരുടെ അക്രമത്തിൽ പൊലീസ് കോൺസ്റ്റബിളിനെറ കാലിന് വെട്ടേറ്റ നിലയിൽ



കാലിന് വെട്ടേറ്റ പൊലീസ് കോൺസ്റ്റബിൾ രാജനെ ആശുപത്രിയിലേക്ക് നീക്കുന്നു

ഭൂസമരം: ജില്ലയിൽ 12 കേന്ദ്രങ്ങളിൽ റോഡ് ഉപരോധിച്ചു

കൽപ്പറ്റ: സർക്കാർ വഞ്ചനക്കെതിരെ വനഭൂമിയിൽ അവകാശം സ്ഥാപിച്ച് സമരം ചെയ്യുന്ന ആദിവാസികൾ ജില്ലയിലെ 12 കേന്ദ്രങ്ങളിൽ റോഡ് ഉപരോധിച്ചു. വിവിധ സമരകേന്ദ്രങ്ങളിൽ നിന്നും പ്രകടനമായെത്തിയാണ് സ്ത്രീകളും കുട്ടികളുമടങ്ങുന്ന നൂറ് കണക്കിന് ആദിവാസികൾ റോഡ് ഉപരോധിച്ചത്.

മുട്ടിൽമല സമരകേന്ദ്രത്തിലെ നൂറ്കണക്കിന് ആദിവാസികൾ ബുധനാഴ്ച രാവിലെ മുതൽ മുട്ടിൽ ടൗണിൽ അമ്പലവയലിൽ നടന്ന വഴിതടയൽ സമരം ഡിവൈഎഫ്ഐ ജില്ലാ പ്രസിഡണ്ട് സുരേഷ്താളൂർ ഉദ്ഘാടനം ചെയ്തു. ടി ടി സ്കറിയ, വാസുദേവൻ, കെ ഷമീർ, ടി എ ജോസ് എന്നിവർ സംസാരിച്ചു. പി ആർ രവി സ്വാഗതം പറഞ്ഞു. ബാലൻ, രവി, പുഷ്പ, ശാന്ത എന്നിവർ നേതൃത്വം നൽകി.

സി സി സമരകേന്ദ്രത്തിൽ നിന്നും പ്രകടനമായെത്തിയ ആദിവാസികൾ കേണിച്ചിറ ടൗണിൽ വഴിതടഞ്ഞു. നന്നി ആൻറണി, കെ അയ്യപ്പൻ, കെ വാസു എന്നിവർ സംസാരിച്ചു. ദാരപ്പൻ സ്വാഗതവും ബേബി നന്ദിയും പറഞ്ഞു. ചന്തു, കൃഷ്ണൻ, ചന്ദ്രൻ, കെ പി മണി, സുരേഷ്, അമ്മിണി തുടങ്ങിയവർ നേതൃത്വം നൽകി.

കാട്ടിക്കുളത്ത് സിപിഐ എം ജില്ലാ കമ്മിറ്റി അംഗം പി വി സഹദേവൻ ഉദ്ഘാടനം ചെയ്തു. പി വി രവീന്ദ്രൻ, വാസു, കെ ആർ അറുമുഖൻ എന്നിവർ സംസാരിച്ചു. ടി സി ബാലൻ, സി തങ്കപ്പൻ, പി കെ കാളൻ, ഗ



എകെഎസ് നേതൃത്വത്തിൽ മുട്ടിലിൽ നടത്തിയ ദേശീയപാത ഉപരോധസമരം സിപിഐ എം ജില്ലാ സെക്രട്ടറി പി എ മുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

ദേശീയപാത ഉപരോധിച്ചു. സമരം സിപിഐ എം ജില്ലാ സെക്രട്ടറി പി എ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. എം ഡി സെബാസ്റ്റ്യൻ, എൻ വി ജോർജ്, പി മണി തുടങ്ങിയവർ സംസാരിച്ചു. എകെഎസ് പഞ്ചായത്ത് സെക്രട്ടറി പി ശ്രീധരൻ സ്വാഗതവും അച്യുതൻ നന്ദിയും പറഞ്ഞു. ജയൻ, ഇന്ദിര, വെള്ളച്ചി തുടങ്ങിയവർ നേതൃത്വം നൽകി.

മേപ്പാടിയിൽ നടന്ന സമരം കെഎസ്കെടിയു ജില്ലാ പ്രസിഡണ്ട് വി പി ശങ്കരൻനമ്പ്യാർ ഉദ്ഘാടനംചെയ്തു. കെ ബാലൻ, സീതാ ബാലൻ, കെ എസ് ദ്വരരാജ്, കെ വി വേലായുധൻ, കെ കെ മോഹനൻ എന്നിവർ സംസാരിച്ചു. ശാന്ത സ്വാഗതം പറഞ്ഞു. കണ്ണൻ, ബാലൻ, ഗോപി തുടങ്ങിയവർ നേതൃത്വം നൽകി. കർപ്പൂരക്കാട്, നെടുമ്പാല സമരകേന്ദ്രങ്ങളിൽ നിന്നെത്തിയവരാണ് മേപ്പാടിയിൽ വഴി തടഞ്ഞത്.

എകെഎസ് വൈത്തിരി പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ വൈത്തിരിയിൽ ദേശീയപാത ഉപരോധിച്ചു. സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം ടി എസ് രാധാകൃഷ്ണൻ സമരം ഉദ്ഘാടനം ചെയ്തു. എം ജനാർദ്ദനൻ, കെ തോമസ്, ഉഷാകുമാരി, എൻ കെ ജ്യോതിഷ് കുമാർ, കെ പി രാമചന്ദ്രൻ എന്നിവർ സംസാരിച്ചു. എൻ ബാലൻ സ്വാഗതം പറഞ്ഞു.

സമരം എ വി ജയൻ ഉദ്ഘാടനം ചെയ്തു. മോഹനൻ, കെ പി ഫൽഗുണൻ, വി എ നാരായണൻ എന്നിവർ സംസാരിച്ചു. എൻ കെ സുബ്രഹ്മണ്യൻ സ്വാഗതവും അപ്പു നന്ദിയും പറഞ്ഞു. സമരത്തിന് ശാന്ത, ശശി, ചന്ദ്രൻ തുടങ്ങിയവർ നേതൃത്വം നൽകി.

പൊഴുതനയിൽ നടന്ന സമരം സിപിഐ എം വൈത്തിരി ഏരിയാ സെക്രട്ടറി എം സെയ്ത് ഉദ്ഘാടനം ചെയ്തു. എം എം മാത്യു, സി മമ്മി, കെ വി ഗിരീഷ്, എ ഗഫൂർ എന്നിവർ സംസാരിച്ചു. ചാത്തിവെള്ളൻ, പി വെളുക്കൻ, സി വേലായുധൻ തുടങ്ങിയവർ നേതൃത്വം നൽകി. ഇടിയംവയൽ സമര കേന്ദ്രത്തിൽ നിന്നെത്തിയ ആദിവാസികളാണ് പൊഴുതനയിൽ വഴി തടഞ്ഞത്.

പടിഞ്ഞാറത്തറ പഞ്ചായത്തിലെ കുറ്റ്യാൻവയൽ സമരകേന്ദ്രത്തിൽ നിന്നെത്തിയ ആദിവാസി കുടുംബങ്ങളാണ് പടിഞ്ഞാറത്തറ ടൗണിൽ വഴി തടഞ്ഞത്. സമരം സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം കെ വി മോഹനൻ ഉദ്ഘാടനം ചെയ്തു. കെ രവീന്ദ്രൻ, കെ എം രാഘവൻ, കെ സന്തോഷ്കുമാർ എന്നിവർ സംസാരിച്ചു. അപ്പൂപ്പൻ, ബാലൻ, സുമതി, ശാന്ത, ഗോപി തുടങ്ങിയവർ നേതൃത്വം നൽകി.

തലപ്പുഴയിൽ നടന്ന സമരം എകെഎസ് ജില്ലാ സെക്രട്ടറി കെ സി കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്തു. ബെണേശൻ, കല്യാണി തുടങ്ങിയവർ നേതൃത്വം നൽകി.

വെള്ളമുണ്ടയിൽ നടന്ന സമരത്തിൽ പഞ്ചായത്തിലെ നെല്ലിക്കച്ചാൽ, പെരിക്കുളം തുടങ്ങിയ ഭൂസമര കേന്ദ്രങ്ങളിൽ നിന്നും മറ്റുമായി നൂറ് കണക്കിന് ആദിവാസികൾ പങ്കെടുത്തു. സമരം സിപിഐ എം പനമരം ഏരിയ സെക്രട്ടറി എ എൻ പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. എ ജോണി, എ കെ എസ് ഏരിയാ പ്രസിഡണ്ട് പി ചന്തു എന്നിവർ സംസാരിച്ചു. കെ രാമചന്ദ്രൻ സ്വാഗതവും എ കെ കുങ്കൻ നന്ദിയും പറഞ്ഞു. വി സി ബാലൻ, വെളുക്കൻ, വി ആർ ചാപ്പൻ, ഗിരിജ എന്നിവർ നേതൃത്വം നൽകി.

തൊണ്ടർനാട് പഞ്ചായത്തിലെ കോറോത്ത് നടന്ന വഴിതടയൽ സമരം സിപിഐ എം ജില്ലാ കമ്മിറ്റി അംഗം പി ജെ ആൻറണി ഉദ്ഘാടനം ചെയ്തു. ഭൂസമര കേന്ദ്രമായ പെരളോം, തേറ്റമല തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നുള്ള പ്രവർത്തകർ വഴിതടയൽ സമരത്തിൽ പങ്കെടുത്തു. എകെഎസ് ഏരിയാ സെക്രട്ടറി രാധാകൃഷ്ണപ്പ, ഏരിയാ പ്രസിഡണ്ട് പി ചന്തു, പി പി മൊയ്തീൻ, ഒ എൻ രാജപ്പൻ തുടങ്ങിയവർ സംസാരിച്ചു. ചന്തു സ്വാഗതവും പി വി ചാപ്പൻ നന്ദിയും പറഞ്ഞു. ലഷ്മി സോമൻ, പി ബി ബാലൻ, അനിൽകുമാർ എന്നിവർ സമരത്തിന് നേതൃത്വം നൽകി.

എകെഎസ് ജില്ലാ സമ്മേളനം: ഇന്ന് മാനന്തവാടിയിൽ സെമിനാർ

മാനന്തവാടി: മാർച്ച് 15, 16 തീയതികളിൽ മാനന്തവാടിയിൽ ചേരുന്ന ആദിവാസി ക്ഷേമസമിതി ജില്ലാ സമ്മേളനത്തിനെറ ഭാഗമായി വ്യാഴാഴ്ച വൈകുന്നേരം മാനന്തവാടിയിൽ ആദിവാസി ചരിത്രത്തെക്കുറിച്ച് സെമിനാർ നടത്തും. വൈകുന്നേരം അഞ്ച് മണിക്ക് ഗാന്ധിപാർക്കിൽ നടക്കുന്ന സെമിനാറിൽ കോഴിക്കോട് സർവകലാശാല മുൻ വൈസ് ചാൻസലറും പ്രമുഖ ചരിത്രകാരനുമായ ഡോ. കെകെഎൻ കുറുപ്പ്, ഗോവിന്ദവർമ രാജ, വാസുദേവൻ തുടങ്ങിയവർ പങ്കെടുക്കും.

ബി ജെ പിയിൽനിന്ന് രാജിവെച്ചു

കടൂർ: ബിജെപിയിൽ നിന്നും ബിഎംഎസിൽ നിന്നും രാജിവെച്ച പത്തോളം പേർ സിഐടിയുവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ തീരുമാനിച്ചു.

മുഖ്യമന്ത്രി രാജിവെക്കണം - സിപിഐ

കൽപ്പറ്റ: മുത്തങ്ങയിലെ അതിഭയാനകമായ സംഭവങ്ങളുടെ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് മുഖ്യമന്ത്രി എ കെ ആൻറണി രാജിവെക്കണമെന്ന് സിപിഐ ജില്ലാ എക്സിക്യൂട്ടീവ് ആവശ്യപ്പെട്ടു.

മുത്തങ്ങയിലെ സംഘർഷാവസ്ഥയും അതിക്രമങ്ങളും അത്യന്തം ആശങ്കാജനകമാണ്. ജനാധിപത്യ വ്യവസ്ഥയിൽ പ്രതിപക്ഷത്തിൻറെയോ ഭരണപക്ഷത്തിൻറെയോ അഭിപ്രായങ്ങളെ മുഖവിലക്കെടുക്കാതെ സംസ്ഥാന സർക്കാർ തന്നെയാണ് സി കെ ജാനുവിൻറെ നേതൃത്വത്തിലുള്ള തീവ്രവാദി പ്രവർത്തനങ്ങളെ വളർത്തികൊണ്ടുവന്നത്. ഒന്നരമാസത്തിലധികമായി നിയമം കയ്യിലെടുത്തിട്ടും നിസംഗതയും വഞ്ചനാപരമായ നിലപാടും സ്വീകരിച്ച സർക്കാർ നയമാണ് ഇപ്പോൾ രൂക്ഷമായ സംഘട്ടനത്തിലും നിരവധി മരണങ്ങളിലുമെത്തിച്ചിരിക്കുന്നത്. സംഭവങ്ങളുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാനാവാത്ത ജില്ലയിലെ എംഎൽഎമാരും രാജിവെക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

സിപിഐ-എം നേതാവിന് എതിരായ വധശ്രമം; ഇന്ന് ഡിവൈഎസ്പി ആപ്പീസ് മാർച്ച്

മാനന്തവാടി: സിപിഐ എം നേതാവിനെ വധിക്കാൻ ശ്രമിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാശ്യപ്പെട്ട് സിപിഐ എം തിരുനെല്ലി ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ വ്യാഴാഴ്ച മാനന്തവാടി ഡിവൈഎസ്പി ആപ്പീസിലേക്ക് ബഹുജനമാർച്ച് നടത്തും.

തിരുനെല്ലി പഞ്ചായത്തിലെ അനന്തോത്ത് കുന്നിലെ ശുദ്ധജല വിതരണ പദ്ധതി തകർക്കാൻ ശ്രമിച്ച കോൺഗ്രസിൻറെയും സിഎംപിയുടെയും പ്രവർത്തകരാണ് സിപിഐ-എം നേതാവ് പി വി രവീന്ദ്രനെ കാർ കയറ്റി കൊല്ലാൻ ശ്രമിച്ചത്. ഇത് സംബന്ധിച്ച് മാനന്തവാടി ഡിവൈഎസ്പി അടക്കമുള്ളവർക്ക് പരാതി നൽകിയെങ്കിലും നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചാണ് സിപിഐ എം ഡിവൈഎസ്പി ആപ്പീസ് മാർച്ച് നടത്താൻതീരുമാനിച്ചത്. രാവിലെ ഒമ്പത്മണിക്ക് കാട്ടിക്കുളത്ത് സിപിഐ എം ഏരിയാസെക്രട്ടറി സി ഭാസ്കരൻ മാർച്ച് ഉദ്ഘാടനം ചെയ്യും.



മേപ്പാടിയിൽ നടന്ന വഴിതടയൽ സമരം വി പി ശങ്കരൻനമ്പ്യാർ ഉദ്ഘാടനം ചെയ്യുന്നു

ചെറുകരയിൽ വൻ സ്ഫോടനം: ജനങ്ങൾ പരിഭ്രാന്തിയിൽ

വെള്ളമുണ്ട: വെള്ളമുണ്ട പഞ്ചായത്തിലെ ചെറുകരയിൽ കഴിഞ്ഞദിവസം രാത്രി 11മണിക്ക് ഉണ്ടായ സ്ഫോടനം പ്രദേശത്തെ ജനങ്ങളെയാകെ പരിഭ്രാന്തിയിലാക്കി. സ്ഫോടനത്തിൽ ചില വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

സ്ഫോടനത്തെപ്പറ്റി അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തി നിയമനടപടി സ്വീകരിക്കണമെന്ന് സിപിഐ എം ചെറുകര ബ്രാഞ്ച് യോഗം ആവശ്യപ്പെട്ടു. എ കെ കുങ്കൻ അധ്യക്ഷനായിരുന്നു. പ്രേം പ്രകാശ് റിപ്പോർട്ട് അവതരിപ്പിച്ചു. എ ജോണി, വി ജെ ജോയി എന്നിവർ സംസാരിച്ചു.

ബാങ്ക് സെക്രട്ടറിയെ തിരിച്ചെടുക്കണം

അഞ്ചുകുന്ന്: അഞ്ചുകുന്ന്സർവീസ് സഹ.ബാങ്കിൽ നടന്ന പണംതിരിമറിയെ തുടർന്ന് സസ്പെൻറ് ചെയ്യപ്പെട്ട നിരപരാധിയായ ബാങ്ക് സെക്രട്ടറിയെ തിരിച്ചെടുക്കണമെന്ന് ബാങ്ക് മെമ്പർമാർ ആവശ്യപ്പെട്ടു. ഇക്കാര്യമുന്നയിച്ച് സഹകരണ വകുപ്പ് രജിസ്ട്രാർക്ക് പരാതി നൽകി. ബാങ്കിൻറെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചെയർമാൻറെ നേതൃത്വത്തിൽ പുതിയ സെക്രട്ടറിയെ നിയമിച്ച് സാമ്പത്തിക അഴിമതി നടത്താൻ ശ്രമിക്കുകയാണ്. ബാങ്കിൽ നിലവിലുള്ള ഒഴിവുകളിൽ ചെയർമാൻറെ ബന്ധുക്കളെയും മറ്റും നിയമിക്കാൻ നീക്കങ്ങൾ നടക്കുന്നതായി ബാങ്ക്മെമ്പർമാർ ആരോപിച്ചു. സസ്പെൻറ് ചെയ്യപ്പെട്ട സെക്രട്ടറി നിരപരാധിയാണെന്ന് തെളിഞ്ഞ സാഹചര്യത്തിൽ അദ്ദേഹത്തെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.

ഇന്നത്തെ പരിപാടി

ചെമ്പോത്തറ: മേപ്പാടി ഗ്രാമപഞ്ചായത്ത് നികുതി പിരിവ് ക്യാമ്പ്. സബ്സെൻററിന്സമീപം. ഉച്ചക്ക് മൂന്നിന്.

കുഞ്ഞോം: എയുപി സ്കൂൾ വാർഷികോൽസവവും യാത്രഅയപ്പും.

കമ്മന: നവോദയം എൽപി സ്കൂൾ സുവർണജൂബിലി ആഘോഷം രാവിലെ പത്തിന്.

കൽപ്പറ്റ: ഹെഡ്ലോഡ് ആൻറ് ജനറൽ വർക്കേഴ്സ് യൂണിയൻ(സിഐടിയു) ജില്ലാ പ്രവർത്തക കൺവൻഷൻ എൻജിഒ യൂണിയൻ ഹാളിൽ. രാവിലെ 11-ന്.

ചുരൽമല: സിപിഐ-എം നേതൃത്വത്തിൽ ടെലിഫോൺ എക്സ്ചേഞ്ച് ധർണ.

കൽപ്പറ്റ: ഡിവൈഎഫ്ഐ കൽപ്പറ്റ ബ്ലോക്ക് കമ്മിറ്റി യാഗം. യൂത്ത് സെൻററിൽ. ഉച്ചക്ക് രണ്ടിന്.

ബത്തേരി: കർഷകസംഘം ബത്തേരി ഏരിയാ കാൽനടജാഥാ പര്യടനം: രാവിലെ 9.30- മുത്തങ്ങ, 10.30- കല്ലൂർ, 11.30-നായ്ക്കട്ടി, 12.30-മൂലങ്കാവ്, 2.30-കരിവെള്ളിക്കുന്ന്, 3.30-കൊളുത്തൂർകുന്ന്, 5 -മണലാടി (സമാപനം).

കോറോം: ഉത്തരമേഖല വോളിഫെസ്റ്റ്. മദ്രസ ഗ്രൗണ്ടിൽ. വൈകീട്ട് 4.30ന്.

നെല്ലിമാളം: മേപ്പാടി ഗ്രാമപഞ്ചായത്ത് നികുതി പിരിവ് ക്യാമ്പ്. ചായക്കടക്ക് സമീപം. ഉച്ചക്ക് 12-ന്.

മോഷ്ടാക്കളെ പിടികൂടണം

പുത്തൂർവയൽ: മഞ്ഞളാംകൊല്ലി പ്രദേശത്ത് മോഷണം വർധിച്ചുവരുന്ന സാഹചര്യത്തിൽ മോഷ്ടാക്കളെ അറസ്റ്റ് ചെയ്യാൻ അധികൃതർ കർശന നടപടി സ്വീകരിക്കണമെന്ന് സിപിഐ എം പുത്തൂർവയൽ ബ്രാഞ്ച് യോഗം ആവശ്യപ്പെട്ടു.

റിലോൺ എസ്റ്റേറ്റിൽ നിന്നും കളവ് പോയ നാല് കിൻറൽ കുരുമുളക് നിലമേക്കൽ ഷാജിയുടെ വീട്ടിൽ നിന്ന് പിടികൂടിയെങ്കിലും പ്രതിയെ പൊലീസ് അറസ്റ്റ് ചെയ്തിട്ടില്ല.

നിരന്തരം കളവ് കേസിലെ പ്രതിയായ ഷാജിഅടക്കമുള്ള ചില കോൺഗ്രസുകാരാണ് മോഷ്ടാക്കളാണെന്നറിഞ്ഞിട്ടും ഭരണത്തിൻറെ മറവിൽ കേസ് ഒതുക്കിതീർത്ത് അറസ്റ്റ് ചെയ്യാൻ പൊലീസ് അലംഭാവം കാട്ടുകയാണെന്ന് യോഗം ചൂണ്ടിക്കാട്ടി.

കെ കെ രാമൻ അധ്യക്ഷനായിരുന്നു. പി പി സൈനുദ്ദീൻ, വി ബാവ എന്നിവർ സംസാരിച്ചു.



തലപ്പുഴയിൽ നടത്തിയ വഴിതടയൽ സമരം കെ സി കുഞ്ഞിരാമൻ ഉദ്ഘാടനംചെയ്യുന്നു

എസ്എഫ്ഐ ബത്തേരി ഏരിയാസമ്മേളനം

ബത്തേരി: എസ്എഫ്ഐ ബത്തേരി ഏരിയാ സമ്മേളനം സിപിഐ എം ഏരിയാ സെക്രട്ടറി പി പി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. എ കെ ജിതുഷ് അധ്യക്ഷനായിരുന്നു. സെക്രട്ടറി കെ എ നൗഷീക്ക് റിപ്പോർട്ടും സി എം ജയേഷ് സംഘടനാറിപ്പോർട്ടും അവതരിപ്പിച്ചു. പി കെ രാമചന്ദ്രൻ, ഒ സന്തോഷ്കുമാർ, പ്രത്യുഷ് എന്നിവർ സംസാരിച്ചു.

ഭാരവാഹികളായി എ എസ് അജിത്ഷാ (പ്രസിഡണ്ട്), ഇന്ദുലേഖ ജോൺ, സുദീപ് കൈലാസ്(വൈസ് പ്രസിഡണ്ടുമാർ), കെ എ നൗഷീക്ക് (സെക്രട്ടറി), പി ആർ രമ്യ, ജിതുഷ്(ജോ.സെക്രട്ടറിമാർ) എന്നിവരെ തെരഞ്ഞെടുത്തു.

കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണണം

കോട്ടനാട്: കോട്ടനാട്, 46 പ്രദേശങ്ങളിൽകുടിവെള്ള ക്ഷാമം പരിഹരിക്കാൻ ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റി അധികൃതരും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സിപിഐ എം കോട്ടനാട് ബ്രാഞ്ച് യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ എ പി മുഹമ്മദ് അധ്യക്ഷനായിരുന്നു. സി പ്രഭാകരൻ, സി അബുബക്കർ, കെ എസ് ദ്വരരാജ്, കെ കെ ജോണിമാസ്റ്റർ തുടങ്ങിയവർ സംസാരിച്ചു.



എസ്എഫ്ഐ മാനന്തവാടി ഏരിയാസമ്മേളനം ഇ എം ശ്രീധരൻമാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു

ഇന്നത്തെ സിനിമ

കല്പറ്റ

ജൈത്ര: പേരാത്ത കണ്ണു പേരുമേ (ത) (DTS)
11: പേയ്ജൻമം 1: Bad girl -3 കളി
മഹാവീർ: (DTS)എൻറെ ഹൃദയത്തിൻറെ ഉടമ 10.30, 1.30, 4.30, 7.30
അനന്തവീര: യാത്രക്കാരുടെ ശ്രദ്ധയ്ക്ക് ജയറാം, സൗന്ദര്യ 11.30, 2.30, 6, 9
വിജയ: വില്ലൻ (തമിഴ്) രജനീകാന്ത്, ഖുശ്ബു 3, 6, 9

ബത്തേരി

മാർബേസിൽ: നന്ദനം (11.30,2.30,6.30)
ഐശ്വര്യ: A/c കല്യാണരാമൻ ദിലീപ്, നവ്യ 10.30, 1.30, 4.30, 7.30
അതുല്യ: A/c- നമ്മൾ 10.30: ചതുരംഗം 1.30,4.30,7.30
സാഗർ: (DTS)- ദുൾ (തമിഴ്) വിക്രം ജ്യോതിക -4 കളി
മാത: XXX (Eng) (11.30, 6,30, 9,30)
സീനു: വിക്രം ധർമ്മ (ത) (11.30, 2.80. 6,30)

മാനന്തവാടി

മാരുതി: (DTS)- യാത്രക്കാരുടെ ശ്രദ്ധക്ക് - ജയറാം 2.00, 6.30, 9.30
വീണ: സമസ്ഥാനം (ത) 11.30: കാട്ടുചെമ്പകം 2.30, 5.30, 8,30
ശ്രീലക്ഷ്മി: ഡാൻസ്മാസ്റ്റർ
ജോസ്: (DTS) പ്രണയമണിത്തൂവൽ വിജയ് N.S: സ്നേഹിതൻ
സരിഗ: റെയിൻ ഓഫ് ദ ഇയർ N.S: നിനവുകൾ -3 കളി



മുത്തങ്ങയിൽ പൊലീസും ഗോത്രമഹാസഭക്കാരും ഏറ്റുമുട്ടിയപ്പോൾ



ഓപ്പറേഷനിടെ പരിക്കേറ്റ പൊലീസ് കോൺസ്റ്റബിളിന്റെ മുറിപ്പാട് വെച്ചുകെട്ടുന്നു.



പൊലീസ്–ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ബന്ദിയാക്കിയ പെൻകുഴിക്കടുത്ത മരത്തുവയലിലെ ഷെഡിന് മുന്നിൽ ആയുധമേന്തിയ ഗോത്രമഹാസഭാ പ്രവർത്തകർ പൊലീസിനെ വെല്ലുവിളിക്കുന്നു.

മുത്തങ്ങ സംഭവം: ഉത്തരവാദി ആൻറണി സർക്കാർ–വി എസ്

തിരു: വയനാട്ടിലെ മുത്തങ്ങവനത്തിൽ നാല് ആദിവാസികളും ഒരു പൊലീസുകാരനും മരിക്കാനിടയായ സംഭവത്തിന്റെ പൂർണ ഉത്തരവാദിത്തം ആൻറണിസർക്കാരിനാണെന്ന് പ്രതിപക്ഷനേതാവ് വി എസ് അച്യുതാനന്ദൻ പറഞ്ഞു. ദേശാഭിമാനിയോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

കൂടുതൽപേർ മരിച്ചതായി അഭ്യൂഹം നിലനിൽക്കുകയാണ്. അങ്ങേയറ്റം ദൗർഭാഗ്യകരമായ സംഭവമാണിത്. സി കെ ജാനു നേതൃത്വംനൽകുന്ന ആദിവാസി ഗോത്രമഹാസഭയുടെ സമരമാണ് മനുഷ്യക്കുരുതിയിൽ കലാശിച്ചത്. ഗവർമെണ്ടിന്റെ നയവൈകല്യവും പിടിപ്പുകേടുമാണ് കാര്യങ്ങൾ ഈ സ്ഥിതിയിലെത്തിച്ചത്.

ആദിവാസിമേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ യോഗം മൂന്നുമാസംമുമ്പ് വിളിച്ച് ചർച്ചനടത്തിയ സർക്കാർ വാഗ്ദാനങ്ങൾ പാലിക്കാൻ തയ്യാറായില്ല. ഭൂരഹിതരായ ആദിവാസികൾക്ക് ഉടൻ ഭൂമി നൽകുമെന്ന വാഗ്ദാനം പാലിച്ചില്ല. ഇതേത്തുടർന്നാണ് സമരം. ആദിവാസിക്ഷേമസമിതി സമാധാനപരമായ സമരമാണ് നടത്തിവരുന്നത്. സി കെ ജാനുവിന്റെ സംഘടനയാണ് അക്രമസമരം സ്വീകരിച്ചത്. നിലനിൽപിനും പുരോഗതിക്കുംവേണ്ടിയാണ് തങ്ങൾക്ക് ഭൂമി വേണമെന്ന ആവശ്യം ഭൂരഹിത ആദിവാസികൾ ഉന്നയിക്കുന്നത്. നിബിഡവനങ്ങൾ ഒഴിവാക്കിത്തന്നെ അവർക്ക് ഭൂമി കണ്ടെത്താൻ കഴിയും.

ടാറ്റ അമ്പതിനായിരം ഏക്കറിലേറെ റവന്യൂഭൂമി അനധികൃതമായി കൈവശംവെച്ചിട്ടുണ്ട്. ഈ ഭൂമി തിരിച്ചെടുക്കണമെന്ന് നിയമസഭയുടെ രണ്ട് അഷ്വറൻസ് കമ്മിറ്റികളും പ്രതിപക്ഷനേതാവും പലതവണയായി ആവശ്യപ്പെട്ടിട്ടും സർക്കാർ അതിന് തയ്യാറായില്ല.

ടാറ്റയെപ്പോലെതന്നെ ഒട്ടേറെ കുത്തകക്കാർ ഇതേ നിലയിൽ ഭൂമി അനധികൃതമായി കൈവശപ്പെടുത്തിയിട്ടുണ്ട്. വൻകിടക്കാരുടെ താൽപര്യം മുൻനിർത്തിയാണ് ഗവർമെണ്ട് ഭൂമി തിരിച്ചുപിടിക്കാത്തത്. ഈ സമീപനമാണ് ഇപ്പോഴത്തെ സംഭവങ്ങൾക്ക് വഴിവെച്ചത്. യാഥാർഥ്യബോധം ഉൾക്കൊണ്ട് പ്രശ്നപരിഹാരത്തിന് ഇനിയെങ്കിലും ആൻറണി സർക്കാർ തയ്യാറാകണമെന്ന് വി എസ് ആവശ്യപ്പെട്ടു.

ഡെപ്യൂട്ടി സ്പീക്കറുമായി ഉടക്കി; തിരുവഞ്ചൂർ ചർച്ച ബഹിഷ്കരിച്ചു

തിരു: ഡെപ്യൂട്ടി സ്പീക്കർ എൻ സുന്ദരൻനാടാരോട് ഉടക്കി കോൺഗ്രസ് ഐ നിയമസഭാകക്ഷി സെക്രട്ടറി ബിൽചർച്ച ബഹിഷ്കരിച്ചു.

കലാമണ്ഡലത്തിന് സംസ്കൃത സർവകലാശാലയിൽ അഫിലിയേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല നിയമഭേദഗതി ബില്ലിന്റെ ചർച്ചയിൽനിന്നാണ് തിരുവഞ്ചൂർ രാധാകൃഷ്ണൻ വിട്ടുനിന്നത്. ബില്ലിന്റെ നിരാകരണ, ഭേദഗതി ചർച്ചകളിൽ പ്രതിപക്ഷ അംഗങ്ങൾ പങ്കെടുത്ത് കഴിഞ്ഞപ്പോൾ മന്ത്രി നാലകത്ത് സൂപ്പിക്ക് മറുപടി പറയാനുള്ള സമയം മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. ഡെപ്യൂട്ടി സ്പീക്കർ സുന്ദരൻനാടാർ മന്ത്രിയെ മറുപടി പറയുന്നതിന് ക്ഷണിച്ചു. തനിക്ക് സംസാരിക്കാൻ അവസരം നൽകണമെന്ന് തിരുവഞ്ചൂർ ആവശ്യപ്പെട്ടു. എന്നാൽ, മറുപടിപ്രസംഗം നടത്താൻ ഡെപ്യൂട്ടിസ്പീക്കർ വീണ്ടും മന്ത്രിയോട് നിർദേശിച്ചു. ഇതോടെ തിരുവഞ്ചൂർ ക്ഷുഭിതനായി. തുടർന്ന് തിരുവഞ്ചൂരും നാടാരും തമ്മിൽ കടുത്ത വാഗ്വാദമായി. രണ്ട് മിനിറ്റ് പ്രസംഗിക്കാൻ തിരുവഞ്ചൂരിനെ അനുവദിക്കണമെന്ന മന്ത്രിയുടെ അഭ്യർഥന ഒടുവിൽ ഡെപ്യൂട്ടി സ്പീക്കർ അംഗീകരിച്ചു. ചെയറിന്റെ നിഷേധാത്മക നിലപാടിൽ പ്രതിഷേധിച്ച് താൻ പ്രസംഗം ബഹിഷ്കരിക്കുകയാണെന്ന് തിരുവഞ്ചൂർ പറഞ്ഞു.

മറ്റ് വിദ്യാർഥി സംഘടനകളുമായി യോജിച്ച് പ്രക്ഷോഭം: എസ് എഫ് ഐ

കോഴിക്കോട്: വിദ്യാഭ്യാസ മേഖലയിലെ വർഗീയവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനും എതിരെ ഇതര വിദ്യാർഥി സംഘടനകളെക്കൂടി ഉൾപ്പെടുത്തി യോജിച്ച പ്രക്ഷോഭത്തിന് രൂപം നൽകുമെന്ന് എസ് എഫ് ഐ അഖിലേന്ത്യാ പ്രസിഡണ്ട് കെ കെ രാഗേഷും ജനറൽ സെക്രട്ടരി കല്ലോൽ റോയിയും പറഞ്ഞു. കലിക്കറ്റ് പ്രസ്ക്ലബിൽ മീറ്റ് ദി പ്രസ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു ഇവർ.

ആഗോളവൽക്കരണത്തിന്റെ തുടർച്ചയായി വിദ്യാഭ്യാസരംഗം അപ്പാടെ കമ്പോളവൽക്കരിക്കുകയാണ്. മെറിറ്റിന് പകരം പണം മാനദണ്ഡമാക്കിയതോടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരം അപ്പാടെ തകർന്നുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ പണം നിക്ഷേപിക്കാനാവില്ലെന്ന നിലപാട് സ്വീകരിക്കുന്ന കേന്ദ്ര ഗവർമെണ്ട് കർമകാണ്ഡവും മന്ത്രവാദവും പഠിപ്പിക്കാൻ പണം വാരിക്കോരി നൽകുന്നു. സമൂഹത്തെയാകെ ബാധിക്കുന്ന ഈ വിപത്തിനെതിരെ ദേശവ്യാപകമായ പ്രക്ഷോഭം ശക്തിപ്പെടുത്തണം.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ക്യാമ്പസുകളിൽ വിദ്യാർഥികളുടെ ജനാധിപത്യാവകാശം നിഷേധിക്കുകയാണ്. ഇതിനെതിരെയും എസ് എഫ് ഐ സമരം നടത്തും. എസ് എഫ് ഐയുടെ പ്രവർത്തനം കൂടുതൽ ക്യാമ്പസുകളിലേക്ക് വ്യാപിപ്പിക്കും. സംഘടനാസ്വാതന്ത്ര്യം നിഷേധിക്കുന്ന കോളേജുകളിലും എസ് എഫ് ഐ യൂനിറ്റുകൾ രൂപീകരിക്കും.

കരട് പരിപാടിയുമായി ബന്ധപ്പെട്ട് എസ് എഫ് ഐയിൽ ഒരു ആശയക്കുഴപ്പവുമില്ലെന്ന് നേതാക്കൾ പറഞ്ഞു. പരിപാടി പുതുക്കുന്നതിന് തയ്യാറാക്കിയ കരട് 134 ഭേദഗതികളോടെ സമ്മേളനം അംഗീകരിച്ചു. എന്നാൽ പരിപാടിക്ക് അന്തിമ രൂപം നൽകാൻ പ്രത്യേക സമ്മേളനം ചേരാൻ തീരുമാനിക്കുകയായിരുന്നു.

ഇത് സംഘടനയുടെ ഉയർന്ന ജനാധിപത്യബോധമാണ് പ്രകടമാക്കുന്നത്. സംഘടനയുടെ 28 ലക്ഷത്തോളം അംഗങ്ങളെ പ്രതിനിധീകരിച്ചെത്തിയ എണ്ണൂറോളം പേർ മാത്രം ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് പകരം കീഴ്ഘടകംവരെ ചർച്ച ചെയ്യാനാണിത്. യൂനിറ്റ്തലം മുതൽ കരട് പരിപാടി ചർച്ച ചെയ്ത ശേഷം പ്രത്യേക സമ്മേളനം ചേരുമെന്നും നേതാക്കൾ പറഞ്ഞു. എസ് എഫ് ഐ അഖിലേന്ത്യാ ജോ. സെക്രട്ടരി ടി വി രാജേഷും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

സ്വാശ്രയ പ്രൊഫഷണൽ കോളേജ്: സുപ്രിംകോടതിയിൽ പ്രത്യേക അനുമതി ഹർജി നൽകും

തിരു: സ്വാശ്രയ പ്രൊഫഷണൽ കോളേജ് കേസിലെ ഹൈക്കോടതിവിധിക്കെതിരെ സുപ്രിംകോടതിയിൽ പ്രത്യേക അനുമതി ഹർജി നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

സുപ്രിംകോടതിയുടെ തീർപ്പിനുശേഷം നിയമനിർമാണമടക്കമുള്ള കാര്യങ്ങളെപ്പറ്റി ആലോചിക്കുമെന്ന് മുഖ്യമന്ത്രി എ കെ ആൻറണി വാർത്താലേഖകരോട് പറഞ്ഞു. പകുതി സീറ്റ് മെറിറ്റിൽ എന്ന നിലപാടിൽ സർക്കാർ വിട്ടുവീഴ്ച കാട്ടില്ല. അതുകൊണ്ട് 25 ശതമാനം സീറ്റിൽ ഒരാഴ്ചയ്ക്കകം മെരിറ്റ് ലിസ്റ്റ് നൽകണമെന്ന ഹൈക്കോടതിവിധി സർക്കാർ സ്വീകരിക്കുന്നില്ല. ഇക്കാര്യത്തിൽ സകർക്കാരിന് കോടതി നിർദേശമൊന്നും നൽകിയിട്ടില്ല. അതുകൊണ്ട് കോടതിയലക്ഷ്യത്തിന്റെ പ്രശ്നമില്ല. 50 ശതമാനം സീറ്റ് മെരിറ്റിൽ നൽകാമെന്ന ഉറപ്പ് പാലിക്കുന്ന മാനേജ്മെൻറുകൾക്കുമാത്രം പ്രവേശനപരീക്ഷാ ലിസ്റ്റിൽനിന്നുള്ളവരെ തെരഞ്ഞെടുത്ത് ലിസ്റ്റ് കൊടുക്കും.

ഇരുപത്തഞ്ചുശതമാനം സീറ്റിലേക്ക് മെരിറ്റ് ലിസ്റ്റ് ഒരാഴ്ചയ്ക്കകം നൽകിയില്ലെങ്കിൽ അതിലും മാനേജ്മെൻറിന് ഇഷ്ടംപോലെ നിയമനം നടത്താമെന്ന ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപെടുത്തിയപ്പോൾ എന്തായാലും മെരിറ്റിലെ കുട്ടികൾക്ക് സീറ്റ് നഷ്ടപ്പെടില്ലെന്ന് ആൻറണി പറഞ്ഞു.

15-ാം ചരമവാർഷികം



മഠത്തിൽ വിറ്റു എന്ന രമ്യ
ചേന്ദമംഗലം
ജനനം: 22-5-82 മരണം: 20-2-88
-ദുഃഖാർത്തരായ
അച്ചൻ, അമ്മ,
ചേച്ചി-രഹ്ന സുരേഷ്കുമാർ

അറിയിപ്പ്
ബേബി മെമ്മോറിയൽ
ആശുപത്രിയുടെ ഫോൺ നമ്പർ മാറിയിരിക്കുന്നു. പുതിയ നമ്പർ:
0495-2723272
ദയവായി ഈ നമ്പറിൽ മാത്രം വിളിക്കുക

സൗപർണികാമൃതം കാപ്സ്യൂൾ
സ്തനവളർച്ചക്കും ശരീരപുഷ്ടിക്കും, മുലയൂട്ടുന്ന അമ്മമാർക്കും ഉത്തമം. വിപിപിയായി ലഭിക്കാൻ ബന്ധപ്പെടുക.
ഫോൺ: 95482-9622075
MADHOM ILLOM HERBAL
KOTTAYAM WEST P.O
KOTTAYAM-3



ചിന്തകർക്കും അദ്ധ്വാന ശീലർക്കും വേണ്ടി നിർമ്മിക്കുന്നത്
യോഗി ബീഡി
YOGI BIDI WORKS
FRANCIS ROAD, KOZHIKODE-2

ESTD. 1902 വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
Regd. Trade Mark കോട്ടയ്ക്കൽ – 676 503
Phone : HO. 0493 - 742216 Fax : 0493 - 742210, 742572
Web Site : www.aryavaidyasala.com
E-mail : koz-kottakal@sancharnet.in
avsho@sancharnet.in
ശാഖകൾ: കോഴിക്കോട്, പാലക്കാട്, തിരൂർ, എറണാകുളം, ആലുവ, തിരുവനന്തപുരം, ചെന്നൈ, കണ്ണൂർ, കോയമ്പത്തൂർ, ന്യൂഡൽഹി, കൊൽക്കത്ത, കോട്ടയം, സെക്കന്തരാബാദ്, മധുര കൂടാതെ ആയിരത്തിലധികം അംഗീകൃത ഏജൻസികളും

ഇന്ന് (20-02-03) വിവാഹിതരാവുന്നു



ഷൈറ
D/o മുഹമ്മദ്കുട്ടി
'അൽസിബി', എടപ്പാൾ



കെ. മുഹമ്മദ് ഫിറോസ്
S/o കെ. മൊയ്തീൻ
കുണ്ടനി ഹൗസ് ആലത്തിയൂർ

അഭിവാദ്യങ്ങളോടെ:
CPI(M) പരപ്പേരി ബ്രാഞ്ച്,
DYFI വില്ലേജ് കമിറ്റി, ആലത്തിയൂർ DYFI പരപ്പേരി യൂനിറ്റ്

ഇന്ന് (20–2–2003) വിവാഹിതരാവുന്നു



ഗിരീഷ് പി.
S/o.നാരായണൻ
പോന്തയിൽ
മടപ്പള്ളി



സജിനി കെ. ടി. കെ.
D/o. Late കണ്ണൻ
കൊളങ്ങരത്ത് താഴകുനി
എടച്ചേരി

വിവാഹവേദി:
അഭിവാദ്യങ്ങളോടെ: CPIM അറക്കൽ ബ്രാഞ്ച്

നാളെ 1 കോടി നേടുവാനുണ്ട്.
ഇത് ഗാരൻറി.

പൊതുജനാവശ്യ പ്രകാരം

നാളെ രാത്രി 8 മണിവരെ വാങ്ങുന്ന എല്ലാ മഹാ ലോട്ടോ ടിക്കറ്റുകൾക്കും സാധുതയുണ്ട്.

അങ്ങൾക്കു കിട്ടിയ നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ മാനിച്ച്, ഓരോ ശിവരാത്രിയും രാത്രി 8 മണിവരെ വാങ്ങുന്ന എല്ലാ മഹാ ലോട്ടോ ടിക്കറ്റുകൾക്കും അന്നു രാത്രിയിലെ 1 കോടി രൂപയുടെ സി ടി വി സൗജന്യ സമ്മാന കൂപ്പണിന് സാധുത ഉണ്ടായിരിക്കും. അതായത്, ഇന്നു വാങ്ങുന്ന ടിക്കറ്റുകൾ ഇന്നു രാത്രിയിലെ ഭാഗ്യത്തിന് സാധുവാണ്. അതു മാത്രമോ, നാളെത്തെ മഹാ ലോട്ടോ ടിക്കറ്റിന് 1 കോടി നേടാം. ഗാരൻറിയുണ്ട്! കാരണം, ആർക്കും എല്ലാ 6 നമ്പറുകളും തുല്യമായി കിട്ടിയില്ലെങ്കിൽ, 1 കോടി രൂ 5 നമ്പറുകളും തുല്യമാക്കുന്ന എല്ലാവർക്കുമായി ഒരുപോലെ വീതിച്ചു കൊടുക്കുന്നതാണ്. അതുകൊണ്ട്, വേഗം. നിങ്ങളുടെ മഹാ ലോട്ടോ ടിക്കറ്റ് ഉടനെ വാങ്ങൂ.

സി ടിവിയിൽ ഷോ ശിവരാത്രി രാത്രി 10നും 10.30നും ഇടക്ക് കാണൂ. സി ടിവി ഷോർ, രാത്രിയുള്ള എല്ലാ മഹാ ലോട്ടോ ടിക്കറ്റുകളുടെ ഉടമകൾക്കും സൗജന്യമാണ്. സ്വന്തം വിവേചനാധികാരം ഉപയോഗിച്ച്, യാതൊരു മുന്നറിയിപ്പും കൂടാതെ, ഏതു സമയത്തും സൗജന്യ സമ്മാന ഓഫർ സ്കീം പിൻവലിക്കുവാനുള്ള അവകാശം സി ടിവിയിൽ നിക്ഷിപ്തമാണ്.

ZEE TV

അതേ മഹാ ലോട്ടോ ടിക്കറ്റിൽ 50 രൂ. കോടിയുടെ ജാക്കർപോട്ട് നേടുക.

MEGAWIN
MAHA LOTTO
മഹാ ഭാഗ്യം. മഹാ സമ്മാനം.

Ambience D'Arcy/Play/02-234

✓ റിട്ടയർമെന്റ് പെൻഷൻ ജീവിതകാലം മുഴുവൻ
✓ നികുതി പിടിയ്ക്കാതെ പണം തിരികെ മരണശേഷം*
✓ 100% നികുതി ഇളവ് സെക്ഷൻ 80 സിസിസി (1)**
പ്രകാരം 10,000 രൂപവരെ, ഇപ്പോൾ

* മുലധനം (വാങ്ങിയ വില) പെൻഷനറുടെ കാലശേഷം സെക്ഷൻ 10(10) D പ്രകാരം നികുതിമുക്തമായി തിരികെ നല്കുന്നു.
** സെക്ഷൻ 80 സിസിസി (1) പ്രകാരമുള്ള നികുതി ഇളവുകൾ 5 ലക്ഷം രൂപയിൽ കൂടുതലുള്ള വരുമാനത്തിനും ലഭ്യമാണ്.
• പെൻഷന്റെ തുടക്കത്തിൽ നികുതി ബാദ്ധ്യതയില്ലാതെ ഭാഗികമായി പണമാക്കാൻ സൗകര്യം (പെൻഷന്റെ 25% വരെ കമ്മ്യൂട്ട് ചെയ്യാം).

ലഭിക്കാവുന്ന മറ്റു ഓപ്ഷനുകൾ:
• ആയുഷ്കാല പെൻഷൻ മാത്രം.
• 5, 10, 15 അല്ലെങ്കിൽ 20 വർഷത്തേയ്ക്ക് ഉറപ്പുള്ള പെൻഷൻ സഹിതം ആയുഷ്കാല പെൻഷൻ.
• പ്രതിവർഷം 3% സാധാരണ നിരക്കിൽ വർഷന്തോറും വർദ്ധിച്ചുവരുന്ന ജീവിതകാല പെൻഷൻ.
• ഭാര്യയ്ക്ക്, ഭർത്താവിന് 50% പെൻഷൻ നൽകാനുള്ള വ്യവസ്ഥ.
• ടേം അഷ്വറൻസ് റൈഡറിനുള്ള വ്യവസ്ഥ.

NEW
JEEVAN SURAKSHA-I
Pension Scheme
Self - reliance for life.

മുഴുവൻ വിവരങ്ങൾക്ക് ഏതെങ്കിലും എൽ ഐ സി ഏജന്റുമായോ ബ്രാഞ്ച് ഓഫീസുമായോ ബന്ധപ്പെടുക.

ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ
ജീവിച്ചിരിക്കുമ്പോഴും ജീവിതത്തിനുശേഷവും

Insurance is the subject matter of solicitation.
LIC/60/Mal/02-03

Vol: 59 No.66 - RNI Reg. No. 3036/57, Regd. No. KL/NR/5-6/2003-05 Printed and Published by P. Karunakaran for Pinarayi Vijayan, Secretary CPI(M) Kerala State Committee at Deshabhimani Printing & Publishing House Ltd., Kozhikode. Chief Editor: V.S. Achuthanandan. Phone: 2365286, 2365129, 2366178. FAX 2365883 Email: deshclt@sify.com

പൊലീസും ആദിവാസികളും ഏറ്റുമുട്ടി;

(ഒന്നാം പേജിൽനിന്നു തുടർച്ച)

കോഴിക്കോട് പൂവാട്ടുപറമ്പിലെ പി.പ്രേമവല്ലി, മാനന്തവാടി സ്റ്റേഷനിലെ കോൺസ്റ്റബിളും കൊല്ലം സ്വദേശിയുമായ എസ്. ജയകുമാരി, കല്പറ്റ സ്റ്റേഷനിലെ ഹെഡ്കോൺസ്റ്റബിൾ പാലക്കാട് സ്വദേശി ബേബി എന്നിവരാണ് പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന പൊലീസുകാർ.

കണ്ണൂർ തളിപ്പറമ്പ് പൊയ്യം ഗവ. സ്കൂളിനടുത്ത് തെയ്യം കലാകാരനായ തലക്കോട് പുതിയ പുരയിൽ കുഞ്ഞിരാമപൊതുവാളിന്റെയും നാരായണിയുടെയും മകനാണ് മരിച്ച പൊലീസുകാരൻ വിനോദ് കുമാർ. അങ്കണവാടി അദ്ധ്യാപിക രമണി, ഹൈസ്കൂൾ അദ്ധ്യാപകൻ ബാബുരാജ് എന്നിവർ സഹോദരങ്ങളാണ്. ആറുമാസം മാത്രം മുമ്പ് പൊലീസിലെ കമാന്റോ പരിശീലനം പൂർത്തിയാക്കിയിരുന്നു ബി. എ, എച്ച്. ഡി. സി. ക്കാരനായ വിനോദ് കുമാർ.

ഏറ്റുമുട്ടലിന്റെ ആദ്യ ഘട്ടത്തിൽ പൊലീസുമായി ചെറുത്ത് നിന്ന ആദിവാസികൾക്കാണ് പൊലീസിന്റെ ഭീകര മർദ്ദനത്തിന് ഇരയാകേണ്ടി വന്നത്. ആദ്യം പോരാടി നിന്നെങ്കിലും കൂടുതലായി എത്തിയ സേനയെക്കണ്ട് ഭയന്നോടുന്നതിനിടയിലാണ് ആദിവാസികൾ പൊലീസിന്റെ പിടിയിലായത്. ഇവരെ നിലത്ത് വലിച്ചിഴച്ചും അടിച്ചും ചവിട്ടിയും പൊലീസ് പക തീർത്തു.

ബാബു (22), ബൊമ്മൻ (46) ചീരാൽ, നാഗപ്പൻ (80) മാനന്തവാടി, അപ്പു (40) നെൻമേനി, വേണുഗോപാൽ (38) ചെതലയം, കുഞ്ഞൻ (32) ചുണ്ടപ്പാടി, ബൊമ്മൻ(30), ശങ്കരൻ (28), ബാലൻ (28) ബൊമ്മൻ (30), കറുമ്പി(40), പോളി(37) കല്ലൂർ, ബാലൻ തിരുവണ്ണൂർ (28), കുഞ്ഞൻ (28) കല്ലുമുക്ക്, ശങ്കരൻ കുട്ടി (26) പുത്തൻകുന്ന്, ലത (25) കണ്ണങ്കോട്, നാല് വയസുകാരനായ മകൻ വിഷ്ണു, കണ്ണങ്കോട് ശാന്ത (30), നാല് വയസുകാരനായ മകൾ വിനിത, കാക്കവയൽ കോളനിയിലെ അപ്പു (40) തുടങ്ങിയവരാണ് പരിക്കേറ്റ് ആശുപത്രിയിലായ ആദിവാസികൾ.

ഇന്നലെ അതിരാവിലെ തന്നെ പൊലീസ് സംഘം സർവ്വ സന്നാഹങ്ങളുമായി മുത്തങ്ങ വനപ്രദേശത്ത് താവളമടിച്ചിരുന്നു. രാവിലെ 8.40 ഓടെ അഞ്ഞൂറോളം വരുന്ന പൊലീസുകാരും വനപാലകരും അടങ്ങുന്ന ദൗത്യ സംഘം മുത്തങ്ങ തകരപ്പാടിയിൽ നിന്ന് കയ്യേറ്റ ഭൂമിയിലേക്ക് പ്രവേശിച്ചു. ഇതേ സമയത്ത് തന്നെ നേരത്തെ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആദിവാസികളും അവരുടെ കുടിവുകൾക്ക് മുമ്പിൽ പണിയായുധങ്ങളുമായി അക്രമണ സജ്ജരായി. 9 മണിക്ക് വനഭൂമിയിൽ നിന്ന് പിൻമാറാൻ പൊലീസ് ആദിവാസികളോട് മൈക്ക് അനൗൺസ്മെന്റിലൂടെ നിർദ്ദേശിച്ചു. എന്നാൽ പൊലീസിന്റെ ഏത് വിധത്തിലുള്ള അക്രമണത്തെയും നേരിടാൻ തയ്യാറായി ആദിവാസികൾ കൂട്ടംകൂടി നിലയുറപ്പിച്ചു. ഇതോടെ പൊലീസിന്റെ ഭാഗത്ത് നിന്ന് ടിയർ ഗ്യാസ് ഷെല്ലുകളുടെ ഏറുണ്ടായി. പിൻതിരിഞ്ഞോടിയ ആദിവാസികളെ പൊലീസ് പിന്തുടർന്നു. പക്ഷെ അൽപ്പം കഴിഞ്ഞതോടെ കാറ്റിന്റെ ഗതി പൊലീസ് സേനക്ക് പ്രതികൂലമായി. ഇത് മുതലെടുത്ത് ആദിവാസികൾ മൺവെട്ടി, മഴു, കത്തി, കൊടുവാൾ, കല്ല് തുടങ്ങിയ ആയുധങ്ങൾകൊണ്ട് പൊലീസിന് നേരെ ഏറ് തുടങ്ങി. കൂർത്ത മുനയുള്ള അമ്പുകളും പൊലീസിന് നേരെ ചീറിവന്നു. റബർ ബുള്ളറ്റ് കൊണ്ടാണ് പൊലീസ് ഇതിനെ ചെറുത്തത്.

ആദിവാസികൾ സ്വയരക്ഷക്കായി പിന്നോക്കം പാഞ്ഞ് തുടങ്ങി. കൂട്ടിലുകളിൽ ഉണ്ടായിരുന്ന വീട്ടുപകരണങ്ങളും എല്ലാം ഉപേക്ഷിച്ച് അവർ ഓടുകയായിരുന്നു. ഇതിനിടയിൽ ഓടാനാവാതെ തടഞ്ഞ് വീണ വൃദ്ധരും സ്ത്രീകളും കുട്ടികളുമാണ് പൊലീസിന്റെ വലയിൽ ആദ്യം കുടുങ്ങിയത്. ഇവരെ അൽപ്പം പോലും ദയകൂടാതെ മർദ്ദനത്തിന് വിധേയരാക്കി. ഓടിയകന്ന് കൊണ്ടിരുന്ന ആദിവാസികൾ മരങ്ങളും ഇല്ലിക്കാടുകളും വെട്ടിമുറിച്ച് വീഴ്ത്തിയും അടിക്കാടുകൾക്ക് തീയിട്ടും പൊലീസിന് മാർഗ്ഗ തടസം സൃഷ്ടിച്ചു. ഇത്കാരണം കുറച്ച് സമയത്തേക്ക് പൊലീസിന്റെ മുന്നേറ്റം നിലച്ചു. ആ സമയത്ത് കാട് മൊത്തത്തിൽ കത്തുന്ന പ്രതീതിയാണ് ഉണ്ടായത്. ഉച്ചക്ക് പത്രണ്ട് മണിയോടെ രണ്ട് സംഘങ്ങളായി വേർതിരിഞ്ഞ് ആദിവാസികളെ വേട്ടയാടിയ പൊലീസ് പെരുങ്കുഴിയിൽ വച്ച് ആദിവാസി സംഘവുമായി നേർക്കുനേർ പൊരുതി. മഴുകൊണ്ടും. മറ്റ് പണിയായുധങ്ങൾ കൊണ്ടും ആദിവാസികൾ പൊലീസുകാരെ അക്രമിച്ചു. ഇവിടെ വച്ചാണ് എസ്. ഐ.മാരായ ചാത്തു, ഉണ്ണികൃഷ്ണൻ എന്നിവർക്ക് വെട്ടേറ്റത്. ആദിവാസികളുടെ അക്രമം രൂക്ഷമായതോടെ പൊലീസ് ആകാശത്തേക്ക് 9 റൗണ്ട് വെടി ഉതിർത്തു. ഇവിടെ വച്ചുണ്ടായ നേർക്കുനേർ ഏറ്റുമുട്ടലിനിടയിൽ ഒറ്റതിരിഞ്ഞ് പോയ പ്രേമവല്ലി, ശാന്ത, ബേബി എന്നീ വനിതാ പൊലീസുകാരെ കല്ലെറിഞ്ഞും മുളവടികൊണ്ട് അടിച്ചും ആദിവാസികൾ പരിക്കേൽപ്പിച്ചു. ചെറുത്ത് നിൽപ്പ് അസാദ്ധ്യമായതോടെ പൊലീസ് സംഘം വനത്തിൽ നിന്ന് തൽക്കാലത്തേക്ക് പിൻവാങ്ങി.

തളർച്ച മാറ്റിയ ശേഷം ഉച്ചക്ക് ഒരു മണിയോടെയാണ് പൊലീസ് സേന മൂന്നാമത്തെ മുന്നേറ്റം ആരംഭിച്ചത്. മരത്തൂപാടിവയൽ (കൗണ്ടർവയൽ) ഭാഗത്ത് ആദിവാസികൾ താവളമടിച്ചിട്ടുണ്ടെന്ന സൂചന ലഭിച്ച പൊലീസ് അവിടേക്ക് ആയുധങ്ങളുമായി നീങ്ങി. 300 ഓളം ആദിവാസികൾ ഒത്ത് കൂടിയ ഷെഡുകൾ വളഞ്ഞു. പക്ഷെ, അതേസമയത്ത് തന്നെ ആദിവാസികളുടെ ഇടയിൽ നിന്ന് അക്രമണം ശക്തി പ്രാപിച്ചു. അടുത്തടുത്ത് നിന്നുള്ള ഏറ്റുമുട്ടലായിരുന്നു പിന്നീട്. ഈ സമയത്താണ് കോൺസ്റ്റബിൾ അബ്ദുൾസലാമിന് മാരകമായി വെട്ടേറ്റതും ഫോറസ്റ്റർ ശശിധരനും കോൺസ്റ്റബിൾ വിനോദും ആദിവാസികളുടെ പിടിയിലായതും.

സാരമായ പരിക്കുകളുള്ളതിനാലാണ് അബ്ദുൾ സലാമിനെ ആദിവാസികൾ പൊലീസിന് മുമ്പിൽ ഉപേക്ഷിച്ചത്. പിടിയിലായ ശശിധരനെയും വിനോദിനെയും നിലത്തിരുത്തി ചപ്പുചവറുകൾ ശരീരത്തിന് ചുറ്റും കൂട്ടിയിട്ടു. തുടർന്ന് മണ്ണെണ്ണയൊഴിച്ചു. തീപ്പന്തം കത്തിച്ച് അവർക്കടുത്ത് നിന്ന് ആദിവാസി നേതാക്കൾ പൊലീസിന് നേരെ ഭീഷണിമുഴക്കി. ഇതോടെ പൊലീസ് സംഘം നിർവ്വീര്യമായി.

ആദിവാസി നേതാക്കളുമായി സംസാരിക്കാൻ തയ്യാറായ, സംഭവ സ്ഥലത്ത് ഉണ്ടായിരുന്ന പൊലീസ് മേധാവികൾ ആദിവാസി നേതാക്കളെ അടുത്തേക്ക് ക്ഷണിച്ചു. മുത്തങ്ങ വനഭൂമിയിൽ നിന്ന് പൊലീസിനെ പൂർണ്ണമായി പിൻവലിക്കുക, അറസ്റ്റ് ചെയ്ത മുഴുവൻ ആദിവാസികളെയും തിരിച്ച് വനത്തിലെത്തിക്കുക, പൊലീസിന്റെ വെടിയേറ്റ ആദിവാസികളെ ആശുപത്രിയിലാക്കുക, മുത്തങ്ങയിലെ ആദിവാസികളെ ചുട്ടെരിക്കാൻ ശ്രമിച്ച വനംവകുപ്പ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് നീക്കുക, തീ വെപ്പിനെക്കുറിച്ച് സി. ബി. ഐ. അന്വേഷിക്കുക, ആദിവാസികളുടെ ഭക്ഷ്യവസ്തുക്കളും കുടിലുകളും കത്തിച്ചതിന് നഷ്ടപരിഹാരം നൽകുക, സർക്കാർ ആദിവാസികളുമായി ഉണ്ടാക്കിയ കരാർ നടപ്പാക്കുക എന്നീ ആവശ്യങ്ങളാണ് നേതാക്കൾ പൊലീസിന് മുന്നിൽ വച്ചത്.

ആദിവാസികളുടെ ആവശ്യങ്ങൾക്ക് മുന്നിൽ എന്ത് ചെയ്യണമെന്നറിയാതെ നിൽക്കുകയായിരുന്നു പിന്നീട് പൊലീസ് സംഘം. സമയം പോയിക്കൊണ്ടിരുന്നു. സായുധരായിരുന്നെങ്കിലും ആയുധങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശമൊന്നും മുകളിൽ നിന്ന് ഉണ്ടായിരുന്നില്ല. ഉത്തരമേഖല ഡി. ഐ. ജി. എൻ. ശങ്കർ റെഡ്ഡി, പൊലീസിന് വയർലെസിലൂടെ അപ്പപ്പോൾ നിർദ്ദേശങ്ങൾ നൽകുന്നുണ്ടായിരുന്നു. സന്ധ്യയാകുന്നതിന് മുമ്പ് ബന്ദികളായവരെ മോചിപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം.

അതിന് നിർവ്വാഹമില്ലാത്ത അവസ്ഥയിലായിരുന്നു അപ്പോൾ വനത്തിലുണ്ടായിരുന്ന ദൗത്യ സംഘം. ബന്ദികളാക്കിയ രണ്ട് പേരുടെ ജീവനിൽ ഭീഷണി മുഴക്കി ആദിവാസികൾ പൊലീസിനെ വെല്ലുവിളിച്ചു. മറ്റ് നിർവ്വാഹമൊന്നും ഇല്ലാത്തതിനാൽ വൈകിട്ടോടെ പൊലീസ് സേന രണ്ടും കല്പിച്ച് മുന്നേറി. ആദിവാസികൾക്ക് നേരെ വെടിയുതിർത്തു. മുന്നൂറിൽ അധികം ആദിവാസികളുള്ള കേന്ദ്രത്തിലേക്കാണ് 18 റൗണ്ട് വെടിയുതിർത്തത്. ഇത് കൂടിയായപ്പോഴാണ് ബന്ദികളിൽ ഒരാളായ വിനോദ്കുമാറിനെ ആദിവാസി സംഘം നിഷ്ക്കരുണം വെട്ടിക്കൊന്നത്. ആദിവാസികളിൽ എത്ര പേർ വെടി കൊണ്ട് മരിച്ചുവെന്നതിന് വ്യക്തമായ കണക്കില്ല. എന്നാൽ ഒരു ആദിവാസി പൊലീസിന്റെ വെടിയേറ്റ് തന്നെയാണ് മരിച്ചതെന്ന് രാത്രി എട്ട് മണിയോടെ ഉത്തരമേഖല ഡി. ഐ. ജി. എൻ. ശങ്കർ റെഡ്ഡി മാധ്യമ പ്രവർത്തകരെ അറിയിച്ചു. രാത്രി ഏറെ വൈകിയും വനത്തിൽ നിന്ന് പരിക്കേറ്റ ആദിവാസികളെയും പൊലീസുകാരെയും ആശുപത്രികളിലേക്ക് എത്തിച്ച് കൊണ്ടിരിക്കുകയാണ്. ഉത്തരമേഖല ഡി. ഐ.ജി. എൻ. ശങ്കർ റെഡ്ഡി, വയനാട് എസ്. പി. യു. എൻ. നടേശൻ, കല്പറ്റ ഡി. വൈ. എസ്. പി. കെ. ഉണ്ണി, മാനന്തവാടി ഡി. വൈ. എസ്.പി. കെ. വി. സതീഷ്, എസ്. എം. എസ്. ഡി. വൈ. എസ്. പി. വി. മധുസൂദനൻ നായർ എന്നിവരും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എസ്. പി. സിംങ്ങ്, കൺസർവ്വേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) എം. കെ. വാഷ്നൈ, വിജിലൻസ് സി.സി. എഫ്. ജെ.കെ. തിവാരി, നോർത്തേൺ കൺസർവേറ്റർ പി.കെ. കേശവൻ, ഡി. എഫ്. ഒ.മാരായ ജുനാർദ്ദനൻ, ശ്രീധരൻ, വയനാട് വൈൽഡ് ലൈഫ് വാർഡൻ ഫണീന്ദ്രകുമാർ, ഫ്ളൈയിംഗ് സ്കാഡ് ഡി. എഫ്. ഒ. മാരായ ശ്രീധരൻ, ശ്രീധരൻ നായർ എന്നിവരുടെ നേതൃത്വത്തിലുള്ള പൊലീസ് വനപാലക സംഘമാണ് ദൗത്യത്തിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയത്.

ജില്ലാ കളക്ടർ കെ. ഗോപാലൻ സ്ഥലത്ത് തന്നെ ക്യാമ്പ് ചെയ്ത് സ്ഥിതിഗതികൾ നിയന്ത്രിക്കുന്നുണ്ടായിരുന്നു. മുഖ്യമന്ത്രി എ. കെ. ആന്റണി ഇന്നലെ കാത്ത് തന്നെ അദ്ദേഹത്തെ ഫോണിൽ ബന്ധപ്പെട്ട് സ്ഥിതിഗതികൾ ആരാഞ്ഞു. എന്ത് തന്നെയായാലും ആദിവാസികളെ കൂടിയിറക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശം നൽകി. എന്നാൽ കൂടുതൽ അനിഷ്ട സംഭവങ്ങൾക്ക് ഇടയാക്കാതെ നോക്കണമെന്നും അദ്ദേഹം കളക്ടറെ അറിയിച്ചിരുന്നു.

ഇന്ന് കടയടപ്പ്; നിയമസഭാമാർച്ച്

തിരുവനന്തപുരം : നിയമസഭയിൽ ഇന്ന് അവതരിപ്പിക്കുന്ന മൂല്യവർദ്ധിത നികുതി നിയമം പിൻവലിക്കണമെന്നാവശ്യപ്പെട്ട് വ്യാപാരികൾ ഇന്ന് കടകളടച്ച് നിയമസഭാ മാർച്ച് നടത്തും.

ഹോട്ടലും മെഡിക്കൽ സ്റ്റോറും ഉൾപ്പെടെയുള്ള കടകളടച്ചു നടക്കുന്ന മാർച്ച് രാവിലെ 11ന് ഗാന്ധിപാർക്കിൽ നിന്നും ആരംഭിക്കുമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ്, പെരിങ്ങമ്മല രാമചന്ദ്രൻ, ജനറൽ സെക്രട്ടറി വൈ. വിജയൻ, ട്രഷറർ ആര്യശാല രവീന്ദ്രൻ നായർ എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.



സർക്കാർ ശക്തമായി നേരിടും

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: സംസ്ഥാനത്തു ആദിവാസികൾ നടത്തുന്ന സായുധ കലാപത്തെ ശക്തമായി നേരിടാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.

വയനാട്ടിൽ ആദിവാസികൾ ആരംഭിച്ചിട്ടുള്ള കലാപത്തിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിസഭ ഈ തീരുമാനമെടുത്തത്.

സായുധകലാപത്തെ വച്ചു പൊറുപ്പിക്കുകയില്ലെന്ന് മന്ത്രിസഭാ യോഗത്തിനുശേഷം മുഖ്യമന്ത്രി എ.കെ. ആന്റണി വാർത്താലേഖകരോടു പറഞ്ഞു. ആദിവാസികൾ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിരുന്നു. എന്നാൽ അതിനൊന്നും വഴങ്ങാതെയാണ് അവർ സായുധ കലാപത്തിലേക്ക് നീങ്ങിയിരിക്കുന്നത്. പാവപ്പെട്ട ആദിവാസികൾക്കു പിന്നിൽ മറ്റേതോ ശക്തികൾ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ സർക്കാരിനു അത് നോക്കി നിൽക്കാനാവില്ല.

പൊലീസുകാരോടും വനംവകുപ്പ് ഉദ്യോഗസ്ഥൻമാരോടും വളരെ പ്രാകൃതമായ രീതിയിലാണ് ആദിവാസി സമരക്കാർ പെരുമാറിയത്. വ്യവസ്ഥാപിതമായ എല്ലാത്തിനെയും ലംഘിച്ചു ഒരു പ്രദേശത്തു മുഴുവൻ പൊലീസും മറ്റും ഉദ്യോഗസ്ഥരും വേണ്ടെന്ന് സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിച്ച് ഭരണഘടനാ വ്യവസ്ഥകൾ ലംഘിച്ച് സമരം നടത്തിയാൽ സർക്കാരിനു നോക്കി നിൽക്കാനാവുമോ? പ്രശ്നപരിഹാരത്തിനു സായുധകലാപമല്ല മാർഗ്ഗമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആദിവാസി നേതാവ് സി.കെ. ജാനുവിനെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി തന്നെ എഴുന്നള്ളിക്കുകയും അവരുടെ പ്രശ്നം തീർക്കുന്നതിൽ പിടിപ്പുകേടു കാണിക്കുകയും ചെയ്തുവെന്ന കെ. കരുണാകരന്റെ ആരോപണം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഇപ്പോൾ ഒരു ആത്മകഥ എഴുതാനുള്ള സമയമല്ലെന്ന് മുഖ്യമന്ത്രി മറുപടി നൽകി.

മന്ത്രിമാരെ ബന്ദികളാക്കുമെന്ന് വിവരംകിട്ടി

ആദിവാസി സമരത്തിന്റെ മറവിൽ മന്ത്രിമാരെ ബന്ദികളാക്കാൻ വരെ ഗൂഢപദ്ധതിക്ക് രൂപം നൽകിയിരുന്നതായി മുഖ്യമന്ത്രി ആന്റണി മന്ത്രിസഭാ യോഗത്തെ അറിയിച്ചു. ഇന്റലിജൻസ് വിഭാഗം നൽകിയ വിവരം മുഖ്യമന്ത്രി മന്ത്രിസഭാ യോഗത്തെ ധരിപ്പിച്ചു.

കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സമ്മേളനത്തിൽ എത്തുന്ന വിദേശ പ്രതിനിധികളെ തട്ടിക്കൊണ്ടുപോകാനും ഇവർ തീരുമാനിച്ചിരുന്നുവെന്നും പൊലീസ് ശക്തമായ നടപടികൾ സ്വീകരിച്ചതുകൊണ്ടാണ് മറ്റു അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. മന്ത്രിമാരെ ബന്ദികളാക്കുമെന്ന വിവരം ലഭിച്ചിട്ടും മന്ത്രിമാർക്കുള്ള സുരക്ഷാ നടപടികൾ ശക്തിപ്പെടുത്താത്തതെന്തെന്ന് ചില മന്ത്രിമാർ ചോദിച്ചു.

ഇന്റലിജൻസ് ഐ.ജി. രാജൻ മഥേക്കറെയും ഡി. ഐ. ജി. അരുൺകുമാർ സിൻഹയേയും മന്ത്രിസഭായോഗത്തിന്റെ ഒരു ഘട്ടത്തിൽ വിളിച്ചുവരുത്തി. ഈ ഉദ്യോഗസ്ഥർ വയനാട്ടിലെ സംഭവങ്ങൾ മന്ത്രിസഭാ യോഗത്തിൽ വിവരിച്ചു. ഇന്റലിജൻസ് വിഭാഗത്തിനു ലഭിച്ചിട്ടുള്ള വിവരങ്ങളും അറിയിച്ചു. ആന്ധ്രയിലെ പീപ്പിൾസ് വാർ ഗ്രൂപ്പിന്റെ അതേ മാതൃകയിലുള്ള സായുധ സമരമാണ് ആദിവാസികൾ നടത്തുന്നതെന്നും ഈ ഉദ്യോഗസ്ഥർ മന്ത്രിസഭാ യോഗത്തിൽ പറഞ്ഞു.

സർക്കാരിന്റെ പിടിപ്പുകേട് തെളിഞ്ഞു : പിണറായി

തിരുവനന്തപുരം : വയനാട്ടിലെ മുത്തങ്ങയിലെ കൂട്ടക്കൊല സർക്കാരിന്റെ പിടിപ്പുകേടിന്റെ ഫലമാണെന്ന് സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ കുറ്റപ്പെടുത്തി. സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് അദ്ദേഹം ഗവൺമെന്റിനോടാവശ്യപ്പെട്ടു.

നാല് ആദിവാസികളും ഒരു പൊലീസുകാരനും മരിക്കാനിടയായത് ഒഴിവാക്കേണ്ടിയിരുന്ന ദാരുണ സംഭവമാണ്. യു.ഡി.എഫ് ഭരണം വന്നശേഷം പൊലീസ് വെടിവയ്പിൽ ആളുകൾ മരിക്കുന്നത് നിത്യ സംഭവമാകുകയാണ്. പൊലീസ് ഭരണത്തിന്റെ ജനദ്രോഹമുഖമാണ് ഇതിൽ തെളിയുന്നത്.

നിസ്വാർത്ഥസേവനം ലയൺസ് ക്ളബുകളുടെ ലക്ഷ്യം: ഡോ. തേസപ്

കൊച്ചി: വേദനയനുഭവിക്കുന്നവർക്ക് നിസ്വാർത്ഥമായ സേവനം നൽകുകയാണ് ലയൺസ് ക്ളബുകളുടെ ലക്ഷ്യമെന്ന് ലയൺസ് ക്ളബ് ഇന്റർനാഷണലിന്റെ ആഗോള വൈസ്പ്രസിഡന്റ് ഡോ. തേസപ് ടി.എസ്. ലീ പറഞ്ഞു.

ലയൺസ് ക്ളബ് ഇന്റർനാഷണൽ ഡിസ്ട്രിക്ട്സ് സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ത്യാഗത്തിനും സേവനത്തിനും പരമപ്രാധാന്യം കൊടുക്കുന്ന ലോകത്തിലെ ഏറ്റവും വലിയ സംഘടനയാണ് ലയൺസ് ക്ളബ് - അദ്ദേഹം പറഞ്ഞു.

ദുരിതത്തിൽ കഴിയുന്നവരെ സഹായിക്കാനായി ലയൺസ് ക്ളബുകൾ ഇന്ത്യയിൽ ചെയ്തുവരുന്ന പ്രവർത്തനങ്ങളെ ലീ പ്രശംസിച്ചു. ലീയുടെ പത്നി ഹെയ്ഗ് ജൂ ലിയും ചടങ്ങിൽ സംബന്ധിച്ചു.

കൊറിയയിൽ മന്ത്രിയായിരുന്നിട്ടുള്ള ലീ എം.ഐ.ടി എന്ന പ്രശസ്ത സ്ഥാപനത്തിൽ നിന്നും സയൻസിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. അറിയപ്പെടുന്ന ശാസ്ത്രജ്ഞനും ആസൂത്രണ വിദഗ്ദ്ധനുമായ ലീ ലയൺസ് ക്ളബ് ഇന്റർനാഷണലിന്റെ പ്രസിഡന്റാകുന്നതോടെ ക്ളബിന്റെ ചരിത്രത്തിൽ പുതിയ യുഗം കുറിക്കുമെന്ന് സംഘാടകർ ലീയെ സ്വാഗതം ചെയ്തുകൊണ്ട് ചൂണ്ടിക്കാട്ടി.

ഇന്ത്യയുടെയും കൊറിയയുടെയും ദേശീയ ഗാനങ്ങൾ ആലപിച്ചുകൊണ്ടാണ് ചടങ്ങുകൾ ആരംഭിച്ചത്. മുഖ്യാതിഥിയായ തേസപ് ടി. എസ്. ലീക്കും ഭാര്യ ഹെയ്ഗ് ജൂ ലീക്കും വേണ്ടി പ്രത്യേക സ്വാഗതഗാനവും ആലപിച്ചു.

ലോകസമാധാനത്തിനു വേണ്ടിയുള്ള നിശ്ശബ്ദപ്രാർത്ഥനയ്ക്കുശേഷം ആരംഭിച്ച ചടങ്ങിൽ ഡിസ്ട്രിക്ട് ഗവർണർ കെ.കെ. കുരുവിള, ഭാര്യ ചിന്നമ്മ കുരുവിള, ഇന്റർനാഷണൽ ഡയറക്ടർ കെ.എം. ഗോയൽ, ഭാര്യ നിഷാഗോയൽ, ഡയറക്ടർ വരപ്രസാദ്, മുൻ ഡയറക്ടർ ജി. രാമസ്വാമി, ഇന്റർനാഷണൽ സെക്രട്ടറി (ഇന്ത്യ, സൗത്ത് ഈസ്റ്റ് ഏഷ്യ) വിസ്പി മിശ്ര എഞ്ചിനിയർ, വൈസ് ഡിസ്ട്രിക്റ്റ് ഗവർണർ സാബു കാരിക്കാശ്ശേരി, ഭാര്യ മോളി കാരിക്കാശ്ശേരി, ലയൺസ് ഇംപാക്ട് ടീം ലീഡർ കെ.ജി. രാമകൃഷ്ണമൂർത്തി, മുൻ മൾട്ടിപ്പിൾ കൗൺസിൽ ചെയർമാൻ കെ.പി.എ. ഹാരൂൺ, ഡിസ്ട്രിക്ട് കാബിനറ്റ് സെക്രട്ടറി ഇ.ടി. എബ്രഹാം എന്നിവർ സംബന്ധിച്ചു.

പിരിച്ചെടുക്കുന്ന വില്പന നികുതി സർക്കാരിൽ അടച്ചേപറ്റൂ : മന്ത്രി

തിരുവനന്തപുരം : ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന മുഴുവൻ വില്പന നികുതിയും കച്ചവടക്കാർ സർക്കാരിന് നൽകണമെന്നും ഇതിൽ ഒരു വിട്ടുവീഴ്ചയുമില്ലെന്നും മന്ത്രി കെ. ശങ്കരനാരായണൻ ഇന്നലെ നിയമസഭയിൽ പറഞ്ഞു.

പൊതുവില്പന നികുതിയുടെ അടിസ്ഥാനം വിപുലപ്പെടുത്തുന്നതിന് നികുതി വെട്ടിപ്പ് തടയുന്നതിനും വ്യവസ്ഥ ചെയ്യുന്ന 2002-ലെ കേരള പൊതുവില്പന ഭേദഗതി ബില്ലിന്റെ ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. പൊതുവില്പന നികുതി നിയമത്തിലെ 17(4) വകുപ്പുപ്രകാരം മൂന്നുമാസത്തിലൊരിക്കൽ റിട്ടേൺ നൽകിയാൽ മതിയെന്ന ആനുകൂല്യം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വ്യാപാരികൾക്കുകൂടി നൽകുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. 40 ലക്ഷത്തിനു മുകളിൽ വിറ്റുവരവുള്ളവർ മാസംതോറും റിട്ടേൺ നൽകണം. നികുതിവെട്ടിപ്പ് നടത്തുന്നവരെ ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കും. ചെറുകിട കച്ചവടക്കാരെ ദ്രോഹിക്കാനോ, വൻകിടക്കാരെ സഹായിക്കാനോ അല്ല ഈ ബിൽ കൊണ്ടുവന്നതെന്ന് മന്ത്രി പറഞ്ഞു.

വിദ്യാഭ്യാസ രംഗത്തെ അവകാശ നിഷേധത്തിനെതിരെ എസ്. എഫ്. ഐ പ്രക്ഷോഭം സംഘടിപ്പിക്കും

കോഴിക്കോട്: വിദ്യാഭ്യാസ രംഗത്തെ അവകാശ നിഷേധത്തിനും വർഗ്ഗീതക്കുമെതിരെ മറ്റു വിദ്യാർഥി സംഘടനകളുമായും രാഷ്ട്രീയ, സാമൂഹ്യ സംഘടനകളുമായും യോജിച്ച് ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് എസ്. എഫ്. ഐ അഖിലേന്ത്യാ പ്രസിഡന്റ് കെ. കെ. രാഗേഷും ജനറൽ സെക്രട്ടറി കല്ലോൽ റായിനും മീറ്റ് ദ പ്രസ് പരിപാടിയിൽ വെളിപ്പെടുത്തി.

ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും തിക്തഫലം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് വിദ്യാർഥി സമൂഹമാണ്. ഇന്ത്യൻ ഭരണഘടനയിൽ തന്നെ താഴെത്തട്ടിലുള്ള വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവും ആയിരിക്കണമെന്ന് പറയുന്നുണ്ടെങ്കിലും ഇവിടെ സ്വകാര്യവൽക്കരണ ത്വരയിൽ പൊതു മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ തകർക്കുകയും പാവപ്പെട്ടവന് വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടുത്തുകയുമാണ് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ചെയ്യുന്നത്.

ഉന്നത വിദ്യാഭ്യാസ മേഖല തികച്ചും കച്ചവടവൽക്കരിച്ചു കൊണ്ടിരിക്കുകയാണ്. സ്വകാര്യവൽക്കരണം മൂലം ഭീമമായ ഫീസ് നൽകാൻ കഴിയുന്നവർക്കേ ഉന്നത വിദ്യാഭ്യാസം നേടാൻ കഴിയൂ എന്ന സ്ഥിതി വന്നു. പഠനത്തിലെ മികവ് ഇവിടെ അംഗീകരിക്കുന്നില്ല. പകരം പണത്തിന്റെ മികവ് നോക്കിയാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവേശനം നൽകുന്നത്. ഇത് അവകാശ നിഷേധമാണ്.

ശക്തമായ പ്രക്ഷോഭ നടത്തി ഈ ചതിയിൽ നിന്നും വിദ്യാർഥി സമൂഹത്തെ രക്ഷിക്കാൻ എസ്. എഫ്. ഐ പ്രതിജ്ഞാബദ്ധമാണ

KERALA KAUMUDI ESTD 1911 Kozhikode, 2003 February 20, Thursday Rs. 3.25



മുത്തങ്ങയിൽ ആദിവാസികളെ തുരത്തിയോടിക്കുന്നതിന് അവരുടെ കുടിലുകൾ ഓരോന്നായി അഗ്നിക്കിരയാക്കിയപ്പോൾ

ചിത്രങ്ങൾ: പി. ജെ. ഷെല്ലി



കാട്ടിലേക്ക് പൊലീസ് സംഘം പുറപ്പെട്ടുവെന്ന അറിവ് ലഭിച്ച ആദിവാസികൾ ആയുധങ്ങളുമായി തയ്യാറെടുക്കുന്നു

സംഘർഷം ആളിപ്പടർന്നപ്പോൾ





മുത്തങ്ങയിൽ ആദിവാസികളെ ഒഴിപ്പിക്കുന്നതിനുവേണ്ടി നീങ്ങുന്ന പൊലീസ് സംഘം

ജനവികാരം എതിരാവുന്നു; ജാനുവും സംഘവും ഒറ്റപ്പെടുന്നു

പ്രദീപ് മാനന്തവാടി

മുത്തങ്ങ(വയനാട്) ആദിവാസി ഗോത്രമഹാസഭ അദ്ധ്യക്ഷ സി.കെ. ജാനുവിനും സംഘത്തിനും ജനവികാരം എതിരാവുന്നു. മുത്തങ്ങ വനത്തിലെ പൊലീസുകാരന്റേയും ആദിവാസികളുടേയും മരണത്തോടെ ഗോത്രമഹാസഭ ഒറ്റപ്പെട്ട അവസ്ഥയിലായി. മുത്തങ്ങയിലെ മുഴുവൻ നാട്ടുകാരും ഒത്ത് ചേർന്ന് പോലീസ് സേനക്കൊപ്പം നിന്ന് വനത്തിൽആദിവാസിഗോത്രമഹാസഭയുടെ പ്രവർത്തകരെ നേരിടുന്ന കാഴ്ചയാണ് ഇന്നലെ കണ്ടത്.

മുത്തങ്ങ സ്വദേശികളും വനത്തിലെ ജീവനക്കാരുമായ 11 ഓളം ആദിവാസികളെ വനപാലകർക്കൊപ്പം ബന്ദികളാക്കി പിഡിപ്പിച്ച സംഭവമാണ് നാട്ടുകാരെ പ്രകോപിതരാക്കിയത്. ഒരു മാസത്തിലധികമായി വനത്തിൽ കഴിഞ്ഞ ജാനുവിനെയും സംഘത്തെയും കണ്ടില്ലെന്ന് നടിക്കുകയായിരുന്നു നാട്ടുകാർ ഇതേവരെ. 'അവരായി അവരുടെ പാടായി' എന്ന നിലപാടായിരുന്നു നാട്ടുകാർക്ക്. എന്നാൽ സ്ഥലവാസികളായ ആദിവാസികളെയടക്കം വനത്തിൽ കെട്ടിയിട്ട് പീഡിപ്പിക്കുകയും ബന്ദിയാക്കുകയും ചെയ്തതോടെ ജാനുവികാരം സി.കെ.ജാനുവിന് എതിരാവുകയായിരുന്നു.

നിരപരാധികളായ ആദിവാസികളെയും വനം സംരക്ഷിക്കാൻ ചെന്ന വനപാലകരെയും ബന്ദികളാക്കി പീഡിപ്പിച്ച ആദിവാസി ഗോത്രമഹാസഭയുടെ നടപടി അങ്ങേയറ്റം പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്. വനപാലകരെയും ഫോറസ്റ്റിലെ താൽക്കാലിക ജീവനക്കാരായ ആദിവാസികളെയും കെട്ടിയിട്ട് പീഡിപ്പിച്ച ജാനുവിനെയും ഗീതാനന്ദനെയും അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് മുത്തങ്ങയിൽ നാട്ടുകാർ ദേശീയപാത ഉപരോധിച്ചു. ഇതേ ആവശ്യം ഉന്നയിച്ച് ഇന്നലെ നൂൽപ്പുഴ പഞ്ചായത്തിൽ സർവ്വ കക്ഷി ആക്ഷൻ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഹർത്താലും ആചരിച്ചു. കടകമ്പോളങ്ങളൊന്നും ഇവിടെ തുറന്നില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചില്ല.

അക്രമസ്വഭാവം കാണിച്ച് കൊണ്ടുള്ള വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലെ കയ്യേറ്റത്തെ ഒരിക്കലും ന്യായീകരിക്കാൻ കഴിയില്ലെന്നാണ് പ്രകൃതി സംരക്ഷണ സമിതിയും കുറ്റപ്പെടുത്തുന്നത്. വനപാലകരെയും വനം സംരക്ഷണ പ്രവർത്തകരായ ആദിവാസികളെയും വനത്തിൽ പീഡിപ്പിച്ച സംഭവം പ്രതിഷേധാർഹമാണ്. എന്നിട്ടും ഇവർക്കെതിരെ നടപടി വൈകിയതും പ്രതിഷേധത്തിന് വഴി വച്ചിട്ടുണ്ട്. വനത്തിൽ സർവ്വ സന്നാഹങ്ങളുമായി നിലയുറപ്പിച്ച ആദിവാസികളെ കീഴ്പ്പെടുത്താൻ കഴിയാത്ത ഭരണകൂടത്തിന്റെ ദൈന്യതയും വിമർശനവിധേയമായിട്ടുണ്ട്.

ആദിവാസി ഗോത്രമഹാസഭയുടെ പേരിൽ ഇന്നലെ വനത്തിൽ അരങ്ങേറിയ ഏറ്റുമുട്ടലിന്റെ പിന്നിൽ പുറമെ നിന്നുള്ള ചില ശക്തികളാണെന്ന് പോലീസിന് സൂചന ലഭിച്ചതായും അറിയുന്നു. പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗം ഇതേക്കുറിച്ച് അന്വേഷണം ഊർജ്ജിതമാക്കി.

വനത്തിൽ ആറ് മാസത്തേക്കുള്ള ഭക്ഷണസാധങ്ങളുമായാണ് ആദിവാസികൾ കയ്യേറ്റത്തിന് എത്തിയത്. അമ്പും വില്ലും ഉൾപ്പെടെയുള്ള മാരകായുധങ്ങൾ ഓരോ കുടിലുകളിലും ഇവർ സ്റ്റോക്ക് ചെയ്തിരുന്നു. ഇന്നലെ പോലീസും നാട്ടുകാരും നടത്തിയ തിരച്ചിലിൽ വനത്തിൽ കെട്ടിയ കുടിലുകളിൽ നിന്നായി നൂറ് കണക്കിന് അമ്പും വില്ലുമാണ് കണ്ടെടുത്തത്. ആദിവാസികളുടെ ഐഡന്റിറ്റി കാർഡുകളും പോലീസ് കണ്ടെടുത്തിട്ടുണ്ട്. വയനാട് ജില്ലക്ക് പുറത്ത് നിന്നുള്ള ആദിവാസികളും ഇക്കൂട്ടത്തിൽ ഉണ്ടെന്ന് പോലീസിന് സൂചന ലഭിച്ചു.

നാട്ടുകാരെ വനത്തിലേക്ക് കടക്കാൻ പൊലീസ് അനുവദിക്കുന്നില്ലെങ്കിലും കഷ്ടിതരായ ജനക്കൂട്ടം വനത്തിലേക്ക് ഇരച്ച് കയറി ആദിവാസികൾ വനത്തിൽ തീർത്ത കുടിലുകൾ അഗ്നിക്കിരയാക്കി. കുടിലുകളിൽ ഉണ്ടായിരുന്ന പാത്രങ്ങളും മറ്റും ഇവർ ചിവിട്ടിപ്പൊളിച്ചു. നൂറ് കണക്കിന് കുടിലുകൾ നാട്ടുകാർ ഇന്നലെ തീയിട്ട് നശിപ്പിച്ചു.

പോലീസ് വനത്തിനകത്ത് ഓപ്പറേഷൻ നടത്തുമ്പോഴും എന്തിനും തയ്യാറായി ജനങ്ങൾ മുത്തങ്ങയിലെ ദേശീയപാതക്ക് അരികെ നിലയുറപ്പിച്ചിരുന്നു.



ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എസ്.പി. സിംഗ് മുത്തങ്ങ വനം കത്തിയെരിയുന്നത് നിരീക്ഷിക്കുന്നു

അമ്പിനും വില്ലിനും മുമ്പിൽ തോക്കുകൾ തല താഴ്ത്തി, ഭരണകൂടം നാണിച്ചു

സ്വന്തം ലേഖകൻ

കൽപ്പറ്റ: അമ്പും വില്ലുമേന്തി ബന്ദികളാക്കിയ വനം വകുപ്പ് ഉദ്യോഗസ്ഥർ അടക്കം 21 പേരെയും കൊണ്ട് ആദിവാസികൾ ചൊവ്വാഴ്ച ജില്ലാ കളക്ടർക്ക് മുമ്പാകെ എത്തിയപ്പോൾ നമ്മുടെ ഭരണ കൂടം നാണിച്ച് തല താഴ്ത്തുകയായിരുന്നു. തോക്കുധാരികളായ പോലീസുകാർ ജില്ലാ കളക്ടർക്ക് സമീപം നിലയുറപ്പിച്ചെങ്കിലും സായുധരായ ആദിവാസികൾക്ക് മുമ്പിൽ ഭരണ കൂടം അടിയറവ് പറഞ്ഞത് പോലെയായി സംഭവഗതികൾ.

മുത്തങ്ങയിൽ വന്യജീവി കേന്ദ്രത്തിലെ കയ്യേറ്റ ഭൂമിക്ക് പുറത്ത് വച്ചായിരുന്നു ജില്ലാ കളക്ടർ കെ. ഗോപാലൻ സായുധരായ ആദിവാസികൾ കൈ കെട്ടി കൊണ്ട് വന്ന വനം വകുപ്പ് ഉദ്ദ്യോഗസ്ഥർ അടക്കമുള്ള ബന്ദികളിൽ നിന്ന് തെളിവെടുപ്പ് നടത്തിയത്. തെളിവെടുപ്പിനായി ബന്ദികളെ കൊണ്ട് വന്നപ്പോഴെങ്കിലും സായുധരായ ആദിവാസികളെ വേണമെങ്കിൽ അധികൃതർക്ക് കീഴ്പ്പെടുത്താമായിരുന്നു. എന്നാൽ അതുണ്ടായില്ല. മാത്രമല്ല ആദിവാസികൾ പറഞ്ഞത് അനുസരിക്കാനേ ജില്ലാ കളക്ടർക്ക് പോലും കഴിഞ്ഞുള്ളു.

ബന്ദികളിൽ നിന്ന് എടുത്ത മൊഴിയുടെ പകർപ്പ് വേണമെന്ന് ആദിവാസി ഗോത്രമഹാ പ്രസീഡിയം അംഗങ്ങൾ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടു. ഒടുവിൽ ജില്ലാ കളക്ടർക്ക് അതിനും വഴങ്ങേണ്ടി വന്നു. ആവശ്യപ്പെട്ട കോപ്പി അധികൃതർ ആദിവാസികൾക്ക് നൽകി. അഞ്ച് പേർ അടങ്ങിയ സംഘങ്ങളായാണ് മൊഴിയെടുത്തതിന് ശേഷം ബന്ദികളെ ആദിവാസികൾ വിട്ടയച്ചത്. ആദിവാസികൾക്ക് നേരെ ചെറുവിരൽ അനക്കാൻ സായുധരായ പോലീസ് നേതൃത്വത്തിനും കഴിഞ്ഞതുമില്ല.

ആദിവാസികളുടെ കയ്യേറ്റ ഭൂമിയിലേക്ക് കടക്കാൻ പോലും ജില്ലാ കളക്ടർക്ക് കഴിയാതെ പോയതും നാണക്കേടായി. ചെക്ക് പോസ്റ്റിന് പുറത്ത് വച്ചാണ് ബന്ദികളിൽ നിന്ന് ജില്ലാ കളക്ടർ മൊഴിയെടുത്ത്. തങ്ങളെ കെട്ടിയിട്ട് ക്രൂരമായി മർദ്ദിച്ചെന്ന് വനം വകുപ്പ് ഉദ്ദ്യോഗസ്ഥരും ബന്ദികളായി പിടിക്കപ്പെട്ട വനം വകുപ്പിലെ ജോലികൾ നോക്കുന്ന ആദിവാസികളും ജില്ലാ കളക്ടറോട് പറഞ്ഞിട്ടും നടപടി ഉണ്ടായില്ല. ബന്ദികൾ പറഞ്ഞ കാര്യങ്ങൾ കേൾക്കാനും അവ രേഖപ്പെടുത്താനും മാത്രമേ ജില്ലാ കളക്ടർക്ക് കഴിഞ്ഞുള്ളു. ഇതേ തുടർന്നാണ് നാട്ടുകാർ ആദിവാസികൾ കയ്യേറിയ വനത്തിലേക്ക് ഇരച്ച് കയറി ഗോത്രമഹാസഭാ പ്രവർത്തകരെ നേരിടാൻ തുനിഞ്ഞത്. അമ്പും വില്ലുമായി ഗോത്രമഹാസഭാ പ്രവർത്തകർ ഇവർക്ക് നേരെ ചീറിയടുത്തതും ഭരണകൂടത്തിന്റെ മുന്നിൽ വച്ച് തന്നെ അരങ്ങേറിയ സംഭവമാണ്. ചിലർ ഇടപെട്ട് നാട്ടുകാരെ പിന്തിരിപ്പിച്ചത് കൊണ്ട് അനിഷ്ട സംഭവങ്ങൾ ഉണ്ടായില്ല.

വനം വകുപ്പ് ജീവനക്കാരെയും ആദിവാസികളെയും ബന്ദികളാക്കിയ സി.കെ.ജാനുവിനെയും ഗീതാനന്ദനെയും അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ജനങ്ങൾ ദേശീയ പാത ഉപരോധിച്ചു. നൂൽപ്പുഴ പഞ്ചായത്തിൽ ഹർത്താൽ ആചരിച്ചു. തൊട്ടടുത്ത പട്ടണമായ സുൽത്താൻ ബത്തേരിയിൽ പ്രതിഷേധ പ്രകടനവും നടത്തി.

സ്വയംഭരണ പ്രദേശമായി പ്രഖ്യാപിച്ചില്ലെങ്കിലും ഏതാണ്ട് അതേ പോലെയായിരുന്നു മുത്തങ്ങയിലെ കയ്യേറ്റ ഭൂമി. ഇവിടേക്ക് ജില്ലാ കളക്ടർക്ക് പോലും തുടക്കത്തിൽ കടന്ന് ചെല്ലാൻ പറ്റാത്തത് ഗോത്രമഹാസഭയുടെ വിജയമായി. മാത്രമല്ല സി.കെ.ജാനുവും ഗീതാനന്ദനും കളക്ടറുടെ മുമ്പിൽ പ്രത്യക്ഷപ്പെടാനും തയ്യാറായില്ല. ഗോത്രമഹാസഭ പ്രസീഡിയം അംഗങ്ങളായ ഏതാനും പേരാണ് ഭരണകൂടത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടതും.



Vol. No20 Issue No.50 R.No. 44655/86 (R.No. KL/NR/5-59/2003-05) Printed and published by M.S. Ravi from Kaumudi Buildings, Thondayad, Kozhikode-673016 on behalf of Kerala Kaumudi Pvt. Ltd. and Printed at Ravi Printers and Publishers(P) Ltd., Thondayad, Kozhikode-673016, Phone: 0495-2356623,2355752. Fax: 2743973. e-mail:editor@ekaumudi.com Editor: A.P. Viswanathan*, Editor-in-Chief: M.S. Mani. * Responsible for selection of news under the PRB Act.

സ്പോർട്സിനെക്കുറിച്ച് അറിയേണ്ടതെല്ലാം അറിയാൻ
മാതൃഭൂമി സ്പോർട്സ് മാസിക

മാതൃഭൂമി

കേരളത്തിലും ഇന്ത്യയിലും ഒന്നാം സ്ഥാനത്ത്
തൊഴിലവസരങ്ങൾ
ഉപരിപഠനം
മത്സരപരീക്ഷാ സഹായികൾ
പൊതുവിജ്ഞാനം
NO 1 മാതൃഭൂമി തൊഴിൽ വാർത്ത
ആധികാരികം • സമഗ്രം

2003 ഫിബ്രുവരി 20 വ്യാഴം
1178 കുംഭം 8
Mathrubhumi, The National Daily in Malayalam
കോഴിക്കോട് • പേജ് 14 • വില രൂപ 3.25
Kozhikode • Kochi • Thiruvananthapuram • Thrissur • Kannur • Kottayam • Malappuram • Kollam • Mumbai • Chennai • Bangalore
www.mathrubhumi.com

ഉൾപ്പേജുകളിൽ



പേജ് 2
ഏറ്റുമുട്ടലിൽ 35ലേറെ പേർക്ക് പരിക്ക്



പേജ് 3
ചോര വാർന്ന വനഹൃദയം



പേജ് 12
ഇന്ത്യക്ക് കാത്തിരുന്ന ജയം



പേജ് 14
ഇറാഖിൽ 'മനുഷ്യമറ'യാകാൻ കൂടുതൽ വിദേശികളെത്തുന്നു



പോലീസും ഗോത്രമഹാസഭാ പ്രവർത്തകരും ഏറ്റുമുട്ടുന്നു

മരണസംഖ്യ കൂടുതലെന്ന് ദൃക്സാക്ഷികൾ

സ്വന്തം ലേഖകൻ

മുത്തങ്ങ (വയനാട്): മുത്തങ്ങ വനത്തിൽ പോലീസുകാരുടെ വെടിയേറ്റു മരിച്ചവരുടെ എണ്ണത്തിനെറ കാര്യത്തിൽ ആശയക്കുഴപ്പം തുടരുന്നു. ഒരാളേ മരിച്ചിട്ടുള്ളൂവെന്ന് പോലീസ് പറയുമ്പോൾ മരണസംഖ്യ എത്രയോ കൂടുതലാണെന്ന് ദൃക്സാക്ഷികൾ പറയുന്നു. ആദിവാസികൾക്ക് നേരെ ഒമ്പത് ചുറ്റു വെടിവെച്ചെന്നാണ് ഡി.ഐ.ജി. അവകാശപ്പെടുന്നത്. എന്നാൽ, തങ്ങളിൽ രണ്ടുപേരെ ബന്ദിയാക്കിയതിൽ രോഷാകുലരായ പോലീസുകാർ സ്ത്രീകളും കുട്ടികളും വൃദ്ധരുമടങ്ങുന്ന ആദിവാസികൾക്ക് നേരെ തുരുതുരാ വെടിയുതിർക്കുകയായിരുന്നു.

സംഭവസമയത്ത് കൈരളി ടി.വി. ക്കുവേണ്ടി മരത്തിനുമുകളിൽ കയറി രംഗം ചിത്രീകരിക്കുകയായിരുന്ന ഷാജി പട്ടണം അഞ്ചോളം പേർ വെടിയേറ്റു വീഴുന്നത് കണ്ടുവെന്ന് പറയുന്നു. വെടിയേറ്റുവീണ ഒരു ആദിവാസി സ്ത്രീ അടക്കമുള്ളവരെ ലാത്തിയുപയോഗിച്ച് ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. വെടിവെപ്പിൽ 10 പേർ മരിച്ചുവെന്ന ദൃക്സാക്ഷികളെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ യു.എൻ.ഐ റിപ്പോർട്ടു ചെയ്തു. ആദ്യം പോലീസുമായി ബന്ധപ്പെട്ട മാധ്യമപ്രവർത്തകരോട് അഞ്ചു പേർ മരിച്ചുവെന്ന് സമ്മതിച്ച പോലീസ് പിന്നീട് മരണസംഖ്യ രണ്ടാക്കി കുറച്ചു. അവസാനത്തെ 'ഓപ്പറേഷനു' ശേഷം ആദിവാസി ഗോത്രമഹാസഭ ജനറൽ കൺവീനർ എം. ഗീതാനന്ദൻ, സംസ്ഥാന പ്രസിഡിയം അംഗം ജി. അശോകൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ആദിവാസികളും പൂർണമായും ഉംക്കാടുകളിലേക്ക് വലിഞ്ഞു. സംഭവസ്ഥലത്തുണ്ടായിരുന്ന മാധ്യമപ്രവർത്തകരെ പോലീസുകാർ ഓടിക്കുകയും ചെയ്തു. പിന്നീട് കാടിനെറ നിയന്ത്രണം പോലീസുകാരുടെ കൈപ്പിടിയിലൊതുങ്ങി.

ആദിവാസി വിമോചന മുന്നണി ഹർത്താലിന് ആഹ്വാനം ചെയ്തു

ഇരിട്ടി (കണ്ണൂർ): മുത്തങ്ങയിൽ വനഭൂമി കൈയേറിയ ആദിവാസികളെ ഒഴിപ്പിക്കാനുള്ള പോലീസ് നടപടിയിൽ ആദിവാസികൾ കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച് ആദിവാസി വിമോചനമുന്നണി സംസ്ഥാന കമ്മിറ്റി കേരളം ഒട്ടാകെ വ്യാഴാഴ്ച ഹർത്താലിന് ആഹ്വാനം ചെയ്തു. രാവിലെ ആറുമണി മുതൽ രാത്രി 12 വരെയാണ് ഹർത്താൽ. അവശ്യസർവ്വീസുകളെ ഹർത്താലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ബഹുജൻ സമാജ് പാർട്ടിയും ഹർത്താലിനാഹ്വാനം ചെയ്തിട്ടുണ്ട്.

പോലീസുകാരനെ വെട്ടിക്കൊന്നു; വെടിവെപ്പിൽ ആദിവാസി മരിച്ചു

മുത്തങ്ങയിൽ ഏറ്റുമുട്ടൽ; വെടിവെപ്പ്

ടി.വി. രവീന്ദ്രൻ

മുത്തങ്ങ (വയനാട്): വനഭൂമി കയ്യേറിയ ആദിവാസി ഗോത്രമഹാസഭാ പ്രവർത്തകരെ ഒഴിപ്പിക്കാനുള്ള ശ്രമം ഏറ്റുമുട്ടലിലും പോലീസ് വെടിവെപ്പിലും കലാശിച്ചു. ഏറ്റുമുട്ടലിൽവെട്ടേറ്റ കണ്ണൂർ കെ.എ.പി.യിലെ കെ.വിനോദ് പിന്നീട് മരണമടഞ്ഞു. പോലീസ് നടത്തിയ വെടിവെപ്പിൽ മാരൻ (45) എന്ന ആദിവാസിയും കൊല്ലപ്പെട്ടു. യഥാർഥ മരണസംഖ്യകൂടുതലാണെന്ന് ദൃക്സാക്ഷികൾ പറയുന്നു. ആദ്യം അഞ്ച് ആദിവാസികൾ മരിച്ചുവെന്നുപറഞ്ഞ പോലീസ് പിന്നീട് ഒന്നാക്കി തിരുത്തുകയായിരുന്നു. വെടിവെപ്പിലും ലാത്തിച്ചാർജിലും നിരവധി ആദിവാസികൾക്ക് പരിക്കേറ്റിട്ടുണ്ട്. ബുധനാഴ്ച വൈകിട്ടാണ് സംഭവം.

വന്യജീവി സങ്കേതത്തിൽ അവകാശമുറപ്പിച്ച ആദിവാസി ഗോത്രമഹാസഭയിൽപ്പെട്ട ആദിവാസികളെ ഒഴിപ്പിക്കുന്നതിനുള്ള ശ്രമത്തിനിടയിലാണ് പോലീസ് വെടിവെപ്പും ലാത്തിച്ചാർജും നടന്നത്. ബുധനാഴ്ച രാവിലെ ഒഴിപ്പിക്കൽ നടപടി തുടങ്ങിയിരുന്നു. ആദ്യത്തെ ഓപ്പറേഷനുശേഷം വിശ്രമിക്കുകയായിരുന്ന പോലീസിനുനേരെ തിരിഞ്ഞെത്തിയ ഗോത്രമഹാസഭ പ്രവർത്തകർ ആക്രമണം നടത്തി. തോൽപ്പെട്ടി ഫോറസ്റ്റർ ടി.കെ. ശശിധരൻ, കണ്ണൻ, കെ.എ.പി.യിലെ കെ. വിനോദ് എന്നിവരെ ബന്ദികളാക്കി.



കെ.വിനോദ്

ഇവരെ പൊൻകുഴിയിൽ കോഴിക്കോട്-മൈസൂർ ദേശീയപാതയിൽ നിന്നും മുന്നൂറോളം മീറ്റർ ഉള്ളിൽ കാട്ടിലെ ഷെഡ്ഡിൽ കൊണ്ടുവന്നു കിടത്തി. ഇതോടെ പോലീസ് നടപടികൾ നിർത്തിവെച്ചു.

മുത്തങ്ങയിലെ ആദിവാസി കുടിലുകൾ രാവിലത്തെ ഓപ്പറേഷനിൽ വ്യാപകമായി അഗ്നിക്കിരയാക്കിയിരുന്നു. അതിനുത്തരവാദികളായവരുടെ പേരിൽ നടപടിയെടുക്കുക, മുത്തങ്ങയിൽ നിന്നും പോലീസിനെ പൂർണമായും പിൻവലിക്കുക, ആസ്പത്രിയിൽ പ്രവേശിപ്പിച്ച മുഴുവൻ ആദിവാസികളെയും തിരിച്ചെത്തിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് ഇവരെ ബന്ദികളാക്കിയത്. ഇവരോടൊപ്പം പോലീസ് വെടിവെപ്പിൽ പരിക്കേറ്റ ആദിവാസികളായ പി. മാരൻ (35), വേലായുധൻ (20), അനിൽകുമാർ (26) എന്നിവരെയും ഷെഡ്ഡിൽ കിടത്തി ഇരുനൂറോളം വരുന്ന ആദിവാസികളും കാവലിരുന്നു.

ഡോക്ടറെ എത്തിക്കണമെന്ന ആദിവാസി ഗോത്രമഹാസഭയുടെ അഭ്യർഥന തർക്കംകാരണം പരിഗണിക്കപ്പെട്ടില്ല. ആദിവാസികളുടെ ഷെഡ്ഡിലേക്ക് ഡോക്ടറെ അയയ്ക്കില്ലെന്ന നിലപാടായിരുന്നു അധികൃതരുടേത്. പരിക്കേറ്റവരെ പൊൻകുഴിയിലെത്തിക്കണമെന്ന നിർദേശം ആദിവാസികൾ അംഗീകരിച്ചതുമില്ല.

വൈകുന്നേരം 5.25ന് കണ്ണൂർ കെ.എ.പി. കമാണ്ടന്റ് സുരേഷ് രാജ് പുരോഹിതിന്റെ നേതൃത്വത്തിൽ വൻ പോലീസ് സംഘം ആദിവാസികൾ തമ്പടിച്ചിരുന്ന ഷെഡ്ഡിനടുത്തെത്തി അവരോട് കീഴടങ്ങാനാവശ്യപ്പെട്ടു. അതിനു തയ്യാറാകാത്ത അവർ പോലീസിനുനേരെ കല്ലും മുളയും കത്തിയുമെറിഞ്ഞു.

ഇതോടെ പോലീസ് വെടിവെക്കുകയും ലാത്തിച്ചാർജ് നടത്തുകയുമായിരുന്നു. കുട്ടികളും സ്ത്രീകളും വൃദ്ധരും വെടിയും അടിയുംകൊണ്ട് വീഴുകയായിരുന്നു.

ഇതിനിടയിൽ അവശനിലയിലായ പോലീസുകാരൻ വിനോദിനെ ഗോത്രമഹാസഭക്കാർ വീണ്ടും വെട്ടി. ഇയാളെയും ഫോറസ്റ്റർ ശശിധരനെയും ഉടനെ ആസ്പത്രിയിലെത്തിച്ചുവെങ്കിലും വിനോദിന്റെ ജീവൻ രക്ഷിക്കാനായില്ല.

കൊയ്യം ഗവ. ഹൈസ്കൂളിനുസമീപത്തെ കലക്കോട്ടുപുറയിൽ രാമപ്പെരുവണ്ണാന്റെയും കെ.പി. ജാനകിയുടെയും മകനാണ് മരിച്ച വിനോദ് (28). അവിവാഹിതനാണ്.

ബാബു (കൊട്ടില ഗവ. ഹൈസ്കൂൾ അധ്യാപകൻ), രമണി കണ്ണൂർ (റൂറൽ) സംയോജിതശിശുക്ഷേമപദ്ധതി സൂപ്പർവൈസർ) എന്നിവർ സഹോദരങ്ങളാണ്.



'സാർ ദയവായി ഫോട്ടോ എടുക്കരുതേ'

എൻ.വി. പ്രമോദ്

മുത്തങ്ങ (വയനാട്): 'സാർ ദയവായി പടമെടുക്കരുതേ' - മരിച്ച കെ.എ.പി. കോൺസ്റ്റബിളും കെ. വിനോദിന്റെ അവസാന വാക്കുകളായിരുന്നു ഇത്. 'മാതൃഭൂമി'ക്കുവേണ്ടി ഫോട്ടോയെടുക്കാൻ ചെന്ന ബിജോയ് ജോണിനോടാണ് വിനോദ് ഇങ്ങനെ പറഞ്ഞത്. ഫോട്ടോ പത്രത്തിൽ വന്നാൽ വീട്ടുകാർ വിഷമിക്കുമെന്നും അദ്ദേഹം തുടർന്നു.

പടമെടുക്കുമ്പോൾ തല കുനിച്ച വിനോദിന്റെ താടിയിൽ വടിവാൾ വെച്ച് ഗോത്രമഹാസഭ പ്രവർത്തകൻ തല ഉയർത്തിവെയ്ക്കാൻ നിർദേശിച്ചു. അവശനിലയിലാണെങ്കിലും വിനോദിനു തല ഉയർത്താതെ രക്ഷയുണ്ടായില്ല.

ബന്ദിയാക്കിയ പോലീസുകാരൻ കണ്ണൂർ കെ.എ.പി.യിലെ വിനോദ്. ഇയാളെ ആസ്പത്രിയിലേക്ക് കൊണ്ടുപോകും വഴി മരിച്ചു

ദാവൂദിന്റെ സഹോദരനെ ഇന്ത്യക്ക് കൈമാറി

മുംബൈ: അധോലോകതലവൻ ദാവൂദ് ഇബ്രാഹിമിന്റെ സഹോദരനായ ഇബ്ബാൽ ഷെയ്ക് കാസ്റ്റാറിനെയും കൂട്ടാളി ഇജാസ് പത്താനെയും ഇന്ത്യയ്ക്ക് കൈമാറി. ഇജാസ് പത്താൻ മയക്കുമരുന്ന് കള്ളക്കടത്ത് രംഗത്തെ ശക്തമായ കണ്ണിയാണ്. ഇവരുടെ പേരിൽ നിരവധി കേസുകളും ഇന്ത്യയിൽ നിലനില്ക്കുന്നുണ്ട്.

ശരത് ഷെട്ടിയുടെ വധത്തിനുശേഷം പോപ്പുലർ ക്ലബ്ബിൽവെച്ചാണ് ഇവർ അറസ്റ്റിലാകുന്നത്. ഇന്ത്യയുമായി ദുബായ് ഉണ്ടാക്കിയ കൈമാറ്റ കരാർ പ്രകാരമാണ് ഇത്. തൊണ്ണൂറുകളുടെ ആദ്യത്തിലാണ് ഇജാസ് പത്താൻ ദാവൂദ് ഇബ്രാഹിമുമായി അടുത്ത ബന്ധത്തിലാവുന്നത്. ദാവൂദിനുവേണ്ടി കൊലപാതകം, മയക്കുമരുന്ന് കള്ളക്കടത്ത് എന്നിവ നടത്തിയിരുന്ന പത്താൻ 1994-ൽ ദാവൂദുമായി തെറ്റിപ്പിരിഞ്ഞിരുന്നു.

1993-ൽ മുംബൈയിൽ നടന്ന ബോംബ് സ്ഫോടന പരമ്പരയ്ക്കുവേണ്ട ആയുധങ്ങളും സ്ഫോടകവസ്തുക്കളും മുംബൈയിൽ എത്തിച്ചത് ഇജാസ് പത്താൻ ഉൾപ്പെട്ട സംഘമാണ്.

ബോംബ് സ്ഫോടനക്കേസ് അതിന്റെ അവസാനഘട്ടത്തിലെത്തിയിരിക്കുമ്പോഴാണ്, ഇപ്പോഴും കിട്ടാനുള്ള മുപ്പത്തിനാല് പ്രതികളിൽ പ്രമുഖനായ ഇജാസ് പത്താനെ ഇന്ത്യയ്ക്ക് ലഭിക്കുന്നത്. ബുധനാഴ്ച അർദ്ധരാത്രിയോടെ ഇവരെ മുംബൈയിൽ എത്തിക്കും.

സംഘർഷത്തിന്റെ മണിക്കൂറുകൾ

- അതിരാവിലെ തന്നെ മുത്തങ്ങയിലെ കയ്യേറ്റഭൂമിക്കരികിൽ പോലീസ്, വനംവകുപ്പ് സേനകളെ വിന്യസിക്കുന്നു.
- 8.30: പോലീസ് കയ്യേറ്റഭൂമിയിലേക്ക് നീക്കംതുടങ്ങി.
- 9.30: ഇരുവശവും ശ്രദ്ധിച്ച് വളരെ സാവധാനം നീങ്ങിയ സേന ആദിവാസികളെ കാടുവെട്ടുകയും നിലം ചെത്തിവൃത്തിയാക്കുകയും ചെയ്യുന്ന സ്ഥലത്തെത്തി.
- 9.45: പോലീസ് കണ്ണീർവാതകപ്രയോഗം തുടങ്ങി. ആദിവാസികളുമായുള്ള സംഘർഷത്തിൽ മൂന്ന് പോലീസുകാർക്ക് വെട്ടേറ്റു.
- 9.50: കുടിലുകൾക്കും കുറ്റിക്കാടുകൾക്കും തീയിട്ട് ആദിവാസികളെ ചെറുത്തുനിൽപ്പ് ശക്തമാക്കി.
- 10.00: സംഘടിച്ചുനിന്ന ആദിവാസികളെ തുരത്തിയോടിക്കുന്നു.
- 11.30: ആദിവാസികളെ തുരത്തി കാടുകയറിയ സേന വിശ്രമിക്കാനും ഭക്ഷണം കഴിക്കാനുമായി തിരിച്ചിറങ്ങുന്നു.
- 12.30: രണ്ട് പോലീസുകാരേയും വനപാലകരേയും ആദിവാസികളെ ബന്ദികളാക്കി.
- 12.45: പോലീസ് വെടിവെക്കുന്നു; മൂന്ന് ആദിവാസികൾക്ക് പരിക്കേറ്റു.
- 1.00: സാരമായി പരിക്കേറ്റ ബന്ദികളിലൊരാളെ വിട്ടുകൊടുക്കുന്നു.
- 2.00: വെടിയേറ്റ ആദിവാസികളേയും മുറിവേറ്റ ബന്ദികളേയും ചികിത്സിക്കാൻ ഗോത്രമഹാസഭ ഡോക്ടറുടെ സേവനം ആവശ്യപ്പെടുന്നു.
- 3.30: ബന്ദികളെ കാണാനും ചിത്രമെടുക്കാനും ആയുധമേന്തിയ ആദിവാസികളുടെ അകമ്പടിയോടെ മാധ്യമ പ്രവർത്തകരെ ക്യാമ്പിലേക്ക് കൊണ്ടുപോകുന്നു.
- 5.25: ഇരച്ചെത്തിയ പോലീസ് സേന വെടിവെപ്പും ലാത്തിച്ചാർജും നടത്തുന്നു. മാധ്യമപ്രവർത്തകരെ വിരട്ടിയോടിക്കുന്നു.

സായുധകലാപങ്ങളെ കർശനമായി നേരിടും: മുഖ്യമന്ത്രി

തിരുവനന്തപുരം: വയനാട്ടിൽ ആദിവാസികൾ നടത്തുന്നതുപോലുള്ള സായുധ കലാപങ്ങളെ സർക്കാർ കർശനമായി നേരിടുമെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി മുന്നറിയിപ്പ് നൽകി. രാജ്യത്ത് അവശതയനുഭവിക്കുന്ന നിരവധി വിഭാഗങ്ങളുണ്ട്. അവ പരിഹരിക്കുന്നതിന് നിയമാനുസൃതമായ മാർഗങ്ങളാണ് തേടേണ്ടത്. അതിനു പകരം എല്ലാ നിയമങ്ങളേയും സമൂഹത്തേയും വെല്ലുവിളിക്കുന്ന കലാപങ്ങൾ നടത്താൻ ആരേയും അനുവദിക്കുകയില്ലെന്ന് മന്ത്രിസഭായോഗത്തിനുശേഷം അദ്ദേഹം പത്രലേഖകരോട് പറഞ്ഞു.

ഇതുവരെ ഒരു പോലീസുകാരനും ഒരു ആദിവാസിയും മരിച്ചുവെന്നാണ് സർക്കാരിനു ലഭിച്ച റിപ്പോർട്ട്.

സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടാണ് വയനാട്ടിലെ മുത്തങ്ങയിൽ നടന്ന അനിഷ്ട സംഭവങ്ങൾക്ക് കാരണമെന്ന കെ. കരുണാകരന്റെ വിമർശനം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ''ഞാനിപ്പോൾ ഒരു ആത്മകഥ എഴുതാൻ ആഗ്രഹിക്കുന്നില്ല'' എന്നായിരുന്നു ആന്റണിയുടെ മറുപടി.

മന്ത്രിമാരെ തട്ടിക്കൊണ്ടുപോകാനും പദ്ധതിയിട്ടിരുന്നു

തിരുവനന്തപുരം: മന്ത്രിമാരേയും 'ജിമ്മി'ൽ പങ്കെടുക്കാൻ എത്തിയിരുന്ന വിദേശികളേയും തട്ടിക്കൊണ്ടുപോകാൻ ആദിവാസികൾ പദ്ധതിയിട്ടിരുന്നതായി മുഖ്യമന്ത്രി എ. കെ. ആന്റണി മന്ത്രിസഭായോഗത്തെ അറിയിച്ചു. വയനാട്ടിൽ സമരം ചെയ്യുന്ന ആദിവാസികൾക്ക് ആന്ധ്രയിലെ പീപ്പിംസ് വാർ ഗ്രൂപ്പുമായി ബന്ധമുണ്ടെന്ന സംശയം രാജൻമഥേക്കർ പ്രകടിപ്പിച്ചു. എന്നാൽ ഇവർക്ക് വിദേശ ഏജൻസികളിൽ നിന്ന് പണം ലഭിക്കുന്നുണ്ടോയെന്ന കാര്യം അറിവില്ല. പീപ്പിംസ് വാർ ഗ്രൂപ്പിന്റെ രീതിയിലുള്ള പ്രവർത്തനങ്ങളാണ് മുത്തങ്ങയിൽ നടക്കുന്നത്.

വാക്സിനുപകരം ഇൻസുലിൻ കുത്തിവയ്പ്: 223 പേർ ആസ്പത്രിയിൽ

തിരുവനന്തപുരം: ഹൈപ്പറ്റൈറ്റീസ് വാക്സിന് പകരം ഇൻസുലിൻ കുത്തിവച്ചതിനെത്തുടർന്ന് കുട്ടികളടക്കം 223 പേർ തളർന്നുവീണു. രക്തത്തിൽ പഞ്ചസാരയുടെ അളവ് കുറഞ്ഞതിനെത്തുടർന്നാണ് ഇവർ കുഴഞ്ഞുവീണത്. 198 പേരെ എസ്.എ.ടി. ആശുപത്രിയിലും ബാക്കിയുള്ള 25 പേരെ ജനറൽ ആസ്പത്രിയിലും പ്രവേശിപ്പിച്ചിരിക്കുകയാണ്. ചികിത്സയിൽ കഴിയുന്ന രണ്ടു കുട്ടികളുടെ നില ഗുരുതരമാണ്.

സംഭവവുമായി ബന്ധപ്പെട്ട് ഒരു ഡോക്ടറടക്കം ആറുപേരെ സസ്പെൻറ് ചെയ്തിട്ടുണ്ട്. ആരോഗ്യവകുപ്പ് സെക്രട്ടറി രാമമൂർത്തി അന്വേഷണം നടത്തുമെന്ന് മന്ത്രി പി. ശങ്കരൻ പറഞ്ഞു.

കല്ലിയൂർ പഞ്ചായത്തിലെ തെറ്റിവിള പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മഞ്ഞപ്പിത്തത്തിനെതിരെ നടത്തിയ കുത്തിവയ്പ്പിലാണ് മരുന്നുമാറി ഇൻസുലിൻ നൽകിയത്. ആരോഗ്യവകുപ്പധികൃതർ പൊവ്വാഴ്ച സംഘടിപ്പിച്ച സൗജന്യമെഡിക്കൽ ക്യാമ്പിലാണ് മരുന്നുമാറി നൽകിയത്.

മാതൃഭൂമി-എസ്കോട്ടൽ
ജനശബ്ദം
ഇന്നലത്തെ സർവെ ഫലം*
മുത്തങ്ങ വനഭൂമിയിൽനിന്ന് ആദിവാസി ഗോത്രസഭക്കാരെ ഒഴിപ്പിക്കാത്ത സർക്കാർ നയം ശരിയോ?


ഇന്നത്തെ ചോദ്യം
സിംബാബ്വെയ്ക്കെതിരായ ജയം ഇന്ത്യയുടെ കിരീട സാദ്ധ്യത വർദ്ധിപ്പിക്കുന്നുണ്ടോ?
അഭിപ്രായം രേഖപ്പെടുത്താൻ എസ്കോട്ടൽ പരിക്കാർക്ക് 6666ലേക്ക് SMS അയക്കാവുന്നതാണ്.
* സർവെഫലം, എസ്കോട്ടൽ SMS സംവിധാനത്തിൽ മറുപടി നൽകിയവരുടെ അഭിപ്രായം മാത്രമാണ്. ഇതു പൊതുജനങ്ങളുടെ മുഴുവൻ അഭിപ്രായമായി പരിഗണിക്കേണ്ടതില്ല.

മാതൃഭൂമി Adlux
ലോകകപ്പ് ക്രിക്കറ്റ് പ്രവചന മത്സരം
CTV, VCD, HOME THEATRE, DVD...
15 ലക്ഷം രൂപയുടെ സമ്മാനങ്ങൾ
ലോകകപ്പ് വേദിയും പോകാം

◆ കുഞ്ഞമ്മാൻ ◆
"രാജധാനിയിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്ത മന്ത്രിശങ്കരനെ റെയിൽവെ ഉദ്യോഗസ്ഥർ ചോദ്യം ചെയ്തു

സോറി. പണ്ട് ലോകസഭയാന്നു കരുതി രാജ്യസഭയിൽ കയറിയത് പോലെ പറ്റിയതാ

ട്രാജഡി എന്നാൽ... പാകിസ്ഥാൻ പ്രസിഡന്റ് ജനറൽ മുഷാറഫിന്റെ സംശയം തീർത്ത കുട്ടി.
പേടിത്തൊണ്ടൻ പേടിയുടെ കാരണങ്ങൾ
മുബുന്മാർ
നേർവഴ, പ്രശ്നവശാൽ, കലികാലം.കോം, ക്ലിക്ക്, ചുറ്റുവട്ടം.
മണ്ടുസ്, ഉണ്ണികുട്ടൻ, കുട്ടേട്ടനും കുട്ടികളും
നമ്മുടെ ഭൂമി
2003 ഫിബ്രുവരി 21 വെള്ളി

അനന്തമായി നീളുന്ന ആദിവാസി ഭൂമിപ്രശ്നം

ടി. സോമൻ

കുടിയേറ്റ കർഷകരുടെയും തോട്ടം ഉടമകളുടെയും ആസൂത്രിതമായ ചൂഷണപരമ്പരകളിൽനിന്ന് ആദിവാസികളുടെ നഷ്ടങ്ങളുടെ കഥ തുടങ്ങുന്നു. ഉടയാളരുടെ അധികാരസ്വരത്തോടൊപ്പം ലഹരിപകർന്ന വാഗ്ദാനങ്ങളും കൂടിയായപ്പോഴും ആദിവാസികൾക്ക് നഷ്ടമായത് സ്വന്തം ഭൂമി തന്നെയായിരുന്നു. പൈതൃകത്തിന്റെ ചിഹ്നങ്ങളായകാടുകളും കൺമുന്നിൽ വെട്ടിവെളുപ്പിക്കുമ്പോഴും അവർ ഒന്നുകിൽ ലഹരിയുടെ ഇരുട്ടിലായിരുന്നു, അല്ലെങ്കിൽ സ്വന്തം അവകാശങ്ങളെക്കുറിച്ചു ബോധമില്ലാതെ നിസ്സഹായരായി നിൽക്കുകയായിരുന്നു.

1970കളിൽ നക്സലൈറ്റ് പ്രസ്ഥാനം ആദിവാസിമേഖലകളിൽ സജീവമായതോടെയാണ് അവരുടെ അവകാശത്തെക്കുറിച്ച് പുറംലോകം അറിഞ്ഞത്. പോലീസുകാരാൽ വെടിയേറ്റു വീഴ്ത്തപ്പെട്ടവർ ഗീസ് 'അടിയരുടെ പെരുമ നാ'യി മാറി. നക്സലൈറ്റ് നീക്കത്തെ അടിച്ചമർത്തിയെങ്കിലും അന്നു കേരളം ഭരിച്ച മുഖ്യമന്ത്രി സി. അച്യുതമേനോന് ആദിവാസികളുടെ ഭൂമി അവർക്ക് തിരിച്ചു നൽകണമെന്ന കാര്യത്തിൽ നിർബന്ധബുദ്ധിയുണ്ടായിരുന്നു.

1975-ൽ കേരളപട്ടികവർഗ ഭൂമികൈമാറ്റ നിയന്ത്രണ നിയമം (അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകലും) കേരള നിയമസഭ പാസാക്കിയത് ഇതിന്റെ അനന്തര ഫലമായാണ്. 1960 മുതൽ മുൻകാല പ്രാബല്യത്തോടെ നിയമം നടപ്പിലാക്കാനാണ് വിഭാവനം ചെയ്തത്. 1975 നവംബർ 17ന് ഇതിന് രാഷ്ട്രപതിയുടെ അംഗീകാരവും ലഭിച്ചു. ആദിവാസികളെ സംബന്ധിച്ചിടത്തോളം ഒരു ചിരകാല സ്വപ്നം സാക്ഷാത്കരിക്കുന്ന വിധമുള്ള നിർദേശങ്ങളാണ് നിയമത്തിലുണ്ടായിരുന്നത്. പക്ഷെ അതുകൊണ്ടുതന്നെ ഇതിനെതിരായ നീക്കവും ശക്തമായി.

പിന്നീട് അധികാരത്തിലേറിയ ഓരോ സർക്കാറും ആദിവാസി ഭൂമിനിയമത്തിനു ചട്ടങ്ങളും ഉണ്ടാക്കുന്ന കാര്യത്തിൽ അലംഭാവം കാട്ടി. രാഷ്ട്രപതി അംഗീകരിച്ച നിയമത്തിനു ചട്ടങ്ങളുണ്ടാക്കാൻ പത്തുവർഷം കാത്തിരിക്കേണ്ടിവന്നതിനു കാരണം രാഷ്ട്രീയ കക്ഷികളുടെ ആസൂത്രിതമായ ഇടപെടലുകളും കൊണ്ടുമാത്രമാണ്.

1986-ൽ നിയമം നടപ്പിൽ വരുത്താനുള്ള ചട്ടങ്ങളുണ്ടാക്കി. പക്ഷെ 1960 മുതൽ പ്രാബല്യത്തിൽ വരുമെന്ന വ്യവസ്ഥയിൽ വെള്ളം ചേർത്തു. 1982 മുതലേ മുൻകാല പ്രാബല്യമുണ്ടാകൂ എന്ന നിബന്ധന കൊണ്ടുവന്നു. എന്നിട്ടും സർക്കാർ അതുപോലും നടപ്പിലാക്കിയില്ല.

തുടർന്നാണ് ആദിവാസി ഭൂമിസമരത്തിന്റെ രണ്ടാംഘട്ടമെന്നു വിശേഷിപ്പിക്കാവുന്നവിധം വയനാട്ടുകാരനും ആദിവാസി അല്പാത്തവ്യക്തിയുമായ ഡോ. നല്ലതമ്പി തേര 1987-ൽ നിയമം നടപ്പാക്കണമെന്നാവശ്യപ്പെട്ട് കോടതിയിൽ ഹർജി സമർപ്പിച്ചത്. 1993 ഒക്ടോബറിൽ ആറുമാസത്തിനകം നിയമം നടപ്പിലാക്കാൻ കോടതി ഉത്തരവിട്ടു. പക്ഷേ അന്ന് അധികാരത്തിലുണ്ടായിരുന്ന യു.ഡി.എഫ് സർക്കാർ ഓരോ തവണയും അവധി നീട്ടിവാങ്ങിക്കൊണ്ട് പ്രശ്നം വീണ്ടും രണ്ടര വർഷത്തോളം നീട്ടി. 1996 ഏപ്രിലിൽ നിയമം നടപ്പാക്കാനുള്ള അന്ത്യശാസനം കഴിഞ്ഞു. തുടർന്ന് ഉണ്ടായേക്കാവുന്ന അവസ്ഥയെ മറികടക്കാൻ 1996 സപ്തംബർ 30ന് ഭരണത്തിലുള്ള ഇടതു സർക്കാരും പ്രതിപക്ഷവും ചേർന്ന് ആദിവാസി നിയമ ഭേദഗതി ബിൽ പാസാക്കി. ആദിവാസികളുടെ താല്പര്യങ്ങൾക്കു പകരം ആദിവാസി ഭൂമി കയ്യേറിയവരുടെ താല്പര്യം സംരക്ഷിച്ചുകൊണ്ടുള്ള ഈ ഭേദഗതിക്കെതിരെ കെ. ആർ. ഗൗരിയമ്മ മാത്രമാണ് വിയോജിപ്പ് പ്രകടിപ്പിച്ചത്. 1997ൽ രാഷ്ട്രപതി കെ. ആർ. നാരായണൻ ബിൽ ആദിവാസി വിരുദ്ധമാണെന്നു പറഞ്ഞ് ഹൈക്കോടതി തള്ളി. സർക്കാർ ഹൈക്കോടതി നടപടിക്കെതിരെ സുപ്രീംകോടതിയിൽനിന്നും സ്റ്റേ വാങ്ങി. അതു നീക്കാൻ ഒട്ടേറെ ഹർജികളും സുപ്രീംകോടതിയിൽ സമർപ്പിക്കപ്പെട്ടു. ഇതിനിടെയാണ് 2001 ആഗസ്ത് 30ന് ജാനുവിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം തുടങ്ങിയത്.

ജാനുവിന്റെ ആദ്യത്തെ സമരം ഒത്തുതീർപ്പിൽ കലാശിച്ചുവെങ്കിലും രണ്ടാംഘട്ട സമരമാണ് ഇപ്പോഴും ഏറ്റുമുട്ടലിൽ എത്തിനിൽക്കുന്നത്.



വെട്ടേറ്റ് മെഡിക്കൽ കോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിച്ച പോലീസുകാരൻ വിനോദ്കുമാർ



വെട്ടേറ്റ് മെഡിക്കൽ കോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിച്ച പോലീസുകാരൻ അബ്ബൂംസലാം

പ്രശ്നം വഷളാക്കിയത് സർക്കാറിന്റെ മെല്ലെപ്പോക്ക്

കോഴിക്കോട്: ആദിവാസികൾക്ക് ഭൂമി നല്കുന്ന പ്രശ്നത്തിൽ ആത്മാർഥതയില്ലാത്ത നയം സ്വീകരിച്ച സർക്കാറിന്റെ ചെയ്തികളാണ് മുത്തങ്ങ വനഭൂമി കൈയേറ്റത്തിലും തുടർന്നുണ്ടായ അനിഷ്ടസംഭവങ്ങളിലും കൊണ്ടെത്തിച്ചത്. നീലഗിരി ജൈവമേഖലയിലെ തന്ത്രപ്രധാനമായ ഒരു ഭാഗം ആയുധധാരികളായ ആദിവാസികൾ ഒന്നരമാസമായി കൈവശം വെച്ചിട്ടും പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സർക്കാറിന് കഴിഞ്ഞില്ല. വന്യമൃഗങ്ങൾക്ക് ഭീഷണിയാവുകയും കാട്ടിൽ തീ പടരുകയും വനപാലകരെ ബന്ദികളാക്കുകയും ചെയ്തപ്പോഴാണ് അധികൃതർ ഉണർന്നത്. പോരാട്ടത്തിന് സർവ സജ്ജരായിരുന്ന കാടിന്റെ മക്കളോട് ബലപ്രയോഗമല്ലാതെയുള്ള മറ്റു മാർഗങ്ങളെല്ലാം അപ്പോഴേക്കും അടയുകയും ചെയ്തു.

സെക്രട്ടേറിയറ്റിനു മുന്നിൽ ഒരു മാസത്തിലേറെ നീണ്ട കുടിൽകെട്ടി സമരത്തിനൊടുവിൽ 2001 ഒക്ടോബർ 16നാണ് ഒത്തുതീർപ്പു വ്യവസ്ഥകളായത്. ഇതു പാലിക്കുന്നതിൽ സർക്കാറിന്റെ ഭാഗത്തുനിന്ന് വലിയ താൽപ്പര്യമുണ്ടായില്ല. ചില നടപടികൾ സ്വീകരിച്ച് ആദിവാസികളെ തൽക്കാലം തൃപ്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ചില സ്ഥലങ്ങൾ മാർക്ക് ചെയ്തൊഴിച്ചാൽ ഇക്കാര്യം സജീവമായി പരിഗണിക്കുന്നുണ്ടെന്ന ഒരു സൂചനയും ഉണ്ടായിരുന്നില്ല. ഇതോടെ പ്രകോപിതരായ ആദിവാസികൾ ഗോത്രമഹാസഭയുടെ അധ്യക്ഷ സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ മുത്തങ്ങ വന്യജീവി സങ്കേതം കൈയേറുകയായിരുന്നു.

ഉത്സവത്തിനു പോകുന്ന ആനന്ദത്തോടെയും വേണ്ടിവന്നാൽ പോരാട്ടത്തിനൊരുങ്ങാനുള്ള ആയുധസന്നാഹങ്ങളോടെയും രണ്ടായിരത്തിലേറെപേർ കഴിഞ്ഞ ജനവരി അഞ്ചാം തിയ്യതിയോടെ കാട് കൈയടക്കി. ആദ്യത്തെ മൂന്നു ദിവസത്തിനുള്ളിൽ 500 ലേറെ കുട്ടികളാണ് ഇവിടേക്ക് എത്തിയത്. ഇവിടം സ്വയംഭരണ പ്രദേശമായി ആദിവാസികൾ പ്രഖ്യാപിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുമായല്ലാതെ ഇനി ഒരു ചർച്ചയും ഇല്ലെന്നായിരുന്നു സി.കെ. ജാനുവിന്റെ നിലപാട്.

പക്ഷേ, കാര്യങ്ങൾ കൈവിട്ടുപോകുന്ന കാഴ്ചയാണ് തുടർന്നുള്ള ദിവസങ്ങളിൽ കണ്ടത്. ആദിവാസികോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയും ആയുധ പരിശീലനം നേടുകയും ചെയ്യുന്ന ചില തീവ്രവാദി ഗ്രൂപ്പുകളായിരുന്നു ഇതിനു പിന്നിലെന്ന സംശയം ബലപ്പെട്ടു. അമ്പും വില്ലും മറ്റ് ആയുധങ്ങളുമായി വമ്പിച്ച ഒരു കാവൽ നിരതന്നെ ആയിരത്തിൽ പരം ഏക്കറിൽ സർവ സജ്ജരായി നിന്നു. ജില്ലാതലങ്ങളിലും മറ്റും നടന്ന ചർച്ചകൾ എങ്ങുമെത്താതിരിക്കെ വനഭൂമിയിൽ തീപ്പിടുത്തമുണ്ടാവുകയും അത് നിയന്ത്രിക്കാനെത്തിയ വനപാലകരും പടമെടുക്കാനെത്തിയ ഫോട്ടോഗ്രാഫർമാരുമടക്കം 21 പേരെ ബന്ദികളാക്കുകയും ചെയ്തു. പിറ്റേന്ന് ഇവരെ വിട്ടയച്ചെങ്കിലും മിക്കവർക്കും മർദനമേറ്റ പരിക്കുകളുണ്ടായിരുന്നു. അതിനിടെ ആദിവാസികൾക്കെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് സർവകക്ഷി ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നൂറു കണക്കിന് നാട്ടുകാർ രംഗത്തിറങ്ങിയതോടെ മുത്തങ്ങ സംഘർഷഭൂമിയായി മാറുകയായിരുന്നു.

ഈ സമരത്തിനു പിന്നിൽ സംഘടിതമായ മറ്റു ചില സംഘടനകളുണ്ടെന്ന് നാട്ടുകാർതന്നെ ആരോപിക്കുകയുണ്ടായി. സമരം നയിക്കുന്ന ചിലർക്ക് ആസ്ത്രയിലെ പീപ്പിംസ് വാർ ഗ്രൂപ്പ് എന്ന നക്സലൈറ്റ് സംഘടനയുമായി ബന്ധമുണ്ടെന്നുപോലീസിന് വിവരം ലഭിച്ചിരുന്നു. കേരളത്തിലെന്നെ ചില തീവ്രവാദി സംഘടനകളുടെ പിൻബലവും ഇവർക്കുണ്ടെന്ന് കരുതപ്പെടുന്നു. ജാനുവിനെ മുൻനിർത്തി മറ്റു ചില ശക്തികളാണ് കളിക്കുന്നതെന്ന നിഗമനവും ശക്തമാണ്. വയനാട് പ്രകൃതി സംരക്ഷണ സമിതിയും ഇക്കാര്യം ആരോപിക്കുകയുണ്ടായി.

മരിച്ചത് ഒരു ആദിവാസിമാത്രം: ഡി.ഐ.ജി.

ബത്തേരി: മുത്തങ്ങയിൽ ബന്ദികളാക്കപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥനേയും പോലീസുകാരനേയും മോചിപ്പിക്കാൻ പോലീസ് നടത്തിയ വെടിവെപ്പിൽ ഒരു ആദിവാസി മാത്രമേ മരിച്ചിട്ടുള്ളൂ എന്ന് ഉത്തരമേഖലാ ഡി.ഐ.ജി. ശങ്കർ റെഡ്ഡി പത്രസമ്മേളനത്തിൽ പറഞ്ഞു.

ഈ സംഭവവുമായി ബന്ധപ്പെട്ട് പരിക്കുപറ്റിയ ഒരു സ്ത്രീ അടക്കം അഞ്ച് ആദിവാസികളെ ബത്തേരി ഗവ ഞെൻറ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

ബന്ദിയാക്കിയിരുന്ന പോലീസുകാരൻ വിനോദ് (28), ആദിവാസി മാരൻ (45) എന്നിവരാണ് മരിച്ചത്. ബന്ദികളെ മോചിപ്പിക്കാൻ ആദ്യം റബ്ബർ ബുള്ളറ്റുകളും ഉപയോഗിച്ച് വെടിവെച്ചെങ്കിലും സ്ത്രീകളും മാത്രമാണ് പിന്മാറിയത്. ബന്ദികളെ ക്രൂരമായി പീഡിപ്പിക്കുകയും പരിക്കുപറ്റിയ പോലീസുകാരൻ കിടന്ന ഷെഡ്ഡിന് തീവെക്കുകയും പോലീസ് സേനക്കുനേരെ മാരകായുധങ്ങളുമായി ആക്രമണം തുടങ്ങുകയും ചെയ്തപ്പോഴാണ് ബുധനാഴ്ച വൈകുന്നേരം 5.30ന് പോലീസ് ഒമ്പത് റൗണ്ട് വെടിവെച്ചത്. സംഭവസ്ഥലത്തുചുറ്റും 200 മീറ്റർ ചുറ്റളവിൽ കണ്ട പരിക്കേറ്റവരെ മുഴുവൻപേരേയും ആസ്പത്രിയിൽ എത്തിച്ചിട്ടുണ്ട്.

കണ്ണൂർ കെ.എ.പി. നാലാംഗ്രൂപ്പിലെ കമാണ്ടന്റ് സുരേഷ് രാജ് പുരോഹിതിന്റെ നേതൃത്വത്തിലുള്ള പോലീസ് സേനയാണ് ഓപ്പറേഷന് നേതൃത്വം നൽകിയത്. ഈ സമയം 250-ഓളം ആദിവാസി ഗോത്രസഭാ അംഗങ്ങളും ആക്രമിക്കാൻ രംഗത്തുണ്ടായിരുന്നു. നാല്പതോളം ആദിവാസികളെ പോലീസ് അറസ്റ്റുചെയ്തിട്ടുണ്ട്.

മുത്തങ്ങ വനത്തിൽ അതിക്രമിച്ചുകയറിയ അവശേഷിക്കുന്നവരേയും ഒഴിപ്പിക്കാൻ നടപടി തുടരുമെന്ന് ഡി.ഐ.ജി. പറഞ്ഞു. ഡി.ഐ.ജിക്ക് ഒപ്പം സുരേഷ് രാജ് പുരോഹിതും പത്രസമ്മേളനത്തിൽ ഉണ്ടായിരുന്നു.

രണ്ടു പോലീസുകാരും ഫോറസ്റ്റ് റെയ്ഞ്ചറും മെഡിക്കൽ കോളേജിൽ

കോഴിക്കോട്: മുത്തങ്ങയിൽ വനഭൂമി കയ്യേറ്റക്കാരും പോലീസും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ പരിക്കേറ്റ രണ്ട് പോലീസുകാരെയും ഫോറസ്റ്റ് റെയിഞ്ചറെയും മെഡിക്കൽ കോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

കണ്ണൂർ കെ.എ.പി. നാലാം ബെറ്റാലിയനിലെ 4484 നമ്പർ കോൺസ്റ്റബിൾ കണ്ണൂർ ശ്രീകണ്ഠാപുരം മാവില വിനോദ് (29), 4387 നമ്പർ കോൺസ്റ്റബിൾ മലപ്പട്ടം അബ്ബൂസലാം (29) എന്നിവർക്കാണ് പരിക്കേറ്റത്. ഇതിൽ ഇടതുകാലിനും കഴുത്തിനും പിറകിലും വെട്ടേറ്റ അബ്ബൂസലാമിന്റെ നില ഗുരുതരമാണ്. വിനോദിന് ഇടത് കാലിനാണ് വെട്ടേറ്റത്. പരിക്കേറ്റ തോൽപ്പെട്ടി റെയ്ഞ്ചർ പി.കെ. ശശിധരനെ (53) മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തലയ്ക്ക് വെട്ടേറ്റു ഗുരുതരമായ നിലയിലാണ് കാലിനും വെട്ടേറ്റിട്ടുണ്ട്. ശരീരത്തിൽ അമ്പുകൊണ്ട പാടും ഉണ്ട്. വെട്ടേറ്റു മരിച്ച പോലീസുകാരൻ വിനോദിനെപ്പും ശശിധരനെയും മണ്ണെണ്ണ ഒഴിച്ചു നിർത്തിയതായിരുന്നു.

ഡോക്ടറുടെ സേവനം നല്കിയില്ല

മുത്തങ്ങ (വയനാട്): വെടിയേറ്റ ആദിവാസികളെയും മുറിവേറ്റ ബന്ദികളെയും ചികിത്സിക്കാൻ ഡോക്ടറുടെ സേവനം വേണമെന്നുള്ള ഗോത്രമഹാസഭാ പ്രവർത്തകരുടെ അഭ്യർഥന അധികൃതർ ചെവിക്കൊണ്ടില്ല.

ഏറ്റുമുട്ടലിൽ 35 ലേറെ പേർക്ക് പരിക്ക്

ടി.പി. ബാലകൃഷ്ണപിള്ള

സുൽത്താൻബത്തേരി: മുത്തങ്ങയിലെ കൈയേറ്റ വനഭൂമിയിൽ പോലീസ് നടത്തിയ ഒഴിപ്പിക്കൽ നടപടിക്കിടയിലുണ്ടായ ഏറ്റുമുട്ടലിൽ വനിതകളടക്കം 13 പോലീസുകാർക്കും സ്ത്രീകളും കുട്ടികളുമടക്കം 22 ആദിവാസികൾക്കും പരിക്കേറ്റു. പരിക്കേറ്റ രണ്ടു പോലീസുകാരുടെ നില ഗുരുതരമാണ്.

കണ്ണൂർ മലപ്പട്ടം സ്വദേശി അബ്ബൂസലാം (29) കഴുത്തിന് വെട്ടേറ്റ് ഗുരുതരാവസ്ഥയിലാണ്. ഇദ്ദേഹത്തിന്റെ ദേഹത്ത് പന്തംകൊണ്ട് പൊള്ളിക്കുകയും ചെയ്തു. കണ്ണൂർ ഇരിക്കൂർ സ്വദേശിയായ വിനോദി(29)ന്റെ ഇടതുകാലിനാണ് വെട്ടേറ്റത്. വിനോദിനെ ബത്തേരി താലൂക്ക് ആസ്പത്രിയിൽ അടിയന്തര ചികിത്സയ്ക്ക് വിധേയമാക്കി. വനിതാ കോൺസ്റ്റബിൾ മാരായ ശാന്ത (55), ജയകുമാരി (31), ബേബി (36), ഹേമവല്ലി (50), കോൺസ്റ്റബിൾ മാരായ കണ്ണൂർ സ്വദേശി സന്തോഷ് (30), പയ്യന്നൂർ സ്വദേശി സുകുമാരൻ (34), മൂലങ്കാവ് സ്വദേശി അബ്ബൂംഗഫൂർ (31), തലശ്ശേരി സ്വദേശി അകിലേഷ് (28), നെയ്യാറ്റിൻകര സ്വദേശി രാജൻ (30), തലപ്പുഴ എസ്.ഐ. ഉണ്ണികൃഷ്ണൻ എന്നിവർക്കും ഏറ്റുമുട്ടലിൽ പരിക്കേറ്റു.

ആദിവാസികളായ ചീരാൽ സ്വദേശി ബാബു (22), മുഹമ്മദ് (45), കല്ലൂർ കാക്കത്തോട് സ്വദേശി രാജു(23), നെന്മേനിക്കുന്ന് സ്വദേശി അപ്പു (40), തിരുവണ്ണൂർ സ്വദേശി ബാലൻ (27), കാക്കത്തോട് സ്വദേശി ശങ്കരൻ (28), വേണുഗോപാൽ (30), കല്ലൂർ സ്വദേശി ബൊമ്മൻ (30), ചുണ്ടപ്പോടി സ്വദേശി കുഞ്ഞൻ (35), കല്ലുമുക്ക് സ്വദേശി പോളി(35), നമ്പിക്കൊല്ലി സ്വദേശി കറപ്പി (40), ബാലൻ (29), ഭാര്യ ലത (25), ഇരട്ടക്കുട്ടികളായ വിഷ്ണു, വിനീത (5), കണ്ണൻകോട് സ്വദേശി ശാന്ത (23), നമ്പിക്കൊല്ലി സ്വദേശി ശങ്കരൻകുട്ടി (25), തോട്ടാമൂല സ്വദേശി മുരിങ്ങ (40), കൃഷ്ണൻകുട്ടി (38), കല്ലുമുക്ക് സ്വദേശി കാവിലൻ (36), മാനന്തവാടി സ്വദേശി നാഗപ്പൻ (44), രാജൻ (29), എന്നിവർക്കും സംഘട്ടനത്തിൽ പരിക്കേറ്റു. പോലീസുകാരിൽ അധികം പേർക്കും കത്തികൊണ്ടും കോടാലികൊണ്ടുമുള്ള വെട്ടാണ് ഏറ്റത്.

പരിക്കേറ്റവരെ ആശുപത്രിയിലെത്തിച്ച ഉടനെ ബത്തേരി ഗവ. താലൂക്ക് ആസ്പത്രിയിൽ ബത്തേരി സെൻറ് മേരീസ് കോളേജ് കെ.എസ്.യു. യൂണിറ്റ് പ്രസിഡണ്ട് ജോസിന്റെ നേതൃത്വത്തിലെത്തിയ വിദ്യാർഥികളും ബത്തേരി കോ- ഓപ്പറേറ്റീവ് കോളേജ് വിദ്യാർഥികളും രക്തദാനം നടത്തി.

കാലിനു വെടിയേറ്റ നിലയിൽ ആദിവാസിയുവാവ് മുത്തങ്ങ പൊൻകുഴി കോളനിയിലെ സോമനെ (35) മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. വലതുകാൽപാദം പൂർണമായും ചിതറിയ അവസ്ഥയിലാണ്.



വെട്ടേറ്റ് മെഡിക്കൽ കോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിച്ച പോലീസുകാരൻ വിനോദ്കുമാർ

വിനോദിന്റെ മരണം കെ.എ.പി. ക്യാമ്പിൽ മൂകത പരത്തി

മാങ്ങാട്ടുപറമ്പ് (കണ്ണൂർ): മുത്തങ്ങയിൽ വനം കയ്യേറിയ ആദിവാസികളെ ഒഴിപ്പിക്കുന്നതിനിടയിൽ ദാരുണമായി വധിക്കപ്പെട്ട കെ.എ.പി. കോൺസ്റ്റബിൾ കെ.വി. വിനോദിന്റെ മരണവാർത്ത കണ്ണൂർ കെ.എ.പി. ക്യാമ്പിൽ മൂകത പരത്തി. സഹപ്രവർത്തകന്റെ മരണവാർത്ത ഉൾക്കൊള്ളാൻ ക്യാമ്പിലുള്ളവർക്ക് കഴിഞ്ഞില്ല. ബുധനാഴ്ച വൈകിട്ട് 6.30 തോടെയാണ് വിനോദിന്റെ മരണവാർത്ത ഔദ്യോഗികമായി ക്യാമ്പിൽ അറിയുന്നത്. അതിനുമുമ്പുതന്നെ നാടിന്റെ പലഭാഗങ്ങളിൽനിന്നും ക്യാമ്പിലേക്ക് ടെലഫോൺ വിളികളുടെ പ്രവാഹമായിരുന്നു. സംഭവത്തെപ്പറ്റി യഥാർഥ വിവരം ക്യാമ്പിലുള്ളവർക്ക് ലഭിക്കാത്തതിനാൽ ക്യാമ്പിലുള്ളവർ ആശങ്കാകുലരായി.

തെയ്യം കലാകാരൻ കൂടിയായ വിനോദ് നാലുവർഷം മുമ്പാണ് കെ.എ.പി. യിൽ ചേർന്നത്. 2000ൽ ടെയ്നിംഗ് പൂർത്തിയാക്കി. ശ്രുതകർമ്മ സേനയിലായിരുന്നു ആദ്യം സേവനമനുഷ്ഠിച്ചിരുന്നത്. ആറുമാസം മുമ്പാണ് വീണ്ടും കെ.എ.പി. യിൽ വന്നത്. ചൊവ്വാഴ്ച ഉച്ചയ്ക്ക് എ.പി.ഐ. ബാലന്റെ നേതൃത്വത്തിലുള്ള ബറ്റാലിയനിലാണ് വിനോദ് മുത്തങ്ങയിലേക്ക് പുറപ്പെട്ടത്.

അവിവാഹിതനായ വിനോദ് വിവാഹാന്വേഷണം നടത്തി വരികയായിരുന്നു. കൊട്ടിയ ഗവ. ഹൈസ്കൂളം അധ്യാപകനായ സഹോദരൻ ബാബു സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് നിയമനം കാത്തുകഴിയുമ്പോഴാണ് അനുജന്റെ ദാരുണമായ മരണം.

മാധ്യമ പ്രവർത്തകർക്ക് നേരെയും പോലീസ് അക്രമം

മുത്തങ്ങ (വയനാട്): മുത്തങ്ങ വനഭൂമിയിൽ ആദിവാസികളെ ഒഴിപ്പിക്കുന്നത് റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകരെയും പോലീസ് ആക്രമിച്ചു. 'മാതൃഭൂമി'ക്ക് വേണ്ടി ചിത്രമെടുക്കാൻ ചെന്ന കൽപ്പറ്റ അജന്ത സ്റ്റുഡിയോയിലെ ബിജോയ് ജോണിനെ അടിച്ച് പരിക്കേൽപ്പിക്കുകയും ക്യാമറ തകർക്കുകയും ചെയ്തു. വെട്ടേറ്റ് ഗുരുതരാവസ്ഥയിലായ പോലീസുകാരെ റോഡിലെത്തിക്കാൻ വഴികാട്ടിയായിപ്പോയ ബിജോയിയെ റോഡിലെത്തിയപ്പോഴും പോലീസ് മർദിക്കുകയായിരുന്നു. ബുധനാഴ്ച വൈകുന്നേരം നടന്ന പോലീസ് വെടിവെയ്പ് ക്യാമറയിലാക്കിയ കൈരളി ടി.വി.യുടെ ക്യാമറമാൻ ഷാജി പട്ടണത്തെ പോലീസ് ക്രൂരമായി മർദിച്ചു. ഏഷ്യാനെറ്റിനുവേണ്ടി സംഭവം ചിത്രീകരിക്കാനെത്തിയ ക്യാമറാമാനും പോലീസിന്റെ മർദനമേറ്റു.

വെടിയേറ്റ് ആളുകൾ വീണുകിടക്കുന്നിടത്തേക്ക് നീങ്ങിയ മാധ്യമ പ്രവർത്തകരെ ആക്രോശത്തോടെയാണ് പോലീസ് നേരിട്ടത്. തിരിച്ചുപോയില്ലെങ്കിൽ കൊല്ലുമെന്ന് ഭീഷണിമുഴക്കി മാധ്യമ പ്രവർത്തകരെ അടിച്ചോടിക്കുകയായിരുന്നു. സംഭവസ്ഥലത്ത് ചെല്ലാനോ വെടിയേറ്റ് മരിച്ചവരെ കാണാനോ പോലീസ് അനുവദിച്ചില്ല. റോഡിലെത്തിയിട്ടും പോലീസ് പത്രക്കാർക്ക് നേരെ തട്ടിക്കയറി. പത്രക്കാർ സഞ്ചരിച്ച വാഹനങ്ങളും തടഞ്ഞിടുകയും ചോദ്യം ചെയ്യുകയും ഉണ്ടായി.

ഗോത്രസഭ നടത്തിയത് സായുധ ചെറുത്തുനില്പ്

എൻ.വി. പ്രമോദ്

മുത്തങ്ങ (വയനാട്): മുത്തങ്ങ വനഭൂമിയിൽ ആദിവാസികളെ ഒഴിപ്പിക്കാൻ ചെന്ന പോലീസ്- വനപാലക സംഘങ്ങൾക്ക് നേരെ ഗോത്രമഹാസഭ നടത്തിയ ചെറുത്തുനില്പ് നക്സലൈറ്റ് പോരാട്ടങ്ങളെ അനുസ്മരിപ്പിക്കുന്നതായിരുന്നു. പുറത്തുനിന്നുള്ളവരെ നേരിടാൻ നൂറോളം കുടിലുകളും മുളങ്കൂട്ടങ്ങളുള്ളിൽ നിരവധി ഏറുമാടങ്ങളും ആദിവാസികൾ നേരത്തെത്തന്നെ നിർമിച്ചിരുന്നു. കുടിലുകളിലും ഏറുമാടങ്ങളിലും ആക്രമണത്തിന് സർവ സന്നാഹങ്ങളും ഒരുക്കിയിരുന്നു. അമ്പും വില്ലും, കത്തി, മഴു, ഇരുമ്പുപാര, അരിവാൾ, തൂമ്പ, കുറുവടികൾ, മരമുട്ടികൾ തുടങ്ങിയ ആയുധങ്ങൾ കുടിലുകളിലും ഏറുമാടങ്ങളിലും സംഭരിച്ചുവെച്ചു.

ആയുധങ്ങളേന്തിയ സ്ത്രീകളും പുരുഷന്മാരും രാവിലെ മുതലേ പാമ്പിൽ പണിയും കാടുവെട്ടലുമായി നീങ്ങി. രാവിലെ ഒമ്പതു മണിക്കാണ് കീഴടങ്ങാൻ പോലീസ് അറിയിപ്പ് മുഴക്കിയത്. ഗോത്രസഭയുടെ പ്രവർത്തകർ പോലീസിന് കീഴടങ്ങണമെന്നും ഇല്ലെങ്കിൽ ബലം പ്രയോഗിച്ച് കീഴടക്കുമെന്നുമുള്ള അറിയിപ്പ് മുഴങ്ങുമ്പോഴും ഭാവവ്യത്യാസം കൂടാതെ ആദിവാസികൾ നാൽ അമ്പുകൊണ്ടുള്ള ആക്രമണം ഏശിയില്ല. ചില പോലീസുകാർക്ക് പരിക്കേറ്റതോടെ സംഘർഷം രൂക്ഷമായി. കൈയിൽ കിട്ടിയ ആദിവാസികളെ പോലീസ് അടിച്ച് നിലത്തിട്ടു.

പതിനൊന്നരയോടെ അവശേഷിക്കുന്ന ആദിവാസികൾ ഉൾക്കാട്ടിലേക്ക് വലിഞ്ഞു. എന്നാൽ, ഏറെ വൈകാതെ വനപ്രദേശത്തും ഓണംകേറാമൂലയിലെ കോളനികളിലും ജീവിക്കുന്ന ആദിവാസികൾ സംഘടിത ശക്തിയായി ആക്രമണത്തിനിറങ്ങിയത് പോലീസ്-വനപാലക സംഘത്തെ അമ്പരപ്പിച്ചു.

ഉച്ചയോടെ സ്ഥിതിഗതികളാകെ മാറി. കാട്ടിലേക്ക് പിന്മാറിയ ആളുകൾ വനപാലകനെയും പോലീസുകാരനെയും ബന്ദിയാക്കി. ഉച്ചയ്ക്ക് പോലീസ് ഒമ്പത് റൗണ്ട് വെടിയുതിർത്തു. വെടിയേറ്റ മൂന്ന് ആദിവാസികളും ബന്ദികളാക്കിയ രണ്ട് പേരെയുമായി നൂറു കണക്കിന് പ്രവർത്തകർ കത്തിയും അമ്പും വില്ലുമായി എന്തിനും സജ്ജരായി നിലയുറപ്പിച്ചിരുന്നു.

അഞ്ചേകാലോടെ പോലീസ് സേന ഇരച്ചെത്തി വെടിവെപ്പ് നടത്തിയപ്പോഴും സ്ത്രീകളും കുട്ടികളുമടങ്ങുന്ന ആദിവാസി സംഘം സർവശക്തിയുമുപയോഗിച്ച് ചെറുത്തുനിന്നു. മുദ്രാവാക്യങ്ങളുയർത്തി കത്തിയും വടികളുമായി അവർ പോലീസിനെ നേരിട്ടു.

ജുഡീഷ്യൽ അന്വേഷണം വേണം

തിരുവനന്തപുരം: വയനാട്ടിലെ മുത്തങ്ങയിലെ കൂട്ടക്കൊല സർക്കാരിന്റെ പിടിപ്പുകേടിന്റെ ഫലമാണെന്നും സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ആവശ്യപ്പെട്ടു.

**കോ

ചോര വാർന്ന വനഹൃദയം



കയ്യേറ്റക്കാരായ ആദിവാസികളെ പിരിച്ചുവിടാൻ ബുധനാഴ്ച രാവിലെ പോലീസ് ടിയർഗ്യാസ് പ്രയോഗിക്കുന്നു (ചിത്രങ്ങൾ: ബിജോയ് ജോൺ)

ബലിയാടാവുന്നത് ആദിവാസിതന്നെ

കല്പറ്റ: മുത്തങ്ങയിൽ ബുധനാഴ്ച അരങ്ങേറിയ അക്രമസംഭവത്തിൽ ബലിയാടാവുന്നത് ആദിവാസി സമൂഹവും അവന്റെ യഥാർഥ താല്പര്യങ്ങളുംതന്നെ.

സ്വന്തം ഭൂമിയിൽനിന്ന് പറിച്ചെറിയപ്പെട്ട് നിരാലംബനും നിസ്സഹായനുമായി കഴിയുന്ന ആദിവാസിയുടെ രക്ഷയ്ക്കെന്നു പറഞ്ഞാണ് സി.കെ.ജാനുവിന്റെ നേതൃത്വത്തിൽ ആദിവാസി ഗോത്രസഭ രൂപംകൊള്ളുന്നത്. അച്ഛനില്ലാത്ത കുട്ടികളെ പ്രസവിക്കേണ്ട ഗതികേട് ആദിവാസി പെൺകുട്ടികൾക്ക് ചിലർ ജന്മാവകാശമായി പതിച്ചുൽകിയത് ഇനി പഴങ്കഥയാവുമെന്ന് ജാനു പ്രഖ്യാപിച്ചപ്പോൾ ആദിവാസിയുടെ കണ്ണുനീരൊപ്പാൻ അവനുവേണ്ടി പോരാടാൻ ഒരു നേതാവ് ഉയരുകയാണെന്ന് വിശ്വസിക്കപ്പെട്ടു. ആദ്യകാലങ്ങളിൽ ആ നിലയ്ക്കുതന്നെ സഭയുടെ പ്രവർത്തനവും നീങ്ങി. എന്നാൽ ഗോത്രസഭയുടെ പ്രവർത്തനങ്ങളിൽ തീവ്രവാദികളും നുഴഞ്ഞുകയറുകയാണെന്ന് രാഷ്ട്രീയ പാർട്ടികളും ഉൾപ്പെടെ പിന്നീട് ആരോപണവുമായി രംഗത്തെത്തി. സി.കെ.ജാനുവിന്റെ സാമ്പത്തികസ്രോതസ്സും ചോദ്യം ചെയ്യപ്പെട്ടു.

മുത്തങ്ങയിലെ സംഭവവികാസങ്ങളും ഗോത്രസഭ ഒരു തീവ്രവാദി സംഘടനയാണെന്ന് മുദ്രകുത്തുന്നതിലേക്ക് കാര്യങ്ങളും നീക്കിയിരിക്കുന്നു.

ആന്ധ്രയിലും മറ്റും ഇപ്പോഴും സജീവമായ പീപ്പിൾസ് വാർ ഗ്രൂപ്പും കേരളത്തിൽ എഴുപതുകളിൽ ഉയിർക്കൊണ്ട നക്സലൈറ്റ് പ്രസ്ഥാനവും പോലുള്ള മറ്റൊരു സംഘടനയായി ആദിവാസി ഗോത്രസഭയെ കണക്കാക്കാൻ മുത്തങ്ങാ സംഭവം അധികൃതർക്ക് പ്രേരണയായേക്കും.

കേരളത്തിൽ ഓരോ നക്സലൈറ്റ് ആക്രമണങ്ങൾക്കുംശേഷം വയനാട്ടിലുൾപ്പെടെ അരങ്ങേറിയ പോലീസ് ഭീകരവാഴ്ച ആവർത്തിക്കപ്പെടുമോ എന്ന ആശങ്കയിലാണ് ആദിവാസി സമൂഹം.

ഒരു ഭീകരപ്രസ്ഥാനമെന്ന മുദ്ര ഗോത്രസഭയ്ക്ക് ലഭിച്ചുകഴിയുന്നതോടെ ആദിവാസി നേരിടുന്ന യഥാർഥ പ്രശ്നം നാഗരികരെന്ന് അഭിമാനിക്കുന്ന നമ്മുടെ സംസ്കൃതി പഥത്തിൽ നിന്ന് ഒരിക്കൽക്കൂടി അപ്രത്യക്ഷമാവും. ഇതിന്റെ മറവിൽ അവന്റെ മേലുള്ള കുതിരകയറ്റവും ചൂഷണവും നിർബാധം തുടരുകയും ചെയ്യും.



പോലീസ് അടിയേറ്റ് നിലത്ത് വീണുകിടക്കുന്ന ആദിവാസി



വെട്ടിപ്പരിക്കേല്പിച്ചതിനുശേഷം ബന്ദിയാക്കിയ വനപാലകൻ ഗോത്രസഭയുടെ ക്യാമ്പിൽ



പോലീസിന്റെ അടിയേറ്റ് പിഞ്ചുകുഞ്ഞിന്റെ തലപൊട്ടി ചോരഒലിക്കുന്നു

പോരാട്ടത്തിന്റെ മുന്നണിയിൽ ജാനു



അന്യാധീനപ്പെട്ട ഭൂമിക്കായുള്ള ആദിവാസി സമൂഹത്തിന്റെ ശക്തമായ പോരാട്ടത്തിന്റെ മുന്നണിയിൽ സി.കെ.ജാനുവെന്ന സമരനായികയാണുള്ളത്. മൂന്നരലക്ഷം വരുന്ന ആദിവാസി സമൂഹത്തിന്റെ ദുരിതഗാഥകം അവരാണ് അധികാരകേന്ദ്രത്തിന്റെ മുന്നിലെത്തിച്ചത്. പോരാട്ടങ്ങളുടെ വ്യവസ്ഥാപിത മാതൃകകൾക്ക് നേർവിരുദ്ധമായ വഴികളിലൂടെയാണ് ജാനുവിന്റെ സഞ്ചാരം. കാടിന്റെ മക്കളുടെ വികാരങ്ങളും വേദനയും മറ്റാരെക്കാളും അറിയുന്നത് വയനാടിന്റെ മകളായ ജാനുവിന് തന്നെയാണ്. സർവരാലും അവഗണിക്കപ്പെട്ട ആദിവാസി സമൂഹത്തിൽ അവർ കൊളുത്തിയ പന്തം ആളിപ്പടർന്നത് അതിവേഗമാണ്.

ഏഴാം വയസ്സിൽ വയനാട്ടിലെ വെള്ളമുണ്ട ഗ്രാമത്തിൽ ഒരു അധ്യാപികയുടെ വീട്ടുജോലിക്കാരിയായി ജീവിതം തുടങ്ങിയ ജാനു, താനുൾപ്പെടുന്ന സമൂഹത്തിന്റെ കണ്ണുകളിലെ വ്യഥയിൽനിന്ന് ഏറെ പാഠങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടാവണം. 12-ാം വയസ്സിൽ കൂലിപ്പണിക്കിറങ്ങി. ദിവസക്കൂലിയായി കിട്ടുന്ന രണ്ട് രൂപ പട്ടിണി മാറ്റാൻ തികയില്ലെന്ന് വ്യക്തമായപ്പോൾ ജാനു കൂലി കൂടുതൽ ചോദിച്ചു. സമരതീക്ഷ്ണതയുടെ നാളുകൾ അവിടെനിന്നും തുടങ്ങി.

അവകാശങ്ങളും ആവശ്യങ്ങളും ചോദിക്കാനറിയാത്ത ആദിവാസി സമൂഹത്തിന്മുന്നിൽ വാക്കുകൾ കൃത്യമായി പ്രയോഗിക്കുന്ന ജാനുവിൽ സമുദായം ഒരു നാവ് തന്നെ കണ്ടെത്തുകയായിരുന്നു. തുടക്കത്തിൽ സി.പി.എമ്മിന്റെ കൂടെ അവകാശ പോരാട്ടങ്ങൾക്കായി ഇറങ്ങിയെങ്കിലും പിന്നീട് രാഷ്ട്രീയ കാപട്യങ്ങൾ തിരിച്ചറിഞ്ഞ് അവർ പാർട്ടിയിൽനിന്ന് പുറത്തുവന്നു. അതിനുശേഷം കാടുകളും മലമേടുകളും കയറിയിറങ്ങി, ഒറ്റയാൾ പോരാട്ടത്തിനാണ് ജാനു തുടക്കം കുറിച്ചത്. ഓരോയിടത്തെയും പ്രശ്നങ്ങൾ സ്വയം മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞു.

ആദിവാസികളുടെ ഭൂപ്രശ്നം, അതിന്റെ പിന്നിലെ രാഷ്ട്രീയം എന്നിവയെക്കുറിച്ച് ജാനു സുവ്യക്തമായ അവബോധത്തോടെയാണ് എന്നും സംസാരിച്ചിട്ടുള്ളത്. 'ജീവിക്കാനുള്ള സാഹചര്യമുണ്ടാവുക എന്നതാണ് ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാനപരമായ ആവശ്യം. അതിന് വേണ്ടിയാണ് ആദിവാസികൾ ഭൂമി ആവശ്യപ്പെടുന്നത്. അത് ലഭിക്കുന്നതോടെ പ്രശ്നങ്ങൾ തീരുന്നില്ല. ഭക്ഷണം, തൊഴിൽ, വിദ്യാഭ്യാസം, സാംസ്കാരികത്തനിമ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഇനിയും നേടിയെടുക്കാനുണ്ട്'-ജാനു പറയുന്നു.

ഗോത്രസഭയ്ക്ക് പിന്നിൽ പീപ്പിൾസ് വാർ ഗ്രൂപ്പ്?

കോഴിക്കോട്: ആദിവാസി മഹാഗോത്രസഭയ്ക്ക് ആന്ധ്രാപ്രദേശിലെ നിരോധിക്കപ്പെട്ട പീപ്പിൾസ് വാർഗ്രൂപ്പുമായി ബന്ധമുണ്ടെന്ന് ശക്തമായ സൂചന. പി.ഡബ്ല്യു.ജിയിൽനിന്ന് പരിശീലനം ലഭിച്ച ചിലരാണ് ഗോത്രസഭയുടെ പ്രവർത്തനത്തിന് ചുക്കാൻ പിടിച്ചിരുന്നതെന്ന് പറയപ്പെടുന്നു. എന്നാൽ, ആദിവാസികൾ വനം കയ്യേറിയതിനെ തുടർന്നുണ്ടായ സംഭവവികാസങ്ങൾ ബുധനാഴ്ച വഷളാവുമെന്ന് അറിഞ്ഞതോടെ ഇവരെല്ലാം തലേദിവസം തന്നെ മുങ്ങിയിരുന്നു.

ഗോത്രസഭാ പ്രവർത്തകർ ഫോറസ്റ്റ് ജീവനക്കാരെ ബന്ദികളാക്കിയ സമയത്ത് ഇവരുടെ കൈകൾ പിന്നിലേക്ക് കെട്ടിയിരുന്നു. ആന്ധ്രയിൽ പി.ഡബ്ല്യു.ജി സ്വീകരിച്ചുവരുന്ന രീതിയാണിത്. കൊടി ഉയർത്തി തങ്ങളുടെ പ്രവർത്തകർക്ക് അപകട സൂചന നൽകുന്നതാണ് ഗോത്രസഭ സ്വീകരിച്ചുവരുന്ന മറ്റൊരു ശൈലി. ഇതും പി.ഡബ്ല്യു.ജിയുടെ രീതി തന്നെ.

ചില പ്രദേശങ്ങൾ വളഞ്ഞ് അവിടെ തങ്ങളുടെ ഭരണവാഴ്ച നടപ്പാക്കുന്ന പതിവ് പി.ഡബ്ല്യു.ജിക്ക് ഉണ്ട്. മുത്തങ്ങയിലും ഭൂമി കയ്യേറി അത് സ്വന്തമാക്കാനാണ് ഗോത്രസഭാപ്രവർത്തകർ ശ്രമിച്ചത്. സർക്കാർ ഉദ്യോഗസ്ഥരെയും മറ്റും ബന്ദികളാക്കുന്നതും പീപ്പിൾസ് വാർഗ്രൂപ്പ് സ്വീകരിക്കുന്ന തന്ത്രങ്ങളിലൊന്നാണ്.

അടുത്തകാലങ്ങളിലായി പീപ്പിൾസ് വാർ ഗ്രൂപ്പ് പ്രവർത്തകരെന്ന് കരുതപ്പെടുന്നവർ ആദിവാസി ഗോത്രമഹാസഭയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നതായി വയനാട്ടിലെ നാട്ടുകാരും പറയുന്നു.

സഭയുടെ വക്താവായി അടുത്തകാലം അറിയപ്പെട്ടുതുടങ്ങിയ ഗീതാനന്ദൻ മുൻകാല നക്സലൈറ്റ് ആണെന്നാണ് പറയപ്പെടുന്നത്.

എന്നാൽ, ഇയാൾക്ക് പി.ഡബ്ല്യു.ജിയിൽനിന്ന് നേരിട്ട് പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് വാർത്തകളുമുണ്ട്. ഗീതാനന്ദന്റെ പൂർവചരിത്രത്തെക്കുറിച്ച് വയനാട്ടുകാർക്ക് കാര്യമായ അറിവൊന്നുമില്ല.

ഗോത്രമഹാസഭാ പ്രവർത്തകർ വെട്ടിപ്പരിക്കേല്പിച്ച പോലീസുകാരനെ സഹപ്രവർത്തകർ താങ്ങിയെടുത്ത് കൊണ്ടുപോകുന്നു



കയ്യേറ്റ ഭൂമിയിൽ നിന്ന് പിടികൂടിയ ആദിവാസികളെ ആംബുലൻസിൽ ബത്തേരി താലൂക്ക് ആസ്പത്രിയിലെത്തിച്ചപ്പോൾ



പോലീസിന്റെ വെടിയേറ്റ ആദിവാസികളും ഗോത്രമഹാസഭയുടെ ക്യാമ്പിൽ

• സ്വകാര്യം •

'വാറ്റി'ന്റെ പേരിൽ ചിരിയും കരച്ചിലും

ലഹരി മൂത്തപ്പോഴം ഹൈറേഞ്ചിലെ ഒരു മദ്യപൻ അലറി വിളിച്ചു. ഏപ്രിൽ മുതൽ സർക്കാർ വാറ്റു കൊണ്ടുവരും. പിന്നെ കുടിയന്മാർക്കെല്ലാം സുവർണകാലം.

വാറ്റിന്റെ നാനാർഥങ്ങളറിയാത്ത ഗ്രാമീണ ജനങ്ങൾ ആദ്യമൊന്നമ്പരന്നു. മുൻപ് ഒരു ഏപ്രിൽ 1നാണ് ഏ.കെ. ആൻറണി ചാരായം നിരോധിച്ചത്. ഇപ്പോഴിതാ ആറേഴ് വർഷങ്ങൾക്കുശേഷം അതേ മുഖ്യമന്ത്രിതന്നെ മറ്റൊരു ഏപ്രിൽ 1ന് വാറ്റ് തിരിച്ചു കൊണ്ടുവരുന്നു. ഗ്രാമീണർ കാര്യങ്ങളം അപ്പാടെ വിശ്വസിച്ചു. ഒടുവിൽ സാമൂഹ്യശാസ്ത്രവും വാണിജ്യതന്ത്രവും പഠിച്ച ചില ബുദ്ധിജീവികൾ വിശദീകരിച്ചപ്പോഴാണ് വാറ്റിന്റെ പൊരുൾ നാട്ടുകാർക്ക് മനസ്സിലായത്.

സർക്കാർ ആവിഷ്കരിച്ച പുതിയ നികുതിയാണ് 'വാ



റ്റെ'ന്നു മനസ്സിലായതോടെയാണ് വ്യാജൻ വിലസുന്ന നാട്ടിലെ സാധാരണക്കാർക്ക് ആശ്വാസമായത്. പലവഴിയുണ്ടാകുന്ന നികുതി ചോർച്ച തടയാൻ സർക്കാർ ആവിഷ്കരിച്ച പുതിയ നികുതിയാണ് മൂല്യവർധിത നികുതിയെന്ന് ബുദ്ധിജീവികളം അരുംചെയ്തപ്പോഴം മുറുക്കാൻ കട മുതലുള്ള കച്ചവട സ്ഥാപനങ്ങളുടെ ഉടമകളം പക്ഷേ ഞെട്ടി. ഒരുലക്ഷം രൂപാസ്സുമേൽ വിറ്റുവരവുള്ള വ്യാപാരികളം ഈ നികുതി നൽകണം. എന്തായാലും ഈ നികുതിയിൽ നിന്ന് കരകയറാനുള്ള ശ്രമത്തിലാണ് വ്യാപാരികളം. കണക്കപ്പിള്ളമാരുടെ ഓഫീസുകളിൽ ഇപ്പോഴം തിരക്കേറിയിരിക്കുകയാണ്.

വാറ്റിൽ നിന്ന് രക്ഷനേടാൻ വ്യാജവാറ്റിലേക്ക് തിരിഞ്ഞാലോ എന്ന ആലോചനയിലാണത്രെ ഹൈറേഞ്ചിലെ ചില മുറുക്കാൻകടക്കാർ.

അതിബുദ്ധി ആപത്ത്

അതിബുദ്ധി ആപത്ത് എന്ന ചൊല്ല് വ്യക്തികളുടെ കുര്യത്തിൽ മാത്രമല്ല, അവർ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനങ്ങൾക്കും ബാധകമാകുമെന്ന് ഈയിടെ വ്യക്തമായി. 'ഡിഗ്വിജയ് രാജ' എന്ന ചെല്ലപ്പേരിൽ അറിയപ്പെടുന്ന മധ്യപ്രദേശ് മുഖ്യൻ ദിഗ്വിജയ് സിങ്ങ് അവർകളുടെ കാര്യമാണ് പറഞ്ഞുവരുന്നത്.

ഹിന്ദുത്വവുമായി ബി.ജെ.പിയുടെ കോർട്ടിൽ കയറി ഗോളടിക്കാനാണ് ബുദ്ധിശാലി ഡിഗ്വിജയ് തുനിഞ്ഞത്. പക്ഷേ, അദ്ദേഹത്തിന്റെ അതിബുദ്ധി, സ്വന്തം പാർട്ടിയായ കോൺഗ്രസ് പാർട്ടിയെ അത്യഗാധമായ ഒരാപത്തിലേക്ക് തള്ളിയിടുമെന്ന് ചില റിപ്പോർട്ടുകളം സൂചിപ്പിക്കുന്നു.

ബീഫ് അഥവാ ഗോമാംസം, 'നല്ല മൂരി'ന്റെ ഇറച്ചി' എന്നീ അപരനാമങ്ങളിൽ അറിയപ്പെടുന്ന പശുമാംസമാണ് വിഷയം. മൂന്നാം ടേം പിടിക്കാനും ഉമാഭാരതി ഉംപ്പെടെ ഉള്ളവരെ വന്നവഴിക്ക് തുരത്താനുമാണ് ഡിഗ്വിസാർ ബീഫ് എടുത്തു വിളമ്പിയത്. മാംസത്തിനായി വിശുദ്ധ പശുക്കളെ കശാപ്പുചെയ്യുന്നത് നിരോധിക്കുന്നതിൽ ഹിന്ദുത്വക്കാരായ ഭാജ്പകരുക്ക് യാതൊരു താത്പര്യവും ഇല്ല എന്നാണ് ദിഗ്വിജയ് ആരോപണം ഉന്നയിച്ചിരിക്കുന്നത്. പോരാത്തതിന് സ്റ്റേറ്റിലെ യൂത്തൻമാരെക്കൊണ്ട് അടൽസാറിനെ കളിയാക്കി പോസ്റ്ററുകളും പതിപ്പിച്ചു സാബ്. 'ഗായ് ഹമാരാ മാതാ ഹൈ; അടൽ ബിഹാരി ഖാത്താഹൈ' (പശു നമ്മുടെ അമ്മയാണ്. അതിനെയാണ് അടൽസാർ ഫ്രൈ, കറി എന്നിവയാക്കി മൂഷ്യാന്നം തട്ടുന്നത്) എന്നായിരുന്നത്രേപോസ്റ്ററിലെ സാഹിത്യം. സംഭവമറിഞ്ഞ് അടൽ ചൂടായി. അതിഹിന്ദുത്വ ബി.ജെ.പി. ആകെ ഇളകി. മൃദുഹിന്ദുത്വക്കളി നമ്മുടെ നേരെയോ, ശരിപ്പെടുത്തിക്കളയാം എന്നായി ബി.ജെ.പി.

ഗോവധത്തെ നിരോധിക്കാൻ കേരളം മുതൽ കാശ്മീർ വരെ ബാധകമായ നിയമം ബജറ്റ് സമ്മേളനത്തിൽതന്നെ പാസ്സാക്കാനാണത്രെ ബി.ജെ.പി.യുടെ പുറപ്പാട്.

ബില്ല് വന്നാൽ ദിഗ്വിജയ് സിങ്ങിന് എതിർക്കാനാവുമോ? അദ്ദേഹത്തിന്റെ പാർട്ടിയായ മാദ്ധത്തിന്റെ കോൺഗ്രസ്സിന് എതിർക്കാനാവുമോ? എതിർത്താൽ മൃദുഹിന്ദുത്വവോട്ട് പോകും. എതിർത്തില്ലെങ്കിലോ തീവ്രന്യൂനപക്ഷ വോട്ട് പോകും. എന്ത് നിലപാട് എടുത്താലും കുറെ വോട്ട് പോയതുതന്നെ. ഇത്തരം അതിബുദ്ധിമാന്മാർ തന്റെ മക്കം ചുമതല ഏല്ക്കുന്ന കാലത്തെങ്കിലും പാർട്ടിയിൽ ഉണ്ടാവരുത് എന്ന് മാധം കയറി തീരുമാനിച്ചാൽ തെറ്റ് പറയാൻ കഴിയുമോ?

ഒരു അദാലത്തിന്റെ അത്ഭുത ദൃശ്യങ്ങൾ

അധ്യയനവർഷം തീരാൻ എത്രദിവസം ബാക്കിയുണ്ടെന്ന് എണ്ണിത്തിട്ടപ്പെടുത്തേണ്ട കാര്യമില്ല. പരീക്ഷാ നടത്തിപ്പിന്റെ പ്രശ്നങ്ങളും ചുമന്നുനില്ക്കുകയാണ് മാനേജർമാരും പ്രിൻസിപ്പൽമാരും. പക്ഷേ, ദോഷം പറയരുത്. പരീക്ഷാപ്പേടിയില്ലാത്ത വകുപ്പായി മാറിക്കഴിഞ്ഞ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന് ഇപ്പോഴം തിക്കും തിരക്കുമില്ല. പരീക്ഷയൊക്കെ പരീക്ഷാഭവൻ കൊണ്ടുപോയിക്കഴിഞ്ഞു.

ഡയറക്ടറേറ്റ് വിശ്രമിക്കുകയാണ് എന്ന തോന്നൽ ആർക്കുമുണ്ടാകരുതല്ലോ. അതിനാൽ അധ്യാപകരുടെ പ്രശ്നങ്ങം തീർക്കാനുള്ള അദാലത്ത് തന്നെയാകട്ടെ എന്ന് അധികൃതർ തീരുമാനിച്ചു. പൊതുവിദ്യാഭ്യാസവകുപ്പ്



ഡർബാർ ഹാളിൽ ഇതുപോലെയൊരു 'ഡർബാർ' കാണിച്ച് മാതൃകയായിട്ടുണ്ട്. അതിന്റെ ചുവടുപിടിച്ചാണ് ആദ്യം 'ക്ലിനിക്ക്' നടത്തിയത്. അതുകൊണ്ടും പ്രശ്നം തീർന്നില്ലെന്ന് അധികൃതർക്ക് തന്നെ ബോധ്യമായി.

അങ്ങനെയാണ് 'അദാലത്ത്' എന്ന ആശയവുമായി മുന്നിട്ടിറങ്ങിയത്. എല്ലാ ജില്ലകളിൽനിന്നും മാനേജർമാരും പ്രിൻസിപ്പൽമാരും തലസ്ഥാനത്തെത്തണം. പ്രശ്നങ്ങൾക്ക് പരിഹാരമാകുമല്ലോ എന്ന ആശ്വാസത്തിൽ എത്തിച്ചേരുന്നവരാണ് ഇളിഭ്യരായി തിരിച്ചുപോകുന്നത്. അപേക്ഷാഫോം പൂരിപ്പിച്ചു നൽകുക. പഴയ രേഖകളുടെ ഫോട്ടോസ്റ്റാറ്റ് എടുത്തുനൽകുക, വന്ന വണ്ടിയിൽ തിരിച്ചുപോകുക. ഇതാണ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ തുടങ്ങിയ അദാലത്തിന്റെ പ്രത്യേകതയെന്ന് അധ്യാപകർ വിലപിക്കുന്നു. ഒരാംക്കുപോലും ശമ്പളം കിട്ടാൻ നടപടിയില്ല. ഒരു അപ്രൂവൽപോലും ഉറപ്പാക്കുന്നില്ല. പക്ഷേ, 'ക്ലിനിക്കി'ന്റെ ആവർത്തനമാകുമോ എന്നാണ് സംശയം. പക്ഷേ, ഇതുകൊണ്ടും അദാലത്തിന്റെ നടത്തിപ്പുകാർ വിഷമിക്കുന്നില്ല. ചൊറിയും കുത്തിയിരിക്കാതെ ഒരു പണിയായല്ലോ എന്ന ആശ്വാസമാണ് അവർക്ക്.

സിഗരറ്റ് പരസ്യത്തിനു പൂർണ നിരോധനം വരുന്നു

ന്യൂഡൽഹി: സിഗരറ്റ് ഉംപ്പെടെയുള്ള മുഴുവൻ പുകയില ഉൽപ്പന്നങ്ങളുടെയും പരസ്യങ്ങം നിരോധിക്കുന്ന ബില്ലിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നല്കി. നിർദിഷ്ട ബിൽ പാർലമെന്റ് പാസാക്കുന്നതോടെ സ്വകാര്യ ടെലിവിഷൻ ചാനലുകളിലും പുകയില ഉൽപ്പന്നങ്ങളുടെ പരസ്യം സംപ്രേഷണം ചെയ്യുന്നതിനും വിലക്കുവരും. വൈദ്യുത മേഖലയിൽ സ്വകാര്യവത്കരണത്തിന് അനുമതി നല്കുന്ന ബില്ലിനും മന്ത്രിസഭ അംഗീകാരം നല്കി. എതിർപ്പിനു കാരണമായ ബില്ല് ഭേദഗതികളോടെയാണ് മന്ത്രിസഭ അംഗീകരിച്ചിരിക്കുന്നത്.

പാം ഓയിൽ കേസ്

കരുണാകരനെതിരെ വിചാരണയ്ക്ക് ലോക്സഭാ സ്പീക്കറുടെ അനുമതി വേണ്ട

പ്രത്യേക ലേഖകൻ

കൊച്ചി: പാം ഓയിൽ അഴിമതിക്കേസിൽ കോൺഗ്രസ് നേതാവ് കെ. കരുണാകരനെ പ്രോസിക്യൂട്ട് ചെയ്യാൻ ലോക്സഭാ സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്ന് ഹൈക്കോടതി ബുധനാഴ്ച വിധിച്ചു.

കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോളാണ് ചട്ടങ്ങം ലംഘിച്ച് പാം ഓയിൽ ഇറക്കുമതി നടന്നതെന്ന് വിജിലൻസ് ആരോപിക്കുന്നു. കേസിൽ കുറ്റപത്രം നൽകിയപ്പോം കരുണാകരൻ ലോക്സഭാംഗമായി. അതിനാൽ കരുണാകരനെ പ്രോസിക്യൂട്ട് ചെയ്യാൻ ലോക്സഭാ സ്പീക്കറുടെ അനുമതി ആവശ്യമാണെന്ന് വിജിലൻസ് കോടതി ഉത്തരവിട്ടിരുന്നു. ഈ നടപടിയാണ് ഹൈക്കോടതി റദ്ദാക്കിയത്.

അഴിമതി നടത്തുന്നതിനായി കരുണാകരൻ തന്റെ എം പിസ്ഥാനം ദുരുപയോഗപ്പെടുത്തിയതായി ആരോപണം ഇല്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് കീഴ്ക്കോടതി നടപടി ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ റദ്ദാക്കിയത്. ഇതനുസരിച്ച് തിരുവനന്തപുരം വിജിലൻസ് കോടതിക്ക് കേസിന്റെ വിചാരണ തുടങ്ങാം. ചട്ടങ്ങം ലംഘിച്ച് മലേഷ്യയിൽ നിന്ന് പാം ഓയിൽ ഇറക്കുമതി ചെയ്തപ്പോൾ കേരള സർക്കാരിന് 2.8 കോടി രൂപ നഷ്ടമുണ്ടായിട്ടുണ്ടെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ കണ്ടെത്തിയിരുന്നു. ഇതേ തുടർന്നാണ് വിജിലൻസ് കേസ് എടുത്തത്.

മുൻ ഭക്ഷ്യമന്ത്രി ടി.എച്ച്. മുസ്തഫ, മുൻ ചീഫ് സെക്രട്ടറി എസ്. പത്മകുമാർ, മുൻ അഡീ. ചീഫ് സെക്രട്ടറി സക്കറിയ മാത്യു, മുൻ സിവിൽ സപ്ലൈസ് എം.ഡി. ജിജി തോംസൺ, മുൻ ഗവ. സെക്രട്ടറി പി.ജെ. തോമസ് തുടങ്ങിയവരാണ് കേസിലെ പ്രതികം. ഇറക്കുമതിമൂലം സർക്കാരിന് ഉണ്ടായ നഷ്ടം, ഇവരുടെ അധികാര ദുർവിനിയോഗം മൂലമാണെന്ന് വിജിലൻസ് ആരോപിച്ചു.

അപ്പീൽ നല്ലുമെന്ന് കരുണാകരൻ

ന്യൂഡൽഹി: പാമോയിൽ കേസ്സിലുണ്ടായ ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ ഹർജി സമർപ്പിക്കുമെന്ന് മുൻ മുഖ്യമന്ത്രി കെ.കരുണാകരൻ പറഞ്ഞു. പാമോയിൽ ഇറക്കുമതി ചെയ്തതിൽ താൻ യാതൊരു അഴിമതിയും ചെയ്തിട്ടില്ല. അഴിമതി ചെയ്തുവെന്നല്ല, സർക്കാരിന് കിട്ടേണ്ടിയിരുന്ന ലാഭം കുറഞ്ഞുവെന്നാണ് ആരോപണം. കുറ്റവിചാരണ ചെയ്യാൻ ലോക്സഭാ സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്ന കോടതിയുടെ അഭിപ്രായത്തെക്കുറിച്ച് താനൊന്നും പറയുന്നില്ല. ഏതായാലും ഈ വിഷയത്തിൽ അങ്ങേയറ്റം വരെ പോയി ഏറ്റുമുട്ടും-കരുണാകരൻ വ്യക്തമാക്കി.

മുത്തങ്ങയിൽ പോലീസ് നടത്തിയത് മൃഗീയാക്രമണം

മുത്തങ്ങ (വയനാട്): മുത്തങ്ങയിൽ വനഭൂമി കയ്യേറിയ ആദിവാസികളെ ഒഴിപ്പിക്കാൻ ബുധനാഴ്ച വനത്തിലെത്തിയ പോലീസ് മൃഗീയമായാണ് അവരെ നേരിട്ടത്. രാവിലെ പോലീസും വനപാലകസേനയും ഗോത്രമഹാസഭയുടെ ആളുകളും തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടായതിനുശേഷം കാട്ടിലേക്ക് ഉംവലിഞ്ഞ ഗോത്രമഹാസഭയുടെ ആളുകം പന്ത്രണ്ടുമണിയോടെ ഒരു വനപാലകനെയും രണ്ടു പോലീസുകാരെയും ബന്ദിയാക്കി. കത്തികൊണ്ടുള്ള വെട്ടേറ്റ് ഗുരുതരാവസ്ഥയിലായ ഒരു പോലീസുകാരനെ ഗോത്രമഹാസഭയുടെ ആളുകം പിന്നീട് വിട്ടുകൊടുത്തു. ഒരു വനപാലകനെയും പോലീസുകാരനേയും കുടിലിനുള്ളിൽ ബന്ദിയാക്കി ഗോത്രമഹാസഭ ആവശ്യങ്ങളുന്നയിക്കുകയായിരുന്നു. രണ്ടുമണിക്ക് ഡോക്ടറുടെ സേവനം നേതാക്കൾം ആവശ്യപ്പെട്ടെങ്കിലും പോലീസ് കൂട്ടാക്കിയില്ല. ആദിവാസികളെ വെള്ളം കുടിക്കാൻ പോലും അനുവദിച്ചില്ല. രാവിലെമുതലേ ഒട്ടിയ വയറും ദാഹവുമായി സ്ത്രീകളും കുട്ടികളും അടങ്ങുന്ന നൂറിലധികം ആളുകം ബന്ദിയാക്കിവരുടെ ചുറ്റും മഴുവും കത്തിയും അമ്പും മറ്റുമായി കാവൽനിന്നു. വെടിയേറ്റ മൂന്ന് ആദിവാസികളും വേദനതിന്ന് കുടിലിൽ ഡോക്ടറുടെ വരവും കാത്ത് നിൽക്കുകയായിരുന്നു.

5.25-ഓടെ ഇരച്ചെത്തിയ പോലീസ് വനത്തിൽ മൃഗീയമായ ആക്രമണമാണ് അഴിച്ചുവിട്ടത്. പലതവണ വെടി ഉതിർത്തു. സ്ത്രീകളെയും കുട്ടികളെയും തലങ്ങും വിലങ്ങും ഭീകരമായി മർദിച്ചു. നിലത്ത് വീണ സ്ത്രീകളെ കൂട്ടം ചേർന്ന് വളഞ്ഞുനിന്ന് മൃഗങ്ങളെപ്പോലെ തല്ലുകയായിരുന്നു. അടിയേറ്റ് കുറ്റിക്കാട്ടിലേക്ക് ഓടിയവരെ കാടുവളഞ്ഞ് അടിച്ചിട്ടു. വൃദ്ധരേയും വൃദ്ധകളേയും കുട്ടികളേയും പോലീസ് മൃഗീയ ആക്രമണത്തിനിരയാക്കി. സംവേസ്ഥലത്തുചെന്ന മാധ്യമപ്രവർത്തകരേയും ടി.വി. ക്യാമറാമാന്മാരെയും അടിച്ചോടിച്ചു. കേട്ടാലറക്കുന്ന തെറിവിളിയോടെയായിരുന്നു പോലീസ് മാധ്യമപ്രവർത്തകർക്കെതിരെ തിരിഞ്ഞത്.

'മാതൃഭൂമി'ക്കുവേണ്ടി ചിത്രമെടുക്കാനെത്തിയ കൽപ്പറ്റ അജന്ത സ്റ്റുഡിയോയിലെ ബിജോയി ജോണിനെ അടിക്കുകയും ചവിട്ടുകയും ക്യാമറ തല്ലിപ്പൊളിക്കുകയും ചെയ്തു. ടി.വി. ഫോട്ടോഗ്രാഫർമാരെയും അടിച്ചോടിച്ചു. വൈകുന്നേരം നടന്ന പോരാട്ടത്തിനുശേഷം സമനില തെറ്റിയപോലെയായിരുന്നു പോലീസിന്റെ പെരുമാറ്റം.



റൺവേയിൽ പുൽത്തകിടിയ്ക്ക് തീപ്പിടിച്ചു

കരിപ്പൂർ: കരിപ്പൂർ എയർപോർട്ടിൽ റൺവേയിലെ പുൽത്തകിടിയ്ക്ക് തീപ്പിടിച്ചു.

ആ സമയത്ത് ഇറങ്ങേണ്ടിയിരുന്ന വിമാനം അരമണിക്കൂറോളം ആകാശത്ത് വട്ടമിട്ടുപറന്നു. തീക്കെടുത്തിയശേഷമാണ് വിമാനം റൺവേയിൽ ഇറങ്ങിയത്.

ബുധനാഴ്ച ഉച്ചയ്ക്ക് രണ്ടുമണിയോടെയാണ് പുൽത്തകിടിയിൽ തീകണ്ടത്. ബോംബെയിൽനിന്നുള്ള എയർഇന്ത്യാവിമാനം കരിപ്പൂരിൽ ഇറങ്ങേണ്ട സമയമായിരുന്നു. ഇ. അഹമ്മദ് എം.പിയും വിമാനത്തിലുണ്ടായിരുന്നു. തീപ്പിടിത്തകാരണം അറിവായിട്ടില്ല.

കുപ്പിവെള്ളത്തിൽ കീടനാശിനി എട്ട് കമ്പനികളുടെ ലൈസൻസ് റദ്ദാക്കും

ന്യൂഡൽഹി: മിനറൽവാട്ടറിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയതിനെ തുടർന്ന് ബാംഗ്ലൂരിലെ ബിസ്ലേരി ഇന്റർനാഷണൽ പ്ലാന്റ് ഉംപ്പെടെ എട്ട് കുപ്പിവെള്ള നിർമാണ കമ്പനികളുടെ ഐ.എസ്.ഐ. ലൈസൻസ് റദ്ദാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു.

ഡൽഹിയിലെ 'സെൻറർ ഫോർ സയൻസ് ആൻറ് എൻവയൺമെൻറ്' എന്ന സന്നദ്ധസംഘടന നടത്തിയ പഠനത്തിലാണ് മുംബൈ, ഡൽഹി എന്നീ നഗരങ്ങളിൽ വില്ക്കുന്ന നടത്തുന്ന ചില മിനറൽവാട്ടർ ഉല്പന്നങ്ങളിൽ കീടനാശിനിയുടെ അംശം വൻതോതിൽ കണ്ടെത്തിയത്. പഠനം പുറത്തുവന്ന ഉടൻതന്നെ കേന്ദ്ര സർക്കാർ അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. കോത്താരി ബിവറേജസ് (താന), അയൺ എക്സ് ചേഞ്ച് (ന്യൂ മുംബൈ), പെപ്സികോ ഇന്ത്യ ഹോൾഡിങ്ങ് (ബറൂച്ച്), ബിസ്ലേരി ഇൻറർനാഷണൽ (ബാംഗ്ലൂർ), വൈവേ അക്വ (മുംബൈ), സർദുംമിനറൽ വാട്ടർ ആൻറ് സോഡ (ജാംഷഡ്പൂർ), വൈശാലി മിനറൽ വാട്ടർ (ഹാജിപൂർ), സൂര്യത്ത് ബിവറേജസ് (ഭാദ) എന്നീ കമ്പനികളുടെ ഐഎസ് ഐ ലൈസൻസ് റദ്ദാക്കാനാണ് കേന്ദ്രമന്ത്രി ശരത് യാദവ് നിർദേശം നൽകിയിരിക്കുന്നത്.

പോട്ട: പ്രതിപക്ഷം രാജ്യസഭയിൽനിന്ന് ഇറങ്ങിപ്പോയി

ന്യൂഡൽഹി: പോട്ട ദുരുപയോഗിക്കുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം രാജ്യസഭയിൽനിന്ന് ഇറങ്ങിപ്പോയി. 'പോട്ട'യുടെ ദുരുപയോഗം തടയുമെന്ന വാഗ്ദാനം പാലിക്കുന്നതിൽ ഉപപ്രധാനമന്ത്രി എൽ. കെ. അദ്വാനി പരാജയപ്പെട്ടതായി പ്രതിപക്ഷം ആരോപിച്ചു.

ക്രമസമാധാനം സംസ്ഥാന വിഷയം ആയതിനാൽ കേന്ദ്രത്തിന് പരിമിതി ഉണ്ടെന്ന് അദ്വാനി പറഞ്ഞെങ്കിലും പ്രതിപക്ഷം തൃപ്തരായില്ല. ഇതേത്തുടർന്ന് സഭയിൽ കുറേനേരം വാദപ്രതിവാദം നടന്നു. പിന്നീട് കോൺഗ്രസ്സും ഇടതുപാർട്ടികളും ഉംപ്പെടെ പ്രതിപക്ഷ പാർട്ടികം രാജ്യസഭയിൽനിന്ന് ഇറങ്ങിപ്പോയി.

എൻ.ബി.എസ്.എഫ്. ഓഫീസ് പൂട്ടിച്ചു

കോഴിക്കോട്: നെടുങ്ങാടി ബാങ്ക് പഞ്ചാബ് നാഷണൽ ബാങ്കിൽ ലയിപ്പിച്ചതോടെ നേരത്തെ നെടുങ്ങാടി ബാങ്കിന്റെ ആസ്ഥാനമന്ദിരത്തിൽ പ്രവർത്തിച്ചുവന്ന നെടുങ്ങാടിബാങ്ക് സ്റ്റാഫ് ഫെഡറേഷന്റെ ഓഫീസ് പി.എൻ. ബി. അധികൃതർ പൂട്ടിച്ചു.

നെടുങ്ങാടി ബാങ്ക് മാനേജുമെൻറുമായി ഒത്തുകളിച്ച് സമാന്തരഭരണം നടത്തിയ യൂണിയൻ നേതൃത്വം തീർത്തും സൗജന്യമായാണ് വിശാലമായ ഓഫീസ് ബാങ്കിന്റെ ആസ്ഥാനമന്ദിരത്തിൽ തരപ്പെടുത്തിയത്. വർഷങ്ങളായി യൂണിയൻ കൈവശപ്പെടുത്തിയ ഈ ഓഫീസിൽ വെള്ളം, വൈദ്യുതി, ഫോൺ തുടങ്ങിയ സൗകര്യങ്ങളും ബാങ്കിന്റെ ചെലവിലായിരുന്നു.

യൂണിയൻ ഓഫീസിൽ കമ്പ്യൂട്ടർ ഉംപ്പെടെയുള്ള സൗകര്യങ്ങളൊരുക്കി യൂണിയൻ ചെലവിൽ ഒരു ജീവനക്കാരനെയും നിയമിച്ചിരുന്നു.

ഓഫീസ് ഒഴിഞ്ഞെങ്കിലും എൻ.ബി.എസ്.എഫ്. യൂണിയൻ ഫണ്ട് സംബന്ധിച്ച തർക്കം ഇപ്പോഴും കോടതിയിലാണ്. 60 ലക്ഷത്തോളം രൂപ യൂണിയൻ ഫണ്ടായി ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. ബാങ്ക് ഇല്ലാതായതോടെ എൻ.ബി.എസ്.എഫ്. ഫണ്ട് എന്തു ചെയ്യണമെന്നതാണ് തർക്കം.

ബി.ജെ.പിയുടെ ചുമതല ആർ.എസ്.എസ് ജനറൽ സെക്രട്ടറി ഏറ്റെടുക്കുന്നു

പ്രവീൺ കൃഷ്ണൻ

ന്യൂഡൽഹി: ബി.ജെ.പി ഉംപ്പെടെയുള്ള സംഘപരിവാർ സംഘടനകളുടെ നിയന്ത്രണം ആർ.എസ്.എസ് ജനറൽ സെക്രട്ടറി മോഹൻ ഭാഗവത് നേരിട്ട് ഏറ്റെടുക്കുന്നു. ബി.ജെ.പിയുടെ ചുമതല ഇപ്പോം വഹിക്കുന്ന ആർ.എസ്.എസ്സിന്റെ ജോയൻറ് ജനറൽ സെക്രട്ടറി മദൻദാസ് ദേവി തുടർന്നും ആ ചുമതല വഹിക്കുമെങ്കിലും ബി.ജെ.പിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഭാഗവത്തിന്റെ നിർദേശമനുസരിച്ചാകും ചെയ്യുക.

25 വർഷത്തോളം എബിവിപി ജനറൽ സെക്രട്ടറി ആയിരുന്ന മദൻദാസ് 10 വർഷങ്ങൾക്ക് മുമ്പാണ് ആർ.എസ്.എസ്സിന്റെ കേന്ദ്രനേതൃനിരയിൽ എത്തിയത്. സുദർശൻ ആർ.എസ്.എസ് അധ്യക്ഷനായതിനുശേഷം ബി.ജെ.പിയുടെ ചുമതല മദൻദാസിനാണ് ആർ.എസ്.എസ് നേതൃത്വം നൽകിയിരുന്നത്.

പ്രചാരക സ്ഥാനത്തുനിന്ന് നേരിട്ട് ബി.ജെ.പി നേതൃത്വത്തിലെത്തിയ ഉന്നത നേതാക്കളുമായി ഇദ്ദേഹത്തിന് വ്യക്തിബന്ധം കുറവാണ്. ഡൽഹി കേന്ദ്രീകരിച്ചും മദൻദാസ് തന്നെ പ്രവർത്തിക്കും.

മെഡി. പ്രവേശനം: സർക്കാർ സുപ്രീംകോടതിയെ സമീപിക്കും

തിരുവനന്തപുരം: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 25 ശതമാനം സർക്കാർ സീറ്റുകളിലെ വിദ്യാർഥി പ്രവേശനത്തിന് ലിസ്റ്റ് നൽകണമെന്ന ഹൈക്കോടതി വിധി തള്ളിക്കളയാനും ഇതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

എൻ.എൻ.വോറ കാശ്മീരിൽ കേന്ദ്രദൂതൻ

ന്യൂഡൽഹി: ജമ്മുകാശ്മീരിലെ സമാധാന സംഭാഷണത്തിന് കേന്ദ്രത്തിന്റെ മധ്യസ്ഥനായി മുൻ ആഭ്യന്തരസെക്രട്ടറി എൻ.എൻ.വോറയെ നിയോഗിച്ചു. രാജ്യസഭയിൽ എൽ.കെ.അദ്വാനിയാണ് ഈ കാര്യം അറിയിച്ചത്.

ജഡ്ജിമാരുടെ ലാൻസർ കാർ: അന്വേഷിക്കണമെന്ന് സ്പീക്കർ

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: ഹൈക്കോടതി ജഡ്ജിമാർക്കായി ഒന്നിന് പന്ത്രണ്ടുലക്ഷം രൂപ വിലവരുന്ന ലാൻസർ കാറുകം ആറുലക്ഷത്തിന് വാങ്ങിയെന്ന വാർത്ത നിയമസഭയിൽ ബുധനാഴ്ച വിവാദമായി. പകുതി വിലയ്ക്ക് കാറുവാങ്ങി എന്നത് ശരിയാണെങ്കിൽ ഈ ഇടപാടിൽ സംശയാസ്പദമായി എന്തോ ഉണ്ടെന്ന് സ്പീക്കർ വക്കം പുരുഷോത്തമൻ അഭിപ്രായപ്പെട്ടു. അതിനാൽ ഇതേപ്പറ്റി അന്വേഷണം വേണമെന്നും അദ്ദേഹം പറഞ്ഞു.

ടൂറിസം മന്ത്രി പ്രൊഫ. കെ.വി. തോമസ് കോടതിയെ ശക്തമായി ന്യായീകരിച്ചു. ആര്യാടൻ മുഹമ്മദ് അദ്ദേഹത്തെ സഹായിക്കാനെത്തി. കോടതിയുടെയും നിയമസഭയുടെയും മാന്യത നിലനിറുത്തിക്കൊണ്ടുവേണം ഇക്കാര്യം ചർച്ച ചെയ്യേണ്ടതെന്ന് തോമസ് വാദിച്ചു. കാർ വാങ്ങിയ ഇടപാടിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒന്നും ഉണ്ടായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

വില്പനനികുതി ഭേദഗതി ബില്ലിന്റെ ചർച്ച തുടങ്ങുന്നതിനുമുമ്പ് പ്രതാപവർമ്മ തമ്പാനാണ് വിഷയം സഭയിൽ ഉന്നയിച്ചത്. ഹൈക്കോടതി ജഡ്ജിമാർ യോഗം ചേർന്നെന്നും സർക്കാരിനെ വിമർശിക്കാമെന്നും വേണ്ടെന്നും അഭിപ്രായമുണ്ടായെന്നും പത്രവാർത്തകം ഉണ്ടെന്ന് തോമസ് പറഞ്ഞു. 12 ലക്ഷത്തിന്റെ ലാൻസർ കാർ ആറുലക്ഷത്തിന് വാങ്ങിയെന്നും വാർത്ത ഉണ്ട്. ഇക്കാര്യം ഗൗരവമായി പരിഗണിക്കണമെന്നായിരുന്നു തമ്പാന്റെ അഭ്യർഥന.

വാർത്ത ശരിയാണെങ്കിൽ സംശയാസ്പദമായി എന്തോ ഉണ്ട്, അന്വേഷിക്കണം- സ്പീക്കർ വക്കം പുരുഷോത്തമൻ അഭിപ്രായപ്പെട്ടു. 12 ലക്ഷത്തിന് കാർ വാങ്ങിയിട്ടില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞപ്പോം, 12 ലക്ഷത്തിന്റെ കാർ ആറുലക്ഷത്തിന് വാങ്ങിയെന്നതാണ് പ്രശ്നം എന്ന് സ്പീക്കർ വിശദീകരിച്ചു.

എൻ. എസ്.എസിന് ബി. ജെ. പി. യുടെ പഴി; എസ്.എൻ.ഡി.പി. യോഗത്തിന് പ്രശംസ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൻ. എസ്. എസ്. നേതൃത്വത്തിനെതിരെ വിമർശനം തുടരുന്ന ബി. ജെ. പ

പോരൂർ ഗവ.എൽ.പി സ്കൂൾ വാർഷികം

മാനന്തവാടി: പോരൂർ ഗവ. എൽ.പി. സ്കൂളിന്റെ വാർഷികവും 34 വർഷത്തെ സേവനത്തിനു ശേഷം വിരമിക്കുന്ന പി. സരോജിനി ടീച്ചർക്കുള്ള യാത്രയയപ്പും മാർച്ച് ഏഴിന് നടക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.എൽ. പൗലോസ് ഉദ്ഘാടനം ചെയ്യും. ആഘോഷ കമ്മിറ്റി ഭാരവാഹികൾ: വി.മധുസൂദനൻ (ചെയർ), എം. മുകുന്ദകുമാർ (ജന. സെക്രട്ടറി).

മുത്തങ്ങ: പോലീസ് ആധിപത്യത്തിന് മുന്നിൽ വനംവകുപ്പ് കാഴ്ചക്കാരായി

മുത്തങ്ങ (വയനാട്): മുത്തങ്ങ വന്യജീവി സങ്കേതത്തിലെ കയ്യേറ്റം ഒഴിപ്പിക്കാൻ ബുധനാഴ്ച നടത്തിയ നീക്കങ്ങളിൽ പോലീസും വനംവകുപ്പും തമ്മിലുള്ള അകൽച്ച വ്യക്തമായിരുന്നു. പോലീസ് ആധിപത്യത്തിനു മുന്നിൽ വനംവകുപ്പ് കാഴ്ചക്കാരായി. റോഡിൽ വെട്ടിയിട്ട മരങ്ങളും നീക്കംചെയ്യുക, പോലീസിന് പിന്നിൽനിന്ന് സഹായം നൽകുക, ക്ഷീണവും വെള്ളവും എത്തിക്കുക തുടങ്ങിയവയിലൊതുങ്ങി വനപാലകരുടെ ചുമതല.

പോലീസ് സംഘത്തോടൊപ്പം നീങ്ങിയ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എസ്. പി. സിങ്ങിനും ടി.കെ. തിവാരിക്കും കാഴ്ചക്കാരുടെ റോളായിരുന്നു.

തിങ്കളാഴ്ച രാത്രി ഗോത്രമഹാസഭ ബന്ദികളാക്കിയവരെ മോചിപ്പിക്കാൻ ചൊവ്വാഴ്ച നടന്ന ചർച്ചയിലും വനംവകുപ്പുദ്യോഗസ്ഥരെ പങ്കെടുപ്പിച്ചിരുന്നില്ല.

മുത്തങ്ങയിൽ സംഘർഷാവസ്ഥ നേരിടുന്നതിൽ ജില്ലാ പോലീസ് സൂപ്രണ്ട് അനാസ്ഥ കാട്ടിയെന്ന് പോലീസുകാർക്കിടയിൽത്തന്നെ പരാതിയുയർന്നു. രാവിലെ 450 തിലധികം പോലീസുകാർക്കൊപ്പം എസ്.പി. സ്ഥലത്തുണ്ടായപ്പോഴത്തന്നെ സംഘർഷാവസ്ഥ ഉടലെടുത്തു എന്നാണ് പോലീസുകാർ പറയുന്നത്.



മുത്തങ്ങ സംഘത്തിൽ പരിക്കേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജിൽ കഴിയുന്ന വനപാലകൻ ശശിധരൻ



മുത്തങ്ങയിൽ വെടിയേറ്റ സോമൻ എന്ന ആദിവാസി

കുടകിലെ എരുമാട് മഖാം ഉറൂസ്

മാനന്തവാടി: കർണാടക കുടക് ജില്ലയിലെ എരുമാട് മഖാം ഉറൂസ് മാർച്ച് ഏഴ് മുതൽ 14വരെ നടത്തുമെന്ന് താജുൽ ഇസ്ലാം മുസ്ലിം ജമാഅത്ത് കമ്മിറ്റി ഭാരവാഹികളും സി.എ. മായനും കെ.എം. കാദറും പത്രസമ്മേളനത്തിൽ അറിയിച്ചു. അറേബ്യയിൽ നിന്നു നൂറ്റാണ്ടുകൾക്കു മുൻപ് ഇസ്ലാമിക മതപ്രചാരണത്തിനു കർണാടകയിൽ ശൈഖ് സൂഫി ശഹീദ് (റ)വും സയ്യിദ് ഹസൻ സഖാഫ് അൽ ഹുള്റമി (റ)യും എരുമാടെത്തിയിരുന്നു. ഹസൻ സഖാഫ് തങ്ങളുടെ അന്ത്യവിശ്രമം കൊള്ളുന്ന സൂഫി ശഹീദ് (റ) വിന്റെ മഖാമിലേക്ക് ഇന്നും സ്ത്രീകൾക്ക് പ്രവേശനമില്ല. മാർച്ച് ഏഴിന് പതാക ഉയർത്തലോടെ ഉറൂസ് തുടങ്ങും. രാത്രി മതപ്രഭാഷണം. എട്ടിന് ദിക്റ് ഹൽഖ, ഒമ്പതിന് രാത്രി 8ന് കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ, കുമ്പോൽതങ്ങൾ എന്നിവർ സംബന്ധിക്കുന്ന ഖത്തം ദുആയും മതപ്രസംഗവും 10ന് ഉച്ചയ്ക്ക് സാമൂഹ്യ-സംഗമം, 11മുതൽ 14വരെ പ്രഭാഷണം. കേരളത്തിൽ നിന്നും മറ്റുമായി പതിനായിരങ്ങളാണ് ഉറൂസിൽ എത്തിച്ചേരുക. കാസർകോട് ഖാസി ടി.കെ. എം. ബാവമുസ്ല്യാർ, വയനാട് ജില്ലാ ജം ഇയ്യത്തുൽ ഉലമ പ്രസിഡണ്ട് പി.ഹസ്സൻ മുസ്ല്യാർ, പേരോട് അബ്ദുറഹ്മാൻ സഖാഫി എന്നിവരും പങ്കെടുക്കും.

കബനി ശുദ്ധജല പദ്ധതിക്ക് ഭരണാനുമതിയായി

കൽപ്പറ്റ: മുള്ളൻകൊല്ലി-പുൽപ്പള്ളി പഞ്ചായത്തുകളിലെ കബനി ശുദ്ധജല വിതരണപദ്ധതിയുടെ വിപുലീകരണത്തിനായി പ്രധാനമന്ത്രിയുടെ ഗ്രാമയോജന സ്കീമിൽ ഉൾപ്പെടുത്തി 146 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. പൈപ്പ് ലൈനുകൾ നീട്ടുന്നതിനും പമ്പ്, മോട്ടോർ തുടങ്ങിയവ മാറ്റുന്നതിനുമാണ് തുക ഉപയോഗിക്കുക. പദ്ധതി പൂർത്തീകരിക്കാനാവശ്യമായ അടിയന്തര നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിക്കുമെന്ന് എൻ.ഡി. അപ്പച്ചൻ എം. എൽ.എ. അറിയിച്ചു.

ഗ്രാമസഭകൾ ചേരുന്നു

പടിഞ്ഞാറത്തറ: പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 21, 22, 23 തിയ്യതികളിൽ ചേരും. എല്ലാ സഭകളും 2 മണിക്കാരംഭിക്കും. 21ന് 1, 3, 4, 6, 7, 10 വാർഡ് ഗ്രാമസഭകളും 22ന് 2, 5, 8, 9, 12 വാർഡ് സഭകളും 23ന് 11-ാം വാർഡ് ഗ്രാമസഭയും ചേരും.

ആസൂത്രണത്തിലെ പാളിച്ച തിരിച്ചടിയായി

സുൽത്താൻബത്തേരി: മുത്തങ്ങ വനഭൂമി കയ്യേറിയ ആദിവാസികളെ ഒഴിപ്പിക്കാൻ പോലീസ് നടത്തിയ നീക്കം ആസൂത്രണം ചെയ്തതിലെ പാളിച്ച ആദിവാസി പോരാളി കാംക്ക് ഉംപനത്തിലേക്ക് പിൻവാങ്ങാനും തിരികെ വന്ന് ആക്രമിക്കാനും സഹായമായി. തുടർന്ന് നടന്ന വെടിവെപ്പിലാണ് ആംനാശമുണ്ടായത്.

ബുധനാഴ്ച രാവിലെ ആരംഭിച്ച കുടിയൊഴിപ്പിക്കലിന് പോലീസ് ചൊവ്വാഴ്ച തന്നെ ഒരുക്കങ്ങളും ആരംഭിച്ചിരുന്നു. മലബാറിലെ വിവിധ ജില്ലകളിൽ നിന്നുമെത്തിയ 400 അംഗ പോലീസ് സംഘം തകർപ്പാടി കേന്ദ്രീകരിച്ചാണ് ഓപ്പറേഷനു തുടക്കം കുറിച്ചത്. ആദിവാസികൾക്ക് ഭൂപ്രദേശത്തെക്കുറിച്ചും ഒളിത്താവളങ്ങളെക്കുറിച്ചും വ്യക്തമായ ബോധമുണ്ടെന്നതാണ് അവഗണിച്ചത് പോലീസിന്റെ വീഴ്ചയായി. ഒരു ഭാഗത്തുകൂടി മാത്രം പോലീസ് ആക്രമിച്ചത് ആദിവാസികൾക്ക് പിന്നോട്ടു രക്ഷപ്പെടാനും ഒളിക്കാനും സഹായകമായി. ചെറുസംഘമായിരുന്ന ആദിവാസി പോരാളികളുടെ ആദ്യ സംഘത്തെ വളഞ്ഞുപിടിക്കാനുള്ള അവസരം പാഴാക്കിയതും വലിയ പിഴവായി.

കമ്മന നവോദയം എൽ.പി. സ്കൂൾ സുവർണ ജൂബിലി ആഘോഷിക്കുന്നു

മാനന്തവാടി: എടവക പഞ്ചായത്തിലെ കമ്മന എൽ.പി. സ്കൂളം സുവർണജൂബിലി ആഘോഷിക്കുന്നു. 1952-ലാണ് സ്കൂളം ആരംഭിച്ചത്. പരേതനായ പി.കൃഷ്ണൻ നമ്പ്യാരുടെ പ്രഥമ മാനേജ്മെൻറിനു കീഴിലായിരുന്നു വിദ്യാലയം.

1970-71 കാലഘട്ടങ്ങളിൽ 10 ഡിവിഷനും ഒരു അറബിക് തസ്തികയും ഉൾപ്പെടെ 11 അധ്യാപകരുണ്ടായിരുന്നു. ഇപ്പോഴും ആറ് അധ്യാപകരുണ്ട്. 194വിദ്യാർഥികളിൽ70 പേർ പട്ടികവർഗവിഭാഗത്തിൽപ്പെട്ടവരും.

ഈ വിദ്യാലയം യു.പി. ആയി ഉയർത്തണമെന്ന് ആവശ്യം ശക്തിപ്പെട്ടിട്ടുണ്ട്. ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി വിവിധ കലാപരിപാടികളും അരങ്ങേറും.

സെമിനാർ നടത്തും

കല്പറ്റ: ആദിവാസി ക്ഷേമസമിതി ജില്ലാസമ്മേളനത്തോടനുബന്ധിച്ച് 'ആദിവാസികളും സവർണ ഫാസിസവും' എന്ന വിഷയത്തെ അധികരിച്ച് ഫിബ്രുവരി 27ന് കല്പറ്റയിൽ സെമിനാർ നടത്തുവാൻ മുനിസിപ്പൽതല സംഘാടക സമിതി തീരുമാനിച്ചു. അഡ്വ. പി.രാജീവ്, ഡോ.ടി.കെ. രാമചന്ദ്രൻ, കെ.ടി.ശങ്കരൻ എന്നിവർ സെമിനാറിൽ പങ്കെടുക്കും. ടി.കെ.ഗോപി ചെയർമാനും കെ.പി.ബാബു കൺവീനറുമായി സംഘാടക സമിതി രൂപവത്കരിച്ചു.

ഫിബ്രുവരി 27ന്റെ പണിമുടക്ക് വിജയിപ്പിക്കണം

കൽപ്പറ്റ: വിദ്യാഭ്യാസ സർവീസ് മേഖലകളെ തകർക്കാനുള്ള നീക്കം ഉപേക്ഷിക്കുക, കവർന്നെടുത്ത ആനുകൂല്യങ്ങളും പുനഃസ്ഥാപിക്കുക, ശമ്പള പരിഷ്കരണ നടപടികളും ആരംഭിക്കുക, കുടിശ്ശിക ക്ഷാമബത്ത നല്കുക തുടങ്ങിയ ആവശ്യങ്ങളും ഉന്നയിച്ച് സർക്കാർ ജീവനക്കാരും അധ്യാപകരും ഫിബ്രുവരി 27ന് നടത്തുന്ന ഏകദിന പണിമുടക്ക് വിജയിപ്പിക്കണമെന്ന് കേരള ഗവ. ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടേറിയറ്റ് യോഗം അഭ്യർഥിച്ചു. പണിമുടക്കിന്റെ പ്രചാരണാർഥം 25ന് വൈകുന്നേരം 4 മണിക്ക് ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽ പ്രകടനവും പൊതുയോഗവും നടത്തും. അസോസിയേഷന്റെ കൽപ്പറ്റ, മാനന്തവാടി, ബത്തേരി ഏരിയാ സമ്മേളനങ്ങളും യഥാക്രമം മാർച്ച് 4, 5, 6 തിയ്യതികളിൽ നടത്താൻ തീരുമാനിച്ചു. പ്രസിഡണ്ട് എം. സുകുമാരൻ അധ്യക്ഷത വഹിച്ചു. ശശികുമാർ, കെ. മുഹമ്മദ് കുട്ടി, കെ.എസ്. ഗിരിജ, വി.പി. മോഹൻദാസ് എന്നിവർ സംസാരിച്ചു.

ബാങ്ക് സെക്രട്ടറിയെ തിരിച്ചെടുക്കണം

അഞ്ചുകുന്ന്: അഞ്ചുകുന്ന് സർവീസ് ബാങ്കിലെ ഒരു കളക്ഷൻ ഏജന്റ് കൃത്രിമം കാണിച്ചതിന്റെ പേരിൽ ബാങ്ക് സെക്രട്ടറിയെ സസ്പെൻഡ് ചെയ്ത നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ബാങ്ക് മെമ്പർമാരും നിക്ഷേപകരുമായ 84 പേർ ഒപ്പിട്ട ഹരജി അധികൃതർക്ക് സമർപ്പിച്ചു.

നോവ ഫുട്ബോൾ

മേപ്പാടി: നോവ ഫുട്ബോൾ മത്സരത്തിൽ വ്യാഴാഴ്ച ജിംഖാന തൃശ്ശൂർ മെഡിഗാഡ് അരീക്കോടിനെ നേരിടും.

എടപ്പെട്ടി പള്ളിയിൽ തിരുനാൾ

മുട്ടിൽ: എടപ്പെട്ടി പള്ളിയിലെ ഈ വർഷത്തെ തിരുനാൾ ഫിബ്രുവരി 22, 23 തീയതികളിൽ ആഘോഷിക്കും. ശനിയാഴ്ച വൈകുന്നേരമാണ് കൊടിയേറ്റ്.

കത്തീഡ്രൽ പള്ളിതിരുനാൾ

മാനന്തവാടി: സെൻറ് ജോസഫ്സ് കത്തീഡ്രൽ പള്ളിയിൽ മാർ യൗസേപ്പിന്റെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും സംയുക്ത തിരുനാൾ ആരംഭിച്ചു. 21ന് വൈകുന്നേരം 5.30നുള്ള വിശുദ്ധ കുർബാനയ്ക്ക് മാനന്തവാടി രൂപതാധ്യക്ഷൻ മാർ എമ്മാനുവേൽ പോത്തനാംമൂഴി മുഖ്യ കാർമികത്വം വഹിക്കും. ദിവ്യകാരുണ്യ പ്രദക്ഷിണം, രാത്രി 8നു നാടകം. 22ന്നു രാവിലെയും വൈകുന്നേരം കുർബാന, രാത്രി 7ന്നു കുഴിനിലം പന്തലിലേക്ക് പ്രദക്ഷിണം. 23ന്നു 10.30ന് പ്രദക്ഷിണം.

ചാരായം കടത്തുന്നതിനിടെ ആനയുടെ കുത്തേറ്റു

മാനന്തവാടി: ബാവലി കാട്ടിലൂടെ ചാരായം കടത്തുകയായിരുന്ന യുവാവിന് ആനയുടെ കുത്തേറ്റു. പി.പി. റഹീമിനെയാണ് കുത്തേറ്റ് വാരിയെല്ല് തകർന്ന നിലയിൽ കോഴിക്കോട് മെഡിക്കൽ കോളേജാസ്പത്രിയിൽ പ്രവേശിപ്പിച്ചത്.

ബാവലി ഫോറസ്റ്റ് ചെക്പോസ്റ്റും സെയിൽസ് ടാക്സ് ചെക്പോസ്റ്റും മറികടന്ന് വനത്തിലൂടെ ചാരായം കടത്തുന്നതിനിടെ ആയിരുന്നു സംഭവം. കൂടെയുണ്ടായിരുന്നവർ ഓടി രക്ഷപ്പെട്ടു. കഴിഞ്ഞ കുറേ ദിവസങ്ങളായി ഈ വഴിയുള്ള ചാരായം കടത്ത് സജീവമായിരിക്കുകയാണ്.

മുട്ടക്കോഴികൾ വിതരണത്തിന്

കൽപ്പറ്റ: ഗ്രാമലക്ഷ്മി, ഗ്രാമശ്രീ ഇനത്തിൽപ്പെട്ട നല്ലയിനം മുട്ടക്കോഴികളെ ദ്വാരകയിലെ ഇൻഫാം ജില്ലാ ഓഫീസിൽ നിന്ന് വിതരണം ചെയ്യും.

നാല് പിടക്കോഴിയും ഒരുപൂവൻ കോഴിയും ഉൾപ്പെടുന്ന യൂണിറ്റുകളായാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 543032 ഫോൺ നമ്പറിൽ ബന്ധപ്പെടണം.

കുന്നലാടി ദേവീക്ഷേത്ര മഹോത്സവം

അമ്പലവയൽ: കുന്നലാടി ദേവീക്ഷേത്ര മഹോത്സവം മാർച്ച് നാല്, അഞ്ച് തിയ്യതികളിൽ നടക്കും.

മാർച്ച് നാലിന് രാവിലെ എട്ട് മണിക്ക് കൊടിയേറ്റ്. ഉച്ചയ്ക്ക് ഹോമം, വൈകിട്ട് അഞ്ചിന് എഴുന്നള്ളത്ത്. 7.30ന് ചെണ്ടമേളം, രാത്രി 8.30ന് ഭജന, 10ന് ചുറ്റുവട്ടം, 12ന് കനലാട്ടം.

മാർച്ച് അഞ്ചിന് ഉച്ചയ്ക്ക് ഒരു മണിക്ക് കോൽക്കളി, ഏഴരയ്ക്ക് തപ്പുമേളം, എട്ട് മണിക്ക് ഗാനമേള, രാത്രി 11ന് ചുറ്റുവട്ടം, 12ന് കനലാട്ടം.

തോരാട്ട് ഭഗവതിക്ഷേത്ര തിറമഹോത്സവം

അമ്പലവയൽ: ആണ്ടൂർ തോരാട്ട് ഭഗവതിക്ഷേത്ര തിറമഹോത്സവം ഫിബ്രുവരി 23ന് ഞായറാഴ്ച ആഘോഷിക്കും.

പുലർച്ചെ അഞ്ച് മണിക്ക് ഗണപതിഹോമം, ആറിന് കൊടിയേറ്റം, 12ന് വെള്ളാട്ട്, നാല് മണിക്ക് തായമ്പക, വൈകിട്ട് അഞ്ചിന് എഴുന്നള്ളത്ത്, ഏഴുമണിക്ക് തിറ എന്നിവ അരങ്ങേറും.

സഹവാസ ക്യാമ്പ്

മാനന്തവാടി: ഉദയഗിരി ജി. എൽ.പി. സ്കൂളിൽ കുട്ടികൾക്കായി ദ്വിദിന സഹവാസ ക്യാമ്പ് നടത്തുന്നു. 'കൂട്ട് കൂടാം കൂട് കൂട്ടാം പഠിക്കാം' എന്ന മുദ്രാവാക്യത്തോടെയുള്ള ക്യാമ്പ് ഫിബ്രുവരി 20ന് ഗ്രേസി വിൻസൻറ് ഉദ്ഘാടനം ചെയ്യും. ഡി.ഡി.ഇ. ത്യാഗരാജൻ, ഒ.എം.ശങ്കരൻമാസ്റ്റർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

ജലക്ഷാമം പരിഹരിക്കാൻ 16.30 ലക്ഷം അനുവദിച്ചു

ഗൂഡലൂർ: നീലഗിരിയിൽ ജലക്ഷാമം തീർക്കാൻ അടിയന്തര നടപടികൾക്ക് 16.3 ലക്ഷം രൂപ വരൾച്ച നിവാരണ നിധിയിൽ നിന്നും അനുവദിച്ചു.

തമിഴ്നാട് സർക്കാർ കുടിനീർ വിനിയോഗം ത്വരിതമാക്കാൻ പല ജില്ലകൾക്കും ഇതുപോലെ ധനസഹായം നൽകിയിട്ടുണ്ട്. കിണറുകളുടെ ആഴം കൂട്ടുക, പുതിയ കിണറുകൾ കുഴിക്കുക, പമ്പുകൾ മാറ്റുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.

ഗ്രാമപഞ്ചായത്തുകൾക്ക് 7.75 ലക്ഷം, ടൗൺ പഞ്ചായത്തുകൾക്ക് 55000, മുൻസിപ്പാലിറ്റികൾക്ക് എട്ട് ലക്ഷം എന്നിങ്ങനെ ഫണ്ട് വീതിക്കപ്പെടുമെന്ന് കലക്ടറുടെ അറിയിപ്പിൽ പറയുന്നു.

കുടകിലെ എരുമാട് മഖാം ഉറൂസ്

മാനന്തവാടി: കർണാടക കുടക് ജില്ലയിലെ എരുമാട് മഖാം ഉറൂസ് മാർച്ച് ഏഴ് മുതൽ 14വരെ നടത്തുമെന്ന് താജുൽ ഇസ്ലാം മുസ്ലിം ജമാഅത്ത് കമ്മിറ്റി ഭാരവാഹികളും സി.എ. മായനും കെ.എം. കാദറും പത്രസമ്മേളനത്തിൽ അറിയിച്ചു. അറേബ്യയിൽ നിന്നു നൂറ്റാണ്ടുകൾക്കു മുൻപ് ഇസ്ലാമിക മതപ്രചാരണത്തിനു കർണാടകയിൽ ശൈഖ് സൂഫി ശഹീദ് (റ)വും സയ്യിദ് ഹസൻ സഖാഫ് അൽ ഹുള്റമി (റ)യും എരുമാടെത്തിയിരുന്നു. ഹസൻ സഖാഫ് തങ്ങളുടെ അന്ത്യവിശ്രമം കൊള്ളുന്ന സൂഫി ശഹീദ് (റ) വിന്റെ മഖാമിലേക്ക് ഇന്നും സ്ത്രീകൾക്ക് പ്രവേശനമില്ല. മാർച്ച് ഏഴിന് പതാക ഉയർത്തലോടെ ഉറൂസ് തുടങ്ങും. രാത്രി മതപ്രഭാഷണം. എട്ടിന് ദിക്റ് ഹൽഖ, ഒമ്പതിന് രാത്രി 8ന് കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ, കുമ്പോൽതങ്ങൾ എന്നിവർ സംബന്ധിക്കുന്ന ഖത്തം ദുആയും മതപ്രസംഗവും 10ന് ഉച്ചയ്ക്ക് സാമൂഹ്യ-സംഗമം, 11മുതൽ 14വരെ പ്രഭാഷണം. കേരളത്തിൽ നിന്നും മറ്റുമായി പതിനായിരങ്ങളാണ് ഉറൂസിൽ എത്തിച്ചേരുക. കാസർകോട് ഖാസി ടി.കെ. എം. ബാവമുസ്ല്യാർ, വയനാട് ജില്ലാ ജം ഇയ്യത്തുൽ ഉലമ പ്രസിഡണ്ട് പി.ഹസ്സൻ മുസ്ല്യാർ, പേരോട് അബ്ദുറഹ്മാൻ സഖാഫി എന്നിവരും പങ്കെടുക്കും.

അമിത പലിശക്കാരെ നിയന്ത്രിക്കണം: സി.ഐ.ടി.യു.

ഗൂഡല്ലൂർ: നീലഗിരിയിൽ സാമ്പത്തികപ്രതിസന്ധിമൂലം തകർന്ന പതിനായിരങ്ങളെ ചൂഷണം ചെയ്യുന്ന അമിത പലിശ വാങ്ങുന്ന ഇടപാടുകാരെ നിയന്ത്രിക്കണമെന്ന് ഊട്ടിയിൽ ചേർന്ന സി.ഐ.ടി.യു. സംസ്ഥാന ഭാരവാഹികളുടെ യോഗം ആവശ്യപ്പെട്ടു. പല മാസങ്ങളായി ശമ്പള കുടിശ്ശിക കാത്തു കഴിയുന്ന തോട്ടംതൊഴിലാളികളാണ് ഈ പണ ഇടപാടുകാരുടെ ഇരകളം. ബോണസ്സായി വിതരണം ചെയ്യുന്ന കോടികളുടെ 75 ശതമാനവും കീശയിലാക്കുന്ന ഫൈനാൻസ് ഭീകരന്മാരുണ്ട്. ബ്ലേഡ് പലിശയിൽ കുരുങ്ങി കിടപ്പാടം നഷ്ടപ്പെട്ടവരുടെ പട്ടിക നീളുകയാണ്. കടം മുഴുവൻ കെട്ടിത്തീർത്തശേഷവും ചെക്കുകളും രേഖകളും തടഞ്ഞുവെച്ച് ഭീഷണിപ്പെടുത്തിയതായി ചിലപരാതികളം ഗൂഡല്ലൂർ പോലീസിനെറ മുന്നിലുണ്ട്. ഈ സാഹചര്യത്തിൽ അനധികൃത ഫൈനാൻസുകാരെയും ബ്ലെയിഡ് പലിശക്കാരെയും നിയന്ത്രിക്കണമെന്ന് സി.ഐ.ടി.യു. ആവശ്യപ്പെട്ടു.

ബസ് സർവീസ് പുനരാരംഭിക്കണം

മാമലക്കുന്ന്: മാമലക്കുന്ന്- കല്പറ്റ റൂട്ടിൽ ബസ് സർവീസ് പുനരാരംഭിക്കണമെന്ന് നാട്ടുകാർ ജില്ലാ കലക്ടർക്ക് പരാതി നൽകി. നാട്ടുകാരുടെ ശ്രമഫലമായി ഈ റൂട്ടിൽ രണ്ട് സ്വകാര്യബസ്സുകളം സർവീസ് നടത്തിയിരുന്നു.

എന്നാൽ റ്റി.റ്റി.എൻ. കമ്പനിയിലെ ചില ഭരണസമിതി അംഗങ്ങളുടെ നിക്ഷിപ്ത താത്പര്യം കാരണം ആഴ്ചകൾക്ക് മുൻപ് ഈ സർവീസുകളം നിർത്തിയെന്നും ആരോപണമുണ്ട്. മാമലക്കുന്ന് റൂട്ടിൽ ബസ് സർവീസ് നഷ്ടമാണെന്ന് വരുത്തിത്തീർക്കുകയാണ് ഇവരുടെ ലക്ഷ്യമെന്നാണ് സമീപവാസികളുടെ ആക്ഷേപം.

സംരക്ഷിക്കണം

തലപ്പുഴ: തവിഞ്ഞാൽ പഞ്ചായത്തിലെ പുതിയടത്ത് പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിയുടെ ഭീഷണിയിൽ നിന്ന് പരിസരവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കണമെന്ന് ജനതാദളം (എസ്) യോഗം ആവശ്യപ്പെട്ടു. ക്വാറിക്കെതിരെ നാട്ടുകാർ ജില്ലാ കലക്ടർക്കും മറ്റും പരാതി നല്കിയെങ്കിലും നാശനഷ്ടങ്ങളം സംഭവിച്ചവർക്ക് നീതി നിഷേധിക്കുകയാണെന്ന് യോഗം കുറ്റപ്പെടുത്തി. അഡ്വ. ഇ.ആർ. സന്തോഷ്കുമാർ അധ്യക്ഷത വഹിച്ചു.

വകുപ്പുമന്ത്രിയെ നീക്കണം

മാനന്തവാടി: ജില്ലയിലെ പട്ടികവർഗക്കാരെ മുഴുവനായി തഴയുന്ന വകുപ്പുമന്ത്രിയെ നീക്കണമെന്ന് അഖിലഭാരതീയ ആദിവാസി വികാസ് പരിഷത് മാനന്തവാടി താലൂക്ക് യോഗം ആവശ്യപ്പെട്ടു.

നിയമനങ്ങളം നടത്തുന്നതിലും പദ്ധതി നടത്തിപ്പിലും പട്ടികവർഗത്തെ തഴയുകയാണ്. അർഹതയുള്ളവർക്ക് ആനുകൂല്യങ്ങളം മുഴുവൻ നിഷേധിക്കുകയും ചെയ്യുന്നു. ആനുകൂല്യങ്ങളം പുനഃസ്ഥാപിച്ചുകിട്ടാൻ മുഖ്യമന്ത്രി മുൻകൈ എടുക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. അയനി ത്തേയി ചന്ദ്രൻ അധ്യക്ഷത വഹിച്ചു.

പ്രേരക്, അസി.പ്രേരക് നിയമനം

അമ്പലവയൽ: പഞ്ചായത്തിലെ സാക്ഷരതാ കേന്ദ്രങ്ങളിലേക്ക് പ്രേരക്, അസിസ്റ്റൻറ് പ്രേരക് എന്നിവരെ നിയമിക്കുന്നു. അപേക്ഷകം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ഫിബ്രുവരി 28 ന് മുമ്പ് പഞ്ചായത്തിലെത്തിക്കണം. അപേക്ഷാഫോമിനും മറ്റു വിവരങ്ങൾക്കും പഞ്ചായത്ത് ഓഫീസിൽ ബന്ധപ്പെടണം. ഫോൺ: 660423.

മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശന പരീക്ഷ

കൽപ്പറ്റ: കൽപ്പറ്റ, പൂക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പുതിയ അധ്യയനവർഷത്തെ പ്രവേശന പരീക്ഷ ഫിബ്രുവരി 22 ന് രാവിലെ വിവിധ കേന്ദ്രങ്ങളിൽ നടക്കുമെന്ന് ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ അറിയിച്ചു. വൈത്തിരി താലൂക്കിൽ കൽപ്പറ്റ എസ്.കെ. എം.ജെ, ബത്തേരിതാലൂക്കിൽ നൂൽപ്പുഴ രാജീവ് ഗാന്ധി മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളം മാനന്തവാടി താലൂക്കിൽ മാനന്തവാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളം എന്നിവയാണ് പരീക്ഷാകേന്ദ്രങ്ങൾ.

◆ ഇന്നത്തെ സിനിമ ◆

◆ **കല്പറ്റ ജൈത്ര (DTS):** പേശാതെ കണ്ണും പേശുമേ (3) 11AM: പെയ്തുനം 1 PM: Bad Girls

അനന്തവീര: യാത്രക്കാരുടെ ശ്രദ്ധയ്ക്ക് - ജയറാം, സൗന്ദര്യ (11.30, 2.30, 6, 9)

വിജയ: ചതുരംഗം - മോഹൻലാൽ, നവ്യ നായർ (3, 6, 9)

മഹാവീർ (DTS): DUXDO -Jackichan (10.30, 1.30, 4.30, 7.30)

◆ **മേപ്പാടി വിവാടാക്കീസ്:** റോജാക്കൂട്ടം (ത) (3)

◆**മാനന്തവാടി-ജോസ്:** രമണ -വിജയകാന്ത്, സിമ്രാൻ (4)

വീണ: ബാംബുബോയ്സ് (മല) (11.30, 2.30, 5.30, 8.30)

സരിഗ: Masquerad (E) (2.30, 6, 8.30) NS:ലവ്ലി ഗേൾ

മാരുതി (DTS): ഗുരു (ത) (3, 6, 9.30) (NS) 12.30 Die Another day

◆**പനമരം-സന്ധ്യമൂവീസ്:** രാജ -അജിത്, ജ്യോതി (3)

◆**പുല്ലള്ളി-ജോസ്:** ഗേവതി (തമിഴ്)-വിജയ് (3)

ബ്ലൂമൂൺ: അഖില -കലാഭവൻ മണി (E) (3) ഞായർMS

◆**സുൽത്താൻബത്തേരി-സീന:** വിക്രംധർമ്മ (3) (11.30, 2.30, 6.30)

മാർബേസിൽ: നന്ദനം (11.30, 2.30, 6.30)

സാഗർ: ദ്രുവം -ജ്യോതിക, വിക്രം (4)

ഐശ്വര്യ A/c: കല്യാണരാമൻ -ദിലീപ്, നവ്യ (10.30, 1.30, 4.30, 7.30)

അതുല്യ: നമ്മവം (10.30, 1.30, 4.30, 7.30)

മാത: ഉനക്കാകെ എല്ലാം ഉനക്കാകെ -കാർത്തിക്, രംഭ (11, 2, 5.30, 8.30)

◆ **കമ്പളക്കാട്-ഉജ്ജയിൻ:** ഉന്നപ്പെണ്ണിന് ഉരിയാടാ പയ്യൻ -കാവ്യ മാധവൻ (2.45, 6.30, 9.15)

◆ ഇന്നത്തെ പരിപാടി ◆

◆ മേപ്പാടി ഗ്രാമപഞ്ചായത്ത് നികുതിപിരിവ് ക്യാമ്പ് ചെമ്പോത്തറ സബ് സെൻറർ പരിസരം-3.00. നെല്ലിമാളം ചായക്കട 12.00

◆ കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാനപദ്ധതി പ്രകാരം പനമരം കൃഷിഭവനിൽ പേർ രജിസ്റ്റർ ചെയ്ത യുവാക്കളുടെ യോഗം. കൃഷിഭവനിൽ-10.00.

◆ ഹെഡ്ലോഡ് ആൻറ് ജനറൽ വർക്കേഴ്സ് യൂനിയൻ (സി.ഐ.ടി.യു) ജില്ലാ പ്രവർത്തക കൺവെൻഷൻ കല്പറ്റ എൻ.ജി.ഒ. യൂണിയൻ ഹാളം-11.00.

◆ ബത്തേരി താലൂക്ക് എസ്. വൈ.എഫ്. സിൽവർ ജൂബിലി സമ്മേളനം ടിപ്പുസുൽത്താൻ പ്ലെയ്സിൽ-2.00.



ജില്ലാ സീനിയർ ചെസ് ടീമിൽ ഒന്നുമുതൽ നാലുവരെ സ്ഥാനങ്ങളം നേടിയവർ. 1.അലക്സ് കെ.തോമസ്, 2.വി.ആർ.സന്തോഷ്, 3.പി.എസ്.വിനീത് 4.പി.കെ.അർജുൻ



യു.എസ്.എസ്. ജേതാക്കളം: മുഹമ്മദ

2003 ഫെബ്രുവരി
20
വ്യാഴം
കോഴിക്കോട്

മാധ്യമം

പുസ്തകം 16 ■ ലക്കം 259 ■ പേജ് 12 ■ വില 3.25 രൂപ

MADHYAMAM DAILY, PUBLISHED FROM KOZHIKODE, KOCHI, THIRUVANANTHAPURAM, KANNUR, MALAPPURAM & BANGALORE. THURSDAY FEBRUARY 20, 2003

സൗദി വിസാ സർവീസ്
Sayed Ebrahim Badshah Travels
REGN. LIC. No. 001198/BOM/PER/1000+/2/2256/87
Bombay 022-23096444, 23000093, 23000094 FAX: 23091582
Branches: Trivandrum: 0471-500722, 501305 Fax: 501305
Cochin: 0484-360110, 365187 Fax: 360110
Edamuttam: 0488-837601, 838356 Fax: 837601
Triprayar: 0487-391171, 395313, 395307
Kollam: 0476-620237, 621024 Fax: 620237
Calicut: 0495-720744, 724873 Fax: 724873
Mangalore: 0824-428624, 475521 Fax: 442290

കൂടുതൽ പേർ മരിച്ചെന്ന് സംശയം

മുത്തങ്ങയിൽ വെടിവെപ്പ്: അഞ്ച് ആദിവാസികൾ മരിച്ചു; പോലിസുകാരനെ വെട്ടിക്കൊന്നു



മുത്തങ്ങയിലെ വനഭൂമിയിൽനിന്ന് ആദിവാസി ദമ്പതികളെ പോലിസ് ബലംപ്രയോഗിച്ച് ഒഴിപ്പിക്കുന്നു ചിത്രം: അജിത് കോമാച്ചി

വി. മുഹമ്മദലി
വി. മുഹമ്മദ് ശരീഫ്

മുത്തങ്ങ (വയനാട്): ഗോത്രമഹാ സഭാ പ്രവർത്തകർ വനഭൂമിയിൽ നടത്തിയ കൈയേറ്റം ഒഴിപ്പിക്കാൻ പോലിസും വനപാലകരും നടത്തിയ നീക്കം ഇന്നലെ ദാരുണമായ കൂട്ടക്കുരുതിയിൽ കലാശിച്ചു. മുത്തങ്ങ പൊൻകുഴി ക്ഷേത്രത്തിന് സമീപം ദേശീയപാതയിൽ നിന്ന് 300 മീറ്ററോളം ദൂരത്ത് ഗോത്രസഭയുടെ ഷെഡിൽ ബന്ദിയാക്കിയ പോലിസുകാരനെയും വനപാലകനെയും രക്ഷപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി പോലിസ് നടത്തിയ വെടിവെപ്പിൽ അഞ്ച് ആദിവാസികൾ മരിച്ചു. എന്നാൽ ഒരാൾ മരിച്ചെന്നാണ് ഔദ്യോഗിക വിശദീകരണം. മരിച്ച ആദിവാസികളുടെ പേരു വിവരങ്ങൾ അറിവായിട്ടില്ല. മരണസംഖ്യ പത്തോളം വരുമെന്ന് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുമുണ്ട്.

ബന്ദിയാക്കിയ കണ്ണൂർ കെ.എ.പി ബറ്റാലിയനിലെ കോൺസ്റ്റബിൾ വിനോദിനെ (നമ്പർ 4407) ഗോത്രസഭാ പ്രവർത്തകർ നിഷ്ഠുരമായി വെട്ടിക്കൊലപ്പെടുത്തി. ബന്ദിയായി പിടിക്കുന്നതിനിടയിൽ ഗുരുതരമായി പരിക്കേറ്റ കെ.എ.പി കോൺസ്റ്റബിൾ അബ്ദുൽ അസീസിനെ (40) കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കെഎപി കമാണ്ടന്റ് സുരേഷ്രാജ് പുരോഹിതിന്റെ നേതൃത്വത്തിൽ 250ഓളം വരുന്ന പോലിസ് സംഘം സ്ത്രീകളും കുട്ടികളുമടക്കമുള്ള ഗോത്രസഭാ പ്രവർത്തകർക്കു നേരെ നിരവധി ചുറ്റുവെടി ഉതിർക്കുകയായിരുന്നു. ഇതോടെ വനമേഖലയിൽ കൂട്ടനിലവിളികൾ ഉയർന്നു. 200ഓളം ആദിവാസികൾ വനത്തിലേക്കു തന്നെ പിൻവാങ്ങി.

ഇന്നലെ വൈകീട്ട് 5.25നാണ് നാടിനെ നടുക്കിയ വെടിവെപ്പ്. പോലിസ് വെടിവെച്ചും അടിച്ചും ആദിവാസികളെ കൊലപ്പെടുത്തുകയായിരുന്നു. ഇതിന് സാക്ഷ്യം വഹിച്ച എട്ടോളം പത്രപ്രവർത്തകരെയും ഫോട്ടോഗ്രാഫർമാരെയും പോലിസ് അടിച്ചോടിച്ചു. സംഭവത്തിന് ശേഷം സ്ഥലത്ത് പോലിസ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചിരിക്കുകയാണ്.

ഗോത്രസഭാ പ്രവർത്തകർ ഒരു ഭാഗത്തും പോലിസും വനപാലകരും മറുഭാഗത്തുമായി ഇന്നലെ കാലത്തു മുതൽ തകരപ്പാടി വനമേഖലയിൽ രൂക്ഷമായ ഏറ്റുമുട്ടൽ നടന്നു. കുടിയിറക്കിനെ ചെറുത്ത ഗോത്രസഭാ പ്രവർത്തകർ അമ്പും വില്ലും, വാൾ, മഴു, കല്ല്, വടി തുടങ്ങിയവയുമായാണ് പോലിസിനെ നേരിട്ടത്. കൽപറ്റ ഡിവൈ.എസ്.പി കെ. ഉണ്ണി, മാനന്തവാടി ഡിവൈ.എസ്.പി സരീശൻ, എസ്.എം.എസ് ഡി.വൈ.എസ്.പി വി. മുരളീധരൻ നായർ, ആംഡ് സി.ഐ ശശിധരൻ എന്നിവരുടെയും വനംവകുപ്പ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിലായിരുന്നു കുടിയിറക്ക്. സ്ത്രീകളും കുട്ടികളുമടക്കം 50ഓളം പേരെ പോലിസ് അറസ്റ്റ് ചെയ്തു.

ഗോത്രസഭാ പ്രവർത്തകരുടെ വെട്ടേറ്റ കണ്ണൂർ കെ.എ.പിയിലെ അബ്ദുൽ ഗഫൂർ (30), വിനോദ് (28), സുകുമാരൻ (29), ഫോറസ്റ്റർ ശ്രീധരൻനായർ എന്നിവരെയും ആശുപത്രിയിലേക്ക് മാറ്റി. ലാത്തിച്ചാർജിൽ പരിക്കേറ്റ ഏഴോളം ആദിവാസികളെയും ബത്തേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കാലത്ത് എട്ടുമണിക്ക് വൻ സന്നാഹത്തോടെ തകരപ്പാടി ഭാഗത്തുനിന്ന് ആരംഭിച്ച കുടിയിറക്ക് ഉച്ചക്ക് 12.30ഓടെ പോലിസ് അവസാനിപ്പിച്ച് രണ്ടാം

ശേഷം പേജ് 7
കോളം 3

ജാനുവിനെയും ഗീതാനന്ദനെയും കാണാനില്ല

കൽപറ്റ: ഗോത്രസഭ അധ്യക്ഷ സി.കെ. ജാനുവിനെയും മുഖ്യസംഘാടകനായ എം. ഗീതാനന്ദനെയും കാണാനില്ല. ഇവർ ഒളിവിലാണെന്ന് കരുതുന്നു.

പോലിസ് വെടിവെപ്പിൽ ആദിവാസികൾ മരിച്ച ഷെഡിൽ, വെടിവെപ്പിന് അൽപം മുമ്പുവരെ ഗീതാനന്ദൻ ഉണ്ടായിരുന്നതായി ദൃക്സാക്ഷികൾ പറഞ്ഞു. ഗീതാനന്ദന് പരിക്കേറ്റതായി സ്ഥിരീകരിക്കാത്ത റിപ്പോർട്ടുണ്ട്. സി.കെ. ജാനു, ശ്രീരാമൻ കൊയ്യോൻ, അശോകൻ തുടങ്ങിയ ഗോത്രസഭ നേതാക്കളും സംഘർഷ ഭൂമിയിലുണ്ടായിരുന്നതായി പറയപ്പെടുന്നു. എന്നാൽ പിന്നീട് ഇവരെ കണ്ടവരില്ല.



മരിച്ച പോലിസുകാരൻ വിനോദ്



വെട്ടേറ്റ പോലിസുകാരനെ സഹപ്രവർത്തകർ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നു

പാട്ടിൽ തുടങ്ങി ചോരപ്പുഴയിലെത്തിയ സമരം

കൽപറ്റ: പതിറ്റാണ്ടുകളുടെ ചരിത്രമുള്ള കേരളത്തിലെ ആദിവാസി ഭൂസമരത്തിലെ രക്തപങ്കിലമായ ഒരധ്യായത്തിനാണ് വയനാട്ടിലെ മുത്തങ്ങ വനഭൂമി ഇന്നലെ വേദിയായത്. തോക്കും ലാത്തിയുമായി പോലിസും അമ്പും വില്ലും അരിവാളുമായി ഗോത്രമഹാസഭാ പ്രവർത്തകരും പരസ്പരം ഏറ്റുമുട്ടിയപ്പോൾ പിടഞ്ഞുവീണത് വിലപ്പെട്ട ആറ് മനുഷ്യ ജീവനാണ്. കുടിൽകെട്ടിയും പാട്ടുപാടിയും സംഘനൃത്തം ചെയ്തും ആവേശമുണർത്തിയ ഒരു കീഴാള വർഗസമരത്തെ വെടിവെപ്പിലും മറ്റും എത്തിച്ചതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് കേരളത്തിലെ ഇടതു-വലതു കക്ഷികൾക്കോ ഭരണാധികാരികൾക്കോ ഒഴിഞ്ഞുമാറാനാവില്ല. സംസ്ഥാന രൂപവത്കരണ കാലം മുതൽതന്നെ ഭരണാധികാരികൾക്ക് കീറാമുട്ടിയാണ് ആദിവാസി ഭൂ പ്രശ്നം. 1975 ലാണ് കേരള പ

ശേഷം പേജ് 9 കോളം 7

സായുധ കലാപം അനുവദിക്കില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: സർക്കാറിനെയും നിയമവ്യവസ്ഥയെയും സമൂഹത്തെയും വെല്ലുവിളിക്കുന്ന സായുധ കലാപം സർക്കാർ ഒരിക്കലും അനുവദിക്കില്ലെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി വ്യക്തമാക്കി. ജാനുവിന്റെയും കൂട്ടരുടെയും പിന്നിൽ ചില ശക്തികൾ ഉണ്ടെന്നും മുഖ്യമന്ത്രി ആരോപിച്ചു.

മന്ത്രിസഭാ യോഗശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. മുത്തങ്ങ സംഭവം ചർച്ച ചെയ്ത മന്ത്രിസഭ അഡീഷനൽ ഡി.ജി.പി രാജൻ മഥേക്കർ, ഐ.ജി. അരുൺകുമാർസിൻഹ എന്നിവരെ വിളിച്ചുവരുത്തി സംഭവങ്ങൾ ആരാഞ്ഞു. സംഭവങ്ങളുടെ വിശദാംശങ്ങൾ ചർച്ച ചെയ്യാൻ ഇന്നും മന്ത്രിസഭ യോഗം ചേരും.

നിരവധിതവണ പ്രശ്നം പരിഹരിക്കാൻ സർക്കാർ ശ്രമിച്ചതാണ്. പ്രകൃതി സ്നേഹികളും സാംസ്കാരിക പ്രവർത്തകരും അടക്കം എല്ലാ രംഗത്തുമുള്ളവർ വന്യജീവി സങ്കേതത്തിൽനിന്ന് ഇവരെ ഒഴിപ്പിക്കണമെന്ന് സർക്കാറിനോട് ആവശ്യപ്പെട്ടു. എന്നാൽ ആരും കാണിക്കാത്ത സംയമനം കാണിച്ച സർക്കാർ നല്ലവാക്ക് പറഞ്ഞ് പ്രശ്നം പരിഹരിക്കാനാണ് ശ്രമിച്ചത്. ക്ഷമയുടെ നെല്ലിപ്പലക കാണുംവരെ ക്ഷമിച്ചു. അത് ദൗർബല്യമാണെന്ന് പറയുംവരെ ക്ഷമിച്ചു. എന്നാൽ ഭൂമി കൈയേറി സ്വാതന്ത്ര്യം പ്രഖ്യാപിച്ച് ഇനി ഭരണം വേണ്ടെന്ന് പറഞ്ഞ് ചെക്ക് പോസ്റ്റ് സ്ഥാപിക്കുകയായിരുന്നു. ഒരു കോൺസ്റ്റബിളിനെ ക്രൂരമായി കൊലപ്പെടുത്തി. പലർക്കും പരിക്കുണ്ട്. നിരവധി പേർ ആശുപത്രിയിലാണ്. ഇന്നലെ ബന്ദികളാക്കിയവരെ മണ്ണെണ്ണ ഒഴിച്ച് കത്തിക്കാൻ ശ്രമിച്ചപ്പോഴാണ് നടപടി എടുത്തത്.

ജാനുവിന്റെ പിന്നിൽ ആരോ ഉണ്ടെന്നും അവരെകൊണ്ട് ആരോ പലതും ചെയ്യിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ഈ രഹസ്യങ്ങളുടെ ചുരുൾ അഴിക്കണം. ആദിവാസികളുടെ പ്രശ്ന പരിഹാരത്തിന് മുമ്പെങ്ങും എടുത്തിട്ടില്ലാത്തത്ര നടപടികളാണ് സർക്കാർ കൈക്കൊണ്ടത്. 1800 ഏക്കർ ഭൂമി വിതരണം ചെയ്തു. 7000 ഏക്കർ ഉടൻ നൽകും. ആറളം ഫാം കേന്ദ്രത്തിൽനിന്ന് ഏറ്റെടുത്ത് പകുതി ആദിവാസികൾക്ക് നൽകാൻ തീരുമാനിച്ചു. ആലക്കോട് ചെറ്റച്ചൽ, പേരാമ്പ്ര എസ്റ്റേറ്റുകൾ വിതരണം ചെയ്യാൻ തീരുമാനിച്ചു. ഇടുക്കി ചിന്നക്കനാലിലും തൃശൂർ, കോട്ടയം, കൊല്ലം ജില്ലകളിലും ഭൂമി വിതരണത്തിന് നടപടിയായി. വനഭൂമിക്കായി സുപ്രീംകോടതിയിൽ റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്യാൻ തീരുമാനിക്കുകയും കേന്ദ്രത്തോട് സഹായം ആവശ്യപ്പെടുകയും ചെയ്തു. ജോലിക്ക് ഭക്ഷണം പദ്ധതി നടപ്പാക്കി വരുന്നു. ഘട്ടംഘട്ടമായി പ്രശ്ന പരിഹാരത്തിന് നടപടി എടുത്തുവരികയാണ്. ഇതിനിടയിലാണ് ചിലർ പ്രശ്ന മുണ്ടാക്കിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു.





മുത്തങ്ങയിൽ പോലിസിന്റെ വെടിയേറ്റ് മരിച്ച ആദിവാസികളുടെ ജഡങ്ങൾ



ഇന്ത്യക്ക് 83 റൺസ് ജയം

ഹരാരെ: ലോകകപ്പ് ക്രിക്കറ്റിലെ നിർണായകമായ ഗ്രൂപ്പ് 'എ' മൽസരത്തിൽ ഇന്ത്യ സിംബാബ്വെയെ 83 റൺസിന് കീഴടക്കി. തുടർച്ചയായ ദയനീയ പ്രകടനങ്ങൾക്കൊടുവിൽ ഫോം വീണ്ടെടുത്ത ഇന്ത്യ ഉജ്വല ആൾറൗണ്ട് മികവിലൂടെയാണ് ആതിഥേയരുടെ ചിറകരിഞ്ഞത്. ആദ്യം ബാറ്റു ചെയ്യാൻ നിയുക്തരായ ഇന്ത്യ ഓപണർ സചിൻ ടെണ്ടുൽക്കർ (81) രാഹുൽ ദ്രാവിഡ് (43 നോട്ടൗട്ട്) വീരേന്ദർ സെവാഗ് (36) എന്നിവരുടെ മികവുറ്റ പ്രകടനത്തിന്റെ കരുത്തിൽ നിശ്ചിത 50 ഓവറിൽ ഏഴു വിക്കറ്റ് നഷ്ടത്തിൽ 255 റൺസെടുത്തപ്പോൾ സിംബാബ്വെ അഞ്ചോവറും രണ്ടു പന്തും ബാക്കിയിരിക്കെ 172 റൺസിന് പുറത്തായി. ക്യാപ്റ്റൻ ഗാംഗുലി മൂന്നു വിക്കറ്റും ശ്രീനാഥ്, സഹീർഖാൻ, ഹർഭജൻസിംഗ് എന്നിവർ രണ്ടു വിക്കറ്റ് വീതവും വീഴ്ത്തി. ഉജ്വല ബാറ്റിംഗ് കാഴ്ചവെച്ച സചിൻ ടെണ്ടുൽക്കാറാണ് മാൻ ഓഫ് ദ മാച്ച്.

ICC Cricket World Cup South Africa 2003

ലോകകപ്പ് ക്രിക്കറ്റിൽ സിംബാബ്വെക്കെതിരെ സചിൻ റൺസ് നേടുന്നു

കരുണാകരനെ പ്രോസിക്യൂട്ട് ചെയ്യാൻ ലോക്സഭാ സ്പീക്കറുടെ അനുമതി വേണ്ട – ഹൈക്കോടതി

കൊച്ചി: പാമോലിൻ ഇറക്കുമതി കേസിൽ മുൻ മുഖ്യമന്ത്രി കെ. കരുണാകരനെ പ്രോസിക്യൂട്ട് ചെയ്യാൻ ലോക്സഭാ സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. കരുണാകരനെ പ്രോസിക്യൂട്ട് ചെയ്യാൻ ലോക്സഭാ സ്പീക്കറുടെ അനുമതി വേണമെന്ന തിരുവനന്തപുരം എൻകയറി കമീഷണർ ആൻറ് സ്പെഷൽ ജഡ്ജിയുടെ ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച റിവിഷൻ ഹരജി അനുവദിച്ചാണ് ജസ്റ്റിസ് എൻ. കൃഷ്ണൻ നായരുടെ ഉത്തരവ്.

കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് പാമോലിൻ ഇറക്കുമതി നടന്നത്. പിന്നീട് ലോക്സഭാ അംഗമായിരിക്കുമ്പോഴാണ് കുറ്റപത്രം സമർപ്പിച്ചത്. കുറ്റപത്രം സമർപ്പിക്കുമ്പോൾ കരുണാകരൻ ലോക്സഭാംഗമായിരുന്നതിനാൽ പ്രോസിക്യൂഷന് ലോക്സഭാ സ്പീക്കറുടെ അനുമതി വേണമെന്നായിരുന്നു വിജിലൻസ് കോടതിയുടെ ഉത്തരവ്. മുഖ്യമന്ത്രിയായിരുന്നപ്പോൾ നടന്ന ഇടപാടുകളുടെ പേരിൽ പ്രോസിക്യൂഷൻ നടപടികളെടുക്കുന്നതിന് ലോക്സഭാ സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്ന് കോടതി വ്യക്തമാക്കി.

കേസിൽ ഒന്നാംപ്രതിയാണ് കരുണാകരൻ. സിവിൽ സപ്ലൈസ് മന്ത്രിയായിരുന്ന ടി.എച്ച്. മുസ്തഫ, ചീഫ് സെക്രട്ടറിയായിരുന്ന എസ്. പത്മകുമാർ, അഡീഷനൽ ചീഫ് സെക്രട്ടറി സക്കറിയാ മാത്യു, ഐ.എ.എസ് ഉദ്യോഗസ്ഥരായ ജിജി തോംസൺ, പി.ജെ. തോമസ് എന്നിവരാണ് മറ്റു പ്രതികൾ.

പ്രതികൾ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് സിംഗപ്പൂരിലെ പവർ ആൻറ് എനർജി കോർപറേഷൻ, ചെന്നൈയിലെ മാല ട്രേഡിംഗ് കോർപറേഷൻ എന്നിവയുമായി ഗൂഢാലോചന നടത്തി പാമോലിൻ ഇറക്കുമതി നടത്തിയതിലൂടെ 2.8 കോടി രൂപ സർക്കാറിന് നഷ്ടമുണ്ടാക്കിയെന്നാണ് വിജിലൻസ് കേസ്. അഴിമതി നിരോധ നിയമത്തിലെ 13(2), 13(1)(ഡി) ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 120(ബി) വകുപ്പുകൾ പ്രകാരമാണ് വിജിലൻസ് കേസെടുത്തത്. '99 നവംബർ ഒന്നിന് തിരുവനന്തപുരത്തെ വിജിലൻസ് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. കരുണാകരനെ പ്രോസിക്യൂട്ട് ചെയ്യാൻ ലോക്സഭാ സ്പീക്കറുടെ അനുമതി ആവശ്യമുണ്ടെന്ന നിലപാടിലായിരുന്നു തുടക്കത്തിൽ അന്വേഷണ ഏജൻസി. വിജിലൻസ് കോടതി പ്രോസിക്യൂഷൻ അനുമതി നേടാൻ മൂന്നു മാസം സമയം അനുവദിച്ചു. തുടർന്ന് മൂന്നുമാസം കൂടി നീട്ടിനൽകി. വീണ്ടും സമയം നീട്ടിനൽകാൻ കോടതി തയാറായില്ല.

തുടർന്ന് 2001 മാർച്ച് 23-ന് വീണ്ടും അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. മുഖ്യമന്ത്രിയായിരുന്നപ്പോൾ നടന്ന ഇടപാടിന് പ്രോസിക്യൂട്ട് ചെയ്യാൻ ലോക്സഭാ സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്നായിരുന്നു അന്വേഷണ ഏജൻസിയുടെ പുതിയ നിലപാട്. എന്നാൽ, അനുമതി ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി വിജിലൻസ് കോടതി റിപ്പോർട്ട് തള്ളുകയായിരുന്നു. ഇതിനെതിരെയാണ് മുൻ എൽ.ഡി.എഫ് സർക്കാർ റിവിഷൻ ഹരജി നൽകിയത്.

റിവിഷൻ ഹരജിയിൽ കെ. കരുണാകരന് കക്ഷിചേരാൻ ഹൈക്കോടതി അനുമതി നൽകി. കരുണാകരനുവേണ്ടി കോടതിയിൽ ഹാജരായ സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകൻ കപിൽ സിബൽ അഴിമതി നിരോധ നിയമത്തിലെ 19-ാം വകുപ്പ് പ്രകാരമുള്ള അനുമതി ഇദ്ദേഹത്തെ പ്രോസിക്യൂട്ട് ചെയ്യാൻ ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി. എന്നാൽ, കോടതി ഈ വാദം അംഗീകരിച്ചില്ല.

ലോക്സഭാംഗം എന്ന നിലയിൽ കരുണാകരൻ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായി കേസില്ല. ഈ സാഹചര്യത്തിൽ പ്രോസിക്യൂഷന് ലോക്സഭാ സ്പീക്കറുടെ അനുമതി വേണമെന്ന കീഴ്ക്കോടതി നിലപാട് അംഗീകരിക്കാനാവില്ലെന്ന് ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ ചൂണ്ടിക്കാട്ടി. പ്രോസിക്യൂഷൻ നടപടികളുമായി മുന്നോട്ടുപോകാവുന്നതാണ്. റിവിഷൻ ഹരജിയിൽ കക്ഷിചേരാൻപ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ നൽകിയ അപേക്ഷ ഹൈക്കോടതി നിരസിച്ചു. റിവിഷൻ ഹരജി സർക്കാർ പിൻവലിക്കുമോ എന്ന ആശങ്കയുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് അച്യുതാനന്ദൻ കക്ഷിചേരാൻ അപേക്ഷ നൽകിയത്.

ഇറാഖ്: പാർലമെൻറിൽ പ്രമേയമില്ല; യുദ്ധം അവസാന വഴി – സർക്കാർ

ന്യൂദൽഹി: ഇറാഖ് പ്രശ്നത്തിൽ ഇന്ത്യയുടെ വികാരം പ്രകടിപ്പിക്കുന്ന വിധത്തിൽ പാർലമെൻറ് പ്രമേയം പാസാക്കണമെന്ന പ്രതിപക്ഷാവശ്യം സർക്കാർ തള്ളി. പക്ഷേ, പാർലമെൻറിന്റെ അഭിപ്രായം കാലാലംപൂരിൽ നടക്കുന്ന ചേരിചേരാ രാജ്യങ്ങളുടെ സമ്മേളനത്തെ പ്രധാനമന്ത്രി അറിയിക്കുമെന്നും യുദ്ധം അവസാന മാർഗമായിരിക്കണമെന്നതാണ് ഇന്ത്യയുടെ നിലപാടെന്നും സർക്കാർ വ്യക്തമാക്കി.

ഇറാഖ് പ്രശ്നത്തിൽ ഇന്ത്യൻ ജനതയുടെ വികാരം ലോകസമൂഹത്തെ അറിയിക്കുന്നതിനുള്ള ഏറ്റവും നല്ല വഴി എന്ന നിലയിൽ പാർലമെൻറിൽ ഏകകണ്ഠമായ പ്രമേയം പാസാക്കണമെന്ന് പ്രതിപക്ഷം നിർദേശിച്ചിരുന്നു. എന്നാൽ അമേരിക്കക്കെതിരെ പ്രമേയം പാസാക്കുന്നതിനോട് ബി.ജെ.പി വിയോജിക്കുകയാണുണ്ടായത്. അടുത്ത ദിവസങ്ങളിൽ നടക്കാനിരിക്കുന്ന ചേരിചേരാ രാജ്യങ്ങളുടെ പൊതുനിലപാടിനോട് യോജിച്ചു നിൽക്കേണ്ടതു കൊണ്ട്, അതിന് വിരുദ്ധമായതോ, കർക്കശ ഭാഷയുള്ളതോ ആയ പ്രമേയം പാർലമെൻറിൽ നിന്ന് ഉണ്ടാവരുതെന്ന നിലപാടാണ് ബി.ജെ.പിയുടേത്. പാർലമെൻറിലെ പ്രമേയത്തിന് വിരുദ്ധമായ നിലപാട് ചേരിചേരാ രാജ്യങ്ങളുടെ സമ്മേളനത്തിൽ ഇന്ത്യക്ക് എടുക്കാൻ കഴിയില്ല. എങ്കിൽക്കൂടി, 'ചലനാത്മകമായ' പ്രമേയം പാസാക്കുന്നതിന് തങ്ങൾ എതിരല്ലെന്ന് പാർട്ടി കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. അതിനു പോലും തയാറാവാത്ത നിലപാടാണ് ഇന്നലെ സഭയിൽ ഉണ്ടായത്.

വനപാലകർക്കൊപ്പം നേതൃത്വം വഹിച്ച് പോലിസും മുത്തങ്ങയിൽ

സുൽത്താൻ ബത്തേരി: ജാനുവും കുട്ടരും കൈയേറിയ വനഭൂമി ഒഴിപ്പിക്കാൻ വനപാലകരെ സഹായിക്കാനാണ് പോലിസ് സന്നാഹം മുത്തങ്ങയിൽ കഴിഞ്ഞ ദിവസം എത്തിയത്. ഇതിനിടയിൽ വനഭൂമിയിലുണ്ടായ അഗ്നിബാധ വിവാദവുമായി ബന്ധപ്പെട്ട് മൂന്ന് വനപാലകരെയും മറ്റും ഗോത്രസഭ ബന്ദികളാക്കി. ഇവരെ മോചിപ്പിക്കാൻ ചൊവ്വാഴ്ച നടന്ന ദൗത്യത്തിൽ ജില്ലാ കലക്ടർക്ക് തുണയായത് പോലിസാണ്. ഇന്നലെ കുടിയൊഴിപ്പിക്കൽ ദൗത്യം ഭാഗികമായെങ്കിലും നടത്തുമ്പോൾ മുന്നണിപട പോലിസ് തന്നെയായിരുന്നു. ഇതും കാട്ടിൽ വിനയായി. വനംവകുപ്പിനെ നോക്കുകുത്തിയാക്കിയതായും മുറുമുറുപ്പ്. വനത്തെ പറ്റി വലിയ പിടിപാടില്ലാത്ത പോലിസിന്റെ നീക്കം പലപ്പോഴും പാളുകയും ചെയ്തു. ഷെഡ്ഡുകൾ കത്തിക്കാനും മറ്റുമാണ് വനപാലകരെ ഉപയോഗിച്ചത്.



അക്രമത്തിൽ പരിക്കേറ്റ പോലിസുകാരൻ വിനോദ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ

ഒരു ഫോറസ്റ്റർ, പോലിസുകാരനും വീണ്ടും ഗോത്രസഭയുടെ കൈയിൽപെട്ടത് അധികൃതർക്ക് തിരിച്ചടിയായി. പോലിസുകാരൻ മൃഗീയമായി കൊല്ലപ്പെടുകയും ചെയ്തു. ഒടുവിൽ ബന്ദികളെ മോചിപ്പിക്കാനുള്ള ഓപറേഷന്റെ ഭാഗമായാണെങ്കിലും പോലിസ് നടത്തിയ വെടിവെപ്പ് കേരളത്തിൽ തന്നെ വിവാദത്തിന് വഴി തുറന്നു. അഞ്ചിലേറെ പേർ വെടിയേറ്റ് വീണതായി പോലിസിൽ തന്നെ സംസാരമുണ്ട്. വനത്തിൽ പരിക്കേറ്റ് കിടക്കുന്ന ആദിവാസികൾക്ക് രാത്രിയും ചികിൽസ ലഭിച്ചിട്ടില്ല. പോലിസിന് നേരെ കടുത്ത അക്രമമാണ് ഗോത്രസഭ നടത്തിയത്. മൂന്നു വനിതാ പോലിസടക്കം ആറോളം പേർക്ക് വെട്ടേറ്റു. കത്തിയമ്പും ചില പോലിസുകാരുടെ മേൽ തുളച്ചു കയറി.

പോലിസിന്റെയും വനപാലകരുടെയും നീക്കവും തുടർന്നുണ്ടായ ഏറ്റുമുട്ടലും തീവെപ്പും മുത്തങ്ങ വനത്തിൽ യുദ്ധ ഭൂമിയുടെ പ്രതീതിയിലെത്തിച്ചു. പോലിസ് ഓപറേഷൻ ഒന്നര കി. മീറ്റർ മുന്നോട്ടു നീങ്ങിയതോടെ ഗോത്രസഭാ പ്രവർത്തകർ വനത്തിൽ തീയിടുന്നതും കാണാമായിരുന്നു.

പോലിസും വനപാലകരും ഒരു ഭാഗത്തും മറുഭാഗത്ത് പരമ്പരാഗത ആയുധങ്ങളുമായി ആദിവാസികളും ഏറ്റുമുട്ടുമ്പോൾ ഇതിന് സാക്ഷ്യം വഹിക്കാൻ മുപ്പതോളം മാധ്യമ പ്രവർത്തകരും മണിക്കൂറുകളോളം സമര ഭൂമിയിലുണ്ടായിരുന്നു.

ആദിവാസി ഗോത്രസഭാ പ്രവർത്തകർക്കു നേരെ നൂറു കണക്കിന് ടിയർ ഗ്യാസ് ഷെല്ലുകൾ പൊട്ടിച്ച പോലിസ് രംഗം വഷളായതോടെ പലവട്ടം വെടിയും ഉതിർത്തു. വെടിയേറ്റ് പരിക്കേറ്റവരിൽ ചിലർ ഇപ്പോൾ ഗോത്രസഭാ പ്രവർത്തകരുടെ ക്യാമ്പുകളിലുണ്ട്.

ഇന്നലെ മുഖ്യമന്ത്രിയുടെ ഫോൺ കോളുകളും മറ്റും മുത്തങ്ങയിലേക്ക് പ്രവഹിക്കുകയായിരുന്നു. ജില്ലാ കലക്ടറും ഡി.ഐ.ജിയും മറ്റും സർക്കാറിനും മേലധികാരികൾക്കും സ്ഥിതി ഗതികൾ വിശദീകരിച്ചു കൊണ്ടിരുന്നു. ബലപ്രയോഗത്തെ കുറിച്ച് അധികൃതരിൽ തന്നെ പലപ്പോഴും ഭിന്ന സ്വരമായിരുന്നു. മുത്തങ്ങയിലെ സമരഭൂമിയിൽ കുടിൽ കെട്ടി താമസമാക്കിയ സി.കെ. ജാനുവിനെതിരെ പ്രാദേശിക തലത്തിൽ രാഷ്ട്രീയ പാർട്ടി നേതാക്കളും ചില പരിസ്തിഥി പ്രവർത്തകരും രംഗത്ത് വന്നു. ഒരു കാലത്ത് ജാനുവിനെ തുണച്ചവരും ഇവിടെ എതിരാളികളായി.

എന്നാൽ ഇന്നലത്തെ ബലപ്രയോഗവും വെടിവെപ്പും, പോലിസുകാരന്റെ അറുംകൊലയും ജാനുവിന്റെ സമരം വീണ്ടും ദേശീയ ശ്രദ്ധയിൽ കൊണ്ടു വന്നിരിക്കുകയാണ്. ഗോത്രസഭാ പ്രവർത്തകർ ഇനിയും ചെറുത്തു നിൽപ് തുടരുന്നത് പോലിസിനും വനപാലകർക്കും കടുത്ത വെല്ലുവിളിയായി.



മുത്തങ്ങ അക്രമത്തിൽ പരിക്കേറ്റ പോലിസുകാരൻ അബ്ദുൽ അസീസിനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചപ്പോൾ

സമർപ്പണത്തിന്റെ ചരിത്രമായി വിനോദ്

കണ്ണൂർ: മുത്തങ്ങ സംഭവത്തിൽ കൊല്ലപ്പെട്ട കെ.എ.പി. നാലാം ബറ്റാലിയനിലെ കെ.വി. വിനോദ്, മാങ്ങാട്ടുപറമ്പ് കെ.എ.പി. ബറ്റാലിയനിൽ അപൂർവമായ സമർപ്പണത്തിന്റെ ചരിത്രമായി. ഏറ്റുമുട്ടലിൽ പോലിസുകാരൻ കൊല്ലപ്പെടുന്നത് ബറ്റാലിയന്റെ ചരിത്രത്തിൽ ആദ്യമാണ്.

കൊയ്യം പാറക്കാടിയിലെ തെയ്യം കലാകാരൻ ടി.പി. കുഞ്ഞിരാമ പെരുവണ്ണാന്റെയും കെ.വി. നാരായണിയുടെയും ഇളയ മകനാണ് വിനോദ്. അവിവാഹിതനാണ്. ഡിഗ്രി പഠനത്തിന് ശേഷം എച്ച്.ഡി.സി ബിരുദമെടുത്തു. പോലിസ് റിക്രൂട്ട്മെന്റിൽ നേരിട്ട് തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. 1999ൽ ബറ്റാലിയനിൽ പ്രവേശിച്ച് ഒമ്പത് മാസത്തെ പരിശീലനത്തിൽ മികവ് തെളിയിച്ചതിനെ തുടർന്ന് ശേഷം മൂന്ന് വർഷമായി 'എ' കമ്പനിയിൽ കോൺസ്റ്റബിളായി ജോലി തുടരുകയായിരുന്നു. സ്റ്റേറ്റ് റാപ്പിഡ് ആക്ഷൻ ഫോഴ്സിൽ ഡെപ്യൂട്ടേഷനിൽ പോയി ഒരു വർഷം മുമ്പാണ് ക്യാമ്പിൽ തിരിച്ചെത്തിയത്. കണ്ണൂർ ആംഡ് റിസർവിലേക്ക് സെലക്ഷന് കാത്തിരിക്കുകയായിരുന്നു.

വനം ഉദ്യോഗസ്ഥരെയും മറ്റും ആദിവാസികൾ ബന്ദികളാക്കിയതിനെത്തുടർന്ന് തിങ്കളാഴ്ച രാത്രിയാണ് നാലാം ബറ്റാലിയനിലെ 200 പോലിസുകാരടങ്ങിയ രണ്ട് കമ്പനി വയനാട്ടിലേക്ക് പുറപ്പെട്ടത്. സർക്കിൾ ഇൻസ്പെക്ടർമാരായ ബാലൻ, കൃഷ്ണൻകുട്ടി എന്നിവരും ആറ് എസ്.ഐമാരുമടങ്ങിയ ബറ്റാലിയനു പിന്നാലെ ഇന്നലെ കമാൻറന്റ് സുരേഷ്രാജ് പുരോഹിതും കടുത്ത നടപടി വേണമെന്ന നിർദേശത്തെതുടർന്ന് വയനാട്ടിലേക്ക് പോയിരുന്നു. അഞ്ച് പോലിസുകാർക്ക് പരിക്കേറ്റതായാണ് രാത്രി ക്യാമ്പിൽ കിട്ടിയ വിവരം. സുകുമാരൻ (3365) സന്തോഷ് (4457) അബ്ദുൽ ഗഫൂർ (4736) അഭിലാഷ് (4840) വിനോദ്കുമാർ (4484) എന്നിവരാണവർ. വിനോദ്കുമാറിന് സാരമായി പരിക്കേറ്റിട്ടുണ്ട്.

കൊയ്യം യൂത്ത്ബ്രദേഴ്സ് ക്ലബ്ബ് പ്രവർത്തകനായിരുന്ന മരിച്ച വിനോദ് നാട്ടിൽ കായികരംഗത്ത് അറിയപ്പെട്ടിരുന്നു. വിദ്യാർഥിയായിരിക്കെ നിരവധി മൽസരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ചെറുപ്പത്തിൽ പിതാവിനൊപ്പം തെയ്യം കെട്ടാനും പോയിരുന്നുവെന്ന് സുഹൃത്തുക്കൾ പറഞ്ഞു. അടുത്ത വർഷം വിവാഹിതനാവാനുള്ള ഒരുക്കത്തിലായിരുന്നു. ഏറ്റുമുട്ടലിൽ വിനോദിന് വെട്ടേറ്റുവെന്നാണ് ആദ്യം വീട്ടുകാരെ അറിയിച്ചത്. രാത്രി വൈകി മാങ്ങാട്ടുപറമ്പ് ക്യാമ്പിൽ നിന്ന് പോലിസ് വാഹനം വന്ന് ജ്യേഷ്ഠനെ കൂട്ടിക്കൊണ്ടുപോയതോടെ വിട്ടിൽ വിവരമറിഞ്ഞു.

കൊയ്യം ഗ്രാമത്തിന് ഈ മാസം ഇത് രണ്ടാമത്തെ ദുരന്തവാർത്തയാണ്. ദുബൈ അൽകൂസിൽ തീപ്പിടിത്തത്തിൽ കൊയ്യം ചെറിയാലക്കണ്ടി അബ്ദുൽഖാദർ മരിച്ചത് ഇക്കഴിഞ്ഞ എട്ടിനാണ്.

വിനോദിന്റെ ജ്യേഷ്ഠൻ ബാബു തളിപ്പറമ്പ് കീഴാറ്റൂർ സ്കൂൾ അധ്യാപകനാണ്. ഏക സഹോദരി രമണി ഐ.സി.ഡി.എസ്. സൂപ്പർവൈസറാണ്.

സി. ബി. ഐ അന്വേഷണം വേണമെന്ന് ഗോത്രസഭ

സുൽത്താൻ ബത്തേരി: ഇന്നലെ നടന്ന വെടിവെപ്പിനെ കുറിച്ചും കഴിഞ്ഞ ദിവസമുണ്ടായ അഗ്നിബാധയെ പറ്റിയും സി.ബി.ഐ അന്വേഷിക്കണമെന്ന് ഗോത്രസഭാ നേതാക്കൾ ആവശ്യപ്പെട്ടു. വനഭൂമിയിലെ അഗ്നിബാധയെപറ്റി സി.ബി.ഐ അന്വേഷണം വേണമെന്നാണ് ഇന്നലെ ഗോത്രസഭ ഉന്നയിച്ച മുഖ്യ ആവശ്യം. വനത്തിലെ തരിശായ സ്ഥലങ്ങളിലാണ് പ്രധാനമായും ഗോത്രസഭ കുടിലുകൾ വെച്ചത്. പ്രക്ഷോഭകരെ ചുടുകൊല്ലാൻ ശ്രമിച്ചുവെന്നാണ് അവരുടെ പ്രധാന പരാതി. ഇത് വനപാലകർ ശക്തിയായി നിഷേധിച്ചിട്ടുണ്ട്. ഒടുവിൽ മൂന്ന് ഫോറസ്റ്റർമാരെയടക്കം ബന്ദിയാക്കിയ സംഭവമാണ് ഇന്നലത്തെ ഓപറേഷനിലേക്കും പോലിസ് വെടിവെപ്പിലേക്കും നയിച്ചത്. ഇന്നും വനപാലകരും പോലിസും കുടിയിറക്കുമായി മുന്നോട്ടുപോകും. അക്രമികളെ കണ്ടാലുടൻ വെടിവെക്കാനും തയാറെടുക്കുന്നുണ്ടെന്ന് സൂചനയുണ്ട്.

കോഴിക്കോട് മെഡി. കോളജിന് 1.42 കോടിയുടെ കേന്ദ്രസഹായം

ന്യൂദൽഹി: കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ അടിയന്തര ചികിത്സാ വിഭാഗം നവീകരിക്കുന്നതിന് കേന്ദ്രസഹായമായി 1.42 കോടി രൂപ അനുവദിച്ചതായി ആരോഗ്യമന്ത്രി സുഷമാ സ്വരാജ് ലോക്സഭയെ അറിയിച്ചു. ഇക്കഴിഞ്ഞ 11ന് ഇതുസംബന്ധിച്ച ഉത്തരവ് നൽകിയതായി രമേശ് ചെന്നിത്തലക്ക് രേഖാമൂലം നൽകിയ മറുപടിയിൽ മന്ത്രി പറഞ്ഞു. കേന്ദ്രസഹായം അഭ്യർഥിച്ച് സംസ്ഥാന സർക്കാർ നിവേദനം നൽകിയിരുന്നതായും മന്ത്രി അറിയിച്ചു.

പ്രാഥമിക ചികിൽസാ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് കേരളത്തിന് 810 കോടി രൂപയുടെ വായ്പ അനുവദിക്കുന്നതിന് കേന്ദ്രസർക്കാർ ലോകബാങ്കിന് ശിപാർശ നൽകിയതായും പദ്ധതി ലോകബാങ്ക് അംഗീകരിക്കുമെന്നാണ് പ്രതീക്ഷയെന്നും എ.കെ. പ്രേമജത്തെ മന്ത്രി എ. രാജ അറിയിച്ചു.

തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളജിനെ 'സെൻറർ ഓഫ് എക്സലൻസ്' ആക്കുന്നതിനുള്ള ശിപാർശ പരിഗണനയിലാണെന്ന് മന്ത്രി രമേശ് ചെന്നിത്തലയെ അറിയിച്ചു.

പോലിസ് വെടിവെപ്പ്: നടുക്കുന്ന രംഗങ്ങൾ

മുത്തങ്ങ: പൊൻകുഴിക്കടുത്ത് വനത്തിൽ പോലിസ് ഇന്നലെ വൈകിട്ട് വെടിവെപ്പ് നടത്തുമ്പോൾ അതിന് സാക്ഷികളായത് എട്ടോളം പത്രപ്രവർത്തകർ. വെടിവെപ്പും മരണവും നടന്നതോടെ പത്രപ്രവർത്തകരെ തുരത്താൻ പോലിസ് ശ്രമിച്ചു. പലവട്ടമായി വാക്തർക്കം നടന്നു. കൗണ്ടൻവയലിലെ സമരക്കാരുടെ ക്യാമ്പിൽ ഒട്ടേറെ ദാരുണ രംഗങ്ങൾ അരങ്ങേറി. വെടിയേറ്റ് തലച്ചോർ ചിതറിയ ഒരാളുടെ ജഡത്തിൽ പോലിസ് ലാത്തി പ്രയോഗിക്കുന്നത് പത്രലേഖകർ കണ്ടു. കലിപൂണ്ട പോലിസുകാർ വൃദ്ധരെ കൊടിയ മർദനത്തിന് ഇരയാക്കി. അവരെ വലിച്ചിഴച്ചു. കുട്ടികളുടെ നിലവിളി ഉയർന്നു.

വെടിയേറ്റു വീണ വൃദ്ധയെ ആശ്വസിപ്പിക്കുന്ന ഒരു ആദിവാസിയെയും പോലിസ് അക്രമിച്ചു. പിഞ്ചു പൈതലിന് നേരെയും ലാത്തി പ്രയോഗിക്കുന്നത് പത്രലേഖകർക്ക് കാണാനിടയായി. വെടിയേറ്റ് വീണ യുവതിയെ കൂട്ടംകൂടി പോലിസുകാർ മർദിച്ചു. അപ്പനും അമ്മയും ഓടിയതോടെ കരഞ്ഞ് അങ്ങോട്ടുമിങ്ങോട്ടുമോടുന്ന കുഞ്ഞുങ്ങൾ ലാത്തിയടിയേറ്റ് പിടഞ്ഞു. പോലിസിന്റെ ക്രൂരത ഏറ്റവും പ്രകടമായ സംഭവങ്ങളായിരുന്നു ഇതെല്ലാം. രംഗങ്ങൾ കാമറയിൽ പകർത്തിയ കൈരളി ടി.വി റിപ്പോർട്ടറെയും മറ്റും പോലിസ് ക്രൂരമായി മർദിച്ചു. 'മാധ്യമം' ലേഖകനും ഫോട്ടോ ഗ്രാഫർക്കുമെതിരെയും പോലിസ് പലവട്ടം ഭീഷണി മുഴക്കി. പത്ര പ്രവർത്തകർക്ക് നേരെയായിരുന്നു ഒടുവിൽ പോലിസിന്റെ കലി. ക്യാമറകളും മറ്റും നശിപ്പിക്കപ്പെട്ടു.

എൻറർപ്രണർഷിപ് ക്ലബ്

കോഴിക്കോട്: വ്യവസായ വകുപ്പിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻറർപ്രണർഷിപ്പ് ഡെവലപ്മെൻറിന്റെയും സഹകരണത്തോടെ ഫാറൂഖ് കോളജ് എൻറർപ്രണർഷിപ്പ് ക്ലബ് തായ് ഗ്രൂപ്പ് ചെയർമാൻ പി.സി. താഹിർ ഉദ്ഘാടനം ചെയ്തു.

പ്രിൻസിപ്പൽ ഡോ. പി.എം. മുബാറക് പാഷ അധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റി സെക്രട്ടറി കെ.സി. ഹസൻകുട്ടി ഉപഹാരം നൽകി. ജില്ലാ വ്യവസായകേന്ദ്രം ജന. മാനേജർ അബ്ദുൾ മജീദ്, നാരായണൻ നമ്പൂതിരി, പ്രൊഫ. അബ്ദുല്ല പെരിങ്ങാട്ട്, കെ.കെ. ഹാതിബ് എന്നിവർ സംസാരിച്ചു.

ഹയർ സെക്കൻഡറി അധ്യാപക സമ്മേളനം നാളെ

കോഴിക്കോട്: കേരള എയ്ഡഡ് ഹയർ സെക്കൻഡറി ടീച്ചേഴ്സ് അസോസിയേഷൻ (കെ.എ.എച്ച്.എസ്.ടി.എ) നാലാം സംസ്ഥാന സമ്മേളനം നാളെ കോഴിക്കോട്ട് ആരംഭിക്കുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. ഹയർ സെക്കൻഡറി സ്കൂളുകളിൽ യോഗ്യതയുള്ളവരെ പ്രിൻസിപ്പൽമാരായി നിയമിക്കണമെന്നാണ് സംഘടനയുടെ പ്രധാന ആവശ്യമെന്ന് സംസ്ഥാന പ്രസിഡൻറ് ജോഷി ആൻറണി, ജനറൽ സെക്രട്ടറി പി. മുഹമ്മദ് ഹാരിസ് എന്നിവർ പറഞ്ഞു.

ഹയർ സെക്കൻഡറി പ്രിൻസിപ്പലാവാൻ യോഗ്യതയില്ലാത്തവരാണ് ഇപ്പോൾ ആ സ്ഥാനത്ത് തുടരുന്നത. 2001ൽ സുപ്രീംകോടതി അംഗീകരിച്ച് സ്പെഷൽ റൂൾ ഉണ്ടായിരിക്കെ പ്രിൻസിപ്പൽ നിയമനത്തിനു മാത്രം നിശ്ചിത യോഗ്യത ബാധകമാക്കാത്ത നടപടി അപലപനീയമാണെന്ന് ജോഷി ആൻറണി പറഞ്ഞു.

1998 മുതൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് അർഹമായ ശമ്പളം നൽകുക. 1992 മുതൽ നൽകുവാനുള്ള ശമ്പള കുടിശ്ശിക വിതരണം ചെയ്യുക, ഹയർ സെക്കൻഡറി മേഖലാ കേന്ദ്രം അനുവദിക്കുക, പി.എച്ച്. സൗകര്യം അനുവദിക്കുക തുടങ്ങിയവയാണ് മറ്റു ആവശ്യങ്ങൾ.

ഈ മാസം 21, 22, 23 തീയതികളിൽ നടക്കുന്ന സമ്മേളനം നാളെ ശിക്ഷക് സദനിൽ ആരംഭിക്കും. സ്വാഗതസംഘം ചെയർമാൻ അഡ്വ. എം. രാജൻ, കെ.സി. ഫസലുൽ ഹഖ് തുടങ്ങിയവരും പങ്കെടുത്തു.

നിറങ്ങളിൽ കുളിച്ച് 'രാഗം' 2003 തുടങ്ങി

കോഴിക്കോട്: നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ 'രാഗം 2003' കലോൽസവത്തിന് വർണാഭമായ തുടക്കം. സിനിമാ സംവിധായകൻ കമൽ ഉദ്ഘാടനം ചെയ്തു. പുതിയ തലമുറ വായനയിൽനിന്നകന്ന് ഫാഷൻഷോയിലും സിനിമാറ്റിക് ഡാൻസിലുമൊക്കെ ഒതുങ്ങിയിരിക്കയാണെന്ന് അദ്ദേഹം പറഞ്ഞു.

സിനിമാറ്റിക് ഡാൻസും യുവജനോൽസവങ്ങൾക്കായി തട്ടിക്കൂട്ടുന്ന നൃത്തങ്ങളും കലയെ നശിപ്പിക്കുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ഭാരതി ശിവജി അഭിപ്രായപ്പെട്ടു.

എൻ.ഐ.ടി.സി സെക്രട്ടറി ജനറൽ കെ.കെ. രാജേഷ് കുമാർ അധ്യക്ഷത വഹിച്ചു. പൂണിഞ്ചിത്തായ, ഡയറക്ടർ എം.പി. ചന്ദ്രശേഖരൻ, സിറ്റി പോലിസ് കമീഷണർ സഞ്ജീവ് പട്ജോഷി, സബിനാ രവീന്ദ്രൻ, സി.എച്ച്. ആസിഫ് മുസ്തഫ എന്നിവർ സംസാരിച്ചു. ടി.പി. സോമനാഥൻ സ്വാഗതവും മുഹമ്മദ് നമീൽ നന്ദിയും പറഞ്ഞു.

കരിപ്പൂരിൽ യാത്രക്കാർക്ക് എമിഗ്രേഷൻ അധികൃതരുടെ പീഡനം

പഴയങ്ങാടി: കരിപ്പൂർ വിമാനത്താവളത്തിൽനിന്ന് ഗൾഫ് രാജ്യങ്ങളിലേക്കുള്ള യാത്രക്കാരെ എമിഗ്രേഷൻ അധികൃതർ വ്യാപകമായി ബുദ്ധിമുട്ടിക്കുന്നതായി പരാതി. വിദേശത്തുനിന്ന് വിസ ലഭിച്ച് ആവശ്യമായ എമിഗ്രേഷൻ നടപടികൾ പൂർത്തീകരിച്ച നിരവധി യാത്രക്കാരെ കരിപ്പൂർ വിമാനത്താവളത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻറ്സ് അധികൃതർ ദിവസങ്ങളായി തിരിച്ചയക്കുകയാണ്. തിരുവനന്തപുരം, കൊച്ചി എമിഗ്രേഷൻ ഓഫീസുകളിൽനിന്ന് ക്ലിയറൻസ് നേടിയ യു.എ.ഇ, കുവൈത്ത് യാത്രക്കാരാണ് അധികൃതരുടെ ക്രൂരതക്കിരയാകുന്നവരിൽ ഭൂരിഭാഗവും.

ഇന്ത്യയിൽനിന്ന് വിദേശത്തേക്ക് യാത്രചെയ്യുന്നവർ തങ്ങളുടെ പാസ് പോർട്ടിൽ എമിഗ്രേഷൻ ക്ലിയറൻസ് എടുത്തിരിക്കണമെന്നാണ് നിയമം. രാജ്യത്തെ ഏത് എമിഗ്രേഷൻ ഓഫീസിൽനിന്നും ഇന്ത്യൻ പൗരന് പാസ്പോർട്ടിൽ എമിഗ്രേഷൻ ക്ലിയറൻസ് രേഖപ്പെടുത്തി യാത്രചെയ്യാം. സന്ദർശന വിസയുള്ളവർ മടക്കവിമാന ടിക്കറ്റുകൾ സഹിതവും വിസയുടെ ഒറിജിനലോ, പകർപ്പോ, സ്പോൺസർഷിപ്പ് ഡിക്ലറേഷനോടൊന്നിച്ച് സമർപ്പിച്ചാണ് എമിഗ്രേഷൻ നേടുന്നത്.

തൊഴിൽവിസ നേടിയവർക്കാകട്ടെ ലേബർതൊഴിലുകൾക്കൊഴിച്ച് ടിക്കറ്റ് തുക കെട്ടിവെക്കാതെ എമിഗ്രേഷൻ ക്ലിയറൻസ് നൽകുന്നുണ്ട്. ബിരുദധാരികൾക്കും, 60 വയസ്സ് കഴിഞ്ഞ ഇന്ത്യൻ പൗരർക്കും വിദേശ വിസയുള്ളവരുടെ ഭാര്യമാർക്കും കുട്ടികൾക്കും, ഗസറ്റഡ് ഉദ്യോഗസ്ഥർ, ആദായനികുതി നൽകുന്നവർക്കും ക്ലിയറൻസ് നൽകാനുള്ള അധികാരം ബന്ധപ്പെട്ട പാസ്പോർട്ട് ഓഫീസർമാരിൽ നിക്ഷിപ്തമാണ്. സന്ദർശന വിസയുള്ളവർക്കും നിബന്ധനകൾക്ക് വിധേയമായി പാസ്പോർട്ട് ഓഫിസർ ക്ലിയറൻസ് നൽകുന്നുണ്ട്.

കേരളത്തിൽ തൊഴിൽവിസ ലഭിച്ചവർക്ക് കൊച്ചി, തിരുവനന്തപുരം എമിഗ്രേഷൻ ഓഫീസുകളിലാണ് ക്ലിയറൻസ് നേടാനുള്ള സൗകര്യമുള്ളത്. മറ്റു സംസ്ഥാനങ്ങളിൽനിന്ന് ക്ലിയറൻസ് നേടുന്നതിൽ ഭീമമപരമായി തടസ്സമില്ല.

എമിഗ്രേഷൻ ഓഫിസർമാരുടെ മുദ്രയും, എമിഗ്രേഷൻ എൻഡോഴ്സ്മെൻറ് റഫറൻസ് നമ്പറും രേഖപ്പെടുത്തി അനുവദിച്ച ക്ലിയറൻസുകളുടെ അടിസ്ഥാനത്തിൽ യാത്രചെയ്യുന്നവരുടെ പാസ്പോർട്ടിൽ നിർഗമന മുദ്രവെച്ച് യാത്രക്കനുവദിക്കുകയാണ് വിമാനത്താവളത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ കർത്തവ്യം. എന്നാൽ, തിരുവനന്തപുരം, കൊച്ചി ഓഫിസുകളിൽനിന്ന് ക്ലിയറൻസ് നേടിയവരെ കരിപ്പൂരിലെ എമിഗ്രൻസ് വിഭാഗം അന്യായമായി തിരിച്ചയക്കുകയാണ്. ഏതാനും ദിവസങ്ങളായി കരിപ്പൂരിൽനിന്ന് ഇത്തരത്തിൽ യാത്രക്കാർ മടങ്ങുന്നുണ്ട്. ഇന്ത്യൻ എയർലൈൻസ്, എയർ ഇന്ത്യ വിമാനങ്ങളിൽ ഇന്നലെ ദുബൈ, അബൂദബി എന്നിവിടങ്ങളിലേക്ക് യാത്രചെയ്യേണ്ടവരും തിരിച്ചയക്കപ്പെട്ടു. യാത്രക്ക് ഒറിജിനൽ വിസ ഉപയോഗിക്കാത്തവർ വിദേശത്ത് ഇറങ്ങുമ്പോൾ വിസ ഹാജരാക്കാമെന്ന് വിസ പരിശോധിച്ച് ഉറപ്പുവരുത്തി ബന്ധപ്പെട്ട എയർലൈനുകൾ നൽകുന്ന സന്ദേശത്തിന്റെ ലിഖിത രൂപം ഹാജരാക്കിയാൽ യാത്ര അനുവദിക്കണമെന്ന നിയമം ലംഘിച്ച് ഒറിജിനൽ വിസ ഹാജരാക്കണമെന്ന കരിപ്പൂർ വിമാനത്താവള അധികൃതരുടെ ശാഠ്യവും യാത്രക്കാർക്ക് വിനയാകുന്നു.

അതേസമയം, തിരുവനന്തപുരം എമിഗ്രേഷൻ ഓഫീസിൽനിന്ന് എമിഗ്രേഷൻ നേടിയ യാത്രക്കാരെ കരിപ്പൂരിൽ തടഞ്ഞുവെക്കുന്നതിന് നിയമസാധുതയില്ലെന്ന് തിരുവനന്തപുരത്തെ എമിഗ്രേഷൻ ഓഫിസറുമായി ബന്ധപ്പെട്ടപ്പോൾ 'മാധ്യമ'ത്തോട് പറഞ്ഞു.

പാസ് ചോദിച്ചുമില്ല; കാണിച്ചുമില്ല: ശങ്കരൻ

തിരുവനന്തപുരം: എക്സ് എം.പി എന്ന നിലയ്ക്കുള്ള പാസുമായാണ് രാജധാനി എക്സ്പ്രസിൽ യാത്ര ചെയ്തതെന്ന് ആരോഗ്യമന്ത്രി പി. ശങ്കരൻ പത്രക്കുറിപ്പിൽ അറിയിച്ചു. എന്നാൽ ടി.ടി.ഇ പാസ് ചോദിക്കുകയോ താൻ പാസ് കാണിക്കുകയോ ചെയ്തിട്ടില്ല. ചോദിച്ചാൽ പാസ് കാണിക്കാൻ തയാറുമായിരുന്നു. വസ്തുത ഇതായിരിക്കേ മന്ത്രി ടിക്കറ്റില്ലാതെ യാത്ര ചെയ്തുവെന്ന് പത്രങ്ങളിൽ വന്ന വാർത്ത തന്നെ അപമാനിക്കാൻ കെട്ടിച്ചമച്ചതാണെന്ന് അദ്ദേഹം ആരോപിച്ചു.

നേരത്തെ തന്നെ കോഴിക്കോട് റെയിൽവേ സ്റ്റേഷൻ സുപ്രണ്ടിനെ ഞാൻ യാത്ര ചെയ്യുന്ന വിവരം അറിയിച്ചിരുന്നു. റെയിൽവേ ചാർട്ടിൽ തന്റെയും സഹയാത്രികന്റെയും പേർ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.

സൂപ്രണ്ട് ടി.ടി.ഇയോട് ഞാൻ മുൻ എം.പിയാണെന്നും മന്ത്രിയാണെന്നും പറഞ്ഞിരുന്നു. എന്നാൽ വാറണ്ട് ഉപയോഗിച്ച് യാത്ര ചെയ്തിരുന്ന തന്റെ ഗൺമാൻ അത് എക്സ്ചേഞ്ച് ചെയ്യാഞ്ഞതിനാൽ ടിക്കറ്റ് എടുക്കണമെന്ന് ടി.ടി.ഇ ആവശ്യപ്പെട്ടിരുന്നു.

അതനുസരിച്ച് ഗൺമാൻ ടിക്കറ്റ് എടുക്കുകയും ചെയ്തു. റെയിൽവേ ഉദ്യോഗസ്ഥർക്കും ഇതെല്ലാം അറിയാം അദ്ദേഹം പറഞ്ഞു.

ഗ്രാസിം മരംലേലം: വനംമന്ത്രിയെ മാറ്റിനിർത്തി അന്വേഷിക്കണം -മത്തായി ചാക്കോ

കോഴിക്കോട്: ഗ്രാസിമിലെ മരം ലേലം സംബന്ധിച്ച് വനംമന്ത്രിയെ മാറ്റിനിർത്തി മുഖ്യമന്ത്രി അന്വേഷിക്കണമെന്ന് സി.പി.എം സംസ്ഥാന കമ്മിറ്റി അംഗം മത്തായി ചാക്കോ എം.എൽ.എ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

സർക്കാറിന് വൻനഷ്ടം വരുന്ന വിധം ലേലം നടത്തിയ വനംവകുപ്പ് ഉദ്യോഗസ്ഥരെ രക്ഷിക്കാനും കരാറുകാരനെ സഹായിക്കാനുമാണ് മന്ത്രി ശ്രമിച്ചതെന്ന് അദ്ദേഹം ആരോപിച്ചു. ഇതിൽ ലക്ഷങ്ങളുടെ അഴിമതി നടന്നിട്ടുണ്ടെന്ന് ചാക്കോ പറഞ്ഞു.

'2002 ജൂണിൽ ഗ്രാസിമിലെ 1.31 മെട്രിക് ടൺ മരം ലേലം ചെയ്തത് 21 ലക്ഷം രൂപക്കാണ്. പത്രവാർത്തകളെ തുടർന്ന് താൻ ഇത് നിയമസഭയിൽ ഉന്നയിച്ചു. പ്രതിപക്ഷ നേതാവ് മരം ഡിപ്പോകൾ സന്ദർശിച്ചശേഷം വീറുകു വിലപോലും കിട്ടിയില്ലെന്ന് പ്രസ്തവനയിറക്കി. ഇതിനുശേഷം ഡിപ്പോകൾ സന്ദർശിച്ച വനംമന്ത്രി സുധാകരൻ പറഞ്ഞത് 21 ലക്ഷത്തിന് ഈ മരം എന്തിനെടുത്തു എന്ന് മനസ്സിലാകുന്നില്ലെന്നാണ്. ഹൈക്കോടതി നിർദേശപ്രകാരം പുനർലേലം നടത്തിയപ്പോൾ 21 ലക്ഷത്തിൽനിന്ന് 98 ലക്ഷമായി ഉയർന്നു.

നികുതികളടക്കം ഒന്നേകാൽ കോടി രൂപ സർക്കാറിന് കിട്ടും. ഈ സാഹചര്യത്തിൽ വനംമന്ത്രിക്ക് അധികാരത്തിൽ തുടരാൻ അർഹതയില്ല -ചാക്കോ പറഞ

മുത്തങ്ങ വനം യുദ്ധഭൂമിയായി

മുത്തങ്ങ വനം സംഘർഷ ഭൂമിയായി. പോലിസും വനപാലകരും ഒരു ഭാഗത്തും ആദിവാസികൾ മറുഭാഗത്തുമായി പൊരിഞ്ഞ പോരാട്ടം. ☞കാടും കുടിലുകളും അഗ്നിക്കിരയായി ☞ ഗോത്രസഭാ നേതാവ് എം. ഗീതാനന്ദന് പരിക്കേറ്റതായി സംശയം ☞50ഓളം ഗോത്രസഭാ പ്രവർത്തകർ അറസ്റ്റിൽ ☞ മഴുകൊണ്ട് വെട്ടേറ്റും അമ്പേറ്റും പോലിസുകാർക്ക് പരിക്ക് ☞ വനിതാ പോലിസിനും പരിക്കേറ്റു. ☞കുടിയിറക്ക് പൂർത്തിയാക്കാനായില്ല; ദൗത്യം ഇന്നും തുടരും ☞ ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് തെരച്ചിൽ ☞ ഗോത്രസഭാ നേതാക്കളെ പിടികൂടാൻ ഊർജിത ശ്രമം ☞ബന്ദിനാടകം പോലിസിനും വനപാലകർക്കും പുലിവാലായി ☞ ഗോത്രസഭാ പ്രവർത്തകർ ഇപ്പോഴും വനത്തിൽ ☞നൂൽപ്പുഴ പഞ്ചായത്ത് ഹർത്താൽ പൂർണം ☞ പരിക്കേറ്റ കൂടുതൽ പേർ വനത്തിൽകഴിയുന്നതായി സംശയം ☞ കാലത്തു മുതൽ മുത്തങ്ങയും പരിസര പ്രദേശങ്ങളും ഉദ്വേഗത്തിന്റെ മുൾമുനയിൽ ☞ പോലിസ് ഓപറേഷൻ പാളിയെന്ന് പോലിസിൽ തന്നെ പരാതി. ☞ വെടിവെപ്പിൽ ഒരാൾ മരിച്ചതായി ഡി.ഐ.ജിയുടെ വിശദീകരണം ☞വെടിയേറ്റ ആദിവാസികളിൽ ചിലർ രാത്രിയും കാട്ടിൽ കിടന്ന് പിടയുന്നു ☞മുത്തങ്ങ, തകരപ്പാടി പ്രദേശത്ത് പോലിസ്, ഫോറസ്റ്റ് വകുപ്പ് വാഹനങ്ങളുടെ നീണ്ട നിര ☞വാർത്താ ലേഖകർക്കും ഫോട്ടോ ഗ്രാഫർമാർക്കും നേരെ പോലിസിന്റെ അക്രമം ☞പത്രപ്രവർത്തകർക്ക് നേരെ ഭീഷണി.





മുത്തങ്ങവനത്തിൽ നിന്നുള്ള കാഴ്ചകൾ

ആഹ്ലാദ പ്രകടനത്തിന് ഒരുങ്ങി; ദുരന്തം കണ്ടു മടങ്ങി

സുൽത്താൻ ബത്തേരി: സി.കെ. ജാനുവിനെയും കൂട്ടരെയും സമര ഭൂമിയിൽ പുറത്താക്കണമെന്നാവശ്യപ്പെട്ട് മുത്തങ്ങയിൽ കഴിഞ്ഞ ദിവസം രൂപവത്കരിച്ച ജനകീയ ഐക്യസമിതിയുടെ ആഹ്ലാദ പ്രകടനം കൂട്ടക്കൊലയെ തുടർന്ന് മുടങ്ങി.

ഓപറേഷന്റെ ഒന്നാം ഘട്ടം ഉച്ചയോടെ സമാപിക്കവേ പുറത്താക്കൽ യജ്ഞം വൻ വിജയമാണെന്നായിരുന്നു അധികൃതരുടെ വാദം. ഗോത്രസഭാ നേതാക്കളെ അറസ്റ്റ് ചെയ്തു കൊണ്ടു പോകുന്നത് കാണാൻ ചില പ്രദേശിക നേതാക്കൾ മുത്തങ്ങ റെയ്ഞ്ച് ഓഫീസ് പരിസരത്ത് കാത്തു നിന്നെങ്കിലും വെടിയേറ് ആദിവാസികൾ മരിച്ച വാർത്തയെത്തിയതോടെ അവരും രംഗം വിട്ടു. സി.കെ. ജാനുവിന്റെയും ഗീതാനന്ദന്റെയും അറസ്റ്റിനു വേണ്ടി അവസരവാദ കൂട്ടുകെട്ടുണ്ടാക്കിയ സി.പി.എം, കോൺഗ്രസ്, ലീഗ്, ബി.ജെ.പി, കേരള കോൺഗ്രസ് കക്ഷികളും മരണവാർത്ത പുറത്തു വന്നതോടെ പേരിതിരിഞ്ഞു. വെടിവെപ്പിന്റെയും കൊലപാതകത്തിന്റെയും പൂർണ ഉത്തരവാദിത്തം മുഖ്യമന്ത്രി ആന്റണിക്കാണെന്ന് സി.പി.എമ്മും ബി.ജെ.പിയും ആരോപിച്ചു.

ആയുർവേദ ക്യാമ്പ് നടത്തി

ഒഴക്കോടി: ഒഴക്കോടി നാഷനൽ എൽ.പി സ്കൂൾ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സൗജന്യ ആയുർവേദ ക്യാമ്പ് നടത്തി. ഹെഡ്മാസ്റ്റർ കെ. ശ്രീധരൻ മാസ്റ്ററുടെ അധ്യക്ഷതയിൽ ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ. സുരേഷ്കുമാർ ഉദ്ഘാടനം ചെയ്തു.

ഡോ. രാജേന്ദ്ര പണിക്കർ, ഡോ. ധന്യ, പി.കെ. കുട്ടപ്പൻ, കെ.ആർ. അമ്മിണി, എ.വി. മാത്യു, അശോകൻ ഒഴക്കോടി, കെ.സി. ജോസ്, എസ്.ടി. ജോസഫ്, ഷിജീഷ് മാസ്റ്റർ, കെ. പ്രദീപ്, പി. രാഘവൻ നായർ, വി.പി. ആൻറണി എന്നിവർ പ്രസംഗിച്ചു.

ഫുട്ബാൾ റഫറി യോഗം

കൽപറ്റ: ജില്ലയിലെ ഫുട്ബാൾ റഫറിമാരുടെ യോഗം 23ന് രണ്ടു മണിക്ക് ജില്ലാ ഫുട്ബാൾ അസോസിയേഷൻ ഓഫീസിൽ ചേരും.

തിരിച്ചറിയൽ കാർഡ് വിതരണം

കൽപറ്റ: സുൽത്താൻ ബത്തേരി അസംബ്ലി നിയോജക മണ്ഡലത്തിലെ വോട്ടർമാർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിന് സംവിധാനമേർപ്പെടുത്തി.

തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടും വോട്ടർ പട്ടികയിൽ കാർഡ് നമ്പർ ചേർക്കാത്തവർ ബന്ധപ്പെട്ട വില്ലേജ് ഓഫീസിലോ, താലൂക്ക് ഓഫീസിലോ അസ്സൽ തിരിച്ചറിയൽ കാർഡ് ഹാജരാക്കി കാർഡ് നമ്പർ പട്ടികയിൽ ചേർക്കണം.

തിരിച്ചറിയൽ കാർഡ് എടുത്തിട്ടില്ലാത്തവരുടെയും കാർഡ് നമ്പർ ചേർത്തിട്ടില്ലാത്തവരുടെയും പേരുകൾ വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്യും.

തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ: ഈ മാസം 20ന് വില്ലേജ് ഓഫീസ് പുറക്കാടി, മൈലമ്പാടി, കൊളഗപ്പാറ. 21ന് താഴത്തൂർ ചിറാൽ വില്ലേജ് ഓഫീസ്. 22ന് ചീങ്ങേരി, വില്ലേജ് ഓഫീസ് അമ്പലവയൽ. 23ന് ചേകാടി, പാക്കം. 24ന് ചീങ്ങവല്ലം, തോമാട്ടുചാൽ, 25ന് നെല്ലാറച്ചാൽ, പുറ്റാട്. 26ന് പൂതാടി വില്ലേജ് ഓഫീസ്. നടവയൽ വില്ലേജ് ഓഫീസ്.

മാർച്ച് മൂന്നിന് അമ്പുകുത്തി, ആനപ്പാറ, നാലിന് കോളിയാടി, പുത്തൻകുന്ന്, അഞ്ചിന് വാകേരി, ഇരുളം വില്ലേജ് ഓഫീസ്, ആറിന് പുൽപള്ളി വില്ലേജ് ഓഫീസ്, ആടിക്കൊല്ലി, എട്ടിന് മുള്ളൻകൊല്ലി, പാടിച്ചിറ വില്ലേജ് ഓഫീസ്. പത്തിന് കാപ്പിസെറ്റ്. 11ന് ബീനാച്ചി, സർവജന സ്കൂൾ പരിസരം, 12ന് ചെതലയം, 17ന് വില്ലേജ് ഓഫീസ് കിടങ്ങനാട്, 18ന് വില്ലേജ് ഓഫീസ് നൂൽപ്പുഴ, മുത്തങ്ങ, 19ന് നെൻമേനിക്കുന്ന്, ചെട്ടിയാലത്തൂർ.

പ്രതിഷേധിച്ചു

മുട്ടിൽ: വാരാമ്പറ്റയിൽ ബലി പെരുനാൾ ദിവസമുണ്ടായ അനിഷ്ട സംഭവത്തിന്റെ മറവിൽ കുപ്രചാരണം നടത്തുന്ന നടപടിയിൽ എസ്.എസ്.എഫ് പഞ്ചായത്ത് കമ്മിറ്റി പ്രതിഷേധിച്ചു. വി.കെ. ഷംസുദ്ദീൻ അധ്യക്ഷത വഹിച്ചു. യു.പി. അബ്ദുൽ ഫത്താഹ്, അബ്ദുൽ ബഷീർ, റഊഫ് മുസ്ലിയാർ എന്നിവർ പ്രസംഗിച്ചു.

വൈദ്യുതി മുടങ്ങുന്നു

പനമരം: പനമരത്തും പരിസര പ്രദേശങ്ങളിലും വൈദ്യുതി മുടങ്ങൽ പതിവാകുന്നു. ബന്ധപ്പെട്ട വർക്ക് പരാതി നൽകിയിട്ടും പരിഹാരമില്ലെന്ന് പരാതിയുണ്ട്.

ഹിന്ദി ടി.ടി.സി പ്രവേശം

മീനങ്ങാടി: സർക്കാർ ഹിന്ദി അധ്യാപക കോഴ്സിന് എസ്.എസ്.എൽ.സി പാസായവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

കോഴ്സിന്റെ കാലാവധി ഒരു വർഷമാണ്. അപേക്ഷാ ഫോറവും പോസ്പെക്ടസും പത്തു രൂപക്ക് മീനങ്ങാടി മഹാത്മ ഹിന്ദി കോളജ് ഓഫീസിൽ നിന്ന് ലഭിക്കും. മാർച്ച് അഞ്ചിന് മുമ്പ് അപേക്ഷകൾ സമർപ്പിക്കണം.

എസ്.എസ്.എഫ് റാലി

മേപ്പാടി: 'ധർമ വീഥിയിൽ ധന്യരാവുക' എന്ന പ്രമേയവുമായി എസ്.എസ്.എഫ് കൽപറ്റ ഡിവിഷൻ കമ്മിറ്റി റാലി നടത്തി. അബ്ദുല്ല സഖാഫി, പി. മുഹമ്മദലി, എൻ. ഹാരിസ്, സലീം മുസ്ലിയാർ, അബ്ദുൽ അസീസ്, കുറിച്യാർമല അലി, പി.കെ. ഹാരിസ്, ബി.എ. മുഹമ്മദലി സഖാഫി, ജാഫർ ഓടത്തോട്, സിദ്ദീഖ് മദനി എന്നിവർ നേതൃത്വം നൽകി.

പൊതുസമ്മേളനം ഡിവിഷൻ പ്രസിഡൻറ് അബ്ദുല്ല സഖാഫിയുടെ അധ്യക്ഷതയിൽ ജില്ലാ പ്രസിഡൻറ് ഉമർ സഖാഫി കല്ലിയോട് ഉദ്ഘാടനം ചെയ്തു.

അബ്ദുല്ല, എസ്. ജാഫർ ഓടത്തോട്, മുഹമ്മദലി സഖാഫി പുറ്റാട്, എസ്.വൈ.എസ് ജില്ലാ സെക്രട്ടറി ഉസ്മാൻ മുസ്ലിയാർ കുണ്ടാല, എസ്.എസ്.എഫ് മുൻ സെക്രട്ടറി ഉമർ അലി, പി.സി. അഷ്റഫ് സഖാഫി കാമിലി എന്നിവർ സംബന്ധിച്ചു. മുഹമ്മദലി ആവാളം സ്വാഗതവും സൈനുദ്ദീൻ ചുളിക്ക നന്ദിയും പറഞ്ഞു.

സ്വയം തൊഴിൽ ശിൽപശാല

സുൽത്താൻ ബത്തേരി: 'വോയ്സി'ന്റെ ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ഏകദിന സ്വയം തൊഴിൽ ശിൽപശാല നടന്നു. റൂറൽ അഗ്രികൾച്ചർ ഹോൾസെയിൽ മാർക്കറ്റ് സെക്രട്ടറി ആർ. വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മെമ്പർമാരായ കെ.പി. രാധ, രാധ വാസു, വിമൻ വോയ്സ് പ്രസിഡൻറ് സുലോചന രാമകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. വോയ്ഡ് ഡയറക്ടർ ഫിലിപ്പോസ് അധ്യക്ഷത വഹിച്ചു. കെ.കെ. ജോർജ് സ്വാഗതവും മേരിലത നന്ദിയും പറഞ്ഞു. ആർ. വേണുഗോപാൽ, എ.വി. രവി, ജോർജ് മുണ്ടക്കൽ, ലൂയിസ് ഫിഗരദോ എന്നിവർ സംസാരിച്ചു. 300 പേർ ശിൽപശാലയിൽ പങ്കെടുത്തു.

അംഗത്വം റദ്ദാക്കണം

കൽപറ്റ: വണ്ടിച്ചെക്ക് കേസിൽ കോടതി ശിക്ഷിച്ച കൽപറ്റ നഗരസഭ 18ാം ഡിവിഷൻ കൗൺസിലറുടെ അംഗത്വം റദ്ദാക്കണമെന്ന് സി.പി.എം ലോക്കൽ കമ്മിറ്റി ആവശ്യപ്പെട്ടു. സെക്രട്ടറി പി.കെ. ബാബുരാജ് അധ്യക്ഷത വഹിച്ചു.

കോളനി സ്ഥലം കൈയേറിയതായി പരാതി

ചുരൽമല: അംബേദ്കർ കോളനിയിൽ സ്വകാര്യ വ്യക്തി കടന്നു കയറി സ്ഥലം കൈവശപ്പെടുത്തിയതായി കോളനിവാസികൾ ജില്ലാ അധികൃതർക്ക് പരാതി നൽകി. കോളനിവാസികളുടെ കോഴികൾക്ക് വിഷം വെക്കുകയും കാർഷിക വിളകൾ നശിപ്പിക്കുകയും ചെയ്തതായി പരാതിയിൽ പറയുന്നു. പതിനെട്ടോളം കുടുംബങ്ങൾ ഇവിടെ താമസിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികളെ ഇവിടെനിന്ന് പുറത്താക്കാത്തപക്ഷം പ്രക്ഷോഭ പരിപാടികൾ നടത്തുമെന്ന് കോളനിവാസികൾ മുന്നറിയിപ്പ് നൽകി.

മേപ്പാടി സെൻറ് ജോസഫ്സ് സ്കൂൾ വാർഷികം

മേപ്പാടി: സെൻറ് ജോസഫ്സ് യു.പി സ്കൂൾ വാർഷികോൽസവം ഈമാസം 23ന് ഒ.കെ. ജോണി ഉദ്ഘാടനം ചെയ്യും. ഫാ. അബ്രഹാം ജെയ്മോൻ അധ്യക്ഷത വഹിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും അരങ്ങേറും.

വനിതാ പോലിസ് രക്ഷപ്പെട്ടത് തലനാരിഴക്ക്

സുൽത്താൻ ബത്തേരി: പെരുംകുഴി വനത്തിൽ വനിതാ പോലിസുകാർ രക്ഷപ്പെട്ടത് തലനാരിഴക്ക്. വനിതാ പോലിസുകാരായ ബേബി, പ്രേമവല്ലി, ശാന്ത, ജയ എന്നിവർ അക്രമികൾക്കിടയിൽ പെട്ടപ്പോൾ തലപ്പുഴ എസ്.ഐ ഉണ്ണികൃഷ്ണൻ ആകാശത്തേക്ക് വെടിവെച്ചാണ് അക്രമികളെ തുരത്തിയത്. സർവിസിൽ കയറിയതിനു ശേഷം ആദ്യമായാണ് ഇത്തരമൊരു ഒളി ആക്രമണത്തെ നേരിട്ടതെന്ന് കോഴിക്കോട് റൂറലിൽ നിന്നെത്തിയ വനിതാ പോലിസ് പറഞ്ഞു.

സർവീസിൽ നിന്ന് വിരമിക്കാൻ മൂന്നു മാസം മാത്രം ബാക്കിയുള്ള കോഴിക്കോട് റൂറലിൽ നിന്നുള്ള ശാന്തക്ക് (55) നടന്ന കാര്യങ്ങൾ ഓർക്കുമ്പോൾ നടുക്കമാണ്.

സ്കൂളിന് അവധി

സുൽത്താൻ ബത്തേരി: മുത്തങ്ങയിലെ കുടിയിറക്കിനെത്തിയ പോലിസിന് താമസ സൗകര്യം ഒരുക്കുന്നതിനായി ബത്തേരി ഗവ. സർവജന വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിന് ഇന്ന് ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചു.

പരിക്കേറ്റ ഗോത്രസഭാ പ്രവർത്തകർ

ചിറാൽ കോളനിയിലെ മുരിങ്ങ (66), കല്ലൂർ കോളനിയിലെ കറുപ്പി (42), നെൻമേനിക്കുന്ന് അപ്പു (40), തിരുവണ്ണൂർ ബാലൻ (27), കാക്കതോട് ശങ്കരൻ (28. പടിപ്പുറ വേണുഗോപാൽ (38), കവലൻ (40), ചത (15), കണ്ണൻതോട് ശാന്ത (20)ഏ ബോളൻ (45), കല്ലൂർ രാജു (20), നാഗപ്പൻ (80), നമ്പ്യാർക്കുന്ന് ബാബു (22), ചീരാൽ ബൊമ്മൻ (30), നമ്പിക്കൊല്ലി ബാലൻ (28), കല്ലുമുക്ക് കുഞ്ഞൻ (35), കണ്ണൻതോട് ലത (21), മക്കളായ വിനീത (4), ലത (4), കല്ലൂർ ബോളി (50), കണ്ണൻതോട് ബാലൻ (28), കറുപ്പി (60), കൈക്ക് വെടിയേറ്റ മാരൻ (35), വേലായുധൻ (28). അനിൽകുമാർ (26), ചന്തു (58), മാരൻ (37) എന്നിവർക്ക് വെടിവെപ്പിൽ കാലിന് പരിക്കേറ്റു.

പരിക്കേറ്റ പോലിസുകാർ

അബ്ദുൽ സലാം (32), വിനോദ് (29), സന്തോഷ് (34), അബ്ദുൽ ഗഫൂർ (31), അഖിലേഷ് (30).

തലപ്പുഴ സബ് ഇൻസ്പെക്ടർ ഉണ്ണികൃഷ്ണൻ (51), അമ്പലവയൽ പോലിസ് കോൺസ്റ്റബിൾ രാജൻ, കൽപറ്റ വനിതാ പോലിസ് ബേബി (38), വനിതാ പോലിസ് ജയ (34), കോഴിക്കോട് റൂറലിൽ നന്നെത്തിയ വനിതാ പോലിസുകാരായ പ്രേമവല്ലി (50), ശാന്ത (55).

കുടുംബത്തിലെ മുഴുവൻ അംഗങ്ങൾക്കും പരിക്ക്

സുൽത്താൻ ബത്തേരി: ഭൂമികൈയേറ്റ സമരത്തിൽ പങ്കെടുത്ത ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങളും പരിക്കേറ്റ് ആശുപത്രിയിൽ. നൂൽപ്പുഴ പഞ്ചായത്തിലെ കണ്ണൻകോട് കോളനിയിലെ കറപ്പി മക്കളായ ശാന്ത, ലത, ലതയുടെ ഇരട്ടകുട്ടികളായ വിനീത (4), വിഷ്ണു (4), ഭർത്താവ് ബാലൻ (28) എന്നിവർ ബത്തേരി ആശുപത്രിയിൽ ചികിൽസയിലാണ്.



വർഗീസ് ദിനാചരണത്തോടനുബന്ധിച്ച് മാനന്തവാടിയിൽ സി.പി.ഐ (എം.എൽ) റെഡ്ഫ്ളാഗ് നടത്തിയ റാലി

റസിഡൻഷ്യൽ സ്കൂൾ പ്രവേശന പരീക്ഷ

കൽപറ്റ: മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനത്തിനായി പട്ടിക ജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾ 22ന് രാവിലെ പത്തുമണിക്ക് കൽപറ്റ എസ്.കെ.എം.ജെ ഹയർ സെക്കൻഡറി സ്കൂളിൽ പരീക്ഷ എഴുതണമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു.

സ്പെഷൽ പാക്കേജ് മുഴുവൻ കർഷകർക്കും ലഭ്യമാക്കണം

സുൽത്താൻ ബത്തേരി: കേരള സർക്കാർ പ്രഖ്യാപിച്ച കാർഷിക സ്പെഷൽ പാക്കേജ് മുഴുവൻ കർഷകർക്കും ലഭ്യമാക്കണമെന്ന് ബി.ജെ.പി ജില്ലാ പ്രസിഡൻറ് കൂട്ടാറ ദാമോദരൻ ആവശ്യപ്പെട്ടു. ഒരു ഹെക്ടർ എന്ന മാനദണ്ഡം പുന:പരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പരിപാടികൾ ഇന്ന്

കൽപറ്റ എൻ.ജി.ഒ യൂനിയൻ ഹാൾ: ഹെഡ്ലോഡ് ആൻറ് ജനറൽ വർക്കേഴ്സ് യൂനിയൻ (സി.ഐ.ടി.യു) ജില്ലാ പ്രവർത്തക കൺവെൻഷൻ- 11.00

കാവുമന്ദം വില്ലേജ് ഓഫീസ്: വോട്ടർമാർക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണം- 9.00

ചൂരൽമല ടെലിഫോൺ എക്സ്ചേഞ്ച്: സി.പി.എം ചൂരൽമല ബ്രാഞ്ച് കമ്മിറ്റിയുടെ നേതൃത്വത്തിൽ ധർണ- 10.00

സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്യൂനിറ്റി ഹാൾ: ഗ്രാമപഞ്ചായത്ത് കേരള വികസന പദ്ധതിയിലുൾപ്പെടുത്തി ആരംഭിക്കുന്ന സംഗീത നൃത്ത പഠനകേന്ദ്രം ഉദ്ഘാടനം- 4.00

കാക്കവയൽ മലക്കാട് മഹാദേവ ക്ഷേത്രം: തിറ മഹോൽസവം- 10.00

മാനന്തവാടി: ആദിവാസി ക്ഷേമ സമിതി ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് 'ആദിവാസി ചരിത്രം' എന്ന വിഷയത്തിൽ സെമിനാർ- 10.00

മാനന്തവാടി കത്തീഡ്രൽ ദേവാലയം: തിരുനാൾ ആഘോഷം- വിശുദ്ധ കുർബാന, നൊവേന, സെമിത്തേരി സന്ദർശനം പ്രാർഥന- വൈകു- 5.00

കോറോം മദ്രസ ഹാൾ: ഉത്തരമേഖലാ വോളിബാൾ ടൂർണമെൻറ്- 4.30

അമരക്കുനി സെൻറ് ജൂഡ്സ് ദേവാലയം: തിരുനാൾ ആഘോഷം- 10.00

കമ്മന നവോദയം എൽ.പി സ്കൂൾ: സുവർണ ജൂബിലി ആഘോഷം- 10.00

വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണം

സുൽത്താൻ ബത്തേരി: വയനാടിനെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്ന് കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പ് ബത്തേരി നിയോജക മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

താളൂർ ബസപകടത്തിൽ മരിച്ചവർക്ക് യോഗം അനുശോചനം രേഖപ്പെടുത്തി. എ.ജെ. കുര്യൻ അധ്യക്ഷത വഹിച്ചു. കെ.പി. ജോസഫ്, വി.എം. വർഗീസ, സി.എം. ഫ്രാൻസിസ്, സി.ഡി. ജോയി, അഡ്വ. വാറുണ്ണി, ഡൊമിനിക്, കുട്ടൻ എന്നിവർ പ്രസംഗിച്ചു.

കൽപറ്റ സർവീസ് സഹ. ബാങ്ക് 13.5 കോടി രൂപ വായ്പ നൽകുന്നു

കൽപറ്റ: 2003-04 സാമ്പത്തിക വർഷത്തിൽ കൽപറ്റ സർവീസ് സഹ. ബാങ്ക് 13.5 കോടി രൂപ വായ്പകൾ നൽകുമെന്ന് പാർട്ടൈം അഡ്മിനിസ്ട്രേറ്റർ പി. സുരേന്ദ്രബാബു സെക്രട്ടറി പി.വി. ധരണീന്ദ്രൻ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

നിലവിൽ അംഗങ്ങളല്ലാത്തവരും അംഗത്വത്തിന് അർഹരായവരുമായ ആവശ്യക്കാർ അംഗത്വ ഫീസുകളും വായ്പാ ഫീസുകളും കൃത്യമായി ഹാജരാക്കിയാൽ അർഹതക്കനുസരിച്ച് അഞ്ചു ലക്ഷം രൂപ വരെ വായ്പ അനുവദിക്കും.

അപേക്ഷ ക്ഷണിച്ചു

മാനന്തവാടി: ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന തരുവണ വികസന വിദ്യാകേന്ദ്രത്തിൽ അസി. പ്രേരക് തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. പ്രിഡിഗ്രിയോ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. ഉന്നത വിദ്യാഭ്യാസമുള്ളവർക്കും തദ്ദേശവാസികൾക്കും മുൻഗണനയുണ്ട്. സ്വന്തം കൈപ്പടയിൽ വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷ ബയോഡാറ്റ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം ഈ മാസം 28ന് മുമ്പ് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകണം.



എസ്.എസ്.എഫ് കൽപറ്റ ഡിവിഷന്റെ നേതൃത്വത്തിൽ മേപ്പാടിയിൽ നടത്തിയ റാലി

സ്വതന്ത്രമായി ജോലി ചെയ്യാനുള്ള സാഹചര്യം വേണം

കൽപറ്റ: ജീവനക്കാർക്ക് നിർഭയമായി ജോലി ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കാത്ത സർക്കാർ നയത്തിൽ കേരള എൻ.ജി.ഒ യൂനിയൻ ജില്ലാ സെക്രട്ടേറിയറ്റ് പ്രതിഷേധിച്ചു. ജീവനക്കാരെ ബന്ധികളാക്കലും പീഡനവും വയനാട്ടിൽ തുടർക്കഥയായി മാറുകയാണ്.

നേരത്തെ റവന്യൂ റിക്കവറിക്കെത്തിയ ജീവനക്കാരെ ബന്ധികളാക്കിയ സംഭവവും ഇവിടെയാണ്. കണക്ക് പരിശോധനക്കെത്തുന്ന വിൽപന നികുതി ജീവനക്കാരും പീഡിപ്പിക്കപ്പെടുന്നു. പൊതുവെ ജീവനക്കാർക്ക് സമാധാനപരമായി ജോലി ചെയ്യാവുന്ന സാഹചര്യം സൃഷ്ടിക്കണമെന്ന് യോഗം അഭ്യർഥിച്ചു. പ്രസിഡൻറ് എം.എസ്. ജയപാലൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ.കെ. വിശ്വനാഥൻ റിപ്പോർട്ട് അവതരിപ്പിച്ചു.

ഖാദി സെമിനാർ

കൽപറ്റ: കേരള ഖാദി ഗ്രാമ വ്യവസായ ഏകോപന സമിതിയുടെ ആഭിമുഖ്യത്തിൽ ഈമാസം 22ന് അമ്പലവയലിൽ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ഗ്രാമവ്യവസായ പദ്ധതി, വായ്പാ പദ്ധതികളെകുറിച്ച് സെമിനാർ സംഘടിപ്പിക്കും. എൻ.ഡി. അപ്പച്ചൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും.

ബാലസഭ രൂപവത്കരണ പരിശീലനം

കൽപറ്റ: നഗരസഭ കമ്യൂണിറ്റി ഡവലപ്മെൻറ് സൊസൈറ്റിയുടെ ബാലസഭ രൂപവത്കരണ പരിശീലനകളരി നഗരസഭ ചെയർമാൻ ടി.എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. റെയ്ഞ്ചർ സ്റ്റീഫൻ അധ്യക്ഷത വഹിച്ചു.

പ്രൊജക്ട് ഓഫീസർ വി.എം. ജയമോഹനൻ, സി.ഡി.എസ് പ്രസിഡൻറ് മോളി ജോസ്, കമ്യൂണിറ്റി ഓർഗനൈസർ ശ്രീജിത്ത് എന്നിവർ പ്രസംഗിച്ചു. ഡി.പി.ഇ.പി പ്രോഗ്രാം ഓഫീസർ പി. തോമസ്, ടി.വി. ഗോപകുമാർ (ഡയറ്റ്) എന്നിവർ ക്ലാസെടുത്തു.

അന്വേഷണം നടത്തണം

പടിഞ്ഞാറത്തറ: വാരാമ്പറ്റ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ജനതാദൾ പടിഞ്ഞാറത്തറ പഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ടു.

പ്രസിഡൻറ് എ. സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. പി.ഒ. സതീശൻ, സി.ടി. ജോൺ, പ്രദീപൻ കാവര, കെ. രാമൻകുട്ടി എന്നിവർ പ്രസംഗിച്ചു.

കെ.എസ്.ആർ.ടി.സി അദാലത്ത് നാളെ

കൽപറ്റ: കെ.എസ്.ആർ.ടി.സി വാഹന അപകട കേസുകളിൽ നഷ്ടപരിഹാരതുക നൽകുന്നതിന് നാളെ പത്തുമണി മുതൽ കൽപറ്റ എം.എ.സി.ടി കോടതിയിൽ അദാലത്ത് നടത്തും.

നഷ്ടപരിഹാരത്തിന് പലിശ വേണ്ടെന്ന് കക്ഷികൾ സമ്മതിക്കുന്ന കേസുകളിലാണ് വേഗത്തിൽ തുക കെട്ടിവെക്കുന്നത്.

ആസൂത്രണ സമിതി യോഗം

കൽപറ്റ: ജില്ലാ ആസൂത്രണ സമിതി യോഗം 26ന് രണ്ടുമണിക്ക് കലക്ടറേറ്റ് ഡി.പി.ഇ.പി ഹാളിൽ ചേരുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

വിവാഹം

വെള്ളമുണ്ട: പരേതനായ കാഞ്ഞായി മൊയ്തു മാസ്റ്ററുടെ മകൻ സമീർഖാനും പനമരം കണിയാൻ ഹൗസിൽ ഉസ്മാന്റെ മകൾ താജുന്നിസയും വിവാഹിതരായി.



ജില്ലാ എ ഡിവിഷൻ ക്രിക്കറ്റ് ചാമ്പ്യൻമാരായ ബത്തേരി എക്സിക്യൂട്ടീവ് ക്ലബിന് എം.പി. ചന്ദ്രനാഥ് ട്രോഫി സമ്മാനിക്കുന്നു

ജില്ലാ ക്രിക്കറ്റ് ചാമ്പ്യൻഷിപ്

സുൽത്താൻ ബത്തേരി: മുട്ടിൽ മുസ്ലിം ഓർഫനേജ് കോളജ് ഗ്രൗണ്ടിൽ നടന്നു വരുന്ന ജില്ലാ 'എ' ഡിവിഷൻ ക്രിക്കറ്റ് മൽസരത്തിൽ കെൻറ് കൽപറ്റയെ 143 റൺസിന് പരാജയപ്പെടുത്തി ബത്തേരി എക്സിക്യൂട്ടീവ് സീനിയർ ക്ലബ് ചാമ്പ്യന്മാരായി.

സമാപന ചടങ്ങിൽ അസോസിയേഷൻ പ്രസിഡൻറ് അഡ്വ. ടി.ആർ. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. എം.പി. ചന്ദ്രനാഥ് ട്രോഫികൾ വിതരണം ചെയ്തു. നാസർ മച്ചാൻ, പി. രാജൻ, സലീം കടവൻ, ജാഫർസേട്ട്, റഷീദ്, വിജയകുമാർ എന്നിവർ സംസാരിച്ചു.



കൽപറ്റ നഗരസഭ സി.എഡി.എസ് പ്രവർത്തകർക്കായുള്ള ബാലസഭ രൂപവത്കരണം പരിശീലന കളരി നഗരസഭാ ചെയർമാൻ ടി.എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

വനഭൂമി കൈയേറി ആധിപത്യമുറപ്പിക്കാനുള്ള ആദിവാസികളുടെ ശ്രമത്തിനെതിരെ പോലിസ് നടപടി ശക്തമായതോടെ മുത്തങ്ങ യുദ്ധഭൂമിയായി.. അമ്പും വില്ലും വടിവാളുമേന്തിയ ആദിവാസികളും തോക്കും ലാത്തിയും ടിയർ ഗ്യാസുമായി നിയമപാലകരും നേർക്കുനേർ നടത്തിയ 'യുദ്ധം' ഈ ഹരിതഭൂമിയിൽ ചുടുനിണമൊഴുക്കി





തോക്കിനുനേരെ: മുത്തങ്ങ തകരപ്പാടിയിൽ പോലിസിനെ തുരത്താനുള്ള ആദിവാസികളുടെ ശ്രമം

യുദ്ധസന്നാഹം: വയനാട് ജില്ലയിലെ മുത്തങ്ങ വനഭൂമി കൈയേറിയ ആദിവാസികളെ ഒഴിപ്പിക്കാൻ പോലിസ് തകരപ്പാടിയിലെത്തിയപ്പോൾ



പോലിസിനെ എതിരിടുന്ന ആദിവാസികൾ



ഇനിയൽപം വിശ്രമം: കൈയേറ്റക്കാരെ ഒഴിവാക്കി കുടിലുകൾ കത്തിച്ചതിന് ശേഷം വിശ്രമിക്കുന്ന പോലിസുകാർ



ആദിവാസികൾക്കുനേരെ നടന്ന പോലിസ് നടപടിയിൽനിന്ന്.



കഥയറിയാതെ..... ആദിവാസികളെ പോലിസ് അറസ്റ്റ് ചെയ്ത് നീക്കുന്നു



പോലിസ് ആക്രമണത്തിൽ കുറ്റി പൊട്ടിത്തകർന്ന ആദിവാസി സമ്പാദ്യം



വെടിയേറ്റു വീണ അമ്മ കുഞ്ഞിനെ മാറോടണച്ച് പൊട്ടിക്കരയുമ്പോൾ ആശ്വസിപ്പിക്കുന്ന വൃദ്ധനും മകളും



പോലിസ് നടപടിയിൽ തലപൊട്ടി ചോരയൊലിക്കുന്ന കുഞ്ഞുമായി അമ്മ



കത്തുന്ന കാനനം: തീവെപ്പിൽ കത്തിയമരുന്ന മുത്തങ്ങ വനഭൂമി

പാട്ടിൽ തുടങ്ങി ചോരപ്പുഴയിലെത്തിയ സമരം

പേജ് 1 കോളം 8 തുടർച്ച

ട്ടികവർഗ ഭൂമി കൈമാറ്റ നിയന്ത്രണ നിയമം അനധികൃതമായി കൈവശപ്പെടുത്തിയ ഭൂമി തിരിച്ചുകൊടുക്കലും കേരള നിയമസഭ പാസാക്കിയത്. പാസായി കാൽ നൂറ്റാണ്ടു പിന്നിട്ടിട്ടും നിയമം നടപ്പായില്ല. സാങ്കേതിക നൂലാമാലകളിലും അധികാര വർഗത്തിന്റെ അലംഭാവത്തിലും കുടുങ്ങിയ നിയമം വഴിമുട്ടിനിന്നു. കേരളത്തിൽ ഇന്ന് എഴുപതിനായിരത്തോളം ആദിവാസി കുടുംബങ്ങളുണ്ട്. ഇവരിൽ 45,000 കുടുംബങ്ങളും ഭൂരഹിതരാണെന്ന് ആദിവാസി പ്രവർത്തകർ പറയുന്നു. നാട്ടുമനുഷ്യരുടെ കുതന്ത്രങ്ങളിൽ കൈവശഭൂമി നഷ്ടപ്പെട്ടവരാണ് ഇവരിൽ മിക്കവരും. ഇടതു സർക്കാറിന്റെ കാലത്തുതന്നെ നിറിനിന്ന ഭൂസമരം സി.കെ. ജാനുവെന്ന സമരനായികയുടെ രംഗപ്രവേശത്തോടെ സജീവമായി.

ചെറുതും വലുതുമായ നിരവധി പ്രക്ഷോഭങ്ങളിലൂടെ കടന്നുപോയ സമരം 2001 സെപ്റ്റംബറിൽ സെക്രട്ടറിയേറ്റിന് മുന്നിൽ കുടിലുകൾ ഉയർന്നതോടെ വാർത്താ പ്രാധാന്യം നേടി. കേരളത്തിലെ സാമൂഹിക സാംസ്കാരിക പ്രവർത്തകരുടെ പിന്തുണയോടെ തലസ്ഥാന നഗരിയിലരങ്ങേറിയ ഈ പുത്തൻ സമരമുറ അധികാര കേന്ദ്രങ്ങളെ കുറച്ചൊന്നുമല്ല അലോസരപ്പെടുത്തിയത്.

ഒന്നര മാസം പിന്നിട്ട സമരം സമീപകാല ചരിത്രത്തിലെ ഏറ്റവും വലിയ ജനകീയ പ്രക്ഷോഭമായപ്പോൾ സർക്കാർ ഒത്തുതീർപ്പിന് നിർബന്ധിതരായി. 2001 ഒക്ടോബർ 16ന് സമരം അവസാനിച്ചു.

ഭൂരഹിത ആദിവാസികൾക്ക് അഞ്ചേക്കർ ഭൂമി നൽകും. ഇവർക്കായി പ്രത്യേക ക്ഷേമപദ്ധതി നടപ്പാക്കും. ഭൂമി മേലിൽ അന്യാധീനപ്പെടാതിരിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തും തുടങ്ങിയവയായിരുന്നു മുഖ്യമന്ത്രി എ.കെ. ആൻറണി നൽകിയ പ്രധാന ഉറപ്പുകൾ. പക്ഷേ, ഇവയൊന്നും നടപ്പായില്ല. കരാർ നടപ്പാക്കിയില്ലെങ്കിൽ ആയുധമെടുക്കുമെന്ന് മെയ് 16ന് സി.കെ. ജാനു പ്രഖ്യാപിച്ചു.

ഇതിനിടെ, ഗോത്രമഹാസഭയുടെ പ്രവർത്തനങ്ങളിൽ നക്സലൈറ്റ് സ്വഭാവം ശക്തമായതായി വാർത്തകൾ വന്നു. വിദേശഫണ്ട് പറ്റുന്നു എന്നതടക്കം നിരവധി ആരോപണങ്ങൾ ജാനുവിനെതിരെ ഉണ്ടായി. എക്കാലവും ആദിവാസി സമരത്തെ പിന്തുണച്ച വയനാട് പ്രകൃതി സംരക്ഷണ സമിതിയും ജാനുവുമായി തെറ്റി. മുത്തങ്ങ വനഭൂമി കൈയേറി കുടിലുകൾ കെട്ടിയതോടെ ഗോത്രസഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ തീവ്രമായി. പ്രശ്നം പരിഹരിക്കാൻ ബാധ്യസ്ഥരായ അധികാരികൾ തുടക്കത്തിൽ നിസ്സംഗത പാലിച്ചു. മുത്തങ്ങ മേഖല സ്വയംഭരണ പ്രദേശമായി പ്രഖ്യാപിക്കാനൊരുങ്ങുന്നുവെന്ന് മാധ്യമങ്ങൾ പലതവണ റിപ്പോർട്ട് ചെയ്തിട്ടും അധികൃതർ അനങ്ങിയില്ല. തിങ്കളാഴ്ച നടന്ന ബന്ദിയാക്കൽ സംഭവത്തോടെ സമരം നിയന്ത്രണാതീതമായി. വിവേകപരമായ പെരുമാറ്റം അധികൃതരിൽ നിന്ന് ഉണ്ടായില്ല. ഒടുവിൽ അരുതാത്തതു തന്നെ സംഭവിച്ചു. മുത്തങ്ങ വനഭൂമിയിൽ ഇന്നലെ ബുള്ളറ്റുകളും അരിവാളുകളും ഏറ്റുമുട്ടി ചോരപ്പുഴയൊഴുകിയപ്പോൾ കേരളത്തിന്റെ പ്രക്ഷോഭ ചരിത്രത്തിലെ നടുക്കുന്ന അധ്യായമായി അത് മാറി. വരുംനാളുകളിൽ സംസ്ഥാന രാഷ്ട്രീയത്തിൽ ഇതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ കനത്തതാകും. ജനകീയ സമരത്തെ തീവ്രവാദത്തിലെത്തിച്ചവർ വിചാരണ ചെയ്യപ്പെട്ടേക്കും. സി.കെ. ജാനുവെന്ന നേതാവിനും ഇത് അഗ്നിപരീക്ഷയുടെ ഘട്ടമാണ്. വിശ്വസിച്ച് ഒപ്പംനിന്ന ഒരു നിഷ്കളങ്ക സമൂഹത്തെ തോക്കുകൾക്ക് മുമ്പിലേക്ക് എറിഞ്ഞുകൊടുത്ത് ഒഴിഞ്ഞുമാറിയതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് അവർക്കും ഒഴിഞ്ഞുമാറാനാവില്ല.

നിയമസഭാ മറുപടികൾ

കോളജ് അധ്യാപകർ വാങ്ങുന്ന ശമ്പളത്തിനനുസരിച്ച് ജോലി ചെയ്യുന്നില്ല

തിരുവനന്തപുരം: യു.ജി.സി സ്കെയിൽ ശമ്പളം പറ്റുന്ന അധ്യാപകർ അതിനൊത്ത നാലിലൊന്ന് ജോലി പോലും ചെയ്യുന്നില്ലെന്ന് വിദ്യാഭ്യാസ മന്ത്രി നാലകത്ത് സൂപ്പി നിയമസഭയിൽ ആരോപിച്ചു. അധ്യാപകർക്ക് ജോലിഭാരം കൃത്യമായി നിശ്ചയിച്ച് കൊടുക്കുകയും അവർ പാലിക്കുകയും ചെയ്യണമെന്നാണ് സർക്കാർ നിലപാട്. ഏകീകൃത സർവകലാശാല നിയമത്തിൽ ഇതിന് വ്യവസ്ഥ ഉൾപ്പെടുത്തുമെന്ന് സാവിത്രിലക്ഷ്മണനെ മന്ത്രി അറിയിച്ചു.

പുതിയ ഭവനവായ്പാ പദ്ധതി പരിഗണനയിൽ

സ്ഥലം വാങ്ങാൻ 20000 രൂപയും വീട് നിർമാണത്തിന് 40000 രൂപയും അടക്കം 60000 രൂപയുടെ പുതിയ ഭവനവായ്പാ പദ്ധതി സർക്കാറിന്റെ പരിഗണനയിലുണ്ടെന്ന് റവന്യൂമന്ത്രി കെ.എം. മാണി അറിയിച്ചു.

സ്കൂൾ കുട്ടികളുടെ ഇൻഷുറൻസ് പദ്ധതി നിർത്തിയിട്ടില്ല

സ്കൂൾ വിദ്യാർഥികളുടെ ഇൻഷുറൻസ് പദ്ധതി നിന്നുപോകില്ലെന്ന് വിദ്യാഭ്യാസമന്ത്രി അറിയിച്ചു. കരാറിലുണ്ടായിരുന്ന ഇൻഷുറൻസ് കമ്പനികൾ പദ്ധതി തുടർന്നുപോകാൻ വിസമ്മതിച്ച സാഹചര്യത്തിൽ താൽക്കാലിക സംവിധാനം എന്ന നിലയിൽ പദ്ധതി വിദ്യാഭ്യാസവകുപ്പ് ഈ വർഷം നേരിട്ട് നടത്തുന്നതിന് സർക്കാർ അനുമതി നൽകി.

റവന്യൂകാർഡ് പുതിയ രീതിയിൽ നടപ്പാക്കും

റവന്യൂകാർഡ് പദ്ധതി പുതുക്കിയ രീതിയിൽ നടപ്പാക്കുമെന്ന് പി.കെ. ശ്രീമതി ടീച്ചറെ റവന്യൂമന്ത്രി അറിയിച്ചു. റവന്യൂരേഖകളുടെ കമ്പ്യൂട്ടർവത്കരണം പൂർത്തിയാക്കിയ ശേഷമേ പദ്ധതി നടപ്പാക്കൂ.

പുതിയ താലൂക്കുകൾ അനുവദിക്കുന്ന കാര്യം സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കേ പരിഗണിക്കാൻ കഴിയൂവെന്ന് യു.സി. രാമനെ മന്ത്രി അറിയിച്ചു.

മൾട്ടിഗ്രേഡ് ലേണിംഗ് സെൻററുകൾ നിലനിർത്തും

ഡി.പി.ഇ.പി പദ്ധതിയുടെ ഭാഗമായി തുടങ്ങിയ മൾട്ടിഗ്രേഡ് ലേണിംഗ് സെൻററുകൾ സർവശിക്ഷാ അഭിയാന്റെ ഭാഗമായി നിലനിർത്തുമെന്ന് കെ.വി. കുഞ്ഞിരാമനെ വിദ്യാഭ്യാസമന്ത്രി അറിയിച്ചു.

അടുത്ത അധ്യയനവർഷം ഒന്ന്, രണ്ട്, മൂന്ന്, ഒൻപത് ക്ലാസിലെ പുസ്തകങ്ങൾ പരിഷ്കരിക്കുന്നുണ്ടെന്ന് മത്തായിചാക്കോയെ മന്ത്രി അറിയിച്ചു.

പുനരധിവാസകേന്ദ്രവും സ്പെഷൽ സ്കൂളും

കാസർകോട് ജില്ലയിലെ പ്ലാന്റേഷൻ മേഖലയിൽ ബുദ്ധിമാന്ദ്യം സംഭവിച്ച വികലാംഗരായ കുട്ടികളുടെ പുനരധിവാസത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി ജില്ലാ പഞ്ചായത്ത് കേന്ദ്ര സർക്കാറിന്റെ സഹായത്തോടെ പുനരധിവാസകേന്ദ്രവും സ്പെഷൽ സ്കൂളും തുടങ്ങുമെന്ന് സാമൂഹികക്ഷേമമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി അറിയിച്ചു.

പത്തനംതിട്ട, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഓരോ ലിംഫ് ഫിറ്റിംഗ് സെൻററുകൾ തുടങ്ങും.

മംഗളം

വില 2 രൂപ

20 ഫെബ്രുവരി 2003 വ്യാഴം 8 കുംഭം 1178

www.mangalam.com

കോഴിക്കോട് 10 പേജ്

PUBLISHED FROM KOTTAYAM, KOZHIKODE AND KOCHI

പോലീസുകാരൻ കൊല്ലപ്പെട്ടതിനു പ്രതികാരമായി ബുള്ളറ്റുവർഷം

മുത്തങ്ങ: 10 ആദിവാസികളെ വെടിവച്ചു കൊന്നു

- ഒഴിപ്പിക്കലിനിടയിൽ പരുക്കേറ്റ് 9 ഗോത്രസഭക്കാർ ആശുപത്രിയിൽ
- വെടിവയ്പിൽ 10 ആദിവാസികൾ മരിച്ചു
- പത്രക്കാർക്കും ഫോട്ടോഗ്രാഫർമാർക്കും പോലീസ് മർദ്ദനം.



■ ഉന്മൂലനം:മുത്തങ്ങയിൽ ആദിവാസികൾ കെട്ടിയ കുടിലുകൾ കെ.എ.പി ബറ്റാലിയൻ നശിപ്പിക്കുന്നു.

■ സ്വന്തം ലേഖകൻ

മുത്തങ്ങ(വയനാട്) : വന്യജീവി സങ്കേതം കയ്യേറ്റക്കാരെ ഒഴിപ്പിക്കാനുള്ള പോലീസ് നടപടിക്കൊടുവിൽ ഗോത്രസഭക്കാരുടെ വെട്ടേറ്റ് ബന്ദിയാക്കപ്പെട്ട പോലീസുകാരനും പ്രതികാരം ചെയ്യാനൊരുങ്ങിയ കെ.എ.പി.ബറ്റാലിയൻകാരുടെ വെടിയേറ്റ് പത്ത് ആദിവാസികളും മരിച്ചതായി കണക്കാക്കുന്നു. മരിച്ച ആദിവാസികളുടെ എണ്ണം സ്ഥിതീകരിച്ചിട്ടില്ല. പതിനഞ്ചോളം പേർക്ക് വെടിയേറ്റതിൽ പത്തും പേരും മരിച്ചെന്നാണ് ഗോത്രസഭാ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടവർ പറയുന്നത്. അതേ സമയം ഒരു പോലീസുകാരനും ഒരു ആദിവാസിയും മാത്രമേ മരിച്ചിട്ടുള്ളുവെന്ന് ഡി.ഐ.ജി. ശങ്കർ റെഡി വൈകി നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞു. കണ്ണൂർ കെ.എ.പി. ബറ്റാലിയനിലെ വിനോദ്(34) ഗീതാനന്ദന്റെ പൊൻകുഴി സങ്കേതത്തിൽ ചികിത്സ ലഭിക്കാതെ രക്തം വാർന്ന് അഞ്ച് മണിയോടെയാണ് അന്ത്യശ്വാസം വലിച്ചു. ഇതറിഞ്ഞ് ഉന്നതരുടെ ആഹ്വാനത്തിന് കാത്ത് നിൽക്കാതെ പുറപ്പെട്ട കെ.എ.പി ബറ്റാലിയന്റെ നടപടിയിലാണ് ഗോത്രസഭക്കാരായ പത്ത് പേരുടെ മരണം. അപ്പോൾ തന്നെ ബന്ദിയാക്കപ്പെട്ട തോൽപ്പട്ടി റേഞ്ചിലെ ഫോറസ്റ്റ് ഗാർഡ് ശശിധരനെ അവർ മോചിപ്പിച്ച് ആശുപത്രിയിൽ എത്തിച്ചു. ഇന്നലെ രാവിലെ ആരംഭിച്ച ഒഴിപ്പിക്കൽ നടപടി പൂർത്തിയാക്കുന്നതിന് തൊട്ടുമുമ്പാണ് വിനോദും ശശിധരനും ബന്ദിയാക്കപ്പെട്ടത്. ഇതൊടെ ഒഴിപ്പിക്കൽ നടപടി പന്ത്രണ്ടരയോടെ നിർത്തി സേനാംഗങ്ങൾ മൂന്നു കിലോമീറ്ററോളം പിൻമാറി നിലയുറപ്പിച്ചതായിരുന്നു. ഗോത്രസഭാ നേതാക്കളുമായി അധികൃതർ ബന്ധപ്പെട്ടുവരുന്നതിനിടയിലാണ് ബന്ദിയുടെ മരണ വാർത്ത പുറത്തറിയുന്നത്.

പേജ് 9



- ബന്ദിയാക്കപ്പെട്ട പോലീസുകാരൻ വെട്ടേറ്റു രക്തം വാർന്നു മരിച്ചു.
- ബറ്റാലിയൻ പകരം വീട്ടി
- രണ്ട് എസ്.ഐമാരടക്കം 11 പോലീസുകാർക്ക് വെട്ടേറ്റു

പാമൊലിൻ കേസ്:കരുണാകരനെ പ്രോസിക്യൂട്ട് ചെയ്യാൻ സ്പീക്കറുടെ അനുമതി വേണ്ടെന്നു ഹൈക്കോടതി

കൊച്ചി: പാമോലിൻ ഇറക്കുമതി അഴിമതി കേസിൽ മുൻ മുഖ്യമന്ത്രി കെ. കരുണാകരനെ പ്രോസിക്യൂട്ട് ചെയ്യാൻ ലോക്സഭാ സ്പീക്കറുടെ അനുമതി വേണ്ടെന്ന് ഹൈക്കോടതി വിധിച്ചു.

മുഖ്യമന്ത്രി പദവി ദുരുപയോഗം ചെയ്ത് കെ. കരുണാകരൻ കുറ്റകൃത്യം ചെയ്തെന്നാണ് ആരോപണമെന്നും പാർലമെൻറംഗം എന്ന പദവി ദുരുപയോഗം ചെയ്തതായി ആരോപണമില്ലെന്നും ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസ് എൻ. കൃഷ്ണൻ നായരുടെ വിധി. ലോക്സഭാ സ്പീക്കറുടെ അനുമതിയില്ലെന്ന കാരണത്താൽ കെ. കരുണാകരനെതിരായ കുറ്റപത്രം തിരുവനന്തപുരം വിജിലൻസ് കോടതി നിരസിച്ചത് ഹൈക്കോടതി റദ്ദാക്കി. വിജിലൻസ് കോടതിയുടെ നടപടിക്കെതിരെ സംസ്ഥാന സർക്കാർ ഫയൽ ചെയ്ത റിവിഷൻ ഹർജിയാണ് ഹൈക്കോടതി അനുവദിച്ചത്.

1991-92 കാലയളവിൽ മുഖ്യമന്ത്രി ആയിരുന്ന കെ. കരുണാകരൻ അന്നത്തെ ഭക്ഷ്യവകുപ്പുമന്ത്രി ടി.എച്ച്. മുസ്തഫ, ചീഫ് സെക്രട്ടറി എസ്. പത്മകുമാർ, അഡീ. ചീഫ് സെക്രട്ടറി സക്കറിയാ മാത്യു, സിവിൽ സപ്ലൈസ് കോർപറേഷൻ മാനേജിംഗ് ഡയറക്ടറായിരുന്ന ജിജി തോംസൺ, ഭക്ഷ്യവകുപ്പു സെക്രട്ടറിയായിരുന്ന പി. ജെ. തോമസ് എന്നിവരുമായി ഗൂഢാലോചനയിൽ ഏർപ്പെട്ട് മലേഷ്യയിൽ നിന്ന് 15000 മെട്രിക് ടൺ പാമോലിൻ ഇറക്കുമതി ചെയ്തതിലൂടെ ഖജനാവിന് 2.8 കോടി രൂപയുടെ നഷ്ടമുണ്ടായെന്നാണ് ആരോപണം.

97 ൽ പ്രഥമ വിവര റിപ്പോർട്ട് നൽകിയ കേസിൽ 99 നവംബർ 23 നാണ് കുറ്റപത്രം സമർപ്പിച്ചത്.വിജിലൻസ് കോടതി ഉത്തരവിൽ ഇടപെടാൻ കാരണമില്ലെന്നായിരുന്നു കെ. കരുണാകരനുവേണ്ടി കേസിൽ ഹാജരായ പ്രസിദ്ധ അഭിഭാഷകൻ കപിൽ സിബൽ വാദിച്ചത്. ഈ വാദം കോടതി അംഗീകരിച്ചില്ല. സർക്കാരിനുവേണ്ടി പ്രോസിക്യൂഷൻ ഡയറക്ടർ പി.വി. മാധവൻ നമ്പ്യാർ ഹാജരായി.

നാല് പേർ മെഡിക്കൽകോളജ് ആശുപത്രിയിൽ

കോഴിക്കോട്: മുത്തങ്ങ വനത്തിൽ ആദിവാസികളുമായുണ്ടായ ഏറ്റുമുട്ടലിൽ പരുക്കേറ്റ ഫോറസ്റ്ററും 2 പോലീസുകാരുമടക്കം 4 പേരെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തോൽവട്ടി റേഞ്ചിലെ ഫോറസ്റ്ററായ ശശിധരന് കഴുത്തിനും ഇടതുവാരിയെല്ലിന് താഴെയുമാണ് ആഴത്തിൽ മുറിവേറ്റത്. തീപന്തം കൊണ്ട് പൊള്ളലേൽപ്പിക്കാൻ ശ്രമിച്ചിട്ടുമുണ്ട്. കെ.എ.പി നാലാം ബറ്റാലിയനിൽപെട്ട കണ്ണൂർ മങ്ങാടുപറമ്പ് സ്വദേശി മാവിലയിൽ വിനോദ് കുമാർ, ശ്രീകണ്ഠപുരം സ്വദേശി മലപ്പട്ട അബ്ദുൾ സലാം എന്നീ കോൺസ്റ്റബിൾമാരാണ് ചികിത്സയിലുള്ള മറ്റു രണ്ടു പേർ. കഴുത്തിനു പുറകിലും ഇടതുകാലിനും വെട്ടേറ്റ അബ്ദുൾ സലാമിന്റെ നില ഗുരുതരമാണ്. വിനോദ്കുമാറിന് ഇടതുകാലിനാണ് പരുക്ക്.അതിനിടെ മുത്തങ്ങ പൊൻകുഴിയിൽ വച്ച് പോലീസിന്റെ വെടിയേറ്റ് പരുക്കേറ്റ ആദിവാസി സോമൻ എന്നയാളെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇയാളുടെ ഇടതുകാൽ പാദം അറ്റുപോയിട്ടുണ്ട്.

കലാപം പറ്റില്ല: ആൻറണി

■ സ്വന്തം ലേഖകൻ

തിരുവനന്തപുരം: നിയമവ്യവസ്ഥകളെ വെല്ലുവിളിച്ചുകൊണ്ടുള്ള ആദിവാസികളുടെ സായുധ കലാപം ഒരുതരത്തിലും അനുവദിക്കില്ലെന്ന് മുഖ്യമന്ത്രി കെ.ആൻറണി. ''അക്രമങ്ങളെ സർക്കാർ ശക്തമായി നേരിടും. അതിന് യാതൊരു സംശയവും വേണ്ട. മുത്തങ്ങയിലെ ആദിവാസികളുടെ വനം കയ്യേറ്റത്തിനു പിന്നിൽ പ്രവർത്തിക്കുന്നത് മറ്റു ചില ശക്തികളാണ്. ആദിവാസികളെ മുന്നിൽനിർത്തി അവരാണ് കളിക്കുന്നത്. ഈ രഹസ്യശക്തികൾ ആരാണെന്നുള്ളത് പതിയെ വെളിപ്പെടും''- മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിക്കവെ പത്രലേഖകരുടെ ചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

പോലീസുകാർക്കുനേരെ കൊലവിളികളുമായി ആദിവാ[illegible] പോലീസിന് നേരിടേണ്ടിവന്നത്. ക്ഷമയുടെ നെല്ലിപ്പലക കണ്ടിട്ടാണ് സർക്കാർ ഇത്തരം നടപടിക്ക് മുതിർന്നത്. ആദിവാസി നേതാവ് സി.കെ.ജാനുവിനെ തിരുവനന്തപുരത്ത് മുമ്പ് സർക്കാർ സത്കരിച്ചത് തെറ്റായിപ്പോയെന്ന് ഇപ്പോൾ തോന്നുന്നുണ്ടോ എന്ന ചോദ്യത്തിന് ''തത്ക്കാലം ആത്മകഥയെഴുതാൻ ഞാൻ ഉദ്ദേശിക്കുന്നില്ല'' എന്നായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി.

അന്വേഷണംവേണം: പിണറായി

■ സ്വന്തം ലേഖകൻ

തിരുവനന്തപുരം: വയനാട്ടിലെ മുത്തങ്ങയിലെ കൂട്ടക്കൊല സർക്കാരിന്റെ പിടിപ്പുകേടിന്റെ ഫലമാണെന്നും സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ആവശ്യപ്പെട്ടു.

നാല് ആദിവാസികളും ഒരു പോലീസുകാരനും മരിക്കാനിടയായത് ഒഴിവാക്കേണ്ടിയിരുന്ന ദാരുണസംഭവമാണ്. യു.ഡി.എഫ്. ഭരണം വന്നശേഷം പോലീസ് വെടിവയ്പിൽ ആളുകൾ മരിക്കുന്നത് നിത്യസംഭവമാകുകയാണ്. പോലീസ് ഭരണത്തിന്റെ ജനദ്രോഹമുഖമാണ് ഇതിൽ തെളിയുന്നത്.

ആദിവാസികളുടെ ഭൂമിപ്രശ്നമടക്കം പരിഹരിക്കുന്നതിൽ ആൻറണി സർക്കാർ വരുത്തിയ വീഴ്ചയും മുത്തങ്ങ സംഭവത്തിന് വഴിതെളിച്ചിട്ടുണ്ട്. -പിണറായി ആരോപിച്ചു.

രണ്ടു സേനാംഗങ്ങളെ ബന്ദിയാക്കി മണ്ണെണ്ണയൊഴിച്ചു

ഹരിഭാസൻ പാലയിൽ

മുത്തങ്ങ(വയനാട്) : വന്യജീവി സങ്കേതത്തിലെ കയ്യേറ്റക്കാരെ ഒഴിപ്പിക്കാനുള്ള പോലീസ് നടപടിയിക്കിടയിൽ രണ്ട് സേനാംഗങ്ങളെ ബന്ദികളാക്കി ആദിവാസി ഗോത്രമഹാസഭ തിരിച്ചടിച്ചു. വെട്ടേറ്റ മുറിവുകളിൽ നിന്നും രക്തം വാർന്നൊഴുകുന്ന ഇവരെ കെട്ടിയിട്ട് മണ്ണെണ്ണയൊഴിച്ച് പന്തം കൊളുത്തി ഗോത്രസഭാ സേനക്കാർ വിലപേശി.

ഗോത്രമഹാസഭ സ്ഥാപിച്ച തകരപ്പാടിയിലെ ചെക്ക് പോസ്റ്റിൽ നിന്ന് രാവിലെ ആരംഭിച്ച ഒഴിപ്പിക്കൽ പ്രക്രിയ ആദിവാസികളുടെ പ്രതിരോധങ്ങളെ മറികടന്ന് പൊൻകുഴിയിലെത്തി. സി.കെ. ജാനുവിന്റെ സഹായിയായ ഗീതാനന്ദന്റെ സങ്കേതം വളഞ്ഞപ്പോൾ അവശനിലയിലായ ബന്ദികളെയുമായി ഗോത്രമഹാസഭാ സേന ഉപകമാണ്ടർ അശോകനാണ് പോലീസ് സേനയെ നിർവീര്യമാക്കിയത്. ആദ്യം അമ്പത് അടി പിന്മാറിയ പോലീസ് വ്യൂഹത്തിന് പിന്നീട് മൂന്ന് കിലോമീറ്റർ അകലെ നിലയുറപ്പിക്കേണ്ടിവന്നു.

ഉച്ചയ്ക്ക് 12 മണിക്ക് മുമ്പേ ബന്ദിയാക്കപ്പെട്ട ഇവരെ മോചിപ്പിക്കാനായിരുന്നു വെടിവയ്പ്. ഡോക്ടറെ അകത്തെത്തിച്ചാൽ ചികിത്സക്ക് സൗകര്യമൊരുക്കാമെന്നറിയിച്ചെങ്കിലും ഡോക്ടർമാർ അകത്തു കയറാൻ വിസമ്മതിക്കുകയായിരുന്നു.

ഓപ്പറേഷനിടയിൽ ലഘു ഭക്ഷണം കഴിക്കാൻ തിരിച്ച അമ്പതോളം വരുന്ന പോലീസ് സംഘം ഒരു വശത്ത് ഏതാനും ഗോത്രസഭാ പ്രവർത്തകർ ആയുധങ്ങളുമായി അടുക്കുന്നതു കണ്ട് അവരെ തുരത്താൻ ഓടിചെല്ലുകയായിരുന്നു. ഉണങ്ങിയ ദർഭക്കാട്ടിൽ പതുങ്ങിയ അവരെ തെരയുമ്പോഴേക്കും [illegible] പരുങ്ങായിരുന്ന ഇവർ പോലീസുകാർക്കും ചൂറ്റും തീയിട്ടു. അഗ്നിവലയത്തിൽ കുടുങ്ങിയ സേനാംഗങ്ങൾ ആത്മരക്ഷാർത്ഥം വെടിയുതിർത്തു. ഇതിനിടയിൽ ചിതറിപ്പോയവരെ നോക്കി ഗോത്രമഹാസഭക്കാർ നീളം കൂടിയ വാക്കത്തി കൊണ്ട് വെട്ടി. അക്കൂട്ടത്തിൽ രണ്ടുപേരാണ് പിടിയിലായ കണ്ണൂർ കെ.എ.പി. ബറ്റാലിയനിലെ വിനോദും ഫോറസ്റ്റ് ഗാർഡ് ശശിധരനും. ഇരുവരെയും ഗോത്രസഭക്കാർ തൊട്ടടുത്തുള്ള പൊൻകുഴി കേന്ദ്രത്തിലേക്ക് കൊണ്ടുപോവുകയായിരുന്നു.

പതിനൊന്നരയോടെ നടന്ന ഈ സംഭവങ്ങൾ ഡിവൈ.എസ്.പി.മാരായ കെ.ഉണ്ണി, സതീഷ് എന്നിവരുടെ നേതൃത്വത്തിലുള്ള ഓപ്പറേഷൻ സംഘം അറിഞ്ഞിരുന്നില്ല.

അവർ മുന്നേറി 12.15നാണ് മുഖ്യസങ്കേതം വളയുന്നത്. വലിയൊരേറ്റുമുട്ടില്ലാതെ എല്ലാവരെയും കീഴടക്കാനാകുമെന്ന പ്രതീക്ഷയോടെ മുന്നേറിയ പോലീസ് സേനക്ക് നിരാശയോടെ തിരിക്കേണ്ടി വന്നു.

രാവിലെ ഏട്ടരയോടെ ബാംഗ്ലൂർ നാഷണൽ ഹൈവേക്ക് സമീപം തകരപ്പാടിയിൽ ഗോത്ര സഭക്കാർ സ്ഥാപിച്ച ചെക്ക് പോസ്റ്റിൽ നിന്നും രാവിലെ ഏട്ടരയോടെയാണ് ഓപ്പറേഷന് തുടക്കം.

അതിനു മുമ്പേ നടപടിക്രമങ്ങളെക്കുറിച്ചും പാലിക്കേണ്ട അച്ചടക്കത്തെക്കുറിച്ചും മറ്റും ഡി.ഐ.ജി.ശങ്കർ റെഡിയും എസ്.പി.യു.എ.നടേശനും വിശദീകരിച്ചു.

കീഴടങ്ങാനുള്ള...പേജ് 7

ഇന്ന് സംസ്ഥാന ഹർത്താൽ

തിരുവനന്തപുരം: മുത്തങ്ങയിലെ പോലീസ് വെടിവയ്പ്പിൽ പ്രതിഷേധിച്ച് ആദിവാസി ഗോത്രമഹാസഭയുടെ ആഹ്വാനമനുസരിച്ച് ഇന്ന് സംസ്ഥാന വ്യാപകമായി ഹർത്താൽ ആചരിക്കും.



■ പോലീസ് പിടിയിലായ ആദിവാസി.

മറ്റുപേജുകളിൽ

പൊതുവൃത്താന്തം/ പേജ് 7

മരുന്നുമാറി കുത്തിവയ്പ്: 216 കുട്ടികൾ ആശുപത്രിയിൽ

ലോട്ടറി ഫലങ്ങൾ പേജ് 8

ആനയും ഉറുമ്പും



വിജിലൻസ് സ്ക്വാഡ് വന്നപ്പോൾ മന്ത്രി ശങ്കരൻ എന്തു ചെയ്തു?

പാർട്ടിടിക്കറ്റ് കാണിച്ചു


മംഗളം ലൂണാർ
ലോകകപ്പ് ക്രിക്കറ്റ് പ്രവചന മത്സരം
ബമ്പർ സമ്മാനം
ദിവസവും സമ്മാനങ്ങൾ
ലൂണാർ കുടുക്കൻ
സിസോ ബുക്സ് ഡിക്ഷണറികൾ
വാക്ക്മാൻ
15
1. ഫെ. 23 ലെ പൂൾ എ വിജയി
A ഇന്ത്യ B നമീബിയ
2. ഫെ. 23 ലെ പൂൾ ബി വിജയി
A വെസ്റ്റിൻഡീസ് B കാനഡ
2. ലോകകപ്പ് നേടുന്ന ടീം
പേര് ..... വയസ്.....
വിലാസം.....
.....
..... ഫോൺനമ്പർ.....
ഒന്നിൽകൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ നിശ്ചയിക്കും • കവറിന് പുറത്ത് മംഗളം-ലൂണാർ ലോകകപ്പ് ക്രിക്കറ്റ് പ്രവചന മത്സരം 15 എന്ന് എഴുതുക • പൂരിപ്പിച്ച കൂപ്പൺ ഫെ. 22 നകം മംഗളം ദിനപത്രം, എസ്.എച്ച്. മൗണ്ട് പി.ഒ. കോട്ടയം-6 എന്നവിലാസത്തിൽ ലഭിച്ചിരിക്കണം.
ഇനി ചെരുപ്പും കുടയും ലൂണാർ
LUNAR'S

സൂചിക

സ്വർണ്ണം (പവൻ) 4128(▼40) ■ വെളിച്ചെണ്ണ (ക്വിൻറൽ) 5875(▲50) ■ റബർ (കോട്ടയം) 4375 (▼25) ■ കുരുമുളക് (ക്വിൻറൽ) 7800 (▼200) ■ ഡോളർ 46.85 (▼0.05)



■ കഴിഞ്ഞ ദിവസം വെട്ടത്തൂർ കാപ്പിൽ നിര്യാതനായ കല്ലുപാലത്തിങ്ങൽ അബൂഹാജി.

■ **എടക്കര:** എറണാകുളം ആനന്തോയിൽ എക്സ്ട്രാക്ഷൻ ലിമിറ്റഡ് മാനേജിംഗ് പാർട്ണർ എറണാകുളം റോഡ്വെ ആനന്ദവിഹാറിൽ ശിവശങ്കരൻ നായർ (44) നിര്യാതനായി. ഭാര്യ: സുമതി അമ്മ (പാലേമാട് ശ്രീ വിവേകാനന്ദ ഹയർ സെക്കൻഡറി സ്കൂൾ).

■ **കോഡൂർ:** വലിയാട് കടമ്പോട്ട് മുഹമ്മദിന്റെ മകൾ മറിയുമ്മ (50) നിര്യാതയായി. മകൻ: അബ്ദു (ദുബായ്). മാതാവ്: കുഞ്ഞിപ്പാത്തുമ്മ. സഹോദരൻ: കടമ്പോട്ട് കുട്ടിപ്പ.



■ കഴിഞ്ഞ ദിവസം വെട്ടത്തൂരിൽ നിര്യാതനായ മമ്മദ്.

■ **തിരൂർ:** മുത്തൂരിലെ ചെമ്പഞ്ചേരി ദേവുഅമ്മ (22) നിര്യാതയായി. വിജയൻ, സേതു അടക്കം മൂന്നു മക്കളുണ്ട്.

■ **വണ്ടൂർ:** കാപ്പിൽ സീതാനിവാസിലെ മുരളീധരന്റെ മകൾ ശ്രീമി (എട്ട്) പനി മൂർച്ചിച്ചതിനെത്തുടർന്ന് നിര്യാതയായി. കാപ്പിൽ എസ്.വി. എ.യു.പി.സ്കൂൾ മൂന്നാം ക്ലാസ് വിദ്യാർഥിയാണ്. അമ്മ : താര. സഹോദരങ്ങൾ: ശ്രീലക്ഷ്മി, കമൽദേവ്, വിമൽദേവ്.

■ **കായംകുളം:** പെണ്ണുക്കര പ്ലാക്കാട്ട് ശ്രീനിലയത്തിൽ പി. വി. ശശിധരക്കുറുപ്പിന്റെ ഭാര്യ ശ്രീദേവിയമ്മ (45) നിര്യാതയായി.



■ **വളാഞ്ചേരി:** കാവുംപുറത്തെ റിട്ട. അധ്യാപകനും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന എം.പി. ചേക്കുവിന്റെ ഭാര്യ ടി.ടി. പാത്തുമ്മ (84) നിര്യാതയായി. മക്കൾ: സൈനബ, എം.പി. അബ്ദുൾ റഹീം (എ.എൽ.പി. സ്കൂൾ തൊഴുവാനൂർ), റുഖിയ, അബ്ദുൾ സലാം, അബ്ദുൾ ജബ്ബാർ (ഇരുവരും കുവൈത്ത്), പ്രൊഫ. ഇസ്ഹാബ് (പട്ടാമ്പി ഗവ. കോളേജ് സുവോളജി വിഭാഗം), സുബൈദ. മരുമക്കൾ: ഇബ്രാഹിം, കാലൊടി മുഹമ്മദ്കുട്ടി.

■ **തോപ്രാംകുടി:** മുണ്ടിയാങ്കൽ ജോസഫ് ജോസഫ്(90) നിര്യാതനായി.സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 12.30-ന് കിളിയാർകണ്ടം ഹോളിഫാമിലി പള്ളി സെമിത്തേരിയിൽ.

■ **വഞ്ചിമല:** മുതുപ്ലാക്കൽ വർക്കി മത്തായി(കുഞ്ഞുവർക്കി -50) നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ മേരിക്കുട്ടി പാലപ്ര കാലായിൽ കുടുംബാംഗം.



■ **വളാഞ്ചേരി:** കാടാമ്പുഴ അച്ചിപ്ര ചാങ്ങിലിയോട്ട് മനുയ്ക്കൽ കൃഷ്ണൻ നമ്പൂതിരി (കുട്ട്യേട്ടൻ-78) നിര്യാതനായി. അവിവാഹിതനാണ്.

■ **കായംകുളം:** ഇലിപ്പക്കുളം നിലക്കവിള പരേതനായ അബ്ദുൾ റഹ്മാൻ കുഞ്ഞിന്റെ ഭാര്യ ആസ്യാ ഉമ്മാക്കുഞ്ഞ് (95) നിര്യാതയായി. സംസ്കാരം നടത്തി. മക്കൾ: സെയ്ദുമുഹമ്മദ്കുഞ്ഞ്, ഷരീഫാ കുഞ്ഞ് (കാഞ്ഞിപ്പുഴ), നൂറുദ്ദീൻകുഞ്ഞ് (റിട്ട. ടീച്ചർ), അബ്ദുൾ സലാം (ബിഷാറത്തുൽ ഇസ്ലാം സ്കൂൾ ഇലിപ്പക്കുളം), ബഷീർ (കൊട്ടാരക്കര), ജാഫർ സുഹ്റാബീവി, ഇബ്രാഹിംകുട്ടി, അബ്ദുൾ റഷീദ്, പരേതരായ അബ്ദുൾ മജീദ് ബീഫാത്തുമ്മ.

മരുമക്കൾ: ജമീലാബീവി, ഫാത്തിമാബീവി, നഫീസ (ഗവ. എച്ച്.എസ്. പള്ളുരുത്തി), സുബൈദാബീവി, സൗജത്ത്, സാജിത, ഷംസുദ്ദീൻ സൗദാബീവി, റഹിയാനത്ത്, പരേതനായ മൈതീൻകുഞ്ഞ്.



■ **കോഴിക്കോട്:** നടക്കാവിലെ പരേതനായ ചിറകൽ അബ്ദുറഹിമാൻ ഹാജിയുടെ മകൻ ചിറക്കൽ മമ്മത്കോയ (60) നിര്യാതനായി. മക്കൾ: റിയാസ്, സലീം, നൗഷാദ്, സൈറാബാനു ഭാര്യ: കച്ചീബി, ജാമാതാവ്: ഗഫൂർ, മയ്യിത്ത് നമസ്കാരം ഇന്ന് രാവിലെ 9മണിക്ക് നടക്കാവ് ജുമുഅത്ത് പള്ളിയിൽ.

■ **പെരിന്തൽമണ്ണ:** പനങ്ങാങ്ങര അരിപ്ര പള്ളിപ്പടിയിൽ പരേതനായ അബ്ദുൾ ഖാദർ കുഞ്ഞി തങ്ങളുടെ മകൻ സെയ്ദ് ഇസ്മയിൽ മുല്ലക്കോയ തങ്ങൾ എന്ന ബാപ്പുട്ടി (22) നിര്യാതനായി. സഹോദരങ്ങൾ: സെയിദ് ചെറുകുഞ്ഞിക്കോയ, സെയിദ് പുക്കുഞ്ഞിക്കോയ. സഹോദരി: കുഞ്ഞി ബീവി.

■ **കൊയിലാണ്ടി:** അരിക്കുളം വാകമോളിയിലെ നങ്ങ്യാപുറത്ത് അമ്മത് (52) നിര്യാതനായി. ഭാര്യ സൈനബ. മക്കൾ: റൈന, അഷിത.

■ **വടകര:** മടപ്പള്ളി കാരക്കാടിലെ 'കല്ലാ' കുടുംബാംഗം കുനിയിൽ കല്ലാ ഇബ്രാഹിം (65) നിര്യാതനായി. സഹോദരങ്ങൾ: കല്ലാ മമ്മു, അബൂബക്കർ, സൈനബ, പരേതയായ പാത്തു, ആയിശോമ്മ, നബീസു.



■ **കൊയിലാണ്ടി:** നെല്ലൂളിതാഴ കണാരൻ (80) നിര്യാതനായി. മക്കൾ: കൃഷ്ണൻ,രാധ, ജാനകി, നാരായണി, ശ്യാമള, പുഷ്പ.

■ **കുഴൽമന്ദം:** കളപ്പെട്ടി പെരുകുന്നം പഴണി(67) നിര്യാതനായി. ഭാര്യ: പാറു. മക്കൾ: ഷൺമുഖൻ, ദേവകി, രുഗ്മണി, വസന്ത. മരുമക്കൾ: മാണിക്കൻ, ചന്ദ്രൻ, കൃഷ്ണൻകുട്ടി.

■ **കുഴൽമന്ദം:** കണ്ണാടി കടുവക്കോട് വീട്ടിൽ പരേതനായ കൃഷ്ണന്റെ മകൻ കുഞ്ചുണ്ണി(50) നിര്യാതനായി. ഭാര്യ: വേശകുമാരി. മക്കൾ: പ്രസന്ന, പ്രസീത, പ്രതീഷ്, പ്രതിഭ.

■ **കൊടുവള്ളി:** കിഴക്കോത്ത് മറിവീട്ടിൽതാഴം മേലെ നിലമ്പാട്ട് മീനാക്ഷിയമ്മ (75) നിര്യാതയായി. മക്കൾ: ഗോപാലൻകുട്ടി-കൊടുവള്ളി ഗ്രാമപഞ്ചായത്ത്, ശശിധരൻ-മിൽമ മറിവീട്ടിൽതാഴം, തങ്കം, സത്യവതി.

■ **ചെറുകാട്:** കാപ്പുമ്മൽ ചങ്ങരോട്ടി (88) നിര്യാതനായി. ആദ്യകാല കർഷകസംഘം പ്രവർത്തകനായിരുന്നു. ഭാര്യ പരേതയായ ചിരുത. മക്കൾ: ലീല, മാധവി, കുഞ്ഞികണാരൻ, ബാലൻ,മരുമക്കൾ: കുഞ്ഞിചെക്കിണി, ബാലൻ, സരള, റീന.



■ **താനൂർ:** സി.പി.എം. കുറുവട്ടിശേരി ബ്രാഞ്ച് കമ്മിറ്റി അംഗം തിരുവങ്ങാട്ട് ബാലൻ (73) നിര്യാതനായി. ഭാര്യ: അമ്മുക്കുട്ടി. മക്കൾ: വേണുഗോപാലൻ, ഗോപാലകൃഷ്ണൻ (ഇരുവരും ദുബൈ), അശോകൻ, അനിൽകുമാർ, സുഭദ്ര, വിജയ. ജാമാതാക്കൾ: പരമേശ്വരൻ (കുറ്റൂർ), വിജയൻ (കോഴിക്കോട്).

ദുബായിൽ മരിച്ചു

■ **എടപ്പാൾ:** എടപ്പാൾ അങ്ങാടിയിലെ ഇയ്യാണ്ടത്ത് മുഹമ്മദ് മകൻ അസൈനാർ എന്ന ബാവനു (54) ഹൃദയാഘാതം മൂലം ദുബായിൽ മരിച്ചു. താമസ സ്ഥലത്തു നിന്നും കഴിഞ്ഞ ദിവസം രാവിലെ കാറിൽ സഞ്ചരിക്കുകയായിരുന്നു. മൃതദേഹം വെള്ളിയാഴ്ച നാട്ടിലെത്തും. സഹോദരങ്ങൾ: ഹംസ അബുദാബി, അബ്ദുൾ ഖാദർ-ദുബായ്, ഹുസൈൻ, കദീജ, ആമിന.

■ **ചിറക്കടവ്:** വെട്ടിക്കാട്ട് ആൻറണി തോമസ് (കൊണ്ടൂപ്പറമ്പിൽ തോമാച്ചൻ-94) നിര്യാതനായി. സംസ്കാരം ഇന്നു രാവിലെ പത്തിന് ചിറക്കടവ് താമരക്കുന്ന് പള്ളി സെമിത്തേരിയിൽ. ഭാര്യ പരേതയായ അന്നമ്മ മിത്രക്കരി ചൂരക്കുറ്റി കുടുംബാംഗം. മക്കൾ: ബേബിച്ചൻ, സി. ബിബിയാന സി.എം.സി. ചാവറഭവൻ (കൈനകരി), പെണ്ണമ്മ, പരേതയായ തെയ്യാമ്മ. മരുമക്കൾ : തങ്കമ്മ മാന്നാത്ത്(എരുമേലി), അഡ്വ. ചാണ്ടിക്കുഞ്ഞ് മാടപ്പള്ളിമറ്റം(വാഴൂർ), പരേതനായ ജോയിച്ചൻ കൊണ്ടോടിക്കൽ(കട്ടപ്പന).

■ **ഹരിപ്പാട്:** മുട്ടം പുത്തൻപുരയ്ക്കൽ കിഴക്കതിൽ രാഘവൻനായരുടെ മകൾ സിന്ധു (21) നിര്യാതയായി. മാതാവ്: ശാന്ത.

■ **കായംകുളം:** കായംകുളം ചിറയിൽ പരേതനായ പാപ്പിയുടെ ഭാര്യ കുഞ്ഞാമ്മ (86) നിര്യാതയായി. സംസ്കാരം നടത്തി. മക്കൾ: തങ്കമ്മ, കുഞ്ഞുഞ്ഞമ്മ, അന്നമ്മ, മറിയാമ്മ, ജോണികുട്ടി. മരുമക്കൾ: പരേതനായ ജോർജ്, ബേബി, ജോർജുകുട്ടി, കുഞ്ഞുമോൻ.



■ **കൊണ്ടോട്ടി:** അത്താണിക്കൽ ഈങ്ങുക്കൽ അറുമുഖൻ (73) നിര്യാതനായി. മക്കൾ: കൃഷ്ണൻകുട്ടി (പി. എച്ച്.സി. നെടിയിരുപ്പ്), നാരായണൻ, ദാമോദരൻ, ഹൈമാവതി, യശോദ, വിജയകുമാരി. മരുമക്കൾ: ശ്യാമള (പി.എച്ച്.സി: മൊറയൂർ), ഗീത, റീന, വേലുക്കുട്ടി (തൃപ്പനച്ചി), കൃഷ്ണൻ അരീക്കോട്, മണികണ്ഠൻ (രാമപുരം).

■ **തുറവൂർ:** പുത്തൻകാവ് പ്ലാപ്പിശേരി പടിഞ്ഞാറെ നികർത്തിൽ പരേതനായ പത്മനാഭന്റെ ഭാര്യ ഭാർഗവി (71) നിര്യാതയായി. മക്കൾ: ഉദയൻ, സത്യപ്പൻ, അശോകൻ, രാജു, പ്രതാപൻ, ബാബു, വിജയമ്മ. മരുമക്കൾ: തങ്കമണി, വിമല, ഷൈല, ഓമന, ഷീല, ഷീബ, പരമേശ്വരൻ

■ **കുറവിലങ്ങാട്:** ഓരത്തേൽ പരേതനായ ഫ്രാൻസീസിന്റെ ഭാര്യ അന്നമ്മ(80) നിര്യാതയായി. സംസ്കാരം ഇന്നു രാവിലെ പത്തിന് കുറവിലങ്ങാട് മർത്തമറിയം ഫൊറോനാപ്പള്ളി സെമിത്തേരിയിൽ. പരേത അറമ്പുഴ കുന്നേൽ കുടുംബാംഗം. മക്കൾ: മേരി, ബേബി (ഇരുവരും യു.എസ്.എ.), ജോസ് (ബാറ്റാ ഷോറും കുറവിലങ്ങാട്), പരേതനായ ടോണി. മരുമക്കൾ: ജോർജ് തൈവേലിയ്ക്കകത്ത് (ചേർത്തല), ലീലാമ്മ മാടവനാൽ (തൊടുപുഴ), ലീല മുരിയ്ക്കനാകുഴിയിൽ(കാട്ടാമ്പാക്ക്), സാലമ്മ മുരിയംകരി(വില്ലുന്നി).

■ **ചാലാപ്പള്ളി:** മുരുതോന്നിക്കൽ സി.കെ. ഭാസ്കരൻനായരുടെ ഭാര്യ കമലമ്മ (76) നിര്യാതയായി.മക്കൾ: രാജശേഖരൻപിള്ള, ചന്ദ്രമോഹനൻനായർ, ശാന്തകുമാരിയമ്മ, ഇന്ദിരാമ്മ, പരേതനായ രത്നകുമാർ. മരുമക്കൾ: വിമല, ലീലാമ്മ, വാസുദേവൻപിള്ള, രാജശേഖരകൈമൾ, രാജേശ്വരി.

■ **തൃപ്രയാർ:** പെരിങ്ങോട്ടുകര പരേതനായ കൈപ്പുള്ളി കൃഷ്ണന്റെ ഭാര്യ ഭവാനി (80) നിര്യാതയായി.



കാടുകുറ്റി: പൂനയിൽ ഡിഫൻസിൽ ജോലിചെയ്യുന്ന തെക്കേതല ലോനപ്പൻ (47) നിര്യാതനായി.

■ **കൊയിലാണ്ടി:** തിരുവങ്ങയൂർ കിഴക്കെ കനാങ്കോട് രവീന്ദ്രൻ (40) വീടിനടുത്ത് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കൊയിലാണ്ടി ശ്രീദേവി ഹോട്ടൽ ജീവനക്കാരനാണ്. ഭാര്യ രശ്മി, മകൻ: വൈഷ്ണവ്.

■ **വള്ളംചിറ (മണിമല):** മാവേലിൽ മാത്യൂസ് (ടോമിച്ചൻ) മാവേലിയുടെ മകൻ സുരിറ്റ് സർലണ്ടിൽ വാഹനാപകടത്തിൽ മരിച്ച പാട്രിക്കിന്റെ (6) സംസ്കാരം ഇന്ന് 3.30-ന് വള്ളംചിറ സെൻറ്മേരീസ് പള്ളി സെമിത്തേരിയിൽ. ചമ്പക്കുളം വടക്കേടത്ത് കോച്ചേരിൽ (പുലിക്കാട്ടിൽ) ലിജിയാണ് മാതാവ്. ഏക സഹോദരി അലീഷ.

■ **കുടശനാട്:** കടകത്ത് കിഴക്കേതിൽ ജാനകിയമ്മ (85) നിര്യാതയായി. സംസ്കാരം ഇന്ന് 10.30-ന് വീട്ടുവളപ്പിൽ. മകൻ: വിജയൻപിള്ള (റിട്ട. കെ.എസ്.ആർ.ടി.സി കണ്ടക്ടർ). മരുമകൾ: തുളസിയമ്മ (എച്ച്.എസ്.എസ് പടനിലം).

■ **വെള്ളറട:** മേഴക്കോട്ട് ചെട്ടേട്ട് സി.ഐ. മാത്യു (71) നിര്യാതനായി.കുഞ്ഞുഞ്ഞമ്മയാണ് ഭാര്യ. മക്കൾ: ശോഭ, അനിത, ബീന, സജി, മിനി, ബിജി. മരുമക്കൾ: സാബു, ഷാജി, സുജ, ബിജു.

■ **കോതമംഗലം:** വടാട്ടുപാറ കാട്ടറുകുടിയിൽ രാജപ്പന്റെ ഭാര്യ ശാരദ (45) നിര്യാതയായി. സംസ്കാരം നടത്തി. തട്ടേക്കാട് കാടായത്ത് കുടുംബാംഗമാണ്. മക്കൾ: ഉല്ലാസ്, ആശ.

■ **മൂവാറ്റുപുഴ:** ഈസ്റ്റ് വാഴപ്പിള്ളി ആട്ടായം കുന്നുംപുറത്ത് നാരായണൻ (76) നിര്യാതനായി. സംസ്കാരം ഇന്നു രാവിലെ 10-ന് വീട്ടുവളപ്പിൽ. ഭാര്യ: കല്യാണി. മക്കൾ: ശിവൻ, സുകുമാരൻ, മണി, ചന്ദ്രൻ, ഓമന. മരുമക്കൾ: ഇന്ദിര, ലീല, ഷീല, വിജയൻ.

■ **ഹരിപ്പാട്:** ചേപ്പാട് മുറിയാംമുട് ഓമനയമ്മ (70) നിര്യാതയായി.



■ **മാരാമൺ:** തകടിപ്പുറത്ത് രാഘവൻനായർ (കെ.എസ്.ഇ.ബി. റിട്ട. ഉദ്യോഗസ്ഥൻ- 85) നിര്യാതനായി. സംസ്കാരം നടത്തി.

■ **കാടുകുറ്റി:** കവലക്കാട്ട് ചിറപ്പണത്ത് ഇട്ടൂപ്പിന്റെ ഭാര്യ റോസി (79) നിര്യാതയായി.

വിവിധ വാഹനാപകടങ്ങളിൽ ഒരാൾ മരിച്ചു; എട്ടു പേർക്ക് പരുക്ക്

തിരൂർ: കൽപകഞ്ചേരി, കുറ്റിപ്പുറം, തിരൂർ എന്നിവിടങ്ങളിലുണ്ടായ വാഹനാപകടങ്ങളിൽ എട്ടുപേർക്ക് പരുക്കേറ്റു. ഒരാൾ മരിച്ചു.

തിരൂർ പുങ്ങോട്ടുകളത്തു വച്ച് മണൽ ലോറി കയറി അമ്പത് വയസു തോന്നിക്കുന്ന തമിഴ്നാട് സ്വദേശിയാണ് മരിച്ചത്.

അരയ്ക്കു കീഴ്പ്പോട്ട് ലോറി കയറിയിറങ്ങി ചതഞ്ഞ നിലയിലായിരുന്നു. ഇയാളെ തിരിച്ചറിഞ്ഞിട്ടില്ല. ടാറ്റാ ഇൻഡിക്കയിൽ ടിപ്പർ ഇടിച്ചതിനെത്തുടർന്ന് യാത്രക്കാരായ കടകശേരി പൂമുള്ളകത്ത് നിഷാമുദ്ദീൻ, സഹോദരി മുത്തു ബീവി, മുത്തു ബീവിയുടെ മക്കൾ അജ്മൽ, റുഫൈദ്, ഡ്രൈവർ ഷാജദ് എന്നിവർക്ക് പരുക്കുപറ്റി.

അതളൂരിൽ വച്ചാണ് അപകടം.

വെട്ടിച്ചിറ ചുങ്കത്തുവച്ച് സ്കൂട്ടറിൽ ജീപ്പിടിച്ച് സ്കൂട്ടർ യാത്രക്കാരൻ പുത്തനത്താണിയിലെ വർക്ക് ഷോപ്പ് ജീവനക്കാരനു പരുക്കേറ്റു.

ബാപ്പയോടൊപ്പം നടന്നു പോകുമ്പോൾ ഓട്ടോറിക്ഷ ഇടിച്ച് കുറുമ്പത്തൂർ കരിങ്കപ്പാറ മുഹമ്മദ് കുട്ടിയുടെ മകൾ സുമയ്യ (നാല്) ക്ക് പരുക്കേറ്റു.

റോഡരുകിലൂടെ നടന്നു പോവുകയായിരുന്ന വാടി ഭാഗ്യനാഥി (22) നു ബൈക്കിടിച്ച് ഗുരുതരമായി പരുക്കേറ്റു. പൊൻമുണ്ടത്തു വച്ചാണ് അപകടം. അപകടങ്ങളിൽ പോലീസ് കേസെടുത്തു.

എൽ.ഐ.സി ഉദ്യോഗസ്ഥൻ അപകടത്തിൽ മരിച്ചു



■ ഗോപിനാഥ്

വടക്കഞ്ചേരി: ആലത്തൂർ എൽ.ഐ.സി ഉദ്യോഗസ്ഥൻ ബൈക്ക് അപകടത്തിൽ മരിച്ചു. മഞ്ഞപ്ര പത്മ വിഹാറിൽ എൻ.ഗോപിനാഥാണ്(53) ആണ് തിങ്കളാഴ്ച രാത്രിയിൽ പാമ്പാടിയിൽ വച്ചുണ്ടായ ബൈക്ക് അപകടത്തിൽ മരിച്ചത്.

അപകടത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിച്ചെങ്കിലും ചൊവ്വാഴ്ച ഉച്ചയോടെ മരിക്കുകയായിരുന്നു. ഭാര്യ: ലത. മക്കൾ: സ്വപ്ന(എൽ.എൽ.ബി, തൃശൂർ), സരിക(വടക്കഞ്ചേരി ചെറുപുഷ്പം ഹൈസ്കൂൾ വിദ്യാർഥിനി).

റിയാദിൽവാഹനാപകടം: മുക്കം സ്വദേശി മരിച്ചു

മുക്കം: റിയാദിലുണ്ടായ വാഹനാപകടത്തിൽ മുക്കം സ്വദേശിയായ യുവാവ് മരിച്ചു. മുക്കം കള്ളൻതോട് വി. കോയക്കുട്ടി ഹാജിയുടെ മകൻ ഖലീൽ (22) ആണ് മരിച്ചത്. റിയാദിലെ കുമ്പു കാറ്ററിംഗ് കമ്പനിയിലെ ജീവനക്കാരനായിരുന്നു.

മാതാവ്: സുഹറ. സഹോദരങ്ങൾ: സുജിറ, ഹാദിയ, ഫാരിദ, മമ്മദ് അർഷാദ്, ഹന്നാത്ത്, യുംന.

പ്ലസ് ടു വിദ്യാർഥിനി ദുരൂഹ സാഹചര്യത്തിൽ മരിച്ചു

കാഞ്ഞങ്ങാട്: കിഴക്കുംകര മുച്ചിലോട് ഭഗവതിക്ഷേത്രത്തിന് സമീപത്തെ കൃഷ്ണന്റെ മകളും പാരലൽ കോളജ് വിദ്യാർഥിനിയുമായ രേഷ്മ (18)യെയാണ് വായിൽ നിന്നും നുരയും പതയും വന്ന് മരിച്ച നിലയിൽ കിടപ്പുമുറിയിൽ കണ്ടെത്തിയത്. ഉടൻ കാഞ്ഞങ്ങാട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല സരോജിനിയാണ് മാതാവ്. മഹേഷ്, മനോജ് സഹോദരങ്ങളാണ്.

കെട്ടിട നിർമാണത്തിനിടെ പരുക്കേറ്റ തൊഴിലാളി മരിച്ചു

കണ്ണൂർ: കെട്ടിട നിർമാണത്തിനിടെ വീണു പരുക്കേറ്റ് ചികിത്സയിലായിരുന്ന തൊഴിലാളി കണ്ണപുരം ചുണ്ടയിലെ തടത്തിൽ വീട്ടിൽ ടി.വി സതീഷ് മാരാർ (47) മരിച്ചു. പാളിയത്തു വളപ്പിലെ ഒരു കെട്ടിടത്തിന്റെ നിർമാണത്തിനിടെ വീണ് ഗുരുതരമായി പരുക്കേറ്റ് മംഗലാപുരം സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

പരേതനായ നാരായണൻ മാസ്റ്ററുടെയും ടി.വി രുഗ്മിണി വാരസ്യാരുടെയും മകനാണ്. ഭാര്യ: വസന്ത. മക്കൾ: സൗമ്യ, സന്ദീപ്.

വിഷം ഉള്ളിൽ ചെന്ന് മരിച്ചു

വടക്കഞ്ചേരി: കണ്ണമ്പ്ര കുന്നംമ്പുള്ളി നാരായണന്റെ മകൻ അപ്പുണ്ണി(35) വിഷം ഉള്ളിൽ ചെന്ന് മരിച്ചു. വടക്കഞ്ചേരി പോലീസ് ഇൻക്വസ്റ്റ് നടത്തി.

പയ്യന്നൂർ: പെരിങ്ങോത്തെ പ്രാപ്പുടിൽ ജെയ്സൺ(30) വിഷം കഴിച്ച് മരിച്ചു.

കിണറ്റിൽ മരിച്ച നിലയിൽ

എടപ്പാൾ: കിണറ്റിൽ മരിച്ച നിലയിൽ മധ്യവയസ്ക്കനെ കണ്ടെത്തി. എടപ്പാൾ തുയ്യം മുരുക്കുംതൊടിയിൽ വേലായുധ(54) നെയാണ് ഇന്നലെ ഉച്ചക്ക് രണ്ടിന് മുതുർ കണാരക്കുന്നത്ത് ഭാര്യാ വീടിനു സമീപമുള്ള ഉപയോഗശൂന്യമായ കിണറ്റിൽ കണ്ടെത്തിയത്.

ചൊവ്വാഴ്ച മുതൽ വേലായുധനെ കാണാനില്ലായിരുന്നു. ഇന്നലെ തെരച്ചിലിനിടയിലാണ് കിണറ്റിൻകരയിൽ ചെരിപ്പു കിടക്കുന്നത് കണ്ടത്. സംശയം തോന്നി കിണറ്റിൽ നോക്കിയപ്പോഴാണ് മരിച്ചു കിടക്കുന്നത് കണ്ടത്. പൊന്നാനിയിൽ നിന്ന് ഫയർ ഫോഴ്സ് എത്തിയാണ് ജഡം പുറത്തെടുത്തത്.

ഭാര്യ: സരോജിനി. മക്കൾ: പ്രജോഷ്, പ്രസീന, പ്രവീഷ്. പൊന്നാനി പോലീസ് ഇൻക്വസ്റ്റ് നടത്തി. ഇന്നു വീട്ടുവളപ്പിൽ സംസ്കരിക്കും. വേലായുധൻ ചെറുകിട കരാറു പണിക്കാരനാണ്.

യുദ്ധഭൂമിയിലൂടെ....



■ പോലീസ് സന്നാഹം ഓപ്പറേഷനു മുമ്പ്

വെടിയുതിർത്തത് ആത്മരക്ഷാർത്ഥം

ഒന്നാം പേജ് തുടർച്ച

ഒഴിപ്പിക്കൽ നടപടി പൂർത്തിയാക്കുന്നതിനുതൊട്ടു മുമ്പായി ഒറ്റപ്പെട്ട രണ്ട് എസ്.ഐ.മാരടക്കം 50 തോളം പോലീസുകാർക്ക് ചുറ്റും തീയിട്ട് കൊല്ലാൻ ശ്രമിച്ചപ്പോഴാണ് ആത്മരക്ഷാർത്ഥം അവർ വെടിയുതിർത്തത്. ഗോത്രസഭാ പ്രവർത്തകർ പി.മാരൻ(45), വേലായുധൻ(28), അനിൽകുമാർ(26) എന്നിവരെ ആദിവാസികൾ തന്നെ ചികിത്സിച്ചു വരുകയാണത്രേ.

വെടിവയ്പ്പ് നടക്കുന്നതിനിടയിൽ ചിതറി ഒറ്റപ്പെട്ടുപോയവരെ ഗോത്രസഭക്കാർ വെട്ടുകത്തിയും മഴുവുമായി നേരിടുകയായിരുന്നു. വെള്ളമുണ്ട സി.ഐ കെ.ചാത്തു, തലപ്പുഴ സി.ഐ ഉണ്ണി, കണ്ണൂർ കെ.എ.പി.യിലെ അബ്ദുൾ സലാം(30), കണ്ണൻ, കോഴിക്കോട് റൂറൽ വനിതാ പോലീസ് പ്രേമവല്ലി(50), ശാന്ത(53), കൽപ്പറ്റ സ്റ്റേഷനിലെ ഹെഡ്കോൺസ്റ്റബിൾ ബേബി എന്നിവരെ ഉടൻ താലൂക്ക് ആശുപത്രിയിലെത്തിച്ചു. ഗുരുതരാവസ്ഥയിലായ അബ്ദുൾ സലാമിനെ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റി. ഒഴിപ്പിക്കൽ നടപടികളുടെ തുടക്കത്തിൽ വെട്ടേറ്റ കെ.എ.പി.ക്കാരായ വിനോദ്(28), സുകുമാരൻ(28), അബ്ദുൾ ഗഫൂർ (30) എന്നിവരെ നേരത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

പോലീസുകാർ ബന്ദികളായ വിവരം പുറത്തെത്തിയതോടെ മുത്തങ്ങയിൽ ശാന്തമായിരുന്ന അന്തരീക്ഷം പ്രക്ഷുബ്ധമായി പോലീസ് നടപടികൾക്ക് പിന്തുണയുമായി ഒത്തുകൂടിയ നാട്ടുകാർ പോലീസുകാർക്കും ഗോത്രസഭക്കാർക്കും പത്രമാധ്യമങ്ങൾക്കും എതിരായി തിരിഞ്ഞു.

ഏഷ്യാനെറ്റിന്റെ ക്യാമറാമാനെ ജനം കൈകാര്യം ചെയ്തു. നിയന്ത്രണം വിട്ട കെ.എ.പി.ക്കാർ വെടിവയ്പ് നടത്തുന്നതിനിടയിൽ രക്ഷപ്പെടുകയായിരുന്ന മാതൃഭൂമി ഫോട്ടോഗ്രാഫറെ മറ്റു കെ.എ.പി.ക്കാർ കൈകാര്യം ചെയ്തു. കൈരളിയുടെ ഷാജി പട്ടണത്തെ പോലീസുകാർ വഴിക്കുവച്ച് അക്രമിക്കുകയായിരുന്നു.

■ വെടിയേറ്റ ആദിവാസിക്ക് പൊൻകുഴി ആദിവാസി കേന്ദ്രത്തിൽ ചികിത്സ നൽകുന്നു



■ വെട്ടേറ്റ് രക്തം വാർന്ന് മരിച്ച വിനോദും വെട്ടേറ്റ് ബന്ദിയാക്കപ്പെട്ട ശശിധരനും



■ ഗോത്രമഹാസഭ ബന്ദിയാക്കിയതിൽ മോചിപ്പിക്കപ്പെട്ട ഫോറസ്റ്റ് ഗാർഡ് ശശിധരൻ



■ **രോഷം പത്രക്കാരോടും :** പത്രക്കാരെയും നാട്ടുകാരെയും മുത്തങ്ങ ഓഫീസിനടുത്ത് പോലീസ് വിരട്ടിയോടിക്കുന്നു

ആദ്യ ഭാര്യയെ മണ്ണെണ്ണയൊഴിച്ച് കത്തിച്ച പ്രതിക്ക് ജീവപര്യന്തം

തൊടുപുഴ: ആദ്യ ഭാര്യയെ മൃഗീയമായി മർദിച്ചശേഷം നഗ്നയാക്കി കൈകാലുകൾ ബന്ധിച്ച് കത്തിച്ചു കൊന്ന ഭർത്താവിന് ജീവപര്യന്തം കഠിന തടവും 45000 രൂപയുടെ പിഴയും. തൊടുപുഴ അഡീഷണൽ സെഷൻസ് ജഡ്ജി (അഡ്ഹോക്ക്-2) പി. മോഹനദാസാണ് മന്നാങ്കണ്ടം ചാറ്റുപാറ അക്കാമ്മ കോളനിയിൽ മേക്കോത്ത് ചന്ദ്രനെ (35) ശിക്ഷിച്ച് വിധി പ്രസ്താവിച്ചത്. ഭാര്യ മറിയക്കുട്ടിയയെ നീചമായി കൊന്നതിനാണിത്.

2001 സെപ്റ്റംബർ 17-ന് രാത്രി 8.30-നാണ് കേസിനാസ്പദമായ സംഭവം. ഇതേ കോളനിയിൽ മക്കളോടും ഭർത്താവിന്റെ അമ്മയോടും ഒപ്പമായിരുന്നു മറിയക്കുട്ടി താമസിച്ചിരുന്നത്. പ്രതി രണ്ടാം ഭാര്യയുമൊത്ത് അടിമാലിയിലായിരുന്നു താമസം. അമ്പലപ്പടിയിൽ താമസിക്കുന്ന വല്യപ്പന്റെ വീട്ടിൽ പോകരുതെന്ന് മറിയക്കുട്ടിയെ ഇയാൾ വിലക്കിയിരുന്നു. എന്നാൽ, വല്യപ്പൻ മരിച്ചതറിഞ്ഞ് അവർ ഈ വീട്ടിൽ പോയിരുന്നു. ഇതിൽ പ്രകോപിതനായ പ്രതി രാത്രിയിലെത്തി വാതിലടച്ച ശേഷം മാരകമായ നിലയിൽ പരുക്കേല

പാളിലെ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ശ്രീലങ്കൻ ബൗളർമാർ കൊടുങ്കാറ്റായപ്പോൾ ഏകദിന ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ സ്കോറിന് കാനഡ പുറത്ത്. 18.4 ഓവറിൽ വെറും 36 റൺസ് എടുക്കാനേ ലോകകപ്പിലെ ദുർബല ടീമുകളിലൊന്നായ കാനഡയ്ക്കായുള്ളൂ.

Mangalam
2003 February 20
Thursday

ഹോ! ...ഇന്ത്യ ജയിച്ചു



■ ശ്രദ്ധയോടെ: ഇന്ത്യൻ ഇന്നിംഗ്സിനിടയിൽ നായകൻ ഗാംഗുലിയും സച്ചിൻ തെണ്ടുൽക്കറും സൈറ്റ് സ്ക്രീൻ നീക്കുന്നത് ശ്രദ്ധിക്കുന്നു.

ഹരാരെ: ഒടുവിൽ മത്സരവീര്യം പുറത്തെടുത്ത ഗാംഗുലിയും കൂട്ടരും ഇന്ത്യയ്ക്ക് ജയം സമ്മാനിച്ചു. ഗ്രൂപ്പ് 'എ'യിൽ ഇന്ത്യ ഇന്നലെ 83 റൺസിന് സിംബാംബ്വെയെ പരാജയപ്പെടുത്തി. ഇന്ത്യയുടെ 255 റൺസിനെ പിൻതുടർന്ന് സിംബാംബ്വെയ്ക്ക് 50 ഓവറിൽ 172 റൺസ് എടുക്കുവനെ ആയുള്ളൂ.

22 റൺസ് വിട്ടുനൽകി മൂന്ന് മധ്യനിര ബാറ്റ്സ്മാൻമാരെ പുറത്താക്കിയ ഇന്ത്യൻ നായകൻ ഗാംഗുലിയാണ് സിംബാംബ്വെയുടെ നട്ടെല്ലൊടിച്ചത് രണ്ടുവിക്കറ്റ് വീതം വിഴ്ത്തിയ ശ്രീനാഥ്, സഹീർ, ഹർഭജൻ എന്നിവർ ഗാംഗുലിക്ക് മികച്ച പിന്തുണ നൽകി.

നേരത്തേ ടോസ് നേടിയ സിംബാബ്വെ ഇന്ത്യയെ ബാറ്റിംഗിനയയ്ക്കുകയായിരുന്നു. മോശം ഫോമിലായ നായകൻ ഗാംഗുലിക്ക് പകരം സച്ചിൻ തെണ്ടുൽക്കർ, വീരേന്ദർ സേവാഗ് സഖ്യമാണ് ഇന്ത്യൻ ഇന്നിംഗ്സിന് തുടക്കമിട്ടത്. ഏറെനൊളുകൾക്കുശേഷം ഇന്ത്യക്ക് നല്ല ഒരു തുടക്കംനൽകാൻ ഈ സഖ്യത്തിനായി. ഇരുവരും ചേർന്ന് 99 റൺസിന്റെ കൂട്ടുകെട്ടാണ് പടുത്തുയർത്തിയത്. ഒന്നാംവിക്കറ്റ് കൂട്ടുകെട്ട് മൂന്നക്കം തികയ്ക്കുന്നതിന് തൊട്ടുമുൻപ് ലോകകപ്പിൽ ആദ്യമായി ഓപ്പണറുടെ സ്ഥാനത്ത് എത്തിയ വീരേന്ദർ സേവാഗ് പുറത്തായി. 36 റൺസെടുത്ത സേവാഗിനെ വിറ്റാളിന്റെ പന്തിൽ തയ്ബു പിടിച്ച് പുറത്താക്കുകയായിരുന്നു.

മൂന്നാമനായി ഇടംകൈ ബാറ്റ്സ്മാൻ ദിനേശ് മോംഗിയയാണ് ക്രീസിലെത്തിയത്. ഇരുവരും ചേർന്ന് രണ്ടാം വിക്കറ്റിൽ 43 റൺസ് എടുത്തു. ഈഘട്ടത്തിൽ ഇന്ത്യൻ റൺറേറ്റ് തുടക്കത്തിലുണ്ടായിരുന്നതിനേക്കാൾ താഴ്ന്നു.

സച്ചിൻ മോംഗിയ കൂട്ടുകെട്ട് 43 റൺസ് എടുത്തുനിൽക്കേ മോംഗിയ പുറത്തായി. 37 പന്തുകളിൽ നിന്ന് 12 റൺസ് എടുത്ത മോംഗിയയെ ഗ്രാൻറ്ഫ്ളവറിന്റെ പന്തിൽ ഡഗ്ലസ് ഹോണ്ടോ പിടിച്ചു പുറത്താക്കുകയായിരുന്നു. അടുത്തുതന്നെ മാസ്റ്റർ ബ്ലാസ്റ്റർ സച്ചിൻ തെണ്ടുൽക്കറും പുറത്തായി. ഇത്തവണയും ഗ്രാൻഡ് ഫ്ളവറാണ് ഇന്ത്യൻ ക്യാമ്പിനെ ഞെട്ടിച്ചത്. തകർപ്പൻ ബാറ്റിംഗ് ഫോമിലായിരുന്ന സച്ചിനെ ഗ്രാൻഡ് ഫ്ളവർ ക്ലീൻബൗൾ ചെയ്യുകയായിരുന്നു. 91 പന്തുകളെ നേരിട്ട മാസ്റ്റർ ബ്ലാസ്റ്റർ 81 റൺസ് എടുത്തു. 10 ബൗണ്ടറികൾ സച്ചിന്റെ പന്തിൽനിന്നൊഴുകി.

ഒരുഘട്ടത്തിൽ സ്കോർ മൂന്നൂറ് കടക്കുമെന്ന് തോന്നിപ്പിച്ച അവസരത്തിൽ തുടർച്ചയായി രണ്ട് വിക്കറ്റുകൾ വീണത് ഇന്ത്യൻ ക്യാമ്പിനെ നടുക്കി.

മോംഗിയയും സച്ചിനും അടുത്തടുത്ത് പുറത്തായതിനെത്തുടർന്നുണ്ടായ സമ്മർദ്ദം നായകൻ ഗാംഗുലിയിലും ഉപനായകൻ രാഹുൽ ദ്രാവിഡിലും പ്രകടമായിരുന്നു.

ഈസമയം ദിമുഖ സ്പിൻതന്ത്രം സിംബാബ്വെ നായകൻ പരീക്ഷിച്ചത് വിജയകരമായി. ഗ്രാൻഡ് ഫ്ളവറും ബ്രയാൻ മർഫിയും ശരിയായ ലൈനിൽ പന്തെറിഞ്ഞുതുടങ്ങിയതോടെ ഇന്ത്യൻ ഇന്നിംഗ്സ് മന്ദഗതിയിലായി.

നായകനും ഉപനായകനും ചേർന്ന നാലാം വിക്കറ്റ്സഖ്യം ഇന്ത്യക്കായി 40 റൺസിന്റെ കൂട്ടുകെട്ടുണ്ടാക്കി. അടുത്തയിടെയായി ബാറ്റിംഗിന്റെ താളം വീണ്ടെടുക്കാൻ കഴിയാതിരുന്ന ഗാംഗുലി ഇന്നലെ ബാറ്റുകൊണ്ട് അത്ഭുതം കാട്ടുമെന്ന ദൃഢനിശ്ചയത്തിലായിരുന്നു. നല്ല പന്തുകളെ പ്രതിരോധിച്ചു ശ്രദ്ധാപൂർവം കളിച്ച ഗാംഗുലി സ്പിന്നർ മർഫിക്കെതിരേ കൂറ്റൻ സിക്സറുമടിച്ചു. ബ്ലിനോട്ടിന്റെ പന്തിൽ കൂറ്റനടിക്ക് ശ്രമിച്ച ഗാംഗുലിയെ ലോംഗ്ഓണിൽ സിംബാബ്വെ നായകൻ ഹീത്ത് സ്ട്രീക്ക് പിടിച്ച് പുറത്താക്കുകയായിരുന്നു.

ഗാംഗുലി പുറത്തായശേഷം ക്രീസിലെത്തിയ യുവരാജ്സിംഗ് വീണ്ടും നിരാശപ്പെടുത്തി. ഒരു റൺ മാത്രം സ്കോർ ചെയ്യാൻ കഴിഞ്ഞ യുവ്രാജ് വിക്കറ്റ് അനാവശ്യമായി കളഞ്ഞുകുളിക്കുകയായിരുന്നു. തുടർന്ന് ക്രീസിലെത്തിയ കൈഫുമൊത്ത് ഉപനായകൻ 47-ാം ഓവറിൽ സ്കോർ 227-ൽ എത്തിച്ചു.

മോശം ഫോമിന്റെ പേരിൽ ഏറെ പഴികേൾക്കേണ്ടിവന്ന കൈഫ് ഇന്നലെ തകർത്തടിക്കാനുള്ള മൂഡിലായിരുന്നു. 23 പന്തുകളെ നേരിട്ട കൈഫ് 25 റൺസ് എടുത്താണ് പുറത്തായത്. ഒരു കൂറ്റൻ സിക്സറും ഒരു ബൗണ്ടറിയും കൈഫിന്റെ ഇന്നിംഗ്സിൽ ഉൾപ്പെടുന്നുണ്ട്.

കൈഫിനുശേഷം ക്രീസിലെത്തിയ ഹർഭജൻ സിംഗിന് കാര്യമായി ഒന്നും ചെയ്യാനായില്ല. മൂന്നു റൺസ് എടുത്ത ഹർഭജനെ സ്ട്രീക്കിന്റെ പന്തിൽ മർഫി പിടിച്ച് പുറത്താക്കുകയായിരുന്നു. തുടർന്ന് രാഹുൽദ്രാവിഡിന് കൂട്ടായിവന്ന സഹീർഖാൻ 13 റൺസ് എടുത്തു. സഹീർഖാനും 43 റൺസെടുത്ത ദ്രാവിഡും ഇന്ത്യൻ ഇന്നിംഗ്സിൽ പുറത്താകാതെ നിന്നു.

മോശം ബാറ്റിംഗ് ഫോമിന്റെ പേരിൽ ഒട്ടേറെ പഴികേട്ട ഇന്ത്യ ഇന്നലെ ഒട്ടേറെ ബാറ്റിംഗ് പരീക്ഷണങ്ങൾ നടത്തി. ഇതിന്റെ ഫലവും ഇന്നലത്തെ മത്സരത്തിൽ കണ്ടു. ഏറെനൊളുകൾക്കുശേഷമാണ് ഇന്ത്യ 50 ഓവർ മുഴുവൻ ബാറ്റുചെയ്യുന്നത്.ഇന്ത്യ സ്പിന്നർ അന്നിൽ കുംബ്ലെയെ ഒഴിവാക്കി പേസർ ആശിഷ് നെഹ്റയെ ടീമിലെടുത്തു. സിംബാബ്വെ ഹെൻറി ഒലങ്കോയെ പുറത്തിരുത്തി ആൻഡി ബ്ലിഗ്നോട്ടിനെ അന്തിമഇലവനിൽ ഉൾപ്പെടുത്തി.

സ്കോർ ബോർഡ്

ഇന്ത്യ		സിംബാബ്വെ	
സേവാഗ് സി തയ്ബു		വിഷാർട്ട് ബി ശ്രീനാഥ്	12
ബി വിറ്റാൾ	36	വെർമ്യൂലൻ സി ദ്രാവിഡ്	
ടെണ്ടുൽക്കർ ബി ഫ്ളവർ	81	ബി ശ്രീനാഥ്	0
മോംഗിയ സി ഹോണ്ടോ		എ.ഫ്ളവർ ബി ഹർഭജൻ	22
ബി ഫ്ളവർ	12	ഗ്രാൻഡ് ഫ്ളവർ സി	
ഗാംഗുലി സി സ്ട്രീക്ക്		ഹർഭജൻ ബി ഗാംഗുലി	23
ബി ബ്ലിഗ്നോട്ട്	24	ഏബ്രാഹിം സി (അഗാർക്കർ)	
ദ്രാവിഡ് നോട്ടൗട്ട്	43	ബി ഗാംഗുലി	19
യുവരാജ് സിംഗ്		ബ്ലിഗ്നോട്ട് സി മോംഗിയ	
സി തെയ്ബു ബി മർഫി	1	ബി ഗാംഗുലി	2
കൈഫ് എൽ.ബി.ഡബ്ല്യു		തയ്ബു നോട്ടൗട്ട്	29
ബി ഹോണ്ടോ	25	വിറ്റാൾ സി സഹീർ	
ഹർഭജൻ സി മർഫി ബി		ബി സേവാഗ്	28
സ്ട്രീക്ക്	3	സ്ട്രീക്ക് സി കൈഫ് ബി	
സഹീർഖാൻ നോട്ടൗട്ട്	13	ഹർഭജൻ 20 മർഫി	
എക്സ്ട്രാസ്	17	ബി സഹീർ	2
ആകെ (50 ഓവറിൽ		ഹോണ്ടോ ബി സഹീർ	2
ഏഴുവിക്കറ്റിന്	255)	എക്സ്ട്രാസ്	13
വിക്കറ്റ് വീഴ്ച: 1-99, 2-142, 3-142, 4-182, 5-184, 6-227, 7-234		ആകെ. (44. 4 ഓവറിൽ)	172
		വിക്കറ്റ് വീഴ്ച: 1-1, 2-23, 3-48, 4-83, 5-83, 6-87, 7-124, 8-160, 9-165	
ബൗളിംഗ്		**ബൗളിംഗ്**	
സിംബാബ്വെ		ശ്രീനാഥ്	8-1-14-2
സ്ട്രീക്ക്	9-0-46-1	സഹീർ	7.4-0-23-2
ബ്ലിഗ്നോട്ട്	10-0-54-1	നെഹ്റ	7-0-35-0
ഹോണ്ടോ	9-1-56-1	ഹർഭജൻ	10-0-42-2
വിറ്റാൾ	6-0-37-1	ഗാംഗുലി	5-1-22-3
ഫ്ളവർ	6-0-14-2	സേവാഗ്	3-0-14-1
മർഫി	10-0-40-1	മോംഗിയ	4-0-16-0



■ റൺ: ഓടി റൺസെടുക്കുന്ന ഓപ്പണർ സച്ചിൻ തെണ്ടുൽക്കർ.

ആൻഡി ഫ്ളവർ പ്രതിഷേധം തുടരുന്നു

ഹരാരെ: സ്വന്തം നാട്ടിലെ ഏകാധിപത്യ ഭരണകൂടത്തിനെതിരായ പ്രതിഷേധം സിംബാബ്വെ ബാറ്റ്സ്മാൻ ആൻഡി ഫ്ളവർ ഇന്നലെയും തുടർന്നു.

ഇന്നലെ ഇന്ത്യയ്ക്കെതിരായ മത്സരത്തിലും കൈയിൽ കറുത്ത റിബൺ കെട്ടിയാണ് സിംബാബ്വെയുടെ ബാറ്റിംഗ് ഹീറോ കളത്തിലിറങ്ങിയത്.

നേരത്തെ ലോകകപ്പിലെ ആദ്യമത്സരത്തിൽ നമീബിയയെ നേരിട്ടപ്പോൾ ഫാസ്റ്റ്ബൗളർ ഹെൻറി ഒലങ്കോയും ഫ്ളവറും കൈയിൽ കറുത്ത റിബൺ കെട്ടി പ്രതിഷേധിച്ചത് ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.

തങ്ങളുടെ നാട്ടിലെ രാഷ്ട്രീയ അരക്ഷിതാവസ്ഥയും നാട്ടിൽ തുടരുന്ന പട്ടിണിയും തൊഴിലില്ലായ്മയും തങ്ങൾക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല. രാജ്യത്ത് തുടരുന്ന രാഷ്ട്രീയ അരക്ഷിതാവസ്ഥയോടുള്ള പ്രതിഷേധമായാണ് കൈയിൽ കറുത്ത റിബൺ കെട്ടിയതെന്നായിരുന്നു ഇരു കളിക്കാരുടെയും വാദം.ലോകകപ്പിലുടനീളം ഈ പ്രതിഷേധ പ്രകടനം തുടരുമെന്ന് ഇരുകളിക്കാരും വ്യക്തമാക്കിയിരുന്നു.ഇന്നലെ ഇന്ത്യയ്ക്കെതിരായ മത്സരത്തിൽ ഹെൻറി ഒലങ്കോയെ അന്തിമ ഇലവനിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഈ പ്രതിഷേധ പ്രകടനംകൊണ്ട് തങ്ങളുടെ ക്രിക്കറ്റ് കരിയർ അവസാനിച്ചാലും തങ്ങൾക്ക് വേദനയില്ലെന്ന് ഒലങ്കോ പറഞ്ഞു.

■ ഏകദിനത്തിലെ കുറഞ്ഞ സ്കോറിന് കാനഡ പുറത്ത്

കനേഡിയൻ ദുരന്തം

പാൾ: പാളിലെ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ശ്രീലങ്കൻ ബൗളർമാർ കൊടുങ്കാറ്റായപ്പോൾ ഏകദിന ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ സ്കോറിന് കാനഡ പുറത്ത്. 18.4 ഓവറിൽ വെറും 36 റൺസ് എടുക്കാനേ ലോകകപ്പിലെ ദുർബല ടീമുകളിലൊന്നായ കാനഡയ്ക്കായുള്ളൂ. കാനഡയുടെ നിരയിൽ ഒരു ബാറ്റ്സ്മാൻപോലും രണ്ടക്കം കടന്നില്ല. മറുപടി ബാറ്റിംഗിനിറങ്ങിയ ശ്രീലങ്ക വെറും 28 പന്തുകളിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ ജയംകണ്ടു.

നായകൻ ജയസൂര്യയാണ് പുറത്തായ ഏക ലങ്കൻ ബാറ്റ്സ്മാൻ. ഓപ്പണർ മർവൻ അട്ടപ്പട്ടു പുറത്താകാതെ 24 റൺസെടുത്തു. നേരത്തേ ടോസ് നേടിയ ലങ്കൻ നായകൻ ജയസൂര്യ കാനഡയെ ബാറ്റിംഗിനയയ്ക്കുകയായിരുന്നു. ബാറ്റിംഗിനിറങ്ങിയ കാനഡയ്ക്ക് ശ്രീലങ്കൻ പേസ് ബാറ്ററിക്കു മുന്നിൽ പിടിച്ചുനിൽക്കാനായില്ല.

ഏകദിനക്രിക്കറ്റിലെ ഏറ്റവും കുറഞ്ഞ സ്കോറിന് പുറത്താകുന്ന ടീമെന്ന നാണക്കേട് സ്വന്തമാക്കി അവർ മടങ്ങി.

2001-02 ൽ സിംബാബ്വെയുടെ ലങ്കൻ പര്യടനത്തിലെ കൊളംബോ ഏകദിനത്തിൽ സിംബാബ്വെ നേടിയ 38 റൺസായിരുന്നു ഇതിനുമുൻപ് ഏകദിനക്രിക്കറ്റിലെ ഏറ്റവും കുറഞ്ഞ സ്കോർ.

ലോകകപ്പിലാകട്ടെ ഇതിനുമുൻപുള്ള ഏറ്റവും കുറഞ്ഞ സ്കോർ 1979-ൽ ഓൾഡ് ട്രാഫോഡിൽ കാനഡ-ഇംഗ്ലണ്ട് മത്സരത്തിൽ കാനഡ കുറിച്ച 45 റൺസാണ്. അതാണ് അവർ ദക്ഷിണാഫ്രിക്കയിൽ തിരുത്തിക്കുറിച്ചത്.

അഞ്ചു ബാറ്റ്സ്മാൻമാർ റൺസെടുക്കാൻ കഴിയാതെ പുറത്തായ മത്സരത്തിൽ ഒരാൾ ഹിറ്റ് വിക്കറ്റായി പുറത്തായതും പ്രത്യേകതയായി.

കാനഡയുടെ നായകൻ ജോഹാരിസാണ് ഇന്നലെ ഹിറ്റ് വിക്കറ്റായി പുറത്താകുന്നത്. നിസാങ്കയുടെ പന്ത് പ്രതിരോധിക്കാനുള്ള ശ്രമത്തിലാണ് ഹാരിസ് ഹിറ്റ് വിക്കറ്റാകുന്നത്.

ലോകകപ്പ് ക്രിക്കറ്റിന്റെ 28 വർഷത്തെ ചരിത്രത്തിൽ ഹിറ്റ് വിക്കറ്റായി പുറത്താകുന്ന നാലാമത് ബാറ്റ്സ്മാനാണ് ഹാരിസ്. പുറത്താകുംമുൻപ് ഹാരിസ് രണ്ട് ബൗണ്ടറികൾ ഉൾപ്പെടെ ഒൻപത് റൺസ് എടുത്തു.

ബംഗ്ലാദേശിനെതിരായ മത്സരത്തിൽ ആദ്യ മൂന്നു പന്തുകളിൽ നിന്ന് ഹാട്രിക് നേടിയതുൾപ്പെടെ ആറ് വിക്കറ്റ് നേടിയ പ്രകടനത്തിന്റെ തുടർച്ചയെന്നോണമാണ് ഇന്നലെ ലങ്കൻ പേസ്ബൗളർ ചാമിന്ദവാസ് പന്തെറിഞ്ഞത്. ഏഴ് ഓവറിൽ 15 റൺസ് വഴങ്ങി മൂന്നു വിക്കറ്റുകളാണ് വാസ് വീഴ്ത്തിയത്. നാല് മെയ്ഡൻ ഓവറുകൾ വാസ് എറിഞ്ഞു.

രണ്ടാം ഓവറിൽതന്നെ ഓപ്പണർ ജോൺ ഡേവിസണിനെ പവലിയനിലെത്തിച്ച് പ്രഭാത് നിസാങ്കയാണ് കനേഡിയൻ ദുരന്തത്തിന് തുടക്കംകുറിച്ചത്. ഏഴ് ഓവറുകളിൽ വെറും 12 റൺസ് മാത്രം വഴങ്ങിയ നിസാങ്ക നാല് വിക്കറ്റുകൾ വീഴ്ത്തി.

ബൗളിംഗ് ചേഞ്ചിനെത്തിയ മുത്തയ്യാ മുരളീധരൻ ഒരു വിക്കറ്റും ഫെർണാണ്ടോ രണ്ടു വിക്കറ്റും വീഴ്ത്തിയപ്പോൾ കനേഡിയൻ ദുരന്തം പൂർത്തിയായി.

ലങ്കൻ പേസ് ബൗളർ പ്രഭാത് നിസാങ്കയുടെ ഏറ്റവും മികച്ച ബൗളിംഗ് പ്രകടനമായിരുന്നു ഇന്നലെ പാളിൽ കണ്ടത്.

കാനഡ നൽകിയ ചെറിയ ലക്ഷ്യം നേരിടാനിറങ്ങിയ ശ്രീലങ്ക വെറും 28 പന്തുകളിൽ ലക്ഷ്യംകണ്ടു.

സ്കോർ ബോർഡ്

കാനഡ			
ഡി.ചുമ്മി സി സങ്കക്കാര ബി വാസ്			9
ഡേവിസൺ സി സങ്കക്കാര ബി			
നിസാങ്ക			0
സമദ് എൽ.ബി.ഡബ്ല്യു വാസ്			0
ബിൽക്ലിഫ് എൽ.ബി.ഡബ്ല്യു വാസ്			1
ഡി. ഗ്രൂട്ട് എൽ.ബി.ഡബ്ല്യു ബി നിസാങ്ക			0
ഹാരിസ് ഹിറ്റ്വിക്കറ്റ് ബി നിസാങ്ക			9
മറാജ് എൽ.ബി.ഡബ്ല്യു			0
ബഗായ് സി ജയവർദ്ധനെ ബി			
ഫെർണാണ്ടോ			6
തുറൈസിംഗം എൽ.ബി.ഡബ്ല്യു			
ബി ഫെർണാണ്ടോ			6
കോഡ്റിംഗ്ടൺ ബി മുരളീധരൻ			0
സീബറൻ നോട്ടൗട്ട്			0
എക്സ്ട്രാസ്			5
ആകെ (18.4 ഓവറിൽ പത്തുവിക്കറ്റിന്			36)
വിക്കറ്റുവീഴ്ച: 1-0, 2-6, 3-11, 4-12, 5-12, 6-12, 7-21, 8-31, 9-36, 10-36			
ബൗളിംഗ്			
വാസ്			7-4-15-3
നിസാങ്ക			7-1-12-4
മുരളീധരൻ			2.4-0-3-1
ഫെർണാണ്ടോ			2-0-4-2
ശ്രീലങ്ക			
അട്ടപ്പട്ടു നോട്ടൗട്ട്			24
ജയസൂര്യ എൽ.ബി.ഡബ്ല്യു ബി തുറൈസിംഗം			9
സങ്കക്കാര നോട്ടൗട്ട്			4
എക്സ്ട്രാസ്			0
ആകെ (4.4 ഓവറിൽ ഒരു വിക്കറ്റിന്			37)
വിക്കറ്റുവീഴ്ച: 1-23			
ബൗളിംഗ്			
കാനഡ:			
തുറൈസിംഗം			2.4-0-22-1
ഡേവിസൺ			2-0-15-0

ഏകദിനത്തിലെ കുറഞ്ഞ സ്കോറുകൾ

രാജ്യം	സ്കോർ	എതിരാളികൾ	വേദി/വർഷം
കാനഡ	36	ശ്രീലങ്ക	പേൾ 2003
സിംബാബ്വെ	38	ശ്രീലങ്ക	കൊളംബോ 2000
പാകിസ്താൻ	43	വെസ്റ്റ് ഇൻഡീസ്	കേപ്ടൗൺ 1993
കാനഡ	45	ഇംഗ്ലണ്ട്	മാഞ്ചസ്റ്റർ 1979
ഇന്ത്യ	54	ശ്രീലങ്ക	ഷാർജ 2000

ലോകകപ്പിലെ കുറഞ്ഞസ്കോറുകൾ

കാനഡ	36	ശ്രീലങ്ക	പാൾ 2003
കാനഡ	45	ഇംഗ്ലണ്ട്	മാഞ്ചസ്റ്റർ 1979
സ്കോട്ട് ലാൻഡ്	68	വെസ്റ്റ് ഇൻഡീസ്	ലീസെസ്റ്റർ ഷെയർ 1999
പാകിസ്താൻ	74	ഇംഗ്ലണ്ട്	അഡിലെയ്ഡ് 1992
നമീബിയ	84	പാകിസ്താൻ	കിംബർലി 2003

ALUKKAS
JEWELLERY
EDAPPAL

ആസ്ട്രേലിയ X ഹോളണ്ട്
(പോഷെഫ്സ്ട്രൂം)
(1.30 മുതൽ സോണി മാക്സിൽ തത്സമയം)

മംഗളം - ലൂണാർ

ലോകകപ്പ് പ്രവചന മത്സരം - 8

വിജയികൾ

വോക്ക്മാൻ

സുകുമാരൻ എം.ഡി.
മണ്ണാട്ടറ വീട്
വെസ്റ്റ് ബി.എച്ച്.എസ്.
കൊടുങ്ങല്ലൂർ, തൃശൂർ

ലൂണാർ കൂട

1. ഇന്ദിര പി.ഡി.
മേലോത്ത്
എൻ. നഗർ പി.ഒ.
ആലപ്പുഴ

2. എസ്. പത്മനാഭ മല്ലയ്യ
എച്ച്. നം. X/173,എസ്.ജെ.ഡി.
(നോർത്ത്) സ്ട്രീറ്റ്
അമരാവതി, കൊച്ചി 682 001

3. ദീപ പി.കെ.
പനമ്പുഴിയിൽ ഹൗസ്
കെണിച്ചിറ പി.ഒ.
വയനാട്

സിസോ ഡിക്ഷണറി

1. ബൽരാജ് കെ.വി.
ശ്രീനികേതൻ
ഊരകം മേൽമുറി പി.ഒ.
ഡൗൺഹിൽ, മലപ്പുറം

2. എം.ബി. ഹരിലാൽ
മുലേക്കുന്നേൽ
തീർഥപാദപുരം പി.ഒ.
വാഴൂർ

3. സൂര്യനാഥ് എസ്.
കറുകപ്പള്ളിൽ
കാഞ്ഞാർ പി.ഒ.
തൊടുപുഴ, ഇടുക്കി

ലോകകപ്പ് പ്രവചന മത്സരം - 9

വോക്ക്മാൻ

മൊറയൂർ ബാബുരാജ്
കൃഷ്ണകൃപ, കൊണ്ടിപറമ്പ്
പൂണാവനം, മലപ്പുറം

ലൂണാർ കൂട

1. ഡോ. വി.എൻ. ചന്ദ്രശേഖരൻ
ശാന്തി ഹോമിയോ ക്ലിനിക്
പിറവം പി.ഒ. എറണാകുളം

2. ഷമീർ കെ.
കെ.ബി.സി. സ്റ്റോഴ്സ്
രൂഗ്മിണി ബസാർ
വടക്കാഞ്ചേരി, പാലക്കാട്

3. ലിവിംഗ്സ്റ്റൺ എ.ജെ.
ആറാട്ടുകുളങ്ങര ഹൗസ്
കാട്ടൂർ പി.ഒ., ആലപ്പുഴ

സിസോ ഡിക്ഷണറി

1. വിജയ് എം.ആർ.
മുവേലിൽ വടക്കേതിൽ
കൊടുമൺ പി.ഒ.
പത്തനംതിട്ട

2. കിഷോർ റ്റി.എസ്.
തൃശൂർ മഠം
തൃശൂർ പോസ്റ്റ്, ഒല്ലൂർ

3. സജു റ്റി.റ്റി.
തോട്ടപ്പിള്ളി ഹൗസ്
ഒക്കൽ പി.ഒ.,
പെരുമ്പാവൂർ



ആദിവാസി അക്രമത്തിനിരയായ പോലീസുകാരനെ സഹപ്രവർത്തകർ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നു.



ആദിവാസി കുടുംബത്തെ പോലീസ് അറസ്റ്റ് ചെയ്തു നീക്കുന്നു.

Printed and Published by **Babu Joseph*** For Mangalam Publications (India) Pvt. Ltd. at MCM Offset Printers Kozhikode, a unit of Mangalam Publications (India) Pvt. Ltd., Editor: **Sabu Varghese**, Chief Editor: M.C. Varghese. * Responsible for selection of news under the PRB Act.
Kozhikode: 2320063,2323062, 2323064, Fax:2705005 **Kottayam** 2563024, 2560694, 2562546, **New Delhi** 23716218 **Trivandrum** 2328417, 2325932 **Kochi** 2352250 KL/KTM/266 R. No. 44690/89 Email: mangalam clt @ satyam.net.in

20 ഫെബ്രുവരി 2003
വ്യാഴം
8 കുംഭം 1178

5 ഇസ്രേലി ആക്രമണം, 11 പലസ്തീൻകാർ കൊല്ലപ്പെട്ടു
7 കരുണാകരനെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി വേണ്ട
11 ഇന്ത്യ 255-7, സിംബാബ്‌വേ 172
12 ചോരയിൽ മുങ്ങിയ സമരം

ദീപിക

Published from Kottayam,Thiruvananthapuram, Kochi, Thrissur, Kannur, Kozhikode
Established in 1887 · The First Malayalam Daily Vol. 2 No. 50 12 പേജ് · 3.25 രൂപ · കോഴിക്കോട്

കൂടുതൽ പേർ മരിച്ചെന്ന് ആദിവാസികൾ, അമ്പതു പേർക്ക് പരിക്ക്

മുത്തങ്ങ യുദ്ധക്കളമായി, ആദിവാസിയും പോലീസുകാരനും കൊല്ലപ്പെട്ടു

പി.സി. കുര്യാക്കോസ്

മുത്തങ്ങ (വയനാട്): ആദിവാസികളുടെ കുടിയൊഴിപ്പിക്കൽ മുത്തങ്ങ വനത്തെ യുദ്ധക്കളമാക്കി. വനത്തിൽ പോലീസും ആദിവാസികളും ഏറ്റുമുട്ടി. ആദിവാസികൾ ബന്ദിയാക്കി മുറിവേൽപ്പിച്ച പോലീസ്കോൺസ്റ്റബിൾ കെ.വി.വിനോദും (29) വെടിവയ്പിൽ ഒരു ആദിവാസിയും മരണമടഞ്ഞു.

ആദിവാസികളുടെ അക്രമത്തിൽ 14 പോലീസുകാർക്കും വെടിവയ്പിലും ലാത്തിച്ചാർജിലുമായി നാൽപ്പതോളം ആദിവാസികൾക്കും പരിക്കേറ്റു.

ആദിവാസികൾ ബന്ദിയാക്കിയ വിനോദ് ശരീരമാസകലം മുറിവേറ്റ് രക്തം വാർന്നു മരിക്കുകയായിരുന്നു. മർദ്ദനത്തിന്റെ മുറിവുകളും വിനോദിന്റെ ശരീരത്തിലുണ്ടായിരുന്നതായി ബത്തേരി താലൂക്ക് ആശുപത്രിയിലെ ഡോ.പുരുഷോത്തമൻ പറഞ്ഞു. ഇതിനിടെ, പോലീസ് വെടിവയ്പിൽ അഞ്ചുപേരെങ്കിലും മരിച്ചെന്നാണ് ആദിവാസികൾ പറയുന്നത്. വെടിയേറ്റ് വനത്തിന്റെ പല ഭാഗത്തേയ്ക്കും ഓടിയ ആദിവാസികൾക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ടെന്നും അവരിൽ പലരും മരിച്ചെന്നും ആദിവാസികൾ സംശയിക്കുന്നു.


കെ.വി.വിനോദ്

എന്നാൽ, പോലീസുകാരനടക്കം രണ്ടുപേർ മരിച്ചെന്നാണ് ഔദ്യോഗികമായി സ്ഥിരീകരിച്ചിരിക്കുന്നത്. ആദിവാസികൾ ബന്ദിയാക്കിയ കണ്ണൂർ കെ.എ.പി ബറ്റാലിയനിലെ കോൺസ്റ്റബിൾ വിനോദിനേയും ഫോറസ്റ്റർ ശശിധരനേയും രക്ഷിക്കാനുള്ള ശ്രമത്തിനിടയിലായിരുന്നു വെടിവയ്പ്. കെ.എ.പി നാലാം ബറ്റാലിയൻ കമാൻഡന്റ് സുരേഷ് രാജ് പുരോഹിതിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം മൊത്തം 21 റൗണ്ട് വെടിവച്ചു.

കൂടുതൽ പേർ മരിച്ചെന്ന അഭ്യൂഹം രാത്രി വൈകി നടത്തിയ പത്രസമ്മേളനത്തിൽ ഡി.ഐ.ജി ശങ്കർ റെഡ്ഡി നിഷേധിച്ചു. ഒഴിപ്പിക്കൽ ഇന്നും തുടരുമെന്നും അദ്ദേഹം അറിയിച്ചു.

ഇന്നലെ ഉച്ചയ്ക്ക് ഒമ്പതുതവണ ആദിവാസികൾക്കുനേരേ നിറയൊഴിച്ച പോലീസ് വൈകുന്നേരം മുത്തങ്ങ യുദ്ധക്കളമാക്കുകയായിരുന്നു. അഞ്ചരയ്ക്ക് കാട്ടിൽ കയറിയ പോലീസ് വെറും അഞ്ചുമിനിറ്റുകൊണ്ട് ബന്ദികളെ മോചിപ്പിച്ചു. തുടർന്ന് പോലീസ് തലങ്ങും വിലങ്ങും വെടിയുണ്ടയുതിർത്തു. പെട്ടെന്നുണ്ടായ പോലീസ് അക്രമത്തെ തുടർന്ന് ആയുധങ്ങൾ ഉപേക്ഷിച്ച് ആദിവാസികൾ ചിതറിയോടി.

അഞ്ചുമിനിറ്റുകൊണ്ട് മുന്നൂറോളം വരുന്ന ആദിവാസികൾക്ക് നേരേ പോലീസ് നിറയൊഴിക്കുകയായിരുന്നു. വെടിയേറ്റ് പിടഞ്ഞുവീണ പലരേയും തോക്കിന്റെ പാത്തികൊണ്ട് ക്രൂരമായി തല്ലിച്ചതച്ചു. പിടഞ്ഞുവീണ സ്ത്രീകളെ മൃഗീയമായി തല്ലിച്ചതച്ചു. കൈയും കാലും ഒടിഞ്ഞ നിരവധി സ്ത്രീകളെ വൈകുന്നേരത്തോടെ പോലീസ്തന്നെ ബത്തേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവരിൽ രണ്ടുപേർക്ക് ബുള്ളറ്റുകൊണ്ട മുറിവുകളുണ്ടെന്ന് ഡോക്ടർ പറഞ്ഞു. കീഴടങ്ങിയ 99 ആദിവാസികളെ അറസ്റ്റുചെയ്തു. ദൃക്സാക്ഷിയായി ഏതാനും പത്രപ്രവർത്തകർ മാത്രമാണ് ഉണ്ടായിരുന്നത്. പത്രപ്രവർത്തകരെ കണ്ട് പോലീസ് ഉടനെ അവർക്കുനേരേ തോക്കുമായി പാഞ്ഞടുത്തു. ഏതാണ്ട് നൂറോളം പോലീസുകാരാണ് പത്രപ്രവർത്തകർക്കുനേരേ പാഞ്ഞടുത്തത്. ഇന്നലെ രാവിലെ ഒമ്പതോടെ ഡിവൈഎസ്പി പി. ഉണ്ണി, *(ശേഷം പേജ് 7 കോളം 2)*

മറ്റു പേജുകളിൽ

- *മേലുദ്യോഗസ്ഥന്റെ അനാസ്ഥയിൽ പോലീസുകാരന്റെ ജീവൻ നഷ്ടം* -പേജ് 12
- *ആന്റണി അന്ന് പറഞ്ഞത്* -പേജ് 6
- *ഭരണകൂടം കണ്ണടച്ചു, നിയമം നിയമത്തിന്റെ വഴിക്ക് പോയില്ല* -പേജ് 6
- *വാഗ്ദാനങ്ങൾ ജലരേഖയായി, കാടിന്റെ മക്കൾക്ക് കണ്ണീർ ബാക്കി* -പേജ് 6


പ്രതിരോധത്തിന്റെ കാടൻമുറ...വയനാട്ടിലെ മുത്തങ്ങവനം കൈയേറിയ ആദിവാസികളെ ഒഴിപ്പിക്കാൻ കാട്ടിൽ കയറിയ പോലീസുകാരുമായി ആദിവാസികൾ ഏറ്റുമുട്ടുന്നു. -ടി.മോഹൻദാസ്

ആദിവാസികളുടെ സായുധ കലാപം വച്ചുപൊറുപ്പിക്കില്ല: ആന്റണി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: വയനാട്ടിലെ ആദിവാസികൾ നടത്തുന്ന സായുധകലാപം വച്ചുപൊറുപ്പിക്കില്ലെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി.

മന്ത്രിസഭായോഗത്തിനു ശേഷം നടത്തിയ പത്രസമ്മേളനത്തിൽ വയനാട്ടിലെ സംഭവങ്ങളേക്കുറിച്ച് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

സർക്കാരിനെയും ജനങ്ങളെയും നിയമത്തെയും വെല്ലുവിളിച്ചുകൊണ്ട് നടത്തുന്ന സായുധസമരം സർക്കാരിന് അനുവദിക്കാനാകില്ല. ആദിവാസികളുടെ സമരത്തിനു പിന്നിൽ ഏതോ ചില ശക്തികളുണ്ടെന്നും ആന്റണി കുറ്റപ്പെടുത്തി. വിദേശ ശക്തികളാണോ എന്ന ചോദ്യത്തിന് മുഴുവൻ വിവരങ്ങളും അറിയാതെ പറയാൻ കഴിയില്ലെന്ന് ആന്റണി പറഞ്ഞു.

ആദിവാസികളെ ഒഴിപ്പിക്കാനല്ല പോലീസ് പോയത്. കാട്ടുതീ പടർന്നതിനേത്തുടർന്നാണ് ആദ്യദിവസം വനംവകുപ്പ് ഉദ്യോഗസ്ഥരും പോലീസും അവിടേക്കു പോയത്. ബന്ദികളെ മോചിപ്പിക്കുന്നതിനാണ് ഇന്നലെ പോയത്.

ആദിവാസി പ്രശ്നം പരിഹരിക്കുന്നതിൽ കേരളത്തിലെ മറ്റൊരു സർക്കാരും സ്വീകരിക്കാത്തത്ര ഉദാരമായ സമീപനമാണ് തന്റെ സർക്കാർ സ്വീകരിച്ചതെന്ന് ആന്റണി പറഞ്ഞു. ഇതിനിടയിലാണ് വയനാട്ടിലെ സംഭവമുണ്ടാകുന്നത്. ഭൂമി കൈയേറ്റം അനുവദിക്കരുതെന്ന് പറഞ്ഞ് കേന്ദ്രസർക്കാർ നിരന്തരമായി ചീഫ് സെക്രട്ടറിക്ക് എഴുതിക്കൊണ്ടിരിക്കുകയാണ്. പലരും കോടതിയെ സമീപിക്കുകയും ചെയ്തു. എന്നിട്ടും ഇവരെ ചർച്ചകളിലൂടെ അനുനയിപ്പിക്കാനാണ് സർക്കാർ ശ്രമിച്ചത്. പല തവണ അവരുമായി ചർച്ച നടത്തി. അതിനിടയിലാണ് ബന്ദികളാക്കിയത്. പോലീസുകാരനെ വളരെ ക്രൂരമായാണ് കൊലപ്പെടുത്തിയത്. ഒരു ഭൂപ്രദേശം സ്വതന്ത്രമായി പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടു പോകാൻ ആരെയും അനുവദിക്കാൻ കഴിയില്ല.

ഇക്കാര്യത്തിൽ കെ.കരുണാകരന്റെ വിമർശനം ചൂണ്ടിക്കാട്ടിയപ്പോൾ, താനിപ്പോൾ ആത്മകഥയെഴുതാൻ പോകുന്നില്ലെന്ന് ആന്റണി പറഞ്ഞു.

മന്ത്രിമാരെ ബന്ദിയാക്കാനും ആദിവാസികൾ പദ്ധതിയിട്ടെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: മന്ത്രിമാരെയും ജിമ്മിൽ പങ്കെടുക്കാനെത്തിയ ചില പ്രതിനിധികളെയും തട്ടിക്കൊണ്ടുപോകാൻ ആദിവാസികൾ പദ്ധതിയിട്ടിരുന്നതായി മുഖ്യമന്ത്രി എ.കെ.ആന്റണി മന്ത്രിസഭായോഗത്തിൽ വെളിപ്പെടുത്തി.

മുഖ്യമന്ത്രിയുടെ വെളിപ്പെടുത്തൽ മന്ത്രിമാരിൽ പലരെയും ആശങ്കയിലാക്കി.

എസ്കോർട്ടിനുപോലും ആവശ്യത്തിന് പോലീസുകാരെ ഇപ്പോൾ കിട്ടുന്നില്ലെന്ന് ചിലർ പറഞ്ഞു. ഇന്നലെ ചേർന്ന മന്ത്രിസഭായോഗത്തിനിടയ്ക്ക് ഇന്റലിജൻസ് ഐജി രാജൻ മഥേക്കറെയും ഡിഐജി അരുൺകുമാർ സിൻഹയെയും വിളിച്ചുവരുത്തിയിരുന്നു.

വയനാട്ടിലെ സ്ഥിതിഗതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയുന്നതിനായിരുന്നു ഇവരെ വിളിച്ചുവരുത്തിയത്.

സി.കെ.ജാനു ഒളിവിൽ

കല്പറ്റ: ആദിവാസികളുടെ കുടിയേറ്റത്തിനു നേതൃത്വം നൽകിയ ഗോത്രസഭാനേതാവ് ജാനു നിർണായക സമയത്ത് ഒളിവിലായി. ഇന്നലെ സി.കെ.ജാനുവിനെ സമരരംഗത്തു കണ്ടില്ല. രണ്ടുദിവസംമുൻപ് ആദിവാസികൾ ഉദ്യോഗസ്ഥരെ ബന്ദികളാക്കിയപ്പോഴും ജാനുവിന്റെ അസാന്നിധ്യം ശ്രദ്ധേയമായി. ജാനു ഗൂഡല്ലൂരിലുണ്ടെന്ന വിവരംകിട്ടിയതിനെത്തുടർന്ന് പോലീസ് അങ്ങോട്ടുപോയിട്ടുണ്ട്.

വിപണി

സ്വർണം (പവൻ)	4178	
വെള്ളി (കിലോ)	8750	
വെളിച്ചെണ്ണ	5875	
റബർ RSS-5 (Board)	4300	
കുരുമുളക് (അൺഗാർബിൾഡ്)	7800	
സെൻസെക്സ് 3302	(+13)	
ഡോളർ	47.70	(+0.01)
റിയാൽ	12.01	
യൂറോ	51.13	(-0.04)

കാലാവസ്ഥ

കേരളത്തിൽ ചില സ്ഥലങ്ങളിൽ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യത.

ONLINE EDITIONS
www.deepika.com
www.deepikaglobal.com


കാക്കിക്കും തോക്കിനും മധ്യേ...ആദിവാസികളെ ഒഴിപ്പിക്കാനായി മുത്തങ്ങ വനത്തിൽ കയറിയ പോലീസ് ആദിവാസികളുമായി ഏറ്റുമുട്ടുന്നതിനിടയിൽ കുടുങ്ങിയ ആദിവാസി ദമ്പതികൾ. -ദീപിക

കാട്ടിനുള്ളിൽ അരങ്ങേറിയത് കാക്കിപ്പടയുടെ കിരാതവാഴ്ച

പി.രാമചന്ദ്രൻ

മുത്തങ്ങ (വയനാട്): കേരളം കണ്ട ഏറ്റവും കിരാതമായ നരവേട്ടയ്ക്ക് മുത്തങ്ങ വനം ഇന്നലെ സാക്ഷിയായി. മനുഷ്യത്വം മരവിച്ച കാക്കിധാരികളുടെ അഴിഞ്ഞാട്ടം മനസാക്ഷിയെ നടുക്കുന്നതായിരുന്നു. തീ തുപ്പുന്ന തോക്കിൻ കുഴലുകൾക്കുമുമ്പിൽ പ്രാചീന ആയുധങ്ങൾകൊണ്ട് പൊരുതിനിൽക്കാൻ ആവില്ലെന്ന് കണ്ടപ്പോൾ പ്രാണരക്ഷാർഥം ഓടിരക്ഷപ്പെടാൻ ശ്രമിച്ച സ്ത്രീകളും കുട്ടികളുമടക്കമുള്ള കാടിന്റെ മക്കളെ കാക്കിപ്പട നിഷ്ഠൂരം തല്ലിവീഴ്ത്തുന്ന കാഴ്ചയാണ് ഈ ലേഖകൻ കണ്ടത്.

പോലീസ് നരനായാട്ട് നടത്തുമ്പോൾ ഏതാനും പത്രപ്രവർത്തകർ മാത്രമായിരുന്നു ദൃക്സാക്ഷികൾ. പോലീസിന്റെ അനുമതി കൂടാതെ കാട്ടിൽകയറിയ പത്രപ്രവർത്തകരെ കണ്ടപ്പോൾ ഹാലിളകിയ പോലീസ് അവർക്കുനേരേ നിറതോക്കുമായി ചീറിയടുത്തു. പോലീസിന്റെ കണ്ണുവെട്ടിച്ച് പത്രപ്രവർത്തകർ കാട്ടിലൂടെ ഓടി ദേശീയപാതയിൽ എത്തിയിട്ടും പോലീസ് അവരെ വെറുതെവിടാൻ തയാറായില്ല. ഇവരിൽ രണ്ടുപേരെ പോലീസ് ഓടിച്ചിട്ട് പിടിച്ച് മർദിച്ചു. കൈരളി ടിവി കാമറാമാൻ ഷാജി പട്ടണത്തിനും ഒരു ഫ്രീലാൻസ് ഫോട്ടോഗ്രാഫർക്കുമാണ് മർദനമേറ്റത്. മറ്റുള്ളവർ മൈസൂരിൽനിന്ന് വന്ന ഒരു കെ.എസ്.ആർ.ടി.സി ബസിൽ കയറി രക്ഷപ്പെടുകയായിരുന്നു.

ബന്ദികളെ മോചിപ്പിക്കുകമാത്രമാണ് ലക്ഷ്യമെന്നാണ് ഓപ്പറേഷന് നേതൃത്വം നൽകിയ കെ.എ.പി കമൻഡാന്റ് സുരേഷ് രാജ് പുരോഹിത് ആദ്യം പറഞ്ഞത്. ഈ സമയം പോലീസിനൊപ്പം കൂടിയ പത്രപ്രവർത്തകരെ ഒഴിവാക്കാൻ പോലീസ് പരമാവധി ശ്രമം നടത്തി. ഇവരുടെ നീക്കം മുൻകൂട്ടി മനസിലാക്കിയ പത്രപ്രവർത്തകർ പോലീസ് അറിയാതെ കാട്ടിൽ കയറുകയായിരുന്നു. ഇതേത്തുടർന്നാണ് കാട്ടിനുള്ളിൽ അരങ്ങേറിയ നരനായാട്ട് നേരിട്ട് കാണാനിടയായത്.

ക്യാമ്പു വളഞ്ഞ പോലീസുകാർ ആദ്യം കണ്ണീർവാതകം പ്രയോഗിച്ചതിനുപിന്നാലെയാതൊരു പ്രകോപനവുമില്ലാതെ നിരായുധരായ ആദിവാസികൾക്കുനേരേ നിറയൊഴിക്കുകയായിരുന്നു. പിടഞ്ഞുവീണ പലരേയും തോക്കിന്റെ പാത്തികൊണ്ട് നിർദാക്ഷിണ്യം തല്ലിച്ചതച്ചു.

വിവാഹാലോചനയ്ക്ക് വാങ്ങിയ ചിത്രവുമായി വിതുമ്പലടങ്ങാതെ സഹപ്രവർത്തകൻ

സഞ്ജീവൻ അഴീക്കോട്

കണ്ണൂർ: ഞാൻ ഈ ഫോട്ടോ ഇനി ആരെയാണ് കാണിക്കേണ്ടത്... പ്രസാദ് വിതുമ്പി. തന്റെ സീനിയർ ബാച്ചിലെ കെ.വി വിനോദിനുവേണ്ടി വിവാഹമാലോചിക്കാൻ കഴിഞ്ഞദിവസമാണ് ഫോട്ടോ വാങ്ങിയത്. കോഴിക്കോട്ടെ തന്റെ ഒരു ബന്ധുവിന്റെ മകളെക്കൊണ്ട് വിവാഹം കഴിപ്പിക്കാൻ ആലോചിച്ചതാണ്... മാങ്ങാട് കെ.എ.പി ക്യാമ്പിലെ ബാരക്കിലിരുന്ന് പ്രസാദ് ഇതു പറയുമ്പോൾ സഹപ്രവർത്തകർ ഒന്നടങ്കം ദുഃഖം കടിച്ചമർത്തുകയായിരുന്നു.

വിനോദ് മരിച്ചെന്ന വാർത്ത ഇന്നലെ സന്ധ്യയ്ക്ക് മാങ്ങാട്ട്
(ശേഷം പേജ് 7 കോളം 4)

മുത്തങ്ങ - ഒരു യുദ്ധഭൂമി

ചിത്രങ്ങൾ - ടി. മോഹൻദാസ്, ദീപിക.



മുത്തങ്ങവനത്തിൽ ആദിവാസികൾ തീയിട്ടതിനെത്തുടർന്ന് പുകയുന്നു-ദീപിക



ആദിവാസി ഗോത്രസഭ കൈയേറിയ മുത്തങ്ങ ഒഴിപ്പിക്കാനെത്തിയ പോലീസ് സംഘം - ദീപിക.

വനഭൂമി യുദ്ധഭൂമിയായത് ഇങ്ങനെ...

ഫ്രാൻസിസ് തടത്തിൽ

മുത്തങ്ങ (വയനാട്): വയനാടിലെ മുഴുവൻ കാതുകളും ഇന്നലെ മുത്തങ്ങയിലേക്കായിരുന്നു. മുത്തങ്ങ വനം കൈയേറിയ ആദിവാസികളെ ഇന്നലെതന്നെ ഒഴിപ്പിക്കുമെന്ന് നേരത്തെ സൂചനയുണ്ടായിരുന്നതിനാൽ എന്തും സംഭവിക്കാമെന്ന അവസ്ഥയായിരുന്നു മുത്തങ്ങയിലെങ്ങും.

ചൊവ്വാഴ്ച അർധരാത്രിമുതൽ മുത്തങ്ങയിലേക്ക് കാക്കി ധാരികളുടെ പ്രവാഹമായിരുന്നു. കോഴിക്കോടുനിന്നും കണ്ണൂരുനിന്നുമായി നൂറുകണക്കിന് പോലീസുകാരാണ് ഇന്നലെ രാവിലെ മുതൽ മുത്തങ്ങ വനം വളഞ്ഞത്. രാവിലെ എട്ടിന് മുത്തങ്ങ വനത്തിനുസമീപം ദേശീയപാതയുടെ ഓരത്ത് പോലീസ്, വനംവകുപ്പുകളുടെ സംയുക്തസേന എന്തിനും തയാറായി നിലയുറപ്പിച്ചു. 8.45ന് ആക്ഷൻ ആരംഭിച്ചു. തുടർന്ന് ഏതാണ്ട് എട്ടുമണിക്കൂറോളം മുത്തങ്ങ വനത്തിൽ യുദ്ധത്തിന്റെ പ്രതീതി ജനിപ്പിച്ചു. ഒരുഭാഗത്ത് പ്രാചീന ആയുധങ്ങളായ അമ്പും വില്ലും കുറുവടിയുമായി ആദിവാസികളും മറുഭാഗത്ത് തീ തുപ്പുന്ന തോക്കിൻകുഴലുമായി പടച്ചട്ടയണിഞ്ഞ പോലീസുകാരും. മണിക്കൂറുകളോളം പരിഭ്രാന്തിയുടെ മുൾമുനയിൽ നിർത്തിയ മുത്തങ്ങ കുടിയൊഴിപ്പിക്കൽ സംഭവപരമ്പര അരങ്ങേറിയത് ഇങ്ങനെ:

രാവിലെ 8: ഡിഐജി ശങ്കർറെഡ്ഡിയുടെ നേതൃത്വത്തിൽ 800ഓളം വരുന്ന പോലീസ്, വനപാലക സേനാംഗങ്ങൾ തകരപ്പാടിക്ക് സമീപം മുത്തങ്ങ വനത്തിന് മുമ്പിൽ ദേശീയപാതയിൽ നിലയുറപ്പിക്കുന്നു.

8.45 ആക്ഷൻആരംഭിക്കാൻ ഡിഐജിയുടെ ഉത്തരവ്

8.50 കൽപ്പറ്റ ഡിവൈഎസ്പി ഉണ്ണി, മാനന്തവാടി ഡിവൈഎസ്പി സതീശൻ എന്നിവരുടെ നേതൃത്വത്തിൽ പോലീസ് സംഘം ആദിവാസികൾ സ്ഥാപിച്ച പ്രധാന ചെക്പോസ്റ്റ് തകർത്ത് കൈയേറ്റ ഭൂമിയിൽ പ്രവേശിക്കുന്നു.

9.00 കൈയേറ്റക്കാരോട് ഭൂമി വിട്ടൊഴിഞ്ഞ് കീഴടങ്ങാൻ ഉച്ചഭാഷിണിയിലൂടെ ആഹ്വാനം. തുടർന്ന് മാർഗതടസം സൃഷ്ടിച്ചിരുന്ന മരങ്ങൾ വെട്ടിമാറ്റി സായുധസേന മുന്നേറുന്നു.

9.10 ആദിവാസികളുടെ കുടിലുകളും വാച്ച് ടവറുകളും വിവിധ ഗ്രൂപ്പുകളിലായി നീങ്ങിയ സേന തകർക്കുന്നു. ഏതാണ്ട് 500 മീറ്റർ ചുറ്റളവിലുള്ള വീടുകൾ തല്ലിത്തകർത്തു.

9.30 പ്രാചീന ആയുധങ്ങളുമായി ആദിവാസി മുന്നണിപോരാളികൾ പോലീസുമായി മുഖാമുഖം ഏറ്റുമുട്ടുന്നു. ഈ സമയം പോലീസിന്റെ നീക്കം തടയാനായി സ്വന്തം കുടിലുകൾക്ക് തീ വച്ച് ആദിവാസികൾ ഉൾക്കാടുകളിലേക്ക് പിൻവലിയുന്നു.

10.30 ഒന്നാം ഘട്ട ഓപ്പറേഷൻപൂർത്തിയാക്കി പോലീസ് സംഘം മടങ്ങുന്നു. ഒന്നാം ഘട്ട ഓപ്പറേഷനിൽ നിരവധി ആദിവാസികൾക്കും പോലീസുകാർക്കും പരിക്ക്.

11.30 ആദ്യഘട്ട ഓപ്പറേഷനിൽ ഉൾപ്പെട്ട വനിതാപോലീസുകാരുൾപ്പെടെ ഏതാനും പോലീസുകാർ കാട്ടിൽ [illegible] കെണിയിൽ അകപ്പെട്ട വിവരം അറിയുന്നു. തുടർന്ന് കാട്ടിൽ ഘോരമായ വെടിവയ്പ്. ആദിവാസികളുടെ കെണിയിൽനിന്ന് രക്ഷപ്പെടാനായിരുന്നു ഇവർ ഒമ്പതുറൗണ്ട് വെടിവച്ചത്. വെടിവയ്പിനെ തുടർന്ന് പോലീസുകാർ സേനാംഗങ്ങളുടെ പക്കലേക്ക് പിന്തിരിഞ്ഞ് ഓടുന്നു. ഇതിനിടെ കൂട്ടംതെറ്റിയ രണ്ട് പോലീസുകാരെയും ഒരു വനപാലകനേയും ആദിവാസികൾ പിടികൂടുന്നു.

12.15 രണ്ടാംഘട്ട ഓപ്പറേഷൻ. സേന പൊൻകുഴി ക്യാമ്പിലേക്ക് നീങ്ങുന്നു.

12.30 ക്യാമ്പ് വളഞ്ഞ് ആക്ഷൻ തയാറെടുക്കുന്നു. ഇതിനിടെ ഗുരുതരമായി പരിക്കേറ്റ ബന്ദികളിലൊരാളെ ക്യാമ്പിനുസമീപം കണ്ടെത്തുന്നു. ഇതോടെ ഒരു ഫോറസ്റ്റുകാരനേയും പോലീസുകാരനേയും കൂടി ബന്ദിയാക്കിയവിവരം സേന അറിയുന്നു. മണ്ണെണ്ണ ഒഴിച്ച പുൽമെത്തയിൽ ബന്ദികളെ വെട്ടേറ്റ് രക്തംവാർന്ന നിലയിൽ കണ്ടെത്തുന്നു. ഓപ്പറേഷൻ നിർത്തിവയ്ക്കുന്നു. ഒരു മണിക്കൂറോളം അനിശ്ചിതത്വം.

2.00 ബന്ദികളെ മോചിപ്പിക്കുന്നതിനായി മധ്യസ്ഥത വഹിക്കാൻ പത്രക്കാരോട് പോലീസ് അഭ്യർഥിക്കുന്നു.

2.10 പത്രപ്രതിനിധികളിലൊരാളെ മുറിവേറ്റുകിടക്കുന്ന ബന്ദികളുടെ അടുത്തേക്ക് ആദിവാസികൾ കൊണ്ടുപോകുന്നു.

2.15 അഞ്ച് ആവശ്യങ്ങളുമായി ഗോത്രമഹാസഭാ പ്രതിനിധി അശോകൻ മാധ്യമ പ്രതിനിധികളുടെ സാന്നിധ്യത്തിൽ ഡിവൈഎസ്പിയെ കാണുന്നു.

2.30 കുടിവെള്ളമെടുക്കാൻ അനുവദിക്കണമെന്ന് കൈയേറ്റക്കാർ വീണ്ടും പോലീസിനോട് ആവശ്യപ്പെടുന്നു. പോലീസ് അനുവാദം നിഷേധിച്ചു.

3.00 സേന പിൻവലിയുന്നു.

3.30 പരിക്കേറ്റവർക്ക് വൈദ്യസഹായം ആവശ്യപ്പെട്ടുകൊണ്ട് നാലംഗ ആദിവാസി പ്രതിനിധികൾ പോലീസിനെ സമീപിക്കുന്നു. ആവശ്യം നിരാകരിക്കുന്നു.

5.00 മൂന്നാംഘട്ട ഓപ്പറേഷൻ. കമാൻഡന്റ് സുരേഷ് രാജ് പുരോഹിതിന്റെ നേതൃത്വത്തിൽ 250 അംഗ സേന മുത്തങ്ങയിലേക്ക് കുതിക്കുന്നു.

5.20 ടിയർഗ്യാസ് പ്രയോഗം. ആദിവാസികൾ ചിതറിയോടുന്നു.

5.30 ബന്ദികളെ മോചിപ്പിക്കാൻ വെടിവയ്പ്. തുടർന്ന് ആദിവാസികൾ ചിതറിയോടുന്നു.

5.40 പരിക്കേറ്റ ബന്ദികളെ സ്ട്രെച്ചറിൽ എടുത്തുകൊണ്ട് ഒരുസംഘം പോലീസ് പുറത്തേക്ക്. ഇതിനിടെ കാട്ടിനുള്ളിൽ ഘോരമായ വെടിവയ്പ്.

6.00 കമ്പിളിപ്പുതപ്പുകളിൽ പൊതിഞ്ഞ് പരിക്കേറ്റ ആദിവാസികളേയും കൊണ്ട് പുറത്തേക്ക്.

6.30 കൈയേറ്റക്കാരെ ഒഴിപ്പിച്ച് സേന പിൻവാങ്ങുന്നു.



പോലീസ് സംഘത്തെ ആക്രമിച്ച ആദിവാസിയെ പോലീസ് തോക്കിന്റെ പാത്തി കൊണ്ടടിക്കുന്നു.-ദീപിക

പിടികൂടിയ ആദിവാസിയെ പോലീസ് കൊണ്ടുപോവുന്നു-ദീപിക



കാലിനു വെട്ടേറ്റ പോലീസുകാരന് മറ്റു പോലീസുകാർ പ്രഥമ ശുശ്രൂഷ നൽകുന്നു- ദീപിക

മെഡിക്കൽ കോളജിലേക്ക് ജനപ്രവാഹം

കോഴിക്കോട്: ആദിവാസി സംഘർഷത്തിൽ പരിക്കേറ്റവരെ കാണാൻ മെഡിക്കൽ കോളജിലേക്ക് ജനപ്രവാഹം. ആദിവാസി ഗോത്രസഭാ പ്രവർത്തകരും പോലീസും തമ്മിൽ ഇന്നലെയുണ്ടായ ഏറ്റുമുട്ടലിൽ പരിക്കേറ്റവരെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് കൊണ്ടുവരുന്നു എന്നറിഞ്ഞാണ് ജനം തടിച്ചുകൂടിയത്.

രാത്രി ഏഴരയോടെ ബത്തേരി താലൂക്ക് ആശുപത്രിയുടെ ആംബുലൻസിൽ പോലീസ് എസ്കോർട്ടോടെ എത്തിയ വാഹനത്തിൽ പരിക്കേറ്റ് പോലീസ് കോൺസ്റ്റബിൾമാരായ അബ്ദുൾ സലാം, ടി.കെ. വിനോദ് കുമാർ എന്നിവരെ കൊണ്ടുവന്നു. അബ്ദുൾ സലാമിനെ ശസ്ത്രക്രിയയ്ക്കും വിനോദ്കുമാറിനെ സർജറി വാർഡായ പതിനാലിലേക്കും മാറ്റിയിട്ടുണ്ട്.

രാത്രി 9.45 ഓടെ വയനാട് തോൽപ്പെട്ടി റേഞ്ചിലെ ഫോറസ്റ്റർ പി.കെ. ശശിധരനെ (57) വാരിയെല്ലിന് അമ്പേറ്റ നിലയിൽ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇയാളുടെ താടിക്ക് പൊള്ളലേറ്റിട്ടുണ്ട്.

വെടിവെയ്പ്പിൽ വലതുകാൽപ്പാദം അറ്റ ആദിവാസി യുവാവിനെയും മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. പൊൻകുഴി കോളനി സോമൻ (35) നാണ് വെടിയേറ്റത്.



കഴുത്തിനും കാലിനും വെട്ടേറ്റ് ഗുരുതരാവസ്ഥയിൽ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലുള്ള അബ്ദുൾ സലാം-ദീപിക



കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച കെ.എ.പി. നാലാം ബറ്റാലിയനിലെ കോൺസ്റ്റബിൾ ടി.കെ.വിനോദ്-ദീപിക



അറസ്റ്റിലായ അമ്മയും കുഞ്ഞുങ്ങളും - ദീപിക.



ആദിവാസി കുടിലുകളിൽനിന്ന് പിടിച്ചെടുത്ത സാധനങ്ങൾ കൂട്ടിയിട്ടിരിക്കുന്നു.

അക്രമത്തിൽ പരിക്കേറ്റവർ

പരിക്കേറ്റ പോലീസുകാർ: തലപ്പുഴ സബ് ഇൻസ്പെക്ടർ ഉണ്ണികൃഷ്ണൻ (51), വെള്ളമുണ്ട സബ് ഇൻസ്പെക്ടർ ചാത്തു, അമ്പലവയൽ പോലീസ് കോൺസ്റ്റബിൾ രാജൻ, കൽപ്പറ്റ വനിതാ പോലീസ് ബേബി (38), മാനന്തവാടി വനിതാ പോലീസ് ജയ (34), കോഴിക്കോട് റൂറലിൽനിന്ന് എത്തിയ വനിതാ പോലീസുകാരായ പ്രേമവല്ലി (50), ശാന്ത (55)

പരിക്കേറ്റ ഗോത്രസഭാ പ്രവർത്തകർ: മുരിങ്ങ (66) ചീരാൽ കോളനി, കറുപ്പി (42) കല്ലൂർ കോളനി, അപ്പു (40) നെന്മേനികുന്ന്, ബാലൻ (27) തിരുവണ്ണൂർ, ശങ്കരൻ (28) കാക്കത്തോട്, വേണുഗോപാൽ (38) പടിപ്പുര, കവലൻ (40), ചത (15), ശാന്ത (20) കണ്ണൻതോട്, ബോളൻ (45), രാജു (20), നാഗപ്പൻ (80), ബാബു (22) നമ്പ്യാർകുന്ന്, ബൊമ്മൻ (30) ചീരാൽ, ബാലൻ (28) നമ്പിക്കൊല്ലി, കുഞ്ഞൻ (35) കല്ലുമുക്ക്, ലത (21) കണ്ണൻതോട്, മക്കളായ വിനീത (നാല്), ലത (നാല്), ബോളി (50) കല്ലൂർ, ബാലൻ (28) കണ്ണൻതോട്, കറുപ്പി (60) കണ്ണൻതോട്.

പരിക്കേറ്റവരെ സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിലും ഗുരുതരമായവരെ കോഴിക്കോട് മെഡിക്കൽ കോളജിലും പ്രവേശിപ്പിച്ചു.



കുടിലുകളിൽ നിന്ന് കല്ലും വടിയും കുന്തവുമായി പോലീസിനെ നേരിടുന്ന സ്ത്രീകളടക്കമുള്ള ആദിവാസികൾ-ദീപിക

കൊച്ചുകുട്ടികളുടെ ദീനരോദനം മുത്തങ്ങയെ വിലാപഭൂമിയാക്കി

കെ.ജെ.ജോസ്

മുത്തങ്ങ (വയനാട്): ഒരുതുണ്ട് ഭൂമിക്കുവേണ്ടിയുള്ള ആദിവാസികളുടെ സമരം സംസ്ഥാനം കണ്ട ഏറ്റവും വലിയ കൂട്ടക്കുരുതിയിൽ എത്തിച്ചു. 40 ദിവസങ്ങളിലേറെയായി മുത്തങ്ങ വനത്തിൽ കുടിൽകെട്ടി താമസിച്ച കുട്ടികളും സ്ത്രീകളുമടങ്ങുന്ന നൂറുകണക്കിന് ആദിവാസി കുടുംബങ്ങൾ സർക്കാർ ഭാഗത്തുനിന്നുണ്ടായ അനാസ്ഥമൂലം ഉറ്റവർ നഷ്ടപ്പെട്ട വേദനകൾ നിറഞ്ഞ അവസ്ഥയിലേക്ക് മാറി. ഒന്നിച്ച് കൂട്ടമായി താമസിച്ച കുടുംബങ്ങൾ പോലീസ് നടത്തിയ നടപടിയിൽ ചിന്നിച്ചിതറി.

വെടിവയ്പിലും ലാത്തിയടിയിലും സ്ത്രീകളും കുട്ടികളുമടക്കമുള്ള നിരവധിപേർക്ക് ക്രൂരമായി മർദനമേറ്റു. അടികൊണ്ട് നിലത്തുവീണ സ്ത്രീകളടക്കമുള്ളവരെ പോലീസ് വീണ്ടും മർദിച്ചു. മാതാപിതാക്കളെ കാണാതെ കൊച്ചുകുട്ടികൾ പലരും വനത്തിൽ ഒറ്റപ്പെട്ടു. അവരുടെ ദീനരോദനം മുത്തങ്ങ വനത്തെ വിലാപഭൂമിയാക്കി. പോലീസും വനപാലകരുമടങ്ങുന്ന സംഘം ഒരു ഭാഗത്തും ആദിവാസികൾ മറുഭാഗത്തും പരസ്പരം പോർവിളികൾ നടത്തി. ഒന്നും അറിയാതെ കൊച്ചുകുട്ടികളും പോർവിളിയിൽ പങ്കുചേർന്നു. വെള്ളവും ഭക്ഷണവുമില്ലാതെ ആദിവാസികൾ അങ്ങേയറ്റം ബുദ്ധിമുട്ടി. തങ്ങളുടെ ഭൂമിയിൽനിന്ന് ഒരു കാരണവശാലും ഞങ്ങൾ ഇറങ്ങുകയില്ലെന്ന് ആദിവാസികൾ പോലീസിനോട് ശപഥംചെയ്ത് പറഞ്ഞു. വേണമെങ്കിൽ ഞങ്ങളെ വെടിവച്ചുകൊല്ലാം എന്നും പോലീസ് മേധാവികളെ അറിയിച്ചു.

അത് വെടിവയ്പിൽ കലാശിക്കുകയും ചെയ്തു. നിരവധി പേർക്ക് വെടിയേറ്റു. വെടിയേറ്റുവീണ ആദിവാസികൾക്ക് ക്രൂര മർദനം അനുഭവിക്കേണ്ടിയും വന്നു. തങ്ങളുടെ ഭൂമിയിൽനിന്ന് പിരിഞ്ഞുപോകില്ലെന്ന് വെടിയേറ്റ് വീണപ്പോഴും ആദിവാസികൾ വിളിച്ചുപറയുന്നുണ്ടായിരുന്നു. വളരെ വൈകിയാണ് പരിക്കേറ്റ ആദിവാസികളെ ആശുപത്രിയിൽ എത്തിക്കാൻ പോലീസ് നീക്കം നടത്തിയത്.



പോലീസ് നടപടിക്കിടയിൽ ഓടിരക്ഷപ്പെട്ട രക്ഷിതാക്കളിൽ നിന്നു ഒറ്റപ്പെട്ട ആദിവാസി പെൺകുട്ടിയെ വനിതാ പോലീസ് കൂട്ടിക്കൊണ്ടു പോവുന്നു.-ദീപിക

ചോരയിൽ മുങ്ങിയ സമരം



ആയുധങ്ങളുമായി പോലീസിനെ നേരിടുന്ന ആദിവാസി യുവാക്കൾ–ദീപിക



ലാത്തിയുമായെത്തിയ പോലീസുകാരനു നേരെ അമ്പെയ്യുന്ന ആദിവാസി–ദീപിക

മുത്തങ്ങയിൽ ഒന്നും നടന്നില്ലെന്ന് മന്ത്രിയുടെ ഓഫീസ്!!

തിരുവനന്തപുരം: മുത്തങ്ങയിൽ കലാപം അരങ്ങു തകർത്ത സംഭവത്തിൽ നാടിന്റെ മുക്കും മൂലയും നടുങ്ങി നിൽക്കുമ്പോൾ വകുപ്പു മന്ത്രിയുടെ ഓഫീസ് ഇതൊന്നും അറിഞ്ഞില്ല.

മന്ത്രി ഡോ. എം. എ.കുട്ടപ്പന്റെ ഓഫീസാണ് ഇന്നലെ രാത്രി 7.30 വരെ മുത്തങ്ങ സംഭവം അറിയാതെ ഇരുട്ടിൽ തപ്പിയത്. 7.30 തിന് പത്രം ഓഫീസുകളിൽ നിന്ന് വിവരം തേടുമ്പോഴും 'മുത്തങ്ങയിൽ വെടിവയ്പ് നടക്കുകയോ ആരെങ്കിലും മരിക്കുകയോ ചെയ്തതായി അറിയില്ല' എന്ന മറുപടിയാണ് കുട്ടപ്പന്റെ ഓഫീസിൽനിന്നും നല്കിയത്.

ഡൽഹിയിൽ മന്ത്രിയെ ഫോണിൽ ബന്ധപ്പെട്ടപ്പോഴും 'ടി.വി.വാർത്ത' കണ്ടറിഞ്ഞ വിവരമേ മന്ത്രിക്ക് ഉണ്ടായിരുന്നുള്ളൂ.

ചിത്രങ്ങൾ:
ടി. മോഹൻദാസ്



ആദിവാസികളെ പിന്തുടർന്നെത്തിയ പോലീസ് കുടിലുകൾ പൊളിച്ച് ഓടിച്ചിട്ട് പിടിക്കുന്നു –ദീപിക



ആദിവാസി സ്ത്രീകളെ വനിതാ പോലീസ് അറസ്റ്റ് ചെയ്തു കൊണ്ടുപോകുന്നു. –ദീപിക

സർക്കാരിന്റെ പിടിപ്പുകേടെന്ന് കരുണാകരൻ

ന്യൂഡൽഹി: മുത്തങ്ങ സംഭവം സർക്കാരിന്റെ പിടിപ്പുകേടാണെന്ന് മുൻമുഖ്യമന്ത്രി കെ. കരുണാകരൻ. ആദിവാസി പ്രശ്നം കൈകാര്യം ചെയ്യുന്നതിലുണ്ടായ വീഴ്ചയാണ് ഇന്നലെയുണ്ടായ അനിഷ്ട സംഭവങ്ങൾക്ക് വഴിതെളിച്ചതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

താൻ ഭരിച്ചിരുന്നപ്പോഴും ആദിവാസി പ്രശ്നമുണ്ടായിരുന്നു. ഇക്കാര്യം പരിഹരിക്കാൻ സർക്കാരുകൾ ശ്രമം നടത്തിവരികയുമായിരുന്നു. എന്നാൽ സെക്രട്ടേറിയറ്റിനു മുന്നിൽ കുടിൽകെട്ടി പ്രശ്നമുണ്ടാക്കിയവരെ സ്വീകരിക്കാനും അംഗീകരിക്കാനും മുഖ്യമന്ത്രി ആന്റണി പോയതാണ് ഇപ്പോഴത്തെ സംഭവങ്ങളിലേക്ക് നയിച്ചതെന്ന് കരുണാകരൻ അഭിപ്രായപ്പെട്ടു.

3പ്ലസ്

ദീപിക +
ഇംഗ്ലീഷ് ഇംഗ്ലീഷ് മലയാളം ഡിക്ഷണറി +
300 രൂപയുടെ പരസ്യ കൂപ്പൺ =

Rs.1550/-

■ First Pair Rs.575.00 ■ Second Pair Rs.350.00
■ Third Pair Rs. 350.00
This special offer valid only from
20th - 26th February 2003

NEWSWAY
Creating knowledge&wealth

കൂടുതൽ ജനങ്ങളിലേയ്ക്ക്

വിശദ വിവരങ്ങൾക്ക് ലീഡേഴ്സുമായി ബന്ധപ്പെടുക





ഒരു പോലീസുകാരന്റെ കാലിന് വെട്ടി പരിക്കേൽപ്പിച്ച ആദിവാസിയെ മറ്റു പോലീസുകാർ നേരിടുന്നു –ദീപിക

മേലുദ്യോഗസ്ഥന്റെ അനാസ്ഥയിൽ പോലീസുകാരന്റെ ജീവൻ നഷ്ടമായി

കെ.ജെ.ജോസ്

മുത്തങ്ങ (വയനാട്): പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയ്ക്ക് പോലീസുകാരന്റെ ജീവിതം വില നൽകേണ്ടിവന്നു. ഇന്നലെ ഉച്ചയ്ക്ക് 12 ഓടെയാണ് കോൺസ്റ്റബിൾമാരായ കണ്ണൂർ ജില്ലയിലെ കൊയ്യം സ്വദേശി വിനോദ്കുമാർ, അബ്ദുൾഅസീസ്, വനം വകുപ്പ് ജീവനക്കാരൻ ശശിധരൻ എന്നിവരെ ആദിവാസി ഗോത്രമഹാസഭാ പ്രവർത്തകർ തന്ത്രപൂർവം പിടികൂടിയത്.

പോലീസ് ആദിവാസികളെ പിടികൂടുന്നതിന് നടത്തിയ നീക്കത്തിനെതിരെ കൂട്ടത്തിൽനിന്ന് മാറിപ്പോയ നാൽപതോളം വരുന്ന പോലീസുകാരിൽനിന്നാണ് മൂന്നുപേരെ ആദിവാസികൾ പിടികൂടിയത്. ഗുരുതരമായി വെട്ടേറ്റ അബ്ദുൾഅസീസിനെ ആദിവാസികൾ പോലീസിന് വിട്ടുകൊടുത്തു. പോലീസ് ആശുപത്രിയിൽ എത്തിച്ചു.

എന്നാൽ പിടികൂടിയ മറ്റു രണ്ടുപേരെയും മർദിച്ച് വെട്ടേറ്റനിലയിൽ ആദിവാസികൾ തടവിലാക്കുകയായിരുന്നു. അതോടെ മുന്നോട്ടുത്ത പോലീസ് നടപടിയിൽനിന്ന് വിട്ടുനിന്നു. പിടികൂടിയവരെ മോചിപ്പിക്കുന്നതിനായി പല വട്ടം പോലീസ് ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. പത്രലേഖകരുടെ മധ്യസ്ഥതിനായി ശ്രമം നടത്തി.

എന്നാൽ ആദിവാസികൾ ഉന്നയിച്ച ആവശ്യങ്ങളിൽനിന്നും പോലീസ് മാറിനിൽക്കുകയായിരുന്നു. തടഞ്ഞുവച്ച സ്ഥലത്ത് ഡോക്ടറെ കൊണ്ടുവന്ന് ചികിത്സ നടത്താൻ ആദിവാസികൾ അനുവദിച്ചു. എന്നാൽ പോലീസ് അതിന് തയാറായില്ല. മാത്രമല്ല പോലീസ് പിന്നോട്ട് പിന്മാറുകയും ചെയ്തു.

അഞ്ചുമണിക്കൂർനേരം രക്തംവാർന്നൊലിച്ച് വേദന സഹിച്ച് ജീവനക്കാർ കിടക്കേണ്ടിവന്നു. അവർക്കുകൊടുക്കാനായി വെള്ളം കൊണ്ടുവരുന്നതിനുള്ള അനുവാദം പോലും പോലീസ് ആ സമയത്ത് നൽകിയില്ല. പിന്നീട് വൈകുന്നേരം 5.30ഓടെയാണ് പോലീസ് ഭാഗത്തുനിന്നും പെട്ടെന്ന് നീക്കമുണ്ടായത്. അപ്പോഴേക്കും ഗുരുതരാവസ്ഥയിലായിരുന്നു.

തുടർന്ന് ഇരുവരേയും സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിലെത്തിച്ചെങ്കിലും വിനോദ്കുമാർ മരണമടഞ്ഞു.



20
ഫെബ്രുവരി 2003
വ്യാഴം
1178 കുംഭം 8

മലയാള മനോരമ

Established 1888

കോട്ടയം • കോഴിക്കോട് • കൊച്ചി • തിരുവനന്തപുരം • പാലക്കാട് • കണ്ണൂർ • കൊല്ലം • തൃശൂർ • മലപ്പുറം • മുംബൈ • ചെന്നൈ • ബാംഗ്ലൂർ

കോഴിക്കോട് • 16 പേജ് • 3.25 രൂപ

www.manoramaonline.com

- സി.കെ. ജാനുവും ഗീതാനന്ദനും ഒളിവിൽ
- വനത്തിൽ 18 റൗണ്ട് വെടി
- നാലു വനിതാ പൊലീസുകാർക്കും പരുക്ക്
- മുത്തങ്ങ പൊലീസ് വലയത്തിൽ
- വനത്തിലെ പരിശോധന ഇന്നും തുടരും



മന്ത്രിമാരെ റാഞ്ചാനും ആദിവാസികൾ പദ്ധതിയിട്ടു: ആന്റണി

മുത്തങ്ങ: പിന്നിൽ നക്സലുകളെന്നു ഡി. ജി. പി.

മുത്തങ്ങ സംഭവം സർക്കാരിന്റെ പിടിപ്പു കേട്: പിണറായി

പേജ് 9



മനോരമ/ രാജൻ എം. തോമസ്

കയ്യേറ്റം: മുത്തങ്ങവനം കയ്യേറിയ ആദിവാസികളെ കുടിയൊഴിപ്പിക്കാനെത്തിയ പൊലീസുകാരും ആദിവാസികളും ഏറ്റുമുട്ടുന്നു.

മുത്തങ്ങ: മരണസംഖ്യ കൂടിയേക്കും

ആദിവാസികളും പൊലീസും ഏറ്റുമുട്ടി: 2 മരണം

സ്വന്തം ലേഖകൻ

മുത്തങ്ങ (വയനാട് ജില്ല): വനം കയ്യേറിയ ആദിവാസികളെ കുടിയിറക്കാനെത്തിയ പൊലീസുമായുണ്ടായ ഏറ്റുമുട്ടലിൽ ആദിവാസികളുടെ വെട്ടേറ്റ് ഒരു പൊലീസുകാരനും വെടിയേറ്റ് ഒരു ആദിവാസിയും മരിച്ചു.

കണ്ണൂർ ശ്രീകണ്ഠാപുരം കൊയ്യം പാറക്കടി കുഞ്ഞിരാമ പെരുവണ്ണാന്റെ മകൻ വിനോദാണ് (28) മരിച്ച പൊലീസുകാരൻ. കണ്ണൂർ കെ.എ.പി.നാലാം ബറ്റാലിയനിലെ അംഗമാണ്. പകൽ 12 മണിയോടെ തോൽപ്പെട്ടി റേഞ്ചിലെ ഫോറസ്റ്റർ ശശിധരനൊപ്പം വിനോദിനെയും ആദിവാസികൾ ബന്ദിയാക്കിയിരുന്നു. വൈകിട്ട് പൊലീസ് മുന്നേറ്റം ആരംഭിച്ചതോടെ ഗുരുതരമായി വെട്ടിപ്പരുക്കേൽപ്പിച്ച വിനോദിനെ ഉപേക്ഷിച്ച് ആദിവാസിൾ വനത്തിനുള്ളിലേക്ക് പിന്തിരിഞ്ഞു. ആശുപത്രിയിലേക്ക് കൊണ്ടു പോകും വഴിയാണ് വിനോദ് മരിച്ചത്. രക്തം വാർന്നായിരുന്നു മരണം.വിനോദ് അവിവാഹിതനാണ്.

മാരൻ (45) ആണ് പൊലീസിന്റെ വെടിയേറ്റു മരിച്ച ആദിവാസി.

അതേസമയം പൊലീസ് വെടിവെയ്പ്പിൽ അഞ്ചോളം ആദിവാസികൾ വനത്തിൽ മരിച്ചുവീണതായി അഭ്യൂഹമുണ്ട്. എന്നാൽ ഉത്തര മേഖലാ ഡി.ഐ.ജി: എൻ.ശങ്കർറെഡ്ഡി ഇത് നിഷേധിക്കുകയാണ്.

വനത്തിനുള്ളിലേക്ക് മാധ്യമ പ്രവർത്തകരുടെ പ്രവേശനവും നിരോധിച്ചിരിക്കുകയാണ്. ആദിവാസികൾ ഉൾവനത്തിലേക്ക് പിൻവലിയുകയും ചെയ്തിട്ടുണ്ട്.

രാവിലെ ഒൻപതു മണിയോടെയാണ് മുത്തങ്ങ റേഞ്ചിലെ തകരപ്പാടി കേന്ദ്രീകരിച്ച് പൊലീസ് മുന്നേറ്റം ആരംഭിച്ചത്. 45 വനിതാ പൊലീസ് ഉൾപ്പെടെയുള്ള നാനൂറോളം പൊലീസുകാരാണ് ആദിവാസികൾ സ്ഥാപിച്ച ചൗക്ക പൊളിച്ചുമാറ്റി കുടിൽ കെട്ടിയ സ്ഥലത്തേക്ക് നീങ്ങിയത്.

പരമ്പരാഗത ആയുധങ്ങളുമായി ആദിവാസികൾ ചെറുത്തു നിന്നു. നിരവധി കുടിലുകൾ പൊലീസ് തീയിട്ട് നശിപ്പിച്ചു.

ഇതിനിടെ പെരുങ്കുഴി ഭാഗത്തുവെച്ച് കണ്ണൂർ കെഎ.പി.ബറ്റാലിയനിലെ വിനോദിനെയും തോൽപ്പെട്ടി റേഞ്ചിലെ ഫോറസ്റ്റർ ശശിധരനെയും ആദിവാസികൾ ബന്ദിയാക്കി. സേനാംഗങ്ങളെ ബന്ദിയാക്കുന്നതിനിടെ വെള്ളി, വേലായുധൻ, അനിൽകുമാർ എന്നീ ആദിവാസികൾക്കും പരുക്കേറ്റു. ബന്ദികളെ വെച്ച് വിലപേശൽ തുടങ്ങിയതോടെ ഉച്ചയ്ക്ക് ഒന്നരക്ക് ആദ്യഘട്ട ഓപ്പറേഷൻ നിർത്തി.

പരുക്കേറ്റവർക്ക് ചികിൽസ ലഭ്യമാക്കാൻ ഡോക്ടറെ പെരുങ്കുഴി ഷെഡിലേക്ക് അയച്ചില്ലെങ്കിൽ ബന്ദികളെ കൊല്ലുമെന്നാണ് ദൂതന്മാർ മുഖേന അറിയിച്ചത്. ആദിവാസി ഗോത്രമഹാസഭ പ്രസീഡിയം കമ്മിറ്റി അംഗം ജി.അശോകനാണ് ഇതിനെല്ലാം നേതൃത്വം കൊടുത്തിരുന്നത്.

ഗോത്രസഭാ പ്രവർത്തകർ ആയുധം വച്ച് കീഴടങ്ങണമെന്ന് പൊലീസ് രാവിലെ അനൗൺസ് ചെയ്തിട്ടും ആദിവാസികൾ പിന്മാറിയില്ല. സ്ത്രീകൾ ഉൾപ്പെടെ ചെറുത്തു നിന്ന ആദിവാസികൾ 'ചാവാൻ കണക്കാക്കി' വന്നതാണെന്ന് പറഞ്ഞു. കത്തിയും കോടാലിയും അമ്പും വില്ലുമായി സേനയുടെ നേരെ പാഞ്ഞടുക്കുകയായിരുന്നു ഇവർ.

ഇതിനിടെയാണ് ഒരു പൊലീസുകാരനെ ഗോത്രസഭാ പ്രവർത്തകൻ വെട്ടിയത്. ഇതോടെ പൊലീസ് കണ്ണീർവാതകം പ്രയോഗിച്ചു. ആദ്യ തവണ എട്ട് റൗണ്ട് ടിയർസെൻ പൊട്ടിച്ചിട്ടും ആദിവാസികൾ പിൻമാറിയില്ല. പിന്നീട് ഏതാനും മീറ്റർ മുന്നിലായി ഒന്നിച്ചുകൂടിയ ആദിവാസികൾ സേനയുടെ മുന്നേറ്റം തടയാൻ കാട്ടിൽ കെട്ടിയ കുടിലുകൾക്ക് തീവച്ചു. എട്ടോളം കുടിലുകൾക്കാണ് അവർ തീവച്ചത്.

പത്തു മണിയോടെയാണ് തീ കൊളുത്തി പ്രതിരോധിക്കാൻ ആദിവാസികൾ ശ്രമിച്ചത്. കാട്ടിലേക്ക് ഓടി മറഞ്ഞ ആദിവാസികളെ കരടിമുണ്ട സെക്ഷൻ വരെ സേന പിൻതുടർന്നു. എല്ലാം ഇട്ടെറിഞ്ഞു ഓടിപ്പോയ ആദിവാസികളുടെ പാത്രങ്ങളും വസ്ത്രങ്ങളും മറ്റും കത്തി നശിച്ചിട്ടുണ്ട്. അവശേഷിച്ച കുടിലുകൾ വനംവകുപ്പും മറ്റും ചേർന്ന് തീയിട്ടു.

വൈകീട്ട് 5.20ന് കണ്ണൂർ കെ.എ.പി. കമൻഡാന്റ് സുരേഷ് രാജ് പുരോഹിതിന്റെ നേതൃത്വത്തിൽ രണ്ടാം ഘട്ട ഓപ്പറേഷൻ തുടങ്ങി. അഞ്ചരയോടെ ബന്ദികളെ കിടത്തിയിരുന്ന ഷെഡ് ലക്ഷ്യമാക്കി സേനാംഗങ്ങൾ നീങ്ങി. ഇവരുടെ നീക്കം തുടങ്ങിയതോടെ ആദിവാസികൾ ബന്ദികളെ ചുട്ടുകൊല്ലുമെന്ന് ഭീഷണിപ്പെടുത്തി പന്തം കത്തിച്ചു.

തുർന്ന് പൊലീസ് വെടിവെയ്പ്പ് ആരംഭിക്കുകയായിരുന്നു. ആദ്യം പ്ലാസ്റ്റിക് പെല്ലറ്റും തുടർന്ന് റബർ ബുള്ളറ്റും ഇട്ടായിരുന്നു വെടി. പൊലീസ് നീക്കത്തിൽ ഭയചകിതരായ കുട്ടികളടക്കമുള്ള ആദിവാസികൾ ചിതറിയോടി. ഓടുന്ന ഓട്ടത്തിലാണ് പൊലീസുകാരൻ വിനോദിന്റെ കാൽ വെട്ടിമുറിച്ചത്. ചോരവാർന്ന് ഏറെ നേരം കിടന്നു. സ്ഥലത്തുണ്ടായിരുന്ന പത്രലേഖരാണ് വിനോദിനെ മെയിൻ റോഡിൽ എത്തിച്ചത്.

18 റൗണ്ട് വെടിവച്ചിട്ടുണ്ട്.

കലികയറിയ പൊലീസ് സ്ഥലത്തുണ്ടായിരുന്ന ഫൊട്ടോഗ്രാഫർമാർക്കു നേരെയും തിരിഞ്ഞു. ഫ്രീലാൻസ് ഫൊട്ടോഗ്രാഫർ ബിജോയിയെ സേനാംഗങ്ങൾ മർദ്ദിച്ചു. ക്യാമറ തല്ലിപ്പൊളിച്ചു. ഈ രംഗം ക്യാമറയിൽ പകർത്തുന്നതിനായി മരത്തിൽ കയറുന്നതിനിടെ വീണുപോയ കൈരളി ഫൊട്ടോഗ്രാഫർ ഷാജിയെയും പൊലീസ് മർദിച്ചു. കൈരളിയുടെ കസെറ്റ് പിടിച്ചെടുത്തു.

ഗുരുതരമായ പരുക്കുകളോടെ കണ്ണൂർ കെ.എ.പി.നാലാം ബറ്റാലിയനിലെ തന്നെ പൊലീസുകാരായ ശ്രീകണ്ഠപുരം മലപ്പട്ടം വിനോദ് (30), ശ്രീകണ്ഠപുരം ചുള്ളിയാട് മാവില അബ്ദുൾസലാം (29), ആദിവാസികൾ ബന്ദിയാക്കിയിരുന്ന ഫോറസ്റ്റർ പി.കെ. ശശിധരൻ (53) എന്നിവരെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ശശിധരന്റെ തലയിൽ അമ്പേറ്റ പരുക്കുണ്ട്.

നാല് വനിതാപൊലീസുകാരടക്കം പന്ത്രണ്ട് പൊലീസുകാരെയും മൂപ്പതോളം ആദിവാസികളേയും ബത്തേരി താലൂക്ക് ആശുപത്രിയിൽ പരുക്കുകളോടെ പ്രവേശിപ്പിച്ചിട്ടുണ്ട്.

ആദിവാസി ഗോത്ര മഹാസഭയുടെ നേതാക്കളായ സി.കെ. ജാനുവും ഗീതാനന്ദനും ഒളിവിലാണ്.

കഴിഞ്ഞ ദിവസം മുത്തങ്ങ വനത്തിൽ തീ കണ്ടതിനെത്തുടർന്ന് എത്തിയ രണ്ടു വനപാലകരെയും സഹായികളെയും ഗോത്രമഹാസഭാ പ്രവർത്തകർ തടങ്കലിലാക്കിയിരുന്നു.

കൈകൾ തൂണുകളോടു ബന്ധിച്ച നിലയിൽ ഒരു രാത്രി മുഴുവൻ നിർത്തിയ ഇവരെ ജില്ലാ അധികൃതർ എത്തി ചർച്ച നടത്തിയതിനെത്തുടർന്നാണ് വിട്ടയച്ചത്. ബന്ദികൾക്ക് ക്രൂരമായ മർദനമേറ്റിരുന്നെന്നും പരാതിയുണ്ടായിരുന്നു.

തീപ്പിടിത്തത്തിൽ എൺപതോളം ആദിവാസി കുടിലുകളാണ് കത്തിയമർന്നത്. ആദിവാസികളെ കുടിയൊഴിപ്പിക്കാൻ വനം വകുപ്പ് തീയിട്ടതാണെന്നാണ് ഗോത്രമഹാസഭയുടെ ആരോപണം.

കഴിഞ്ഞ ജനുവരി മൂന്നു മുതലാണ് ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ ആദിവാസികൾ മുത്തങ്ങയിൽ വനം കയ്യേറി 'അവകാശമുറപ്പിച്ചത്'.



മനോരമ

മനോരമ

മുറിവേറ്റ നീതി: ആദിവാസികൾ ബന്ദികളാക്കിയ ഫോറസ്റ്റ് ഉദ്യോഗസ്ഥൻ ശശിധരനും (മുഖം മറച്ചു കിടക്കുന്നയാൾ) കോൺസ്റ്റബിൾ ടി.കെ. വിനോദും. വിനോദാണ് വെട്ടേറ്റു മരിച്ചത്.



കുഞ്ചുക്കുറുപ്പ്



ചന്ദ്രനിലേക്ക് ഇന്ത്യ ആളെ അയയ്ക്കുന്നില്ല

മന്നവേന്ദ്രാ വിളങ്ങുന്നു
ചന്ദ്രനെപ്പോലെ നിൻമുഖം
എന്നു തുടർന്നും പാടാമല്ലോ



മനോരമ

ആദിവാസികളുടെ വെട്ടേറ്റ കോൺസ്റ്റബിൾ വിനോദിനെ രക്ഷപ്പെടുത്തി ആശുപത്രിയിലേക്കു കൊണ്ടുപോകുന്നു.

മുത്തങ്ങയിൽ പീപ്പിൾസ് വാർ ഗ്രൂപ്പുമെന്നു സൂചന

സ്വന്തം ലേഖകൻ

ബത്തേരി: ആന്ധ്രയിലെ വനാന്തരങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പീപ്പിൾസ് വാർ ഗ്രൂപ്പിന്റെ(പി.ഡബ്ല്യു.ജി) പരിശീലനം സിദ്ധിച്ച വോളന്റിയർമാർ മുത്തങ്ങ വനത്തിൽ എത്തിയിട്ടുണ്ടെന്നു സൂചന. മുത്തങ്ങയിലെ ബന്ദിനാടകവും പൊലീസുമായുള്ള ഏറ്റുമുട്ടലും ഈ വിശ്വാസം ബലപ്പെടുത്തുന്നു.

പതിറ്റാണ്ടുകളായി ആന്ധ്രയിൽ പൊലീസിനും സർക്കാരിനും തലവേദന സൃഷ്ടിക്കുന്ന പി.ഡബ്ല്യു.ജിയുടെ പോസ്റ്ററുകൾ അടുത്തകാലത്ത് വയനാട്ടിൽ പലയിടത്തും കണ്ടിരുന്നു.

സമരത്തിന്റെ മുൻനിരയിലേക്കു വരാത്ത ഇവർ ആദിവാസി യുവാക്കൾക്ക് ഒളിജീവിതത്തെക്കുറിച്ചും ചെറുത്തുനിൽപ്പിനെക്കുറിച്ചും ക്ലാസെടുത്തിരുന്നു. കേഡർ സംഘടനയുടെ സ്വഭാവത്തോടെയാണ് മുത്തങ്ങയിൽ ആദിവാസികൾ കുടിൽകെട്ടി പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. വനത്തിനുള്ളിൽ കുടിയേറിയവർ എന്തൊക്കെയാണു ചെയ്യുന്നതെന്ന വിവരം പുറത്തേക്കറിഞ്ഞിരുന്നില്ല.

അമ്പും വില്ലുമായി ആദിവാസി മോഡലിൽ തന്നെ വനഭൂമിയിൽ ചെറുത്തുനിൽക്കുമെന്ന സി.കെ.ജാനുവിന്റെയും ഗീതാനന്ദന്റെയും പ്രസ്താവന സ്ഥിരീകരിക്കാനെന്നവണ്ണം അവർ സ്ഥാപിച്ച ചെക്ക്പോസ്റ്റിൽ പേരിന് ഈ ആയുധമുണ്ടായിരുന്നു. എന്നാൽ സമരത്തിന്റെ ഒരുഘട്ടത്തിലും അമ്പുംവില്ലും പ്രയോഗിച്ചിട്ടില്ലെന്നതു ശ്രദ്ധേയമാണ്.

ബുധനാഴ്ച കുടിയിറക്കൽ ശ്രമം നടന്നപ്പോഴും പേരിന് ഒന്നോ രണ്ടോ പേർ മാത്രമാണ് അമ്പുംവില്ലും കയ്യിലെടുത്തത്. വയനാട്ടിലെ കുറിച്യരും കുറുമരുമാണ് പരമ്പരാഗതമായി അമ്പുംവില്ലും ആയുധമാക്കിയിരുന്നത്. ഈ വിഭാഗത്തിലെ പഴമുറക്കാർ അനുഷ്ഠാനത്തിന്റെ ഭാഗമായി ആണ്ടിൽ ഒന്നോ രണ്ടോ തവണ മാത്രമാണ് അമ്പുംവില്ലുമെടുക്കുന്നത്. കുറിച്യ, കുറുമ വിഭാഗക്കാർ ആരുംതന്നെ ജാനുവിനൊപ്പം മുത്തങ്ങക്കാട്ടിലില്ല.

തെക്കൻ മേഖലയിൽ വേരുറപ്പിക്കാനും വനാന്തരങ്ങളിൽ കേന്ദ്രീകരിക്കാനും അവസരം പാർക്കുകയായിരുന്നു കുറച്ചു കാലമായി പീപ്പിൾസ് വാർ ഗ്രൂപ്പ്. ആദർശപരമായി യോജിക്കാവുന്ന കാരണം കിട്ടിയപ്പോൾ, നൂറുകണക്കിനാളുകൾ പങ്കെടുക്കുന്ന സമരത്തിന്റെ കടിഞ്ഞാൺ കൈപ്പിടിയിലാക്കാനും പി.ഡബ്ല്യു.ജിക്ക് കഴിഞ്ഞു. പൊലീസ് ഓപ്പറേഷൻ ആരംഭിച്ചതു മുതൽ ജാനുവിനും ഗീതാനന്ദനും പകരം നേതൃത്വത്തിലുണ്ടായതും ഈ ഗ്രൂപ്പിൽപ്പെട്ടവരാണെന്നുവേണം കരുതാൻ.

വനംവകുപ്പ് ഉദ്യോഗസ്ഥരെയും പൊലീസിനെയുമൊന്നും ബന്ദിയാക്കാനുള്ള ധൈര്യം വയനാട്ടിലെ ആദിവാസികൾ ഇതുവരെ കാണിച്ചിട്ടില്ല. ആന്ധ്ര മോഡലിലാണ് തിങ്കളാഴ്ചയും കുടിയൊഴിപ്പിക്കൽ നടന്ന ഇന്നലെയും ഉദ്യോഗസ്ഥരടക്കമുള്ളവരെ ബന്ധിയാക്കിയിട്ടുള്ളത്.

സായുധകലാപം വച്ചുപൊറുപ്പിക്കില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം:സർക്കാരിനെയും നിയമവ്യവസ്ഥയെയും ജനങ്ങളെയും വെല്ലുവിളിച്ച് ആദിവാസികൾ നടത്തുന്ന സായുധകലാപം വച്ചു പൊറുപ്പിക്കില്ലെന്നും കർശനമായി നേരിടുമെന്നും മുഖ്യമന്ത്രി എ.കെ.ആന്റണി പറഞ്ഞു. മന്ത്രിസഭായോഗത്തിനുശേഷം പത്രലേഖകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമരത്തിനുപിന്നിൽ മറ്റാരോ ഉണ്ടെന്നും സാധുക്കളായ ആദിവാസികളെവച്ച് അവർ നടത്തുന്ന രഹസ്യ നീക്കങ്ങളുടെ ചുരുളഴിയേണ്ടതുണ്ടെന്നും ആന്റണി പറഞ്ഞു. കലാപത്തിന്റെപിന്നിൽ ആരെന്ന് വിശദാംശങ്ങൾ അറിയാതെ പറയില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ആദിവാസികളെ സഹായിക്കാൻ സർക്കാർ എല്ലാ നടപടിയും സ്വീകരിക്കുമ്പോഴാണ് സായുധ കലാപം. ഇതു ജനാധിപത്യഭരണകൂടത്തിന് അനുവദിക്കാനാവില്ല. ഈ പ്രശ്നത്തിൽ ക്ഷമയുടെ നെല്ലിപ്പലക കാണുന്നതു വരെ പോയിക്കഴിഞ്ഞു.



ആദിവാസികളെ ഒഴിപ്പിക്കാനായി മുത്തങ്ങയിൽ പൊലീസെത്തിയപ്പോൾ

ജാനുവിനെ നയിക്കുന്നത് തീവ്രവാദികൾ: കെ.കെ.രാമചന്ദ്രൻ

കൽപറ്റ: ആദിവാസി ഗോത്രമഹാസഭ നേതാവ് സി.കെ.ജാനുവിനെ നയിക്കുന്നത് തീവ്രവാദികളാണെന്ന് കെ.കെ.രാമചന്ദ്രൻ എം.എൽ.എ ആരോപിച്ചു. ഡി.സി.സി.പ്രസിഡന്റ് പ്രഫ.കെ.പി.തോമസ്, ബ്ലോക്ക് പ്രസിഡന്റ് ഒ.എം.ജോർജ് എന്നിവർക്കൊപ്പം മുത്തങ്ങയിൽ സംഘർഷമുണ്ടായ സ്ഥലത്ത് സന്ദർശിച്ചു മടങ്ങുകയായിരുന്നു എം.എൽ.എ. ജില്ലയ്ക്കും സംസ്ഥാനത്തിനു പുറത്തുള്ളവരാണ് ജാനുവിനോടൊപ്പമുള്ളത്. പൊതുജനങ്ങളിൽ നിന്ന് പണപ്പിരിവ് സ്വീകരിക്കാതെ ജാനുവുനും കൂട്ടർക്കും പ്രവർത്തനത്തിനുള്ള പണം എവിടെ നിന്നു കിട്ടിയെന്ന് അന്വേഷിക്കണം. ആദിവാസികളുടെ ഭൂപ്രശ്നത്തിൽ സർക്കാർ നൂറുശതമാനവും ആത്മാർഥത പാലിച്ചിട്ടുണ്ട്. ആയിരക്കണക്കിന് ഏക്കർ ആദിവാസികൾക്കു വിതരണം ചെയ്തു. 12,000 ഹെക്ടർ സ്ഥലം വനത്തിൽ തന്നെ പതിച്ചു നൽകാൻ തീരുമാനിച്ചതുമാണ്. നടപടി ക്രമങ്ങൾക്ക് കേന്ദ്രസർക്കാറിനോട് അഭ്യർഥന നടത്തുകയും ചെയ്തു. ഇതിനിടെ ആദിവാസികൾ സായുധ സമരവുമായി രംഗത്തെത്തിയത് ശരിയായ മാർഗമല്ലെന്ന് രാമചന്ദ്രൻ ആരോപിച്ചു. പീപ്പിൾ വാർ ഗ്രൂപ്പ് പോലുള്ളവർ സമരത്തിന് പുറകിലുണ്ടോ എന്ന് സംശയിക്കുന്നതായി എം.എൽ.എ പറഞ്ഞു.

ആന്റണി രാജിവയ്ക്കണം: സി.പി.ഐ

കൽപറ്റ: മുത്തങ്ങയിലെ സംഭവങ്ങളുടെ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് സി.പി.ഐ ജില്ലാ എക്സിക്യൂട്ടീവ് ആവശ്യപ്പെട്ടു. ജില്ലയിലെ എം.എൽ.എ മാരും രാജിവയ്ക്കണം. സർക്കാർ തന്നെയാണ് സി.കെ.ജാനുവിന്റെ നേതൃത്വത്തിലുള്ള തീവ്രവാദി പ്രസ്താനങ്ങളെ വളർത്തിക്കൊണ്ടു വന്നത്. ജില്ലാ സെക്രട്ടറി സെക്രട്ടറി ടി.സുരേഷ് ചന്ദ്രൻ അധ്യക്ഷത വഹിച്ചു.

ഉത്തരവാദി സർക്കാർ

കൽപറ്റ: ആദിവാസി ഭൂപ്രശ്നത്തോട് ആന്റണി സർക്കാർ എടുത്ത നിരുത്തരവാദപരമായ സമീപനമാണ് മുത്തങ്ങയിലെ കൂട്ടക്കൊലയിൽ എത്തിച്ചതെന്ന് സി.പി.ഐ(എം.എൽ) റെഡ് ഫ്ളാഗ് ജില്ലാ സെക്രട്ടറി കുന്നേൽ കൃഷ്ണൻ ആരോപിച്ചു. സർക്കാറിന്റെ നിരുത്തരവാദപരമായ സമീപനത്തിന്റെ ഫലമായി ഉണ്ടായ കൂട്ടക്കൊലക്കെതിരെ മുഴുവൻ പുരോഗമന ശക്തികളും പ്രതിഷേധിക്കണം.

മുത്തങ്ങ: വ്യാപക പ്രതിഷേധം

കൽപറ്റ: മുത്തങ്ങയിൽ കുടിൽകെട്ടിയ ആദിവാസികളെ വനംവകുപ്പും പൊലീസും ചേർന്ന് അടിച്ചിറക്കിയതിൽ ആദിവാസി ഐക്യ സമിതി പ്രതിഷേധിച്ചു. വി.ടി.കുമാർ അധ്യക്ഷത വഹിച്ചു. രുഗ്മിണി, അമ്മിണി, ഇ.കെ.ബാലൻ, കൃഷ്ണൻകുട്ടി, ശങ്കുണ്ണി, ശശി പ്രസംഗിച്ചു.

●വാഗ്ദാനം പാലിക്കാത്ത സർക്കാറിനെതിരെ ജനാധിപത്യ രീതിയിലുള്ള സമരങ്ങൾ നടത്തണമെന്ന് വനവാസി വികാസ കേന്ദ്രം സംസ്ഥാന സെക്രട്ടറി കെ.സി.പൈതൽ, പട്ടികജാതി-പട്ടിക വർഗ മോർച്ച സംസ്ഥാന പ്രസിഡന്റ് പള്ളിയറ രാമൻ, ഹിതരക്ഷാ സമിതി ഭാരവാഹികൾ അഡ്വ.അശോകൻ, കൊച്ചങ്കോട് ഗോവിന്ദൻ ആവശ്യപ്പെട്ടു. വനവാസികളെപ്പോലും ബന്ദികളാക്കിയ സി.കെ.ജാനുവും കൂട്ടരും മാപ്പുപറയണം.

●വാഗ്ദാനം ചെയ്യുകയും ഒന്നും നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന സർക്കാറിന്റെ ശൈലിയാണ് മുത്തങ്ങ പ്രശ്നത്തിന്റെ കാരണമെന്ന് ഇൻഫാം ജില്ലാ കമ്മിറ്റി അഭിപ്രായപ്പെട്ടു. വൻകിട കമ്പനിക്കാർ കൈവശം വച്ചിരിക്കുന്ന വനഭൂമി ആദിവാസികൾക്ക് നൽകണമെന്നും ആവശ്യപ്പെട്ടു.

●ഫൊട്ടോഗ്രഫർ സാലി തങ്കപ്പനെ ബന്ദിയാക്കിയതിൽ ഓൾ കേരളാ ഫൊട്ടോഗ്രഫേഴ്സ് അസോസിയേഷൻ പ്രതിഷേധിച്ചു. കെ.കെ.ജേക്കബ് അധ്യക്ഷത വഹിച്ചു. പി.കെ.റോയി, എൻ.രാമാനുജൻ, എ.സി.മൊയ്തു, എ.ജെ.ചാക്കോ, എം.കെ.സോമൻ പ്രസംഗിച്ചു.

●സി.കെ.ജാനുവിന് തീവ്രവാദ പ്രവർത്തനങ്ങൾക്ക് പണവും ആയുധവും നൽകിയ സംഘടനകളെ കുറിച്ച് അന്വേഷിക്കണമെന്ന് യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് പി.ഡി.സജി ആവശ്യപ്പെട്ടു. ജാനുവിനെയും ഗീതാനന്ദനെയും അറസ്റ്റ് ചെയ്യണമെന്നും അവർ ആവശ്യപ്പെട്ടു.

സർവജന സ്കൂളിന് ഇന്ന് അവധി

ബത്തേരി: മുത്തങ്ങയിൽ വനം കയ്യേറിയ ആദിവാസികളെ ഒഴിപ്പിക്കാനെത്തിയ കണ്ണൂർ സായുധ പൊലീസ് സേനക്ക് താമസിക്കാൻ സൗകര്യം ഒരുക്കിയതിനാൽ ഇന്ന് ബത്തേരി സർവജന ഹൈസ്കൂളിന് അവധിയായിരിക്കുമെന്ന് തഹസിൽദാർ എസ്.അബ്ദുൽ അസീസ് അറിയിച്ചു.



മുത്തങ്ങയിൽ പൊലീസ് കണ്ണീർ വാതകം പ്രയോഗിച്ചപ്പോൾ അതിൽ നിന്നു രക്ഷപ്പെടുന്ന ആദിവാസികൾ.

കുടിയൊഴിപ്പിക്കലിന് രണ്ടു ദിവസം മുമ്പേ തയാറെടുപ്പ് തുടങ്ങി

കൽപറ്റ:ഡപ്യൂട്ടി കലക്ടർമാരായ കെ.സി.ഗോപിനാഥ്, പി.വി.ബാലൻ, എം.മോഹൻദാസ്, തഹസിൽദാർ എസ്.അബ്ദുൾ അസീസ്, ഡി.വൈ.എസ്.പിമാരായ കെ.ഉണ്ണി, കെ.പി.സതീശൻ, റേഞ്ച് ഓഫീസർമാരായ സുരേഷ് ബാബു, വിജയൻ, പ്രഭാകരൻ, ശ്രീധരൻ എന്നിവരുടെ നേതൃത്വത്തിലാണ് കുടിയൊഴിപ്പിക്കൽ നടന്നത്.

ചൊവ്വാഴ്ച രാത്രി തന്നെ കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിൽ നിന്നുള്ള പൊലീസിനെ മുത്തങ്ങയിൽ വിന്യസിപ്പിച്ചിരുന്നു.

ഉത്തരമേഖലാ ഡി.ഐ.ജി.ശങ്കർറെഡി, വയനാട് ജില്ലാ കലക്ടർ കെ.ഗോപാലൻ, ജില്ലാ പൊലീസ് സൂപ്രണ്ട് യു.എൻ.നടേശൻ എന്നിവരടക്കം ഉന്നത ഉദ്യോഗസ്ഥരും സ്ഥലത്ത് ക്യാംപ് ചെയ്തിരുന്നു.

ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ സംഘളും ഉണ്ടായിരുന്നു.

പരുക്കേറ്റ പൊലീസുകാർക്ക് നാട്ടുകാരുടെ സഹായം

ബത്തേരി: കുടിയൊഴിപ്പിക്കലിനിടെ പരുക്കേറ്റ പൊലീസുകാരെ സഹായിക്കാൻ താലൂക്ക് ആശുപത്രിയിൽ നാട്ടുകാരുടെ സേവനം.

ഇവർക്ക് ആവശ്യമായ മരുന്നുകവെത്തിക്കാൻ ആശുപത്രി വികസന സമിതി പ്രത്യേക ഫണ്ട് അനുവദിച്ചു.

ബത്തേരി സെന്റ് മേരീസ് കോളജിലെ എൻ.എസ്.എസ് വോളന്റിയർമാർ പരുക്കേറ്റവർക്ക് രക്തം നൽകാൻ ആശുപത്രിയിൽ എത്തിയിരുന്നു.

നാട്ടുകാരെല്ലാം ആദിവാസികൾക്ക് എതിരായിരുന്നു. ഇവർക്കെതിരെ പരസ്മായി പ്രതിഷേധിക്കാനും തയാറായി.

കുറ്റ്യാടിയിൽ 5 കടകളിൽ മോഷണം

കുറ്റ്യാടി: ബവ്റിജസ് കോർപ്പറേഷന്റെ ബ്രാണ്ടി ഷോപ്പ് ഉൾപ്പെടെ അഞ്ചിടത്ത് ചൊവ്വാഴ്ച പുലർച്ചെ മോഷണം നടന്നു.

ഗവ. ആശുപത്രിക്കടുത്ത് സുനിൽകുമാറിന്റെ റോയൽ മെഡിക്കൽസിന്റെ പൂട്ടു പൊളിച്ചു അകത്തു കടന്ന മോഷ്ടാക്കൾ പണം അപഹരിച്ചു. തൊട്ടു മുന്നിലെ കെ. എസ്. മജീദിന്റെ സൂര്യ മെഡിക്കൽസിന്റെ പൂട്ടുപൊളിച്ചെങ്കിലും ഒന്നും നഷ്ടപ്പെട്ടില്ല.

നടുപ്പറമ്പിൽ സുനിലിന്റെ പലചരക്ക് കടയുടെ പൂട്ടും പൊളിച്ചു. പേരാമ്പ്ര റോഡിലെ കെ. പി. അമ്മദിന്റെ സ്റ്റേഷനറിക്കടയുടെ പൂട്ടു പൊളിച്ച് മേശവലിപ്പിലുണ്ടായിരുന്ന 110 രൂപ മോഷ്ടിച്ചു. ബവ്റിജസ് കോർപ്പറേഷന്റെ ബ്രാണ്ടി ഷോപ്പിന്റെ പൂട്ടു പൊളിച്ചെങ്കിലും ഊരത്ത് ക്ഷേത്രത്തിൽ ഉൽസവം കഴിഞ്ഞു മടങ്ങിവരുന്നവരെ കണ്ട് മോഷ്ടാക്കൾ കടന്നുകളഞ്ഞു.

കുറ്റ്യാടിയിലും പരിസരപ്രദേശങ്ങളിലും മോഷണം വർധിച്ചുവരുന്നതായി വ്യാപാരികൾ പരാതിപ്പെട്ടു. ഒരു മാസംമുമ്പ് ടൗണിലെ സിറ്റിമിക്സ് തുണിക്കടയിൽനിന്ന് ഒന്നര ലക്ഷത്തോളം രൂപ മോഷണം പോയിരുന്നു. പൊലീസ് അന്വേഷണം തുടങ്ങിയിട്ടുണ്ട്.

പൂർവ വിദ്യാർഥി സംഘടന

ചക്കിട്ടപ്പാറ: കൊളത്തുവയൽ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ പൂർവ വിദ്യാർഥി സംഘടന രൂപവൽക്കരിച്ചു. പി. ടി. എ. പ്രസിഡന്റ് അഡ്വ. ബേബി എം. സക്കറിയ ആധ്യക്ഷ്യം വഹിച്ചു.

പാൻമസാല നിരോധിച്ച പ്രസിഡന്റുമാരെ കെ.സി.വൈ.എം. ആദരിക്കും

മാനന്തവാടി: ഗ്രാമ പഞ്ചായത്തുകളിൽ പാൻമസാല നിരോധിച്ച പഞ്ചായത്ത് പ്രസിഡന്റുമാരെ കെ.സി.വൈ.എം രൂപതാ കമ്മിറ്റി ആദരിക്കും. കഴിഞ്ഞ ഒരു വർഷമായി കെ.സി.വൈ.എം പാൻമസാലകൾക്കെതിരെയുള്ള സമരങ്ങൾ നടത്തുകയായിരുന്നു. ഇതിനോട് സഹകരിച്ച് വയനാട്ടിലെ 20ഗ്രാമ പഞ്ചായത്തുകളിലും കൽപറ്റ നഗരസഭയിലും പാൻ നിരോധനമുണ്ടായി. ഈ സഹകരണമുള്ളതിനാലാണ് ഇവരെ ആദരിക്കാൻ തീരുമാനിച്ചത്. 22, 23 തിയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്ന നേതൃസംഗമത്തിൽ എൻ.ഡി.അപ്പച്ചൻ എം.എൽ.എ ഇവരെ ആദരിക്കും. ഈ സംഗമത്തിൽ മാർഗരേഖാ പ്രകാശനം രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ഞരളക്കാട്ട് നിർവഹിക്കുമെന്ന് രൂപതാ ഡയറക്ടർ ഫാ.ജെയിംസ് പുത്തൻപറമ്പിൽ, പ്രസിഡന്റ് റെജിമോൻ പുന്നോലിൽ, സെക്രട്ടറി സണ്ണി ചാലിൽ അറിയിച്ചു.

പ്രവേശന പരീക്ഷ എസ്.കെ.എം.ജെ. ഹയർ സെക്കൻഡറി സ്കൂളിൽ

കൽപറ്റ: മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനത്തിനായി പട്ടികജാതി വികസന ഓഫിസിൽ അപേക്ഷ സമർപ്പിച്ച പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾ 22ന് പത്തു മണിക്ക് കൽപറ്റ എസ്.കെ.എം.ജെ.ഹയർ സെക്കൻഡറി സ്കൂളിൽ ഹാജരായി പരീക്ഷ എഴുതണമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫിസർ അറിയിച്ചു.

മതേതര സംരക്ഷണത്തിന് അധ്യാപക കൂട്ടായ്മ അനിവാര്യം

കൽപറ്റ: മതേതര വിദ്യാഭ്യാസത്തിനും മതേതര രാഷ്ട്ര സ്വഭാവത്തിനും ഹാനികരമായ നീക്കത്തിനെതിരെ ശക്തമായ ചെറുത്ത് നിൽപിന് അധ്യാപക സമൂഹവും തയാറാവണമെന്നും കൂട്ടായ്മയിൽ അധ്യാപക പങ്കാളിത്തം അനിവാര്യമാണെന്നും മുസ്ലീം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് പി.കെ.അബൂബക്കർ അഭിപ്രായപ്പെട്ടു.

കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (ജി.എസ്.ടി.യു) ജില്ലാ പ്രതിനിധി സമ്മേളനത്തിൽ വിദ്യാഭ്യാസ സെമിനാറിൽ മതേതര ഭാരതം, മതേതര വിദ്യാഭ്യാസം എന്ന വിഷയമവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ കൗൺസിൽ യോഗത്തിൽ വി.എ.റഷീദ് അധ്യക്ഷത വഹിച്ചു.

കെ.ഹരീഷ്, ജോൺസൺ, ഇ.ടി.ചന്ദ്രദാസ്, എൻ.സി.റംല, പി.യു.സുഹറാബി, കെ.എം.മുഹമ്മദ്, കെ.പി.ഷൗക്കുമാൻ, ഇ.അബ്ദുറഹിമാൻ തുടങ്ങിയവർ പ്രസംഗിച്ചു.

അനുശോചിച്ചു

മാനന്തവാടി: കാശ്മീരിൽ ഏറ്റുമുട്ടലിൽ മരിച്ച ജവാൻ തലച്ചിറ ജിനേഷിന്റെ വിയോഗത്തിൽ എക്സ് സർവീസ് ലീഗ് താലൂക്ക് കമ്മിറ്റി അനുശോചിച്ചു. കെ.രാജശേഖരൻ അധ്യക്ഷത വഹിച്ചു.

ഇന്നത്തെ പരിപാടി

●മാനന്തവാടി താഴെ അങ്ങാടി മുത്തപ്പൻ മഠപ്പുര: തിറ ഉൽസവം. ഗണപതി ഹോമം 7.00, കൊടിയേറ്റം 8.00, കലശം വരവ് 11.00

●ഉദയഗിരി ജി.എൽ.പി.സ് കൂൾ: സഹവാസ ക്യാംപ് 8.30

●കാവുംമന്ദം വില്ലേജ് ഓഫിസ്: തിരിച്ചറിയൽ കാർഡ് വിതരണം 9.00

●നവോദയം എൽ.പി.സ് കൂൾ: സുവർണ ജൂബിലി ആഘോഷം. പതാക ഉയർത്തൽ 9.50, ഉദ്ഘാടനം 10.00, കുട്ടികളുടെ കായിക മൽസരങ്ങൾ 10.30

●അമരക്കുനി സെന്റ് ജൂഡ്സ് തീർഥാടന കേന്ദ്രം: തിരുനാൾ. കുർബാന 10.00, പ്രദക്ഷിണം, നേർച്ച ഭക്ഷണം 12.00

●തലപ്പുഴ പയനിയർ മില്ലു ഹാൾ: തവിഞ്ഞാൽ പഞ്ചായത്ത് പെൻഷനേഴ്സ് യൂണിയൻ ജനറൽ ബോഡി 10.30

●കൽപറ്റ എൻ.ജി.ഒ യൂണിയൻ ഹാൾ: ഹെഡ് ലോഡ് ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ(സി.ഐ.ടി.യു) ജില്ലാ പ്രവർത്തക കൺവൻഷൻ 11.00

●നെല്ലിമാളം ചായക്കട: മേപ്പാടി പഞ്ചായത്തിന്റെ ക്യാംപു ചെയ്തുള്ള നികുതി സ്വീകരിക്കൽ 12.00, ചെമ്പോത്തറ സബ് സെന്ററിനു സമീപം 3.00

●വാളാട് കുരിക്കിലാൽ ഭഗവതി ക്ഷേത്രം: തിറ ഉൽസവം അന്നദാനം 1.00, അർച്ചന 1.00, ആധ്യാത്മിക പ്രഭാഷണം 8.00

●മീനങ്ങാടി വില്ലേജ് എക്സ്റ്റൻഷൻ ഓഫിസ്: ഗ്രാമീണ ഭവന നിർമാണവായ്പാ പദ്ധതി പ്രകാരം സഹായത്തിന് അപേക്ഷിച്ചവർക്ക് ഇന്റർവ്യൂ 2.00

●ബത്തേരി ടിപ്പു സുൽത്താൻ പ്ലെയ്സ്: എസ്.വൈ.എഫ് സിൽവർ ജൂബിലി യോടനുബന്ധിച്ച് സാംസ്കാരിക, ദഅ്വത്ത് സമ്മേളനം 2.00

●കോറോം മദ്രസ ഗ്രൗണ്ട്: ഉത്തര മേഖലാ വോളിബോൾ ടൂർണമെന്റ്. സെമി ഫൈനൽ 4.30

●മാനന്തവാടി കത്തീഡ്രൽ ദേവാലയം: തിരുനാൾ. കുർബാന 5.00

●മേപ്പാടി മാരിയമ്മൻ ക്ഷേത്രം: കുംഭാഭിഷേക ഉൽസവം. സാംസ്കാരിക സമ്മേളനം 7.00, കരകപ്രദക്ഷിണം 8.00

●മുണ്ടേരി ചാരിറ്റബിൾ സൊസൈറ്റി ഓഫിസ്: സൊസൈറ്റി ഡയറക്ടർ ബോർഡ് യോഗം 8.30

നാദാപുരം: നഷ്ടപരിഹാരം രണ്ടാഴ്ചയ്ക്കകം നല്കും

നാദാപുരം: 2001 ജൂണിൽ നാദാപുരം മേഖലയിലുണ്ടായ രാഷ്ട്രീയ കലാപത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് സർക്കാർ അനുവദിച്ച 25 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം രണ്ടാഴ്ചയ്ക്കകം വിതരണം ചെയ്യും.

വ്യാപാരികൾക്കടക്കം സഹായം നൽകാനാണ് തീരുമാനം.ഇൻഷൂറൻസ് ആനുകൂല്യം ലഭിച്ച വീട്ടുകാർക്കോ വ്യാപാരികൾക്കോ മുഖ്യമന്ത്രിയുടെ സഹായനിധിയിൽനിന്നുള്ള ഈ സഹായധനം ലഭിക്കില്ല.

മനോരമ Britelite

ലോകകപ്പ് പ്രവചന മൽസരം



അഞ്ചാം കൂപ്പൺ മത്സരത്തിൽ ജില്ലയിലെ വിജയി; ആർ.എസ്.പ്രവീൺ, സ്വപ്നവിലാസ്, കുപ്പാടി.പി.ഒ, ബത്തേരി.



ചൊവ്വാഴ്ച കൽപറ്റയിൽ ബൈക്കപകടത്തിൽ മരിച്ച അമ്പലവയൽ ആയിരംകൊല്ലി കുട്ടടക്കണ്ടി ഗോപാലൻ.

ആസൂത്രണ സമിതി

കൽപറ്റ: ജില്ലാ ആസൂത്രണ സമിതി യോഗം 26ന് രണ്ട് മണിക്ക് കലക്ടറേറ്റ് ഡി.പി.ഇ.പി ഹാളിൽ ചേരും.

വിവാഹിതരായി

♥വെള്ളമുണ്ട: എട്ടേനാല് ഖാൻവീട്ടിൽ പരേതനായ മൊയ്തുവിന്റെ മകൻ സമീർഖാനും പനമരം കുനിയിൽ ഉസ്മാന്റെ മകൾ താജുന്നിസയും വിവാഹിതരായി.

കൊടി നശിപ്പിച്ചു

നാദാപുരം: കായപ്പനച്ചി വായനശാലയ്ക്കടുത്ത് സ്ഥാപിച്ച മുസ്ലിം ലീഗിന്റെ കൊടിയും പോസ്റ്ററും നശിപ്പിച്ചെന്ന് പരാതി. തോട്ടോളി ശാഖാ ലീഗ് യോഗം പ്രതിഷേധിച്ചു.

കർഷകശ്രീ
അത്യുൽപാദന ശേഷിയുള്ള സി. ഒ. -1യിനം തീറ്റപ്പുല്ലു കടകൾ അസോള, മണ്ണിര വിൽപനയ്ക്ക്.
കേരള അഗ്രോ സൊസൈറ്റി
ബത്തേരി
Reg.No;670/002
Phone:04936-611293
Cell: 9447181293

ബത്തേരി മണ്ഡലത്തിലെ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നു

കൽപറ്റ: ജില്ലയിൽ ബത്തേരി അസംബ്ലി നിയോജക മണ്ഡലത്തിലെ വോട്ടർപട്ടികയിൽ പേരുള്ള തിരിച്ചറിയൽ കാർഡ് എടുക്കാത്ത വോട്ടർമാർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിന് സംവിധാനമേർപ്പെടുത്തി.

തിരിച്ചറിയൽ കാർഡുകൾ എടുത്തിട്ടില്ലാത്ത വോട്ടർമാർക്ക് സൗകര്യപ്രദമായ ഏതെങ്കിലും കേന്ദ്രത്തിൽ ഹാജരായി തിരിച്ചറിയൽ കാർഡുകൾ കൈപ്പറ്റാം. തിരിച്ചറിയൽ കാർഡുകൾ എടുത്തിട്ടില്ലാത്തവരുടെ ലിസ്റ്റ് വില്ലേജ് ഓഫിസുകളിലും താലൂക്ക് ഓഫിസുകളിലും ലഭിക്കും.

തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടും വോട്ടർപട്ടികയിൽ തിരിച്ചറിയൽ കാർഡ് നമ്പർ ചേർക്കാത്തവർ ബന്ധപ്പെട്ട വില്ലേജ് ഓഫിസിലോ താലൂക്ക് ഓഫിസിലോ അസ്സൽ തിരിച്ചറിയൽ കാർഡ് ഹാജരാക്കി കാർഡ് നമ്പർ വോട്ടർ പട്ടികയിൽ ചേർക്കണം.

ഏതെങ്കിലും വോട്ടറുടെ പേര് ഇരട്ടിപ്പായി കാണുന്നുവെങ്കിൽ ഇരട്ടിപ്പായ പേര് നീക്കം ചെയ്യുന്നതിന് താലൂക്ക് തഹസിൽദാർക്ക് അപേക്ഷ സമർപ്പിക്കണം. വോട്ടർപട്ടികയിൽ പേരുള്ള മുഴുവൻ വോട്ടർമാരും തിരിച്ചറിയൽ കാർഡ് കൈപ്പറ്റേണ്ടതാണ്.

തിരിച്ചറിയൽ കാർഡ് എടുത്തിട്ടില്ലാത്തവരുടേയും കാർഡ് നമ്പർ ചേർത്തിട്ടില്ലാത്തവരുടേയും പേരുകൾ വോട്ടർപട്ടികയിൽ നിന്ന് നീക്കം ചെയ്യപ്പെടും.

ആയതിനാൽ തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിനുള്ള ഈ അവസരം ഉപയോഗപ്പെടുത്തി കുറ്റമറ്റ വോട്ടർപട്ടിക തയാറാക്കുന്നതിന് എല്ലാ വോട്ടർമാരുടേയും സഹകരണം ഉണ്ടാകണമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കലക്ടർ കെ.ഗോപാലൻ അഭ്യർഥിച്ചു.

തിരിച്ചറിയൽ കാർഡ് വിതരണ കേന്ദ്രങ്ങളുടെ ലിസ്റ്റ്.

ഇന്ന് വില്ലേജ് ഓഫിസ് പുറക്കാടി, മൈലമ്പാടി, കൊളഗപ്പാറ, നാളെ താഴത്തൂർ ചീരാൽ വില്ലേജ് ഓഫിസ്, 22ന് ചീങ്ങേരി, വില്ലേജ് ഓഫിസ് അമ്പലവയൽ, 23ന് ചേകാടി പാക്കം, 24ന് ചീങ്ങവല്ലം, തോമാട്ടുചാൽ, 25ന് നെല്ലാറച്ചാൽ, പുറ്റാട്, 26ന് പുതാടി വില്ലേജ് ഓഫിസ്, നടവയൽ വില്ലേജ് ഓഫിസ്, മാർച്ച് മൂന്നിന് അമ്പുകുത്തി; ആനപ്പാറ, മാർച്ച് നാലിന് കോളിയാടി പുത്തൻകുന്ന്, മാർച്ച് അഞ്ചിന് വാകേരി, ഇരുളം വില്ലേജ് ഓഫിസ്, മാർച്ച് ആറിന് പുൽപള്ളി വില്ലേജ് ഓഫിസ്, ആടിക്കൊല്ലി മാർച്ച് എട്ടിന് മുള്ളൻകൊല്ലി, പാടിച്ചിറ, വില്ലേജ് ഓഫിസ്, മാർച്ച് 10ന് കാപ്പിസെറ്റ്, മാർച്ച് 11ന് ബീനാച്ചി സർവജന സ്കൂൾ പരിസരം, മാർച്ച് 12ന് ചെതലയം മാർച്ച് 1ന് വില്ലേജ് ഓഫിസ് കിടങ്ങനാട്, മാർച്ച് 18ന് വില്ലേജ് ഓഫിസ് നൂൽപ്പുഴ, മുത്തങ്ങ, മാർച്ച് 19ന് നെന്മേനിക്കുന്ന്, ചെട്ടിയാലത്തൂർ.

വിതരണോദ്ഘാടനം

തിനപുരം: തിനപുരം വയൽ അർച്ചന കുടുംബശ്രീയുടെ സ്വയംതൊഴിൽ സംരംഭമായ അരിപ്പൊടി, കറി പൗഡർ എന്നിവയുടെ വിതരണോദ്ഘാടനം മെംബർ രാധാകുമാരിയുടെ അധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റ് പി.പി.എ.കരീം ഉദ്ഘാടനം ചെയ്തു.

സി.ഡി.എസ് പ്രസിഡന്റ് ഖദീജ ഹുസൈൻ, ലിൻസി വിനോദ്, സുമാ പ്രേമൻ, രാധാകൃഷ്ണൻ, ജുബൈരിയ ഷംസുദ്ദീൻ, റുഖിയ, ആസ്യ, ആയിഷ, കമല എന്നിവർ പ്രസംഗിച്ചു.

പുനഃസ്ഥാപിക്കണം

പുൽപള്ളി: റേഷൻ അരി വിതരണം പുനസ്ഥാപിക്കാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് കേരള കർഷക സംഘം ഏരിയാ കമ്മിറ്റി ആവശ്യപ്പെട്ടു.

ടി.ജെ.ജോയി അധ്യക്ഷത വഹിച്ചു.

എം.ആർ.ജനകൻ, കെ.എൻ.സുബ്രഹ്മണ്യൻ, പി.കെ.മാധവൻ പ്രസംഗിച്ചു.

ഫുട്ബോൾ റഫറി യോഗം

കൽപറ്റ: ജില്ലയിലെ ഫുട്ബോൾ റഫറിമാരുടെ യോഗം 23ന് രണ്ടു മണിക്ക് ജില്ലാ ഫുട്ബോൾ അസോസിയേഷൻ ഓഫിസിൽ ചേരും.

സൗജന്യ നേത്ര ക്യാംപ്

എള്ളുമന്ദം: ജനശക്തി എൻ.ആർ.സി. സ്വാശ്രയസംഘം, കാര്യമ്പാടി കണ്ണാശുപത്രി, ജില്ലാ അന്ധതാ നിവാരണ സമിതി എന്നിവ ചേർന്ന് മാർച്ച് രണ്ടിന് സൗജന്യ നേത്ര പരിശോധനാ ക്യാംപ് നടത്തും.

രാവിലെ പത്തുമണി മുതൽ എള്ളുമന്ദം എ.എൽ.പി.സ്കൂളിലാണ് ക്യാംപ്.

സ്വാശ്രയസംഘം ഭാരവാഹികൾ വശം പേര് റജിസ്റ്റർ ചെയ്യണം.

സിനിമ

കൽപ്പറ്റ: ■ജൈത്ര(DTS) പേശാതെ കണ്ണും പേശുമേ (3 കളി) 11.00: പേയ് ജന്മം 1.00: BAD GIRLS
■മഹാവീർ-(DTS) DUXEDO (10.00, 1.30, 4.30, 7.00)
■വിജയ- ചതുരംഗം (3, 6, 9) മോഹൻലാൽ, നവ്യാ നായർ
■അനന്തവീര- യാത്രക്കാരുടെ ശ്രദ്ധയ്ക്ക് (11.30, 2.30, 6, 9)
കമ്പളക്കാട്: ■ ഉജൈൻ- ഊമപെൺ(2.45,6.30,9.15) ജയസൂര്യ
മാനന്തവാടി: ■മാരുതി-(DTS) ഗുരു (തമിഴ്)(3.00, 6.30, 9.30) 12.30: DIE ANOTHER DAY
■വീണ-ബാംബൂ ബോയ്സ് (11.30, 2.30, 5.30, 8.30)
■ശ്രീലക്ഷ്മി-ആല (3 കളി) N.S: EROTIC
■ജോസ്-(DTS, DOLLBY) രമണ (4 കളി) വിജയകാന്ത്
■സരിഗ-THE REPLICANT (2.30, 6.00, 8.30) N.S : മധുരിക്കുന്ന രാത്രി
പടിഞ്ഞാറത്തറ: ■ഉപാസന-മിന്നാരം (3 കളി) ലാൽ
■വൈശാലി മൂവിസ്- ബാറൂദ് (3 കളി)
ബത്തേരി: ■സീന-(മൾട്ടി ട്രാക്ക്) വിക്രം ധർമ (11.30, 2.30, 6.30)
■മാർബേസിൽ-നന്ദനം (11.30,2.30, 6.30)
■ഐശ്വര്യ A/c- കല്യാണരാമൻ (10.30,1.30,4.30,7.30)
■അതുല്യ A/c- നമ്മൾ (10.30, 1.30, 4.30, 7.30)
■സാഗർ- (DTS) ദൂൾ (4 കളി) വിക്രം, ജ്യോതിക
■മാതാ-എല്ലാം ഉനക്കാകെ (11.00, 2,00, 5.30, 8.30)
കേണിച്ചിറ: ■മുദ്ര-രാജ (2 കളി) അജിത്, ജ്യോതിക
പാടിച്ചിറ: ■പ്രതീക്ഷ-പ്രണയ മണിത്തുവൽ (3 കളി)
മുള്ളൻകൊല്ലി: ■റോസ്മൂവീസ്-താണ്ഡവം (3കളി) ലാൽ
പുൽപള്ളി: ■ജോസ്-ഭഗവതി (തമിഴ്, 3 കളി) വിജയ്
■ബ്ലൂമൂൺ-അഖില (3 കളി) മണി, വാണി
■ഉദയ- ദി ഗാർഡ് (3.00, 6.30, 9.30) മണി

നാടും കാടും നടുങ്ങി

മുത്തങ്ങയിലെ സംഘർഷഭൂമിയിൽ നിന്നുള്ള ദൃശ്യങ്ങൾ



ഒഴിപ്പിക്കാനെത്തിയ പൊലീസുകാരെ തടയാനായി മുത്തങ്ങ തകരപ്പാടിയിൽ കെട്ടിയ കുടിലുകൾക്ക് ആദിവാസികൾ തീവച്ചപ്പോൾ

ചിത്രങ്ങൾ: രാജൻ എം. തോമസ്

ജാനുവും ഗീതാനന്ദനും എവിടെയെന്നു വിവരമില്ല

ബത്തേരി: മുത്തങ്ങയിലെ സമരത്തിന് നേതൃത്വം നൽകുന്ന ആദിവാസി ഗോത്രമഹാസഭ ചെയർപഴ്സൺ സി.കെ.ജാനു, സമര സമതി കൺവീനർ എം.ഗീതാനന്ദൻ എന്നിവരെ കുറിച്ച് വിവരമില്ല. വനം വകുപ്പ് ജീവനക്കാരെ ബന്ദിയാക്കിയ ഞായറാഴ്ച വൈകുന്നേരം മുതൽ ജാനു മുത്തങ്ങയിലുള്ളതായി തെളിവില്ലായിരുന്നു. ഗീതാനന്ദൻ ഞായറാഴ്ചയും തിങ്കളാഴ്ചയും മുത്തങ്ങ സമരഭൂമിയിലുണ്ടായിരുന്നു. എന്നാൽ പൊലീസ് ഓപ്പറേഷൻ ആരംഭിച്ച ഇന്നലെ രാവും പകലും പൊലീസ് തെരച്ചിൽ നടത്തിയിട്ടും ജാനുവിനേക്കുറിച്ചും ഗീതാനന്ദനെ പറ്റിയും വിവരമൊന്നും ലഭിച്ചില്ല. ഇവർ സുരക്ഷിത സങ്കേത്തിലേക്ക് മാറിയതായി പൊലീസ് സംശയിക്കുന്നു. ഇവരെ കണ്ടെത്തുന്നതിനും തെരച്ചിൽ നടത്തുണ്ടെന്ന് പൊലീസ് അധികൃതർ പറഞ്ഞു.

ആദിവാസി വെടിയേറ്റ് മരിക്കാനിടയായ സംഭവങ്ങൾ അരങ്ങേറിയപ്പോൾ നേതൃത്വം കൊടുത്തത് അഞ്ജാതരായ ആളുകളാണെന്ന് സംശയിക്കുന്നു. പൊലീസിനെ ഏതുവിധേനയും നേരിടാൻ പരിജ്ഞാനമുള്ളവർ സമരഭൂമയിലെ ഒളിസങ്കേതങ്ങളിൽ ഉണ്ടായിരുന്നു. ഇവർ ആരൊക്കെയാണെന്ന് തിരിച്ചറിഞ്ഞിട്ടില്ലെന്നും പൊലീസ് പറഞ്ഞു.



വനത്തിൽ ബന്ദികളെ പാർപ്പിച്ചിരുന്ന പൊൻകുഴിയിലെ കുടിൽ. പരുക്കേറ്റ ആദിവാസികളും ഇവിടെയാണ്.



മുത്തങ്ങ തകരപ്പാടിയിൽ വനഭൂമി കയ്യേറി കുടിൽ കെട്ടിയ ആദിവാസികളെ വനിതാപൊലീസ് പിടികൂടിയപ്പോൾ

ഒഴിപ്പിക്കൽ നീക്കം തുടക്കത്തിലേ പാളി

ബത്തേരി: മുത്തങ്ങയിൽ ആദിവാസികൾ കയ്യേറിയ പ്രദേശം ഒഴിപ്പിക്കാൻ എത്തിയ ഫോറസ്റ്റ്-പൊലീസ് സംഘത്തിന്റെ നീക്കം തുടക്കത്തിലേ പാളി.

രാവിലെ തകരപ്പാടിയിൽ നിലയുറപ്പിച്ച് നീക്കങ്ങളെക്കുറിച്ചുള്ള വിശദീകരണം കഴിഞ്ഞ് കാട്ടിലേക്ക് പോകാനായിരുന്നു തീരുമാനം. എന്നാൽ പൊലീസുകാരുമായി പുറപ്പെട്ട ആദ്യ വാഹന സംഘം തകരപ്പാടിയെന്ന സ്ഥലമറിയാതെ കർണാടക അതിർത്തിയിലേക്കാണ് പോയത്. പിന്നീട് വീണ്ടും തിരിച്ചു തകരപ്പാടിയിലേക്ക് വരികയായിരുന്നു. ഇതു നീക്കം വൈകാനിടയാക്കി.

ആദിവാസികളെ വളഞ്ഞുവച്ച് പിടികൂടാൻ അവസരങ്ങൾ വന്നിട്ടും അത് വേണ്ടപോലെ ഉപയോഗപ്പെടുത്തിയില്ല. സംഘം ചേർന്ന് നിന്ന് ആദിവാസികളെ കീഴ്പ്പെടുത്താൻ അവസരം കിട്ടിയതാണ്.

സംയുക്ത സേന ഒരേ വഴിയിലൂടെ മുന്നേറിയത് ആദിവാസികൾക്കു ഒഴിയാനും ആക്രമണം നടത്താനും പഴുതു നൽകി.



പൊലീസ് നടപടിയിൽ പരുക്കേറ്റു കിടക്കുന്ന ആദിവാസിസ്ത്രീയും പുരുഷനും



മുത്തങ്ങ തകരപ്പാടിയിൽ ആദിവാസികൾ കയ്യേറിയ സ്ഥലം ഒഴിപ്പിക്കാൻ മുന്നേറുന്ന പൊലീസ് സേന

ഇനി 2 ദിവസം മാത്രം (ഇന്നും നാളെയും)

ഭാരതീയ സിൽക് ഉദ്യോഗ് തങ്ങളുടെ ബാക്കിയുള്ള സിൽക്ക് സാരികൾ ബാംഗ്ളൂരിലേക്ക് തിരിച്ചയക്കേണ്ടെന്ന് തീരുമാനിക്കുകയും മുഴുവൻ സ്റ്റോക്കുകളും കോഴിക്കോടു തന്നെ വിറ്റ് തീർക്കാനും തീരുമാനിച്ചു.

ഈ വർഷം ഭാരതീയ സിൽക് ഉദ്യോഗ്

കോടികളുടെ സാമ്പത്തികനഷ്ടം അഭിമുഖീകരിക്കുന്നു.

കച്ചവടത്തിന്റെ സാമ്പത്തിക നഷ്ടത്തിന്റെ പ്രധാന കാരണം നെയ്ത്തുകാരും കച്ചവടക്കാരും തമ്മിലുള്ള കടം കൊടുക്കുന്നതിനെ കുറിച്ചുള്ള തർക്കമാണ്.

നെയ്ത്തുകാർ കടം നൽകാൻ തയ്യാറല്ല. കച്ചവടക്കാർ മുഴുവൻ തുക നൽകി എടുക്കുവാനും തയ്യാറല്ല.

ഇത് കാരണം നെയ്ത്തുകാർ കോഴിക്കോട് (കേരളം) പൊതുജനങ്ങൾക്കായി നേരിട്ട് വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

10,000 ത്തിൽപ്പരം ഡിസൈനുകളിൽ സിൽക് സാരികൾ നെയ്ത്തുകാരുടെ പക്കലുണ്ട്.

ഏത് സിൽക് സാരിക്കും 365/- രൂപ മാത്രം

ഈ സാരികൾ ഈ വിൽപ്പനക്ക് മുമ്പ് ആയിരം രൂപയ്ക്കും മൂവായിരം രൂപയ്ക്കും ഇടക്ക് വിറ്റവയാണ് പക്ഷെ ഇന്ന് ഈ സാരികളെല്ലാം 365 രൂപ മാത്രം

ലേഡീസ് ഡ്രസ്സ് മെറ്റീരിയലുകൾ ദുപ്പട്ടയോട് കൂടി 200 രൂപ മാത്രം

നെയ്ത്തുകാരുടെ ഈ വിൽപ്പന കോഴിക്കോട് 2 ദിവസം മാത്രം

ഫെബ്രുവരി 20 & 21, വിൽപ്പന സമയം: 10മണി മുതൽ രാത്രി 8 മണി വരെ.

സ്ഥലം: **ഹോട്ടൽ താജ് റെസിഡൻസി** പി.ടി. ഉഷാ റോഡ്, കോഴിക്കോട്

ഈ വിൽപ്പനയിൽ കരവിരുതോടു കൂടിയ സിൽക്ക് സാരികൾ ലഭ്യമാണ്. ഈ സാരികൾ ആഴ്ചകളുടെ പ്രയത്നത്തിന്റെ ഫലമായി നെയ്ത്തുകാർ നെയ്തെടുത്തതാണ്. ഇതിന്റെ വിലയും ഈ വിൽപ്പനയിൽ 365 രൂപ മാത്രം.

DEALERS WANTED

MICROTEK DIGITAL INVERTER with World Class Technology

2 YEARS WARRANTY

INTELLICHARGE PULSE TECHNOLOGY
Gives 70% more Battery Life
CCRC TECHNOLOGY
Saves upto 70% on Electricity
DURA RETAIN TECHNOLOGY
Gives Longer Backup
Models Available
500 VA to 5 KVA



Trolley Free

Distributors:-
Calicut/Wynad : CATCO, 4/229, A G Road, Calicut-32. Ph.: 2767540,
Trichur: Mattathil Agencies, Kuruppam Road, Trichur-1. Ph.: 2421586.



ഒരു നേയ്ക്കർ വാഷ് ബേസിൻ വാങ്ങി ബാത്ത്റൂം ഉൽപന്നങ്ങൾ സൗജന്യമായി നേടുക*

Neycer

ഹൗസ് ഓഫ് SPARTEK ൽ നിന്നും.

വേനമാകട്ടെ! 'ആനുകൂല്യം 2003 മാർച്ച് 31 വരെ. ആനുകൂല്യം തിരഞ്ഞെടുക്കപ്പെട്ട ഉൽപന്നങ്ങൾക്കു മാത്രം.

ഡീലർമാരെ ആവശ്യമുണ്ട്

ബെൻസി ഫുഡ് & ബീവറേജസിന്റെ ഉൽപന്നങ്ങൾ (Coconut Oil) വിൽപനയ്ക്ക് സംസ്ഥാനത്തുടനീളം ഡീലർമാരെ ആവശ്യമുണ്ട്.

ബെൻസി ഫുഡ് & ബിവറേജസ്

നിയർ ബെൻസി പെട്രോളിയം, ചന്തപ്പടി, പൊന്നാനി.
Pin: 679 577

സംഘർഷത്തിന്റെ കരിനിഴലിൽനിന്ന് മുത്തങ്ങ മുക്തമാവുന്നില്ല



ആദിവാസികളുടെ വെട്ടേറ്റ പൊലീസുകാരനെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നു.

ചിത്രങ്ങൾ- മനോരമ

ബത്തേരി: വനം വകുപ്പ് ഉദ്യോഗസ്ഥരും ഫൊട്ടോഗ്രാഫറുമടക്കം 21 പേരെ തിങ്കളാഴ്ച ബന്ദിയാക്കിയതു മുതൽ മുത്തങ്ങയിലും പരിസരത്തും ഉണ്ടായ സംഘാർഷാവസ്ഥക്ക് ഇനിയും അയവായില്ല.

തിങ്കളാഴ്ച രാത്രിയോടെ തന്നെ വന്യജീവി സങ്കേതത്തിൽ നിന്ന് ആദിവാസികളെ കുടിയൊഴിപ്പിക്കാൻ പൊലീസ് ബലപ്രയോഗം നടത്തുമെന്ന അഭ്യൂഹം ഉണ്ടായിരുന്നു.

വയനാടിന് പുറമെ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നിന്നുള്ള പൊലീസുകാരും വനം വകുപ്പ് ഉദ്യോഗസ്ഥരും തിങ്കളാഴ്ച വൈകുന്നേരം തന്നെ ഇവിടെ കേന്ദ്രീകരിച്ചിരുന്നു.

ബന്ദികളായി പിടികൂടിയവരെ ദേഹോപദ്രവം ഏൽപ്പിച്ചത് വനം വകുപ്പിനെ പ്രകോപിപ്പിച്ചിരുന്നു. ഒന്നരമാസമായി വന്യജീവിസങ്കേതത്തിൽ കുടിൽകെട്ടി താമസിപ്പിക്കുന്നവരെ ഒഴിപ്പിക്കാൻ ബന്ദിനാടകത്തോടെയാണ് സർക്കാർ തലത്തിൽ തീരുമാനമായത്. ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു സേനാനീക്കം.

മുത്തങ്ങയിൽ എത്തിയ സേനാംഗങ്ങൾക്ക് പക്ഷെ വനത്തിന്റെ ഭൂമിശാസ്ത്രം വ്യക്തമായിരുന്നില്ല. ഇന്നലെ രാവിലെ ഓപ്പറേഷൻ തുടങ്ങിയപ്പോൾ തന്നെ ഇത് വ്യക്തമാവുകയും ചെയ്തു. ദേശീപാതയിൽ തകരപ്പാടിയിലേക്ക് ഏറ്റവും മുന്നലയച്ച വാഹനം ലക്ഷ്യസ്ഥാനവും കടന്ന് കർണാടക അതിർത്തിവരെയെത്തിയത് ഇതിന് തെളിവാണ്. അതിവേഗത്തിൽ തങ്ങളുടെ പാളിച്ചകൾ തിരിച്ചറിഞ്ഞ് പൊലീസ് തിരുത്തി. എങ്കിലും പൊലീസിന്റെ ഭാഗത്തുനിന്നുള്ള പാളിച്ച തിരിച്ചറിഞ്ഞാണ് തുടക്കത്തിൽ ആദിവാസികൾ പ്രതിരോധിച്ചത്.

സ്ഥലപരിചയമില്ലാത്ത വനത്തിൽ അവർ കുടിലുകൾക്ക് തീവെച്ച് പുകയുണ്ടാക്കി പൊലീസിനെ വഴിതെറ്റിക്കാനായിരുന്നു ആദ്യം ശ്രമിച്ചത്. ഉച്ചയ്ക്ക് മുൻപ് തന്നെ ശരിയായ ദിശയിലേക്ക് പൊലീസ് കാര്യങ്ങൾ നീക്കി. പൊലീസുകാരനേയും ഫോറസ്റ്റുകാരനേയും ബന്ദിയാക്കി പിടിച്ചതോടെ ഓപ്പറേഷൻ നിർത്തിവെച്ചതും ബുദ്ധിപൂർവമായിത്തന്നെയായിരുന്നു. അടുത്ത നീക്കം സമർഥവും പഴുതുകളില്ലാത്തതുമായിരുന്നു.



പൊലീസ് വെടിവയ്പിൽ കാലിനു പരുക്കേറ്റ ആദിവാസി വേലായുധൻ.

വനത്തിൽ ആദിവാസികൾ കുഴിച്ച കുഴി പൊലീസിന് വിനയായി

ബത്തേരി: വനത്തിനകത്ത് ആദിവാസികൾ കുഴിച്ച കുഴികൾ പൊലീസിന് പലപ്പോഴും വിനയായി. പത്തടി നീളത്തിലും രണ്ടടി വീതിയിലുമായി കുഴികളുണ്ടാക്കി അതിന് മുകളിൽ ചപ്പുചവറുകൾ നിരത്തിയാണ് ചതിയൊരുക്കിയിരുന്നത്. മുന്നോട്ടു കുതിച്ച പൊലീസുകാരും വനപാലകരും ഈ കുഴിയിൽവീണു. ഇങ്ങിനെ കുഴിയിൽ വീണതക്കം നോക്കിയാണ് രണ്ടുപേരെ പടികൂടി ആദിവാസികൾ ബന്ദിയാക്കിയതത്രെ. പരുക്കേറ്റ പൊലീസുകാരെ വനത്തിനകത്തു നിന്ന് പുറത്തേക്ക് കൊണ്ടുപോവുന്നതിലും ഈ കുഴികൾ ഏറെ തടസം സൃഷ്ടിച്ചു. ആന്ധ്ര വനങ്ങളിൽ പീപ്പിൾസ് വാർഗ്രൂപ്പും ഇതേ രീതിയിലുള്ള ചതിക്കുഴികളുണ്ടാക്കുക പതിവാണ്.

കാനനപാതകളിലെല്ലാം വനത്തിലെ മുള്ളുവെട്ടിയിട്ട് ആദിവാസികൾ അടച്ചതും സേനയുടെ കുതിപ്പിന് തടസമായി.



ആക്രമണത്തിൽ പരുക്കേറ്റ പൊലീസുകാരൻ വിനോദ്കുമാർ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ



പൊലീസ് വെടിവയ്പിനിടെ പരുക്കേറ്റ ആദിവാസി വെള്ളി

സേനാ നീക്കം ഭീതിപരത്തി

ബത്തേരി: ആദിവാസികൾ ബന്ദിയാക്കിയ പൊലീസുകാരനേയും ഫോറസ്റ്ററേയും രക്ഷിക്കാൻ സംയുക്തസേന നടത്തിയ ദ്രുതഗതിയിലുള്ള മുന്നേറ്റം കാട്ടിൽ ഭീതിപരത്തി. ഇവരെ ബന്ദിയാക്കിയപ്പോൾ രക്ഷപ്പെട്ടെന്ന കരുതിയ ആദിവാസികൾക്ക് നേരെ വെടിവെയ്പ് തികച്ചും അപ്രതീക്ഷിതമായിരുന്നു. ബന്ദികളാക്കിയവരെ രക്ഷിക്കാൻ സേന കാട്ടിലേക്ക് നീങ്ങിയ ഉടൻ പുറമെയ്ക്ക് വെടിയൊച്ച മുഴങ്ങി. തകരപ്പാടി മുതൽ പൊൻകുഴി വരെയുള്ള റോഡിൽ നാട്ടുകാരും പൊലീസും നിലയുറപ്പിച്ചിരുന്നു. പരുക്കേറ്റവരെ ഒന്നിന് പുറകെ ഒന്നായി കാട്ടിൽ നിന്ന് കൊണ്ടുവരുന്നത് കാണാമായിരുന്നു. കാട്ടിൽ നിന്ന് പലപ്പോഴും സ്ത്രീകളുടേയും കുട്ടികളുടേയും കൂട്ട നിലവിളിയും മുഴങ്ങി.



ആക്രമണത്തിൽ പരുക്കേറ്റ പൊലീസുകാരൻ അബ്ദുൽസലാം കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ

വിനോദിന്റെ മരണത്തിൽ വിറങ്ങലിച്ച് പാറക്കാടി

ശ്രീകണ്ഠപുരം: മുത്തങ്ങയിൽ ആദിവാസികളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പൊലീസ് കോൺസ്റ്റബിൾ വിനോദിന്റെ മരണവാർത്തയറിഞ്ഞ് വിറങ്ങലിച്ചു നിൽക്കുകയാണു പാറക്കാടി ഗ്രാമം. കൊയ്യം ഗവ.ഹൈസ്കൂളിനടുത്തുള്ള പാറക്കാടി ഗ്രാമത്തിൽ ഇന്നലെ രാത്രി ആദ്യം എത്തിയ വിവരം വിനോദിന് വയനാട്ടിൽ വച്ച് വെട്ടേറ്റുവെന്നാണ്. ജ്യേഷ്ഠൻ ബാബു വിശദവിവരമറിയുവാനായി ഒരുപാടു സ്ഥലങ്ങളിൽ വിളിച്ചുവെങ്കിലും ഫലം ഉണ്ടായില്ല. പൊലീസുകാർ വീട്ടിൽ വിവരമറിയിച്ചതും വെട്ടേറ്റുവെന്നു മാത്രമായിരുന്നു. തെയ്യം കലാകാരനായ കെ.വി.കുഞ്ഞിരാമപെരുവണ്ണാന്റെയും നാരായണിയുടെയും മൂന്നു മക്കളിൽ ഇളയവനായ വിനോദ് പൊലീസിൽ ചേർന്നത് മൂന്നു വർഷം മുൻപാണ്. സഹോദരൻ കെ.വി.ബാബു തളിപ്പറമ്പിനടുത്ത് അധ്യാപകനാണ്.

ഏക സഹോദരി രമണി ഐ.സി.ഡി.എസ്.ജീവനക്കാരിയാണ്. അവിവാഹിതനാണ് വിനോദ്. വിനോദിന്റെ മരണവാർത്ത രാത്രി വൈകിവരെ വീട്ടുകാർ അറിഞ്ഞിട്ടില്ല. എന്നാൽ, പുറത്തുനിന്നു വിവരം അറിഞ്ഞ് ബന്ധുക്കളും സുഹൃത്തുക്കളും രാത്രി തന്നെ നാട്ടിൽ എത്തിയിട്ടുണ്ട്. ബി.എ.ജയിച്ചതിനു ശേഷം എച്ച്.ഡി.സി.കഴിഞ്ഞ വിനോദ് കുറേക്കാലം ശ്രീകണ്ഠപുരത്ത് സ്വകാര്യ ചിട്ടികമ്പനിയിൽ കലക്ഷൻ ഏജന്റായി ജോലി ചെയ്തിരുന്നു. ഇതിനിടയിലാണു പൊലീസിൽ ജോലി കിട്ടിയത്. മൂന്നു ദിവസം മുൻപ് നാട്ടിൽ വന്നിരുന്നു.



പരുക്കേറ്റ് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ കഴിയുന്ന ഫോറസ്റ്റർ പി.കെ. ശശീന്ദ്രൻ



പരുക്കേറ്റ് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ കഴിയുന്ന ആദിവാസി സോമൻ

ഫൊട്ടോഗ്രഫർമാർക്ക് മർദനം, പത്രലേഖകരെ ഭീഷണിപ്പെടുത്തി

ബത്തേരി: മുത്തങ്ങയിലെ കുടിയിറക്ക് റിപ്പോർട്ട് ചെയ്യാനെത്തിയ പത്രലേഖകരേയും ഫൊട്ടോഗ്രാഫർമാരേയും പൊലീസ് പീഡിപ്പിച്ചു. ഫൊട്ടോഗ്രാഫർമാരായ ബിജോയി, ഷാജി എന്നിവരെ മർദ്ദിച്ചു. ഇവരുടെ ക്യാമറ നശിപ്പിച്ചു.

ആദിവാസികൾ വെട്ടിപ്പുരക്കൽ പ്പിച്ച പൊലീസുകാരനെ തോളിലേറ്റി വനത്തിലൂടെ എളുപ്പ വഴിക്ക് മെയിൻ റോഡിലേക്ക് എത്തിച്ചത് പത്രലേഖകരും ഫൊട്ടോഗ്രാഫർമാരുമാണ്. ഇതിന് ശേഷമായിരുന്നു പൊലീസിന്റെ വക പീഡനം.

രണ്ടാം ഘട്ട ഓപ്പറേഷൻ തുടങ്ങും മൻപ് ആദിവാസികൾ ബന്ദിയാക്കിയ പൊലീസുകാരനേയും ഫോറസ്റ്ററേയും കാണാൻ പത്രലേഖകരും ഫൊട്ടോഗ്രാഫർമാരും കൂട്ടത്തോടെ പോയി. ഒരോരുത്തരെയായാണ് കാവൽ നിന്ന് ആദിവാസികൾ ഇവരെ കെട്ടിയിട്ട ഷെഡിലേക്ക് കടത്തി വിട്ടത്. പത്രലേഖകരോട് എന്തെങ്കിലും സംസാരിക്കാൻ ബന്ദികളെ ആദിവാസികൾ അനുവദിച്ചില്ല. പൊലീസുകാരൻ വിനോദും ഫോറസ്റ്റർ ശശിധരനും അവശനിലയിലായിരുന്നു.

പത്രക്കാരെല്ലാം മടങ്ങി റോഡിനടുത്തേക്ക് എത്തുമ്പോഴായിരുന്നു പൊലീന്റെ രണ്ടാംഘട്ട ഓപ്പറേഷൻ. ഇത് നിരീക്ഷിക്കാൻ പത്രലേഖകർ വീണ്ടും വനത്തിലേക്കോടി. ഷെഡിനടുത്തെത്തിയപ്പോഴേക്കും 200 ഓളം പൊലീസുകാർ ഷെഡ് അർധചന്ദ്രാകൃതിയിൽവളഞ്ഞു. ഒപ്പം വെടിവെയ്പും ആരംഭിച്ചു.

വെടിവെച്ചുകൊണ്ടാണ് ആദിവാസികൾക്ക് നേരെ പൊലീസ് പാഞ്ഞടുത്തത്. കുറച്ചുപേർ ഓടിരക്ഷപ്പെട്ടു.

ആദിവാസികളെന്നോ സംഭവം റിപ്പോർട്ട് ചെയ്യാനെത്തിയ പത്രക്കാരെന്നോ വ്യത്യാസമില്ലാതെയായിരുന്നു പിന്നീട് പൊലീസിന്റെ പെരുമാറ്റം.

കണ്ണിൽകണ്ടവരെയെല്ലാം തല്ലി. അതേസമയം പത്രലേഖകരേയോ ഫൊട്ടോഗ്രാഫർമാരെയോ പൊലീസ് മർദിച്ചിട്ടില്ലെന്ന് ഡി.ഐ.ജി.ശങ്കർറെഡി അറിയിച്ചു. സ്ഥിതിഗതികൾ വഷളാകുന്നത് കണ്ട് സംഭവ സ്ഥത്തുനിന്ന് മാറിനിൽക്കാൻ ആവശ്യപ്പെടുക മാത്രമാണ് ചെയ്തത്. ക്യാമറ നശിപ്പിച്ചതും കസറ്റ് കൈവശപ്പെടുത്തിയതുമായ സംഭവങ്ങൾ താൻ അറിഞ്ഞിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. പത്രപ്രവർത്തകർക്കും ഫൊട്ടോഗ്രാഫർമാർക്കും നേരെയുണ്ടായ അക്രമത്തിൽ വയനാട് പ്രസ് ക്ലബ്ബ് പ്രതിഷേധിച്ചു. കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

ടിവി/റേഡിയോ

ഡി.ഡി.1

05.25 .. വന്ദേമാതരം
05.30 .. യു.ജി.സി. പരിപാടി
06.05 .. ഇഗ്നൗ
08.00 .. ലോകകപ്പ് ക്രിക്കറ്റ്- ഹൈലൈറ്റ്സ്
09.02 .. സുബഹ് സവാരെ
09.30 .. നിശാൻ
10.30 .. ഇ ടിവി പരിപാടി
11.00 .. പാർലമെന്റ് ലൈവ്
12.02 .. കാംയാബി സിന്ദഗി കി
12.30 .. ഘർ സൻസാർ
01.02 .. ഷിക് വാ
01.30 .. തലാഖ് ക്യോം
03.02 .. ആർതി
03.30 .. കുട്ടികൾക്കുള്ള പരമ്പര
05.02 .. ഈവ്നിങ് ലൈവ് ഷോ
06.02 .. ലളിതസംഗീതം
09.30 .. ശായദ് തും
10.00 .. ആംഖേ
10.30 .. ശാലഖോം കേ പീഛേ
11.30 .. ഏർത്ത് മാറ്റേഴ്സ്
12.30 .. ഘർ സൻസാർ

ഡി.ഡി.2

06.30 .. ഭക്തിസാഗർ
07.00 .. സുർ സരോവർ
07.30 .. ഗുഡ് മോണിങ് മെട്രോ
08.00 .. ഝംകാർ
09.00 .. പ്ലാസ്റ്റ് ഇന്ത്യ
09.30 .. ലോകകപ്പ് ക്രിക്കറ്റ് ഹൈലൈറ്റ്സ്
04.30 .. പപ്പാ ബീവേഴ്സ് സ്റ്റോറി ടൈം
05.00 .. ഡക്ക് ടെയ്ൽസ്
05.30 .. ഹെർക്കുലീസ്
06.00 .. ഫസ്റ്റ് എമങ് ഈക്വൽസ്
06.30 .. കരിയർ ബാത്തേം
07.00 .. ഇധർ കമൽ ഉധർ കമൽ
07.30 .. ഖബരേം ബോളിവുഡ് കി
07.55 .. ആംഖാം ദേഖീ
08.00 .. ഹലോ ഇൻസ്പെക്ടർ
08.30 .. കുന്തി
09.00 .. ഭൂമി
10.00 .. ഭവാനി
10.30 .. റൊസാന
11.00 .. വൺ കൃബ്ഡ്
11.30 .. ടിവി ബ്രാൻഡ്സ്
12.30 .. സെവന്റി ടു അവേഴ്സ്
02.00 .. ആർതി
02.30 .. നശു കി തൗബ
03.00 .. ബാജേ പായൽ

ഡി.ഡി. സ്പോർട്സ്

06.00 .. ഗോൾഫ് വേൾഡ്
07.00 .. സഹജ് സാസ്ഥ്യ
07.30 .. ഫിറ്റ്നസ് ഫസ്റ്റ്
08.00 .. ഗോൾഡൻ മൊമെന്റ് ഓഫ് ഒളിംപിക്സ്
08.30 .. ഹൈ ആക്ഷൻ
09.00 .. വോളിബോൾ
11.00 .. ടേബിൾ ടെന്നീസ്
12.00 .. ജൂനിയർ മെൻസ് സ്കാഷ്
01.30 .. ഏഷ്യൻ ഗെയിംസ്
02.00 .. ഓൾ ഇന്ത്യ പൊലീസ് ഗെയിംസ്
03.00 .. മാസ്റ്റേഴ്സ് ഓഫ് ദ് ഗെയിം
04.00 .. ജവാഹർലാൽ നെഹ്റു ഹോക്കി
06.00 .. സീനിയർ നാഷനൽ ഇന്റർ സ്റ്റേറ്റ് ടേബിൾ ടെന്നീസ്

ഡി.ഡി. കേരളം

10.30 .. സിയറ്റ്
02.31 .. ഡിറ്റക്ടീവ് ആനന്ദ്
03.00 .. അങ്ങാടിപ്പാട്ട്
03.25 .. വലയം
03.50 .. ജ്വാല
04.15 .. ചന്ദ്രോദയം
05.02 .. സംവാദം
05.30 .. അപരാജിത
06.00 .. ഡി.ഡി. മെഗാഷോ
06.25 .. എഴുതാപ്പുറങ്ങൾ
06.50 .. നിയമസഭാവാർത്തകൾ
07.15 .. വസന്തം
07.30 .. ആനന്ദഭൈരവി

ഡി.ഡി. മലയാളം

06.00 .. ശാസ്ത്രീയസംഗീതം
06.30 .. സിയറ്റ് പരിപാടി
07.00 .. എന്റെ ഗ്രാമം
07.15 .. ഗ്രാമീണ ഭാരതം
07.40 .. ധിം തരികിട തോം
08.30 .. സമസ്യ സമയം
09.00 .. ഫ്ളാഷ് ബാക്ക്
09.30 .. മയിൽപ്പീലി
10.00 .. ടിവി ബ്രാൻഡ്
11.00 .. സിനിമ: മർമരം
08.00 .. ചതുരംഗം
08.50 .. ക്യാംപസ് ഷോ
09.15 .. പൂക്കുട
10.00 .. യുവോൽസവം
10.30 .. സിനിമ: മൈനാകം

കേബിൾ ടിവി

ഏഷ്യാനെറ്റ്

05.30 .. നാദമാധുരി
06.00 .. രാഗമാലിക
06.30 .. യുവർ ചോയ്സ്
08.30 .. കാണാമറയത്ത്
09.00 .. പാട്ടുപെട്ടി
09.30 .. മാസ്റ്റർ ചെഫ്
10.00 .. സപ്തസ്വരങ്ങൾ
10.30 .. പുതിയ ഗീതങ്ങൾ
11.00 .. സപത്നി
11.30 .. ടെലിബ്രാൻഡ്സ് ഷോ
12.00 .. സിനിമ: ഈറൻസന്ധ്യ
03.00 .. വാൽക്കണ്ണാടി
04.00 .. ഹാർട്ട്ബീറ്റ്സ്
04.30 .. ഹലോ കിഡ്സ്
05.05 .. ലിറ്റിൽ മാസ്റ്റേഴ്സ്
05.30 .. ദിൽസേ
06.00 .. ഫിലിമി തമാശ
06.30 .. സീതാലക്ഷ്മി
07.00 .. സ്നേഹദൂരം
07.30 .. സ്ത്രീ
08.00 .. സ്വപ്നം
08.30 .. ശംഖുപുഷ്പം
09.00 .. ഇടവഴിയിലെ പൂച്ച മിണ്ടാപ്പൂച്ച
09.30 .. സ്വന്തം
10.00 .. കോമഡി ഷോ
11.00 .. മുൻഷി
11.05 .. നോ കമന്റ്സ് പ്ലീസ്
11.40 .. കോമിക്കോള
12.00 .. സിനിമ: പരമ്പര
04.00 .. വാൽക്കണ്ണാടി

അലാസ്ക

എച്ച്.ബി.ഒയിൽ രാത്രി 09.30ന്



അപകടം നിറഞ്ഞ നദികളും മഞ്ഞുമലകളും കൊടുമുടികളുമുള്ള അലാസ്കയിലെ ജെയ്ക് എന്ന പൈലറ്റിന്റെ കഥ. ഭാര്യയുടെ അകാല മരണത്തോടെ ജെയ്ക് കുട്ടികളെയും കൊണ്ട് നാട്ടിൻപുറത്തേക്കു പലായനം ചെയ്യുന്നു. പുറംലോകവുമായി ബന്ധപ്പെടാതെ അവിടെ കഴിയുന്നതിനിടെ അദ്ദേഹം പറത്തുന്ന വിമാനം മഞ്ഞുമൂടിയ മലനിരകളിൽ തകർന്നു വീഴുന്നു. ഹതാശരായ കുട്ടികൾ, ഓമനിച്ചു വളർത്തുന്ന മഞ്ഞുകരടിയുടെ സഹായത്തോടെ അച്ഛനെ രക്ഷിക്കാൻ പുറപ്പെടുന്നു. അവരെ വകവരുത്താൻ ക്രൂരനായ ഒരു വേട്ടക്കാരനും.

അഭിനേതാക്കൾ: ഡിർക് ബെനെഡിക്ട്, ചാർട്ടൻ ഹെസ്റ്റൺ

ഏഷ്യാനെറ്റ് ഗ്ലോബൽ

06.00 .. മഴവില്ല്
06.30 .. 07.00 .. ജില്ലകളിലൂടെ
07.00 .. മേളപ്രപഞ്ചം
08.15 .. ബ്രേക്ക്ഫാസ്റ്റ് ഷോ
09.05 .. ചർച്ച
09.30 .. എന്റെ കേരളം
10.05 .. ലൈഫ്സ്റ്റൈൽ
10.30 .. 01.30 .. ടെലിബ്രാൻഡ് ഷോ
11.30 .. 08.00 .. നിങ്ങളുടെ എം.എൽ.എ.
12.00 .. സെമിനാർ
12.30 .. സൂര്യ ഫെസ്റ്റ്
01.00 .. മുറിച്ചുമാറ്റാതെ
02.05 .. ഹൗസാറ്റ്
02.30 .. വാർത്തയിലെ വ്യക്തി
03.00 .. ആൽബംസ്
04.00 .. സിനിമ: വിദ്യാരംഭം
07.30 .. മുറിച്ചുമാറ്റാതെ
08.30 .. അന്വേഷണം
10.00 .. ഹല്ലോ കേരള
11.00 .. സിനിമ: ആനവാൽ മോതിരം
04.00 .. ഗൾഫ് ടുഡേ

സൂര്യ

06.00 .. ലൈഫ് ഇൻ ദ് വേൾഡ്
06.25 .. അക്ഷരം
07.00 .. പൊൻപുലരി
09.00 .. സിനിമ: വീട്
11.30 .. ശിബിരം
12.00 .. താലി
12.30 .. സിനിമ: ഇവൾ ദ്രൗപതി
03.00 .. പൂമുഖം
04.00 .. വെള്ളിത്തിര
04.30 .. വിചാരണ
05.00 .. തുള്ളികൾ
05.30 .. കോടീശ്വരൻ
06.05 .. പൊരുത്തം
07.00 .. സ്ത്രീജന്മം
07.30 .. ആലിപ്പഴം
08.00 .. മാനസപുത്രി
08.30 .. അഭയം
09.00 .. മകൾ മരുമകൾ
09.30 .. വാത്സല്യം
10.00 .. കോമഡി ടൈം
10.30 .. മ്യൂസിക് മൊമെന്റ്സ്
11.30 .. വാവ
12.00 .. സ്ത്രീജന്മം
12.30 .. സിനിമ: ജനാധിപത്യം

കൈരളി

06.00 .. 04.30 .. എസ്.എസ്.എൽ.സി. 2003
07.00 .. ശുഭദിനം
09.00 .. നൊസ്റ്റാൾജിയ
09.30 .. കലാഭവൻ മിമിക്സും പിന്നെ ഞാനും
10.00 .. ഫ്രെഷൻ ഹിറ്റ്സ്
10.30 .. സിനിമ: അനുഗ്രഹം
01.30 .. 10.00 .. അശ്വമേധം
02.00 .. 09.30 .. കോമഡി തില്ലാന
02.30 .. രാഗോൽസവം
03.00 .. കൈരളി ഓൺ ഡിമാൻഡ്
03.30 .. യാത്ര
05.30 .. യുവജനോൽസവം
05.45 .. ഉത്തരം
06.10 .. വോട്ടർ
06.30 .. കലാലയവർണങ്ങൾ
06.55 .. അടുക്കളപ്പുറം
07.30 .. ഗാനാഞ്ജലി
08.00 .. ലേഡീസ് ജന്റിൽ ലേഡീസ്
09.05 .. ചെറിയ ശ്രീനിയും വലിയ ലോകവും
09.30 .. കോമഡി തില്ലാന
10.00 .. അശ്വമേധം
11.00 .. പ്രവാസലോകം
11.55 .. ഓർമയിൽ ഈ നാൾ
12.30 .. രാഗോൽസവം
01.00 .. സാമൂഹ്യപാഠം
02.00 .. കുടുംബകം
02.30 .. കുമ്പസാരം

ജീവൻ

06.00 .. വചനദീപ്തി
07.30 .. 09.30 .. പുലർകാലം
08.30 .. സ്ട്രീംസ് ഓഫ് ഗ്രെയ്സ്
09.30 .. 01.30 .. വീട്ടുകാര്യം
10.30 .. ചാക്യാർ
11.00 .. കോമഡി ചോയ്സ്
11.30 .. പുഴമുതൽ നക്ഷത്രംവരെ
12.03 .. ലോക കാഴ്ച
12.30 .. മ്യൂസിക് സ്പ്ലാഷ്
02.00 .. മാധ്യമലോകം
02.30 .. ഹരിതകേരളം
03.00 .. ബിസ് ടോക്ക്
03.30 .. 04.30 .. സ്റ്റഡി ടൈം
05.00 .. ജീവൻ എൻട്രൻസ്
06.03 .. ഹരിതകേരളം
06.30 .. കേരളപ്പെരുമ
07.30 .. മഴവില്ല്
08.30 .. കോമഡി ചോയ്സ്
09.00 .. മ്യൂസിക് സ്പ്ലാഷ്
09.30 .. ഗസ്റ്റ് ടൈം
10.30 .. വിത് ചാക്യാർ
11.00 .. ഹരിതകേരളം

മിഡിൽ ഈസ്റ്റ്

07.00 .. 08.00 .. ധനുമീ ജീവിതം
07.30 .. ഡിയർ മെറ്റ്
08.00 .. രാപ്പാടി
09.00 .. കരിയർ ഗൈഡൻസ്
09.30 .. 06.30 .. പ്ലേ സ്റ്റേഷൻ
10.00 .. തട്ടകം
10.30 .. ഇവിടെ ഇവർ ഇങ്ങനെ
11.00 .. കിസ് ഇൻ വിൻ
11.30 .. ഉൽസവനഗരിയിലൂടെ
12.00 .. ടെലിഷോപ്പിങ് ഫെസ്റ്റിവൽ
12.30 .. 05.30 .. സൗഗന്ധികം
01.30 .. ഓളവും തീരവും
02.00 .. മൈ ഡോക്ടർ
02.30 .. 08.30 .. മെറ്റ് മ്യൂസിക്
03.30 .. സിറ്റി ലൈറ്റ്സ്
04.30 .. ഡാൻസ് മസാല
05.00 .. പരസ്പരം
07.00 .. സിറ്റി ടാക്കീസ്

സ്റ്റാർ പ്ലസ്

05.00 .. 08.30 .. 12.00 .. ഹിറ്റ് ഫിലിംമേ ഹിറ്റ് സംഗീത്
05.30 .. 01.30 .. ഭാഭി
06.00 .. ഗീത്ബാഹർ
07.00 .. 12.30 .. ഷക്കലക്ക ബൂം ബൂം
07.30 .. ആത്മ
09.00 .. ഫോക്സ് കിഡ്സ്
10.00 .. 05.30 .. കഭി മേരെ ഘർ മേം ഭുചാൽ ആതാഹെ
10.30 .. ഹീരാ ഫേരി
11.00 .. മേരി സഹേലി
11.30 .. ശാന്തി
01.00 .. കുങ്കും
01.30 .. 07.00 .. ഭാഭി
02.00 .. 10.30 .. ക്യോം കി സാസ് ഭി കഭി ബഹു ഥീ
02.30 .. ഷഗുൺ
03.00 .. കഹാനി ഘർ ഘർ കി
04.00 .. 11.00 .കഹിം കിസി റോസ്
04.30 .. സാൻസ്
05.30 .. സ്മൈൽ വണ്ടർ
06.40 .. 11.35 .. ആജ് കി ബാത്
08.00 .. ക്യോം ഹോതാ ഹൈ പ്യാർ
08.30 .. കസൗതി സിന്ദഗി കെ
09.00 .. കശ്മീർ
10.00 .. കഹാനി ഘർ ഘർ കി
10.30 .. ക്യോംകി സാസ് ഭി കഭി ബഹു ഥീ

സ്റ്റാർ വേൾഡ്

04.30 .. 12.30 .. സഡൻലി സൂസൻ
05.00 .. ഹോളിവുഡ് സ്കായേഴ്സ്
05.30 .. ബ്രാഡി ബഞ്ച്
06.00 .. ചീയേഴ്സ്
06.30 .. 10.30 .. ദി ഓപ്ര വിൻഫ്രി ഷോ
07.15 .. ഷിക്കാഗോ ഹോപ്
08.30 .. ചാംഡ്
09.30 .. അലി മക്ബീൽ
11.30 .. ടൈറ്റസ്
01.00 .. ദ് ബോൾഡ് ആൻഡ് ദ് ബ്യൂട്ടിഫുൾ
01.30 .. ഹോളിവുഡ് സ്കായേഴ്സ്
02.00 .. ദ് ബ്രാഡി ബ്രഞ്ച്
02.30 .. ബേ വാച്ച്
03.30 .. ദ് സിംപ്സൺസ്
04.00 .. ചീയേഴ്സ്
04.30 .. സ്റ്റാർ ന്യൂസ് ഏഷ്യ
05.00 .. ഫ്രേസിയർ
05.30 .. റോസ്വെൽ
06.30 .. ഡാർക്ക് എയ്ഞ്ചൽ
07.30 .. വേൾഡ്സ് സ്കാറിയസ്റ്റ് പൊലീസ് സ്റ്റിങ്സ്
08.28 .. സ്റ്റാർ ഏഷ്യ ട്രാവൽ
08.30 .. ഫ്രേസിയേഴ്സ്
09.00 .. റോസ്വെൽ

സ്റ്റാർ മൂവീസ്

05.45 .. ആക്ഷൻ: ഫസ്റ്റ് ബ്ലഡ്
07.45 .. റൊമാൻസ്: ദ ഗേൾ ഇൻ എ സ്വിങ്
09.45 .. ഡ്രാമ: ദ കറേജ് ടു ലവ്
12.00 .. ത്രില്ലർ: സൈലന്റ് ഫാൾ
02.00 .. ഹൊറർ: ദ ഹൗസ് ഓഫ് ഫ്രങ്കൻസ്റ്റീൻ
05.00 .. കോമഡി: മാരീഡ് ആൻ ആക്സ് മർഡറർ
07.00 .. കോമഡി: ഓസ്റ്റിൻ പവേഴ്സ്
മാൻ ഓഫ് മിസ്റ്ററി
09.30 .. മെഗാ മൂവി: ഫിലാഡൽഫിയ
11.30 .. സ്പേഷീസ്

എച്ച്.ബി.ഒ.

06.00 .. സിനിമ സീക്രട്സ്
06.30 .. ദ ബുച്ചേഴ്സ് വൈഫ്
08.45 .. സൂപ്പർമാൻ
11.30 .. വീ ആർ നോ ഏഞ്ചൽസ്
01.45 .. ഡെന്നീസ് ദ മെനാസ് സ്ട്രൈക്ക് എഗൈൻ
03.15 .. ജസ്റ്റിസ് ലീഗ് ഓഫ് അമേരിക്ക
05.00 .. ഡെത്ത് വാറന്റ്
06.45 .. ബൈസെന്റെനിയൽ മാൻ
09.30 .. അലാസ്ക
11.45 .. ടു ഡൈ ഫോർ

വി ചാനൽ

07.00 .. 11.00 .. 01.00 .. 03.30 .. ഹിറ്റ് മെഷീൻ
07.30 .. 10.30 .. 03.30 .. ബാക്ക് ടു ബാക്ക്
08.00 .. ജംപ് സ്റ്റാർട്ട്
12.00 .. ജ്യൂക്ക് ബോക്സ്
12.30 .. എഫ്.ഡി.എഫ്.എസ്.
01.30 .. സബർദസ്ത് ഹിറ്റ്സ്
07.00 .. ഹിറ്റ് മെഷീൻ

ബി.ബി.സി

04.30 .. മുതൽ ഓരോ മണിക്കൂറിലും വാർത്ത
05.00 .. 07.15 .. 09.15 .. ഏഷ്യ ബിസിനസ് റിപ്പോർട്ട്
05.15 .. 07.00 .. 08.00 .. 09.00 .. 04.00 .. 08.00 .. ഏഷ്യ ടുഡേ
06.00 .. 08.15 .. 11.00 .. 01.00 .. 04.15 .. 06.00 .. 10.45 .. വേൾഡ് ബിസിനസ് റിപ്പോർട്ട്
10.00 .. 05.00 .. 09.00 .. 01.00 .. ഹാർഡ് ടോക്ക്
01.15 .. 06.15 .. 12.15 .. സ്പോർട്ട് ടുഡേ
02.00 .. ഫാസ്റ്റ് ട്രാക്ക്
02.15 .. ഹോളിഡേ
03.00 .. സിംസൺസ് വേൾഡ്
07.00 .. ദ സ്പ്രിന്റ് ഓഫ് യാച്ചിങ്
10.00 .. മാസ്റ്റർമൈൻഡ് ഇന്ത്യ

സീ ടിവി

07.00 .. ജാകരൺ
07.30 .. ഭഗവത് കഥ
08.30 .. കാർട്ടൂൺ നെറ്റ്വർക്ക്
09.30 .. ഗൂൽദസ്ത
10.00 .. ഘർജമായ്
10.30 .. ആതി രഹേംഗി ബഹ്റ

മലയാള മനോരമ

മുത്തങ്ങയിൽ നിന്നുള്ള അപകടപാഠങ്ങൾ

വയനാട്ടിലെ മുത്തങ്ങയിൽ ആദിവാസികളിലൊരുവിഭാഗം വനം കയ്യേറി സ്വയംഭരണം പ്രഖ്യാപിക്കാൻ നടത്തിയ ശ്രമം അക്രമങ്ങളിലും ആൾനാശത്തിലും എത്തിയിരിക്കുകയാണ്. വന്യജീവിസങ്കേതം കയ്യേറി താമസമുറപ്പിക്കാൻ ശ്രമിച്ച ആദിവാസികളെ ഒഴിപ്പിക്കാനുള്ള പൊലീസ് നടപടിക്കിടയിലാണ് ഇരുപക്ഷത്തും മരണമുണ്ടായത്.

ജനുവരി നാലിനു മുത്തങ്ങയിൽ തുടങ്ങിയ കയ്യേറ്റം ഇക്കഴിഞ്ഞ ചില ദിവസങ്ങളിലാണു നിയന്ത്രണാതീതമായത്. വനംവകുപ്പ് ഉദ്യോഗസ്ഥരും സഹായികളും ആക്രമിക്കപ്പെടുകയും ബന്ദികളാക്കപ്പെടുകയും ചെയ്തു.

മുഴുവൻ സമൂഹത്തിന്റെയും അനുഭവം അർഹിക്കുന്ന വിധത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്ന ഒരുജനവിഭാഗമാണ് ആദിവാസികൾ എന്നതിൽ സംശയമില്ല. പക്ഷേ, സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ ആരംഭിച്ച പ്രക്ഷോഭം ഇപ്പോൾ എത്തി നിൽക്കുന്നത് അപകടകരമായ ഒരവസ്ഥയിലാണ്.

ആദിവാസികൾ എത്രയോ വർഷങ്ങളായി കടുത്ത ചൂഷണത്തിനു വിധേയരായിട്ടുള്ളവരാണ്. ആദിവാസി ക്ഷേമത്തിനായി മാറിമാറി വന്ന സർക്കാരുകൾ മുടക്കിയ പണത്തിന്റെ ചെറിയൊരംശംപോലും അവരുടെ ക്ഷേമത്തിനായി വിനിയോഗിക്കപ്പെട്ടിട്ടില്ല. അത്തരം തിരിച്ചറിവുകളിൽനിന്നാണ് അവരിൽ എതിർപ്പിന്റെ നാമ്പുകൾ ഉണ്ടായത്. പക്ഷേ, തങ്ങളുടെ എതിർപ്പിനും അവകാശബോധത്തിനും കലാപത്തിന്റെയും സായുധ പോരാട്ടത്തിന്റെയും പരിവേഷം കൈവരുത്താനെന്നോണം ജാനുവും കൂട്ടരും മുത്തങ്ങയിൽ നടപ്പാക്കിയത് ആദിവാസികൾക്കു നന്മവരുത്തുന്ന കാര്യങ്ങളല്ല. അവകാശങ്ങൾ നേടാനുള്ള മാർഗം അക്രമമല്ലതന്നെ.

ഇപ്പോഴത്തെ സംസ്ഥാനസർക്കാർ ആദിവാസികളുടെ പ്രശ്നത്തിൽ താൽപര്യമെടുക്കുന്നില്ല എന്നു പറയാനാകില്ല. ആദിവാസികളുടെ പ്രതിനിധികളുമായി ചർച്ച നടത്താനും ധാരണയിലെത്താനും സർക്കാർ തയാറായി. ആദിവാസികൾക്കു ഭൂമി നൽകുമെന്നു ഗവൺമെന്റ് ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2002 ജനുവരി ഒന്നിന് ഇടുക്കിയിലെ മറയൂരിൽ 140 കുടുംബങ്ങൾക്കു സ്ഥലം നൽകിക്കൊണ്ട് ഒരു പദ്ധതിക്കു തുടക്കമിടുകയും ചെയ്തു. പദ്ധതിയുടെ മുന്നോട്ടുള്ള പോക്ക് വേണ്ടത്ര വേഗത്തിലായില്ല, ഭൂമി നല്ലതായിരുന്നില്ല തുടങ്ങിയ ആരോപണങ്ങൾ ഉണ്ടെങ്കിൽതന്നെ പ്രശ്ന പരിഹാരത്തിന് ഒരു തുടക്കമിടാൻ സർക്കാരിനു കഴിഞ്ഞുവെന്നതു ശ്രദ്ധേയമാണ്.

വയനാട്ടിൽത്തന്നെ വൈത്തിരിയിൽ ജനുവരി 25ന് 73 കുടുംബങ്ങൾക്ക് 73 ഏക്കർ ഭൂമി നൽകാൻ ചടങ്ങു നിശ്ചയിച്ചിരുന്നു. അതു നടക്കാതെപോയതിനു കാരണം മുത്തങ്ങയിലെ സമരമാണ്. മുത്തങ്ങയിൽ കയറിക്കൂടി പുറത്തുനിന്നു വനംവകുപ്പുകാരടക്കം ആരെയും കടത്തില്ല എന്നു പ്രഖ്യാപിച്ചു ചൗക്കയും സ്ഥാപിച്ചു ജാനുവും സംഘവും നടത്തിയ കയ്യേറ്റത്തിനെതിരെ സർക്കാർ ഒന്നും ചെയ്തില്ല. അതുകണ്ടു ജാനുവിനെ അംഗീകരിക്കാത്ത വിഭാഗത്തിൽപ്പെട്ട ചില ആദിവാസിഗ്രൂപ്പുകൾ വൈത്തിരിയിൽ വിതരണത്തിനായി കണ്ടെത്തിയ ഭൂമി കയ്യേറി. അവർക്കു ചില രാഷ്ട്രീയകക്ഷികളുടെ പിന്തുണയുമുണ്ട്. അതോടെ അവിടെ ഭൂമിവിതരണം മുടങ്ങി.

പൂക്കോട് സുഗന്ധഗിരി പദ്ധതി പ്രദേശങ്ങളിലും ആരെന്നു നിശ്ചയിക്കാനാവാത്ത കയ്യേറ്റക്കാർ കയറിക്കൂടിയിരിക്കുന്നു. അവരെയും ഒഴിപ്പിക്കാൻ നടപടിയുണ്ടായില്ല. മുത്തങ്ങയിലെടുക്കാത്ത നടപടി മറ്റിടങ്ങളിലും വേണ്ട എന്ന നിസ്സംഗ നിലപാടു സർക്കാർ പുലർത്തിയപ്പോൾ അതു കയ്യേറ്റക്കാർക്കു വളമായി. വയനാട്ടുകാരോ, ആദിവാസികളോ അല്ലാത്തവർപോലും കയ്യേറ്റക്കാരിലുള്ളതായി ആരോപണമുണ്ട്.

ആദിവാസികൾക്കു വനഭൂമിയിൽ ആദ്യം തൊഴിലവസരം ഒരുക്കി പിന്നീട് ആ ഭൂമി അവർക്കുതന്നെ നൽകുക എന്ന ഉദ്ദേശ്യത്തോടെ വനം തെളിച്ചു കാപ്പി, ഏലം, കുരുമുളക് തോട്ടങ്ങളാക്കിയ പ്രദേശമാണു സുഗന്ധഗിരിയും പൂക്കോടും. അതു നിശ്ചയിച്ചപോലെ ആദിവാസികൾക്കു കൊടുക്കാനായില്ല എന്നത് ആദിവാസി പ്രശ്നത്തോടു ഭരണകൂടം അന്നൊക്കെ പുലർത്തിപ്പോന്ന അലംഭാവനയത്തിന്റെ ബാക്കിയാണ്. ആ പ്രദേശങ്ങൾ നിയമാനുസൃതമായി ആദിവാസികൾക്കു നൽകാൻ ആലോചന നടക്കുമ്പോഴാണു മുത്തങ്ങ സമരം വന്നതും സുഗന്ധഗിരിയിലും പൂക്കോടും കയ്യേറ്റങ്ങൾ ഉണ്ടായതും. മുത്തങ്ങയ്ക്കു മുൻപേതന്നെ ചില കയ്യേറ്റങ്ങൾ നടന്നിരുന്നുവെന്നും അതിനെതിരെ തക്ക സമയത്തു സർക്കാർ പ്രതികരിക്കാതിരുന്നതാണു മുത്തങ്ങ കയ്യേറ്റത്തിനു വഴിതെളിച്ചതെന്നും പരിസ്ഥിതി സംഘടനകളും മറ്റും ചൂണ്ടിക്കാട്ടുന്നുണ്ട്.

ആദിവാസികളും മറ്റുള്ളവരെപ്പോലെതന്നെ നാട്ടിൽ നിലനിൽക്കുന്ന ജനാധിപത്യസംവിധാനത്തിന്റെ ഭാഗമാണ്. യുദ്ധം പ്രഖ്യാപിച്ചുകൊണ്ടും നിയമലംഘനം നടത്തിയും ജനങ്ങളെ ശത്രുക്കളാക്കിയും ആർക്കും ഒരു സമരവും വിജയിപ്പിക്കാനാവില്ല. സർക്കാരിന്റെ കണ്ണുതുറപ്പിക്കാനെന്ന പേരിൽ സെക്രട്ടേറിയറ്റ് നടയിൽ കുടിൽകെട്ടി ജാനുവിന്റെ നേതൃത്വത്തിൽ ആദിവാസികൾ 48 ദിവസം താമസിക്കുകയുണ്ടായി. സർക്കാരുമായുണ്ടാക്കിയ ഒത്തുതീർപ്പിനെ തുടർന്നാണ് ആ സമരം തീർന്നത്. ജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടായെങ്കിലും സെക്രട്ടേറിയറ്റ് നടയിലെ മറ്റു സംഘടിത സമരക്കാരോടുള്ള നിലപാടല്ല പൊതുജനം ആദിവാസികളോട് കൈക്കൊണ്ടത്. എന്നാൽ ആറളം ഫാമിലെ കൈതക്കൊല്ലി ആദിവാസി കോളനിയിൽ അവർ ബലമായി കയറി വെല്ലുവിളി ഉയർത്തിയതോടെ ജനങ്ങളുടെ അനുഭാവം കുറഞ്ഞു. മുത്തങ്ങ സംഭവത്തോടെ അതു കൂടുതൽ കൈവിട്ടു പോവുകയാണു ചെയ്തതെന്ന് ആദിവാസി നേതാക്കൾ തിരിച്ചറിയണം.

ആദിവാസികളുടെ അവകാശ സംരക്ഷണത്തിനായി ഗവൺമെന്റ് പ്രഖ്യാപിക്കുകയും തുടങ്ങിവയ്ക്കുകയും ചെയ്ത നടപടികൾ സമയബന്ധിതമായി മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. അതേസമയം പൊതുസമൂഹധാരയിൽനിന്നു കഴിയുന്നത്ര പിന്തുണ ഉറപ്പാക്കിയുള്ള പ്രതികരണ മാർഗത്തിലേക്ക് ആദിവാസികൾ തിരിച്ചുവരികയും വേണം.



വ്യാഴവട്ടം

എ. രാമചന്ദ്രൻ

നാം ഇക്കാലമത്രയും നിലനിർത്തിപ്പോന്ന ഏക ദൃശ്യസംസ്കാരം കഥകൾക്കും കവിതകൾക്കും മറ്റും പ്രസിദ്ധീകരണങ്ങളിൽ വരയ്ക്കുന്ന ചിത്രങ്ങളാണ്. ഇവയെ നാം ചിത്രകലയിൽ ഇല്ലസ്ട്രേഷൻ വിഭാഗത്തിലാണു പെടുത്തുന്നത്. ഇല്ലസ്ട്രേഷൻകൊണ്ട് ഉദ്ദേശിക്കുന്നത് വാക്കുകളിൽ പ്രകടിപ്പിക്കുന്ന ആശയങ്ങൾക്കു രേഖകൾകൊണ്ടോ നിറങ്ങൾകൊണ്ടോ രൂപനിർമിതി നൽകുകയാണ്. പണ്ടുകാലംമുതൽ ഇന്നുവരെ ഇതു മുടക്കം കൂടാതെ തുടരുന്നുമുണ്ട്.

കേരളത്തിൽനിന്നുള്ള പ്രമുഖ ചിത്രകാരന്മാരുടെ സംഭാവനയാണ് ഇതിനു കാരണം. മുപ്പതുകളിലും നാൽപ്പതുകളിലുമൊക്കെ മാതൃഭൂമിയിൽ എം. ഭാസ്കരനും കെ. സി. എസ്. പണിക്കരും ചിത്രങ്ങൾ വരച്ചിരുന്നു. ഭാസ്കരൻ ഒരു തികഞ്ഞ ഇല്ലസ്ട്രേറ്റർ ആയിരുന്നു. അദ്ദേഹം ഏറെക്കാലം വാരികയ്ക്കു വരയ്ക്കുകയും ചെയ്തു. കുട്ടികൾ അത്തപ്പൂവിടുന്നതിന്റെ ഒരു പെയിന്റിങ് ഭാസ്കരൻ വരച്ചത് ഈ വാരികയുടെ മുഖചിത്രമായി വന്നതു ഞാൻ ഓർക്കുന്നുണ്ട്.

അന്നു കെ. സി. എസ്. പണിക്കരുടെയും മാധവമേനോന്റെയും ഇല്ലസ്ട്രേഷനുകളും വാരികയിൽ വന്നിരുന്നു. അവ മുഖ്യമായും കേരളത്തിന്റെ ലാൻഡ്സ്കേപ്പിനെക്കുറിച്ചായിരുന്നു. അവ ചിത്രീകരിക്കുന്നതിൽ പണിക്കർ അതിപ്രഗത്ഭനായിരുന്നു. പ്രത്യേകിച്ചും നമ്മുടെ നെൽപ്പാടങ്ങൾ, തെങ്ങിൻതോപ്പുകൾ, ഇടയ്ക്കിടെ കാണുന്ന ചെറിയ വീടുകൾ, നെൽപ്പാടങ്ങളിൽ പണിയെടുക്കാൻ പോകുന്ന തൊഴിലാളികൾ എന്നിങ്ങനെയുള്ള ദൃശ്യങ്ങൾ. ഇവയെല്ലാം കറുപ്പിലും വെളുപ്പിലുമായിരുന്നുവെങ്കിലും വളരെ ശക്തമായ വരകളായിരുന്നു.

പണിക്കർ വലിയൊരു ചിത്രകാരനെന്നപോലെ അത്ഭുതകരമായ കരവിരുതു പ്രകടിപ്പിക്കുന്ന കലാകാരനുമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ചിത്രങ്ങൾ മറ്റുള്ളവരുടെ ഇല്ലസ്ട്രേഷനുകളെക്കാൾ ഗുണനിലവാരം ഉയർന്നതുമായിരുന്നു. അടിസ്ഥാനപരമായി അദ്ദേഹം ഒരു ചിത്രകാരനായിരുന്നു.

മറ്റൊരു ശ്രദ്ധേയനായ ഇല്ലസ്ട്രേറ്റർ ടി. കെ. പദ്മനാഭനായിരുന്നു. വ്യക്തികളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിത്രങ്ങൾ അതിമനോഹരങ്ങളായിരുന്നു. ഓലക്കുടയേന്തിയ കേരളവനിതകൾ, അമ്പലത്തിൽ തൊഴുതു നിൽക്കുന്ന സ്ത്രീകളും കുട്ടികളും എന്നിങ്ങനെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ ഇല്ലസ്ട്രേഷനുകൾ വളരെ നന്നായിരുന്നു. പദ്മനാഭന്റെ രൂപങ്ങൾ ബംഗാൾ ശൈലിയുമായി കൂടുതൽ അടുപ്പം പുലർത്തിയിരുന്നു. അതുകാരണം ആദർശാത്മകമായ ഭംഗി ആ രേഖാചിത്രങ്ങൾക്ക് ഉണ്ടായിരുന്നു. കറുപ്പും വെളുപ്പും ഉപയോഗിക്കുന്നതിൽ അദ്ദേഹം തികഞ്ഞ വൈദഗ്ധ്യം പ്രകടിപ്പിച്ചിരുന്നു.

എം. വി. ദേവന്റെ വരവോടെ പുതിയൊരുതരം ചിത്രങ്ങളുടെ ആരംഭമായി. അക്കാലത്തെ ഏറ്റവും മികച്ച സാഹിത്യകൃതികൾക്കു ചിത്രം വരയ്ക്കാൻ ദേവനു കഴിഞ്ഞു. ഓരോ സാഹിത്യകൃതിയുടെയും ഉള്ളു കണ്ടറിഞ്ഞും ആശയം ഉൾക്കൊണ്ടും വരയ്ക്കാൻ ദേവൻ ശ്രദ്ധിച്ചിരുന്നു. ഓരോ പുസ്തകത്തിനും അനുയോജ്യമായ ചിത്രീകരണശൈലി കണ്ടെത്താനും ദേവൻ ശ്രദ്ധിച്ചു.

ദേവന്റെ ഏറ്റവും വലിയ നേട്ടം ബഷീറിന്റെ സുപ്രസിദ്ധമായ ചില കൃതികൾക്കു പടം വരയ്ക്കുകയും അതിലെ കഥാപാത്രങ്ങൾക്കു രൂപവും ഭാവവും നൽകുകയും ചെയ്തു എന്നതാണ്. ആനവാരി രാമൻനായർ പരമ്പരയിലെ ഓരോ കഥാപാത്രത്തിനും ദേവൻ തന്റേതായ ഓരോ വ്യാഖ്യാനം ചിത്രങ്ങളിലൂടെ നൽകി. ബഷീറിന്റെ മഹത്തായ പാത്രസൃഷ്ടിയോടു കിടപിടിക്കുന്നതായിരുന്നു അതിലെ പല ചിത്രങ്ങളും. ഉദാഹരണമാണ് ഉണ്ടക്കണ്ണൻ നസ്രുവിന്റെ ചിത്രം.

എന്നാൽ, ദേവൻ ഇത് അധികകാലം തുടർന്നില്ല. അദ്ദേഹം ആർക്കിടെക്ചർ മേഖലയിലേക്കു കടന്നു. ദേവൻ വിട്ടുപോയ സ്ഥാനം ഏറ്റെടുത്തത് കേരളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ ഏറ്റവും എണ്ണം പറഞ്ഞ ഒരു ചിത്രകാരനായിരുന്നു - നമ്പൂതിരി.

എ. എസും ഈ കാലഘട്ടത്തിൽ കടന്നുവന്ന ചിത്രകാരനാണ്. അദ്ദേഹവും ദീർഘകാലം വരച്ചു. അന്നത്തെ പല പ്രമുഖ മലയാള നോവലുകളിലെയും ചെറുകഥകളിലെയും കഥാപാത്രങ്ങളെ എ. എസും അവിസ്മരണീയരാക്കി.

നമ്പൂതിരി ഇപ്പോഴും വരയ്ക്കുന്നു. അദ്ദേഹത്തിന്റെ വരകൾ മലയാളം വായിക്കുന്നവർക്കെല്ലാം സുപരിചിതമാണ്. അദ്ദേഹത്തിന്റെ ഗുരുനാഥൻ കെ. സി. എസ്. പണിക്കരുടെ ആദ്യകാലചിത്രങ്ങളിൽനിന്നുള്ള ശൈലിയാണു നമ്പൂതിരി വളർത്തിയെടുത്തത്. അനായാസം ഒഴുകിപ്പോകുന്ന വരകളാണവ. കേരളത്തിന്റെ ചുവർചിത്രങ്ങളെ അനുസ്മരിപ്പിക്കുന്നവയാണ് ആ വരകൾ. കേരളത്തിലെ സ്ത്രൈണഭംഗിയുടെ അന്തസ്സത്ത മുഴുവൻ വരകളിൽ ഒപ്പിയെടുക്കാൻ നമ്പൂതിരിക്കു കഴിഞ്ഞു. അവ മാദകവും അതേസമയം അങ്ങേയറ്റം നിയന്ത്രിതവുമാണ്.

നമ്പൂതിരി ഒരു പുതിയ ചിത്രകലാ ശൈലിതന്നെ സൃഷ്ടിക്കുകയായിരുന്നു. അത് അദ്ദേഹത്തിന്റെ മാത്രം വ്യക്തിഗത ശൈലിയുമാണ് - അദ്ദേഹം പലതരം കഥകൾക്കും നോവലുകൾക്കും കവിതകൾക്കും വരയ്ക്കുന്നുണ്ടെങ്കിലും. നമ്പൂതിരിയുടെ ചിത്രങ്ങളുടെ ശേഖരം പ്രസിദ്ധീകരിക്കണം. അദ്ദേഹത്തിന്റെ ചിത്രങ്ങളുടെ ഗ്രാഫിക് ഗുണമേന്മ ആസ്വദിക്കാൻ ഇത് അത്യാവശ്യമാണ്.

കേരളത്തിൽ പുതിയ തലമുറയിലെ ഒട്ടേറെ ചിത്രകാരന്മാരുണ്ട്. പെയിന്റിങ്ങിനും ശിൽപ്പങ്ങൾക്കും അവർക്കു വേണ്ടത്ര അവസരം കിട്ടുന്നില്ല. അതുകാരണം അവർക്ക് അവലംബിക്കാവുന്ന ഏകമാർഗം ഇല്ലസ്ട്രേഷനാണ്. ഈ പുതിയ ചിത്രകാരന്മാർ വളരെ ഭാവനാസമ്പന്നരാണ്. അവർ പഴയ പല ചിത്രകലാ പാരമ്പര്യങ്ങളും മറികടന്നുകഴിഞ്ഞു. മാത്രമല്ല, ഒരു ആശയത്തെ അവർ തികച്ചും സ്വതന്ത്രമായി ആവിഷ്കരിക്കുകയും ചെയ്യുന്നു. ഇതു വളരെ നല്ല പ്രവണതയാണ്.

കമ്യൂണിസ്റ്റ് ഭരണകാലത്തു ഞാൻ യു. എസ്. എസ്. ആറിൽ പോയിരുന്നു. എഴുപതുകളിലാണത്. അവിടത്തെ മിടുക്കന്മാരായ കുറെ യുവകലാകാരന്മാരെ അന്നു കാണാൻ കഴിഞ്ഞു. പെയിന്റിങ്ങിലും ശിൽപ്പത്തിലുമൊന്നും ഒരുവിധത്തിലുമുള്ള ആധുനികതയും അനുവദിക്കാതിരുന്നതിനാൽ അവർ ആവിഷ്കാരത്തിനു കണ്ടെത്തിയ മാർഗം കഥകൾക്കും കവിതകൾക്കും ബാലകൃതികൾക്കും ചിത്രം വരയ്ക്കുകയായിരുന്നു. തങ്ങൾക്കുമേലുണ്ടായിരുന്ന വിലക്കിന്റെ അസൗകര്യത്തെ അവർ അനുഗ്രഹമാക്കി മാറ്റി ലോകത്തെ ഏറ്റവും മികച്ച ചില ചിത്രങ്ങൾ സൃഷ്ടിച്ചു.

അതുപോലെ, നമ്മുടെ യുവചിത്രകാരന്മാർക്കും മറ്റ് അവസരങ്ങൾ ലഭിക്കുംവരെ പ്രസിദ്ധീകരണങ്ങളിലെ ചിത്രങ്ങളെ ആശ്രയിക്കുകയേ വഴിയുള്ളൂ.

വരകൾ, അത്ഭുതവരങ്ങൾ

സെക്രട്ടേറിയറ്റിൽ വിതച്ചു; മുത്തങ്ങയിൽ കൊയ്തു



2 കാടുകയറിയ സമരം

എൻ. വി. കൃഷ്ണദാസ്

സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ 2002 ഓഗസ്റ്റ് 25നു മാനന്തവാടിയിൽ സംഘടിപ്പിച്ച ട്രൈബൽ കോർട്ടിനുശേഷമാണു ഗോത്രമഹാസഭയുടെ പ്രവർത്തനരീതിയിൽ മാറ്റം വരുന്നത്. സർക്കാരിന്റെ ആദിവാസിവിരുദ്ധ നിലപാടുകൾ കുറ്റവിചാരണയ്ക്കു വിധേയമാക്കി ആദിവാസി ക്ഷോഭം വിതരണം ചെയ്യാനിരുന്ന സ്ഥലത്ത് എ. കെ. എസ്. കയ്യേറിയതിനെത്തുടർന്നു ഭൂമി വിതരണം നിർത്തി. കയ്യേറ്റക്കാരെ ഒഴിപ്പിച്ചു ഭൂമി വിതരണം ചെയ്യാമായിരുന്നിട്ടും ജില്ലാ ഭരണകൂടം അതിനു തുനിഞ്ഞില്ല. മുത്തങ്ങയിൽ ഈ സമയം ജാനുവിന്റെ നേതൃത്വത്തിലുള്ള കയ്യേറ്റം ശക്തി പ്രാപിക്കുകയായിരുന്നു.

ജാനുവിനെയും കൂട്ടരെയും ഒഴിപ്പിക്കാതെ സി. പി. എമ്മുകാരെ ഒഴിപ്പിച്ചാൽ അതു സർക്കാരിനെതിരെ ശക്തമായ പ്രതിഷേധത്തിനു വഴിയൊരുക്കുമെന്നു ഭയന്നു കയ്യേറ്റക്കാരെ ഒഴിപ്പിച്ചു പ്രശ്നം സൃഷ്ടിക്കരുതെന്നായിരുന്നു മുകളിൽനിന്നുള്ള ഉത്തരവ്.

ഭൂരഹിത ആദിവാസികൾക്കു സൗജന്യമായി ഭൂമി വിതരണം ചെയ്യാൻ സർക്കാരുമായി ജാനുവിന്റെ നേതൃത്വത്തിലുണ്ടാക്കിയ കരാർ പ്രകാരം വയനാട്ടിൽ കണ്ടെത്തിയ സ്ഥലം വിതരണം ചെയ്യുന്നതിന്റെ ആദ്യഘട്ടമായിരുന്നു അന്നു നടക്കാനിരുന്നത്. അതേ കരാർ നടപ്പാക്കാൻ ഫലത്തിൽ തടസ്സമായതും ജാനുവിന്റെ മറ്റൊരു സമരംതന്നെയായത് വൈരുധ്യമായി മാറുകയും ചെയ്തു.

ഭൂരഹിത ആദിവാസികൾക്കു മുൻപു കൊണ്ടുവന്ന പദ്ധതികളുടെയും പാഴായ വയനാട്ടിൽ ഈ പദ്ധതി പ്രദേശങ്ങളിൽ ആദിവാസികളും അല്ലാത്തവരും നടത്തിയ കയ്യേറ്റം കഴിഞ്ഞ ഏതാനും വർഷങ്ങളായി തുടരുകയാണ്.

ആദിവാസികളുടെ പുനരധിവാസത്തിനാണു വയനാട്ടിൽ പൂക്കോട്, സുഗന്ധഗിരി പോലുള്ള പദ്ധതികളാരംഭിച്ചത്. സർക്കാർ തോട്ടങ്ങളിൽ ജോലിയും നൽകി നിശ്ചിത വർഷങ്ങൾക്കുശേഷം ആദിവാസികൾക്ക് അഞ്ചേക്കർവീതം ഭൂമിയും നൽകി പദ്ധതി അവസാനിപ്പിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ അഞ്ചു വർഷങ്ങൾക്കുശേഷവും എങ്ങുമെത്താതെ പോയ പദ്ധതികൾ സർക്കാരിനു വരുത്തിയ നഷ്ടം ചില്ലറയല്ല.

ഉദ്യോഗസ്ഥപ്പട വർഷങ്ങളായി കുടിയിരിക്കുന്ന ഇത്തരം പദ്ധതികൾ തങ്ങൾക്ക് ഉപകാരപ്രദമല്ലെന്നു മനസ്സിലാക്കിയ ആദിവാസികളും അവരെ മുൻനിർത്തി ആദിവാസികളല്ലാത്തവരും പദ്ധതിപ്രദേശങ്ങളിൽ കയ്യേറ്റം നടത്തി കൃഷിയിൽ വിളവെടുപ്പു നടത്തുന്ന കാഴ്ചയും സാധാരണമായിട്ടും നടപടികളെടുത്തിട്ടില്ല. പദ്ധതി പാഴായ സ്ഥിതിക്ക് ഈ പദ്ധതിപ്രദേശങ്ങളെങ്കിലും തങ്ങൾക്കു നൽകണമെന്നാണ് ആദിവാസികളുടെ ഒടുവിലത്തെ ആവശ്യം. ഈ സ്ഥലം ആദിവാസികൾക്കു വിതരണം ചെയ്യാവുന്നതാണെന്നു സർക്കാരിലേക്കു നിർദേശം അയച്ചെങ്കിലും അതും സാങ്കേതികക്കുരുക്കിലാണ്.

തടസ്സം നീക്കാൻ കാത്തുനിൽക്കാതെ ആദിവാസികൾ പദ്ധതിപ്രദേശത്തു തങ്ങൾക്കാവുന്ന സ്ഥലം അതിർത്തി കെട്ടി സ്വന്തമാക്കിയിരിക്കുന്നു. കാപ്പിയും മറ്റും പാകമാകുംമുൻപേ വിളവെടുത്തു നശിപ്പിക്കുന്നു. ഇവരിൽ ആദിവാസികളും ആദിവാസികളല്ലാത്തവരുമുണ്ട്. സർക്കാരിന് ഏറ്റവും ചുരുങ്ങിയത് ഈ ഭൂമിയെങ്കിലും ഭൂരഹിത ആദിവാസികൾക്കു നൽകാവുന്നതാണെന്ന് ആദിവാസി സംഘടനകൾ ചൂണ്ടിക്കാട്ടുന്നു. മുത്തങ്ങയിൽ മാത്രമല്ല, വയനാട്ടിൽ പല ഭാഗത്തും ആദിവാസികൾകയ്യേറിയ സ്ഥലത്തുനിന്ന് ഒഴിഞ്ഞിട്ടില്ല.

ആദിവാസികളെ പുനരധിവസിപ്പിക്കാൻ പത്തും ഇരുപതും വർഷങ്ങൾക്കു മുൻപാരംഭിച്ച പദ്ധതികൾ പാഴായ അവസരത്തിൽ ഈ പദ്ധതിപ്രദേശങ്ങൾ കയ്യേറുന്നതാണു നല്ലതെന്നു തീരുമാനിച്ച ആദിവാസികൾക്കു നിയമത്തിന്റെ വഴി കാണിച്ചുകൊടുക്കാൻ തയാറാകാതിരുന്നപ്പോൾ നിയമവിരുദ്ധ നീക്കങ്ങൾക്ക് ആക്കംകൂടി. വനം തോട്ടങ്ങളാക്കി മാറ്റി ആദിവാസി പുനരധിവാസ പദ്ധതി തുടങ്ങിയ വയനാട്ടിൽ ഇന്ന് ഈ പദ്ധതിപ്രദേശങ്ങൾ തോട്ടങ്ങളായതുമില്ല, ആദിവാസികളെ പുനരധിവസിപ്പിക്കാനായതുമില്ല. ഇത്തരം തോട്ടങ്ങളിൽനിന്നു സർക്കാരിനു ലഭിച്ചിരുന്ന വരുമാനത്തിൽ ഗണ്യമായ കുറവുണ്ടെന്നാണു പുതിയ കണക്ക്. ഈ തോട്ടങ്ങൾ നാശത്തിന്റെ വക്കിലാണെന്നും ഇവയെ സംരക്ഷിക്കാൻ ഇനിയും കോടികൾ ചെലവഴിക്കുന്നതിനു പകരം ഈ സ്ഥലം ഭൂരഹിത ആദിവാസികൾക്കു വിതരണം ചെയ്യണമെന്നും വിവിധ ആദിവാസി സംഘടനകൾ ആവശ്യപ്പെടുന്നു.

സർക്കാർ നടപടികൾ വർഷങ്ങൾകൊണ്ടു തെളിയിച്ചത് ഇതു വിജയകരമായി നടപ്പാക്കാൻ കഴിയില്ലെന്നാണ്. അതുകൊണ്ടുതന്നെ ഭൂരഹിതരായ ആദിവാസികളെ സ്വന്തം ഭൂമി നൽകി പുനരധിവസിപ്പിക്കാനെങ്കിലും ഈ സ്ഥലം ഉപകാരപ്പെടുമെങ്കിൽ അതാണു ചെയ്യേണ്ടത്. വിഭാവനം ചെയ്ത അഞ്ചേക്കറിനു പകരം ഒരേക്കറെങ്കിലും മതിയാകും ആദിവാസികളുടെ പുനരധിവാസത്തിനെന്നും ആദിവാസികൾതന്നെ ചൂണ്ടിക്കാട്ടുന്നു.

ഇതെങ്കിലും ചെയ്യാൻ വൈകുന്നത് ഇത്തരം പദ്ധതിപ്രദേശത്തും അതിനുപുറത്തും ആദിവാസികളെ കൂടുതൽ അരാജകത്വത്തിലേക്കു നയിക്കാനേ സഹായിക്കൂ.

(നാളെ: കലാപത്തിന്റെ വഴികളിലൂടെ)



മുത്തങ്ങ തകരപ്പാടിയിൽ ആദിവാസികൾ കയ്യേറിയ സ്ഥലം ഒഴിപ്പിക്കാനെത്തിയ പൊലീസ് സേന വനത്തിനുള്ളിലേക്ക് നീങ്ങുന്നു

മുത്തങ്ങയെപ്പറ്റി മിണ്ടാൻ ആരുമുണ്ടായില്ല

നടുത്തളം

ഇ. സോമനാഥ്

തൊട്ടതും പിടിച്ചതുമെല്ലാം അടിയന്തര പ്രമേയത്തിനും ശ്രദ്ധക്ഷണിക്കലിനുമെല്ലാം വിഷയമാകുന്ന സഭയിൽ മുത്തങ്ങയിലെ ആദിവാസിപ്രശ്നത്തെക്കുറിച്ചു പരാമർശംപോലുമുണ്ടായില്ലെന്നതു ശ്രദ്ധേയമായി. ആദിവാസികൾക്കെതിരെയാകുമ്പോൾ മൗനവും ആയുധമാണെന്ന യാഥാർഥ്യം സഭാംഗങ്ങൾ കണ്ടെത്തിയതായിരിക്കാം ഇതിന്റെ കാരണം. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമൊന്നുമില്ലായിരുന്നു. പഞ്ഞമില്ലാതെ തമാശപറയുന്നതിൽ പരസ്പരം മൽസരിക്കുമ്പോഴും കാട്ടിനുള്ളിൽ ഒരുപറ്റം ആളുകൾ മാസങ്ങളായി പാർപ്പുറപ്പിച്ചിട്ടും അവരുടെ കാര്യം പറയാൻ ആർക്കും സമയം കണ്ടെത്താനായില്ല.

വാക്കുകൾക്ക് അർഥം നൽകുന്നതു കേൾക്കുന്നവരുടെ മനസ്സാണെന്നു പറയുന്നത് അക്ഷരംപ്രതി ശരിവയ്ക്കുംവിധമായിരുന്നു കാവിയിൽ കയറിപ്പിടിച്ചപ്പോൾ സഭയിലുണ്ടായ കോലാഹലം. വാക്കിന്റെ തായാട്ട് രാഷ്ട്രതന്ത്രം എന്നു കവി പറഞ്ഞതിൽ തെല്ലും പതിരില്ലെന്ന് ആരും തലകുലുക്കി സമ്മതിക്കുന്ന വിവാദമാണ് വെറുമൊരു കാവി സഭയിലുണ്ടാക്കിയത്.

കാവി എന്നു കേട്ടാൽ ബിനോയ് വിശ്വത്തിനു കലിവരും. കാരണം, അദ്ദേഹത്തിന്റെ മനസ്സിൽ ഹിന്ദു വർഗീയതയുടെ പ്രതീകമാണ്. അക്കൂട്ടത്തിലാണു കോടിയേരിയും കെ. പി. രാജേന്ദ്രനും എം. വി. ജയരാജനും പിരപ്പൻകോട് മുരളിയുമെല്ലാം. മുഖ്യമന്ത്രി എ. കെ. ആന്റണിക്കു കാവിയെന്നു കേൾക്കുമ്പോൾ ഭാരതീയ സന്യാസികളുടെ പാരമ്പര്യമേ ഓർമവരൂ. അദ്ദേഹവും ഒറ്റയ്ക്കല്ല. തിരുവഞ്ചൂർ രാധാകൃഷ്ണനും എം. എം. ഹസനും ബി. വിജയകുമാറുമെല്ലാം കൂടെയുണ്ട്. വിദ്യാഭ്യാസമന്ത്രി നാലകത്ത് സൂപ്പിയെപ്പോലെ കുരേപ്പേർ കാവിക്കാര്യത്തിൽ നിലപാടു വ്യക്തമാക്കാതെയും ബാക്കിയുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലാ ബ

2003 ഫെബ്രുവരി 20 വ്യാഴം

വർത്തമാനം

വാള്യം 1, ലക്കം 4 · * * * *

VARTHAMANAM MALAYALAM DAILY PUBLISHED FROM KOZHIKODE

പേജ് 12+ 8. വില 3.25 രൂപ

The Complete Furniture Solution

Mesco ASSOCIATES

YMCA Cross Road. Calicut

Ph: Shop: 2767382, 2767537

Resi: 2420805



മുത്തങ്ങയിൽ ആദിവാസികളുടെ വെട്ടേറ്റ പൊലീസുകാരനെ സഹപ്രവർത്തകൻ പരിചരിക്കുന്നു

ഇസ്രായേൽ ആക്രമണം: 17 ഫലസ്തീൻകാർ മരിച്ചു 7





കൊല്ലങ്കോട് കൊട്ടാരം ഹെറിറ്റേജ് ഹോട്ടലാവുന്നു 9

പൊലീസുകാരനെ വെട്ടിക്കൊന്നു ◎ സംസ്ഥാനത്ത് ഇന്ന് ഹർത്താൽ

മുത്തങ്ങയിൽ വെടിവെപ്പ്: 9 ആദിവാസികൾ മരിച്ചു

വർത്തമാനം ബ്യൂറോ

കല്പറ്റ: മുത്തങ്ങയിൽ ആദിവാസികൾ കയ്യേറിയ ഭൂമി ഒഴിപ്പിക്കാനുള്ള ശ്രമത്തിനിടെ പൊലീസ് നടത്തിയ വെടിവെപ്പിൽ ഒമ്പത് ആദിവാസികൾ മരിച്ചതായി സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളിൽ പറയുന്നു. അക്രമ സംഭവങ്ങളിൽ ഒരു പൊലീസുകാരനും മരിച്ചിട്ടുണ്ട്. കണ്ണൂർ മങ്ങാട്ടുപറമ്പ് കെ എ പി നാലാം ബറ്റാലിയനിലെ വിനോദ് (29) ആണ് കൊല്ലപ്പെട്ടത്. മരിച്ച ബാക്കിയുള്ളവരുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. മരണസംഖ്യ ഇനിയും വർദ്ധിക്കാൻ ഇടയുണ്ടെന്ന് ദൃക്സാക്ഷികളെ ഉദ്ധരിച്ചുകൊണ്ടുള്ള റിപ്പോർട്ടുണ്ടെങ്കിലും വെടിവെപ്പിൽ ഒരു ആദിവാസി മാത്രമേ മരിച്ചിട്ടുള്ളൂവെന്ന് ഡി ഐ ജി ശങ്കർ റെഡ്ഡി കല്പറ്റയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

മുത്തങ്ങയിലെ കയ്യേറ്റമൊഴിപ്പിക്കാൻ കനത്ത പൊലീസ് സന്നാഹത്തോടെ ഇന്നലെ രാവിലെയാണ് അധികൃതർ നടപടി തുടങ്ങിയത്. പൊലീസുകാരെ ആദിവാസികൾ ചെറുത്തതോടെ സംഘർഷം ആരംഭിച്ചു. ആദിവാസികൾ സ്ഥാപിച്ച ചെക്കുപോസ്റ്റു തകർത്തു കടന്ന പൊലീസ്, കുടിലുകൾ തീവെച്ചു നശിപ്പിച്ചു. തടയാൻ ശ്രമിച്ചവരെ ലാത്തിച്ചാർജ് ചെയ്യുകയും ചെയ്തു. കാട്ടിലേക്ക് പിൻവാങ്ങിയ ആദിവാസികൾ അമ്പും വില്ലും, മഴുവും മറ്റുമുപയോഗിച്ചാണ് പൊലീസിനെ നേരിട്ടത്. ഇതിനിടെ പൊലീസ് സംഘത്തെ പിൻവലിപ്പിക്കാൻ സമ്മർദ്ദം ചെലുത്താനായാണ് ആദിവാസികൾ വിനോദുൾപ്പെടെ പൊലീസുകാരെയും വനംവകുപ്പു ജീവനക്കാരെയും ബന്ദികളാക്കിയത്.

വനിതാ പൊലീസുകാരുൾപ്പെടെയുള്ള ഒരു സംഘത്തെയാണ് ആദ്യം കെണിയിൽപെടുത്താൻ ആദിവാസികൾ ശ്രമിച്ചത്. ഇവരെ തുരത്തുന്നതിനിടയിൽ ഉച്ചക്കാണ് കോൺസ്റ്റബിൾ വിനോദും ഫോറസ്റ്റർ ശശിധരനും ആദിവാസികളുടെ പിടിയിൽ പെട്ടത്. ഇതിനിടെ പൊലീസിന് വെടിവെച്ചു.

ബന്ദിയാക്കിയ പൊലീസുകാരനെയും വനപാലകരെയും വെച്ച് വില പേശിയ ഗോത്രമഹാസഭ, പൊലീസ് പിടിച്ചുകൊണ്ടുപോയവരെ വിട്ടയക്കുക, കാട്ടിൽ നിന്നും പൊലീസ് പിൻമാറുക, പൊലീസ് വെടിവെപ്പിൽ പരിക്കേറ്റ മൂന്ന് ആദിവാസികൾക്ക് ചികിത്സ നൽകുക, ആദിവാസികളുമായുണ്ടാക്കിയ കരാർ നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ഉന്നയിച്ചത്. വൈകുന്നേരം 5.30-ന് ബന്ദികളെ മോചിപ്പിക്കാനെത്തിയ കെ എ പി ബറ്റാലിയനെ ആദിവാസികൾ ആക്രമിച്ചതോടെ പൊലീസുകാർ വീണ്ടും വെടിവെച്ചു. 18 റൗണ്ട് വെടിവെച്ചതായി പറയപ്പെടുന്നു. കെ എ പി കമാൻഡന്റ് സുരേഷ് രാജ് പുരോഹിതിന്റെ നേതൃത്വത്തിലാണ് പൊൻകുഴി ആദിവാസി ക്യാമ്പിൽ ഓപ്പറേഷൻ നടത്തിയത്.

മുത്തങ്ങക്കടുത്ത് പൊൻകുഴി ക്ഷേത്രത്തിന് സമീപമാണ് ആദിവാസികൾ ബന്ദികളെ സൂക്ഷിച്ചിരുന്നത്.

വെടിവെപ്പിനെത്തുടർന്ന് ബന്ദികളെ ആദിവാസികൾ ആക്രമിക്കുകയായിരുന്നെന്നാണ് കരുതുന്നത്. കാലിനും തലക്കുപുറകിലും വെട്ടേറ്റ നിലയിലാണ് വിനോദിനെ കണ്ടെത്തിയത്. ഇയാളെ സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോകുന്നതിനിടയിൽ മരിച്ചു.

തോൽപ്പെട്ടി റെയ്ഞ്ചിലെ വനംവകുപ്പുദ്യോഗസ്ഥൻ സി വി ശശിധരന് ഗുരുതരമായ പരിക്കുണ്ട്. കാലിനു അമ്പേറ്റ് കെ എ പിയിലെ പ്രകാശനെ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പൊൻകുഴി ക്ഷേത്തിന്റെ സമീപത്തു നിന്നും നിരവധി ആദിവാസികളെ അറസ്റ്റു ചെയ്തു. വൈകുന്നേരം ആറോടെ അമ്പതോളം ആദിവാസികളെ പൊലീസ് അറസ്റ്റു ചെയ്തു.

ഇവരിൽ നിന്ന് മാരകായുധങ്ങൾ പിടികൂടിയതായി പൊലീസ് അറിയിച്ചു.

ഇന്ന് സംസ്ഥാനവ്യാപകമായ ഹർത്താലിന് ഗോത്ര മഹാസഭ ആഹ്വാനം ചെയ്തിട്ടുണ്ട്.



ആദിവാസി ഗോത്രസഭാ പ്രവർത്തകരും പൊലീസും ഏറ്റുമുട്ടുന്നു. ഫോട്ടോ: സി എസ് അരുൺ

ജാനുവിന്റെ പിന്നിൽ ചില ശക്തികളുണ്ട് : മുഖ്യമന്ത്രി

തിരുവനന്തപുരം: ജാനുവിന്റെ സമരത്തിന് പിന്നിൽ ഏതോ ചില ശക്തികൾ ഉണ്ടെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി പറഞ്ഞു. പാവപ്പെട്ട അവരെ ആരോ കരുവാക്കുകയാണ്. ഈ രഹസ്യത്തിന്റെ ചുരുൾ അഴിയണമെന്ന് മന്ത്രിസഭാ തീരുമാനം വിശദീകരിക്കവേ അദ്ദേഹം പറഞ്ഞു. അക്രമപ്രവർത്തനങ്ങൾ കർശനമായി നേരിടും. സായുധ കലാപം നടത്താൻ ആരെയും അനുവദിക്കില്ല.

ഒരു ഗവൺമെന്റും കാണിക്കാത്ത ഉദാരമായ നിലപാടാണ് അവരോട് കാണിച്ചത്. ഒരു വർഷത്തിനകം 1800 ഏക്കർ സ്ഥലവും കൃഷിയിറക്കാൻ സഹായവും നൽകി. ആറളം ഫാമിൽ പകുതിവരുന്ന മുഴുവൻ ഏക്കർ കേന്ദ്രഗവൺമെന്റിൽ നിന്ന് അവർക്ക് കൊടുക്കാനായി അനുവദിപ്പിച്ചു. കണ്ണൂരിൽ ആലക്കോട്, ഇടുക്കിയിൽ ചിന്നക്കനാൽ, പേരാമ്പ്ര, എന്നിവയ്ക്ക് പുറമേ കോട്ടയം, കൊല്ലം, തിരുവനന്തപുരം ജില്ലകളിലും സ്ഥലം കണ്ടെത്തി. സ്ഥിരം റേഷൻ ഏർപ്പെടുത്തുകയും ജോലിക്ക് ഭക്ഷണം പദ്ധതിയിലൂടെ സഹായം എത്തിക്കുകയും ചെയ്തു. 300 ആദിവാസികളെ ഫോറസ്റ്റ് ഗാർഡുകളായി നിയമിക്കാൻ നടപടി സ്വീകരിച്ചു. പ്രധാനമന്ത്രിയുമായി ബന്ധപ്പെട്ട് വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര സഹായം ഉറപ്പാക്കി. അങ്ങേയറ്റം ക്ഷമയോടുകൂടി പെരുമാറിയിട്ടും മുത്തങ്ങയിൽ വനം കയ്യേറിയവരിൽ നിന്ന് മനുഷ്യത്വരഹിതമായ പെരുമാറ്റമാണുണ്ടായത്. ഒരു പോലീസുകാരനെ അതിക്രൂരമായി കൊലപ്പെടുത്തി. മണ്ണെണ്ണയൊഴിച്ച് ബന്ദികളെ തീകൊളുത്താൻ ശ്രമിക്കുമ്പോഴാണ് പൊലീസ് വെടിവെച്ചത്. കേരളത്തിലാണ് ഇത് സംഭവിച്ചതെന്ന് വിശ്വസിക്കാനാവുന്നില്ല, മുഖ്യമന്ത്രി പറഞ്ഞു.

കടൽമണൽപദ്ധതി നടപ്പാക്കില്ല: മന്ത്രി

തിരുവനന്തപുരം: വിവാദമായ കടൽ മണൽ ഖനന പദ്ധതിയുമായി മുന്നോട്ടു പോകേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചതായി വ്യവസായ മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി നിയമസഭയെ അറിയിച്ചു. സ്വകാര്യമേഖലയ്ക്ക് കടൽമണൽഖനനം നടത്താൻ അനുവാദം നൽകാനുള്ള നീക്കത്തെ തുടർന്ന് കടലോരമേഖലയിലുണ്ടായതായി പറയുന്ന ഗുരുതര സ്ഥിതിവിശേഷം സംബന്ധിച്ച് നീലലോഹിതദാസൻ നാടാരുടെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി.

മന്ത്രികളിൽ നിന്നുള്ള അമിതമായ മണൽവാരൽ ഗുരുതരമായ പരിസ്ഥിതിപ്രശ്നം സൃഷ്ടിച്ച സാഹചര്യത്തിലാണ് കടൽമണൽഖനനം പരിഗണിച്ചത്.

സംസ്ഥാനത്തെ നിർമ്മാണവ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്നത് കൊണ്ട് നദികളിൽ നിന്നുള്ള മണൽവാരൽ പൂർണമായി നിരോധിക്കാനാവില്ല. ഈ സാഹചര്യത്തിൽ കടൽമണൽഖനനമായിരുന്നു ഒരേ ഒരു മാർഗ്ഗം. ലോകത്ത് എല്ലാ ഭാഗത്തും കടൽമണൽ ഖനനം നടക്കുന്നുണ്ട്.



മുത്തങ്ങയിൽ ആദിവാസി യുവാവിനെ പൊലീസ് മർദ്ദിക്കുന്നു. (കടപ്പാട്: കൈരളി ന്യൂസ്)

ഡോക്ടറെ അയക്കാതിരുന്നത് പ്രശ്നം രൂക്ഷമാക്കി

കല്പറ്റ: തകരപ്പാടി പൊൻകുഴി ക്ഷേത്രത്തിന് സമീപം തമ്പടിച്ച ആദിവാസികൾ ഡോക്ടറെ ആവശ്യപ്പെട്ടെങ്കിലും പൊലീസ് അയക്കാതിരുന്നതാണ് വൈകുന്നേരത്തെ പ്രശ്നങ്ങൾക്ക് കാരണമായത്. പോലീസ് നടപടിയുണ്ടായാൽ ബന്ദികളെ കൊല്ലുമെന്ന് ആദിവാസികൾ പറഞ്ഞതായി ഡി.ഐ.ജി ശങ്കർറെഡ്ഡി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ക്ഷേത്രത്തിനു സമീപം ആബുലൻസ് എത്തിച്ചു കൊടുത്തെങ്കിലും ആദിവാസികൾ സ്വീകരിക്കാൻ തയ്യാറായില്ല. ബന്ദികളായ പോലീസുകാരെ വെട്ടുകയും ഫോറസ്റ്റർക്ക് ചുറ്റും പുല്ല് കൂടിയിട്ട് മണ്ണെണ്ണ ഒഴിച്ച് തീകൊളുത്തുകയും ചെയ്തപ്പോഴാണ് ഗോത്ര മഹാസഭ പ്രവർത്തകർക്ക് നേരെ വെടിവെച്ചത്.

പോലീസ് പതിനെട്ട് റൗണ്ട് വെടിവെച്ചു. സർവീസ് റിവാൾവറും വെടിവെപ്പിന് ഉപയോഗിച്ചിരുന്നു. വെടിവെപ്പിൽ ഒരു ആദിവാസി മരിച്ചതായി പോലീസ് സ്ഥിരീകരിച്ചു. ആദിവാസികൾ തമ്പടിച്ച പ്രദേശത്തിന്റെ 150 മീറ്റർ പരിധിയിൽ തിരച്ചിൽ നടത്തിയെങ്കിലും ആരെയും കണ്ടെത്താനായില്ല. വൈകുന്നേരത്തെ പോലീസ് നടപടിയിൽ പരിക്കേറ്റ 15പേരെ സുൽത്താൻബത്തേരിയിൽ താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ബന്ദികളെ മോചിപ്പിക്കാനുള്ള സർവ്വ സന്നാഹങ്ങളുമായാണ് പോലീസ് എത്തിയത്. 40 പേരെ അറസ്റ്റ് ചെയ്തു. ഓപ്പറേഷൻ ഇന്നും തുടർന്നേക്കും.

മൂന്നരലക്ഷം ആദിവാസികൾക്ക് ഭൂമി അനുവദിക്കുമെന്ന സർക്കാർ വാഗ്ദാനം പാലിക്കാനായില്ലെന്ന് ആരോപിച്ചാണ് ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ മുത്തങ്ങയിൽ ആദിവാസികൾ വനഭൂമി കയ്യേറിയത്. തകരപ്പാടി, അമ്പുത്തി, വേങ്ങര, ഞണ്ടിറുക്കി പ്രദേശങ്ങളിലെ പന്ത്രണ്ടായിരം ഏക്കറിൽ ആയിരത്തിലധികം കുടുംബങ്ങളാണ് താവളമടിച്ചത്.

ഏറെനാളായി ഈ സമരത്തെ സംസ്ഥാന സർക്കാർ അവഗണിക്കുകയായിരുന്നു.

'വർത്തമാനം' റിപ്പോർട്ടർക്കു നേരെ കയ്യേറ്റ ശ്രമം

മുത്തങ്ങ: ആദിവാസികൾക്കെതിരെ നടപടി എടുക്കുന്നതിനിടെ പോലീസുകാർ പത്രപ്രവർത്തകരെയും കൈകാര്യം ചെയ്യാൻ ശ്രമിച്ചു. 'വർത്തമാനം' റിപ്പോർട്ടർ മുജീബ്റഹ്മാന്റെ നേരെ കയ്യേറ്റ ശ്രമമുണ്ടായി. കൈരളി ടി.വിയുടെ കാസറ്റ് പിടിച്ചുവാങ്ങി. ക്രൂരമായ പൊലീസ് മർദ്ദനമേറ്റ ക്യാമറാമാൻ ഷാജി പട്ടണത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 'പടയാളി' ഫോട്ടോഗ്രാഫർ സജീവൻ വടക്കൻപാടിന്റെ ക്യാമറ പിടിച്ചെടുത്ത് മൂന്ന് റോൾ ഫിലിമുകൾ നശിപ്പിച്ചു.



മുത്തങ്ങയിൽ പൊലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ട ആദിവാസി.



മുത്തങ്ങയിൽ വെട്ടേറ്റു മരിച്ച പൊലീസുകാരൻ വിനോദ്

വർത്തമാനം

സപ്ലിമെന്റടക്കം ഇന്നത്തെ പത്രം 20 പേജാണ്. വിലയിൽ മാറ്റമില്ല.

ജന. മാനേജർ (സർക്കുലേഷൻ)

കരുണാകരനെ വിചാരണ ചെയ്യാൻ ഹൈക്കോടതിയുടെ അനുമതി

കൊച്ചി: പാമോലിൻ ഇറക്കുമതി അഴിമതിക്കേസിൽ മുൻമുഖ്യമന്ത്രി കെ. കരുണാകരനെ പ്രോസിക്യൂട്ട് ചെയ്യാൻ സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്ന് ഹൈക്കോടതി ഉത്തരവിട്ടു. ലോകസഭാസ്പീക്കറുടെ അനുമതി ഹാജരാക്കാത്തതിനാൽ കെ. കരുണാകരനെതിരായ കുറ്റപത്രം തിരുവനന്തപുരം വിജിലൻസ് കോടതി നിരസിച്ചിരുന്നു. ഇതിനെതിരെ സംസ്ഥാന സർക്കാർ നൽകിയ റിവിഷൻ ഹർജിയിൽ ജസ്റ്റിസ് എൻ. കൃഷ്ണൻ നായരാണ് ഈ ഉത്തരവിട്ടത്.

കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗിച്ച് പാമോലിൻ ഇറക്കുമതിയിൽ അഴിമതി കാട്ടി ഖജനാവിന് 2.8 കോടി രൂപയുടെ നഷ്ടം വരുത്തിയെന്നാണ് കേസിലെ ആരോപണം. മുൻ ഭക്ഷ്യ മന്ത്രി ടി.എച്ച്. മുസ്തഫ, മുൻ ചീഫ് സെക്രട്ടറി എസ്. പത്മകുമാർ, അസി. ചീഫ് സെക്രട്ടറി സ്കറിയ മാത്യു തുടങ്ങിയവരും കേസിൽ പ്രതികളാണ്.

ലോകസഭാസ്പീക്കറുടെ അനുമതി ലഭിക്കാൻ വേണ്ടി, പ്രോസിക്യൂട്ടർ പലപ്രാവശ്യം വിജിലൻസ് കോടതിയിൽ നിന്ന് സമയം നീട്ടി വാങ്ങിയിരുന്നു. 2000 ജനുവരി 21ന് അന്വേഷണ സംഘത്തിന്റെ ആവശ്യപ്രകാരം മൂന്നുമാസം കൂടി കോടതി അനുവദിച്ചു.

ലോകസഭാ സ്പീക്കറിൽ നിന്ന് അനുവാദം ലഭിക്കാൻ കൂടുതൽ സമയം ചോദിച്ച് 2001 മാർച്ച് 23ന് അന്വേഷണസംഘം വീണ്ടും കോടതിയെ സമീപിച്ചെങ്കിലും നിരസിക്കപ്പെട്ടു. തുടർന്നാണ് കുറ്റപത്രം തള്ളിയത്.

ഇതാണ് സർക്കാർ ഹൈക്കോടതിയിൽ ചോദ്യം ചെയ്തത്. കെ. കരുണാകരനുവേണ്ടി സുപ്രീം കോടതി സീനിയർ അഭിഭാഷകൻ കപിൽ സിബൽ ഹൈക്കോടതിയിൽ ഹാജരായി.

സ്വാശ്രയ കോളെജ്: സർക്കാർ അപ്പീൽ നൽകും

തിരുവനന്തപുരം: സ്വാശ്രയ കോളെജ് പ്രശ്നത്തിൽ സുപ്രീം കോടതിയിൽ അപ്പീൽ നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. അൻപത് ശതമാനം സീറ്റ് മാനേജ്മെന്റിനും അൻപത് ശതമാനം സീറ്റ് യോഗ്യതയനുസരിച്ചും എന്ന നിലപാടിൽ ഉറച്ചുനിൽക്കുന്നതായും പ്രൊഫഷണൽ കോളേജുകളിൽ ഇരുപത്തഞ്ച് ശതമാനം മെരിറ്റ് സീറ്റുകളിലേയ്ക്ക് ലിസ്റ്റ് കൊടുക്കാൻ സർക്കാർ തയ്യാറില്ലെന്നും മുഖ്യമന്ത്രി മന്ത്രിസഭാതീരുമാനങ്ങൾ വിശദീകരിച്ച് അറിയിച്ചു. മുതിർന്ന അഭിഭാഷകൻ കെ. വേണുഗോപാലിനെ സുപ്രീംകോടതിയിൽ കേസ് നടത്താനുള്ള ചുമതല ഏൽപ്പിച്ചതായി അദ്ദേഹം പറഞ്ഞു. അൻപത് ശതമാനം സീറ്റുകളിൽ യോഗ്യതയനുസരിച്ച് പ്രവേശനം നൽകുവാൻ തയ്യാറാകുന്ന മാനേജ്മെന്റുകൾക്ക് സർക്കാർ ലിസ്റ്റ് നൽകും. എൻ.ഒ.സി. അനുവദിക്കുമ്പോൾ മാനേജ്മെന്റുകൾക്ക് മുപ്പത് ശതമാനം സീറ്റുകൾ മാത്രമേ ലഭിക്കൂ എന്നതായിരുന്നു സ്ഥിതി.







മുത്തങ്ങയിൽ ഭൂമി കയ്യേറിയ ആദിവാസികളെ ഒഴിപ്പിക്കാൻ പൊലീസെത്തിയപ്പോൾ: *ആയുധമേന്തി വെല്ലുവിളിക്കുന്ന ആദിവാസി ഗോത്ര മഹാ സഭാ പ്രവർത്തകൻ (ചിത്രം 1) കുടിയേറിയവരെ ഒഴിപ്പിക്കാനെത്തിയ പൊലീസ് വ്യൂഹം (ചിത്രം 2) ഗോത്ര മഹാ സഭാപ്രവർത്തകർക്കിടയിൽ ടിയർ ഗ്യാസ് ഷെൽ വീണ് പൊട്ടിയപ്പോൾ (ചിത്രം 3)*

ജാനുവിനും കൂട്ടർക്കുമെതിരെ ജനരോഷമുയരുന്നു

സുൽത്താൻബത്തേരി: മുത്തങ്ങയിൽ ഭൂമികൈയ്യേറിയ ആദിവാസികൾക്കെതിരെ ജനരോഷമുയരുന്നു. നാട്ടുകാരെയും ഫോറസ്റ്റുകാരെയും ബന്ദികളാക്കിയതോടെയാണ് ഗോത്ര സഭക്കെതിരെ ജനങ്ങൾ പ്രതികരിക്കാൻ തുടങ്ങിയത്.

ടാക്സി ഡ്രൈവറെ ബന്ദിയാക്കിയതിൽ പ്രതിഷേധിച്ച് സുൽത്താൻ ബത്തേരിയിലെ ടാക്സിഡ്രൈവർമാർ പ്രകടനം നടത്തി. കൈയ്യേറ്റ ഭൂമിക്ക് സമീപമെത്തിയ ഡ്രൈവർമാരെ പൊലീസ് തടഞ്ഞതു കൊണ്ട് റോഡിൽ കുത്തിയിരുന്നു.

സർവ്വകക്ഷിനേതാക്കളുടെ നേതൃത്വത്തിൽ മുത്തങ്ങ ചെക്ക് പോസ്റ്റിൽ വാഹനഗതാഗതം തടഞ്ഞു. ഏഷ്യാനെറ്റ് ന്യൂസ് ടീമിനെയും വഴിയിൽ തടഞ്ഞു.

മുത്തങ്ങയിൽനിന്നും തകരപ്പാടി കൈയ്യേറ്റ ഭൂമിയിലേക്ക് പ്രകടനമായെത്തിയ നാട്ടുകാരെ തടഞ്ഞു നിർത്താൻ പോലീസ് ഏറെ പണിപെട്ടു.

ഒരു ഭാഗത്ത് രോഷാകുലരായ നാട്ടുകാരും മറുഭാഗത്ത് ആയുധധാരികളായ ആദിവാസികളും നിലയുറപ്പിച്ചു. ഭൂമി കൈയ്യേറ്റ പ്രദേശത്തെ ചെക്ക് പോസ്റ്റിന് തൊട്ടടുത്തുള്ള വിശാലമായ മൈതാനം ഏറെ നേരം സംഘർഷാവസ്ഥയിലായിരുന്നു.

കയ്യേറ്റ ഭൂമിയിൽ മരങ്ങൾ മുറിച്ചിട്ട് വഴി തടസ്സപ്പെടുത്തിയിട്ടുണ്ട്. അമ്പും വില്ലുമേന്തിയ ആദിവാസികളും പൊലീസ് സേനയും തകരപ്പാടിയിൽ കാവലുണ്ട്.

ജില്ലയിൽ നടക്കുന്ന വനംഭൂമി കൈയ്യേറ്റ സമരങ്ങൾ ആദിവാസികളോടുള്ള ആത്മാർത്ഥത കൊണ്ടല്ലെന്നും സ്വകാര്യ രാഷ്ട്രീയ താല്പര്യങ്ങൾ സംരക്ഷിക്കാനാണെന്നും യൂത്ത് കോൺഗ്രസ്(ഐ) വയനാട് ജില്ലാ പ്രസിഡന്റ് അഡ്വ. പി.ഡി.സജി ആരോപിച്ചു. ഐക്യജനാധിപത്യമുന്നണി സർക്കാർ നിയമ സഭാതലത്തിൽ ആദിവാസി ഭൂമിവിതരണ നിയമം ഉണ്ടാക്കിയത് അർഹതയുള്ളവർക്ക് ഭൂമി വിതരണം ചെയ്യാനാണ്, എന്നാൽ തങ്ങളുടെ സമരംകൊണ്ടാണ് ആദിവാസി ഭൂവിതരണം നടക്കുന്നത് എന്ന് വരുത്തിതീർക്കുന്നതിനാണ് ജാനുവും മാർക്സിസ്റ്റ് പാർട്ടിയും നിയമ വിരുദ്ധമായി നിബിഢവനമേഖലകൾ കൈയ്യേറുന്നതെന്ന് സജി പറഞ്ഞു.

കൽപ്പറ്റ സർവീസ് സഹകരണബാങ്ക് 13.5 കോടി രൂപ വായ്പ നൽകും

കല്പറ്റ: സാമ്പത്തിക വർഷത്തിൽ കല്പറ്റ സർവീസ് സഹകരണബാങ്ക് ഈ വർഷം 13.5 കോടി രൂപ വായ്പയായി നൽകുമെന്ന് പാർട്ടൈം അഡ്മിനിസ്ട്രേറ്റർ പി.സുരേഷ് ബാബു, സെക്രട്ടറി പി.വി. ധരണീന്ദ്രൻ, മാനേജർ കെ.കെ. കേളപ്പൻ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

നിലവിൽ അംഗങ്ങളല്ലാത്തവർ അംഗത്വ ഹരജിയും, വായ്പ ഹരജിയും ബാങ്കിൽ ഹാജരാക്കിയാൽ അഞ്ചുലക്ഷം വരെ വായ്പ ലഭിക്കും. മുൻപ് വായ്പയെടുത്തവർ പലിശ അടച്ചാൽ അന്നേ ദിവസം വായ്പ പുതുക്കി നൽകും.

സ്വർണ വായ്പ എല്ലാ ദിവസവും കമ്പോള വിലയുടെ എഴുപത് ശതമാനം നിരക്കിൽ നൽകും. നിക്ഷേപങ്ങൾക്ക് ഒമ്പതേകാൽ ശതമാനം പലിശ നൽകും. കാർഷിക വായ്പകൾക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും നൽകും.

നിലവിലുള്ള വായ്പകൾ അവധി തെറ്റാതെ തിരിച്ചടക്കുന്നവർക്കും, പലിശ അടച്ച് പുതുക്കുന്നവർക്കും അഞ്ച് ശതമാനം പ്രൊഡക്ഷൻ കോസ്റ്റ് റിലീഫിന് അർഹതയുണ്ടാകും. അവധി തെറ്റിയ വായ്പ മാർച്ച് 31ന് മുമ്പ് അടച്ചാൽ പിഴ പലിശ പൂർണ്ണമായും ഒഴിവാക്കും.

കൂട്ടായ്മ വേണം: എൻ ഡി എഫ്

കല്പറ്റ: മുസ്ലിം വിരുദ്ധ ശക്തികൾക്കെതിരെ കൂട്ടായ പ്രവർത്തനത്തിന് തയ്യാറാകണമെന്ന് എൻ.ഡി.എഫ് വയനാട് ഡിവിഷൻ യോഗം ആവശ്യപ്പെട്ടു. ആശയ പരമായി അഭിപ്രായ ഭിന്നതയില്ലാത്തവർ സംഘടനാ പക്ഷപാതിത്വത്തിന്റെ പേരിൽ നടത്തുന്ന ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഡിവിഷനൽ കൺവീനർ എ.യൂസഫ് അധ്യക്ഷത വഹിച്ചു. പി.മൂസ്സ, ടി.നാസ്സർ, പി.ഇബ്രാഹിം എന്നിവർ പ്രസംഗിച്ചു.

മരക്കടവ് ദേവാലയ തിരുന്നാൾ

പുൽപ്പള്ളി: മരക്കടവ് സെന്റ് ജോസഫ് ദേവാലയത്തിലെ വിശുദ്ധ ഔസേപ്പ് പിതാവിന്റെ തിരുന്നാൾ 22– മുതൽ മാർച്ച് രണ്ടുവരെ ആഘോഷിക്കും. 22 ന് നാലരക്ക് പതാക ഉയർത്തും. 28 വരെ എല്ലാ ദിവസവും വൈകുന്നേരം അഞ്ചുമണിക്ക് കുർബാന, പ്രസംഗം, നൊവേന എന്നിവ നടക്കും. മാർച്ച് ഒന്നിന് തിരുന്നാൾ കുർബാന, പ്രദക്ഷിണം, സൺഡേ സ്കൂളിന്റെയും ഭക്ത സംഘടനകളുടെയും വാർഷികം, എന്നിവ ഉണ്ടാവും. പിറ്റേദിവസം രാവിലെ 7.30ന് ദിവ്യബലി, 10.30ന് തിരുന്നാൾ ഗാനപൂജ, ഉച്ചക്ക് പ്രദക്ഷിണം, വൈകീട്ട് ഗാനമേള എന്നീ പരിപാടികൾ നടക്കും.

വരാമ്പറ്റ സംഭവത്തിന്റെ പേരിൽ പീഡനമെന്ന്

കല്പറ്റ: വരാമ്പറ്റ സംഭവത്തിന്റെ മറവിൽ സുന്നി പ്രവർത്തകരെ കൈയ്യേറ്റം ചെയ്യുന്നതും ബോർഡുകളും, ബാനറുകളും നശിപ്പിക്കുന്നതും പ്രതിഷേധാർഹമാണെന്ന് എസ്.വൈ.എസ്. ജില്ലാ സെക്രട്ടറിയേറ്റ് യോഗം അഭിപ്രായപ്പെട്ടു. എം. മുഹമ്മദലി മാസ്റ്റർ അധ്യക്ഷത വഹിച്ചു. സി.മൊയ്തീൻകുട്ടി മുസ്ലിയാർ, ഉസ്മാൻ മൗലവി, അശ്റഫ് സഖാഫി, യു.പി. അബ്ദുൽ ഖാദിർ മൗലവി, ശറഫുദ്ദീൻ അഞ്ചാംപീടിക, എം. അബ്ദുറഹ്മാൻ മുസ്ലിയാർ എന്നിവർ പ്രസംഗിച്ചു.

മാതൃസംഗമം നടത്തി

മേപ്പാടി: സർക്കാർ എൽ.പി. സ്കൂൾ മദർ പി.ടി.എയുടെ ആഭിമുഖ്യത്തിൽ മാതൃസംഗമം നടത്തി. 'കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ അമ്മമാരെ സജ്ജരാക്കുക' എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. എൻ. വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. പ്രീത ജെ പ്രിയദർശിനി അദ്ധ്യക്ഷത വഹിച്ചു.

ശാസ്ത്ര സാങ്കേതിക വളർച്ചക്കൊപ്പം പ്രകൃതി സംരക്ഷണവും അനിവാര്യം: സുയൂഷിതാര

കല്പറ്റ: ശാസ്ത്രസാങ്കേതിക വളർച്ചക്കൊപ്പം പ്രകൃതി സംരക്ഷണം ഉറപ്പു വരുത്തിയില്ലെങ്കിൽ മാനവരാശിക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരുമെന്ന് പ്രശസ്ത നരവംശ ശാസ്ത്രജ്ഞനും ടോക്യോ ഷിബൽ യൂണിവേഴ്സിറ്റി ആന്ത്രപ്പോളജി പ്രൊഫസറുമായ സുയൂഷിതാര അഭിപ്രായപ്പെട്ടു. ഓയിസ്ക ഇന്റർനാഷണൽ കൽപ്പറ്റ ചാപ്റ്റർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ടോക്യോവിൽനിന്നുള്ള 12 വിദ്യാർത്ഥിനികൾ പങ്കെടുത്തു.

കോളെജ് പ്രിൻസിപ്പാൾ പ്രൊഫ. എ. അബ്ദുൽ ലത്തീഫ് അധ്യക്ഷത വഹിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. എൽ. പൗലോസ് മുഖ്യപ്രഭാഷണം നടത്തി. എം.എ. മുഹമ്മദ് ജമാൽ, മുട്ടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരസമ്മ ടീച്ചർ, ഓയിസ്ക സൗത്ത് ഇന്ത്യാ ചാപ്റ്റർ വൈ. പ്രസിഡന്റ് ഡോ. പ്രമോദ് കൊവൂർ, പ്രൊഫ. ജോസ് തേവര, സി.വി. വിനു ബാബു, ഡോ. പ്രമോദ് കൊവൂർ ജോയി, പി.കബീർ സംസാരിച്ചു.



ഓയിസ്ക ഇന്റർനാഷണൽ കല്പറ്റ ചാപ്റ്റർ ടോക്കിയോവിലെ ഷിബൽ യൂണിവേഴ്സിറ്റി പ്രൊഫസർ സുയൂഷിതാര ഉദ്ഘാടനം ചെയ്യുന്നു.

കൈതക്കൽ ഗവ എൽ പി സ്കൂൾ പ്ലാറ്റിനം ജൂബിലി ആഘോഷം

കൈതക്കൽ: ഗവ. എൽ.പി. സ്കൂൾ പ്ലാറ്റിനം ജൂബിലി ആഘോഷം മാർച്ച് ആദ്യവാരം ആരംഭിക്കും. പരിപാടി നടത്തിപ്പിന് പി.കെ.കെ.നായർ ചെയർമാനായി 101 അംഗസ്വാഗതസംഘം രൂപീകരിച്ചു

.പി.കെ. അബ്ദുൽ അസീസ് (വർക്കിംഗ് പ്രസിഡന്റ്) എൽ.ടി. ഗോപാലൻ മാസ്റ്റർ(ജനറൽ കൺവീനർ), കെ.സി. പവിത്രൻ (ജോ. കൺവീനർ), ലിസ്സി സെബാസ്റ്റ്യൻ, ജോസ് ചെറുകാട്, പി.ഇബ്രാഹിം ഹാജി, സി.പി. മാധവൻ, കെ.വി.അബു(വൈ.പ്രസിഡന്റ്) മേരി ആന്റണി (മുഖ്യരക്ഷാധികാരി), തോമസ് വലിയപടിക്കൽ, അബ്ദുറഹ്മാൻ, സുലൈഖാ സൈയ്ത്, കത്രീന, എൻ.കെ. കുഞ്ഞികൃഷ്ണൻ (രക്ഷാധികാരികൾ) എന്നിവരാണ് മറ്റ് ഭാരവാഹികൾ.

വിവിധ സബ് കമ്മിറ്റി ഭാരവാഹികളായി പി.പി. വർക്കി മാസ്റ്റർ, സുമ ടീച്ചർ, കെ.മൊയ്തീൻ, അബുബക്കർ, ചെറിയമുസ, ആർ.സുനിൽകുമാർ, പി. കെ. പോക്കർ, മോളമ്മ ടീച്ചർ, ഇ.പി. ഫിലിപ്പ്, എൻ.ആർ.ശ്രീധരൻ, പി.കെ. അബ്ദുൽ അസീസ്, ആർ.സുനിൽകുമാർ, സി.കെ. നളിനാക്ഷൻ, കെ.ഉസ്മാൻ എന്നിവരെയും തെരഞ്ഞെടുത്തു.യോഗത്തിൽ പി.കെ.കെ. നായർ അധ്യക്ഷത വഹിച്ചു.

ആദിവാസി ക്ഷേമ സമിതി 12 കേന്ദ്രങ്ങളിൽ വഴി തടഞ്ഞു

കല്പറ്റ: ആദിവാസി ക്ഷേമസമിതിയുമായി സർക്കാർ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ പാലിക്കണമെന്നാവശ്യപ്പെട്ട് എ കെ എസിന്റെ നേതൃത്വത്തിൽ ഇന്നലെ 12 കേന്ദ്രങ്ങളിൽ വഴി തടഞ്ഞു. ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ ഭൂമി കൈയേറിയിട്ടുള്ള ആദിവാസികൾ സമരകേന്ദ്രങ്ങളിൽ നിന്നും പ്രകടനമായി എത്തിയാണ് വഴിതടഞ്ഞത്

മുട്ടിലിൽ നടന്ന സമരം സി പി എം ജില്ലാസെക്രട്ടറി പി.എ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. എം.സി സെബാസ്റ്റ്യൻ, പി ജോർജ്ജ്, വി മണി എന്നിവർ നേതൃത്വം നൽകി.

മേപ്പാടിയിൽ വി.പി ശങ്കരൻ നമ്പ്യാരും വൈത്തിരിയിൽ കൽപ്പറ്റ മുനിസിപ്പൽ ചെയർമാൻ ടി.എസ് രാധാകൃഷ്ണനും പടിഞ്ഞാറത്തറയിൽ കെ.വി മോഹനനും കാട്ടിക്കുളത്ത് പി.വി സഹദേവനും വഴി തടയൽ സമരം ഉദ്ഘാടനം ചെയ്തു.

ശിവരാത്രി മഹോത്സവം

മുട്ടിൽ:അയ്യപ്പ ഭജന മഠത്തിൽ ശിവരാത്രി മഹോത്സവം മാർച്ച് ഒന്നിന് വിവിധ പരിപാടികളോടെ ആഘോഷിക്കുമെന്ന് ക്ഷേത്ര ഭാരവാഹികൾ അറിയിച്ചു.



തൊവരിമല അബ്ദുൽ അസീസ് സ്മാരക നാടക അവാർഡ് സിവിക് ചന്ദ്രനിൽ നിന്നും ടി.കെ. അനിൽ കുമാർ ഏറ്റുവാങ്ങുന്നു.

ശമ്പളം നല്കുന്നതിൽ കാലതാമസം പാടില്ല

തരിയോട്: ഫോറസ്റ്റ് വാച്ചർമാർക്ക് ശമ്പളം നല്കുന്നതിൽ കാലതാമസം ഉണ്ടാകരുതെന്ന് ആദിവാസി സംഘം തരിയോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ടു. ആദിവാസികളല്ലാത്തവരെ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് വാച്ചർമാരായി നിയമിക്കുന്ന നടപടി നിർത്തലാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. എം. കൃഷ്ണൻകുട്ടി അധ്യക്ഷത വഹിച്ചു.

അധ്യാപക ഒഴിവ്

കല്പറ്റ: കേന്ദ്രീയ വിദ്യാലയത്തിൽ 2003-04 വർഷത്തിൽ ഒഴിവുവരുന്ന പ്രൈമറി ടീച്ചർ, സൈക്യൂരിറ്റി ഏജൻസി എന്നീ തസ്തികകളിലേക്ക് നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചു. 21-വരെ അപേക്ഷ സ്വീകരിക്കും. അപേക്ഷാ ഫോറവും വിശദവിവരങ്ങളും ഓഫീസിൽ നിന്നും ലഭിക്കും.

യോഗം ഇന്ന്

പനമരം: കാർഷിക മേഖലയിലെ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം കൃഷി ഭവനിൽപേർ റജിസ്റ്റർ ചെയ്തവരുടെ യോഗം ഇന്ന്10 മണിക്ക് ന് പനമരം കമ്യൂണിറ്റി ഹാളിൽ ചേരും.

ഡെപ്യൂട്ടേഷൻ: പൊലീസുകാർ അസോസിയേഷനെതിരെ തിരിയുന്നു

കല്പറ്റ: റെയിൽവേയിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തിരുന്ന പൊലീസുകാരെ കാലാവധി കഴിയും മുമ്പേ തിരിച്ചുവിളിച്ചത് ജില്ലയിലെ പൊലീസ് അസോസിയേഷനിൽ അഭിപ്രായഭിന്നത രൂക്ഷമാക്കുന്നു. വയനാട്, ഇടുക്കി ജില്ലകളിലെ പോലീസുകാർക്കാണ് ഡെപ്യൂട്ടേഷൻ നിർത്തൽ നടപടി ഏറെ വിനയായത്.

ലോക്കൽ സ്റ്റേഷനുകളിലെ പോലീസുകാരെയാണ് റെയിൽവേയിലേക്കും മറ്റ് സേനാ വിഭാഗങ്ങളിലേക്കും മാറ്റിയത്. ഇവരിൽ പലരും രണ്ട് വർഷത്തോളം കാലാവധി പൂർത്തിയാക്കിയവരാണ്. ലോക്കലിലേക്ക് വന്നതിനാൽ ക്യാമ്പിൽ ഹെഡ് കോൺസ്റ്റബിളാകാനും ം ഇവർക്ക് കഴിയില്ല.

ക്യാമ്പിലേക്ക് തിരിച്ചയക്കപ്പെട്ടവരും ലോക്കലിലേക്ക് തിരിച്ചെത്തിയവരും തങ്ങളുടെ പ്രശ്നങ്ങളുമായി പോലീസ് അസോസിയേഷനെ സമീപിച്ചെങ്കിലും അനുഭാവപൂർവമായ നിലപാട് ഉണ്ടായില്ല. ഇതാണ് ഒരു വിഭാഗം പോലീസുകാർ അസോസിയേഷനെതിരെ തിരിയാൻ ഇടയാക്കിയത്.

ലോക്കൽ സ്റ്റേഷനിലാമെങ്കിലും ക്യാമ്പിലായാലും ഒരേ ശമ്പളം തന്നെയാണ് ലഭിക്കുന്നത്. ലോക്കലിൽ ഇവരെക്കൂടി നിർത്തുന്നത് സർക്കാരിന് ബാധ്യത വരുത്തുന്ന കാര്യവുമല്ല. ഇതിനുമുമ്പ് ലോക്കലിൽ 15 പേരോളം അധികം വന്നപ്പോൾ ക്യാമ്പിൽനിന്നെത്തിയവരെ തിരിച്ചയച്ചിരുന്നില്ല. അന്നത്തെ അസോസിയേഷന്റെ ശ്രമഫലമായിട്ടാണ് അധികമുള്ളവരെ തിരിച്ചയക്കാതിരുന്നത്. ഈ സമീപനം ഇപ്പോഴും സ്വീകരിക്കണമെന്നതാണ് ആവശ്യം.

റെയിൽവേയിൽനിന്നും മറ്റും ഡെപ്യൂട്ടേഷൻ റദ്ദാക്കിയതിനാൽ തിരിച്ച് ലോക്കലിലെത്തിയവർക്കും പ്രശ്നങ്ങളുണ്ട്. ഇവരും അസോസിയേഷനുമായി ബന്ധപ്പെട്ടിരുന്നുവത്രെ. എന്നാൽ അസോസിയേഷൻ അയഞ്ഞ നിലപാട് തുടരുകയാണെന്നും ഇങ്ങനെയാണെങ്കിൽ എന്തിനാണ് അസോസിയേഷനെന്നും ഇവർ ചോദിക്കുന്നു.

ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കല്പറ്റ: ജില്ലാ വിദ്യാഭ്യാസ വകുപ്പിൽ 1990 ഫെബ്രുവരി 15 മുതൽ 2001 ഡിസംബർ 31വരെ നിയമനം ലഭിച്ച പാർട്ട് ടൈം കണ്ടിജന്റ് മീനിയൽസിന്റെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഉപജില്ലാ പട്ടിക സംബന്ധിച്ച് പരാതിയുള്ളവർ 28-നകം മേലധികാരികൾ മുഖേന രേഖാമൂലം പരാതി സമർപ്പിക്കണമെന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടർ അറിയിച്ചു.

സ്കൂൾ കലോത്സവം

മുട്ടിൽ: ബ്രെയിൻസ് പബ്ലിക് സ്കൂൾ കലോത്സവം 22ന് വൈകുന്നേരം അഞ്ച് മണിക്ക് സിനിമാ തിരക്കഥാകൃത്ത് റോബിൻ തിരുമല ഉദ്ഘാടനം ചെയ്യും. പി.സി. അഹമ്മദ് ഹാജി അധ്യക്ഷത വഹിക്കും. പി.കെ. റെഡി മുഖ്യാതിഥിയായിരിക്കും. 1 100ൽ പരം കലാകാരന്മാർ മാറ്റുരക്കുമെന്ന് പ്രിൻസിപ്പൽ നാസിർ പാലൂർ അറിയിച്ചു.

വില്പനയ്ക്ക്

കൊച്ചി ബൈപാസ് നെട്ടൂർ പാലത്തിന് സമീപം ലേക്ഷോർ ഹോസ്പിറ്റൽ നിപ്പോൺ ടയോട്ട ഷോറും മുതൽ 45 സെന്റ് സ്ഥലം (IInd Plot) sാർ റോഡ് ഫ്രന്റേജ് ഹോട്ടൽ, ലോഡ്ജ്, ഗോഡൗൺ ആവശ്യത്തിന്. ഫോൺ: 0484-2391016

ആശംസകളോടെ
ഡോ. എൻ അബ്ദു
(B.Sc, M. B.B.S, D.C.H)
ഡോ. കെ ടി റുഖിയ്യ
(B.Sc, M.B.B.S, D.G.O)
നൗഫ–ഹോസ്പിറ്റൽ
വേങ്ങര
ഫോൺ: 2455369

വിവിധ കമ്പനികളുടെ ടി.വി., ഫ്രിഡ്ജ്, വാഷിങ്ങ് മെഷീൻ മറ്റു ഗൃഹോപകരണങ്ങൾ എന്നിവ ഏറ്റവും കുറഞ്ഞ വിലയിൽ ലഭിക്കുന്നതിന് സമീപിക്കുക:
HE ഹോംലൈൻ ഇലക്ട്രോണിക്സ് (പ്രൈ). ലി.
മെയിൻ റോഡ്,
സുൽത്താൻ ബത്തേരി.
ഫോൺ: 620809

With best compliments from:
Konica
SHILPA
COLOR LAB
Keerthi Towers, Sulthan Bathery,
Wayanad Dt. Kerala - 673 592. Ph: (0493) 621618
H.O. MANGALORE
Branches: SHIMOG, KASARGOD, KANHANGAD, KANNUR

INSTITUTE OF CALLIGRAPHY
(Handwriting Improvement Course)
KALLANGODEN TOWERS,
NEAR TELEGRAPH OFFICE,
MAIN ROAD, KELPETTA, PH: 603850, 608621
നിങ്ങളുടെ കയ്യക്ഷരം മണിക്കൂറുകൾക്കകം ഭംഗിയാക്കാം
- പ്രായഭേദമില്ല.
- കോപ്പിയെഴുത്തില്ല
- വിദ്യാഭ്യാസ യോഗ്യത ആവശ്യമില്ല

ഞങ്ങളുടെ സഹോദര സ്ഥാപനം
പറമ്പത്ത് ട്രാവൽസ്, കൽപറ്റ
കോയമ്പത്തൂർ, ബാംഗ്ലൂർ, മുംബൈ ലക്ഷ്വറി ബസ്സുകളുടെ (ദിവസേന രാത്രി) ടിക്കറ്റുകൾ ഇവിടെ ബുക്കു ചെയ്യാവുന്നതാണ്. Ph: 603860, 602929

റിലയൻസ് ഇൻഡ്യാ മൊബൈൽ
വമ്പിച്ച പയനീർ ക്ലബ് ഓഫർ!! ബുക്കിങ്ങ് ആരംഭിച്ചിരിക്കുന്നു
10,500 രൂപ വിലയുള്ള ഡിജിറ്റൽ മൊബൈൽ ഹാൻഡ് സെറ്റ് സൗജന്യം!! ഹ്രസ്വ കാളുകൾക്ക് 10 പൈസ മാത്രം ! ഒരു മിനിറ്റിന് 40 പൈസ, ഇൻകമിങ്ങ് കാളുകളും, SMS അയക്കുന്നതും-സ്വീകരിക്കുന്നതും, മാസത്തിൽ 400 മിനിറ്റ് ഔട്ട് ഗോയിങ്ങും. കോളർ ID, കാൾ വെയിറ്റിങ്ങ്, കാൾ ഡൈവർട്ട്, വോയ്സ് മെയ്ൽ, 3 വർഷത്തേക്കുള്ള ഇന്റർനെറ്റ് കണക്ഷൻ എന്നിവ പൂർണ്ണമായും സൗജന്യം, കൂടാതെ വീഡിയോ ഗെയിം, മൂവി, ക്രിക്കറ്റ്, ന്യൂസ്, ടി.വി.സീരിയൽ, MP3 സോംങ്ങ്സ്, ഫോട്ടോ അയക്കൽ സ്വീകരിക്കൽ എന്നീ ആധുനിക സൗകര്യങ്ങളും, ഒന്നിച്ചു പണം മുടക്കേണ്ടതില്ല. മൂന്ന് കൊല്ലം കൊണ്ട് തവണകളായി പോസ്റ്റ് ഡേറ്റ് ചെക്കുകളിലൂടെ പണം അടക്കാവുന്ന സൗകര്യം.
ഇന്നുതന്നെ ബുക്ക് ചെയ്യുക: തേജസ് ലക്കി സെന്റർ, ഫോൺ: 606964
TV, Video, CD, VCD തുടങ്ങി ഇലക്ട്രോണിക് സർവ്വീസ് രംഗത്ത് ഒന്നര പതിറ്റാണ്ടിലേറെ പാരമ്പര്യമുള്ള തേജസ് ഇലക്ട്രോണിക്സിന്റെ നൂതന സംരംഭം. എല്ലാവിധ വാഹനങ്ങളുടേയും പൂട്ടുകളുടേയും താക്കോലുകൾ മിനിട്ടുകൾക്കം തയ്യാർ ചെയ്തു കൊടുക്കുന്നു.
ഉടനെ ആരംഭിക്കുന്നു. എസ്സാർ ഓൺലൈൻ ലോട്ടറി
THEJUS Electronic Service Centre
Opp. Municipal Bus Stand,
KALPETTA. Ph: 606964 (Shop) 603918 (Resi)

പോട്ട ദുരുപയോഗം: രാജ്യ സഭയിൽ നിന്ന് പ്രതിപക്ഷം ഇറങ്ങിപ്പോയി

ന്യൂഡൽഹി: ഉത്തർപ്രദേശിൽ ഭീകരവിരുദ്ധനിയമം (പോട്ടാ) ദുരുപയോഗം ചെയ്യുന്നുവെന്നാരോപിച്ച് രാജ്യസഭയിൽ പ്രതിപക്ഷം ഇറങ്ങിപ്പോയി.

പോട്ടാ ദുരുപയോഗം ചെയ്യുന്നതിന് സർക്കാറിന്റെ കൈയ്യിൽ തെളിവില്ലെന്ന ഉപപ്രധാനമന്ത്രി എൽ.കെ അദ്വാനിയുടെ മറുപടിയിൽ, ഇറങ്ങിപ്പോകും മുമ്പ് പ്രതിപക്ഷം പ്രതിഷേധം രേഖപ്പെടുത്തി. പ്രതിപക്ഷാരോപണം അന്വേഷിക്കാമെന്ന് അദ്വാനി ഉറപ്പു നൽകി.

പോട്ടയെക്കുറിച്ചന്വേഷിക്കാൻ പുനരവലോകന സമിതിയെ നിയോഗിച്ചതു പോലെ പോട്ടായുടെ കാര്യത്തിലും അന്വേഷണം വേണമെന്ന് കോൺഗ്രസ്സ് അംഗം കബിൽ സിബൽ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് അദ്വാനി പറഞ്ഞു. സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും വ്യത്യസ്ത നിയമങ്ങൾ ഉണ്ടെന്ന കാര്യവും അദ്ദേഹം ചൂണ്ടിക്കാട്ടി. പോട്ടാ രാഷ്ട്രീയപ്രശ്നമാക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെങ്കിൽ മറുപടി നൽകാനാവില്ലെന്ന് അദ്വാനി അറിയിച്ചു. ചോദ്യങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് കോൺഗ്രസ്സ് അംഗം മൻമോഹൻ സിംഗ് കുറ്റപ്പെടുത്തി. പോട്ടാ നടപ്പിൽ വരുത്താനുള്ള അധികാരം സംസ്ഥാന സർക്കാറുകൾക്കാണെന്ന് ആഭ്യന്തര സഹമന്ത്രി ഐ.ഡി സ്വാമി സഭയെ അറിയിച്ചു. ഉത്തർപ്രദേശിലും തമിഴ്നാടിലും പോട്ടാ ദുരുപയോഗം ചെയ്യപ്പെടുന്നതിനാൽ ഈ നിയമം എടുത്തുമാറ്റണമെന്നും പ്രതിപക്ഷം സഭയിൽ ആവശ്യപ്പെട്ടിരുന്നു.



മാരകായുധങ്ങളുമായി നേരിട്ട ആദിവാസി യുവാവിനെ പൊലീസുകാർ മർദ്ദിക്കുന്നു.

ആദിവാസി സ്ത്രീയെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകുന്ന വനിതാപൊലീസ്

ആയുർവേദ ചികിത്സയിൽ ശസ്ത്രക്രിയ പരിഗണിക്കും : മന്ത്രി ശങ്കരൻ

തിരുവനന്തപുരം: ആയുർവ്വേദ ചികിത്സയിൽ ശസ്ത്രക്രിയ കൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമെന്ന് ആരോഗ്യമന്ത്രി പി. ശങ്കരൻ അറിയിച്ചു. ആയുർവ്വേദ സിലബസ് പരിഷ്കരണം സംബന്ധിച്ച ദ്വിദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്യാനെത്തിയ മന്ത്രി 'വർത്തമാന'ത്തോട് സംസാരിക്കുകയായിരുന്നു. ശസ്ത്രക്രിയ നടത്തുന്നതിന് വിദഗ്ദ്ധരായ ഡോക്ടർമാർ ഈ രംഗത്തുണ്ടോയെന്ന് പരിശോധിക്കും. മറ്റു സംസ്ഥാന സർക്കാരുകളുടെ നിലപാടുകൂടി അറിഞ്ഞിട്ട് ഏതൊക്കെ വിധത്തിലുള്ള ശസ്ത്രക്രിയകൾ ഉൾപ്പെടുത്താൻ കഴിയുമെന്ന് പരിശോധിക്കും.

അന്താരാഷ്ട്ര തലത്തിൽ പാരമ്പര്യചികിത്സയ്ക്ക് പ്രാധാന്യമേറി വരുന്നസാഹചര്യത്തിൽ ആയുർവ്വേദത്തിന്റെ നിലവിലുള്ള സിലബസ് കാലാനുസൃതമായി പരിഷ്കരിക്കണമെന്ന് ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര ആയുർവ്വേദ വിദ്യാഭ്യാസസമിതി ചെയർമാൻ വൈദ്യ എസ്.കെ. മിശ്ര പറഞ്ഞു. ആയുർവ്വേദരംഗത്തെ വിദഗ്ദ്ധർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും ഇതു സംബന്ധിച്ചുകിട്ടിയ നിർദ്ദേശങ്ങൾ പരിഗണനയിലാണെന്നും അദ്ദേഹം പറഞ്ഞു.

ആയുർവ്വേദ കമ്മിറ്റി ചെയർമാൻ എസ്.കെ.എസ്. ഛരാങ്കാനി അധ്യക്ഷനായിരുന്നു. ആയുർവ്വേദ മെഡിക്കൽ എജ്യുക്കേഷൻ ഡയറക്ടർ ഡോ. കെ. ശങ്കരൻ, സെൻട്രൽ കൗൺസിൽ ഫോർ ഇന്ത്യൻ മെഡിസിൻ അംഗം ഡോ: രാമനാഥൻ എന്നിവരും പങ്കെടുത്തു. ദ്വിദിന ശിൽപ്പശാലയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സെൻട്രൽ കൗൺസിൽ ഫോർ ഇന്ത്യൻ മെഡിസിൻ അംഗങ്ങൾ പങ്കെടുക്കുന്നുണ്ട്. സി.സി.ഐ.എം. ഡയറക്ടറേറ്റ് ഓഫ് ആയുർവ്വേദ മെഡിസിൻ എജ്യുക്കേഷൻ എന്നിവയുടെ ആഭിമുഖ്യത്തിലാണ് ശിൽപ്പശാല നടക്കുന്നത്.

പണിമുടക്ക് പിൻവലിച്ചു

ന്യൂഡൽഹി: വിമാനജീവനക്കാർ ഇന്ന് നടത്താനിരുന്ന പണിമുടക്ക് പിൻവലിച്ചു. തങ്ങളുടെ ചില ആനുകൂല്യങ്ങളിന്മേൽ നികുതി ചുമത്താനുള്ള നീക്കം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഒരു ദിവസത്തെ പണിമുടക്ക് പ്രഖ്യാപിച്ചിരുന്നത്. പ്രശ്നം അനുഭാവപൂർവം പരിഗണിക്കാമെന്ന് സർക്കാർ ഉറപ്പ് നൽകിയതിനെത്തുടർന്നാണ് സമരം പിൻവലിച്ചത്.

പാമോലിൻ: വി.എസിനെ കക്ഷി ചേർത്തില്ല

നിയമകാര്യ ലേഖകൻ

കൊച്ചി: പാമോലിൻ കേസിൽ മുൻ സർക്കാരിന്റെ കാലത്ത് സമർപ്പിച്ച റിവിഷൻ ഹർജി ഈ സർക്കാർ പിൻവലിച്ചേക്കുമെന്ന ആശങ്കയിൽ, കേസിൽ കക്ഷിചേരണമെന്ന ഭൂർത്തിച്ച് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ സമർപ്പിച്ച അപേക്ഷ ഹൈക്കോടതി അനുവദിച്ചില്ല.

പ്രതിപക്ഷ നേതാവിന് കേസിൽ കക്ഷി ചേരാനുള്ള അവകാശമുണ്ട്. എന്നാൽ റിവിഷൻ ഹർജി പിൻവലിക്കാതിരുന്ന സാഹചര്യത്തിൽ കക്ഷി ചേർക്കേണ്ടതില്ലെന്ന് ജസ്റ്റീസ് എൻ. കൃഷ്ണൻ നായർ അഭിപ്രായപ്പെട്ടു.

1992 മാർച്ച് 10ന് നിയമസഭയിൽ വി.എസ്. ഉന്നയിച്ചതോടെയാണ് പാമോലിൻ ഇറക്കുമതിയിലെ ക്രമക്കേട് പുറത്തുവന്നത്. ഇറക്കുമതിയുമായി ബന്ധപ്പെട്ട രേഖകൾ അന്ന് സഭയുടെ മേശപ്പുറത്ത് വച്ചിരുന്നു. അതിനെ തുടർന്ന് കരുണാകരനെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണവും ആരംഭിച്ചു. പ്രഥമ വിവരറിപ്പോർട്ട് റദ്ദാക്കണമെന്നാവശ്യപ്പെട്ട് കരുണാകരൻ സമർപ്പിച്ച ഹർജി സുപ്രീം കോടതി തള്ളി.

നിയമത്തിന്റെ സാങ്കേതികത്വത്തിന്റെ പേരിൽ അഴിമതി അനുവദിക്കാനാവില്ലെന്നാണ് സുപ്രീം കോടതി അന്ന് അഭിപ്രായപ്പെട്ടത്.

പാക് പൗരന്മാർ: അനിശ്ചിതത്വം ഉടൻ പരിഹരിക്കണമെന്ന് ജമാഅത്ത് അമീർ

കോഴിക്കോട്: ഉപജീവനത്തിനായി പാകിസ്ഥാനിൽ പോവുകയും എന്നാൽ സ്വന്തം കുടുംബത്തിൽ കിടന്ന് മരിക്കണമെന്ന ആഗ്രഹത്തോടെ കേരളത്തിൽ തിരിച്ചെത്തുകയും ചെയ്ത ഏതാനും നിർഭാഗ്യരുടെ ഭാവിയെകുറിച്ചുള്ള അനിശ്ചിതത്വം ഉടൻ പരിഹരിക്കണമെന് ജമാഅത്തെ ഇസ്ലാമികേരള അമീർ പ്രൊഫ. കെ.എ.സിദ്ദീഖ് ഹസൻ കേന്ദ്രസംസ്ഥാന സർക്കാറുകളോട് ആവശ്യപ്പെട്ടു.

ഇന്ത്യാ വിഭജനത്തിന്റെ മുഴുവൻ പാപഭാരവും ഈ പാവങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നത് മനുഷ്യത്വത്തോടുള്ള വെല്ലുവിളിയാണ്. ഈ വൃദ്ധന്മാരെ ബലം പ്രയോഗിച്ച് പാക് ജയിലുകളിലേക്ക് അയക്കാനുള്ള നീക്കത്തിൽ നിന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിന്തിരിയണമെന്നും അമീർ പറഞ്ഞു.

അധ്യാപകർ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കും: മന്ത്രി സൂപ്പി

തിരുവനന്തപുരം: യു.ജി.സി. നിർദ്ദേശപ്രകാരം കോളെജധ്യാപകർ ജോലി ചെയ്യുന്നുവെന്നും പാഠ്യപ്രവർത്തനങ്ങൾ നടത്തുന്നുവെന്നും ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമെന്ന് വിദ്യാഭ്യാസമന്ത്രി നാലകത്തു സൂപ്പി നിയമസഭയെ അറിയിച്ചു.

യു.ജി.സി. പദ്ധതിയനുസരിച്ച് ലഭിക്കുന്ന വേതനത്തിനനുയോജ്യമായ രീതിയിൽ അധ്യാപകർ ജോലിയെടുക്കുന്നില്ലെന്ന് പൊതുവേ ധാരണയുണ്ട്. ഏകീകൃത സർവകലാശാലാ നിയമത്തിൽ അധ്യാപകരുടെ ജോലിഭാരവും പാഠ്യപ്രവർത്തനങ്ങളും നിശ്ചയിക്കാൻ വ്യവസ്ഥയുണ്ടാകും.

സംസ്ഥാനത്തെ നാലു സർവകലാശാലകൾക്ക് യു.ജി.സി. ഗ്രാന്റ് ലഭിക്കുന്നുണ്ട്. കണ്ണൂർ, കാലടി സർവകലാശാലകൾക്ക് യു.ജി.സി. ധനസഹായം ലഭിച്ചിട്ടില്ല. നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കമ്മിറ്റി കൊച്ചി, കോഴിക്കോട് സർവകലാശാലകൾക്ക് അംഗീകാരം നൽകി.

ദോഹയിൽനിന്ന് കൊച്ചിയിലേക്ക് വിമാനം

ദുബൈ: ഖത്തർ എയർവേയ്സ് ദോഹയിൽനിന്ന് കൊച്ചിയിലേക്ക് മാർച്ച് ആറ് മുതൽ സർവീസ് നടത്തിതുടങ്ങും. ആഴ്ചയിൽ ഞായർ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് സർവീസ് ഖത്തർ എയർവേയ്സിന്റെ സംസ്ഥാനത്തെ രണ്ടാമത്തെ പറക്കൽ കേന്ദ്രമാണ് കൊച്ചി.

224 സീറ്റുള്ള (12 ഫസ്റ്റ് ക്ലാസ്, 18 ബിസിനസ് ക്ലാസ്, 194 ഇക്കോണമി) എ 300/600 എയർവെയ്സായിരിക്കും വ്യാഴാഴ്ച സർവീസ് നടത്തുക. വെള്ളിയും, ഞായറും 144 സീറ്റുള്ള (12 ഫസ്റ്റ് ക്ലാസ്, ബാക്കി ഇക്കണോമി) എ 320 എയർബസും.

കശ്മീർ ചർച്ച വോറ നയിക്കും

ന്യൂഡൽഹി: ജമ്മു-കശ്മീരിൽ അക്രമത്തെ എതിർക്കുന്ന ഗ്രൂപ്പുകളും നിയമസഭാംഗങ്ങളുമായി കേന്ദ്രത്തെ പ്രധിനിധീകരിച്ച് ചർച്ച നടത്താൻ മുൻ ആഭ്യന്തര സെക്രട്ടറി എൻ. എൻ വോറയോട് സർക്കാർ ആവശ്യപ്പെട്ടു. വോറയെ ദൗത്യം ഏൽപ്പിച്ച കാര്യം ഉപപ്രധാനമന്ത്രി എൽ. കെ. അദ്വാനിയാണ് ഇന്നലെ രാജ്യസഭയെ അറിയിച്ചത്.

ജമ്മുകശ്മീർ മുഖ്യമന്ത്രി മുഫ്തി മുഹമ്മദ് സയ്യിദ് വോറയെ ചർച്ചക്ക് നിയോഗിച്ച നടപടിയെ സ്വാഗതം ചെയ്തു. ചർച്ചയാരംഭിക്കാൻ കാത്തിരിക്കുകയാണെന്ന് അദ്ദേഹം ജമ്മുവിൽ പറഞ്ഞു.

66 വയസ്സുള്ള വോറ, ആസൂത്രണകമ്മീഷൻ ഉപാധ്യക്ഷൻ കെ. സി. പന്തിൽനിന്നാണ്, നിയമ സഭാ തെരഞ്ഞെടുപ്പിന് മുമ്പ് കേന്ദ്രം വാഗ്ദാനം ചെയ്ത കൂടിയാലോചന പുനരാരംഭിക്കാനുള്ള ചുമതല ഏറ്റെടുക്കുന്നത്.

ബസ് കുഴിയിൽ വീണ് 20 മരണം

ധൈരമഡുണ്ട്: ഉത്തരാഞ്ചലിൽ മലയോരജില്ലയായ പൗരിയിൽ വിവാഹസംഘം യാത്ര ചെയ്തിരുന്ന ബസ് 300 മീറ്റർ താഴ്ചയുള്ള കുഴിയിൽവീണ് 20 പേർ മരിച്ചു.

55 പേർക്ക് പരിക്കേറ്റു. സ്വകാര്യബസിൽ ആറോളം പേരുണ്ടായിരുന്നു. ചൊവ്വാഴ്ച രാത്രിയായിരുന്നു അപകടം.

മദ്രസാ സർവ്വേ നവീകരണപദ്ധതിയുടെ ഭാഗം മാത്രം : ഡി.പി.ഐ.

തിരുവനന്തപുരം: ഏഴാമത് അഖിലേന്ത്യാ വിദ്യാഭ്യാസ സർവ്വെയുടെ ഭാഗമായി നടത്തുന്ന മദ്രസ്സകളുടെ കണക്കെടുപ്പ് 96-97 ലെ കേന്ദ്രസർക്കാരിന്റെ മദ്രസ്സാനവീകരണ പദ്ധതിയുടെ തുടർച്ചമാത്രമാണെന്ന് ഡി.പി.ഐയുടെ ചുമതലയുള്ള അഡീഷണൽ ഡയറക്ടർ എം. ഗോപാലൻ പറഞ്ഞു. ഇക്കാര്യത്തിൽ വിവിധസംഘടനകൾ ഉയർത്തുന്ന സംശയങ്ങളിൽ കഴമ്പില്ലെന്നും അദ്ദേഹം 'വർത്തമാന'ത്തോടു പറഞ്ഞു.

സർവ്വേയ്ക്ക് തയ്യാറാക്കിയ വില്ലേജ് ഇൻഫർമേഷൻ ഫോമി (വി.ഐ.എഫ്) ന്റെ എട്ട് ഐ ഉപവിഭാഗത്തിൽ മദ്രസ്സകളുടെ പേര്, വിഭാഗം, മാനേജ്മെന്റ്, ഏതുക്ലാസുമുതൽ ഏതുക്ലാസ്സുവരെ, അധ്യാപകരുടെ എണ്ണം എന്നീ വിവരങ്ങളാണ് ശേഖരിക്കേണ്ടതെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

അടുത്ത ബജറ്റിൽ മദ്രസ്സ നവീകരണത്തിനായുള്ള തുക മാറ്റിവയ്ക്കാനാണ് സർവ്വേ എന്നാണ് കേന്ദ്രത്തിൽ നിന്നും കിട്ടിയവിവരമെന്നും അദ്ദേഹം പറഞ്ഞു.

സ്കൂകൾക്ക് വിവിധ ഗ്രാന്റുകൾ ഇപ്പോൾത്തന്നെ നല്കുന്നുണ്ട്. വഖഫ്ബോർഡ്, അധ്യക്ഷനും ഉൾക്കൊള്ളുന്ന സമിതിയാണ് അപേക്ഷ പരിശോധിക്കുന്നത്. സ്കൂൾ ഇൻഫർമേഷൻ ഫോം, വില്ലേജ് ഇൻഫർമേഷൻ ഫോം എന്നിങ്ങനെ രണ്ടുതലത്തിലാണ് സർവ്വേ നടക്കുകയെന്നും അദ്ദേഹം പറഞ്ഞു.

ഹാജിമാർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നിവേദനം

ന്യൂഡൽഹി: ഇന്ത്യൽനിന്ന് ഹജ്ജിന്പോകുന്ന 72,000 തീർത്ഥാടകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താനുള്ള നിർദ്ദേശം പ്രധാനമന്ത്രിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുമെന്ന് സിവിൽവ്യോമയാനമന്ത്രി സയിദ് ഷാനവാസ് ഹുസൈൻ പറഞ്ഞു. ഈ വർഷത്തെ തീർത്ഥാനത്തിന്നിടയ്ക്ക് 108 ഇന്ത്യക്കാർ മരിച്ചതായി അദ്ദേഹം അറിയിച്ചു.

നിർദ്ദേശം 2002- 2003 ഹജ്ജ് റിപ്പോർട്ടിനൊപ്പം പ്രധാനമന്ത്രിക്ക് നൽകുമെന്ന് സഊദി അറേബ്യയിൽനിന്ന് തിരിച്ചെത്തിയ ഹുസൈൻ പറഞ്ഞു. ഹജ്ജിനു പോയ ഔദ്യോഗിക പ്രതിനിധി സംഘത്തിന്റെ തലവനായിരുന്നു അദ്ദേഹം. മിനായ്ക്കടുത്തുണ്ടായ തിക്കിലും തിരക്കിലും പെട്ടാണ് ഈ വർഷം നാല് ഇന്ത്യക്കാർ മരിച്ചത്. അഞ്ചുപേർ അപകടങ്ങളിൽ മരിച്ചു.

ആകെ മരിച്ചവരിൽ 60 പേർ കേന്ദ്രഹജ്ജ് കമ്മിറ്റിവഴി തീർഥാടനത്തിന് പോയവരായിരുന്നു.വെറും 75 രൂപയ്ക്ക് ഹാജിമാർക്ക് ഇൻഷ്വറൻസ് നൽകാമെന്നും, ഇത് അപകടങ്ങളുടെയോ മറ്റ് ദുരന്തങ്ങളുടെയോ സാഹചര്യത്തിൽ തീർഥാടകർക്കും കുടുംബത്തിനും വലിയ സഹായകമാകുമെന്നും ഹുസൈൻ പറഞ്ഞു. ഹജ്ജ് സബ്സിഡിയായി സർക്കാർ ചെലവാക്കുന്നത് 180 കോടി രൂപയാണ്.

പേഴ്സണൽ ലോ ബോർഡ് അവകാശവാദം ഉപേക്ഷിക്കണം

ന്യൂഡൽഹി: തർക്ക ഭൂമിയിലുള്ള അവകാശവാദം ഉപേക്ഷിക്കാൻ മുസ്ലിം പേഴ്സണൽ ലോ ബോർഡ് തയ്യാറായാൽ 'ബഞ്ച്കോശി'ക്ക് പുറത്ത് മാർബിളിലോ, ഗ്രാനൈറ്റിലോ പള്ളി നിർമ്മിക്കാൻ തയ്യാറാണെന്ന് വിശ്വഹിന്ദുപരിഷത്ത് വൈസ് പ്രസിഡന്റ് ആചാര്യ ഗിരിരാജ് കിഷോർ പ്രസ്താവിച്ചു.

തർക്ക രഹിത ഭൂമിയിലുള്ള സ്ഥലം വിട്ടുനൽകാൻ സർക്കാരിനോട് സുപ്രീം കോടതിയിൽ അപേക്ഷ നൽകുന്നത് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണ്.

മാർച്ച് 12ന് മുമ്പ് തർക്കത്തിന് പരിഹാരം കാണുമെന്ന് വി.എച്ച്.പിക്കും രാമജന്മഭൂമി ന്യാസിനും പ്രധാനമന്ത്രി നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. ഇനി കാത്തിരിക്കാൻ സന്ന്യാസിമാർ തയ്യാറല്ല.

നാളെ തുടങ്ങുന്ന ധർമ്മ സൻസദ് യോഗമെടുക്കുന്ന തീരുമാനം നടപ്പാക്കുമെന്ന് ഗിരിരാജ് കിഷോർ പ്രഖ്യാപിച്ചു.

അയോധ്യാ വിഷയത്തിൽ കോൺഗ്രസ് ഇടക്കിടെ നിലപാട് മാറ്റുകയാണെന്ന് ബി.ജെ.പി. ആരോപിച്ചു. ഹിമാചൽ പ്രദേശ് തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടാണ് കോൺഗ്രസ് ഈ നീക്കം നടത്തുന്നതെന്ന് ബി.ജെ.പി പാർലിമെന്ററി പാർട്ടി വക്താവ് വിജയ്കുമാർ മൽഹോത്ര കുറ്റപ്പെടുത്തി.

അതിനിടെ അയോധ്യാപ്രശ്നത്തിന് പ്രാദേശിക തലത്തിൽ പരിഹാരം കാണാൻ ശ്രമിക്കുകയാണ് വേണ്ടതെന്ന് പ്രമുഖ പരിസ്ഥിതി പ്രവർത്തക മേധ പാട്കർ അഭിപ്രായപ്പെട്ടു.

സുരയ്യയുടെ കൃതികൾ അറബിയിലേക്ക്

എ.വി. ഫർദിസ്



കൊച്ചി: കമല സുരയ്യയുടെ അറബികവിതകൾ പുറത്തിറങ്ങുന്നു.

ഇസ്ലാം ആശ്ലേഷത്തെക്കുറിച്ചും ലോകസ്രഷ്ടാവായ അള്ളാഹുവിനെക്കുറിച്ചും അവർ രചിച്ച മലയാളം, ഇംഗ്ലീഷ് കവിതകളുടെ അറബി വിവർത്തനമാണ് പുസ്തകരൂപത്തിൽ മാർച്ച് ആദ്യവാരം പുറത്തിറങ്ങുന്നത്.

ലക്ഷ്യം കാണാതെ അലയുകയായിരുന്ന ഒരു സ്ത്രീയുടെ ജീവിതത്തിൽ യഥാർത്ഥ പ്രകാശം കടന്നുവന്നപ്പോഴുള്ള സുഖം, സന്തോഷം ഇവയാണ് കവിതകളുടെ പ്രമേയമെന്ന് കമലസുരയ്യ 'വർത്തമാന'ത്തോട് പറഞ്ഞു. നൂറോളം കവിതകൾ സമാഹാരത്തിലുണ്ട്.

പുസ്തകത്തിന്റെ പേര് 'യാഅല്ലാഹ്' എന്നാകണമെന്ന് താൻ അഭിപ്രായപ്പെട്ടതായും അവർ പറഞ്ഞു.

കെ. മൊയ്തുമൗലവിയാണ് അറബിയിലേക്കുള്ള മൊഴിമാറ്റം നിർവ്വഹിച്ചിരിക്കുന്നത്. ഐ. പി. എ ച്ചാണ് പ്രസാധകർ.

കേരള സന്ദർശനത്തിനെത്തുന്ന പ്രശസ്ത ഇസ്ലാമിക പണ്ഡിതൻ യൂസുഫുൽ ഖർദാവ്വിയാണ് പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിക്കുക.

വിവിധ ലോകഭാഷകളിലേക്ക് സാഹിത്യകൃതികൾ പരിഭാഷ ചെയ്യപ്പെട്ടിട്ടുള്ള സുരയ്യയുടെ ഒരു കൃതി ആദ്യമായാണ് അറബി ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുന്നത്.

ത്രിപുരയിൽ കടുത്ത മത്സരം, പ്രൊഫ. ധൂമലിന് ചരിത്രം എതിര്

ന്യൂഡൽഹി: മൂന്ന് സംസ്ഥാന നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പിന് ഒരാഴ്ചമാത്രം ബാക്കിനിൽക്കെ, ത്രിപുരയിൽ കടുത്ത പോരാട്ടം. സീനിയർ ബി.ജെ.പി നേതാവും ഹിമാചൽ പ്രദേശ് ആക്റ്റിങ് മുഖ്യമന്ത്രിയുമായ പ്രേംകുമാർ ധൂമൽ, തുടർച്ചയായി രണ്ട് വട്ടം ഒരാളെയും ജയിപ്പിക്കാത്ത സ്വന്തം മണ്ഡലത്തിൽ ജനവിധി തേടുമ്പോൾ, കേന്ദ്രമന്ത്രിയായി നിയമിക്കപ്പെട്ട രാജ്നാഥ് സിങ്ങിന്റെ മണ്ഡലമായ ഹൈദർഗഢ് നിലനിർത്താൻ ബി.ജെ.പി പെടാപാട് പെടുകയാണ്. ഈ മാസം 26നാണ് പോളിങ്ങ്.

ത്രിപുരയിലെ തെരഞ്ഞെടുപ്പു പോരിന് മൂർച്ച കൂട്ടുന്നതിന് ഒട്ടേറെ കാരണങ്ങളുണ്ട്. ഇടതുപക്ഷവും കോൺഗ്രസ് സഖ്യവും നേർക്കുനേർ അങ്കം കുറിക്കുന്ന ഇവിടെ തീവ്രവാദി അക്രമവും ഭരണത്തിനെതിരായ പൊതുവികാരവും കോൺഗ്രസ് ഐ. എൻ. പി. റ്റി സഖ്യവും ബി. ജെ. പിയുടെ വളർച്ചയും തൊഴിലില്ലായ്മയും പരിചയസമ്പന്നരായ രാഷ്ട്രീയനേതാക്കളുടെ അഭാവവും തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. മൊത്തം 60 മണ്ഡലങ്ങളുള്ളതിൽ 20 സീറ്റ് ആദിവാസികൾക്കായി സംവരണം ചെയ്തിരിക്കുന്നു. സമതലത്തിൽ ഏഴ് സീറ്റ് സംവരണ (പട്ടികജാതി/വർഗ) മണ്ഡലമാണ്. ആദിവാസികളുടെ വോട്ട് 30 ശതമാനത്തോളം വരും.

ത്രിപുര ഉപജാതിജുബ സമിതിയും അക്രമത്തിന്റെ പാത ഉപേക്ഷിച്ച ത്രിപുര നാഷണൽ വോളണ്ടിയേഴ്സും തദ്ദേശീയ ജനമുന്നണിയും ചേർന്ന് രൂപീകരിച്ച ഐ. എൻ. പി. റ്റി 18 സീറ്റിലും കോൺഗ്രസ് 42 സീറ്റിലും മത്സരിക്കുന്നു. ഇടതുമുന്നണിയിൽ സി.പി. എം. 55 സീറ്റിലും സി.പി.ഐയും ആർ.എസ്.പിയും രണ്ടു വീതം സീറ്റിലും ഫോർവേഡ് ബ്ലോക്ക് ഒരു സീറ്റിലും മത്സരിക്കുന്നു. 21 സീറ്റിൽ ബി. ജെ. പിക്കും സ്ഥാനാർത്ഥികളുണ്ട്.

ത്രിപുരയിൽ കാറ്റ് മാറി വീശിയേക്കാമെന്നതിന് ഇനിയുമൊരു കാരണമുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 20 മണ്ഡലങ്ങളിൽ ഫലം തീരുമാനിക്കപ്പെട്ടത് 1000ത്തിൽ താഴെ വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ്. ഇതിൽ 15 സീറ്റ് ഇടതുപക്ഷം നേടി. വടക്കൻ ത്രിപുരയിലെ ബി. ജെ. പി. സാന്നിധ്യം കാരണമാണ് കോൺഗ്രസ് സഖ്യത്തിന് 12 സീറ്റ് നഷ്ടമായതെന്ന് കോൺഗ്രസ് നേതാക്കൾക്ക് അന്നേ അഭിപ്രായമുണ്ടായിരുന്നു. ഈ ഇരുപതിൽ തന്നെ ഒമ്പതിടത്ത് ഭൂരിപക്ഷം 500 വോട്ടിൽ താഴെയായിരുന്നു. നേരിയ ഭൂരിപക്ഷത്തിൽ വിജയം നിർണയിക്കപ്പെടുന്ന പ്രവണത ഇത്തവണയും ആവർത്തിക്കാനാണ് സാധ്യത. 35 മണ്ഡലങ്ങളിലെങ്കിലും ഇത്തവണ ഭൂരിപക്ഷം ആയിരത്തിൽ താഴെയായിരിക്കും.

ഹിമാചലിൽ, കഴിഞ്ഞതവണ ബാംസൻ മണ്ഡലത്തിൽ പ്രൊഫസർ ധൂമലിനോട് 8,691 വോട്ടുകൾക്ക് പരാജയപ്പെട്ട കുൽദീപ്സിങ്ങ് പഠാനിയെയാണ് ഇത്തവണയും കോൺഗ്രസ് രംഗത്തിറക്കിയിരിക്കുന്നത്. ബാംസനിൽ 98ലെ വിജയം ആവർത്തിക്കാൻ കഴിയുമെന്ന് ബി.ജെ.പിക്ക് ഉറപ്പില്ല. 1972ൽ രൂപീകരിച്ച ഈ മണ്ഡലത്തിൽ നിന്ന് ഒരു സ്ഥാനാർഥിയും ഒന്നിലധികം തവണ ജയിച്ചിട്ടില്ല. ഈ ചരിത്രം തെറ്റിക്കാനാണ് ധൂമലിന്റെ ശ്രമം. ബാംസനിൽ മൊത്തം 58,960 വോട്ടർമാരുണ്ട്.

ഉത്തർ പ്രദേശ് മുൻ മുഖ്യമന്ത്രി രാജ്നാഥ് സിങ്ങ് തുടർച്ചയായി രണ്ട് തവണ തിരഞ്ഞെടുക്കപ്പെട്ട ഹൈദർഗഢിലെ ഉപതെരഞ്ഞെടുപ്പിൽ ഇത്തവണ ത്രികോണ മത്സരമാണ്. 2003ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ രാജ്നാഥ് സിങ്ങിനോട് തോറ്റ സമാജ്വാദി പാർട്ടി സ്ഥാനാർഥി അരവിന്ദ് സിങ്ങ് 'ഗോവെ'ക്കാണ് ഇത്തവണ മുൻതൂക്കം. ലക്നൗ സർവകലാശാലയിലെ മുൻ വിദ്യാർഥി നേതാവാണ് ഗോവെ.

പഴയപടക്കുതിര സുന്ദർലാൽ ദീക്ഷിതാണ് ബി. ജെ. പി സ്ഥാനാർത്ഥി. ബി.എസ്.പി, ബി. ജെ.പി മന്ത്രിസഭയിലെ മന്ത്രി കല മാപ്രസാദ് റാവത്തിന്റെ ഭാര്യ ധർമി റാവത്താണ് ബി. എസ്. പി. സ്ഥാനാർത്ഥി. കോൺഗ്രസിന്റെ ഇറാനുൾ അഹമ്മദ് കിതായിക്ക് നിരീക്ഷകർ വലിയ പ്രാധാന്യം കൽപ്പിക്കുന്നില്ല.



സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം മന്ത്രി ചെർക്കളം അബ്ദുള്ള ഉദ്ഘാടനം ചെയ്യുന്നു. അബ്ദുറഹ്മാൻ രണ്ടത്താണി, അഡ്വ. എം ഉമ്മർ, കെ എൻ എ ഖാദർ എംഎൽഎ, ടി വി ഇബ്രാഹിം എന്നിവർ സമീപം

ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ ശമ്പളം നിഷേധിക്കും: മന്ത്രി

കൊണ്ടോട്ടി: പഞ്ചായത്തുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്തംഭനം തീർക്കാൻ നിയമിതരായ എഞ്ചിനീയർമാർ ഫെബ്രുവരി 28നകം ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ അവർക്ക് ശമ്പളം നിഷേധിക്കുമെന്ന് തദ്ദേശ സ്വയം ഭരണ മന്ത്രി ചെർക്കളം അബ്ദുള്ള പറഞ്ഞു.

ഓരോ പഞ്ചായത്തിനും പ്രത്യേകം ഓവർസിയർ, മൂന്നും നാലും പഞ്ചായത്തുകൾക്ക് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്ക് തോറും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരെ നി